# മലയാളപ്പച്ച

malayala pachcha

റിസേർച്ച് ജേണൽ: ഭാഷ, സാഹിത്യം, സംസ്കാരം

10-ാം ലക്കം



# സാഹിത്യചരിത്രവിജ്ഞാനീയം
## അറിവതിരുകളും എതിർഭാവനകളും


പ്രസാധനം

**മലയാളവിഭാഗം**

കെ.കെ.ടി.എം. ഗവണ്മെന്റ് കോളേജ്

2020

# സാഹിത്യചരിത്രവിജ്ഞാനീയം

## അറിവതിരുകളും എതിർഭാവനകളും


മലയാളവിഭാഗം

കെ.കെ.ടി.എം. ഗവണ്മെന്റ് കോളേജ്

പുല്ലൂറ്റ്, കൊടുങ്ങല്ലൂർ



2020

malayala pachcha

Research Journal of language literature and culture

Published in India By
The Head of the Post Graduate Department of Malayalam,

KKTM Govt. College,

Pullut P.O., Thrissur District, Kerala, India. PIN 680663

email: kktmgovtcollegemalayalamdept@gmail.com

Published in February, 2020

ISSN: 2454-292X

Typeset using Unicode Malayalam Fonts

Cover & book design: Ashokkumar P K

Cover Painting

Price:₹300/-

creative commons

BY

You are free to:
Share — copy and redistribute the material in any medium or format
Adapt — remix, transform, and build upon the material
for any purpose, even commercially.

The licensor cannot revoke these freedoms as long as you follow the license terms.

Under the following terms:

Attribution — You must give appropriate credit, provide a link to the license, and indicate if changes were made. You may do so in any reasonable manner, but not in any way that suggests the licensor endorses you or your use.

No additional restrictions — You may not apply legal terms or technological measures that legally restrict others from doing anything the license permits.

Notices:
You do not have to comply with the license for elements of the material in the public domain or where your use is permitted by an applicable exception or limitation.

No warranties are given. The license may not give you all of the permissions necessary for your intended use. For example, other rights such as publicity, privacy, or moral rights may limit how you use the material.

*Advisory Board*

Dr. P. Pavithran
Professor,
Sree Sankaracharya Sanskrit University, Tirur Centre.

Dr. Sunil P. Elayidam
Associate Professor,
Sree Sankaracharya Sanskrit University, Kaladi.

Dr. P.K. Rajasekharan
Writer,Thiruvananthapuram.

*Managing Editor:*

H.O.D., Department of Malayalam.

*Chief Editor:*

Muhamed Basheer K.K.,
Asst. Professor, Dept. of Malayalam.

*Issue Editor & Internal Reviewer:*

Dr.Dhanya S Panicker
Asst. Professor, KKTM Govt. College, Pullut.

*Editorial Board:*

Dr. G.Ushakumari, H.O.D
Dr. Deepa B.S.

Dr. Sangeetha K

Dr. Lakshmi S.

Yacob Thomas

Fousiya P.A.

*External Review*

Dr. Jisa Jose
H.O.D., Department of Malayalam,
Govt. Brennen College, Thalassery.

## മലയാളപ്പച്ച

### റിസേർച്ച് ജേർണൽ

കെ.കെ.ടി.എം. ഗവണ്മെന്റ് കോളേജ് മലയാളവിഭാഗം
2015 ഓഗസ്റ്റ് മുതൽ പ്രസിദ്ധീകരിക്കുന്ന
അർദ്ധവാർഷിക റിസേർച്ച് ജേർണലാണ് മലയാളപ്പച്ച. പകർപ്പവകാശം സ്വതന്ത്രമാക്കിയ മലയാളത്തിലെ ആദ്യത്തെ റിസേർച്ച് ജേർണൽ എന്ന ബഹുമതി ഇതിനുണ്ട്.

തനതുമലയാളലിപിയിൽ, യൂനികോഡ് സങ്കേതത്തിൽ, പൂർണ്ണമായി അച്ചടിക്കുന്നതും ഓഗസ്റ്റ്-ഫെബ്രുവരി മാസങ്ങളിൽ പ്രസിദ്ധീകരിക്കുന്നതുമായ ഈ ജേർണലിന്റെ ഉള്ളടക്കം ഭാഷ, സാഹിത്യം, സംസ്കാരം എന്നീ മേഖലകളിലെ പുതിയ അന്വേഷണങ്ങളാണ്.

മലയാളപ്പച്ചയിൽ പ്രസിദ്ധീകരിക്കാനാഗ്രഹിക്കുന്ന പ്രബന്ധങ്ങൾ malayalapachcha@gmail.com എന്ന വിലാസത്തിലേയ്ക്ക് word format-ൽ ഇരുപതു പുറത്തിൽ കവിയാതെ തയ്യാറാക്കി അയക്കുക.
റഫറൻസുകൾക്കും പിൻകുറിപ്പുകൾക്കും
MLA സ്റ്റൈൽ സ്വീകരിക്കേണ്ടതാണ്.

# ആമുഖം

സാഹിത്യത്തിന്റെ ചരിത്രപരമായ പ്രസക്തിയും കലാപരമായ വൈശിഷ്ട്യവും വസ്തുതകളുമാണ് സാഹിത്യചരിത്രങ്ങൾ ചർച്ച ചെയ്യുന്നത്. സാഹിത്യത്തെയും അതിന്റെ വ്യത്യസ്തധാരകളെയും ഭാവുകത്വ പരിണാമങ്ങളെയും അടയാളപ്പെടുത്തുന്നവയാണ് സാഹിത്യചരിത്രങ്ങൾ. എഴുത്തുകാരുടെ കൃതികളെയും ജീവിതത്തെയും അഭിരുചികളെയും സാഹിത്യ ചരിത്രങ്ങൾ അടയാളപ്പെടുത്തുന്നു. സാഹിത്യ കൃതികളുടെ ചരിത്ര സന്ദർഭങ്ങളുടെ വിശകലനവും വിമർശനവും സ്വാധീനവും രേഖപ്പെടുത്തുന്ന സാഹിത്യചരിത്രങ്ങൾ അതതു കാലത്തെ സാമൂഹിക സാംസ്കാരിക വിനിമയങ്ങളെ സൂചിപ്പിക്കുന്ന നിർമ്മാണ പാഠങ്ങൾ കൂടിയാണ്. രൂപത്തെയും പ്രമേയത്തെയും സംബന്ധിക്കുന്ന വസ്തുതകളെ ആലേഖനം ചെയ്യുന്നതും സാഹിത്യ ചരിത്രങ്ങളുടെ ധർമ്മമാണ്. സാഹിത്യകലയുടെയും മാനവചിന്തയുടെയും മഹത്വത്തെ പ്രകാശിപ്പിക്കുന്ന സാഹിത്യ ചരിത്രങ്ങളുടെ സാഹിത്യപരതയും വ്യാപനവും സാക്ഷാത്കാരവും ലക്ഷ്യമാക്കുന്ന പദ്ധതി എന്ന നിലയിലാണ് സാഹിത്യ ചരിത്ര വിജ്ഞാനീയത്തിന്റെ പ്രസക്തി.

സാഹിതീയവും ജീവചരിത്രപരവും സാമൂഹികവും ചരിത്രപരവും സാംസ്കാരികവുമായ നിർമ്മാണ പാഠങ്ങളായി സാഹിത്യ ചരിത്ര വിജ്ഞാനീയം നിലകൊള്ളുന്നു. കാലത്തിനനുസൃതമായി സാഹിത്യ കൃതികളെ പുനർവായനകൾക്കു വിധേയമാക്കുമ്പോൾ സാഹിത്യ ചരിത്രത്തെ സംബന്ധിക്കുന്ന നവീനപാഠങ്ങൾ നിർമ്മിക്കപ്പെടുന്നു. സാഹിത്യവും ചരിത്രവുമായുള്ള സമന്വയം സൗന്ദര്യശാസ്ത്രത്തിലധിഷ്ഠിതമായ ബൗദ്ധികമായ അനുഭൂതിയാണ് അനുവാചകനു പ്രദാനം ചെയ്യുന്നത്. കൃതി, കർത്താവ്,

അനുവാചകൻ എന്നിവർക്കിടയിലെ പാരസ്പര്യത്തെ സർഗ്ഗാത്മകമാക്കുകയാണ് സാഹിത്യ ചരിത്ര വിജ്ഞാനീയം ചെയ്യുന്നത്.

മലയാളത്തിലെ പ്രധാനപ്പെട്ട സാഹിത്യചരിത്ര ഗ്രന്ഥങ്ങളുടെ രചനാ പശ്ചാത്തലം, സ്വരൂപഘടന ,രചനാ സമീപന രീതികൾ എന്നിവയെ അപഗ്രഥിക്കുന്ന പ്രബന്ധങ്ങളാണ് ഈ ലക്കം മലയാളപ്പച്ചയിലേത്. ഭൂതകാലത്തിൽ നിന്ന് വർത്തമാനത്തിലേക്ക് സംക്രമിക്കുന്ന സൗന്ദര്യാനുഭൂതിയെയും ഭാവുകത്വത്തെയും സമന്വയിപ്പിക്കാനുള്ള ശ്രമം കൂടിയാണ് ഇത്. സാഹിത്യത്തിന്റെ ചരിത്രം ഒരു ജനതയുടെ സംസ്കാരത്തിന്റെ ചരിത്രം കൂടിയാണ് എന്ന ബോധത്തിൽ തിരസ്കൃതരുടെയും ന്യൂനപക്ഷങ്ങളുടെയും തമസ്കരിക്കപ്പെട്ട കലകളുടെയും കൃതികളുടെയും ചരിത്രങ്ങളെ പുനർവായനകൾക്കു വിധേയമാക്കുന്നു. സാഹിത്യചരിത്രത്തിൽ ഉരുത്തിരിഞ്ഞ പുതു ബോധങ്ങളും ബോധ്യങ്ങളും പ്രതിബോധങ്ങളും പാഠഭേദങ്ങളും അന്വേഷിക്കുകയാണ് *സാഹിത്യചരിത്രവിജ്ഞാനീയം: അറിവതിരുകളും എതിർഭാവനകളും* എന്ന ഈ ലക്കം. വിചാരം, പുനർവായന, അന്വേഷണം എന്നിങ്ങനെ മൂന്ന് ഭാഗങ്ങളായി തിരിച്ചിരിക്കുന്ന ഈ ജേണൽ സാഹിത്യ ചരിത്രങ്ങളെ സംബന്ധിക്കുന്ന നിലപാടുകൾ, സാധ്യതകൾ, സങ്കല്പനങ്ങൾ, തമസ്കരണങ്ങൾ, പൊളിച്ചെഴുതലുകൾ എന്നിവയ്ക്ക് ഊന്നൽ നല്കുന്ന സൂക്ഷ്മ പഠനങ്ങളാണ്. അക്കാദമിക ഗവേഷണ രംഗത്തെ തുടർപഠനങ്ങൾക്ക് ഈ എഴുത്തുകൾ മാർഗ്ഗരേഖയാകുമെന്ന് പ്രതീക്ഷിച്ചു കൊണ്ട് *മലയാളപ്പച്ചയുടെ* പത്താം ലക്കം അക്കാദമിക സമൂഹത്തിനായി സമർപ്പിക്കുന്നു.

പ്രബന്ധങ്ങൾ നല്കിയവരോടും പിയർ റിവ്യൂ നിർവ്വഹിച്ച ഡോ. ജിസാ ജോസിനോടും കെ.കെ.ടി.എം. മലയാള ഗവേഷണ വിഭാഗത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

*ഡോ. ധന്യ എസ്. പണിക്കർ*

*ഇഷ്യൂ എഡിറ്റർ.*

# ഉള്ളടക്കം


ആമുഖം 7

ഭാഗം I വിചാരം

പച്ചമലയാളപ്രസ്ഥാനം ഒരു വീണ്ടുവിചാരം

എൻ. അജയകുമാർ 13

അതിരുകളും ആത്മസാധൂകരണവും

സുനിൽ പി. ഇളയിടം 23

സാഹിത്യചരിത്രത്തിനൊരു രൂപരേഖ

എൻ.സി.ഹരിദാസൻ 32

ആധുനികതാവാദം സാഹിത്യ ചരിത്രങ്ങളിൽ

ഡോ.എം.ആർ. രാജേഷ് 44

സാഹിതീയതയുടെചരിത്രവിചാരം 55

ജിഷ്ണുആർ. 55

ഭാഗം IIപുനർവായന

എഴുത്തമ്മമാർ മറ(യ്)ക്കപ്പെടുമ്പോൾ:

ഡോ.പി. ഗീത 67

സൗന്ദര്യദേശങ്ങൾ: സാഹിത്യചരിത്രങ്ങളുടെ രാഷ്ട്രീയം

കെ.വി. ശശി 76

പദ്യസാഹിത്യചരിത്രത്തിലെ എഴുത്തുകാരികൾ

നിമ്യ. പി. 106

മലയാളസാഹിത്യവിമർശനം  വിമർശിക്കപ്പെടുന്നു!

ആതിര കുഞ്ഞുമോൻ 119

നാടൻപാട്ടുകളുടെ അപരവൽക്കരണം

സിന്റോ കോങ്കോത്ത് എ. 127

തമസ്കരിക്കപ്പെട്ട നാടോടിവിജ്ഞാനീയവും നാടൻ കലകളും

ഷിംന എം.കെ. 136

സാഹിത്യ ചരിത്ര വിജ്ഞാനീയവും മലയാള നോവൽ സാഹിത്യചരിത്രവും
രമ്യ എസ്. 147

മലപ്പുറം പടപ്പാട്ടിലെ ചരിത്രവായന
ഫെമിന സി.പി 157

മലയാള ഭാഷാചരിത്രം (ചരിത്രപരമായ വായന)
റീന സി. 165

ഭാഗം III അന്വേഷണം

സാഹിത്യചരിത്രവിജ്ഞാനീയം: സാധ്യതകൾ, നിലപാടുകൾ
ഡോ. പി.എസ്. രാധാകൃഷ്ണൻ 180

ശാസ്ത്രസാഹിത്യം: പരികല്പനയും പ്രതിനിധാനവും
ഡോ: സരിത. കെ. ആർ 204

സാഹിത്യചരിത്രത്തിലെസാഹിത്യസങ്കല്പം
രമ്യകെ. 217

രാമചരിതപഠനങ്ങളുടെ ചരിത്രാത്മകത
സിംപ്ൾ എ.ഇസെഡ് 231

സാഹിത്യം - ദേശം - മതം: ചരിത്രരചനയുടെ നരവംശീയ കാഴ്ചകൾ
സാലിം സംഗീത് 250

സാഹിത്യചരിത്രവും അന്തർവിദ്യാപഠനവും
ഡോ. ആനി തോമസ് 274

പാഠാദേശത്തിന്റെ പ്രശ്നങ്ങൾ
അനുശ്രീ ചന്ദ്രൻ സി 282

*മലയാളപ്പച്ചയിൽ പ്രസിദ്ധീകരിക്കുന്ന പ്രബന്ധങ്ങളുടെ*
*പൂർണ ഉത്തരവാദിത്തം അതതു ലേഖകരിൽമാത്രം നിക്ഷിപ്തമാണ്*

# I

# വിചാരം

# പച്ചമലയാളപ്രസ്ഥാനം ഒരു വീണ്ടുവിചാരം

**എൻ. അജയകുമാർ**
പ്രൊഫസ്സർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി

സംഗ്രഹം
കേരളത്തിന്റെ ആധുനികീകരണഘട്ടത്തിൽ ഉണ്ടായ പച്ചമലയാള പ്രസ്ഥാനം വെൺമണി പ്രസ്ഥാനത്തിന്റെ ഉപശാഖയായും മലയാളത്തിൽ കാര്യമായി മുദ്ര പതിപ്പിക്കാത്ത ഒന്നായും കരുതപ്പെടുന്നു. പ്രസ്ഥാനസ്വഭാവമാർന്ന പച്ചമലയാള കൃതികളിൽ വാക്കും വിഷയവും മാത്രം പ്രാദേശികമായിരിക്കുകയും വർണനാവ്യവസ്ഥ സംസ്കൃതത്തിന്റേതായിരിക്കുകയും ചെയ്യുന്നു. പൊതുവെ സംസ്കൃത പണ്ഡിതരായ കവികളുടെ പച്ചമലയാള കൃതികളിൽ മുകളിൽനിന്നു താഴേക്കു നോക്കുന്ന സംസ്കാരം തോന്നും. പച്ചമലയാളത്തിന്റെ മറ്റൊരു വഴിയാണ് നാരായണഗുരുവിന്റെ കൃതികൾ. അവയിൽ വിനോദത്തിനു വേണ്ടിയല്ല മലയാളം. ആ വഴിക്ക് തുടർച്ചയുണ്ടായില്ലെങ്കിലും എം ഗോവിന്ദന്റെയും ആറ്റൂരിന്റെയും കവിതകളിൽ അതിന്റെ മുദ്രയുണ്ട്. ഭാഷാപരമായ പ്രതിരോധമെന്ന നിലയിൽ പച്ചമലയാള പ്രസ്ഥാനത്തെ കാണുന്നതിൽ പന്തികേടുണ്ട്.

***താക്കോൽ വാക്കുകൾ:*** പച്ചമലയാളം, പ്രസ്ഥാനം, ആധുനികീകരണം, വാക്ക്, വർണ്ണനാ സങ്കേതങ്ങൾ, ദ്രാവിഡഭാഷാസംസ്കാരം.

പരാജയപ്പെട്ട ഒരു പരീക്ഷണമായാണ് പച്ചമലയാളപ്രസ്ഥാനത്തെ നമ്മുടെ സാഹിത്യചരിത്രങ്ങൾ പൊതുവേ വിലയിരുത്തുന്നത്. അത് അധികകാലം നീണ്ടുനിന്നില്ല; മലയാളകവിതയിൽ ആഴത്തിൽ മുദ്രപതിപ്പിക്കാൻ അതിനു കഴിഞ്ഞതുമില്ല. അതിനെ ഭാഷാപരമായ പ്രതിരോധമായി തിരിച്ചറിയുന്ന കാഴ്ചപ്പാടും പിന്നീട് ഉണ്ടായി എന്നതു മറക്കുന്നില്ല. പക്ഷേ ആദ്യധാരണയെ

കാര്യമായൊന്നും ഉലയ്ക്കാൻ അതിനു കഴിഞ്ഞില്ല. സാഹിത്യചരിത്രങ്ങളിൽ കൃതികളും എഴുത്തുകാരും പ്രസ്ഥാനങ്ങളുമൊക്കെ അടയാളപ്പെടുന്നതിന്റെ ചരിത്രപരവും സാംസ്കാരികവുമായ പ്രേരണകളെക്കുറിച്ച് കൂടുതൽ അന്വേഷണങ്ങൾ നടക്കുന്ന ഈ സന്ദർഭത്തിൽ, മലയാളകവിതയിൽ കുറച്ചുകാലം പ്രവർത്തിച്ചു മാഞ്ഞുപോയ പച്ചമലയാളപ്രസ്ഥാനത്തെപ്പറ്റി ചില പുനരാലോചനകൾ നടത്തുന്നതു പ്രസക്തമാണെന്നു കരുതുന്നു.

മലയാളത്തിൽ പ്രസ്ഥാനമെന്ന വാക്ക് അല്പം അവ്യവസ്ഥിതമായാണ് ഇപ്പോഴും ഉപയോഗിക്കുന്നത്. സാഹിത്യരൂപത്തെ കുറിക്കാനും ഭാവപരമായ നവീനതയെ കുറിക്കാനും ആ വാക്ക് ഉപയോഗിക്കുന്നുണ്ട്. ഉദാഹരണത്തിന് നോവൽപ്രസ്ഥാനമെന്നും കാല്പനികപ്രസ്ഥാനമെന്നും ഉപയോഗിക്കുമല്ലോ. ഭാവപരമായ നവീനതയേ പ്രസ്ഥാനമാവുകയുള്ളുവെന്നും രൂപസംബന്ധിയായ നവീനത ഉപപ്രസ്ഥാനമാണെന്നും കേസരി വകതിരിച്ചിട്ടുണ്ട് (2011: 477). കേസരി ഇവിടെ പറയുന്ന രൂപം നോവൽ, ചെറുകഥ മുതലായവയല്ലതാനും. പ്രസ്ഥാനത്തെക്കുറിച്ച് വ്യത്യസ്ത സന്ദർഭങ്ങളിൽ കേസരി ചിന്തിച്ചിട്ടുണ്ട്. മലയാളത്തിൽ ഈ വിഷയം ആഴത്തിൽ പരിഗണിച്ചിട്ടുള്ളതും കേസരിയാവണം. പ്രസ്ഥാനങ്ങളെയും ഉപപ്രസ്ഥാനങ്ങളെയും വേർതിരിക്കുന്ന 'പുരോഗമനസാഹിത്യപ്രസ്ഥാനം'എന്ന, പുരോഗമനസാഹിത്യപ്രസ്ഥാനം ഒരു പ്രസ്ഥാനംതന്നെയാണെന്നു സ്ഥാപിക്കുന്ന ലേഖനത്തിൽ വെണ്മണിപ്രസ്ഥാനം, മഹാകാവ്യപ്രസ്ഥാനം മുതലായവയോടൊപ്പം പച്ചമലയാളപ്രസ്ഥാനത്തെ ഒരു ഉപപ്രസ്ഥാനമായാണു സ്ഥാനപ്പെടുത്തുന്നത് (2011: 478). കേസരിയുടെ പ്രസ്ഥാനകല്പനയുടെ സിശേഷത, അത് ഇംഗ്ലീഷ് വഴി പരിചിതമായ പാശ്ചാത്യസാഹിത്യപ്രസ്ഥാനങ്ങളെയോ സംസ്കൃതത്തിലെ സാഹിത്യപ്രസ്ഥാനങ്ങളെയോ അടിസ്ഥാനമാക്കുന്നില്ല എന്നതാണ്. എന്നാൽ പിന്നീട് മലയാളപഠനനിരൂപണങ്ങളിൽ സാമാന്യമായി സ്വീകരിക്കപ്പെട്ട ധാരണ കേസരിയുടേതായിരുന്നില്ലതാനും.

പറഞ്ഞുപരിചയിച്ച വാക്കെന്ന നിലയിൽ പച്ചമലയാളപ്രസ്ഥാനമെന്നതന്നെയാണ് ഈലേഖനത്തിൽ പ്രയോഗിക്കുന്നത്. ഇത് മഹാകാവ്യം, ഖണ്ഡകാവ്യം, സന്ദേശകാവ്യം മുതലായവപോലെ സംസ്കൃതസാഹിത്യത്തെ അനുസരിച്ചോ ക്ലാസിസിസം, നിയോക്ലാസിസിസം, റൊമാന്റിസിസം മുതലായവപോലെ ഇംഗ്ലീഷ് വിജ്ഞാനത്തെ അനുസരിച്ചോ ഉണ്ടായതല്ല. നമ്മെ സംബന്ധിച്ചിടത്തോളം ഒരു തനതുസ്വഭാവം ഇതിനുണ്ട്. കേരളീയമെന്നോ മലയാളത്തിന്റേതെന്നോ പറയാവുന്ന സാഹചര്യം

ഇതിന്റെ പിറവിക്കുണ്ടായിരിക്കണം. പക്ഷേ അത് അല്പായുസ്സായിപ്പോയി. ഈ ഘടകങ്ങളെല്ലാം പച്ചമലയാളപ്രസ്ഥാനത്തെപ്പറ്റി പതിവുവിട്ട ചില ആലോചനകൾ നടത്താൻ പ്രേരണയായി.

വെണ്മണിപ്രസ്ഥാനത്തിന്റെ ഉപശാഖയെന്ന നിലയിലാണ് പച്ചമലയാളപ്രസ്ഥാനം പരിഗണിക്കപ്പെട്ടുവരുന്നത്. 19-ാം നൂറ്റാണ്ടിന്റെ അവസാനദശകങ്ങളിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലുമാണ് അത് കാര്യമായി നിലനിന്നിരുന്നത്. 1819-ൽ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ രചിച്ച 'നല്ലഭാഷ'ഈ പ്രസ്ഥാനത്തിനു തുടക്കം കുറിച്ചതായി കരുതപ്പെടുന്നു. സംസ്കൃതപ്രകൃതികൾ പരിപൂർണമായി ഒഴിവാക്കി മലയാളത്തിൽ ഒരു കാവ്യം രചിക്കാനാവില്ലെന്ന സി.പി. അച്യുതമേനോന്റെ പ്രസ്താവന ഒരു വെല്ലുവിളിയായി ഏറ്റെടുത്ത് തമ്പുരാൻ രചിച്ച കവിതയാണത്രെ അത്. ഇങ്ങനെയൊരു യാദൃച്ഛികസംഭവത്തിലാണ് അതിന്റെ തുടക്കമെങ്കിലും, അതിൽ ശ്രദ്ധേയമായി എന്തെങ്കിലും ഉള്ളതുകൊണ്ടാവണം അല്പകാലത്തേക്കെങ്കിലും അതിനൊരു തുടർച്ച കിട്ടിയത്.

കേരളത്തിന്റെ ആധുനികീകരണത്തിന്റെ കാലമാണല്ലോ പച്ചമലയാളത്തിന്റേതും. നമ്മുടെ ആധുനികീകരണപ്രക്രിയയിൽ സംസ്കൃതം ചെറുതല്ലാത്ത പങ്കുവഹിച്ചിട്ടുണ്ടെന്നതിൽ സംശയമില്ല. പക്ഷേ അത് പരമ്പരാഗതമായ സംസ്കൃതപാണ്ഡിത്യത്തിന്റെ സംസ്കാരത്തിലുള്ളതുതന്നെയായിരുന്നുവെന്നു തോന്നുന്നില്ല. പാശ്ചാത്യപണ്ഡിതർ നോക്കിക്കണ്ട സംസ്കൃതംകൂടിയാണ്. അവരുടെ നോട്ടംകൊണ്ട് മൂല്യം വർധിച്ച സംസ്കൃതമാണെന്നർഥം. അങ്ങനെയൊരു സവിശേഷപദവി സംസ്കൃതത്തിനു കൈവന്ന സന്ദർഭത്തിൽത്തന്നെയാണ് സംസ്കൃതവർജിതമായ ഒരു കാവ്യസരണി രൂപംകൊണ്ടത്. അതിൽ ആഴമുള്ള പ്രവർത്തനങ്ങൾ നടക്കാതെ പോയതിന്, കേരളത്തിന്റെ ആധുനികതയെ നിർണയിച്ച ഘടകങ്ങളിൽ സംസ്കൃതഭാഷയ്ക്കും സംസ്കാരത്തിനുമുള്ള സ്ഥാനവും കാരണമാകാം.

പച്ചമലയാളപ്രസ്ഥാനം സംസ്കൃതത്തെ ഒഴിവാക്കിയത് ഭാഷയിൽ മാത്രമല്ല പ്രമേയത്തിലുമാണെന്നത് ശ്രദ്ധാർഹമാണ്. സംസ്കൃതത്തിലെ ഇതിഹാസപുരാണകഥകളൊന്നും അതിൽ പ്രമേയമായില്ല. 'കേരളീയമായ അന്തരീക്ഷവും കേരളീയജീവിതത്തിന്റെ ചില വശങ്ങളും ആവിഷ്കരിക്കാനുതകുന്ന സംഭവങ്ങളും ഐതിഹ്യങ്ങളും ആഭിചാരകഥകളും മാത്രമേ പച്ചമലയാളകൃതികളിൽ പ്രായേണ ഉപയോഗിച്ചിട്ടുള്ളൂ' എന്ന് കെ. പ്രശോഭൻ പറയുന്നത്(1996: 9) വളരെ പ്രധാനമാണ്. കേരളീയാന്തരീക്ഷം,

കേരളീയജീവിതം എന്നതിന്റെയൊക്കെ വിശദീകരണമെന്നപോലെ പറയുന്നത് ഐതിഹ്യങ്ങളും ആഭിചാരകഥകളുമൊക്കെയാണല്ലോ. അന്ധവിശ്വാസപ്രധാനമായ ഐതിഹ്യങ്ങളും ആചാരങ്ങളുമൊക്കെയാണ് അധികവും. 'ഒടി'അന്ധവിശ്വാസാധിഷ്ഠിതമാണല്ലോ. വീരാരാധനാപര മാണ് 'കോമപ്പൻ'. ഐതിഹ്യത്തിന്റെ ആവിഷ്കാരമാണ 'പാക്കനാർ'. ഇവയ്ക്കൊക്കെ അന്നു രൂപപ്പെട്ടുകൊണ്ടിരിക്കുന്ന 'ആധുനിക'ദൃഷ്ടിയിൽ ഒരു കൗതുകത്തിനപ്പുറം പ്രാധാന്യമുണ്ടാവില്ലെന്നുറപ്പാണ്.

ഒരു കുറ്റാന്വേഷണത്തിന്റെ വിജയകരമായ പരിസമാപ്തിയാണ് ആദ്യത്തെ പച്ചമലയാളകൃതിയായ 'നല്ലഭാഷ'യുടെ വിഷയം. ഇതിനു പുരാണബന്ധമൊന്നുമില്ല. കഥാതന്ത്വമുണ്ടെന്നതും ഗദ്യത്തോടടുത്തു നില്ക്കുന്ന ഘടനയാണെന്നതും ശ്രദ്ധേയമാണ്. തമ്പുരാന്റെ മറ്റു കൃതികളിലെന്ന പോലെ അർഥാലങ്കാരങ്ങൾ കുറവുമാണ്. ഒരുദാഹരണം.

'ആട്ടേ നമ്പൂരിയെന്നാൽപ്പണമിതു
തിരുമുറ്റത്തു മാന്തിക്കുഴിച്ചി-
ട്ടിട്ടുണ്ടെന്നാരൊടെല്ലാം വെടിയതിനിടയിൽ
ത്തട്ടിമിന്നിച്ചിരുന്നൂ
ഒട്ടുക്കോർത്തുള്ളതെല്ലാം പറയുകൊളിവിലായ്
ച്ചൊന്നതും മങ്ങൊലാ ഞാൻ
കേട്ടാലെന്തുള്ളിണങ്ങീട്ടൊരുതരമിവന-
ങ്ങെയ്ക്കു ചങ്ങാതിയല്ലോ'.

കുണ്ടൂർ നാരായണമേനോനാണ് പച്ചമലയാളത്തിലെ പ്രസിദ്ധകൃതികൾ രചിച്ചത്. 'കോമപ്പ'നും 'പാക്കനാ'രും മറ്റുമടങ്ങുന്ന നാലുഭാഷാകാവ്യങ്ങൾ. വെണ്മണിപ്രസ്ഥാനത്തിന്റെ ഉപശാഖയായാണ് ഈ പ്രസ്ഥാനം തുട ങ്ങിയതെങ്കിലും ഉള്ളൂരും പന്തളം കേരളവർമയും പച്ചമലയാളകൃതികൾ രചിച്ചിട്ടുണ്ട്.

പ്രമേയത്തിൽ തോന്നാവുന്ന നിസ്സാരതയോ നാടോടിത്തമോ സമകാലികസ്വഭാവമോ ഒരു വശത്തും ഭാഷയിലുള്ള നിർബന്ധപൂർവമായ സംസ്കൃതവർജനം മറുവശത്തും എന്നതായിരുന്നു ഈ പ്രസ്ഥാനത്തിലെ കവിതകളുടെ സ്വഭാവമെന്നു സാമാന്യമായി പറയാം. അതേസമയം സംസ്കൃ തസാഹിത്യത്തെ അനുസരിച്ചു വളർന്നുവന്ന മുഖ്യധാരാകവിതകളുടെ വർണനാസങ്കേതങ്ങൾ ഇത് കൈയൊഴിച്ചില്ലതാനും. സംസ്കൃതവഴിക്കുള്ള അക്കാലത്തെ കവിതകളുടെ നല്ലൊരു ഭാഗം വർണനകളാണെന്നതിനു

സംശയമില്ല. അവ സങ്കേതബദ്ധമായ വർണ്ണനകളാണെന്നും പറയണം. അങ്ങനെ പൊതുകാവ്യഭാഷയുടെ ഭാഗമായിത്തീർന്ന കാവ്യസങ്കേതങ്ങൾ പച്ചമലയാളകവികൾ യഥേഷ്ടം സ്വീകരിക്കുന്നുണ്ട്. സംസ്കൃതവാക്കുകൾ ഒഴിവാക്കുമെന്നു മാത്രമേയുള്ളൂ.

'മോടിപെടും വൻതുടയും/പേടിയൊടാർത്താകിൽ വാഴവെണ്ടുടയും/ ആടിടുമന്നപ്പിടയും/കൂടിയവൾക്കുള്ള പോക്കിനാൽ പിടയും' എന്ന മട്ടിലുള്ള യമകവും 'കൊങ്കക്കുന്നും കുലുക്കിത്തലമുടിയൊതു/കൈകൊണ്ടുതാങ്ങി....' എന്ന മട്ടിലുള്ള വർണ്ണനയും പന്തളത്തിന്റെ പച്ചമലയാളകൃതിയായ 'നാണിക്കുട്ടി'യിലേതാണ്.

'പൂവമ്പഴത്തിനെതിർമെയ്, പുതുചെമ്പരുത്തി
പൂവൻപടക്കിടുമിളഞ്ചൊടിയാൽ വിളക്കി,
പൂവമ്പനുള്ള വിരുതാമവൾ പോവതന്നാൾ
പൂവമ്പരന്നു പുലയർക്കണിമുത്തു കണ്ടു'

എന്ന ഉള്ളൂരിന്റെ 'തങ്കമ്മ'യിലെ ശ്ലോകവും ഈ സന്ദർഭത്തിൽ അനുസ്മരിക്കാം. 'പിഞ്ചും റൗക്കിക്കകമതിലൊതുങ്ങാത്ത പോർകൊങ്കയാളേ', 'പൂവമ്പനുള്ളോരു വമ്പേ'മുതലായ സംബോധനകൾ കുണ്ടൂരിന്റെ 'പാക്കനാരി'ലേതാണ്. ഇത്തരം ഉദാഹരണങ്ങൾ ധാരാളമുണ്ടാവും. അതുകൊണ്ട് ഭാഷയിലും പ്രമേയത്തിലുമല്ലാതെ ഭാവനാസങ്കേതങ്ങളിൽ കവിതയെ പുതുക്കാൻ ഈ പ്രസ്ഥാനത്തിനു കഴിഞ്ഞോ എന്നു സംശയമാണ്. വെണ്മണിശ്ശൈലിയിൽ 'കഴുവേറി', 'പോക്കിരി'മുതലായ പദങ്ങൾ പ്രയോഗിക്കുന്നുണ്ട്. സംസ്കൃതം പാടില്ലെന്നേയുള്ളൂ; ഇംഗ്ലീഷാവാം എന്നതാണു കൗതുകകരമായ ഒരു കാര്യം. 'ഒരു നേർച്ച'യിൽ 'ബുക്കുവിഴുപ്പ് 'എന്ന് ഉള്ളൂർ പ്രയോഗിക്കുന്നുണ്ട്.

II

ഉള്ളൂരിന്റെ 'ഒരു നേർച്ച'ഇക്കണ്ടവയിൽനിന്ന് അല്പം വ്യത്യസ്തമാണെന്നു തോന്നുന്നു. ഗൗരവസ്വഭാവമാർന്ന പദ്യങ്ങൾക്ക് പച്ചമലയാളം അതിൽ ഉപയോഗിക്കുന്നുണ്ട്. ഉദാഹരണമെന്ന നിലയ്ക്ക് രണ്ടു പദ്യങ്ങൾ ഉദ്ധരിക്കാം:

'ഉച്ചയ്ക്കിരപ്പതിനു കുത്തില കോട്ടുവോനു
കച്ചപ്പുറത്തൊട്ടു കടുക്കനെമക്കണക്കിൽ
കൊച്ചമ്മയൊത്തു പുതുമേടയിലേറുവോനു
പിച്ചപ്പിഴപ്പുമൊരുമിച്ചു വരുന്നതില്ലേ?' (ശ്ലോ. 31).

'ഈടില്ലതിൻകിടയിലൊന്നിനുമെന്ന ചൊല്ല
രാശികടൽക്കര'

മുതലായവയിലെ വിഷയലാഘവം ഒറ്റനോട്ടത്തിൽത്തന്നെ മനസ്സിലാകും. അവിടെ വർണ്ണനകൾക്കു വേണ്ടിയാണ് മലയാളത്തെ വഴക്കിയെടുക്കുന്നത്. വിഷയങ്ങളുടെ നിസ്സാരതയും വർണ്ണനകളുടെ ദീർഘതയും കാവ്യോചിതമല്ലെന്ന ചിന്ത പരന്നുതുടങ്ങുന്ന കാലമായിരുന്നല്ലോ അത്. അപ്പോൾ പച്ചമലയാളത്തിന്റെ ലാഘവം കൂടുതൽ വെളിപ്പെടുന്നതു സ്വാഭാവികം.

ഇങ്ങനെ ലാഘവം തോന്നുന്ന പച്ചമലയാളകൃതികളിലേക്കു നോക്കുമ്പോൾ ഒരു കാര്യംകൂടി തെളിഞ്ഞുവരും. ഇവയിലൊക്കെ മുകളിൽനിന്നു താഴേക്കു നോക്കുന്ന ഒരു സംസ്കാരം അടങ്ങിയിട്ടില്ലേ? ഈ ലാഘവവും ഫലിതവുമൊക്കെ ഒരു 'മേൽ'നോട്ടത്തിന്റെകൂടി ഭാഗമാണോ? പച്ചമലയാളകവികൾ എല്ലാവരും വലിയ സംസ്കൃതപണ്ഡിതരാണ്. അവരൊക്കെ സംസ്കൃതപ്രകൃതികൾ ധാരാളം ഉപയോഗിച്ചുള്ള കവിതകൾ എഴുതിയിട്ടുമുണ്ട്; സ്വതന്ത്രകൃതികളായും തർജമകളായും. അവയൊന്നും പ്രായേണ, നിസ്സാരത തോന്നുന്ന വിഷയങ്ങളെ മുൻനിർത്തിയുള്ളവയല്ലതാനും. പലതും ഇതിഹാസപുരാണസംബദ്ധം തന്നെയായേക്കും. നിസ്സാരവിഷയങ്ങൾക്കു പച്ചമലയാളവും ഗൗരവമുള്ള വിഷയങ്ങൾക്കു സംസ്കൃതം കലർന്ന മലയാളവും എന്നൊരു വീക്ഷണം അബോധമായിട്ടെങ്കിലും അതിൽ അടങ്ങിയിട്ടുണ്ടെന്നുവരാം. അതിൽ ഒരുതരം അധികാരം പ്രവർത്തിക്കുന്നുണ്ടായി എന്നും വരാം. അതില്ല എന്നതുകൂടിയാണ് നാം രണ്ടാമതു പറഞ്ഞതരം കൃതികളെ വ്യത്യസ്തമാക്കുന്നത്.

അങ്ങനെ നോക്കുമ്പോൾ പച്ചമലയാളപ്രസ്ഥാനത്തിൽ ഭാഷാപരമായ പ്രതിരോധത്തിന്റെ രാഷ്ട്രീയം കാണാൻ (പ്രസാദ്, 2010: 24) പ്രയാസമുണ്ടാകും. പ്രസ്ഥാനത്തിന്റെ ഭാഗമായിവന്ന കൃതികൾ പലതിലും അതൊരു കൗതുകത്തിനപ്പുറത്തേക്കു പോയില്ല. അതിനു കാരണം ഒരുപക്ഷേ, ഭാഷയെ വാക്കു മാത്രമായി കണ്ടു എന്നതായിരിക്കാം. ഭാഷ യഥാർഥത്തിൽ വാക്ക് എന്നതിനെക്കാൾ അതിന്റെ ഘടനയാണല്ലോ. വർണ്ണനാസങ്കേതങ്ങൾ ഭാഷയിലെ ഘടനതന്നെയാണ്. കാവ്യഭാഷയിലെ എന്ന് ഒന്നുകൂടി സൂക്ഷ്മമായി പറയാം. പ്രസ്ഥാനകൃതികളിൽ അതു മിക്കവാറും സംസ്കൃതത്തിന്റേതുതന്നെയെന്നു നാം കണ്ടുവല്ലോ. അവിടെ വാക്കുകളേ മലയാളമാകുന്നുള്ളു. ഈ രീതിയിലുള്ള മലയാളവത്കരണത്തിന് സ്വാഭാവികമായും പരിമിതിയുണ്ടാകാം. അത് ഈ പ്രസ്ഥാനം നേരിടുകയും

ചെയ്തു. ഇത്തരം ഭാഷാഘടനകളെ മാറ്റാനുള്ള ശ്രമം, അത് വിഷയവും ആവശ്യപ്പെടുന്നതാണ്, ഗുരുവിന്റെ കൃതികളിലുണ്ടെന്നതാണ് വ്യത്യാസം. അതുകൊണ്ട് അവ പച്ചമലയാളപ്രസ്ഥാനകൃതികളെന്നു പറഞ്ഞുകൂടാ. അവിടെ വാക്കിൽ മാത്രമുള്ള ശ്രദ്ധയെ കവിഞ്ഞുനില്ക്കുന്നതാണ് കവിത. പ്രസ്ഥാനകൃതികളിലാകട്ടെ, വാക്കിൽ തുടങ്ങി വാക്കിൽ അവസാനിക്കുന്ന കൗതുകമല്ലേയുള്ളൂ പ്രധാനമായി?

വാക്കിനെ സംബന്ധിച്ച് കലർപ്പുകൾ ധാരാളമാണ് നമ്മുടെ പാരമ്പര്യത്തിലെന്നും പറയേണ്ടതുണ്ട്. ഏതു ഭാഷയിൽനിന്നും വാക്കു മടികൂടാതെ സ്വീകരിക്കാനുള്ള വഴക്കം അതു വളർത്തിയെടുത്തിട്ടുണ്ട്. എവിടെനിന്നും വാക്കു സ്വീകരിച്ചാൽ അതു മലയാളമായി. വാക്കിനെ ചുറ്റിപ്പറ്റിയുള്ള അർഥമണ്ഡലം മലയാളത്തിന്റേതായി. മലയാളവാക്കുകൊണ്ടു പുതിയ അർഥമണ്ഡലം സൃഷ്ടിക്കാനുള്ള ശ്രമം കൃത്രിമത്വം ചുവയ്ക്കാത്തിടത്തോളമേ നന്നാവൂ. ഈ ലേഖനത്തിന്റെ തുടക്കത്തിൽ സൂചിപ്പിച്ചതുപോലെ കേരളത്തിന്റെ ആധുനികീകരണത്തിൽ സംസ്കൃതം നിസ്സാരമല്ലാത്ത പങ്കുവഹിച്ചിട്ടുമുണ്ട്. അതിന്റെ ഗുണമെന്നപോലെ പരിമിതികളും നമ്മുടെ ആധുനികതയ്ക്കുണ്ട്. അതാണ് ചരിത്രം. ആ പൊതുപ്രവാഹത്തിൽ എതിർപ്പിന്റെ സ്വരമാവാൻ പച്ചമലയാളപ്രസ്ഥാനം ഉദ്ദേശിക്കപ്പെട്ടിട്ടില്ല; അതിനു കഴിഞ്ഞുമില്ല. പ്രാദേശികവിഷയങ്ങൾക്ക് ഒരുപക്ഷേ ഒരു ബദൽ നിർദ്ദേശിക്കാൻ സാധ്യതയുണ്ടായിരുന്നെങ്കിലും അതും ആ നിലയ്ക്കു വളർന്നില്ല.

## III

ഇതൊക്കെ ശരിയാണെങ്കിലും പച്ചമലയാളപ്രസ്ഥാനം മലയാളത്തിൽ ഒരു മുദ്രയും പതിപ്പിച്ചില്ലെന്നു പറയാമോ? പാടില്ല. ഇത് കേരളത്തിന്റെ ആധുനികീകരണ ഘട്ടത്തിൽ കവിതയിലെ മലയാളത്തിന് ഒരു തള്ളലായി എന്നു പറയാം. ധാരാളം നാടോടിപ്പദങ്ങൾക്ക് അത് കവിതാഭാഷയിൽ ഇടംകൊടുത്തു; വെണ്മണിപ്രസ്ഥാനത്തിന്റെ വഴിയിൽത്തന്നെ. കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ കൃതികൾ, വിശേഷിച്ചും മഹാഭാരതം തർജമ ഇവിടെ എടുത്തുപറയേണ്ടതാണ്. 'മുഞ്ചികൊണ്ടുഴികുത്തീട്ടും കാലുകൊണ്ടിട്ടു മാന്തിയും/വധ്ഷികൊണ്ടുരസിക്കൊണ്ടും വീണ്ടും വീണ്ടും മറിഞ്ഞുമേ' എന്നാണ് അർജ്ജുനന്റെ നേർക്കു വരുന്ന പന്നിയെ മഹാഭാരതതർജമയിൽ വിവരിക്കുന്നത്. മക്കൾക്കു മൂസ്സ് എന്നാണ് ധൃതരാഷ്ട്രർ ധർമപുത്രനെ വിശേഷിപ്പിക്കുന്നത്. 'ഭൂമിയെല്ലാം ജയിച്ചിട്ടും തള്ളലേന്തിയതില്ലതേ'

എന്ന ദ്രൗപദി. ഇതെല്ലാം പരിമിതമായ ചില ഉദാഹരണങ്ങൾ മാത്രം (ഈ ഉദാഹരണങ്ങളെല്ലാം രണ്ടാം വാല്യത്തിൽനിന്ന്). 'കുഞ്ഞിക്കുട്ടൻ തമ്പുരാൻ ആ കേരളീയത്തിൽ കേരളീയമായ ശൈലിയെ നാടൻകഥകൾക്കു മാത്രമല്ല, മഹാഭാരതം മലയാളീകരിച്ചവതരിപ്പിക്കുന്നതിൽ പോലും വിദഗ്ദ്ധമായുപയോഗപ്പെടുത്തിക്കളഞ്ഞു' എന്ന മുണ്ടശ്ശേരിയുടെ പ്രശംസ അസ്ഥാനത്തല്ല (1964: 7). വള്ളത്തോളിന്റെ തർജമകളിലും ഈ സംസ്കാരം കുറച്ചൊക്കെയുണ്ട്. ഈ ഭാഷാനയത്തിന് ഒരു പ്രേരണ പച്ചമലയാളപ്രസ്ഥാനമാണെന്നു വന്നുകൂടായ്കയില്ല. കാലമേറെക്കഴിഞ്ഞ് രചിക്കപ്പെട്ട മഠം പരമേശ്വരൻ നമ്പൂതിരിയുടെ ആര്യാമൃതം മഹാകാവ്യത്തിൽ ഈ ഭാഷാനയം ശ്രദ്ധേയമാം വിധത്തിലുണ്ട്. അത്രത്തോളം വിധ്യാത്മകത അതിനുണ്ട്.

ഗൗരവമുള്ള വിഷയങ്ങളുടെ ഗൗരവപൂർണമായ ആഖ്യാനത്തിന് പച്ചമലയാളം പോരായ്കയില്ലെന്ന് ഗുരുവിന്റെ കൃതികൾ മുൻനിർത്തി പറയാം. ഒരു പരിധിവരെ ഉള്ളൂരിന്റെ 'ഒരു നേർച്ച'യും. വെണ്മണിപ്പാരമ്പര്യത്തിലുള്ള പച്ചമലയാളകൃതികൾ സംസ്കൃതത്തിന്റെ രചനാസങ്കേതങ്ങളിൽനിന്നു വിട്ടുപോന്നിരുന്നില്ലെന്നു നാം കണ്ടല്ലോ. ആ അടിസ്ഥാനത്തിൽ ചിന്തിച്ചാൽ ഗുരുകൃതികളിൽ തമിഴിന്റെ സംസ്കാരമാണു പ്രവർത്തിക്കുന്നതെന്നു പറയാൻ കഴിഞ്ഞേക്കും. അതിന് കേരളത്തിന്റെ ആധുനികീകരണത്തിൽ വലിയൊരു പങ്കുവഹിക്കാൻ കഴിഞ്ഞു എന്നു തോന്നുന്നില്ല. എന്തായാലും ഭാഷയുടെയും സാഹിത്യത്തിന്റെയും കാര്യത്തിൽ അങ്ങനെ പറയുന്നതിൽ വലിയ തെറ്റുണ്ടാവില്ല. ആ വഴിക്ക് തുടർച്ചയുണ്ടാവാതിരിക്കാൻ, അഥവാ ഉണ്ടായിരുന്നിരിക്കാവുന്ന തുടർച്ച ശ്രദ്ധിക്കപ്പെടാതിരിക്കാൻ ഇതും ഒരു കാരണമാകാം.

എന്തായാലും ഈ പ്രസ്ഥാനം ഏറെക്കാലം നിലനിന്നില്ല. ഇതിന്റെ തുടർച്ചയെന്നു പറഞ്ഞുകൂടെങ്കിലും, കാലമേറെക്കഴിഞ്ഞ്, ഇതിനെ അനുസ്മരിപ്പിക്കാവുന്ന ചില പ്രവർത്തനങ്ങൾ മലയാളകവിതയിലുണ്ടായി എന്നത് ഇപ്പോൾ ശ്രദ്ധാർഹമായി തോന്നുന്നു. എം. ഗോവിന്ദന്റെയും ആറ്റൂർ രവിവർമയുടെയും കവിതകളിൽ കാണാവുന്ന മലയാളശ്രദ്ധയാണിവിടെ ഉദ്ദേശിക്കുന്നത്. കേരളീയാധുനികതയുടെ രൂപീകരണഘട്ടത്തിലാണ് പച്ചമലയാളപ്രസ്ഥാനം ഉരുത്തിരിഞ്ഞുവന്നതെങ്കിൽ, അതേ ആധുനികതയെ സംബന്ധിച്ച സംശയങ്ങളോ വീണ്ടുവിചാരങ്ങളോ അതിന്റെ പൊളിച്ചെഴുത്തുകളോ പ്രധാനമായിത്തുടങ്ങിയ കാലത്താണ് ഈ കവിതകൾ

പുറത്തുവരുന്നത്. ദേശീയതയെ സംബന്ധിച്ചുള്ള പുനർവിചാരങ്ങളും കേരളീയതയെപ്പറ്റിയുള്ള പുതിയ അന്വേഷണങ്ങളും ആധുനികതാവിമർശനത്തിന്റെ ഭാഗംതന്നെയായിരുന്നു. അതിന്റെ പശ്ചാത്തലം ഈ കവിതകൾക്കുണ്ടെന്നു വരുന്നതും സ്വാഭാവികം.

പക്ഷേ അതും ഒറ്റപ്പെട്ട പരീക്ഷണങ്ങളായി നിലകൊള്ളുകയാണുണ്ടായത്. വാക്കിലുള്ള ഈ അതിശ്രദ്ധ, മുമ്പു പറഞ്ഞതുപോലെ, മലയാളത്തിന്റെ വാക്കുസ്വീകരണപ്പതിവിന് അത്രകണ്ട് ഇണങ്ങുന്നില്ലായിരിക്കാം. ആ കവിതകളിൽ ചിലപ്പോഴൊക്കെ മലയാളം തമിഴാവാൻ കൊതിക്കുന്നതായി തോന്നിക്കൂടായ്കയില്ല. പക്ഷേ ഈ വഴിക്കൊരു ശ്രമമുണ്ടായി എന്നത് നാം ശ്രദ്ധിക്കേണ്ടതുതന്നെയാണ്. കേരളത്തിന്റെ ആധുനികീകരണത്തിൽ വേണ്ടത്ര പ്രവർത്തനക്ഷമമാവാത്ത ദ്രാവിഡഭാഷാസംസ്കാരത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ബോധം ഇതിനടിയിലുണ്ട്. ഇത് കേരളീയാധുനികതയെത്തന്നെ വിമർശനാത്മകമായി നോക്കിക്കാണാനുള്ള ഉപാധിയായി പ്രവർത്തിച്ചിരിക്കും. എവിടെനിന്നും യഥേഷ്ടം വാക്കുകൾ സ്വീകരിക്കുന്ന നയം മലയാളത്തിന്റെ നിർമാണശേഷിയെ പ്രതികൂലമായി ബാധിക്കുന്നുണ്ടോ എന്ന സംശയം അപ്പോൾ പ്രബലമാകുന്നതു സ്വാഭാവികം. പണ്ട് സംസ്കൃതമെന്നപോലെ ഇപ്പോൾ ഇംഗ്ലീഷ് വാക്കുകളുടെ സ്രോതസ്സായി പ്രവർത്തിക്കുന്നു. സാഹിത്യം, കവിത പ്രത്യേകിച്ചും, പ്രാഥമികമായി ഭാഷയിലുള്ള പ്രവർത്തനമായതുകൊണ്ട് ഇത്തരം പരിഗണനകൾ ഉണ്ടാകുന്നതിൽ അദ്ഭുതമില്ല. അതിന്റെ ഒരു പ്രത്യക്ഷീകരണമാകണം ഈ മലയാളശ്രദ്ധയിൽ അടങ്ങിയിട്ടുള്ളത്. അതിനെ ആ നിലയ്ക്ക് നാം മനസ്സിലാക്കേണ്ടതുണ്ട്. അതിന്റെ തുടർച്ചയിൽ നമുക്കു ശ്രദ്ധിക്കാവുന്നതാണ് തമിഴിൽനിന്നുണ്ടായ വിവർത്തനങ്ങൾ. ആറ്റൂർ രവിവർമയുടെ സംഭാവന ഇതിൽ പ്രധാനമാണ്. തമിഴിൽനിന്നു പണ്ടും വിവർത്തനങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും പുതിയവയുടെ പ്രാധാന്യം മങ്ങിപ്പോകുന്നില്ല. കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനദശകങ്ങളോടെ ദ്രാവിഡസൗന്ദര്യശാസ്ത്രത്തെക്കുറിച്ചു പൊതുവേയും തിണസങ്കല്പത്തെപ്പറ്റി പ്രത്യേകിച്ചും ഉണ്ടായിവന്ന ഔത്സുക്യവും ഓർക്കാവുന്നതാണ്. പക്ഷേ അത്രതന്നെ ശ്രദ്ധേയമാണ് അവ ആദ്യഘട്ടത്തിലുണ്ടായ ഉത്സാഹത്തിൽനിന്ന് ഏറെയൊന്നും മുമ്പോട്ടുപോയില്ലെന്നതും. എന്തായാലും നമ്മുടെ പ്രധാനപ്പെട്ട ചില പരിണാമഘട്ടങ്ങൾ തിരിച്ചറിയുന്നതിൽ ഭാഷാനിഷ്ഠമായ ചിന്തയ്ക്ക് നിസ്സാരമല്ലാത്ത പങ്കുണ്ടാവുമെന്നു ചിന്തിക്കാൻ പച്ചമലയാളപ്രസ്ഥാനത്തിന്റെ ചരിത്രവും പ്രയോജനപ്പെട്ടേക്കും.

## ഗ്രന്ഥസൂചി

ജോസഫ് മുണ്ടശ്ശേരി, 1964: 'കുഞ്ഞിക്കുട്ടൻ തമ്പുരാൻ ഛന്ദോദേവതയുടെ നവാവതാരം',

മഹാകവി കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ ജന്മശതവാർഷികം ഉപഹാരഗ്രന്ഥം.

ബാലകൃഷ്ണപിള്ള, കേസരി, 2011: കേസരിയുടെ സാഹിത്യവിമർശനങ്ങൾ, സാഹിത്യപ്രവർത്തകസഹകരണസംഘം, കോട്ടയം.

പ്രശോഭൻ, കെ., 1996: പച്ചമലയാളം കൃതികളും പഠനവും, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

പ്രസാദ്, സി.ആർ., 2010: ഭാഷയും ഭാവനയും പ്രതിരോധത്തിന്റെ അടയാളങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

*thevarathu@gmail.com*

# അതിരുകളും ആത്മസാധൂകരണവും

**സുനിൽ പി. ഇളയിടം**
പ്രൊഫസ്സർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി

**പ്രബന്ധസംഗ്രഹം**

ഭാഷാ സാഹിത്യത്തിന്റെ പൊതു ചരിത്രം നിർമ്മിക്കുന്നതും അതിന്റെ തുടർച്ച കണ്ടെത്തുന്നതും ആധുനികമായ ദേശര രാഷ്ട്ര നിർമ്മിതിയുടെ സാമൂഹ്യ സന്ദർഭത്തിൽ നിന്നു കൊണ്ടാണ്. സാഹിത്യത്തിന്റെ രേഖീയമായ തുടർച്ചയുടെ നിർമ്മിതിയിൽ ഘട്ട വത്കരണത്തിനുള്ള പങ്കെന്തെന്നും അതിലടങ്ങിയ പ്രശ്നങ്ങൾ എന്തൊക്കെയാണെന്നുമാണ് ഈ പ്രബന്ധം ചർച്ച ചെയ്യുന്നത്.

***താക്കോൽ വാക്കുകൾ:*** ആത്മസാധുകരണം–ഘട്ടവത്കരണം–ലിറിക്കൽ ബാലഡുകൾ–പൂർവ്വ കാല്പനികർ–സാർവ്വത്രികതകളുടെ യുഗം–സാഹിത്യവും ചരിത്രവും–സാഹിത്യം ചരിത്രത്തിൽ–പ്രബന്ധ സംഗ്രഹം

ക്രമികമായ പുരോഗതിയുടെ കഥയായി ഭൂതകാലത്തെ ആഖ്യാനം ചെയ്യുവാനുള്ള ശ്രമം, ഔപചാരിക ചരിത്രത്തിന്റേതെന്നതുപോലെ, സാഹിത്യ ചരിത്രത്തിന്റെയും നിർമ്മിതിക്കു പിന്നിലെ പ്രബലഘടകമാണ്. സാഹിത്യത്തിന്റെ രേഖീയമായ വളർച്ചയെ അടയാളപ്പെടുത്തുന്ന മട്ടിൽ രചനകളെ സംഭവങ്ങളാക്കി കാലക്രമത്തിന്റെ ചരടിൽ കോർത്തിണക്കിക്കൊണ്ടാണ് പുരോഗതിയുടെ ഈ ആഖ്യാനം സാഹിത്യചരിത്രങ്ങൾ നിർമ്മിക്കുന്നത്. ഭാഷാസാഹിത്യത്തിന്റെ പൊതുചരിത്രം നിർമ്മിക്കുക, അതിന് അറിയപ്പെടുന്ന കാലം മുതൽ തുടർച്ച കണ്ടെത്തുക –ഈ രണ്ട് ദൗത്യങ്ങളും സാഹിത്യചരിത്രങ്ങൾ ഏറ്റെടുക്കുന്നുണ്ട്. ഈ ദൗത്യങ്ങളാകട്ടെ, ആധുനികമായ ദേശ-രാഷ്ട്ര നിർമ്മിതിയുടെ സാമൂഹ്യസന്ദർഭത്തിൽ ഉള്ളവയാണുതാനും.

ആധുനികീകരണവും അതിന്റെ തുടർച്ചയായ ദേശരാഷ്ട്രനിർമ്മിതിയും ഭാഷാസമൂഹത്തിന്റെ ഏകീകരണത്തിന്റെ മൂർത്തമാതൃകകൾ ആവശ്യപ്പെടുന്നുണ്ട്. പലയിടങ്ങളിൽ പലതായി ചിതറിക്കിടക്കുന്ന ഭാഷയുടെ ആവിഷ്ക്കാരങ്ങളെ, ഒരു പൊതുസംസ്കാരത്തിന്റെ ഭിന്നരൂപങ്ങളായി തിരിച്ചറിയേണ്ടത് ഇവിടെ അത്യാവശ്യമാണ്. പലതിനെ തമ്മിലിണക്കി ഒന്നാക്കുന്ന ഈ ജോലിയുടെ സാംസ്കാരികമുഖമാണ് സാഹിത്യചരിത്രങ്ങൾ എന്ന് പറയാം. ഒരേയൊരു ഭാഷയുടെയും അതിലെ ഒരേയൊരു സാഹിത്യത്തിന്റെയും നൈരന്തര്യം ഉറപ്പാക്കിക്കൊണ്ട് ഭാഷാദേശീയതകളും അവയെ ആധാരമാക്കുന്ന ദേശ-രാഷ്ട്രവും നടത്തുന്ന ആത്മസാധൂകരണത്തിന്റെ ആവിഷ്ക്കാരപ്രകാരങ്ങൾ എന്ന് സാഹിത്യചരിത്രങ്ങളെ വിശേഷിപ്പിക്കാൻ കഴിയുന്നത് ഇതുകൊണ്ടാണ്.

സ്ഥലപരമായ തിരശ്ചീനതയിൽ സാഹിത്യത്തിലെ വൈവിധ്യങ്ങളെയും വൈരുദ്ധ്യങ്ങളെയും സംഗ്രഹിച്ച് അവയെ ഏകാത്മകമായ ഒരു ഭാഷാസ്വരൂപത്തിന്റെ ആവിഷ്ക്കാരഭേദങ്ങളാക്കുന്നതോടൊപ്പം, സാഹിത്യചരിത്രങ്ങൾ, കാലത്തിലെ തുടർച്ചയും അവയ്ക്ക് വാഗ്ദാനം ചെയ്യുന്നുണ്ട്. ആഴത്തിന്റെ ആധികാരികതയുടെ പിൻബലം സമകാലികമായ ഒരു പ്രവണതയ്ക്ക് നേടിക്കൊടുക്കുകയാണിതിലെ താല്പര്യം. സാഹിത്യരചനകളെയും രചയിതാക്കളെയും സംഭവങ്ങളും പ്രവണതകളുമായി വർഗ്ഗീകരിച്ച് അടുക്കിക്കെട്ടി, കാര്യകാരണബദ്ധമായ ഒരു തുടർച്ച അവയിൽ ആരോപിച്ചുകൊണ്ടാണ് സാഹിത്യചരിത്രങ്ങൾ രേഖീയതയും നൈരന്തര്യവും നിലനിർത്തുന്നത്. ഒരേയൊരു ഭാഷാസത്തയുടെ ഭാവഭേദങ്ങളായി കൃതികളെ സ്ഥാനപ്പെടുത്തുകയെന്നതാണിവിടെ സംഭവിക്കുന്നത്. മുകളിൽ പറഞ്ഞ തിരശ്ചീനതലത്തിലെ ഏകീകരണത്തോടൊപ്പം, ലംബതലത്തിലെ അടുക്കിവയ്ക്കൽ കൂടിയാകുമ്പോൾ ഒരൊറ്റ ഭാഷാസത്തയുടെ സ്ഥല-കാല ഭേദങ്ങൾ എന്ന നിലയിൽ ഭാഷാസാഹിത്യത്തെയപ്പാടെ വീക്ഷിക്കാൻ കഴിയുന്നു. ഇത് ഭാഷാസാഹിത്യത്തിന് (ഭാഷാ സാഹിത്യങ്ങൾക്ക്) അതുവരെയില്ലാത്ത ആഭ്യന്തരപ്പൊരുത്തവും കാലത്തുടർച്ചയും പ്രദാനം ചെയ്യുന്നു. ഭാഷാദേശീയതയുടെ ഈ സാംസ്കാരികരാഷ്ട്രീയം ദേശ-രാഷ്ട്രപരമായ സ്വത്വബോധത്തിന്റെ ഏറ്റവും ഫലപ്രദമായ പ്രകാശനമാധ്യമമായി മാറിത്തീരുകയും ചെയ്യുന്നു.

സാഹിത്യത്തിന്റ രേഖീയമായ തുടർച്ചയുടെ നിർമ്മിതിയിൽ ഘട്ടവത്കരണ (periodization) ത്തിനുള്ള പങ്ക് എന്ത് എന്നതും, അതിലടങ്ങിയ

പ്രശ്നങ്ങളെന്ത് എന്നതുമാണ് ഈ ലഘുപ്രബന്ധം ചർച്ചചെയ്യാൻ ശ്രമിക്കുന്നത്. മുകളിൽ പറഞ്ഞതുപോലെ സാഹിത്യചരിത്രത്തിലെ ഘട്ടങ്ങൾ എന്നത് സാഹിതീയമായ വർഗ്ഗീകരണത്തിലൂടെ കൈവരുന്ന കൃത്രിമമായ അതിരുകളാണ്. ഭാഷാസാഹിത്യത്തിന്റെ ആഭ്യന്തരയാഥാർത്ഥ്യമല്ല; മറിച്ച് ഭാഷാസാഹിത്യത്തിലേക്ക് സന്നിവേശിക്കപ്പെട്ട രാഷ്ട്രീയ-പ്രത്യയശാസ്ത്ര താല്പര്യങ്ങളാണ് ഘട്ടങ്ങളെ നിർണ്ണയിക്കുന്നത്. ഘട്ടങ്ങളുടെ യാഥാർത്ഥ്യം തിരയേണ്ടത് ഭാഷയുടെയോ സാഹിത്യത്തിന്റെയോ ആന്തരസവിശേഷതകളിലല്ല എന്നർത്ഥം.

സാഹിത്യചരിത്രത്തിൽ ഒരു സവിശേഷഘട്ടം കണ്ടെടുക്കാൻ ആദ്യം വേണ്ടി വരിക അതിന് ഒരു പ്രാരംഭസ്ഥാനം നിർണ്ണയിക്കുക എന്നതാണ്. വാസ്തവത്തിൽ സാഹിത്യപ്രവണതകൾക്ക് ചരിത്രപരമായ ഒരു പ്രാരംഭമുഹൂർത്തം കണ്ടെത്താനാവില്ല. 'ഒരു പ്രത്യേക ചിന്തയ്ക്കും നിയതമായ പ്രാരംഭസ്ഥാനമില്ല. അതുകൊണ്ട് തന്നെ ഏതൊരു സാഹിത്യചരിത്രവും ഒരു നദിയുടെ പ്രവാഹത്തിന് കുറുകെ വരയ്ക്കുന്ന രേഖകളാണ്''. വില്യം വേഡ്സ്വർത്ത് സാഹിത്യചരിത്രങ്ങളെക്കുറിച്ച് പൊതുവായിപ്പറയുന്ന ഇക്കാര്യം സാഹിത്യചരിത്രത്തിലെ ഘട്ടങ്ങളെ സംബന്ധിച്ചും ശരിയാണ്. സവിശേഷ ഘട്ടങ്ങളുടെ ആരംഭങ്ങളും അവസാനങ്ങളും എന്ന നിലയിൽ സാഹിത്യചരിത്രകാരൻ/ചരിത്രകാരി കണ്ടെടുക്കുന്ന വിടുതിയുടെ മുഹൂർത്തങ്ങൾ, നിശ്ചയമായും, സ്വേച്ഛാപരമായിരിക്കും. ഇത്തരം സ്വേച്ഛാപരമായ തീരുമാനങ്ങളുടെ അഭാവത്തിൽ കാലഘട്ടങ്ങളെ വേർതിരിക്കാൻ അയാൾക്ക്/ അവൾക്ക് കഴിയുകയില്ല. ഇംഗ്ലീഷ് കാല്പനികതയുടെ ഉദ്ഘാടനമുഹൂർത്തമായി ലിറിക്കൽ ബാലഡുകളെയും (Lyrical Ballads) മലയാളകാല്പനികതയുടെ പ്രാരംഭമുഹൂർത്തമായി വീണപൂവിനേയും സ്ഥാനപ്പെടുത്തുമ്പോൾ സംഭവിക്കുന്നത് ഇതുതന്നെയാണ്. വീണപൂവിൽ തുടരുന്ന നിയോ ക്ലാസ്സിക് അംശങ്ങളെയും വീണപൂവിനും മുമ്പേ വന്ന കാല്പനികപ്രവണതകളെയും കാണാതെപോവുന്ന ഒരു കാഴ്ചക്കോണാണ് ഇങ്ങനെ രൂപപ്പെടുക. വി.സി. ബാലകൃഷ്ണപ്പണിക്കരും തോമസ് ഗ്രേയും പൂർവ്വകാല്പനികർ ആയിത്തീരുന്നതിന്റെ ന്യായവും സാഹിത്യചരിത്രപരമായ ഈയൊരു വർഗ്ഗീകരണമാണ്. കാല്പനികതയ്ക്കു മുമ്പും പിമ്പും സാഹിത്യം ഒരുപോലെ വൈരുധ്യഭരിതവും പരസ്പരഭിന്നവുമായിരുന്നു എന്ന സാമാന്യവസ്തുതയുടെ നിരാകരണമാണിത്. വാസ്തവത്തിൽ ആധുനികമായ ചരിത്രയുക്തി തന്നെയാണിവിടെയും പ്രവർത്തിക്കുന്നത്. സംഭവങ്ങളുടെ ക്രമികമായ

തുടർച്ചയും പുരോഗതിയും എന്ന ആധുനികചരിത്രസങ്കല്പം സാധുവാക ണമെങ്കിൽ പ്രാഥമികമായ ഏകാത്മകതയിൽനിന്നും പിന്നാലെയുള്ള ബഹുത്വത്തിലേക്ക് ചരിത്രം വികസിക്കണം. ഈയൊരു നിലപാടിന്റെ സാഹിതീയമായ ആവിഷ്കാരമാണ് മേല്പറഞ്ഞ പ്രാരംഭനിർണ്ണയങ്ങളുടെ യുക്തിശാസ്ത്രം. ഒരു സവിശേഷചരിത്രസന്ദർഭത്തിലെ സാഹിതീയമായ ആഭ്യന്തരവൈരുധ്യങ്ങളുടെ നിരാകരണവും കൃതികളുടെയും രചനകളുടെയും സത്താവത്കരണവും ഇതിലൂടെ സാധ്യമാവുകയും ചെയ്യുന്നു.

ഓരോ പ്രാരംഭമുഹൂർത്തങ്ങളുടെയും തെരഞ്ഞെടുപ്പ്, പിന്നാലെ അതത് ഘട്ടങ്ങളുടെ സ്വഭാവനിർണ്ണയത്തിൽ ആഴത്തിൽ ഇടപെടുന്നുണ്ട്. അതോടൊപ്പം ചർച്ചാവിഷയമായ കാലഘട്ടത്തിന്റെ പൂർവ്വസന്ദർഭങ്ങളുടെ വിവരണത്തിലും ഇത് സ്വാധീനം ചെലുത്തും. പൂർവ്വസന്ദർഭങ്ങളെ ഏകാ ത്മകവും ചലനരഹിതവുമായി അവതരിപ്പിച്ചുകൊണ്ടാണ് സവിശേഷഘ ട്ടങ്ങളെ മുൻനിർത്തിയുള്ള സാഹിത്യചരിത്രരചന എപ്പോഴും മുന്നേറുക. പൂർവ്വഘട്ടത്തെ സംക്ഷിപ്തരൂപത്തിൽ, ആഭ്യന്തരമായി ചലനരഹിതമായ ഒന്നായി, ചുരുക്കിയെഴുതലാണ് ഇവിടെ വിവരണകലയുടെ ധർമ്മം. പൂർവ്വ ഘട്ടത്തിലെ ചലനരാഹിത്യത്തിനും ഏകാത്മകതയ്ക്കും എതിരെ നിലകൊ ള്ളുന്ന ചലനാത്മകവും ചൈതന്യപൂർണ്ണവുമായ ഒന്നായി ചർച്ചാവിഷയമായ കാലഘട്ടത്തെ അവതരിപ്പിക്കുവാൻ ഇത് വഴിവയ്ക്കുന്നു. പാരമ്പര്യത്തിന്റെ ജഡത്വവും വർത്തമാനത്തിന്റെ ചലനാത്മകതയും എന്ന ദ്വന്ദ്വത്തിന്റെ പ്രയോഗതലമാണിത്. പിന്നാലെ, ചർച്ചാവിഷയമായ ഘട്ടത്തിന്റെ ആരം ഭമുഹൂർത്തത്തിന്റെ സ്വഭാവത്തിനിണങ്ങുന്ന ഒരു വികാസപ്രക്രിയയുടെ ആഖ്യാനം അരങ്ങേറുന്നു. ആരംഭമുഹൂർത്തത്തിന്റെ ആന്തരികയുക്തിയോട് ഒത്തിണക്കമുള്ള പിൽക്കാലസംഭവങ്ങളുടെ ഒരു ശൃംഖലയായി ഒരു കാലഘട്ടം ഇവിടെ ഇതൾവിരിയുന്നു എന്നുപറയാം. ഇത് ചർച്ചാവിഷയ മായ കാലഘട്ടത്തെയും സത്താപരമായ ഏകാത്മകതയിലേക്ക് നയിക്കും. പക്ഷേ, പൂർവ്വഘട്ടത്തിന്റെ ജഡരൂപം ഈ ഏകാത്മകതയെ ആഖ്യാനത്തി നകത്ത് പ്രത്യേകമായ പരിവേഷമണിയിച്ച്, സംരക്ഷിച്ച്, നിർത്തുന്നുണ്ട്. ഏകാത്മകതയുടെ ജഡത്വത്തെ നാനാത്വത്തിലെ ഏകത്വമായി പൊലി പ്പിച്ചെടുക്കാൻ ഈ പൂർവ്വരംഗം വഴിയൊരുക്കുന്നു എന്നതാണ് പ്രധാനം. അങ്ങിനെ ചർച്ചാവിഷയമായ കാലഘട്ടം ഒരേസമയം വൈവിധ്യപൂർണ്ണവും അതോടൊപ്പം ആന്തരികമായി ഏകാത്മകവും ആയി വിവരിക്കപ്പെടുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിലെ റിയലിസത്തെക്കുറിച്ചുള്ള പഠനങ്ങൾ

ഈ കാലയളവിലെ സാഹിത്യത്തിൽ പ്രത്യക്ഷപ്പെട്ട ആഭ്യന്തരസംഘർഷങ്ങളെ, താരമ്യേന ഏകാത്മകമായ പതിനെട്ടാം ശതകത്തിലെ സാഹിത്യവുമായുള്ള മുഖാമുഖാവതരണത്തിലൂടെ, റിയലിസ്റ്റ് സാഹിത്യത്തിന്റെ സവിശേഷതകൾ തെളിച്ചെടുക്കാൻ ശ്രമിക്കുന്നത് കാണാം. എന്നാൽ പതിനെട്ടാംശതകത്തിലെ സാഹിത്യത്തെക്കുറിച്ച് പഠിക്കുന്ന ഇയാൻവാട്ട് പറയുന്നത് പതിനെട്ടാം നൂറ്റാണ്ടിലെ ഇംഗ്ലീഷ് സാഹിത്യത്തിൽ തെളിഞ്ഞുവരുന്ന ഭഗ്നഭാവങ്ങൾ, തൊട്ടുമുമ്പുള്ള നൂറ്റാണ്ടിലെ സാഹിത്യത്തിന്റെ വിപരീതനില കൈക്കൊള്ളുന്നു എന്നാണ്. കാല്പനികയുഗത്തെ "നഷ്ടമായ സാർവ്വത്രികതകളുടെ യുഗം" (age lost of universals) എന്ന വിവരിക്കുവാനും ചില സാഹിത്യചരിത്രങ്ങൾ തയ്യാറാവുന്നത് കാണാം. ഇവിടെയെല്ലാം സാഹിത്യചരിത്രത്തിലെ ഒരു സവിശേഷഘട്ടത്തിന്റെ പ്രാരംഭമുഹൂർത്തത്തെ സംബന്ധിച്ച ഒരു പൊതുപ്രമാണം പ്രവർത്തനക്ഷമമായിരിക്കുന്നതായി ഡേവിഡ് പെർകിൻസ് ചൂണ്ടിക്കാണിക്കുന്നു. ജഡീഭൂതമായ ഏകാത്മകതയിൽനിന്നും ചൈതന്യഭരിതമായ ബഹുത്വത്തിലേക്കുള്ള പൊട്ടിപ്പിളരലായാണ് ഓരോ സവിശേഷഘട്ടവും സാഹിത്യചരിത്രങ്ങളിൽ ഇടംനേടുന്നത്. പൂർവ്വരംഗത്തിലെ ഇരുട്ടിൽ നിന്നും വർത്തമാനത്തിന്റെ വെളിച്ചത്തിലേക്ക് അവ നിരന്തരം വന്നുകൊണ്ടിരിക്കുന്നു.

ഉദ്ഘാടനമുഹൂർത്തങ്ങളെന്നതുപോലെ, ഒരു സവിശേഷകാലഘട്ടത്തിന്റെ പരിസമാപ്തിയായി സാഹിത്യചരിത്രങ്ങൾ കണ്ടെത്തുന്നതും നാടകീയമായ ചില മുഹൂർത്തങ്ങൾ തന്നെയായിരിക്കും. ആഖ്യാനപരമായ ഒരാവശ്യത്തിന്റെ നിർവ്വഹണം എന്ന നിലയിൽ കണ്ടെത്തപ്പെടുന്ന സ്വേച്ഛാപരമായ പരിസമാപ്തികളെന്ന് ഇതിനെ വിവരിക്കാം. 1883-ൽ ജർമ്മൻ സാഹിത്യചരിത്രം പ്രകാശിപ്പിച്ച വിൽഹം ഷ്റെർ ഇക്കാര്യം വളച്ചുകെട്ടില്ലാതെ പറയുന്നത് പെർകിൻസ് തന്റെ പഠനത്തിൽ എടുത്തുചേർത്തിട്ടുണ്ട്. ഗോയ്ഥെയുടെ മരണത്തോടെ സാഹിത്യചരിത്രം അവസാനിപ്പിച്ചതിനെക്കുറിച്ച് ഷ്റെർ പറയുന്നു: "അപ്പോൾ മാത്രമാണ് വിലമതിക്കാവുന്ന ഒരു വിരാമമുഹൂർത്തം എനിക്ക് ലഭിച്ചത്. പിന്നാലെയുള്ള 50 വർഷത്തെക്കുറിച്ച് - ചിതറിയതും അനാകർഷവുമായ 50 വർഷത്തെക്കുറിച്ച് - എഴുതി ഒരു നിമിഷംപോലും പാഴാക്കുവാൻ ഞാനിഷ്ടപ്പെട്ടില്ല." ലക്ഷ്യോന്മുഖമായി വിഭാവനം ചെയ്യപ്പെട്ട എല്ലാ സാഹിത്യചരിത്രങ്ങളുടെയും ആന്തരികയുക്തി ഇത് തന്നെയാണ്. 1642-ൽ ഇംഗ്ലണ്ടിൽ നാടകശാലകൾ അടച്ചുപൂട്ടപ്പെട്ട സംഭവം എലിസബത്തൻ നാടകവേദിയുടെ അവസാനമായി

പരിഗണിക്കപ്പെടുന്നതും ഇങ്ങനെയാണ്. അവസാനമുഹൂർത്തത്തിൽ ചെന്നണയുന്നതിനായി തയ്യാറാക്കപ്പെട്ടവയായി ഒരു കാലഘട്ടത്തിലെ വിഭവങ്ങളോരോന്നും ഒരുക്കിവയ്ക്കപ്പെടുന്നു. ഓരോന്നിനേയും അർത്ഥപൂർണ്ണമാക്കുന്നത് അന്തിമമുഹൂർത്തത്തിന്റെ ഗംഭീരതയാണ്. സംഭവപരമ്പരകൾക്കും ആഖ്യാനഘടനയ്ക്കുതന്നെയും അർത്ഥം നൽകിക്കൊണ്ട് ഈ അന്തിമമുഹൂർത്തം തലയുയർത്തി നിൽക്കുന്നതായി കാണാം. പ്രാരംഭമുഹൂർത്തത്തിൽനിന്നും വിരാമമുഹൂർത്തത്തിലേക്കുള്ള ലക്ഷ്യോന്മുഖമായ പ്രയാണത്തിന്റെ കഥയായി ഒരു കാലഘട്ടത്തിലെ സാഹിത്യചരിത്രം ചമയ്ക്കപ്പെടുന്നതിൽ ഈ രണ്ട് സന്ദർഭങ്ങളുടേയും തെരഞ്ഞെടുപ്പിന് നിർണ്ണായകപദവിയാണുള്ളത്.

ഇത്തരത്തിൽ പരിശോധിക്കുമ്പോൾ സാഹിത്യചരിത്രത്തിലെ കാലഘട്ടങ്ങൾക്ക് കെട്ടുകഥയുടെ പദവിയാണ് ഉള്ളതെന്നുവരും. എങ്കിലും അവ, ഡേവിഡ് പെർകിൻസ് പറയുന്നതുപോലെ, അനിവാര്യമായ കെട്ടുകഥകൾ (necessary fictions) ആണ്. ഘട്ടവിഭജനങ്ങളിലൂടെയല്ലാതെ സാഹിത്യചരിത്രം വിഭാവനചെയ്യാനാവില്ല എന്നതാണ് ഈ സാഹിത്യനിയമങ്ങളും നിലവാരങ്ങളും സമ്പ്രദായങ്ങളും നേടുന്ന മേൽക്കൈ ആണ് സഹിത്യചരിത്രത്തിലെ ഘട്ടവിഭജനത്തിന് ആധാരം എന്ന് പറയുന്ന വേളയിൽ റെനെ വെല്ലെക്ക് സൂചിപ്പിക്കുന്നതും ഇത് തന്നെയാണ്. വ്യവഹാരം, വിനിമയവ്യവസ്ഥ തുടങ്ങിയ സംജ്ഞകൾ ഉപയോഗിച്ച് കാലഘട്ടം എന്ന സങ്കല്പത്തെ മാറ്റിയെഴുതിക്കൊണ്ട് സമകാലിക സാഹിത്യചരിത്രവിജ്ഞാനം ഈ പ്രശ്നത്തെ മറികടക്കാൻ ശ്രമിക്കുന്നുമുണ്ട്. ആത്യന്തികമായി, ചരിത്രം എന്ന ആഖ്യാനഘടനയെ നിലനിർത്തുന്നതിന്, നാം ചില അതിർത്തിരേഖകൾ അംഗീകരിക്കേണ്ടിവരും. വിഷയവസ്തുവിന് ഇത്തരം ചില അതിർവരമ്പുകൾ നിർദ്ദേശിക്കുന്നത്, ഈ അതിർവരമ്പുകളുടെ ആന്തരികഭദ്രത മൂലമല്ല. ഫിലിപ്പ് ഫോർജെറ്റ് എന്ന സാഹിത്യചരിത്രവിജ്ഞാനീയപണ്ഡിതൻ പറയുന്നത് പഠനത്തിന്റെ അന്തിമദശയിൽ നാം കൈക്കൊണ്ട വിഭജനക്രമം ഉചിതമോ സ്വീകാര്യമോ അല്ലെന്ന് ബോധ്യപ്പെടാൻ വേണ്ടി മാത്രമേ ഇത്തരം വിഭജനക്രമങ്ങളെ നമുക്ക് സ്വീകരിക്കാനാവൂ എന്നാണ്. ഇങ്ങനെ സ്വേച്ഛാപരമായ തുടക്കങ്ങൾക്കും ഒടുക്കങ്ങൾക്കും മധ്യേ സത്താപരമായ ഏകാത്മകത ആരോപിക്കപ്പെട്ട വിധത്തിൽ പണിതെടുക്കപ്പെടുന്ന കാലയളവുകളാണ് സാഹിത്യചരിത്രങ്ങളിലെ ഘട്ടങ്ങൾ. അനിവാര്യങ്ങളായ ഈ കെട്ടുകഥകളെ മുൻനിർത്തിയാണ് ഏതൊരു സാഹിത്യചരിത്രവും

നമ്മോട് സംസാരിക്കുന്നത്.

തുടക്കങ്ങളുടെയും ഒടുക്കങ്ങളുടെയും തെരഞ്ഞെടുപ്പിലെ സ്വേച്ഛാപരതയെ നന്നായി തെളിയിച്ചുകാട്ടുന്ന ഉദാഹരണങ്ങളിലൊന്നായി ഡോ. സുകുമാർ അഴിക്കോടിന്റെ മലയാളസാഹിത്യവിമർശനത്തിലെ ഘട്ടനിർണ്ണയങ്ങളിലൊന്നിനെ പരിഗണിക്കാം. മലയാളവിമർശനത്തിലെ "രാജരാജയുഗ" ത്തിന്റെ അന്ത്യവും "ത്രിമൂർത്തികളുടെ യുഗ"ത്തിന്റെ ആരംഭവും അടയാളപ്പെട്ട വർഷമായി 1937 നെ വർണ്ണിക്കാൻ അഴീക്കോട് അവിടെ ഒരുങ്ങുന്നുണ്ട്: "1937-ൽ സാഹിത്യപഞ്ചാനനൻ ചരമം പ്രാപിച്ചെന്ന് പറഞ്ഞല്ലോ. ആ വർഷത്തോടെ രാജരാജയുഗം തീർത്തും അവസാനിച്ചുവെന്ന് ചൂണ്ടിക്കാണിച്ചത് അതുകൊണ്ടു മാത്രമല്ല. ഒരു അവസാനത്തിന് പൂർത്തികിട്ടണമെങ്കിൽ അതിൽ ഒരു പുതിയ ജീവൻ ഗർഭിതമായിരിക്കണം. സാഹിത്യപഞ്ചാനനന്റെ ചരമം മലയാളസാഹിത്യവിമർശനത്തിൽ യാദൃശ്ചികമായ ഒരു കാലികസംഭവം മാത്രമല്ല. സംഭവനിയാമകമായ പ്രാസ്ഥാനികപരിണാമം കൂടിയാണ്. ആ വർഷം തന്നെ പുതിയൊരു സാഹിത്യലക്ഷണ ഗ്രന്ഥം പുറത്തുവരികയുണ്ടായി- കേസരി ബാലകൃഷ്ണപിള്ളയുടെ "രൂപമഞ്ജരി". വിൽഹം ഷ്റെർക്ക് ഗൊയ്ഥെയുടെ മരണം എന്തായിരുന്നുവോ, അതുപോലെയാണ് അഴീക്കോടിന് പഞ്ചാനനന്റെ മരണം. ഗൊയ്ഥെയുടെ മരണം ഗംഭീരോദാരമായ ഒരു പരിസമാപ്തി മാത്രമായിരുന്നുവെങ്കിൽ ഇത് പരിസമാപ്തിയോടൊപ്പം, അത്രതന്നെ ഗംഭീരമായ മറ്റൊരു തുടക്കവും കൂടിയാണ്.

ഇതിനപ്പുറം, അഴീക്കോടിന്റെ കാലനിർണ്ണയം ഒട്ടനവധി സുപ്രധാനചോദ്യങ്ങൾ ഉന്നയിക്കുന്നുണ്ട്. 1937 എന്ന വർഷത്തെ രാജരാജയുഗത്തിന്റെ അന്ത്യമായി കണക്കാക്കുകയും കേസരിയുടെ രൂപമഞ്ജരിയിലൂടെ പുതിയൊരു ത്രിമൂർത്തിയുഗത്തിന്റെ പ്രാരംഭം അടയാളപ്പെടുത്തുകയും ചെയ്യുമ്പോൾ കേസരിയുടെ വിമർശനജീവിതത്തിന്റെ ഒന്നരപ്പതിറ്റാണ്ട് അദ്ദേഹത്തിന് കയ്യൊഴിയേണ്ടതായിവന്നു. ഈ ഒന്നൊരപ്പതിറ്റാണ്ടിനിടയിലാണ് സമദർശി, പ്രബോധകൻ, കേസരി എന്നീ പത്രങ്ങളുടെ പത്രാധിപരായി കേസരി പ്രവർത്തിച്ചതും മലയാളസാഹിത്യത്തിലുളവായ നിർണ്ണായക പരിവർത്തനങ്ങളുടെ കേന്ദ്രമായി നിലകൊണ്ടതും. ബൽസാക്കിന്റെയും (സാന്ഡില്യ -1921), മോപ്പസാങ്ങിന്റേയും (കാമുകൻ - 1931), പ്രോസ്പർമെറിമേയുടേയും (കാർമൈൻ - 1933), ഇബ്സന്റെയും (പ്രേതങ്ങൾ - 1936) കൃതികളുടെ വിവർത്തനങ്ങളും കേസരിയുടെ വിമർശനജീവിതത്തിലെ

ഏറ്റവും ഉന്നതമായ സംഭാവനകളെന്ന് പരിഗണിക്കപ്പെടുന്ന നവലോകം (1935), രാജരാജീയം (1936) എന്നീ കൃതികളും നിരവധി ഇതര സാഹിത്യപഠനങ്ങളും ഇക്കാലത്ത് പുറത്തുവന്നു. വാസ്തവത്തിൽ രൂപമഞ്ജരിക്ക് (1937) ഏത്രയോ മുമ്പേ കേസരി എന്ന സാഹിത്യവിമർശകൻ മലയാളത്തിൽ ഇടംകണ്ടെത്തിക്കഴിഞ്ഞിരുന്നു. കേസരിയുടെ ഇത്തരം സംഭാവനകളിൽ നിന്നുമുള്ള മൗലികമായ വിച്ഛേദമൊന്നും രൂപമഞ്ജരിയിൽ സംഭവിച്ചിട്ടുമില്ല. രാജരാജീയത്തിന്റെ വിശകലനയുക്തിതന്നെയാണ് കേസരി രൂപമഞ്ജരിയിലും പിൻതുടർന്നിട്ടുള്ളത്. മലയാള

സാഹിത്യവിമർശനത്തിന് രൂപമഞ്ജരി പരമപ്രധാനമായിരിക്കുന്നത് പഞ്ചാനനനിൽ നിന്നും കേസരിയിലേക്കുള്ള പരിണാമത്തിന്റെ കഥപറയാൻ അത് അത്യന്തം ഉപയോഗപ്രദമാകും എന്നതിനാലാണ്. സഹിതീയമായ സവിശേഷതകളല്ല ആഖ്യാനപരമായ ആവശ്യങ്ങളോടുള്ള ഒത്തിണക്കമാണ് രൂപമഞ്ജരിക്ക് ലഭിച്ച സവിശേഷപരിഗണനയുടെ കാരണം. നിയോ-ക്ലാസ്സിക്കൽ പാണ്ഡിത്യത്തിന്റെ പ്രതാപങ്ങളിൽ നിന്നും നവീനവിജ്ഞാനത്തിന്റെ വിധ്വംസകപ്രകാശങ്ങളിലേക്ക് പടരുന്ന മലയാളവിമർശനത്തിന്റെ കഥ പറയുകയാണവിടത്തെ താല്പര്യം. ഇതാകട്ടെ വിമർശനചരിത്രത്തെ ഭാഷാചരിത്രത്തിന്റെയും ദേശചരിത്രത്തിന്റെയും താവഴിയിൽത്തന്നെ കൊണ്ടുചെന്നെത്തിക്കുകയും ചെയ്യും. പല പ്രകാരങ്ങളിൽ പറയപ്പെട്ട ഒരേ കഥയായി അവയൊക്കെയും നിലനിൽക്കുമെന്നർത്ഥം.

പറഞ്ഞുവന്നത് ഇങ്ങനെ ചുരുക്കാം. സാഹിത്യചരിത്രത്തിലെ കാലഘട്ടങ്ങൾ അതിരു തിരിക്കപ്പെടുന്നത് സാഹിത്യത്തിന്റെ ആന്തരയുക്തികളെയോ, സാഹിതീയ പ്രവണതകളെയോ മുൻനിർത്തിയല്ല. സാഹിത്യചരിത്രം എന്ന ആഖ്യാനത്തെ സാധ്യമാക്കിയ വ്യവഹാരസന്ദർഭത്തിന്റെ ബലതന്ത്രങ്ങളാൽ തന്നെയാണ് ഘട്ടവിഭജനവും പൊതുവായി നിർണ്ണയിക്കപ്പെടുന്നത്. ക്രമികമായ പുരോഗതിയുടെ കഥപറയാനാവുന്ന വിധത്തിൽ സത്താപരമായി സംഗ്രഹിക്കപ്പെട്ട കാലഘട്ടങ്ങൾ കണ്ടെടുക്കുകയാണ് സാഹിത്യചരിത്രങ്ങളുടെ മൗലികതാത്പര്യം. ഇത് ഘട്ടങ്ങളെ ആന്തരമായി ചലനരഹിതവും ഏകാത്മകവുമാക്കുന്നു. ഈ ഏകാത്മകഭാവം സാഹിത്യത്തിൽ യഥാർത്ഥമായി ഉള്ളടങ്ങിയിട്ടുള്ള പ്രത്യയശാസ്ത്രബദ്ധതയുടെ നിരാകരണത്തിന് വഴിവയ്ക്കുകയും ചെയ്യും. പരമാവധി അത് അംഗീകരിക്കുക ചരിത്രം സാഹിത്യത്തിന്റെ പശ്ചാത്തലമാണ് എന്നായിരിക്കും.

'സാഹിത്യവും ചരിത്രവും' (Literature and History) എന്നതിന് പകരം "സാഹിത്യം ചരിത്രത്തിൽ" (Literature in History) എന്ന നിലയിലേക്ക് സാഹിത്യപഠനത്തെ മാറ്റിപ്പാർപ്പിക്കുന്നതിന് ഔപചാരിക സാഹിത്യച രിത്രങ്ങളുടെ യുക്തി മതിയാകില്ല എന്നും ഇത് വ്യക്തമാക്കുന്നു.

*sunilpelayidom@gmail.com*

# സാഹിത്യചരിത്രത്തിനൊരു രൂപരേഖ

എൻ.സി.ഹരിദാസൻ
മുൻവകുപ്പദ്ധ്യക്ഷൻ, മലയാളവിഭാഗം, കാര്യവട്ടം.

**പ്രബന്ധസംഗ്രഹം**
സാഹിത്യചരിത്രാഖ്യാനം ആഖ്യാതാവിന്റെ കാഴ്ചപ്പാടനുസരിച്ച് തിരഞ്ഞെടുത്ത സാഹിത്യസൃഷ്ടികളുടെയും അവയുടെ സൃഷ്ടിക്കുപിന്നിലെ സ്വാധീനശക്തികളായ സംഭവവികാസങ്ങളുടെയും അപഗ്രഥനവും വ്യാഖ്യാനവുമാണ്. വരുംകാലങ്ങളിൽ സാഹിത്യചരിത്രരചനയ്ക്ക് തയ്യാറെടുക്കുന്ന വ്യക്തികളും സംഘങ്ങളും അഭിമുഖീകരിക്കുന്നപ്രശ്നങ്ങളും അവനേരിടുന്നതിനു സ്വീകരിക്കേണ്ട സമീപനങ്ങളും എന്തായിരിക്കണം എന്നതിനെ സംബന്ധിച്ചുള്ള ഒരു പ്രാഥമികവീക്ഷണമാണ് ഈപ്രബന്ധത്തിലുള്ളത്.
***താക്കോൽവാക്കുകൾ:*** ചരിത്രാഖ്യാനം–രീതിശാസ്ത്രം

ചരിത്രാഖ്യാനം എന്നത് ഒരുപ്രദേശത്തെ ഒരുകാലയളവിൽസംഭവിച്ച അനേകം കാര്യങ്ങളിൽനിന്ന് ആഖ്യാതാവ്കാഴ്ചപ്പാടനുസരിച്ച് തെരഞ്ഞെടുത്ത സംഭവങ്ങളെസംബന്ധിച്ച് നടത്തുന്ന അപഗ്രഥനവും വ്യാഖ്യാനവുമാണ്. ഇതുപോലെസാഹിത്യചരിത്രാഖ്യാനവും ആഖ്യാതാവിന്റെ കാഴ്ചപ്പാടനുസരിച്ച് തെരഞ്ഞെടുത്ത സാഹിത്യസൃഷ്ടികളുടെയും അവയുടെസൃഷ്ടിക്കുപിന്നിലെസ്വാധീനശക്തികളായ സംഭവവികാസങ്ങളുടെയും അപഗ്രഥനവും വ്യാഖ്യാനവുമാണ്. ഒരേകാലയളവിനെസംബന്ധിച്ച് വളരെവ്യത്യസ്തമായ ചരിത്രരചനകൾക്ക്ഇടവന്നതു പോലെ വ്യത്യസ്തസാഹിത്യചരിത്രങ്ങളും ഉണ്ടായിട്ടുണ്ട്.

വ്യക്തികളും സംഘങ്ങളും രചിച്ച സാഹിത്യചരിത്രഗ്രന്ഥങ്ങളെ സാമാന്യമായെങ്കിലും വിലയിരുത്തി അവയിൽ സ്വീകരിച്ചിരിക്കുന്ന

സമീപനരീതികൾ എന്തെന്ന് വിമർശനാത്മകമായി പഠനവിധേയമാക്കേണ്ടതുണ്ട്. അവയോരോന്നും രചിക്കപ്പെട്ടകാലത്തിന്റെപരിമിതികൾ ,എഴുത്തുകാരുടെ സാഹിത്യാഭിരുചിയുടെപ്രത്യേകതകൾ ,ശേഖരണത്തിനായി അവലംബിച്ച മാർഗ്ഗങ്ങൾ തുടങ്ങിയ ഒട്ടേറെ വസ്തുതകളുടെ വെളിച്ചത്തിൽമാത്രമേ ഇവയെകുറിച്ചുള്ള സമഗ്രമായവിലയിരുത്തൽ സാധ്യമാകൂ..

വരുംകാലങ്ങളിൽ സാഹിത്യചരിത്രരചനയ്ക്ക് തയ്യാറെടുക്കുന്നവ്യക്തികളും സംഘങ്ങളും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും അവ നേരിടുന്നതിൽ സ്വീരിക്കേണ്ടസമീപനങ്ങളും എന്തായിരിക്കണം എന്നതിനെസംബന്ധിച്ച ഒരു പ്രാഥമികചർച്ചയ്ക്കുള്ള കുറിപ്പ്മാത്രമായാണ് ഈപ്രബന്ധം രൂപകല്പന ചെയ്തിരിക്കുന്നത്. തുടർചർച്ചകളിലൂടെ വികസിച്ചുവരേണ്ട സാഹിത്യചരിത്ര രചനയുടെ രീതിശാസ്ത്രത്തിന്റെ (Methodology) ആവശ്യകതയിൽഊന്നുക എന്നതാണ് ഈപ്രബന്ധത്തിന്റെ ലക്ഷ്യം. പ്രബന്ധത്തിൽ പ്രധാനമായും ചർച്ചചെയ്യുന്ന വിഷയങ്ങൾ ഈവിധം ക്രമപ്പെടുത്തിയിരിക്കുന്നു.

ഒന്ന് : സാഹിത്യചരിത്രഗ്രന്ഥങ്ങളുടെവിലയിരുത്തൽ

- ക) വ്യക്തികൾ തയ്യാറാക്കുന്നവയുടെ പ്രശ്നങ്ങൾ
- ഖ) സംഘങ്ങൾ തയ്യാറാക്കുന്നവയുടെ പ്രശ്നങ്ങൾ
- ഗ) കാലഘട്ടം നിർണ്ണയിക്കുന്നതിലെ പ്രശ്നങ്ങൾ
- ഘ) സാഹിത്യശാഖകൾ, പ്രസ്ഥാനങ്ങൾ, പ്രവണതകൾ, തുടങ്ങിയവനിർണ്ണയിക്കുന്നതിലെ പ്രശ്നങ്ങൾ
- ങ) രചനകൾ തെരഞ്ഞെടുക്കുന്നതിലെ പ്രശ്നങ്ങൾ

രണ്ട്: ഗവേഷണോന്മുഖമായ സാഹിത്യചരിത്രനിർമ്മിതി,സാഹിത്യചരിത്രഗ്രന്ഥങ്ങളുടെ വിലയിരുത്തൽ

**ക) വ്യക്തികൾ തയ്യാറാക്കുന്നവയുടെ പ്രശ്നങ്ങൾ :**

ഏതൊരുവ്യക്തിയുടെയും സാഹിത്യാഭിരുചിയെ നിർണയിക്കുന്നത് അയാളുടെസാഹിത്യപരിചയത്തിൽനിന്നുരുത്തിരിഞ്ഞ ആത്മനിഷ്ഠഘടകങ്ങളാണ് . അയാളുടെ വ്യക്തിത്വസവിശേഷതകൾ,സാമൂഹികബോധം ,രാഷ്ട്രീയവീക്ഷണം,തുടങ്ങിയവയെല്ലാം ഇവയിൽ സ്വാധീനശക്തിയായി നിലകൊള്ളും. ഇവയുടെ ഫലമായുണ്ടായ ഇഷ്ടാനിഷ്ടങ്ങൾ, വ്യക്തിയെന്ന നിലയിലുള്ള പരിമിതികൾ തുടങ്ങിയവ സമഗ്രമായകാഴ്ചപ്പാട് അവതരിപ്പിക്കുന്നതിന് വിഘാതമായിനിൽക്കുന്നു.

തങ്ങൾക്കിഷ്ടമുള്ളവരെ അനർഹമായസ്ഥാനത്ത് പ്രതിഷ്ഠിക്കുകയും ഇഷ്ടമില്ലാത്തവരെ അവഗണിക്കുകയും അർഹിക്കുന്ന പരിഗണന

നൽകാതിരിക്കുകയും ചെയ്യുന്നതിന്റെ ഉദാഹരണങ്ങൾ മലയാളസാഹിത്യചരിത്രങ്ങളിൽ ധാരാളമുണ്ട്. ഇവയിൽഎഴുത്തുകാരുടെമതം , ജാതി ,സാമൂഹികപദവി , ലിംഗപദവിതുടങ്ങിയഘടകങ്ങളും നിർണായകമായിരുന്നുഎന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ചില ഉദാഹരണങ്ങൾ:

ഗഹനമായതത്വചിന്തയെ ലാളിത്യമാർന്നഭാഷയിൽ കവിതയാക്കി അവതരിപ്പിച്ച ശ്രീനാരായണഗുരു , പി. ഗോവിന്ദപിള്ളയെപ്പോലെയുള്ള ഒരു പണ്ഡിതന്റെ ശ്രദ്ധയിൽപെടാതെപോയതും ഷേക്സ്പിയറുടെ comdey of errors 'ആൾമാറാട്ടം' എന്നപേരിൽ നാട്ടുമലയാളത്തനിമയോടെ തർജ്ജമചെയ്ത കല്ലൂർ ഉമ്മൻഫിലിപ്പോസിന്റെ നാടകം നോവൽ എന്ന്പരാമർശിച്ചു വിടുകയും,ആ കൃതിക്ക്ശേഷംമാത്രം പ്രസിദ്ധീകരിച്ചതും" കോയിപ്പണ്ടാല എന്നെ മാന്തിപ്പൊളിച്ചു "എന്ന് കാളിദാസശാകുന്തളം പരിഭവിച്ചു എന്ന് പരിഹസിക്കപ്പെടുകയുംചെയ്ത കേരളവർമ്മവലിയകോയിത്തമ്പുരാന്റെ കേരളീയശാകുന്തളമെന്ന മണിപ്രവാളശാകുന്തളത്തെ മലയാളത്തിലെ ആദ്യ നാടകമായി പ്രതിഷ്ഠിക്കുന്നതിൽ ഉള്ളൂർ എസ്.പരമേശ്വരയ്യർ കാണിച്ച ഉത്സാഹവും എടുത്തുപറയത്തക്ക ഉദാഹരണങ്ങളാണ്. എഴുത്തച്ഛൻ്റെ സമകാലികനെന്നു കരുതപ്പെടുന്ന ഖാസിമുഹമ്മദിൻ്റെ മൊഹിയുദ്ദീൻമാല എന്നമാപ്പിളപ്പാട്ടുകൃതിയെക്കുറിച്ച് തെക്കൻകേരളത്തിൽ ജീവിച്ചിരുന്ന പി.ഗോവിന്ദപ്പിള്ളയ്ക്കോ ഉള്ളൂരിനോ ചുമ്മാറിനോ അറിയാൻകഴിഞ്ഞിരിക്കില്ല എന്നു വിശ്വസിക്കാം. എന്നാൽ വിപുലമായ അന്വേഷണം നടത്തിയ ഉള്ളൂരിനുപോലും നിരൂപകരായ ഒരെഴുത്തുകാരിയെപ്പോലും കണ്ടെത്താൻ കഴിയാതെപോയതെന്തുകൊണ്ട് എന്നചോദ്യംപ്രസക്തമാണ്.

1800 മുതൽ 1960 വരെയുള്ള ഒരൊറ്റ സാഹിത്യവിമർശകയെപ്പോലും നാം പരിചയപ്പെടുന്നില്ല. മാധവി, കെ.എം. കുഞ്ഞിലക്ഷ്മിക്കെട്ടിലമ്മ,ആറൻമുളകാർത്തികതിരുനാൾതമ്പുരാട്ടി, ബി.ഭാഗീരഥിയമ്മ, ലളിതാംബിക അന്തർജ്ജനം തുടങ്ങിയ സാഹിത്യവിമർശകരിലാരുംതന്നെ സാഹിത്യവിമർശകരായംഗീകരിക്കപ്പെടാത്തത് സാഹിത്യവിമർശനവും സാഹിത്യചരിത്ര നിർമ്മാണവും പുരുഷന്റെ കുത്തകയായതിനാലാണ്. ഡോ. സുകുമാർ അഴിക്കോടിന്റെ ഗവേഷണപ്രബന്ധത്തിന്റെ പുസ്തകരൂപമായ മലയാളസാഹിത്യവിമർശന ചരിത്രത്തിൽ വ്യക്തിതാല്പര്യങ്ങളാണ് മുന്നിട്ടു നിൽക്കുന്നത് എന്നഅഭിപ്രായമാണ്'ഗവേഷണത്തിൽ ഒരു ചീട്ടുകൊട്ടാരം'. എന്ന നിശിതവിമർശനത്തിന് പ്രശസ്തനിരൂപകനായ. കെ.പി. അപ്പനെ പ്രേരിപ്പിച്ചത്. കേസരി എ. ബാലകൃഷ്ണപ്പിള്ളയുടെ സാഹിത്യചക്രവാളം

എന്തെന്ന് മനസ്സിലാക്കാത്ത സാഹിത്യപരിചയം അഴീക്കോടിനെപ്പോലെ ഒരു യാഥാസ്ഥിതിക പണ്ഡിതന് അപ്രാപ്യമായിരുന്നു എന്നാണ് ഈവിമർശനത്തിന്റെ കാതൽ.

ഖ) സംഘങ്ങൾ തയ്യാറാക്കുന്നവയുടെ പ്രശ്നങ്ങൾ:

വ്യക്തികൾ തയ്യാറാക്കുന്ന സാഹിത്യചരിത്രങ്ങളുടെ പോരായ്മകളും പരിമിതികളും മറികടക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് പണ്ഡിതന്മാരുടെ ഒരു സംഘം വിവിധസാഹിത്യശാഖകളുടെയോ കാലഘട്ടങ്ങളുടെയോ അടിസ്ഥാനത്തിൽ ഒരു ജനറൽ എഡിറ്ററുടെ നേതൃത്വത്തിൽ എഡിറ്റോറിയൽബോർഡ് രൂപീകരിച്ച് സാഹിത്യചരിത്രങ്ങൾ തയ്യാറാക്കുന്നത്. ഓരോ വിഭാഗവും തയ്യാറാക്കുന്ന വ്യക്തികളുടെ ആത്മനിഷ്ഠ സമീപനങ്ങളെല്ലാം ഇവിടെയും കടന്നുവരാനുള്ള സാധ്യത നിലനിൽക്കുന്നുണ്ടെങ്കിലും, ഓരോ വിഭാഗത്തിന്റെയും എഡിറ്ററുടെയും ജനറൽ എഡിറ്ററുടെയും എഡിറ്റോറിയൽ ബോർഡിന്റെയും സൂക്ഷ്മമായ പരിശോധനയും എഡിറ്റിങ്ങുംവഴി പോരായ്മകളും പരിമിതികളും പരമാവധി മറികടക്കാൻ കഴിയും എന്നൊരു മെച്ചമുണ്ട്. ഇത് ഫലപ്രദമായി നിർവഹിച്ചാൽപോലും പുതിയപഠനങ്ങളുടെ വെളിച്ചത്തിൽ പലനിരീക്ഷണങ്ങളും അപ്രസക്തമാമെന്നുവരും.

ഒരുദാഹരണം:

മധ്യകാലകേരളചരിത്രത്തെക്കുറിച്ചും കൃതികളെക്കുറിച്ചും ശ്രദ്ധേയമായ പഠനങ്ങൾനടത്തി ചരിത്രഗ്രന്ഥങ്ങളും വ്യാഖ്യാനങ്ങളും പ്രസിദ്ധീകരിച്ച പ്രൊഫസർ ഇളംകുളംകുഞ്ഞൻപിള്ളയാണ് ഡോക്ടർ: കെ.എം.ജോർജ് എഡിറ്ററായ 'സാഹിത്യചരിത്രംപ്രസ്ഥാനങ്ങളിലൂടെ ' എന്നഗ്രന്ഥത്തിൽ 'മിശ്രസംസ്കൃതശാഖ ' എന്നപേരിൽ മലയാളത്തിലെ മണിപ്രവാളശാഖയെക്കുറിച്ചുള്ള ഭാഗം രചിച്ചത്. ദേവദാസിസമ്പ്രദായം അധ:പതിച്ച് വേശ്യാവൃത്തിനടത്തിയവരായിരുന്നു മണിപ്രവാളനായികമാരെന്ന് ചരിത്രത്തിന്റെ പിൻബലത്തോടുകൂടി കൃതികളെവിലയിരുത്തി സ്ഥാപിച്ചപണ്ഡിതൻ എന്നപ്രസിദ്ധിയാണ് മലയാളസാഹിത്യലോകം അടുത്തകാലംവരെ അദ്ദേഹത്തിന് നൽകിയിരുന്നത്. മണിപ്രവാള കാലഘട്ടം "നമ്പൂതിരിമാരുടെ പുളപ്പ് കാലമായിരുന്നു" എന്ന അദ്ദേഹത്തിന്റെ നിരീക്ഷണത്തോട് വിയോജിച്ചുകൊണ്ട് മണിപ്രവാളനായികമാർ പ്രഭുകുമാരിമാരായിരുന്നുവെന്ന ശൂരനാട്കുഞ്ഞൻപിള്ളയുടെവാദം ശ്രദ്ധ നേടാതെ പോയി.

"ഇളംകുളത്തിന്റെനമ്പൂതിരിശകാരം" എന്നപേരിൽ കാണിപ്പയ്യൂർ

നമ്പൂതിരിപ്പാട് പ്രസിദ്ധീകരിച്ച പുസ്തകം അഗണ്യകോടിയിൽപെട്ടു. ഇളം കുളത്തിന്റെ ശിഷ്യന്മാരായ അധ്യാപകരിലൂടെയും ഗവേഷകരിലൂടെയും അദ്ദേഹത്തിന്റെ നിരീക്ഷണങ്ങൾ സ്ഥിരപ്രതിഷ്ഠനേടിയെടുത്തു.

സംഗീതനാടക അക്കാദമിയുടെ ജേണലിൽ 'Devadasi System Unknown to Kerala' എന്നപേരിൽ കാവാലം നാരായണപണിക്കർ എഴുതിയ ലേഖനം ശ്രദ്ധിക്കപ്പെടാതെ പോയതിൽ അത്ഭുതമില്ലെങ്കിലും മണിപ്രവാളനായികമാർ ദേവദാസികളായിരുന്നില്ല, മറിച്ച് മരുമക്കത്തായ കുടുംബവ്യവസ്ഥയുടെ ഭാഗമായ സംബന്ധ വ്യവസ്ഥയിൽ നമ്പൂതിരിമാരുടെ പങ്കാളികളായിരുന്നുവെന്നും ശൂദ്രസ്ത്രീകളുമായുള്ള ശാരീരിക ബന്ധം വിലക്കിയ സ്മൃതികൾ തന്നെ വേശ്യാഗമനം വിലക്കിയിട്ടില്ലാത്തതിനാൽ അവരെ വേശ്യകളായി കാണുകയായിരുന്നുവെന്നും വാദിച്ച ഡോക്ടർ. പി.സേതുമാധവന്റെ പുസ്തകം കാര്യമായി ചർച്ചചെയ്യപ്പെടാതെ പോയതിൽ അസ്വാഭാവികതയുണ്ട്. ഇതിനെക്കാളൊക്കെ പ്രാധാന്യത്തോടെ സമീപിക്കേണ്ട പഠനമാണ് ചരിത്രകാരനായ പ്രൊഫസർ വെളുത്താട്ട് കേശവൻ നടത്തിയതെങ്കിലും അതും മലയാളപണ്ഡിതലോകം കാര്യമായെടുത്തിട്ടില്ല. അറിയപ്പെടുന്ന ഒരേയൊരു മണിപ്രവാള കവി ചാക്യാരാണെന്നും (ഉണ്ണിയാടി ചരിതത്തിലെ കഥാപാത്രവും കവിയുമായ ദാമോദര ചാക്യാർ) നമ്പൂതിരിമാരുടെ സൃഷ്ടികൾ ഇവയിലേതെങ്കിലും ഉണ്ടോ എന്ന് ഇനിയും സ്പഷ്ടമായിട്ടില്ലെന്നും "രൂപത്തിലും ഉള്ളടക്കത്തിലും സംസ്കൃതത്തിലെ കാവ്യപാരമ്പര്യത്തിന്റെ തുടർച്ചയാണ് മണിപ്രവാള കവിതയിലുള്ളത് എന്ന പരമപ്രധാനമായ കാര്യം മണിപ്രവാളത്തെക്കുറിച്ച് ഇതിനുമുമ്പെഴുതിയ പണ്ഡിതന്മാർ കാണാതെ പോയതു പോലെതോന്നുന്നു" എന്നും അദ്ദേഹം ചൂണ്ടിക്കാണിച്ചത് ഇനിയെങ്കിലും ചർച്ചചെയ്യപ്പെടണം. സംസ്കൃതകൃതികളിലെ നായികമാരെക്കാൾ മാതൃദായക്രമത്തിൽ നിന്നാർജ്ജിച്ച വ്യക്തിത്വവുള്ളവരായതിനാലാണ് നയകന്മാരെക്കാൾ ഇവർക്ക് പ്രാധാന്യംസിദ്ധിച്ചത് എന്ന നിരീക്ഷണവും പ്രസക്തമാണ്.

**കാലഘട്ടം നിർണ്ണയിക്കുന്നതിലെ പ്രശ്നങ്ങൾ:**

സാഹിത്യചരിത്ര രചയിതാക്കൾ, പ്രത്യേകിച്ചും പ്രാചീനകാലഘട്ടവുമായി ബന്ധപ്പെട്ട സാഹിത്യ ഗ്രന്ഥങ്ങളെ പഠന വിഷയമാക്കുന്നവർ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ് കാലനിർണ്ണയം. ചരിത്രസംബന്ധിയായ തെളിവുകളുടെ സൂചനകൾ പോലും ലഭ്യമല്ലാത്ത പാട്ടുകൃതികളിലെ ഭാഷാസ്വരൂപത്തെ അടിസ്ഥാനമാക്കിയാണ് പലരും

കാലനിർണയംനടത്തിക്കാണുന്നത്. മണിപ്രവാളകൃതികളിൽ ചിലതിൽ കാണപ്പെടുന്ന ചരിത്രപരാമർശങ്ങളോ, ജ്യോതിഷ സൂചനകളോ അവലം ബമാക്കി കാലനിർണയനം നടത്തുമ്പോഴും കൃത്യമായ രചനാവർഷം കണ്ടെത്താൻ കഴിയണമെന്നില്ല. ചരിത്രപരമായ സൂചനകൾ കൃതിയിൽ പറയുന്ന സംഭവങ്ങളുമായി ബന്ധപ്പെട്ടതാണെന്നു കണ്ടെത്താൻ കഴിയു മെങ്കിലും രചനാവർഷം അതാണെന്നു തീർത്തു പറയുക വയ്യ. ജ്യോതിഷ സൂചനകൾ ഒന്നിലേറെ വർഷങ്ങൾക്ക് ഒരുപോലെ യോജിച്ചു വരുമ്പോൾ മറ്റു തെളിവുകളുടെ ബലത്തിൽ മാത്രമേ കാലനിർണ്ണയംസാധ്യമാകൂ. പ്രചീന കൃതികളുടെ വ്യാഖ്യാതക്കളും ആദ്യകാല സാഹിത്യ രചയിതാക്കളും പറഞ്ഞ കാലഗണനയിലെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞില്ലെങ്കിൽ വലിയ അബദ്ധങ്ങളിലാവും നാം ചെന്നു പെടുക.

പ്രാചീന സാഹിത്യരചന നടത്തിയവർ മിക്കവരും മലയാളഭാഷയുടെ ഉല്പത്തിയെക്കുറിച്ചുള്ള ചർച്ചനടത്തിയതും മനോധർമമനുസരിച്ചാണെന്ന് കാണാൻ കഴിയും. ഇവയെല്ലാം പരിശോധിച്ചതോടൊപ്പം സമീപകാല കണ്ടെത്തലുകളുടെ വെളിച്ചത്തിൽ ഏറെക്കുറെ യാഥാർത്ഥ്യത്തോടടുക്കുന്ന സമീപനം സ്വീകരിച്ചു കാണുന്നത് ക്ലാസിക്കൽ പദവി നേടുന്നതിനായി സമർപ്പിച്ച രേഖയിലാണെന്നു കരുതാം. മലയാളത്തിലെ ചില എഴുത്തു കാരും പ്രസാധകരും പുലർത്തിപ്പോരുന്ന അനാസ്ഥകാരണം സമീപകാല രചനകളുടെ ആദ്യവർഷം കണ്ടെത്തുകപോലും ദുഷ്കരമായിത്തീർന്നിട്ടുണ്ട്.

കാലനിർണയം പോലെതന്നെ അസ്പഷ്ടത നിലനിൽക്കുന്ന ഒന്നാണ് ഓരോ ഘട്ടവിഭജനവും അവയ്ക്ക് നൽകുന്ന വിശേഷണവും. ഉള്ളൂരിന്റെഘ ട്ടവിഭജനത്തിൽ ഉപയോഗിച്ച ആധുനികകാലം എന്ന അർത്ഥത്തിൽ നിന്നും പാടെ വ്യത്യസ്തമായ അർത്ഥത്തിലാണ് ആധുനികമെന്നവാക്ക് പില്ക്കാല സാഹിത്യ ചർച്ചകളിൽ ഉയർന്നുവന്നത്. ഒരു ഘട്ടത്തിൽ നിന്ന് മറ്റൊരു ഘട്ടത്തിലേക്കുള്ള മാറ്റത്തെ സൂചിപ്പിക്കുന്നതിന് യുക്തിഭദ്രമായ വിശദീകരണം പല സാഹിത്യചരിത്രങ്ങളിലും കാണാൻ കഴിയുന്നില്ല. ഇന്ത്യയുമായി ചൈന നടത്തിയ യുദ്ധം മലയാള നോവൽ സാഹിത്യം വിഷ യമാക്കിയിട്ടില്ലാത്തതിനാൽ അത് മാനദണ്ഡമാക്കിയ കെ.എം. തരകന്റെ നോവൽ സാഹിത്യചരിത്രത്തിലെ ഘട്ടവിഭജനത്തിന് യുക്തിയില്ല എന്ന ഡോ.ജോർജ് ഇരുമ്പയത്തിന്റെ വിമർശനം പ്രസക്തമാണ്

**ഘ) സാഹിത്യശാഖകൾ, പ്രസ്ഥാനങ്ങൾ, പ്രവണതകൾ തുടങ്ങിയവ നിർണയിക്കുന്നതിലെ പ്രശ്നങ്ങൾ:**

ആദ്യകാല സാഹിത്യചരിത്രങ്ങളിൽ നിന്ന് വ്യത്യസ്തമായി സാഹിത്യശാഖകൾ, പ്രസ്ഥാനങ്ങൾ, പ്രവണതകൾ തുടങ്ങിയവ നിർണയിക്കുന്നതിൽ സമകാലിക സാഹിത്യ സംവാദങ്ങൾ വിശദമായ പഠനം ആവശ്യപ്പെടുന്നുണ്ട്. ഭാരതീയസാഹിത്യ ശാഖകളുടെ അനുകരണങ്ങളായി രചിക്കപ്പെട്ട മലയാളത്തിലെ ആദ്യകാലകൃതികളെ വർഗ്ഗീകരിക്കുക ഒട്ടുംബുദ്ധിമുട്ടുള്ളവിഷയമായിരുന്നില്ല. കാരണം നിശ്ചിതമായ മാനദണ്ഡങ്ങൾ അവയെസംബന്ധിച്ച് നിലവിലുണ്ടായിരുന്നു. കേരളീയത്തനിമയുള്ള കിളിപ്പാട്ട്,തുള്ളൽ, ആട്ടക്കഥ തുടങ്ങിയവയും നിശ്ചിതമായ ഘടനയ്ക്കുള്ളിൽ ഒതുങ്ങി നില്ക്കുന്നവയായതിനാൽ വർഗ്ഗീകരണം എളുപ്പമായിരുന്നു. എന്നാൽ യൂറോപ്യൻ സാഹിത്യവുമായി ചേർന്നുനിൽക്കുന്ന ആശയധാരകളായ റൊമാന്റിസിസം, സിംബലിസം തുടങ്ങിയ സംജ്ഞകൾ മലയാള സാഹിത്യചർച്ച കവിതകളിൽ ഇടംപിടിച്ചതോടെ കവിതാസാഹിത്യ ചരിത്രത്തിൽ പോലും വർഗ്ഗീകരണം അനായാസമല്ല എന്ന സ്ഥിതി വന്നു. മലയാളത്തിലെ ആദ്യ നോവൽ ഏതെന്ന കാര്യത്തിൽ വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളാണ് സാഹിത്യചരിത്രങ്ങളിൽ കാണാൻകഴിയുന്നത്.അപ്പനെടുങ്ങാടിയുടെ കുന്ദലത ആദ്യനോവൽ എന്നനിലയിൽ പ്രതിഷ്ഠനേടിയിരുന്ന ഘട്ടത്തിലാണ് യൂറോപ്യൻഭാഷകളിൽ റോമാൻസ് എന്നറിയപ്പെട്ട വീരേതിഹാസകഥയാണതെന്നും യൂറോപ്യൻ നോവലിന്റെ നിർവചനങ്ങളോടു നീതിപുലർത്തുന്നതിനാൽ ലക്ഷണമൊത്ത ആദ്യമലയാള നോവൽ ഇന്ദുലേഖയാണെന്നും തന്റെ ഗവേഷണപ്രബന്ധത്തിൽ ഡോക്ടർ ജോർജ് ഇരുമ്പയം നിരീക്ഷിച്ചത്. ഫുൽമോനി എന്നും കോരുണ എന്നും പേരായരണ്ടു സ്ത്രീകളുടെകഥ, ഘാതകവധം എന്നിവ വിവർത്തനങ്ങൾ ആണെന്നും പുല്ലേലിക്കുഞ്ചുവിൽ ഒരു നോവലിന് വേണ്ട അംശങ്ങൾ ഒന്നുമില്ലെന്നും പ്രചരണ ഉദ്ദേശ്യം മുൻനിർത്തിയുള്ള ഒരു പ്രസംഗം മാത്രമാണെന്നുമാണ് അദ്ദേഹത്തിന്റെ വാദം. യൂറോപ്യൻ നോവൽ സങ്കല്പത്തിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ നോവൽ എന്നൊരു സാഹിത്യ പ്രരൂപം നിലനില്ക്കുന്നില്ല എന്നുവരെ എത്തിനില്ക്കുന്ന ഈസാഹചര്യത്തിൽ ഇത്തരം നിരീക്ഷണങ്ങൾ പുനഃപരിശോധന അർഹിക്കുന്നുണ്ട്. സ്വതന്ത്ര അസ്തിത്വമുള്ള ആദ്യമലയാള ചെറുകഥ വാസനാവികൃതി ആണെന്നു പറയുന്നവർ അതിന്റെ രചയിതാവായി വേങ്ങയിൽ കുഞ്ഞിരാമൻനായനാരെ അവരോധിച്ചത് തെളിവുകളുടെ പിൻബലത്തിൽ

അല്ല എന്നഡോക്ടർ എം.എം. ബഷീറിന്റെ നിരീക്ഷണം ശ്രദ്ധയാകർഷിക്കുന്നുണ്ട് . ഇന്ത്യയും കേരളവും ആധുനികസമൂഹമായിമാറിയിട്ടില്ല എന്നും ആധുനികസാമൂഹിക ജീവിതത്തിന്റെ സങ്കീർണ്ണപ്രശ്നങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞുവന്നതാണ് ആധുനികതാസിദ്ധാന്തം എന്നും യൂറോപ്യൻ മോഡേണിസത്തിന്റെ ദുർബലമായ അനുകരണമാണ് മലയാളത്തിൽ ആധുനികത എന്നു കൊണ്ടാടപ്പെടുന്ന രചനകളിൽ കാണുന്നത് എന്നുമുള്ള ഡോക്ടർ വി.സി.ശ്രീജന്റെ നിരീക്ഷണം പരിഗണിക്കാതെ ഇനിയൊരു സാഹിത്യചരിത്രരചന അസാധ്യമാണ്. ആധുനിക സാഹിത്യം ഇല്ലാത്തിടത്ത് ആധുനികോത്തര സാഹിത്യമെന്ന് വിളിക്കപ്പെടുന്ന ഒന്നും സംഭവ്യമല്ലെന്നും അവയിൽ ഉപയോഗിക്കുന്ന പല സംജ്ഞകളുടെയും അർത്ഥം മനസ്സിലാക്കാൻ ശേഷിയില്ലാത്തവർ സംസ്കൃതമയമായ പരിഭാഷകൾ കണ്ടുപിടിച്ച് ആശ്വാസം കൊള്ളുകയാണ് എന്നും ശ്രീജൻ വിമർശിക്കുന്നുണ്ട്. ആധുനികോത്തരതയുടെ കേരളീയ പരിസരം എന്ന കൃതിയിലൂടെ പി.കെ.പോക്കർ ഈ ആശയത്തെ നിരാകരിക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും ഗൗരവമേറിയ ചർച്ചയായി ഇവയെല്ലാം സാഹിത്യചരിത്രങ്ങളിൽ ഇടംപിടിക്കേണ്ടതുണ്ട്. ആദ്യകാല സാഹിത്യചരിത്രരചയിതാക്കളുടെ മുൻപിൽ ഉണ്ടായിരുന്ന കടമ അറിയപ്പെടുന്നവരും അല്ലാത്തവരുമായ പരമാവധിഎഴുത്തുകാരെയും രചനകളെയും ഭാവി തലമുറയുടെ അറിവിലേക്കായി രേഖപ്പെടുത്തിവയ്ക്കുക എന്നുള്ളതായിരുന്നു. രചനകളുടെയും എഴുത്തുകാരുടെയും പെരുപ്പം പില്ക്കാലത്ത് സാഹിത്യചരിത്ര രചന നടത്തിയവരെ കുഴക്കി. പ്രശസ്ത എഴുത്തുകാരുടെ രചനകൾ പോലും പൂർണമായും സാഹിത്യചരിത്രത്തിൽ വിശദീകരിക്കുക എളുപ്പമായില്ല. സാമാന്യമായ വിലയിരുത്തലും ചില രചനകളെ പരിചയപ്പെടുത്തലും മാത്രമേ സാധ്യമാകുമായിരുന്നുള്ളൂ. ഈ പരിമിതി നിലനില്ക്കുമ്പോഴും ലേഖകരുടെ ഭാവുകത്വത്തെ സംബന്ധിച്ച വിമർശനങ്ങൾ എക്കാലത്തും ഉയരാറുണ്ട്. ആധുനിക സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ എന്ന ഡോക്ടർ കെ.എം.ജോർജ് എഡിറ്ററായ ഗ്രന്ഥത്തിന്റെ ആദ്യപതിപ്പിൽ കവിത എന്ന അധ്യായം എഴുതിയ ഡോക്ടർ ഡി. ബഞ്ചമിന്റെ പല നിരീക്ഷണങ്ങളും സ്വീകാര്യമല്ല എന്നനിലപാടാണ് ഡോക്ടർ പ്രസന്നരാജൻ പ്രകടിപ്പിച്ചത്. ഭാവുകത്വ വിദ്യാഭ്യാസത്തോടൊപ്പം ചർച്ചചെയ്യേണ്ട വിഷയമാണ് കാഴ്ചപ്പാടിലുള്ള വ്യത്യാസം.

ആദ്യകാല മലയാളനോവലുകളെക്കുറിച്ച് പഠനം നടത്തിയ ഡോക്ടർ ജോർജ് ഇരുമ്പയം ശ്രദ്ധിക്കാതെ വിട്ട അംശമാണ് പോത്തേരി

കുഞ്ഞനുവിന്റെ സരസ്വതിവിജയം എന്ന നോവൽ ഉയർത്തിയ ബ്രാഹ്മണിക പ്രത്യയശാസ്ത്രവിമർശനം.

ടി.വി. ശ്രീരാമന്റെ “ദുരവസ്ഥ പിന്നെയും വന്നപ്പോൾ” എന്ന ചെറുകഥ ദലിത് വിരുദ്ധ സമീപനമാണ് വെച്ചുപുലർത്തുന്നതെന്ന നിരീക്ഷണം മുന്നോട്ട് വയ്ക്കുന്നുണ്ട് പ്രദീപൻ പാമ്പിരിക്കുന്ന്. “അധഃസ്ഥിതനു ലഭിക്കുന്ന സാമൂഹിക അംഗീകാരം ആയിരിക്കും പുതിയ ദുരവസ്ഥ എന്ന അശുഭ സൂചന ഈ കഥ അബോധമായെങ്കിലും പുലർത്തുന്നുണ്ട്” എന്നദ്ദേഹം എഴുതുന്നു. അതിനു നേർവിപരീതമായി, “മേലാളനെ മനോഭാവത്തിലും തിരഞ്ഞെടുപ്പുകളിലും പ്രവർത്തിയിലും പിൻപറ്റുന്ന കീഴാളജാതിക്കാരനായ ഉദ്യോഗസ്ഥൻ ഒരു നിലയിലും കീഴാളനല്ല”...എന്ന നിരീക്ഷണം മുന്നോട്ടുവെയ്ക്കുന്നു ഇ.പി. രാജഗോപാലൻ. സമീപകാലത്ത് വികാസം പ്രാപിച്ച സംവാദാത്മക സാഹിത്യ സമീപനത്തിന്റെ തെളിവുകളാണ് ഇത്. ഇത്തരം ചർച്ചകൾക്ക് അർഹമായ പരിഗണന നല്കുകയും സന്തുലിതമായ നിലപാടെടുക്കുകയും ചെയ്യേണ്ടത് സാഹിത്യചരിത്ര രചനയിൽ കൈക്കൊള്ളേണ്ട സാമാന്യബോധം ആണ്.

ജീവിച്ചിരുന്ന കാലത്ത് സരസ്വതി അമ്മയുടെ കഥകൾക്ക് ലഭിച്ച അവഗണനയുടെ സ്ഥാനത്തെ മലയാളത്തിലെ ഏറ്റവും ശക്തയായ ഫെമിനിസ്റ്റ് എഴുത്തുകാരി എന്ന അംഗീകാരം നേടിക്കൊടുക്കുന്നതിൽ ഫെമിനിസ്റ്റ് നിരൂപകർ ഏറെ മുന്നോട്ടുപോയി. പൊക്കുടൻ, നളിനി ജമീല തുടങ്ങിയ സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിൽ ജീവിച്ചിരുന്ന മനുഷ്യരുടെ ആത്മാംശമുള്ള രചനകൾ സമകാലിക കേരളം വ്യാപകമായി ചർച്ചചെയ്യുന്നിടത്ത് പുരോഗമിച്ചത്കാണാതെ പോകരുത്.

രണ്ട്

ഗവേഷണാത്മകമായ സാഹിത്യചരിത്ര നിർമ്മിതി സാഹിത്യചരിത്ര വിജ്ഞാനീയം എന്നീ പദങ്ങളാണ് ലിറ്റററി ഹിസ്റ്റോറിയോഗ്രാഫി എന്നതിനു തത്തുല്യമായി മലയാളത്തിൽ ഉപയോഗിച്ചുവരുന്നത്. ഈ പേരിൽ തോമസ് സ്കറിയ ഒരുപുസ്തകവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. “ഹിസ്റ്റോറിയോഗ്രാഫി എന്ന ആശയത്തെ ചരിത്ര ശാസ്ത്രമെന്ന് പരിഭാഷപ്പെടുത്തികാണാറുണ്ട്. എന്നാൽ ചരിത്രരചനയുടെ ചരിത്രം എന്നു പറയുന്നതാവും കൂടുതൽ ഉചിതം” എന്ന ജെ. ദേവികയുടെ അഭിപ്രായം സാഹിത്യചരിത്ര വിജ്ഞാനീയത്തെ സംബന്ധിച്ചും പ്രസക്തമാണ്. ചരിത്രത്തിലും സാഹിത്യചരിത്രത്തിലും ഒരുപോലെ മുൻകാല രചനകളുടെ വിമർശനാത്മക

പഠനമാണ് പ്രധാനമായും ഉൾക്കൊള്ളുന്നത് എന്നതിനാലാണ് ഈ സംജ്ഞകൾ ചരിത്രത്തിന്റെ ചരിത്രമായും സാഹിത്യചരിത്രത്തിലെ ചരിത്രമായും നിർവചിക്കപ്പെടുന്നത്. ഈയൊരു അർത്ഥത്തിൽ പുതിയ സാഹിത്യ ചരിത്രരചനയ്ക്ക് തയ്യാറെടുക്കുന്ന വ്യക്തികളുടെ പ്രാഥമികമായ ഉത്തരവാദിത്വമാണ് മുൻകാല രചനകളുടെ വിമർശനാത്മകമായ പഠനം.

മലയാളസാഹിത്യ ചരിത്രങ്ങളിലെ പ്രധാന പോരായ്മകളിൽ ചിലത് മുകളിൽ ചൂണ്ടിക്കാണിച്ചുവല്ലോ. ഓരോ വിഭാഗത്തിലും ഒന്നോരണ്ടോ ഉദാഹരണങ്ങളാണ് ചൂണ്ടിക്കാണിച്ചത് എങ്കിലും ഇത് മലയാളസാഹിത്യചരിത്രങ്ങളുടെ സ്വഭാവത്തിലേക്ക് വിരൽചൂണ്ടുന്നുണ്ട്. ഇവ മറികടന്ന് മുന്നോട്ടു പോയാൽ മാത്രമേ വസ്തുനിഷ്ഠമായ ഒരു സാഹിത്യചരിത്ര രചനയ്ക്ക് പ്രസക്തിയുള്ളൂ. ആദ്യകാല സാഹിത്യചരിത്രങ്ങൾ പുസ്തക പരിചയത്തിന്റെതലത്തിൽ നില്ക്കുമ്പോൾ, സമീപകാല സാഹിത്യചരിത്രങ്ങൾ, വ്യക്തികളുടെതായാലും സംഘങ്ങളുടെതായാലും, വലിയ അളവിൽ സാഹിത്യ ഉപന്യാസങ്ങളുടെയോ നിരൂപണങ്ങളുടെയോ തലത്തിലാണ് നിലകൊള്ളുന്നത്. ഇവയിലൊക്കെയും ലേഖകരുടെ ആത്മനിഷ്ഠമായ, സാഹിത്യഅഭിരുചികൾ ആണ് മുന്നിട്ടു നില്ക്കുന്നത്. ഈ പരിമിതി മറികടക്കുന്നതിൽ ഏറെ വിജയിച്ചത് സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ എന്ന ആദ്യത്തെ സംഘസാഹിത്യചരിത്ര സംരംഭമായിരുന്നു. ഗവേഷണോന്മുഖമായ സമീപനം പുലർത്തിയ ഒട്ടേറെ ലേഖനങ്ങൾ അവരുന്നുംപ്രസക്തമാകുന്നുണ്ട്. എന്നാൽ കാലവും സാഹിത്യ പഠനങ്ങളും അവയിൽ ചിലതിനെ ആധികാരികതയിൽ വെല്ലുവിളി ഉയർത്തിയതിന്റെ ഒരു ഉദാഹരണം മുകളിൽ സൂചിപ്പിച്ചുവല്ലോ. ഒരർത്ഥത്തിൽ അതും വരുംകാല സാഹിത്യചരിത്ര രചയിതാക്കളുടെ പഠനവസ്തുവായി മാറുകയാണ് ചെയ്യുന്നത്.

ഒരു വിഷയത്തെ സമീപിക്കുന്നതിനു തുല്യമായി ഗവേഷണരീതിശാസ്ത്രം പാലിച്ചുകൊണ്ട് രചിക്കുന്ന സാഹിത്യ ചരിത്രത്തിൽ മാത്രമേ വരും കാലങ്ങളിൽ പ്രസക്തിയുള്ളൂ. ഓരോ സാഹിത്യരചനയും കാലത്തോടും സമൂഹത്തോടും എതു രീതിയിൽ ബന്ധപ്പെട്ടു നിൽക്കുന്നു എന്നും അവ സാഹിത്യ-സാംസ്കാരിക പരിസരത്ത് എന്തെങ്കിലും പ്രസക്തമായ ചലനങ്ങൾക്കിടവരുത്തിയോ എന്നും വിശകലനം ചെയ്ത് തെരഞ്ഞെടുപ്പ് നടത്തി വസ്തുനിഷ്ഠമായി വിലയിരുത്തുന്നതാവണം ഓരോ രചനയെ കുറിച്ചുമുള്ള പരാമർശങ്ങൾ. ഏതൊരു എഴുത്തുകാരനും പ്രസക്തമാകുന്നതും ഈ അർത്ഥത്തിൽ ആവണം.

കലാസാഹിത്യ സംജ്ഞകൾ, സാമൂഹ്യശാസ്ത്ര സംജ്ഞകൾ തുടങ്ങിയവ ഉപയോഗിച്ചതിൽ വിവിധ സാഹിത്യഗ്രന്ഥങ്ങൾ കാണിച്ച അവ്യവസ്ഥകൾ നമ്മുടെ സാഹിത്യവീക്ഷണത്തിന്റെ പോരായ്മയിലേക്കാണ് വിരൽചൂണ്ടുന്നത്. ഇവ ഓരോന്നും നിർവചിച്ച് വ്യക്തത വരുത്താൻ കഴിഞ്ഞെങ്കിൽ മാത്രമേ തുടർചർച്ചകൾക്ക് ശാസ്ത്രീയത കൈവരികയുള്ളൂ. വസ്തുനിഷ്ഠ തെളിവുകളുടെ പിൻബലമില്ലാത്ത കാലനിർണ്ണയം,ഘട്ടവിഭജനം എന്നിവ നിഷ്പ്രയോജനമാണെന്നു മാത്രമല്ല തെറ്റായ ചരിത്രമായും മാറും എന്ന് തിരിച്ചറിയണം.

മുൻകാലങ്ങളെ അപേക്ഷിച്ച് ദത്തശേഖരണം കൂടുതൽ എളുപ്പത്തിൽ  നടത്താൻ കഴിയുന്ന കാലമാണിത്. ഡിജിറ്റൽ കാറ്റലോഗ് ഉള്ള ലൈബ്രറികൾ, പുസ്തകങ്ങളുടെയും ലേഖനങ്ങളുടെയും ഓൺലൈൻ പോർട്ടലുകൾ  എന്നിവയുടെ സഹായത്തോടെ ദത്തം ശേഖരിച്ച് പരമാവധി വിവരങ്ങൾ സമ്പാദിക്കാൻ കഴിയും. ഇവ വിശകലനംചെയ്ത് ക്രമബദ്ധമായി അടുക്കി ഋജു ആയ ഭാഷയിൽ അവലോകനം നടത്തുകയാണ് വേണ്ടത്. സാഹിത്യരചനകളും അവയെക്കുറിച്ചുള്ള വിമർശനങ്ങളും പഠനങ്ങളും ഗവേഷണപ്രബന്ധങ്ങളും ഒരുപോലെ ആകരസാമഗ്രികളായി പ്രയോജനപ്പെടുത്താൻകഴിയണം. ഒരു രചനയുടെ ആസ്വാദനമോ വിമർശനമോ അല്ല വസ്തുനിഷ്ഠമായ വിലയിരുത്തലാണ് നടത്തേണ്ടത്. ഭക്തിയോടെ ഉള്ള സമീപനമോ ആലങ്കാരിക ഭാഷപ്രയോഗമോ അരുത്. സാമാന്യമായ അവലോകനത്തോടൊപ്പം രചനയുടെ പ്രാധാന്യമനുസരിച്ച് അഗാധ പഠനസാധ്യതകൾ പ്രയോജനപ്പെടുത്തണം. ഗൗരവമാർന്ന ചർച്ചയ്ക്ക് വിധേയമായിക്കഴിഞ്ഞ സാഹിത്യപ്രവണതകൾ രചനകൾ തുടങ്ങിയവ സാഹിത്യചരിത്രത്തിന്റെ ഭാഗമാവണം.

ഗവേഷണ പ്രബന്ധത്തിലെപ്പോലെ പരാമർശ സൂചകങ്ങൾ, ഗ്രന്ഥസൂചി എന്നിവ നല്കി ആധികാരിക സ്വഭാവം കൈവരിക്കണം. വ്യക്തികൾ തയാറാക്കുന്നവയായാലും സംഘങ്ങൾ തയാറാക്കുന്നവയായാലും കൂലംകഷമായ എഡിറ്റിംഗിന് വിധേയമാക്കുന്നവ മാത്രമേ വസ്തുനിഷ്ഠത ഉറപ്പുവരുത്തുകയുള്ളൂ. ശാസ്ത്രവിഷയങ്ങളിൽ കാണുന്ന രീതിയിൽ നിന്ന് വ്യത്യസ്തമാണെങ്കിലും ശാസ്ത്രീയത പ്രബന്ധരചനയിലും കൊണ്ടുവരാൻകഴിയുമെങ്കിൽ മാത്രമേ വരുംതലമുറയ്ക്ക് പ്രയോജനകരമായ സാഹിത്യചരിത്രമാവൂ. ചുരുക്കത്തിൽ ഏതെങ്കിലും സാഹിത്യശാഖയെകുറിച്ചോ സാഹിത്യപ്രവണതയെ കുറിച്ചോ ശ്രദ്ധേയരായ എഴുത്തുകാരെക്കുറിച്ചോ രചനകളെ

കുറിച്ചോ ഉള്ള ആധികാരിക റഫറൻസ് ഗ്രന്ഥത്തിന്റെ സ്ഥാനമാണ് ഒരു സാഹിത്യചരിത്രത്തിനു വേണ്ടത്.

## ഗ്രന്ഥസൂചി

1. സാറാജോസഫ്: കുറ്റിപെൻസിൽകൊണ്ടെഴുതിയ ജീവിതകഥകൾക്കൊരാമുഖം, (അവതാരിക) രവീന്ദ്രൻ എൻ.കെ., പെണ്ണെഴുതുന്നജീവിതം, ചിന്തപബ്ലിഷേഴ്സ്, തിരുവനന്തപുരം 2017. പു.21.
2. കേശവൻവെളുത്താട്ട്: മഹിളാളി മഹാസപദാ മണിപ്രവാളത്തിന്റെ സാംസ്കാരികപരിസരം, ശ്രീജിത് എൻ. (ജനറൽ എഡിറ്റർ) കേരള ചരിത്രകോൺഗ്രസ്, പ്രബന്ധങ്ങൾ, സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം, 2014, പു.42
3. ക്ലാസിക്കൽ പദവി ലഭിക്കുന്നതിനായി സമർപ്പിച്ച രേഖ പൂർണരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടില്ലെങ്കിലും മലയാളഭാഷയുടെ ഉല്പത്തി സംബന്ധിച്ച് ഒരു രേഖയിൽ ഉന്നയിച്ച വാദങ്ങൾക്കടിസ്ഥാനമായ തെളിവുകൾ സമിതിയുടെ കൺവീനറായ ഡോ: നടുവട്ടം ഗോപാലകൃഷ്ണന്റെ 'മലയാളം ക്ലാസിക്കൽ ഭാഷ: പഴക്കവും വ്യക്തിത്വവും, ശ്രേഷ്ഠഭാഷ മലയാളം എന്നീ പുസ്തകങ്ങളിൽ നല്കിയിട്ടുണ്ട്.
4. പ്രദീപൻ പാമ്പിരിക്കുന്ന്: 'ജാതിതന്നെ പ്രതി' ബോബി തോമസ് (എഡി.) ദളിത പാതകൾ–ദളിതവാദത്തെപ്പറ്റി ഒരു സംവാദം, സൈൻ ബുക്സ്, തിരുവനന്തപുരം, 2010, പു,127
5. രാജഗോപാലൻ, ഇ.പി., 'ജാതികഥാപാത്രം' അതേ പുസ്തകം പു. 117
6. ദേവിക ജെ., കുലസ്ത്രീയും ചന്തപെണ്ണും ഉണ്ടായതെങ്ങനെ? അഥവാ ആധുനികമലയാള സ്ത്രീയുടെ ചരിത്രത്തിന് ഒരു ആമുഖം, കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, തിരുവനന്തപുരം, 2015, പു. 12.

*ncharidas@gmail.com.*

# ആധുനികതാവാദം സാഹിത്യ ചരിത്രങ്ങളിൽ

ഡോ.എം.ആർ. രാജേഷ്

അസ്സിസ്സൻറ് പ്രൊഫസ്സർ, മലയാളവിഭാഗം, കേരളവർമ്മകോളേജ്

**പ്രബന്ധസംഗ്രഹം**

സാഹിത്യരചനകളെ വേർതിരിച്ചെടുത്ത് കാലക്രമത്തിലാക്കി പല പ്രസ്ഥാനങ്ങളായി കാനോനീകരിച്ച്, ഇസങ്ങളായി അവതരിപ്പിക്കുകയാണ് സാഹിത്യ ചരിത്രങ്ങൾ ചെയ്യുന്നത്. സവിശേഷ പഠന മേഖലയും സങ്കല്പനങ്ങളും സിദ്ധാന്തങ്ങളുമുള്ള വിജ്ഞാന മേഖലയായി ഇത് വികസിക്കുന്നു. സാഹിത്യ ചരിത്രത്തെ ആഖ്യാനമായി കണ്ട് അതിലെ പ്രത്യയശാസ്ത്രഘടകങ്ങളെ സാഹിത്യ ചരിത്ര വിജ്ഞാനീയം പഠന വിധേയമാക്കുന്നു. സാഹിത്യ ചരിത്രങ്ങളെ സാധ്യമാക്കിയ ആധുനികതയെയും കലാ സാഹിത്യ പ്രസ്ഥാനമായ ആധുനികതാ വാദത്തെയും ഈ പ്രബന്ധം വിശകലനം ചെയ്യുന്നു.

***താക്കോൽ വാക്കുകൾ:*** ആധുനികത–ആധുനികതാവാദം–വിജ്ഞാന മേഖല–സാഹിതീയത–അത്യാധുനികർ

സാഹിത്യചരിത്ര ഗ്രന്ഥങ്ങളിൽ ആധുനികതാവാദം (Modernism) എങ്ങനെ അവതരിപ്പിച്ചിരിക്കുന്നുവെന്നതാണ് ഈ പ്രബന്ധം അന്വേഷിക്കുന്നത്. സാഹിത്യരചനകളെ വേർതിരിച്ചെടുത്ത് കാലക്രമത്തിലാക്കി, പല പ്രസ്ഥാനങ്ങളായി, കാനോനീകരിച്ച്, ഇസങ്ങളായി അവതരിപ്പിക്കുകയാണല്ലോ സാഹിത്യചരിത്രങ്ങൾ ചെയ്യുന്നത്. ഉപാദാനവിവരണവും ക്രോഡീകരണവും വിമർശനവുമെല്ലാം ഇതിൽ കാണാം. ഇത്തരത്തിൽ എത്തുമ്പോഴാണ് സവിശേഷ പഠനമേഖലയും സങ്കൽപ്പനങ്ങളും സിദ്ധാന്തങ്ങളുമുള്ള വിജ്ഞാന മേഖലയായി (Discipline) ഇത് വികസിക്കുന്നത്.

സാഹിത്യചരിത്ര വിജ്ഞാനീയം ഇത്തരത്തിലുള്ള ഒരു വിജ്ഞാന മേഖലയാണ്. സാഹിത്യചരിത്ര വിജ്ഞാനീയം സാഹിത്യത്തെക്കുറിച്ചുള്ള അറിവുകളെ സംവാദാത്മകവും വിമർശനാത്മകവുമാക്കുന്നു. "സാഹിത്യച രിത്ര വിജ്ഞാനീയത്തിൻറെ അടിസ്ഥാന ലക്ഷ്യം സാഹിത്യത്തെ പുനർനി ർമ്മിക്കുക എന്നതാണ്. മറ്റെല്ലാ വിജ്ഞാനശാഖകൾക്കും എന്നപോലെ തനതായ പഠനമേഖലയും രീതിശാസ്ത്രവും സിദ്ധാന്തങ്ങളും സാഹിത്യച രിത്രവിജ്ഞാനീയത്തിനും ഉണ്ട്. അതിനുമപ്പുറം സാഹിത്യമെന്ത് എന്ന ചോദ്യത്തിനുള്ള പ്രതികരണമാണ് സാഹിത്യചരിത്ര വിജ്ഞാനീയം. സാഹിത്യത്തെ ധൈഷണികതയുടെ ഭാഗമായിക്കണ്ട് സാഹിത്യവിനി മയത്തെ ധൈഷണിക വ്യാപാരമായി വിവരിക്കാറുണ്ട്. അർത്ഥത്തിലും രൂപത്തിലുമാണ് ഈ സമീപനത്തിൻറെ ഊന്നൽ. സത്യബോധനമെ ന്നതിനേക്കാൾ സൗന്ദര്യബോധനമാണ് ഇവിടെ സാഹിത്യത്തിൻറെ ലക്ഷ്യം. രൂപത്തിനും പ്രചരണത്തിനും ഇക്കൂട്ടർ പ്രാധാന്യം കൽപ്പിക്കുന്നു. സാഹിതീയതയിലൂന്നുന്ന സമീപനം എന്നു വേണമെങ്കിൽ വിളിക്കാം. (സ്കറിയ സക്കറിയ : 2015 : 2803). ഇങ്ങനെ നിരവധി സമീപന രീതികൾ ഈ വിഷയത്തിൽ സ്വീകരിക്കാവുന്നതാണ്. ഇവയെല്ലാം സാഹിത്യത്തിലെ പുതുവഴികൾ നേടാനുള്ള ശ്രമങ്ങളാണ്. സ്വത്വപരിണാമവും അധികാരവും പ്രതിനിധാനവുമെല്ലാം ഇവിടെ വിമർശനവിധേയമാക്കുന്നു.

"സാഹിത്യചരിത്രത്തിൻറെ താത്ത്വികാടിത്തറയെ സംബന്ധിച്ചു മാത്രമല്ല, സാഹിത്യചരിത്ര രചന സാധ്യമാണോ എന്നു തന്നെ സന്ദേഹി ക്കുന്നവരുണ്ട്. സാഹിത്യചരിത്രം എന്ന പേരിൽ പ്രകാശിതമായിട്ടുള്ള രചനകളിൽ ഏറിയ കുറും സമൂഹത്തിൻറെ ചരിത്രമോ, സാഹിത്യകൃതികൾ ആവിഷ്കരിക്കുന്ന ചിന്തയുടെ ചരിത്രമോ ആണ്. അല്ലെങ്കിൽ ഏതാനും സാഹിത്യകൃതികളുടെ വിലയിരുത്തൽ ഏറെക്കുറെ കാലാനുക്രമമായി അവതരിപ്പിക്കുന്നവയാണ്." (രഘുനാഥൻ.ആർ, 1994: 7) ഓരോ സാഹിത്യ ചരിത്രവും ഓരോ ആഖ്യാനങ്ങൾ. അവയ്ക്ക് പല തരത്തിലുള്ള വീക്ഷണങ്ങളും വ്യാഖ്യാനങ്ങളും ഉണ്ടാകാം.

സാഹിത്യം എന്ത്, ഏവ, എങ്ങനെ, രൂപം, ഭാവം, പ്രസ്ഥാനം എന്നി ങ്ങനെയുള്ള നിരവധി ചോദ്യങ്ങളെയാണല്ലോ സാഹിത്യചരിത്രങ്ങൾ പൊതുവേ ആവിഷ്കരിക്കുന്നത്. ഇത് ഒരു തരത്തിലുള്ള ആവിഷ്കരണം മാത്രമാണ്. അതിനാൽ ഓരോ സാഹിത്യചരിത്രവും ഓരോരോ ആവിഷ്കാ രങ്ങളാണ്. സാഹിത്യത്തിലെ പരസ്പര ബന്ധങ്ങളെ വേർതിരിച്ചറിഞ്ഞ്

വിശകലനം ചെയ്യുവാനാണ് സാഹിത്യചരിത്ര വിജ്ഞാനീയം ശ്രമിക്കുന്നത്. രചന, രചയിതാക്കൾ, കാലം എന്നിവയെല്ലാം ഇതിൽ കൂട്ടിയിണക്കപ്പെടുന്നുണ്ട്. ഉപാദാനങ്ങളെ വിവരിച്ച് ചിട്ടപ്പെടുത്തി വിജ്ഞാനമുല്പാദിപ്പിക്കുന്ന ഒരു രീതിയാണ് എല്ലാ സാഹിത്യചരിത്രങ്ങളും ചെയ്യുന്നത്. സാഹിത്യചരിത്രവിജ്ഞാനീയം സാഹിത്യചരിത്രത്തിലെ ഇത്തരത്തിലുള്ള അടുക്കലുകളെ, ഇഴപിരിച്ച് വിശദീകരിക്കുവാനാണ് ശ്രമിക്കുന്നത്.

ചരിത്രം ഒരു ആധുനിക വിജ്ഞാനപദ്ധതിയാണെന്നതുപോലെ തന്നെയാണ് സാഹിത്യചരിത്ര വിജ്ഞാനീയവും. മൗലികത, സമഗ്രത, വസ്തുനിഷ്ഠത തുടങ്ങിയവ ഏതൊരു ആധുനിക ചരിത്രനിർമ്മാണത്തിലും കാണാവുന്നതാണ്. സമൂഹം രേഖീയമായി പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നുള്ള ആധുനികയുക്തി തന്നെയാണ് സാഹിത്യ ചരിത്രനിർമ്മിതിയേയും അടിസ്ഥാനപ്പെടുത്തിയിരുന്നത്. വർത്തമാന സാഹിത്യം 'ശ്രേഷ്ഠ'മാക്കാൻ ഭൂതകാല സാഹിത്യത്തെ വർഗ്ഗീകരിക്കുന്ന രീതിയും ഇവിടെ കാണാം. ഭാവികാലത്തേക്ക് നീളുന്ന സന്ദിഗ്ദതകളും, ചോദ്യങ്ങളും, നിർദ്ദേശങ്ങളും സാഹിത്യചരിത്രങ്ങൾ മുന്നോട്ടു വച്ചു. സാഹിത്യചരിത്രത്തെ ആഖ്യാനമായി കണ്ട് അതിലെ പ്രത്യയശാസ്ത്രഘടകങ്ങളെ സാഹിത്യചരിത്ര വിജ്ഞാനീയം പഠനവിധേയമാക്കുന്നു. സാഹിത്യചരിത്രങ്ങളെ സാധ്യമാക്കിയ ആധുനികതയേയും (Modernity) കലാസാഹിത്യ പ്രസ്ഥാനമായ (ism) ആധുനികതാവാദത്തേയും (Modernism) വിശകലനം ചെയ്യാം.

### ആധുനികതയും ആധുനികതാവാദവും

പരമ്പരാഗത മൂല്യങ്ങൾക്ക് ഏതിരായി നിൽക്കുന്ന പുതിയ മൂല്യങ്ങൾ എന്ന അർത്ഥത്തിൽ സാധാരണയായി ആധുനികത എന്ന പദം ഉപയോഗിക്കുന്നുണ്ട്. പഴയലോക ക്രമത്തിൽ നിന്നുള്ള മാറ്റമായും ഇതു അറിയപ്പെട്ടു. പാരമ്പര്യത്തിനെതിരായി പുതിയ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക ലോകക്രമം രൂപപ്പെട്ടുവരുന്നതാണ് ആധുനികതയെന്നും പറയാം. ആധുനികതയ്ക്ക് വ്യത്യസ്തമാർന്ന നിരവധി വഴികൾ ഉണ്ടായിരുന്നുവെന്ന് കാണാം. പതിനഞ്ച്, പതിനാറ് നൂറ്റാണ്ടുകളിലെ യൂറോപ്യൻ നവോത്ഥാനവുമായി ബന്ധപ്പെട്ട് ആധുനികതയുടെ തുടക്കം പറയാമെങ്കിലും പത്തൊമ്പതാം നൂറ്റാണ്ടുമുതൽക്കാണ് ഇതിനു സ്വീകാര്യത വരുന്നതെന്നു പറയാം. പഴയതിൽ നിന്നും പുതിയതിലേക്കുള്ള മാറ്റമായി സ്വന്തം കാലഘട്ടത്തെ അടയാളപ്പെടുത്താൻ മാറി വരുന്ന സമൂഹങ്ങൾ ഉപയോഗിക്കുന്ന പദമായി ആധുനികതയെ ജൂർഗൻ ഹേബർമാസ് വ്യാഖ്യാനിക്കുന്നു.

“വിദ്യാഭ്യാസത്തിലൂടെയും നാഗരികതയിലൂടെയും വന്നു ചേരുന്ന മാനസിക വൈപുല്യവും, സാംസ്കാരിക ഔന്നിത്യവും, ഹൃദയവിശാലതയും, സാർവ്വലൗകിക വീക്ഷണവും മറ്റുമാണ് ആധുനികതയുടെ ലക്ഷണങ്ങളായി പലപ്പോഴും പറയാറ്. സങ്കുചിതമായ ലിംഗ - ജാതി - മത - വർഗ്ഗ - വർണ്ണ - ദേശ ബോധങ്ങളിൽനിന്നു മനുഷ്യനെ മോചിപ്പിച്ച് ഉദാത്തമായ വിശ്വമാനവ സങ്കല്പത്തിലേക്ക് ഉയർത്തിക്കൊണ്ടുവരിക എന്നതാണ് ആധുനികതയുടെ ആത്യന്തിക ലക്ഷ്യമായി പറയുക”യെന്നാണ് പി.വി.രവീന്ദ്രൻ അഭിപ്രായപ്പെടുന്നത്. (പി.പി.രവീന്ദ്രൻ:2017:25) എന്തായാലും പാരമ്പര്യത്തിൽ നിന്നു വേറിട്ട് നിൽക്കുന്ന പുതിയ മൂല്യങ്ങളും ബന്ധങ്ങളുമാണ് ആധുനികതയുടെ അടിസ്ഥാനമെന്ന് വ്യക്തമാണ്. മനുഷ്യകേന്ദ്രിതമായ ദർശനം, യുക്തിബോധം, നാഗരികചിന്ത, വ്യവസായ സംസ്കാരം, സാർവ്വലൗകീക വീക്ഷണം, ജനാധിപത്യ - മതേതരത്വ ബോധം, മാനവികത, രേഖീയ പുരോഗതി എന്നിവയൊക്കെ ആധുനികതയുടെ അടിസ്ഥാനങ്ങളായി കൂട്ടിചേർക്കുന്നുണ്ട്.

ആധുനികത (Modernity) എന്ന സങ്കല്പനം ചരിത്രപരമായി വ്യത്യസ്ത വിവക്ഷകളിൽ ഉപയോഗിക്കപ്പെട്ടിട്ടുള്ളതാണ്. പതിനേഴാം നൂറ്റാണ്ടോടെ യൂറോപ്പിൽ വികസിക്കുന്ന ജ്ഞാനോദയ കാലഘട്ടത്തോടെയാണ് ആധുനികത രൂപപ്പെട്ടതെന്ന് ഇന്നു പൊതുവെ സ്വീകരിക്കപ്പെടുന്നു. ശാസ്ത്രീയ യുക്തി, വസ്തുനിഷ്ഠത, മാനവികത എന്നിവയിലെല്ലാം അടിസ്ഥാനപ്പെടുത്തികൊണ്ട് വളർന്നു വന്ന ഒരു കാലഘട്ടത്തെയാണ് ആധുനികത എന്നു പറയുന്നത്. ജാതി ജന്മിനാടുവാഴിത്ത കാലഘട്ടത്തിൽ നിന്നും ജനാധിപത്യ മതേതരത്വ സോഷ്യലിസ്റ്റ് വ്യവസായ കാലഘട്ടത്തിലേക്കുള്ള മാറ്റമായാണ് കേരളത്തിൽ ആധുനികത ഇന്നു വിലയിരുത്തപ്പെടുന്നത്. ജാതി വ്യവസ്ഥയിൽ നിന്ന് മുതലാളിത്ത ലോകത്തിലേക്ക് വ്യക്തിയെ വിമോചിപ്പിക്കുവാനുള്ള ശ്രമം ഇവിടെ ഇക്കാലത്ത് നടക്കുന്നു. വ്യക്തിയ്ക്ക് യുക്തിചിന്തയിലൂടെ സമൂഹത്തിലെ അന്ധവിശ്വാസങ്ങളെയും പൗരാണിക മിത്തുകളെയും പൊട്ടിച്ചെറിയാനും വിമർശിക്കുവാനും സാധിക്കുന്നു. കേരളീയ ആധുനികത രൂപപ്പെടുന്നത് പത്തൊമ്പതാം നൂറ്റാണ്ടിൻറെ അവസാനത്തോടെയാണെന്ന് പറയാം. കോളനീകരണം, അച്ചടി, മുതലാളിത്തം, ദേശരാഷ്ട്രം, വ്യവസായം, ശാസ്ത്രീയത എന്നീ നിരവധി ഘടകങ്ങൾ കേരളീയ ആധുനികതയുടെ നിർമ്മിതിയിൽ പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ കീഴാളമായ നിരവധി ജ്ഞാനസങ്കല്പങ്ങൾ കേരളീയ ആധുനികതയെ

വികസിപ്പിച്ചിട്ടുണ്ട്. ചാർവാകമതത്തിൻറെയും, ജൈനബൗദ്ധചിന്തകളു ടേയും, മറ്റു ദ്രാവിഡ വിശ്വാസങ്ങളുടെയുമെല്ലാം ബൗദ്ധികപരിസരത്തിന കത്താണ് കേരളീയ ആധുനികത വികസിച്ചതെന്നു സാരം.

മലയാള സാഹിത്യചരിത്രങ്ങളിൽ ആധുനികത (Modernism), ആധുനികതാവാദം (Modernism) എന്നിവ ധാരാളം ആശയക്കുഴപ്പങ്ങളും തെറ്റിദ്ധാരണകളും ഉണ്ടാക്കും വിധത്തിലാണ് പ്രത്യക്ഷപ്പെട്ടിട്ടുള്ളത്. ആധുനികത എന്നത് കാലഘട്ടത്തെ സൂചിപ്പിക്കുമ്പോൾ ആധുനികതാവാ ദമെന്നത് സാഹിത്യകലാ പ്രവണതകളെ സൂചിപ്പിക്കുന്നത്. ലോകമഹായു ദ്ധാനന്തരമാണ് യൂറോപ്പിൽ കലാസാഹിത്യങ്ങളിൽ ആധുനികതാവാദം പ്രത്യക്ഷപ്പെടുന്നത്. കേരളത്തിൽ അറുപതുകളോടെ ചിത്രകലയിലും കവിതയിലും പിന്നീട് നോവൽ അടക്കമുള്ള മറ്റു സാഹിത്യകലകളിലുമാണ് ആധുനികതാവാദം പ്രത്യക്ഷപ്പെടുന്നത്. നെഹ്റുവിയൻ രാഷ്ട്രപുരോഗതിയി ലുള്ള അവിശ്വാസം, ആധുനിക നഗരവത്കരണം, തൊഴിൽ തേടിയുള്ള പ്ര വാസജീവിതം, അഴിമതിയും ഭരണകൂടപീഡനങ്ങളും, അടിയന്തിരാവസ്ഥ, ഇടതുചിന്തകളിലുണ്ടായ മാറ്റം, ആധുനിക വ്യക്തിത്വത്തിൻറെ ശൈഥില്യം എന്നിവയൊക്കെയാകാം സാഹിത്യത്തിലും കലയിലുമെല്ലാം ആധുനി കതാവാദം രൂപപ്പെടാനുള്ള കാരണം. കൂടാതെ ആധുനികത മുന്നോട്ടു വച്ച ജ്ഞാന സങ്കല്പങ്ങളോടുള്ള വിച്ഛേദം തുടങ്ങുന്നത് ആധുനികതാവാദ കലാസാഹിത്യങ്ങളിലാണെന്നും പറയുന്നുണ്ട്. മലയാള സാഹിത്യചരിത്ര ങ്ങളിൽ ആധുനികതാവാദമെന്ന സങ്കല്പനം എങ്ങനെയാണ് അവതരിപ്പിച്ചി രിക്കുന്നതെന്ന് വിശകലനം ചെയ്യുവാനാണ് ഈ പ്രബന്ധം ശ്രമിക്കുന്നത്.

### ആധുനികതാവാദം സാഹിത്യചരിത്രങ്ങളിൽ

എം.അച്യുതൻ രചിച്ച 'ചെറുകഥ ഇന്നലെ, ഇന്ന്'(1973) എന്ന സാഹിത്യച രിത്രത്തിൻറെ നാലാം ഭാഗത്ത് 'ആധുനികർ', അഞ്ചാം ഭാഗത്ത് 'അത്യാ ധുനികന്മാർ' എന്നിങ്ങനെ തിരിച്ചിട്ടുണ്ട്. ഈ തിരിവുകൾ തന്നെ ഇന്ന് നിലനിൽക്കുന്നതല്ലായെന്ന് അറിയാവുന്നതാണ്. "കഥാസാഹിത്യത്തിൽ ആധുനികതയുടെ ആദ്യഘട്ടം മൂന്നാംതലമുറക്കാരായ പത്മനാഭൻറെയും എം.ടിയുടേയും മറ്റും കഥകളിൽ തുടങ്ങുന്നു. കാക്കനാടൻ തൊട്ടുള്ള നാലാം തലമുറക്കാരിലാണ് ആധുനികതയുടെ ദ്വിതീയഘട്ടത്തിൻറെ വ്യതിരി ക്തധർമ്മങ്ങൾ കാണുന്നത്." (പുറം - 287) ആധുനിക കാലഘട്ടത്തിലെ ആധുനികതാവാദ എഴുത്തുകാരായാണ് കാക്കനാടൻ തൊട്ടിങ്ങോട്ട് ഉള്ള എഴുത്തുകാരെ കാണുന്നത്. ആധുനിക എഴുത്തുകാരെന്ന് ഈ ഗ്രന്ഥത്തിൽ

വിശേഷിപ്പിക്കുന്നത്. ജീവിതം അനുഭവിപ്പിക്കുക, മാനസിക ജീവിതത്തെ എല്ലാ തുടിപ്പുകളോടും കൂടി ആവിഷ്ക്കരിക്കുക എന്നിങ്ങനെയാണ്. ഇവിടെയെല്ലാം ആധുനികതയെ പുതുതാക്കുക, നവീകരിക്കുക എന്ന അർത്ഥമാണ് എം.അച്യുതൻ കൊടുക്കുന്നത്. വേറൊരു ഉദാഹരണം നോക്കുക. “മലയാള ചെറുകഥയെ ആധുനികീകരിച്ച മൂന്നാം തലമുറക്കാരിൽ ആദ്യകഥാകാരൻ ടി.പത്മനാഭനാണ്. ഈ യുവാവ് നമ്മുടെ കഥാസാഹിത്യത്തിൽ പുതിയ പാത വെട്ടിത്തെളിച്ചു. (പുറം-302) പുതിയവഴി തുറക്കുന്നതിനെയാണ് ‘ആധുനികീകരിക്കുക’ എന്നു പറയുന്നത്.

“കാക്കനാടൻ, ഒ.വി.വിജയൻ, സക്കറിയ, എം.പി.നാരായണപിള്ള, എം. മുകുന്ദൻ, സേതു തുടങ്ങിയ നാലാം തലമുറക്കാർ, പത്മനാഭനും എം.ടി.യും മറ്റും കൊണ്ടുവന്നെത്തിച്ചിടത്തു നിന്ന് മലയാള ചെറുകഥാസാഹിത്യത്തിൻറെ വർത്തമാനകാല നിലവാരത്തിലേക്കു നയിച്ചിരിക്കുന്നു... ഈ പുതിയ തലമുറക്കാർ കഥാസാഹിത്യത്തെ അദൃഷ്ടപൂർവ്വങ്ങളായ അനുഭവങ്ങളുടേയും ആശയങ്ങളുടേയും നൂതനോജസ്സു നൽകി ആക്രാമകമായ ഒരു ശക്തിയാക്കി മാറ്റിയിരിക്കുന്നു എന്ന അനുഭവവേദ്യമായ സത്യമാണ് മുഖ്യപ്രമാണം” (പുറം - 373) ഭൂതകാലത്തെ ക്രമബദ്ധമാക്കി അടുക്കിവെച്ച് വർത്തമാനത്തെ പുരോഗതിയുടെ കാലമാക്കി ആഖ്യാനം ചെയ്യുന്ന ചരിത്രരചനാരീതിയാണ് ഇവിടെ കാണുന്നത്. ഈ സാഹിത്യ ചരിത്രമെഴുതിയ കാലഘട്ടത്തിലെ കഥകളെ മഹത്വവൽക്കരിക്കുവാനാണ് ഇവിടെ ‘അത്യാധുനികന്മാർ‘ എന്ന ഭാഗത്ത് ഇത് കൊടുത്തിരിക്കുന്നത്. ഇവരുടെ കഥകളിൽ വൈയക്തികതയുടെ അതിപ്രസരവും സാമൂഹികലക്ഷ്യരാഹിത്യവും ദുർഗ്രഹതയും യൂറോപ്യൻ അസ്തിത്വചിന്തകളുടെ അടിമത്തവും കാണാമെന്നും ഗ്രന്ഥകാരൻ നിരീക്ഷിക്കുന്നു. അത്യാധുനികമാർ ചെറുകഥയിൽ പുതിയരൂപഭാവങ്ങൾ കൊണ്ട് ജനങ്ങളിൽ നിന്ന് ഇത്തരം കഥകൾ അകന്നും മാറുകയാണുണ്ടായതെന്ന് ഗ്രന്ഥകാരൻ ചൂണ്ടികാട്ടുന്നു.

ഡോ.കെ.എം.തരകൻറെ ‘മലയാള നോവൽ സാഹിത്യചരിത്രം’ (1978) എന്ന കൃതിയിൽ ഭാഗം നാലിലാണ് ആധുനികതയെക്കുറിച്ച് പറയുന്നത്. നൂതനവിഭജനക്രമം’ കഴിഞ്ഞിട്ടാണ് ആധുനികതയുടെ സ്വഭാവസവിശേഷതകളെ കുറിച്ച് പറയുന്നത്. എം.ടി. വാസുദേവൻനായർ തുടങ്ങിയുള്ള എഴുത്തുകാരെ കുറിച്ചാണ് ഈ ഭാഗത്ത് വിവരിക്കുന്നത്. അസ്തിത്വവാദമെല്ലാം ഇവിടെ ആധുനികതയുമായി ചേർന്ന് വിവരിക്കുന്നുണ്ട്.

1960കൾ മുതൽ പുതിയൊരു ഘട്ടമാരംഭിക്കുന്നതായിട്ടാണ് നോവൽ സാഹിത്യചരിത്രം പറയുന്നത്. ആധുനികതയുടെ സവിശേഷതകൾ

പ്രകടിപ്പിക്കുന്ന എം.ടി.യുടെ നോവലുകളെ കുറിച്ചു ഇങ്ങനെ പറയുന്നു. “പുതിയ സാമൂഹികദർശനം, പുതിയ കാല്പനികതയുടെ ഗതിവ്യത്യാസം, ശക്തമായ അന്തർമ്മുഖത, നിസ്സംഗതയുടെ നേർത്ത അസിതരേഖകൾ, അവ്യാഖ്യേയമായ ശൂന്യതാബോധം, ആഖ്യാനത്തിൻറെ നൂതനമായ ശൈലി വിശേഷം - എന്നിങ്ങനെ ആധുനികതയുടെ മുഖ്യാംശങ്ങൾ പലതും ധ്വനിപ്പിക്കുന്നതിന് എം.ടി.വാസുദേവൻനായർക്കു സാധിച്ചു (196). ഇവിടെ അറുപതുകളിൽ സാഹിത്യത്തിൽ കടന്നുവരുന്ന ഒന്നായിട്ടാണ് ആധുനികതയെ അവതരിപ്പിക്കുന്നത്. ആധുനികതയെന്നത് പത്തൊമ്പതാം നൂറ്റാണ്ടിൻറെ അവസാനത്തോടെ കേരളത്തിലുണ്ടായ മാറ്റത്തെ കാണിക്കുന്ന ഒന്നായിട്ടാണ് ഇന്നു വിലയിരുത്തുന്നത്. ആധുനികതയെന്നത് പുതിയൊരു കാലഘട്ടമാണ്. ഈ കാലഘട്ടത്തിലാണ് കാല്പനികതാവാദം തുടങ്ങിയ നിരവധി സാഹിത്യബന്ധങ്ങൾ മലയാളത്തിലുണ്ടാകുന്നത്. ആധുനികതയുടെ സവിശേഷതകളായി പറയുന്ന ഇതെല്ലാം പിന്നീട് കെ.പി. അപ്പനെപ്പോലുള്ളവർ ആധുനികതാവാദത്തിൻറെ പ്രത്യേകതകളായും പറഞ്ഞിട്ടുണ്ട്.

“ഇനിയും നമുക്ക് ശ്രദ്ധതിരിക്കേണ്ടത് നമ്മുടെ നോവൽ സാഹിത്യത്തിലെ ഏറ്റവും പുതിയ ചലനങ്ങളിലേക്കാണ്. മലയാളനോവൽസാഹിത്യത്തിലെ അത്യാധുനികതയുടെ പ്രോദ്ഘാടകൻ കാക്കനാടനാണ്.” പുറം (213). ഇവിടെ 1965നു ശേഷമുള്ള കാലഘട്ടമാണ് സൂചിപ്പിക്കുന്നത്. ശൂന്യതാവാദം, അസ്തിത്വചിന്ത, പാരമ്പര്യം, പാരമ്പര്യനിഷേധം എന്നിവയൊക്കെ ഈ പുതിയ നോവലുകളിൽ കാണാമെന്നും വിവരിക്കുന്നുണ്ട്. ആധുനികതയുടെ തികച്ചും ഭാരതീയമായ ഭാവത്തെയാണ് എം.ടി. വാസുദേവൻ നായർ ‘മഞ്ഞിൽ‘ കൂടി പകർത്തുന്നതെന്ന് കെ.എം.തരകൻ പറയുന്നു. ബഷീറും പാരമ്പര്യത്തെ നിഷേധിച്ചിട്ടില്ലായെന്നും പറയുന്നു. “പാരമ്പര്യനിഷ്ഠമായ മൂല്യങ്ങളുടെ പരിതോവസ്ഥയ്ക്കു പകരം അയാൾ തൻറെ കഥയ്ക്കു പുതിയ പരിതോവസ്ഥ സൃഷ്ടിക്കുന്നു. പരിതോവസ്ഥ ജീവിതത്തിൻറെതല്ല; സ്വയം നിർമ്മിച്ച ദർശനത്തിൻറേതാണ്. ഓരോ നോവലിനും അതിൻറേതായ ദാർശനിക പശ്ചാത്തലം നിർമ്മിച്ച് കൃതിയെ അവതരിപ്പിക്കുവാൻ കഴിയുന്നതിലാണ് നോവലിസ്റ്റിൻറെ സർഗ്ഗാത്മകതയുടെ വിജയം സ്ഥിതി ചെയ്യുന്നത്. ഇതത്രേ ആധുനിക സങ്കൽപം”(217) പാരമ്പര്യ നിഷേധം, പുതിയ ദാർശനികത എന്നിവയൊക്കെയാണ് ഇവിടെ ആധുനിക സങ്കല്പമായി പറയുന്നത്. ആധുനികത എന്നതിന് പകരം ഇവിടെ ആധുനികമെന്നാണ്

പറയുന്നത്. പക്ഷേ പറയുന്ന സാഹിത്യകൃതികളും കാലഘട്ടവും അറുപതുകളുടെ അവസാനവുമാണ്.

“ആധുനിക നോവൽ വിമർശനരംഗത്ത് ഏറ്റവുമധികം ചർച്ച ചെയ്യപ്പെട്ട ഒരു കൃതിയാണ് ‘ഖസാക്കിൻറെ ഇതിഹാസം’. ഒരു കൃതിയെ സംബന്ധിച്ചിടത്തോളം ഇതൊരു വലിയ നേട്ടമാകുന്നു. ഇത്രയും വിവാദത്തിനു വക നൽകിയിട്ടുള്ള മറ്റൊരു കഥാഗ്രന്ഥമുണ്ടോ എന്നും സംശയമാണ്. തീർച്ചയായും ഇതൊരു ബഹുമുഖ നിബന്ധമാണ്. വിവിധ തലങ്ങളിൽ ഇതിനെ ആസ്വാദനാപഗ്രഥനവ്യാഖ്യാനങ്ങൾക്ക് വിധേയമാക്കാവുന്നതാണ്. ‘ഖസാക്കിൻറെ ഇതിഹാസം’ ശക്തമായ ആക്ഷേപകൃതിയാണ് (irony). ഇതിൻറെ ഭാവം സന്ദിഗ്ധതയും (ambiguity) ആകുന്നു. തന്മൂലം ഇത് ആധുനികതവുമത്രേ.”(235) ഖസാക്കിൻറെ ഇതിഹാസമെന്ന നോവലിനെ ആധുനികമായിട്ടാണ് ഇവിടെ പറയുന്നത്. ആക്ഷേപ സന്ദിഗ്ധത എന്നിവ ഇതിലുള്ളതുകൊണ്ട് ആധുനികമാകുന്നു. ആധുനികത്തിന് പുതുമ, പുതിയത് എന്നൊക്കെ ഇവിടെ അർത്ഥം കൊടുക്കാം. നോവൽ ചരിത്രത്തിൻറെ പുതിയൊരു കാലത്താണ് നമ്മൾ എത്തി നിൽക്കുന്നതെന്ന ചിന്തയാണ് ഇത്തരത്തിലുള്ള അദ്ധ്യായ വിഭജനം കൊണ്ടും ആധുനികം കൊണ്ടും അർത്ഥമാക്കുന്നത്.

ഡോ.എം. ലീലാവതിയുടെ ‘മലയാള കവിതാസാഹിത്യ ചരിത്രം’ (1980) എന്ന സാഹിത്യചരിത്രത്തിൽ ‘കല്പനികതയുടെ പിൻനിലാവ്: ആധുനികത അനന്തരഗതി’ എന്ന അവസാന ഭാഗം വിശകലനം ചെയ്യാം. കാല്പനികതയ്ക്കു ശേഷം വരുന്ന ഒന്നായിട്ടാണ് ഇവിടെ ആധുനികതയെ പറയുന്നത്. കാല്പനികതയ്ക്കു ശേഷം ആധുനികതാവാദ( Modernism)മാണ് സാഹിത്യത്തിൽ കടന്നുവന്നതെന്ന് ഇന്നെല്ലാവർക്കും അറിയാവുന്നതാണ്. സത്യത്തിൽ ആധുനികത, ആധുനികതാവാദം എന്നീ സങ്കല്പനങ്ങൾ ഇന്നു കാണുന്ന രീതിയിൽ വിശകലനം ചെയ്യപ്പെട്ടു തുടങ്ങിയത് തൊണ്ണൂറുകളിലാണ്. ആധുനികാനന്തര കാലഘട്ടമാണ് യഥാർത്ഥത്തിൽ ആധുനികതയേയും ആധുനികതാവാദത്തേയും നിർവ്വചിച്ചത്. ആധുനികാന്തര കാലഘട്ടത്തിൻറെ നിർമ്മിതിയാണ് ഇന്നു കാണുന്ന ആധുനികതയും ആധുനികതാവാദമെന്നും ചുരുക്കം.

തൊണ്ണൂറുകൾക്കു മുമ്പുവരെ ആധുനികത, ആധുനികം, നവീനത, സമകാലികം എന്നീ വാക്കുകൾ വർത്തമാന കാലത്തിലെ സാഹിത്യത്തിലെയും സംസ്കാരത്തിലെയും പുതുപ്രവണതകളെയും മാറ്റങ്ങളെയും

സൂചിപ്പിക്കുവാൻ ഉപയോഗിച്ചിരുന്നവയാണ്. സച്ചിദാനന്ദൻ, നരേന്ദ്ര പ്രസാദ്, കെ.പി.അപ്പൻ, എ.എം.ഉണ്ണികൃഷ്ണൻ തുടങ്ങിയ അക്കാലത്തെ നിരൂപകരെല്ലാം അറുപതുകൾക്കുശേഷമുള്ള സാഹിത്യഭാവുകത്വത്തെ സൂചിപ്പിക്കുവാൻ ആധുനികത എന്ന വാക്കു തന്നെയാണ് ഉപയോഗിച്ചിരുന്നത്. ഈ കാലഘട്ടത്തിലെഴുതിയ സാഹിത്യ ചരിത്രങ്ങളിലും ആധുനികത എന്ന വാക്ക് പുതുഭാവുകത്വത്തെ സൂചിപ്പിക്കുവാൻ തന്നെയാണ് ഉപയോഗിച്ചിരിക്കുന്നത്. അങ്ങനെ വരുമ്പോൾ ആധുനികതാ വാദമെന്ന വാക്ക് സാഹിത്യചരിത്രങ്ങളിൽ കാണുന്നില്ലായെന്നു പറയാം.

കവിതാസാഹിത്യ ചരിത്രത്തിൽ കവി മാധവൻ അയ്യപ്പത്തിനെ അവതരിപ്പിക്കുന്നത് നോക്കുക."കവിതയിലൊരു നൂതനസരണിയുണ്ടാക്കുകയും പ്രതീക കഥാപാത്രങ്ങൾ, ഇമേജുകൾ, ഉദ്ധാരണങ്ങൾ മുതലായവയെ ധ്വനനമാധ്യമങ്ങളാക്കുന്ന സങ്കേതം പ്രചരിപ്പിക്കുകയും ചെയ്ത അയ്യപ്പത്ത്, ആധുനികതയുടെ അവതാരകനെന്ന നിലയ്ക്ക് സ്മരിക്കപ്പെടുമ്പോൾ തന്നെ, ഊന്നൽ അദ്ദേഹത്തിൻറെ വാസനാസമ്പന്നതയിലായിരിക്കും. (പുറം-371) കവിതയിൽ പുതിയ വഴിയും സാങ്കേതങ്ങളുമുണ്ടാക്കിയതിനാണ് അയ്യപ്പത്തിനെ ആധുനികതയുടെ അവതാരകനായി എം.ലീലാവതി അവതരിപ്പിക്കുന്നത്. ആധുനികതയെപ്പറ്റി മുമ്പേ സൂചിപ്പിച്ച പോലെ ഇവിടെ പുതുമ, നവീനത, മാറ്റം എന്നീ അർത്ഥങ്ങളിലാണ് നിൽക്കുന്നത്. സാഹിത്യചരിത്രവിജ്ഞാനീയം ഇത്തരത്തിലുള്ള ധാരണകളെ ചോദ്യം ചെയ്ത് പുതുക്കുന്നു. സാഹിത്യചരിത്രങ്ങളിൽ നിർമ്മിക്കപ്പെട്ട അറിവുകളെ പുനഃപരിശോധിച്ച് യുക്തിസഹവും കാലാനുസൃതവുമായ തിരുത്തലുകളിലൂടെ സാഹിത്യ ചരിത്രവിജ്ഞാനീയം മുന്നോട്ടുപോകുന്നു.

അയ്യപ്പപണിക്കരെ കുറിച്ച് വിവരിക്കുന്ന ഭാഗത്തിൽ ഇങ്ങനെ പറയുന്നു. "സമൂഹജീവിതത്തിൽ വന്നുചേർന്ന സ്ഥിതി വിപര്യയങ്ങൾക്കൊത്ത് വ്യക്തിത്വത്തിൽ വന്നു ചേർന്ന പരിണാമം മണ്ണെട്ടികളെ ഭേദിക്കാനും സമൂഹത്തോടുള്ള പ്രതിജ്ഞാബദ്ധത രൂക്ഷമായ ആക്ഷേപഹാസ്യത്തിലൂടെ ചീറിക്കുതിച്ചൊഴുകാനും ഇടയാക്കി. അതിനുമുമ്പ് മോഡേണിസ്റ്റുകളുടെ ഭാവങ്ങളായ വിശ്വാസരാഹിത്യം, സംശയഗ്രസ്തത, സർവ്വ നാശാവബോധം, മൃത്യുവാഞ്ച, സർവനാശാവബോധത്തിനു വിരുദ്ധമായ പൂർണതാതൃഷ്ണ, ഇദന്താന്വേഷണം മുതലായവയെല്ലാം വളർന്ന് ഒഴുകി പ്രതിജ്ഞാബദ്ധതാ സങ്കല്പത്തെ മുക്കിയിട്ടു. അതിവർഷത്തിൽ മുങ്ങിയ വയൽ പോലെയായി സ്ഥിതി. (പിന്നീട് സ്ഥിതിവിപര്യായങ്ങളുടെ ഊഷ്മളതയാണ് അവയെ

വറ്റിച്ച സമൂഹത്തോടുള്ള പ്രതിജ്ഞാബദ്ധതയ്ക്ക് ആക്ഷേപഹാസ്യത്തിലൂടെ നാമ്പു നീളുവാനിടവരുത്തിയത്) മോഡേണിസ്റ്റ് ഭാവുകതയ്ക്കനുസരിച്ചുള്ള ധ്വനനശൈലിയുടെ സവിശേഷതകൾ കാവ്യഭാഷയിൽ കലർന്നു കാവ്യഭാഷയിലും കാവ്യ രൂപത്തിലും പ്രകടമായിക്കണ്ട മാറ്റം നീക്കുപോക്കില്ലാതെ ഭാവുകത്വത്തോട് ബന്ധപ്പെട്ടിരുന്നു വെന്നർത്ഥം." (പുറം - 372) മോഡേണിസ്റ്റുകളുടെ ഭാവങ്ങളായി ഇതിൽ പറയുന്നവ പിന്നീട് ആധുനികതാവാദ എഴുത്തുകളിലെ വ്യക്തികളുടെ സ്വഭാവ സവിശേഷതകളായി മാറി. ആധുനികത, ആധുനികർ എന്നിവരെയെല്ലാം ഇവിടെ വിവരിക്കുമ്പോൾ, വർത്തമാനകാലത്ത് ഇതെല്ലാം ആധുനികതാവാദവുമായി ബന്ധപ്പെട്ടാണ് നാം ചർച്ച ചെയ്യുന്നത്. ആധുനികതയും ആധുനികരുമെല്ലാം നാം പത്തൊമ്പതാം നൂറ്റാണ്ടിൻറെ അവസാന കാലത്ത് തുടങ്ങുന്ന ഒന്നായി ഇന്നു മനസ്സിലാക്കുന്നു.

എൻ.എൻ.കക്കാടിനെ 'ഭാരതീയ പാരമ്പര്യത്തിൻറെ കരുത്ത് ഇത്രയേറെ ഉൾക്കൊണ്ട മറ്റൊരാധുനിക കവിയില്ല' എന്നും കടമ്മനിട്ട രാമകൃഷ്ണനെ കുറിച്ചു പറയുമ്പോൾ 'ആധുനികതയുടെ പ്രധാന ഭാവങ്ങളൊക്കെ ഇവിടെയുണ്ട്, എന്നാൽ ഒന്നും തന്നെ വിദേശത്തുനിന്ന് ഇറക്കുമതി ചെയ്തതല്ല' എന്നും പറയുന്നുണ്ട്. ഇവിടെ ആധുനികത പാരമ്പര്യത്തിൻറെ കരുത്തോടുകൂടി വരുന്നതാണെന്നും ഇവിടെ തന്നെയാണുള്ളതെന്നുമാണ് പറഞ്ഞുവരുന്നത്. ആധുനികതയുടെ വൈവിധ്യങ്ങൾ ഡോ.എം.ലീലാവതി ഈ ഭാഗങ്ങളിൽ ഇങ്ങനെയാണ് വിവരിക്കുന്നത്. ഇവിടെയെല്ലാം ഒരു കാര്യം വ്യക്തമാണ്. കലയിലേയും സാഹിത്യത്തിലേയും പുതുപ്രവണതകൾ എന്ന അർത്ഥത്തിലാണ് ആധുനികത ഇവിടെ പ്രയോഗിച്ചിരിക്കുന്നത്. മോഡോ എന്ന ലത്തീൻ പദത്തിൽ നിന്നാണ് മോഡേണിസം എന്ന പദമുണ്ടാകുന്നത്. സമകാലികം എന്ന അർത്ഥമാണ് അതിനുണ്ടായിരുന്നത്. എഴുപതുകൾക്കു ശേഷം പ്രാചീനം/ആധുനികം എന്ന വിരുദ്ധ ദ്വന്ദ്വങ്ങളിലേക്ക് ആധുനികത മാറുകയും ഭാവിയെ സൂചിപ്പിക്കുന്ന ഒന്നായിത്തീരുകയും ചെയ്തു. സാഹിത്യചരിത്രങ്ങൾ പൊതുവെ ഭാവന ചെയ്യുന്നത് ശുഭോദർക്കമുള്ളതും പുരോഗമനപരവുമാണെന്നാണ്. ഏതൊരു ചരിത്രവും വർത്തമാനത്തെ മഹത്വവൽക്കരിക്കുന്ന പ്രക്രിയയാണ്. ഈ സാഹിത്യചരിത്രഗ്രന്ഥവും ഇതു തന്നെയാണ് ചെയ്യുന്നത്. ഭൂതകാലത്തേക്കാൾ ശ്രേഷ്ഠമാണ് വർത്തമാനകാലമെന്ന നിലയിലാണ് ഈ സാഹിത്യചരിത്രകൃതിയും മുന്നോട്ടു പോകുന്നത്. കവിതാ സാഹിത്യചരിത്രത്തിൽ ആധുനികത എന്നു

പറയുന്നതിനെ ഇന്ന് നാം ആധുനികതവാദമായി തിരിച്ചറിയുന്നു. വർത്തമാനകാല ജ്ഞാനപരിസരമാണ് ഇത്തരമൊരു തിരിവ് കൊണ്ടുവരുന്നത്. സാഹിത്യചരിത്ര വിജ്ഞാനീയം സാഹിത്യചരിത്രങ്ങളിലെ ഇത്തരത്തിലുള്ള സങ്കല്പനങ്ങളുള്ള പ്രശ്നവൽകരിക്കുന്ന പ്രക്രിയ കൂടിയാണ്.

ആധുനികതാവാദം എന്ന സങ്കല്പനത്തെ ഓരോ സാഹിത്യചരിത്രങ്ങളും എങ്ങനെ മനസ്സിലാക്കിയെന്നതാണ് ഇവിടെ വിശകലനം ചെയ്തത്. ഓരോ സാഹിത്യ ചരിത്രവും വർത്തമാനത്തിൻറെ സങ്കല്പനങ്ങളുടേയും ചരിത്രമാണ്. ആ സങ്കല്പനങ്ങളുടെ സമകാലിക കാഴ്ചപ്പാടുകളെയാണ് ഇവിടെ വിശകലനം ചെയ്തത്.

## ഗ്രന്ഥസൂചി

1. അച്യുതൻ.എം., 1994, ചെറുകഥ - ഇന്നലെ, ഇന്ന്, നാഷ്ണൽ ബുക്ക് സ്റ്റാൾ, കോട്ടയം, സാഹിത്യ പ്രവർത്തന സഹകരണ സംഘം
2. ഡോ. തരകൻ.കെ.എം, 2005, മലയാള നോവൽ സാഹിത്യ ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ
3. മേരി റീമ, 2015, സാഹിത്യചരിത്രങ്ങളും സ്ത്രീകളും- സിദ്ധാന്തവും പ്രയോഗവും, കേരള ബുക്ക് ട്രസ്റ്റ്, കോഴിക്കോട്.
4. പി.പി.രവീന്ദ്രൻ, 2017, ആധുനികത, ഭൂമി മലയാളം, താക്കോൽ വാക്കുകൾ (എഡി. അജു.കെ.നാരായണൻ) ആലുവ യു സി കോളേജ്, പുറം - 25
5. രാധാകൃഷ്ണൻ ഇളയിടത്ത്, 2015, പൂത പ്രബന്ധം, ഇൻറർസെറ്റ് പബ്ലിക്കേഷൻസ്, കോഴിക്കോട്.
6. രഘുനാഥൻ.ആർ, 1994, സാഹിത്യചരിത്രരചനാ സാമഗ്രികൾ, പി.കെ.പരമേശ്വരൻ നായർ സ്മാരക ട്രസ്റ്റ് (സമ്പാദകർ), 1994, മലയാള സാഹിത്യ ചരിത്രങ്ങൾ, നാഷ്ണൽ ബുക്ക്സ്റ്റാൾ, കോട്ടയം.
7. ഡോ.ലീലാവതി.എം., 2002, മലയാള കവിതാസാഹിത്യ ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.
8. ഡോ. സ്കറിയ സക്കറിയ, 2015 സെപ്തം- ഡിസംബർ, സാഹിത്യചരിത്ര വിജ്ഞാനീയം, മലയാളം റിസേർച്ച് ജേണൽ - സാഹിത്യ ചരിത്ര വിജ്ഞാനീയം-1, എഡി. ഡോ.പി.എസ്.രാധാകൃഷ്ണൻ, ബെഞ്ചമിൻ ബെയ്ലി ഫൗണ്ടേഷൻ, കോട്ടയം, പുറം - 2803

*rajeshmr6@gamail.com*

# പ്രമേയങ്ങൾ, സമാഹാരങ്ങൾ :സാഹിതീയതയുടെചരിത്രവിചാരം

ജിഷ്ണു ആർ.
ഗവേഷകൻ, മദ്രാസ് സർവകലാശാല

പ്രബന്ധ സംഗ്രഹം

ആധുനിക ദേശീയതയുടെ ഭാഗമായി രൂപപ്പെട്ട സാഹിത്യചരിത്രങ്ങൾ സാഹിത്യത്തെയൊരു വ്യവഹാരമാക്കുന്നതിൽ കാര്യമായ പങ്കുവഹിച്ചിട്ടുണ്ട്. സാഹിത്യചരിത്രങ്ങളിലുൾക്കൊള്ളുന്ന പ്രമാണപാഠങ്ങളും വർഗീകരണയുക്തിയും കൃതികളുടെ സ്ഥാനനിർണയനവും എഴുത്താളുടെ പദവിയും സാഹിത്യത്തെ സംബന്ധിക്കുന്ന ചില പൊതുബോധങ്ങൾ നിർമ്മിക്കുന്നുണ്ട്. ഈ പൊതുബോധങ്ങളെ പിൻപറ്റി സാഹിത്യത്തിൽ നിരവധി ആവിഷ്കരണങ്ങളും സമാഹരണങ്ങളും നടന്നിട്ടുണ്ട്. പ്രമേയങ്ങളുടെ അടിസ്ഥാനത്തിൽ ക്രോഡീകരിക്കപ്പെട്ട കാവ്യസമാഹാരത്തെ മുൻനിർത്തിയുള്ള സാഹിത്യ ചരിത്രവിജ്ഞാനീയവിചാരങ്ങൾ സാഹിത്യചരിത്രത്തെ സംബന്ധിച്ചും പ്രസക്തമാണ്. കവിതാസമാഹാരങ്ങൾ ഉൾക്കൊള്ളുന്ന സാഹിതീയ, ചരിത്രാംശങ്ങങ്ങളെ മുൻനിർത്തിയുള്ള ആലോചനകളാണ് ഈ പ്രബന്ധം.

***താക്കോൽ വാക്കുകൾ:*** സാഹിത്യ ചരിത്രം, സാഹിത്യ ചരിത്രവിജ്ഞാനീയം, സമാഹാരങ്ങൾ,

## ആമുഖം

## സാഹിത്യചരിത്രവും ചരിത്രവിജ്ഞാനീയവും

എന്തായിരുന്നു നമ്മൾ? എവിടെയാണ് നമ്മുടെ തുടക്കം? എന്താണ് നമ്മുടെ ഭൂതകാലം? എന്നിവയെല്ലാം ചരിത്രത്തിന്റെ ചോദ്യമാണ്. 'നമ്മൾ' എന്നൊന്ന് സാധ്യമാണോ?എന്താണ് 'നമ്മൾ' എന്ന ഏകകത്തിന്റെ

മാനദണ്ഡം? തുടക്കവും ഒടുക്കവും നിർണയിച്ചതാരാണ്? അറിഞ്ഞതിനപ്പുറമൊരു ഭൂതകാലമില്ലേ? എന്നിങ്ങനെ പോകുന്നു ചരിത്രവിജ്ഞാനീയത്തിന്റെ ചോദ്യങ്ങൾ. ചരിത്രത്തെയും ചരിത്രവിജ്ഞാനീയത്തെയും വേർതിരിച്ചുകാണുവാനും ലളിതമായി പ്രസ്താവിക്കുവാനും ഈ ചോദ്യങ്ങളെ അഭിസംബോധന ചെയ്താൽ മതിയാകും. എന്നാൽ ഇവ ചെന്നെത്തുന്ന ആശയലോകവും സൈദ്ധാന്തികപരിസരവും വിശാലമാണ്. ചരിത്രവിജ്ഞാനീയം മുന്നോട്ടുവെച്ച ഈ ചോദ്യങ്ങളാണ് ദേശ- രാഷ്ട്രങ്ങളുടെ കാലത്ത് സൃഷ്ടിക്കപ്പെട്ട ചരിത്രപാഠങ്ങളെ പലനിലയിൽ സംശയിക്കാൻ കാരണമായത്. ശാസ്ത്രീയവും രീതിശാസ്ത്രബദ്ധവും സമഗ്രവുമായ ചരിത്രനിർമ്മിതി സാധ്യമല്ലെന്ന ആശയം ചരിത്രവിജ്ഞാനീയം മുന്നോട്ടുവെച്ചു. ആത്മനിഷ്ഠവും കർത്തൃത്വപരവുമായ നിരവധി ഘടകങ്ങൾ ചരിത്രത്തിന്റെ തിരഞ്ഞെടുപ്പുകളിൽ ഇടപെടുന്നുണ്ട്. ക്രമികമായ ചരിത്രത്തിന്റെ വിടവുകളെ പൂർത്തീകരിക്കുകയോ, ആദിമധ്യാന്തങ്ങളെ തകിടം മറിക്കുന്നതരത്തിൽ പുതിയ വിശദീകരണങ്ങളും വിശകലനങ്ങളും മുന്നോട്ടുവെയ്ക്കുകയോആണ് ചരിത്രവിജ്ഞാനീയം ചെയ്യുന്നത്. പുതിയൊരു ചരിത്രനിർമ്മിതിയല്ല; നിലനിൽക്കുന്ന ചരിത്ര പാഠങ്ങളെ ജനാധിപത്യവത്കരിക്കുകയെന്നതാണ് ഇതിന്റെ രാഷ്ട്രീയയുക്തി.

ദേശ-രാഷ്ട്രങ്ങളുടെ രൂപീകരണമാണ് ചരിത്ര രചനയുടെ സാധ്യതകളെ വർദ്ധിപ്പിക്കുന്നത്. ദേശീയതയ്ക്ക് അതിന്റെ സാംസ്കാരിക പൈതൃകങ്ങളെ നിർവചിക്കേണ്ടി വരുമ്പോഴാണ് കലാ - സാഹിത്യ ചരിത്രങ്ങൾ രചിക്കപ്പെടുന്നത്. കല, സാഹിത്യം തുടങ്ങിയ വ്യവഹാരങ്ങൾ സാമൂഹികമായ ആധിപത്യത്തിന് ഉപാധിയാണെന്നതാണ് ഇതിനൊരു കാരണം. ഭാഷയ്ക്ക് വ്യാകരണവും നിഘണ്ടുവും പോലെയാണ് സാഹിത്യത്തിന് സാഹിത്യചരിത്രം. അത് സാഹിത്യത്തെ വ്യവസ്ഥപ്പെടുത്തുന്നു. ചരിത്രത്തിൽ കൃതികളുടെ സ്ഥാനനിർണയവും എഴുത്തുകാരന് അതുവഴി ലഭിക്കുന്ന എഴുത്തുപദവിയും സാഹിത്യചരിത്രത്തിന്റെ നിർമ്മിതിയാണ്. സാഹിത്യത്തെ സംബന്ധിക്കുന്ന പ്രമാണ പാഠങ്ങൾ ഇതുവഴി രൂപപ്പെടുന്നു. "സാഹിത്യ കൃതി എഴുതപ്പെട്ട ഭാഷ, ഭാഷയുടെ ചരിത്രം, ഭാഷാശാസ്ത്രപരമായ പ്രത്യേകത എന്നിവ തിരിച്ചറിയുക, വ്യത്യസ്ത സാഹിത്യപഠനങ്ങൾക്കിടയിലെ ബന്ധം വിശദീകരിക്കുക, അതിലൂടെ ചില പാഠങ്ങൾ ആധികാരികമായി സ്വീകരിക്കുകയും നിരസിക്കുകയും ചെയ്യുക കർമപരിധിയിൽ വരുന്ന കൃതികൾ തിരിച്ചറിയാനും മൂല്യനിർണയം ചെയ്യാനുമുള്ള

വിമർശനബോധം നിലനിർത്തുക, സാഹിത്യത്തെ ചരിത്രപരമായ കാഴ്ചപ്പാടിൽ സ്ഥാനപ്പെടുത്തുക, കാലികമായ ആശയങ്ങളുടെ വെളിച്ചത്തിൽ തിരിച്ചറിയുക തുടങ്ങി അനേകം ധർമ്മങ്ങളിലൂടെ രൂപപ്പെടുന്നതാണ് സാഹിത്യചരിത്രത്തിലെ കാനോനകൾ " (പി.എസ്. രാധാകൃഷ്ണൻ:2017:82) എന്ന വിശദീകരണത്തിൽ നിന്നും കനോനുകളുടെ രൂപപ്പെടലുകൾക്കു പിന്നിൽ വൈയക്തികമായ തിരഞ്ഞെടുപ്പുരീതികൾ പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാകുന്നു. 'കൃതിയുടെ സവിശേഷത തിരിച്ചറിയൽ' 'സ്വീകാര-നിരാസങ്ങൾ' 'മൂല്യനിർണയവും വിമർശനവും' എന്നിവയിൽ ചരിത്രാന്വേഷിയുടെ പൊതുബോധം കാനോനുകളെ സ്വാധീനിക്കുന്നു. ചരിത്രമെഴുത്തിലെ ജാതി, മത, വർഗ, ലിംഗ പരിഗണനകളിലൂടെയാണ് ഏതൊരു കൃതിയും സാഹിത്യചരിത്രത്തിൽ അടയാളപ്പെടുത്തപ്പെടുന്നത്. സാഹിത്യചരിത്രങ്ങൾ എഴുത്താളർക്കോ, കൃതിക്കോ നൽകുന്ന സാമൂഹിക-സാംസ്കാരികപദവി ആത്മനിഷ്ഠമാണ്. ഇത്തരം ആലോചനകളിലൂടെ സാഹിത്യ ചരിത്രപാഠത്തെ പ്രശ്നവത്കരിക്കുകയാണ് സാഹിത്യചരിത്ര വിജ്ഞാനീയം ചെയ്യുന്നത്. പ്രതിചരിത്രത്തിന്റെ (Counter History) നിർമ്മാണമല്ല; നിലനിൽക്കുന്ന ചരിത്രത്തിന്റെ പ്രമാണപാഠങ്ങളെ അത് കൂടുതൽ വിശാലമാക്കുന്നു. "ഭൂതകാല സംഭവങ്ങളെയും അവയുടെ പ്രതിനിധാനത്തെയും ഒരേ വാക്കുകൊണ്ട് മനസ്സിലാക്കുകയെന്നത് ചരിത്രമെന്ന പദത്തിന്റെ പരിമിതിയാണ്, അഥവാ ചരിത്രം ഭൂതകാലസംഭവങ്ങളും ഈ സംഭവങ്ങളെക്കുറിച്ചുള്ള ചരിത്രമെഴുത്തിന്റെ വിവരണവുമാണ്" എന്ന നിരീക്ഷണം അവീസ് ടക്കർ (2009:2) നടത്തുന്നുണ്ട്. ഈ പരിമിതിയെ മറികടക്കുകയെന്നതുകൂടിയാണ് ചരിത്ര വിജ്ഞാനീയത്തിന്റെ അന്വേഷണമേഖല. ചരിത്രപാഠത്തിലൂടെ വിശദീകരിക്കപ്പെട്ട ഭൂതകാല സംഭവത്തെ മറ്റൊരു വീക്ഷണകോണിലൂടെ കാണാൻ അത് പ്രേരിപ്പിക്കുന്നു. അതൊരു ചരിത്രനിരാസമല്ല.

മലയാളത്തിൽ എഴുതപ്പെട്ട സാഹിത്യ ചരിത്ര ഗ്രന്ഥങ്ങളല്ല, മറിച്ച് സാഹിത്യ ചരിത്രപാഠത്തെ വിപുലീകരിക്കാനുതകുന്ന ചില ഗ്രന്ഥങ്ങളെയാണ് ഈ പഠനം ആധാരമാക്കുന്നത്. സാഹിതീയമായ പ്രമേയങ്ങളുടെ അടിസ്ഥാനത്തിൽ സമാഹരിക്കപ്പെട്ട കവിതാ പുസ്തകങ്ങളാണവ. വി. ആർ. സുധീഷ്(1993) എഡിറ്റ് ചെയ്ത 'മലയാളത്തിന്റെ പ്രണയകവിതകൾ', കെ.ജി. ശങ്കരപ്പിള്ള (1994) എഡിറ്റ് ചെയ്ത 'പെൺ വഴികൾ', ഒ.കെ. സന്തോഷ് എഡിറ്റ് ചെയ്ത 'കാതൽ' എന്നിവയാണവ. ചരിത്ര വിജ്ഞാനീയത്തിന്റെ

അന്വേഷണത്തിൽനിന്നും രൂപപ്പെട്ട ചരിത്ര വിജ്ഞാനീയ ആഖ്യാനങ്ങളെന്ന (Historiographic Narratives) നിലയിൽ ഈ സമാഹാരങ്ങൾക്കുപിന്നിൽ പ്രവർത്തിച്ച ക്രോഡീകരണ യുക്തിയെ രാഷ്ട്രീയമായി വിശകലനം ചെയ്യുകയാണ് പഠനം.

ഒന്ന്

മനുഷ്യധൈഷണികതയുടെ പ്രവർത്തനങ്ങളിലൊന്നാണ് വർഗീകരണം. കാര്യങ്ങളെ മനസ്സിലാക്കാനും ആവിഷ്കരിക്കാനും വർഗീകരണയുക്തി ഉപയോഗിക്കുന്നുണ്ട്. സാഹിത്യത്തെ സംബന്ധിച്ചും ഈ വർഗീകരണം പ്രസക്തമാണ്. ആധുനികതയുടെ വർഗീകരണരീതിയിലാണ് സാഹിത്യകൃതികളെ സാഹിത്യ ചരിത്രങ്ങൾ സ്ഥാനപ്പെടുത്തുന്നത്. പ്രമേയപരമോ മാനുഷികമോ ആയ വർഗീകരണത്തിലേക്ക് സാഹിത്യകൃതിയെ ചേർത്തുവെച്ച് വിശകലനം ചെയ്യുകയാണിവ. പുതിയ കൃതിയെ സമീപിക്കുമ്പോൾ രൂപപരമായോ ഭാഷാപരമായോ അത് ഏത് സാഹിത്യ ഗണത്തിൽപ്പെടുന്നു, ഏത് പ്രമേയത്തെ സംവേദനം ചെയ്യുന്നു എന്നിവയുടെ അടിസ്ഥാനത്തിലാണ് സഹിത്യചരിത്രം അതിനെ അഭിസംബോധന ചെയ്യുന്നത്. കൃതിയുടെ സാഹിതീയതയെ നിർണയിച്ച സൗന്ദര്യശാസ്ത്രം, ഭാഷ, ഘടന, പ്രമേയം എന്നിവയെയൊക്കെ ഭാവുകത്വവുമായി ചേർത്തുവെച്ചാണ് ഈ വർഗീകരണം നടത്തുന്നത്.

'പ്രണയം' സാഹിത്യത്തിന് എല്ലാ കാലത്തും പ്രചോദനമായ പ്രമേയമാണ്.സാമൂഹിക മായതോ ഭാവുകത്വപരമായതോ ആയിട്ടുള്ള വ്യത്യാസങ്ങളുണ്ടെങ്കിലും പ്രണയകവിതകൾ സാഹിത്യത്തിന്റെ ഭൂതകാലങ്ങളിലെവിടെനിന്നും കണ്ടെടുക്കാവുന്നതാണ്. 'മലയാളത്തിന്റെ പ്രണയകവിതകൾ' എന്ന സമാഹാരം മൾബറിക്കുവേണ്ടി വി.ആർ.സുധീഷാണ് എഡിറ്റ് ചെയ്തത്. പ്രമേയത്തിന്റെ ആവിഷ്കാര സാധ്യതകൾ നിരവധിയാണെങ്കിലും തിരഞ്ഞെടുപ്പുകളും സമാഹരണയുക്തിയും ആത്മനിഷ്ഠമാണ്. 'മലയാളത്തിലെ' എന്ന ശീർഷകസൂചന ഏതെങ്കിലും കാലഘട്ടത്തിന്റേതല്ലെന്നും ഭാഷയിലെ എല്ലാത്തിനെയും ഉൾക്കൊള്ളുന്നുവെന്നുമാണ്.മലയാളത്തിലെ എല്ലാ പ്രണയകവിതയും സമാഹരിക്കുകയും എളുപ്പമല്ല. ഇവിടെയാണ് ഭാവുകത്വചരിത്രത്തിന്റെയും എഴുത്തുപദവിയുടെയും രീതികൾ തിരഞ്ഞെടുപ്പിനായി സഹായകമാവുന്നത്, അഥവാ സാഹിത്യചരിത്രത്തെ സമാഹരണയുക്തി ഉപയോഗപ്പെടുത്തുന്നത്.

പ്രമേയത്തെ മുൻനിർത്തി ചരിത്രപരമായ തിരഞ്ഞെടുപ്പുകൾ നടത്തുന്നു എന്നതാണ് സാഹിത്യസമാഹാരത്തെ ചരിത്രപരമായി സമീപിക്കുന്നതിലുള്ള യുക്തി. കാലത്തെ സംബന്ധിച്ച് ചരിത്രം നിർമ്മിച്ച ക്രമികബോധം ഈ തിരഞ്ഞെടുപ്പുകൾ പിന്തുടരുന്നു. അതിനാൽ ആശാനുമുന്നേ കുഞ്ഞിരാമൻ നായരോ വള്ളത്തോളിനുമുന്നേ ചങ്ങമ്പുഴയോ വൈലോപ്പിള്ളിക്ക് മുന്നേ കെ ജി എസ്സോ സച്ചിദാനന്ദനോ കടന്നു വരരുതെന്ന ചരിത്രത്തിന്റെ മുൻഗണനാക്രമം ഈ സമാഹാരം പിന്തുടരുന്നുണ്ട്. കൈകാര്യം ചെയ്യുന്നത് ഒരൊറ്റ പ്രമേയമാണെങ്കിലും ഭാവുകത്വപരമായി സാഹിത്യചരിത്രങ്ങൾ എഴുത്തുകാരന് നൽകിയ പദവി ലംഘിക്കാൻ ഈ സമാഹാരത്തിന് സാധിക്കുന്നില്ല.

'മലയാളത്തിലെ പ്രണയകവിതകൾ' എന്ന സമാഹാരം മനുഷ്യന്റെ അനുഭൂതി ചരിത്രമാണ്.പ്രണയമെന്നത് തികച്ചും വ്യക്തിപരമായ അനുഭവലോകമാണ്. ഈ അനുഭവത്തെ ചരിത്രപരമായി ക്രോഡീകരിക്കുമ്പോൾ രാഷ്ട്രീയമായ ജാഗ്രത അനിവാര്യമാണ്. എന്നാൽ പ്രണയത്തിന്റെ വിശുദ്ധിയെ കണ്ടെടുക്കാനുള്ള ശ്രമമാണ് ഈ സമാഹാരം നടത്തുന്നത്. "പോയി മറഞ്ഞതിനെ ചൊല്ലിയുള്ള ആകുലതകൾക്ക് ശരിയായ രൂപം നൽകാൻ കഴിയാത്ത പ്രതിസന്ധി പുതിയ കലയിലുണ്ട്'' (വി.ആർ.സുധീഷ്:1993:12) എന്ന് കവിതയെപ്പോലും ഈ വിശുദ്ധി പ്രതിസ്ഥാനത്ത് നിർത്തുന്നു. "ചിങ്ങവെയിലിലും ആതിര നിലാവിലും പാവുമുണ്ടുടുത്ത് നീൾക്കണ്ണെഴുതി നിന്ന ഗ്രാമീണ കന്യകയെ ആപാദചൂഡം പ്രണയം കൊണ്ട് അർച്ചിച്ച കാമുകനും പുതിയ തലമുറയ്ക്ക് അന്യമായി കഴിഞ്ഞു. എരിഞ്ഞും പുകഞ്ഞും മധുരിച്ചും നിന്ന പ്രണയം ഇടപ്പള്ളിക്കവികളിൽ നിന്ന് ആവോളം നുകർന്നിട്ടിട്ടുണ്ട് ഒരു തലമുറ. പുതിയ രൂപങ്ങളിൽ പിന്നെ പി. കുഞ്ഞിരാമൻ നായരും പി. ഭാസ്കരനും അതിനെ വാർത്തു. വർത്തമാനകാലത്തിൽ കവിതയിൽ ഡി വിനയചന്ദ്രനിലും ബാലചന്ദൻ ചുള്ളിക്കാടിലുമാണ് അതിന്റെ ജ്വാലാമുഖങ്ങളുള്ളത്" (വി.ആർ. സുധീഷ്:1993:12). "കാവും കുറുമ്പിപ്പയ്യും പൂക്കൊന്നയും തോട്ടും പുഴയും പാടവും നാടൻപാട്ടും കരിക്കും കർഷകരും നിറഞ്ഞ കുഞ്ഞിരാമൻ നായരുടെ ഒരു പ്രണയകവിതക്ക് ഈ നഗരകാന്താരത്തിൽ എവിടെയാണിടം" (വി. ആർ. സുധീഷ്:1993:16) ഇവിടെ സമാഹരിക്കപ്പെട്ട കവിതകളുടെ ഭാവുകത്വം വ്യക്തമാവുകയാണ്. കാല്പനികവും സവർണാധീശബോധമുൾച്ചേർന്നതുമാണ് ഈ ഭാവുകത്വം. മലയാളഭാവനയിലെ പ്രണയം കാല്പനിക വിശുദ്ധിയിൽ

ഏകശിലാത്മകമായി നിർമ്മിച്ചെടുത്തതല്ല. പ്രണയാനുഭവത്തിന് സാംസ്കാരിക-സാമൂഹിക തലങ്ങളിലുണ്ടായ മാറ്റം ഇത് വ്യക്തമാക്കിത്തരുന്നു. ഈ ഭാവതലത്തെ നിഷേധിച്ചുകൊണ്ടാണ് മലയാളത്തിന്റെ പ്രണയകവിതകൾ സമാഹരിക്കപ്പെട്ടിട്ടുള്ളത്.

പ്രണയത്തെ സംബന്ധിക്കുന്ന സവർണപുരുഷന്റെ അതിഭാവുകത്വമാണ് ഈ സമാഹാരത്തിന്റെ അനുബന്ധത്തിൽ ചേർത്ത കവിതാഭാഗങ്ങളിൽനിന്ന് വ്യക്തമാകുന്നത്. ആശാനിൽ തുടങ്ങി കെ. ജി. ശങ്കരപ്പിള്ളയിൽ അവസാനിക്കുന്നതാണ് ഇതിലെ കവിതാഭാഗങ്ങൾ.

“ഏതുമേ നോവിക്കയില്ലയെൻ സ്പർശന-
മേതും കറുപ്പിക്കയില്ലയെൻ ചുംബനം,
പുണ്യമേ വേണ്ടാ, തൊടേണ്ടയിവനൊന്നു
കണ്ണുനിറയവെ കണ്ടാൽപ്പോരും”*

എന്നും

“അങ്ങുണ്ടെന്നൊരു കഥ, വല്ല ഭാഷയിലുമി-
ങ്ങറിഞ്ഞാൽ മതി, യെനിക്കതുതാൻ പ്രതിപ്രേമം”

എന്നും എഴുതുന്ന കുഞ്ഞിരാമൻ നായർക്ക് കൂടുതൽ പ്രാധാന്യം ലഭിക്കുകയും

“ഓരോ ആലിംഗനവും ഓരോ പൂർണതയാണ്
പൂർത്തിയായ കൊത്തുപണിയാണ്”*

എന്നെഴുതിയ മാധവിക്കുട്ടി പ്രാതിനിധ്യത്തിൽ ചുരുങ്ങിപ്പോവുകയും ചെയ്യുന്ന, ശരീരമുക്തമായ, രതിമുക്തമായ പ്രണയത്തിന്റെ ആത്മീയഭാവനയാണിവിടെ സമാഹരിക്കപ്പെട്ടത്.

**രണ്ട്**

ആധുനികത നിർമ്മിച്ച സാഹിത്യ ചരിത്രങ്ങളെ സംശയിക്കുകയാണ് ഉത്തരാധുനിക ചരിത്ര വിജ്ഞാനീയ സമീപനങ്ങൾ. മലയാളഭാവനയുടെ ഭൂതകാലങ്ങളിൽ പരിഗണിക്കപ്പെടാതെപോയ നിരവധി എഴുത്തുകളിലൂടെ ആധുനിക സാഹിത്യ ചരിത്രത്തെ അവ വിചാരണ ചെയ്തു. ഉത്തരാധുനികതയുടെ സൂക്ഷ്മ രാഷ്ട്രീയകാഴ്ചപ്പാടുകളെ മുൻനിർത്തി സാഹിത്യ ചരിത്രങ്ങൾ പുനർവായിക്കപ്പെട്ടു. ജാതി, വർഗ, ലിംഗ പദവികളുടെ പേരിൽ പരിഗണിക്കപ്പെടാതെപോയ സ്ത്രീ-ദിളത്പക്ഷ രചനകളെ ചരിത്രത്തിൽ നിന്ന് കണ്ടെടുക്കുകയെന്നതായിരുന്നു ഈ രാഷ്ട്രീയം. ആധുനികനായ സവർണ

* മലയാളത്തിന്റെ പ്രണയകവിതകൾ എന്ന സമാഹാരത്തിന്റെ അനുബന്ധത്തിൽ നൽകിയ വരികളാണ് ഇവിടെ ചേർത്തിരിക്കുന്നവയെല്ലാം.

പുരുഷനാണ് ചരിത്രത്തിന്റെ ആഖ്യാതാവെന്നും, ആ കാഴ്ചപ്പാടിലെഴുതിയ ചരിത്രം പൂർണമല്ലെന്നും, വൈവിധ്യങ്ങളെ ആവിഷ്കരിക്കാൻ പര്യാപ്തമായ പുതിയ ആലോചനകൾ അനിവാര്യമാണെന്നും സമർത്ഥിക്കാൻ സാഹിത്യ ചരിത്രവിജ്ഞാനീയത്തിന് സാധിച്ചു.

സ്ത്രീപക്ഷ കവിതകളെ 'പെൺവഴികൾ' എന്ന പേരിൽ കെ.ജി. ശങ്കരപ്പിള്ള (1994) സമാഹരിക്കുന്നുണ്ട്. അതിനെഴുതിയ ആമുഖത്തിൽ അദ്ദേഹം ഇങ്ങനെ പ്രസ്താവിക്കുന്നു "അവയുടെ (ജനകീയ പ്രസ്ഥാനങ്ങൾ) പൂർവ നിർവചിതമായ ഇടങ്ങൾക്കും ഇടുക്കങ്ങൾക്കും വെളിയിൽ സ്ത്രൈണാനുഭവത്തിന്റെയും നീതിയുടെയും ആഴവും വിസ്തൃതിയും തേടുന്ന കവിതകളാണ് സ്ത്രീപക്ഷ കവിതകൾ. ആ നിലയ്ക്ക് അവ നമ്മുടെ സംസ്കാരത്തിന്റെ അനുഭൂതിപരവും ദർശനപരവുമായ ഒരു പുതിയ സ്ഥലം സൃഷ്ടിക്കുന്നു" (കെ.ജി.ശങ്കരപ്പിള്ള:1994:7) യാഥാസ്ഥിതികതയെ നിരസിച്ചുകൊണ്ട് ചരിത്രത്തിൽ ഒരു പുതിയ ഇടം തന്നെയാണ് ഈ സമാഹാരം തേടുന്നത്. മറ്റൊരർത്ഥത്തിൽ ചരിത്രപരമായി തുടർന്ന നീതിനിഷേധങ്ങളാണ് സ്ത്രീ എഴുത്തുകളെ പുതിയ ആലോചനകളിലേക്ക് നയിച്ചത്. പുരുഷഭാവനയിലെ സാമ്പ്രദായിക പെണ്ണല്ല, കാവ്യചരിത്രവും സംസ്കാരചരിത്രവും ഒരുപോലെ അരികുവത്കരിച്ച സ്ത്രീയാണ് സമാഹാരത്തിലെ വിഷയിയാവുന്നത്.

സാഹിത്യചരിത്രം തുടർന്നുപോന്ന ഘട്ടവിഭജനത്തെ അതുപോലെ പിന്തുടരുന്നില്ലെങ്കിലും കാലഗണനയുടെ ക്രമം സമാഹാരം പാലിക്കുന്നുണ്ട്. എന്നാൽ പുസ്തകം വിഭാവനം ചെയ്ത രാഷ്ട്രീയയുക്തിയെ സൂക്ഷ്മമായി നിഷേധിക്കുന്ന വർഗ്ഗീകരണയുക്തി ഈ സമാഹാരത്തിനുണ്ട്. "പെണ്മ, തുണ, അയൽ, വിചാരം എന്നിങ്ങനെ നാലുഭാഗങ്ങളാണ് ഈ സമാഹാരത്തിനുള്ളത്.പെണ്മയിലും തുണയിലും മലയാളത്തിലെ സ്ത്രീപക്ഷ കവിതകളും, അയയിൽ തമിഴ്, കന്നഡ, തെലുങ്ക് തുടങ്ങിയ ഭാഷയിലെ സമകാലിക സ്ത്രീപക്ഷ കവിതകളും വിചാരത്തിൽ ശ്രദ്ധേയമായ സ്ത്രീപക്ഷചിന്തകളിൽനിന്ന് താത്വിക പ്രസക്തിയുള്ള ഭാഗങ്ങളും ചേർത്തിരിക്കുന്നു" (കെ.ജി. ശങ്കരപ്പിള്ള:1994:9) ഇതാണ് വർഗീകരണത്തെക്കുറിച്ച് എഡിറ്ററുടെ കുറിപ്പ്. പെണ്മയിൽ ബാലാമണിയമ്മ മുതൽ വി.കെ ഹേമ വരെയുള്ള എഴുത്തുകളും തുണയിൽ ആശാൻ മുതൽ പേരറിയാത്ത ആൺ കവികളുടെ രചനകളും ഉൾപ്പെടുത്തിയിരിക്കുന്നു. സങ്കല്പനപരമായി ഒരു കുടുംബഘടന ഈ വിഭജനത്തിനുണ്ട്. പെണ്ണുങ്ങളെഴുതുന്നത് പെൺമയും ആണുങ്ങൾ സ്ത്രീപക്ഷ രചനകൾ നടത്തുന്നത് തുണയും മറ്റുഭാഷയിലെ

എഴുത്ത് അയൽപക്കമാകുന്നതും ഭേദിക്കാൻ കഴിയാത്ത കുടുംബഘടനയുടെ സാദൃശ്യവത്കരണമാണ്.

ഡി. സി. ബുക്സ് പ്രസിദ്ധീകരിച്ച 'ദലിതം' പരമ്പരയ്ക്കുവേണ്ടി മലയാളത്തിലെ ദളിത് കവിതകളുടെ സമാഹാരം ഒ.കെ. സന്തോഷ് (2012) എഡിറ്റ് ചെയ്യുകയുണ്ടായി. സൂക്ഷ്മമായ ചരിത്രാവബോധവും ചരിത്രവിജ്ഞാനീയത്തിന്റെ രാഷ്ട്രീയ നിലപാടുകളും ഈ സമാഹാരത്തിന്റെ സവിശേഷതയാണ്. ആധുനികപൂർവ്വഘട്ടം, ആധുനികഘട്ടം, ആധുനികോത്തരഘട്ടം എന്നിങ്ങനെ സാഹിത്യചരിത്രത്തിന്റെ ഘട്ട വിഭജനയുക്തി പിന്തുടരുന്നുണ്ടെങ്കിലും നിലനിൽക്കുന്ന സാഹിത്യചരിത്ര സമീപനത്തോട് വിയോജിച്ചും ബഹുത്വത്തെയുൾക്കൊണ്ടുമാണ് ഈ സമാഹരണം സാധ്യമാകുന്നത്. "ഭാവുകത്വപരമായും പ്രതിനിധാനപരമായും സമകാലീനതയിൽനിന്നും വ്യത്യസ്തമായ പരിഗണനകൾ ദളിത് കവിതകൾക്ക് ആവശ്യമുണ്ട്. അതാതുകാലത്തെ പ്രബലധാരകളോട് സംവാദാത്മകത സൃഷ്ടിച്ചുകൊണ്ടാണ് അത് വികസിച്ചത്. അതുകൊണ്ടുതന്നെ മലയാളകവിതയുടെ ഒരു സമാന്തരഭൂപടംതന്നെയായിരിക്കും ഇവയുടെ സമാഹരണത്തിലൂടെ നിർമ്മിക്കപ്പെടുന്നത്". (ഓ. കെ. സന്തോഷ്: 2012: 9) ആധുനികപൂർവ, ആധുനികഘട്ടങ്ങളിലുണ്ടായ ദളിത് എഴുപതുകളോട് അതിന്റെ സൂക്ഷ്മതലത്തിൽനിന്ന് വിയോജിക്കാൻ ഈ സമാഹാരം ശ്രമിക്കുന്നു. വിശാലമാനവികതയിലേക്ക് ദളിത് സ്വത്വത്തെ വിമോചിപ്പിക്കാൻ ഉതകുന്നതരത്തിലുള്ള ആത്മാവിഷ്കാരങ്ങളായിരുന്നു ഇക്കാലത്തുണ്ടായിരുന്നത്. ഈ വിശാലമാനവികതതന്നെ ദളിത് എഴുത്തുകളെ സംബന്ധിച്ച് പ്രശ്നവത്കരിക്കപ്പെടേണ്ടതാണെന്ന ബോധ്യം സമാഹാരം മുന്നോട്ട് വെക്കുന്നു. 'പെൺവഴികൾ' സൂക്ഷിക്കുന്നതരത്തിൽ ഒരു 'തുണ' സാഹിത്യചരിത്രത്തിൽനിന്ന് കണ്ടെടുക്കാൻ ഈ സമാഹാരം ശ്രമിക്കുന്നില്ല. ദളിത് അനുഭവലോകത്തെ വിഷയമാക്കിയ കവിതകളുടെ പരിമിതിയെ സൂചിപ്പിക്കുന്ന സമയത്ത്, വിഷയസ്ഥാനത്തുനിന്ന് വിഷയീസ്ഥാനത്തേക്ക് മാറാൻ കവിതകൾക്ക് സാധിക്കുന്നില്ലെന്ന പരിമിതിയാണ് 'തുണകൾ' ഇല്ലാതെ പോയതെന്ന് വൈലോപ്പിള്ളിയുടെയും ഇടശ്ശേരിയുടെയും സച്ചിദാനന്ദന്റെയും കവിതകളെ മുൻനിർത്തി വിശദമാക്കുന്നു.

സാഹിത്യചരിത്രമാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി അടഞ്ഞ മൂല്യവിചാരമോ സ്വീകരണ-തിരസ്കരണങ്ങളോ ഈ സമാഹാരം സൂക്ഷിക്കുന്നില്ല. എന്നാൽ വിശാലമായ ഉൾക്കാഴ്ചയോടെ ദളിത് എഴുത്തിന്റെ

February, 2020 മലയാളപ്പച്ച
Volume 01 : No. 10 *malayala pachcha*

സംവേദനത്വത്തെ അന്വേഷണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്താനും പാഠ-പാഠാന്തര ബന്ധങ്ങളിലേക്ക് വായനക്കാരനുള്ള ഇടം തുറന്നുകൊടുക്കാനും ഈ സമാഹാരം ശ്രമിക്കുന്നു. ദളിത് എഴുത്തിന്റെ പ്രമാണപാഠങ്ങളെ സൃഷ്ടിക്കാനുള്ള ശ്രമമല്ല മറിച്ച് വൈവിധ്യങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ്. "വികേന്ദ്രീകൃത ഭാവുകത്വം ഏകീകൃത ലോകബോധത്തെ റദ്ദുചെയ്യുന്ന വൈവിധ്യങ്ങൾക്ക് സ്വയംപ്രകാശിപ്പിക്കാൻ കഴിയുന്ന ഇടവും ഇടപെടലും യാഥാർഥ്യമാകുമ്പോൾ മാത്രമേ പ്രത്യാശാനിർഭരമായ ഒരു ലോകം ഭാവന ചെയ്യാനാകൂ. അവിടേക്ക് ഇടറാത്ത ഒരു ചുവടുകൂടിവെക്കാൻ കഴിയുന്നു എന്നതിന്റെ തെളിവുകൂടിയാണ് മലയാളത്തിലെ ദളിത് കവിതകൾ" (ഒ.കെ. സന്തോഷ്: 2012: 20) ഏകീകൃത ലോകബോധങ്ങളിലൂടെ തീർപ്പുകൾ കല്പിച്ച ആധുനിക ചരിത്രപാഠങ്ങളുടെ വിമർശനമാണ് ഈ സമാഹാരത്തിന്റെ യുക്തി.

### മൂന്ന്

ആത്മനിഷ്ഠതയുടെ ചരിത്രപ്രതിസന്ധികളെ തകിടം മറിച്ചുകൊണ്ടാണ് ചരിത്രവിജ്ഞാനീയം മുന്നോട്ടുവന്നത്. സർഗാത്മകതയെന്നത് ഒരു രേഖീയയുക്തിയിലും അടയാളപ്പെടുത്താനാവാത്ത, ഏതൊരു സാമൂഹിക സാംസ്കാരികാനുഭവത്തിലും സൗന്ദര്യദർശനം സാധിക്കുന്ന വിഭിന്നതയുടെ ലോകമാണ്. "രൂപപ്പെട്ട വർഗ്ഗീകരണത്തിലൂന്നിയ ഏതു സാഹിത്യചരിത്രവും മൃതശരീരങ്ങളുടെ മ്യൂസിയം മാത്രമാണ്.അതുകൊണ്ടാണ് അനേകം സാഹിത്യചരിത്രങ്ങളുണ്ടാവേണ്ടതിന്റെ അനിവാര്യതയുണ്ടാകുന്നത് " (സന്തോഷ് മാനിച്ചേരി: 2019: 41). ഈ മൃതശരീരങ്ങളുടെ മ്യൂസിയം വിട്ട് സാഹിത്യം വ്യത്യസ്ത ജീവിതങ്ങളെക്കുറിച്ച് സംസാരിക്കാൻ തുടങ്ങിയിരിക്കുന്നു. കള്ളികളിലോ പ്രമാണങ്ങളിലോ ഒതുങ്ങാത്ത ചലനാത്മകത പ്രകടിപ്പിക്കാൻ തുടങ്ങിയിരിക്കുന്നു. ചരിത്രത്തിന്റെ ക്രമയുക്തിയിലല്ല, പൊടുന്നനെ പൊട്ടിച്ചിതറുന്ന സർഗ്ഗഭാവനയിലാണ് പുതിയലോകം. ചരിത്രവത്കരിക്കുക എന്ന പ്രക്രിയ ഏതൊരു പാഠത്തെ സംബന്ധിച്ചും അതിന്റെ ക്രമത്തെ സംബന്ധിച്ചും പുതിയ ഉൾക്കാഴ്ച നൽകുന്നു. അത് പുതുമയുടെയും വൈവിധ്യത്തിന്റെയും ഇടങ്ങൾ സൃഷ്ടിക്കുന്നു. സൗന്ദര്യശാസ്ത്രപരമോ സാഹിതീയമോ ആയ തീർപ്പുകൾക്ക് ഇനി പ്രസക്തി ഇല്ല .

നാല്

നിശ്ചിതമായ സ്വഭാവത്തിലോ ഘടനയിലോ സാഹിത്യചരിത്രമല്ലെങ്കിലും സാഹിത്യകൃതികളുടെ സമാഹാരത്തിനു പിന്നിൽ ഒരു ചരിത്രയുക്തി പ്രവർത്തിക്കുന്നുണ്ട്. ആധുനികചരിത്രബോധം പിൻപറ്റുന്നവയാണ് 'പെൺവഴികളും' 'മലയാളത്തിന്റെ പ്രണയ കവിതകളും'. എന്നാൽ രാഷ്ട്രീയ തെളിച്ചത്തിന്റെയും ചരിത്രവിജ്ഞാനീയത്തിന്റെയും ഉൾക്കാഴ്ചകൾ 'കാതൽ' എന്ന സമാഹാരത്തെ ഇതിൽ നിന്നും വ്യത്യസ്തമാക്കുന്നു. പ്രമാണപാഠങ്ങളെ അതിന്റെ സമാഹരണ സങ്കല്പത്തിൽ നിന്നുതന്നെ നിരസിക്കാൻ ഈ കൃതിക്ക് സാധിക്കുന്നുണ്ട്. നിലനിൽക്കുന്ന എഴുത്തുപദവികകളെ സംശയിക്കുകയും ചരിത്രം കല്പിച്ചുനൽകിയ സാഹിതീയബോധ്യങ്ങളെ നിരാകരിക്കുകയും ചെയ്യുന്ന ചരിത്രാലോചനകൾ ഇനിയും സാധ്യമാകേണ്ടതുണ്ട്. വൈവിധ്യങ്ങളെ, മനുഷ്യജീവിതത്തിന്റെ രാഷ്ട്രീയവും ജനാധിപത്യപരവുമായ മുന്നേറ്റത്തെ, അടയാളപ്പെടുത്തുന്ന തരത്തിൽ സാഹിത്യചരിത്രങ്ങളുടെ പുനർവായനക്കും നിർമിതിക്കും ഇനിയും സാദ്ധ്യതകൾ അവശേഷിക്കുന്നു. പാർശ്വവത്കരിക്കുകയോ തമസ്കരിക്കുകയോ ചെയ്ത സർഗ്ഗാത്മക മേഖലകളിലേക്കുള്ള ഭാവനയുടെ ചിതറലുകളാണ് അവ. മറവിയെ ഓർമയാക്കുന്ന, തീർപ്പുകളെ ഇല്ലാതാക്കുന്ന വൈവിധ്യങ്ങളുടെ രാഷ്ട്രീയത്തെ വീണ്ടെടുക്കുന്ന പ്രവർത്തനമാണത്.

ഗ്രന്ഥസൂചി

1) രാധാകൃഷ്ണൻ, പി. എസ്. 2017. എതിർദിശകൾ. തിരുവനന്തപുരം: കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്.
2) സന്തോഷ്, ഒ. കെ. (എഡി.) 2012. കാതൽ;മലയാളത്തിലെ ദളിത് കവിതകൾ. കോട്ടയം : ഡി.സി. ബുക്സ്.
3) സന്തോഷ് മാനിച്ചേരി: 2019. സ്ഥാനപ്പെടലും സ്ഥാനികത്വവും സങ്കൽപനപരമായ പ്രശ്നങ്ങൾ, എം. സി. അബ്ദുൾനാസർ (എഡി.), റിസർച്ച് ജേർണൽ (vol.8 issue1), കോഴിക്കോട് : ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ്.
4) സുധീഷ്, വി. ആർ.(എഡി.) 1993: മലയാളത്തിലെ പ്രണയകവിതകൾ. കോഴിക്കോട് : മൾബറി ബുക്സ്.
5) ശങ്കരപ്പിള്ള, കെ. ജി.(എഡി.) 1994: പെൺവഴികൾ. കാസർഗോഡ് : കലാക്ഷേത്രം.
6) AviezerTucker(edi.) 2009: A Companion to the Philosophy of HistoryAnd Historiography. West Sussex: Blackwell Publishing Ltd.
7) Devid Perkins. 1992: Is Literary History Possible. London: The Johns Hopkins University Press.

*jishnukariavil@gmail.com*

# II

# പുനർവായന

# എഴുത്തമ്മമാർ മറ(യ്)ക്കപ്പെടുമ്പോൾ:

## സാഹിത്യചരിത്രങ്ങളിലെ പീഠങ്ങളും കോയ്മകളും


**ഡോ.പി. ഗീത**

അസോ. പ്രൊഫസ്സർ (റിട്ട.), മലയാളവിഭാഗം, ഗവ.കോളേജ് പട്ടാമ്പി.



**പ്രബന്ധ സംഗ്രഹം.**

സാഹിത്യത്തിന്റെയും സംസ്കാരത്തിന്റെയും പീഠങ്ങളിൽ നിന്നുകൊണ്ട് കോയ്മകൾ ഉച്ചരിക്കുന്ന തരത്തിലുള്ള ശബ്ദങ്ങൾക്കു മുന്നിൽ പതറിപ്പോകുന്നവരാണ് സ്ത്രീകൾ ഉൾപ്പെടുന്ന നിശ്ശബ്ദീകരിക്കപ്പെട്ടവർ. സാഹിത്യത്തിൽ സ്ത്രീകളുടെ സ്ഥാനത്തെ വേണ്ടത്ര പ്രാധാന്യത്തോടെ സാഹിത്യ ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടില്ല എന്ന് പ്രബന്ധകാരി സമർത്ഥിക്കുന്നു.



***താക്കോൽ വാക്കുകൾ:*** ട്രാൻസ്ജെൻഡർ–സെക്ഷ്വാലിറ്റി–കോയ്മകൾ–പീഠങ്ങൾ–എഴുത്തമ്മമ്മാർ.


ശബ്ദത്തിന്റെ മുഴക്കം ഒരു വ്യക്തിയുടെ ആധികാരികതയുടെ അടിസ്ഥാനമായി മാറുന്നു. ഉള്ളിൽ അഗ്നി ജ്വലിക്കുന്നവർപോലും വലിയ മുഴക്കങ്ങൾക്കു മുന്നിൽ നിശ്ശബ്ദരാക്കപ്പെടുന്നു. നിശ്ശബ്ദീകരിക്കപ്പെട്ട താഴ്വാരങ്ങളിൽ നിന്ന് നടന്നു വന്നിട്ടുള്ള സി. അയ്യപ്പനെ പോലെയുള്ള എഴുത്തുകാർ വലിയ ശബ്ദങ്ങൾക്കു മുന്നിൽ പരിഭ്രമിക്കുകയും പതറുകയും ചെയ്തിരുന്നത് അതിനാലാണ്. ദലിത് സാഹിത്യത്തിന്റെയോ സ്ത്രീ സാഹിത്യത്തിന്റെയോ പരിസ്ഥിതി വാദത്തിന്റെയോ സിദ്ധാന്തങ്ങളുടെ പശ്ചാത്തലത്തിൽ സാഹിത്യത്തെ നിർദ്ധാരണം ചെയ്യാൻ തുടങ്ങാതിരുന്ന ഒരു കാലം കൂടിയായിരുന്നു അത്. ടി.കെ.സി. വടുതലയ്ക്കു ശേഷം മലയാള ഭാഷയിൽ നിശ്ശബ്ദീകരിക്കപ്പെട്ട മേഖലയിൽ കൂടി നടന്നുകയറാൻ സി അയ്യപ്പനു

വർഷങ്ങൾ വേണ്ടി വന്നു എന്നതാണ് യാഥാർത്ഥ്യം. സാഹിത്യത്തിന്റെയും സംസ്കാരത്തിന്റെയും പീഠങ്ങളിൽ നിന്നു കൊണ്ട് ഇവിടെയുള്ള കോയ്മകൾ ഉച്ചരിക്കുന്ന തരത്തിലുള്ള ശബ്ദങ്ങൾക്കു മുന്നിൽ പതറിപ്പോകുന്ന ഏതു വിഭാഗത്തിൽ പെട്ട മനുഷ്യരുടെ അവസ്ഥയും സി. അയ്യപ്പന്റേതിനു സമാനമാണ്. അനുഭവങ്ങളാണ് ആശയ രൂപീകരണത്തിന്റെ കാതൽ. ആശയങ്ങളെ ഉള്ളിൽ വച്ചു കൊണ്ട് അനുഭവങ്ങളെ വാർത്തെടുക്കാൻ സാധ്യമല്ല.

എഴുത്തമ്മമാർ എന്ന വാക്ക് ഒരു പുസ്തകത്തിന്റെ ശീർഷകമായി വരുമ്പോൾ ആ ശീർഷകം എവിടെ നിന്നു വന്നു എന്ന അന്വേഷണം ചെന്നെത്തുന്നത് എഴുത്തച്ഛനിലേക്കാണ്. എഴുത്തച്ഛൻ ആരാണ് എന്ന ചോദ്യത്തിനു മലയാള ഭാഷയുടെ പിതാവ് എന്നൊരുത്തരമാണ് നമുക്ക് ലഭിക്കുന്നത്. മലയാള ഭാഷയുടെ പിതാവായി എഴുത്തച്ഛനെ അവരോധിക്കുമ്പോൾ എഴുത്തിന് എന്താണൊരു അമ്മയില്ലാതെ പോയത് എന്നൊരു ചോദ്യം അവശേഷിക്കുന്നു. ഭാഷയെ മാതൃഭാഷയായും ദേശത്തെ മാതൃരാജ്യമായും നദികളെ സ്ത്രീകളായും എല്ലാ പ്രകൃതി സങ്കല്പങ്ങളെയും സ്ത്രീകളായും സങ്കല്പിക്കുമ്പോഴും ഭാഷയ്ക്ക് മാതാവില്ലാതെ പിതാവുണ്ടാകുന്നത് എങ്ങനെയാണ് എന്നൊരു ആശങ്ക ഇന്നും നിലനിൽക്കുന്നു. അപ്പോൾ ഭാഷ എങ്ങനെ പെട്ടെന്ന് പുരുഷനായിത്തീർന്നു എന്ന സന്ദേഹം നിലനിൽക്കുന്നു. എഴുത്തിന് എഴുത്തിന്റെ അച്ഛൻ അല്ലാതെ എഴുത്തിന് ഒരു അമ്മയില്ലാതെ പോയതിന്റെ പിന്നിലെ കാരണങ്ങൾ അന്വേഷിക്കേണ്ടതുണ്ട്. എഴുത്ത് സ്വയമേ ആഗതയാകേണ്ടുന്ന സ്ത്രീയാണ്. എഴുത്ത് പെണ്ണാണ്. ഏതു സിദ്ധാന്തം വെച്ചു നോക്കിയാലും കവിത പെണ്ണാണ്. സ്വന്തം ഭർത്താവിന്റെ മുന്നിൽ സ്വയമേവ വിവസ്ത്രയാകുന്നതു പോലെയാണ് കവിത സഹൃദയന്റെ മുന്നിൽ വിവസ്ത്രയാകുന്നത്. കവിത എന്ന് എഴുതുന്നത് സാഹിത്യമെന്ന മൊത്തമായ അർത്ഥത്തിലാണ്. അതിനാലാണ് കവിതയെ വാക്കിനെ എഴുത്ത് എന്ന മുഴുവൻ അർത്ഥത്തിൽ ഉപയോഗിക്കുന്നത്.

ലിംഗം എന്ന വാക്ക് പുരുഷന്റെ ഇന്ദ്രിയത്തെ സൂചിപ്പിക്കുന്നതാണ്. പുരുഷന്റെ ഇന്ദ്രിയത്തെ കേന്ദ്രീകരിച്ചുള്ള സ്ത്രീയുടെ അവസ്ഥയെ എങ്ങനെയാണ് ലൈംഗികത എന്നു പറയാൻ സാധിക്കുക. ലിംഗം തന്നെ ഇല്ലാത്ത ഒരാൾക്ക് എങ്ങനെയാണ് ലൈംഗികത സൃഷ്ടിക്കാൻ സാധിക്കുക. അതിനു സമാനമായ ഒരു വാക്കുപോലും കണ്ടെത്താൻ സ്ത്രീകൾ ഉൾപ്പെടുന്ന സമൂഹത്തിനു കഴിയുന്നില്ല എന്നൊരു പരിമിതി എല്ലാക്കാലത്തുമുണ്ട്. ജെൻഡറിനെയും സെക്ഷ്വാലിറ്റിയെയും കുറിക്കാൻ വേണ്ടി ലിംഗം എന്ന

സംസ്കൃത ശബ്ദം തന്നെ ഉപയോഗിക്കേണ്ടി വരുന്ന എന്നൊരു പരിമിതിയും ഇന്നും നിലനിൽക്കുന്നു. ലിംഗം എന്ന പദത്തെ കുറിച്ചുള്ള അന്വേഷണ ത്തിൽ ജോർജ്ജ് മാത്തന്റെ വ്യാകരണത്തിലും കേരളപാണിനിയുടെ വ്യാകരണത്തിലും ലിംഗ ശബ്ദം പുരുഷനെ ആശ്രയിച്ച് നില്ക്കുന്നു എന്ന് സൂചിപ്പിക്കുന്നു. പുരുഷനെ ആശ്രയിച്ച് നിൽക്കുന്ന ഒന്ന് സ്ത്രീ അല്ലാത്തതു നപുംസകം എന്നാണ് വിവക്ഷ. പുരുഷനല്ലാത്തതിനെയൊക്കെ നപും സകത്വം ആരോപിച്ചിരിക്കുന്നതിനാലാണ് അവർ തങ്ങൾ മൂന്നാം ലിം ഗമല്ലെന്നും ഭിന്ന ലിംഗമല്ലെന്നും തങ്ങളുടെ ലിംഗം ഭിന്നിച്ചിട്ടില്ലെന്നും ട്രാൻസ്ജെൻഡറുകൾ പറയേണ്ടിവരുന്നത്. സെക്ഷ്വാലിറ്റിയെ കുറിക്കാൻ പര്യാപ്തമായ വാക്കുകൾ ഇല്ലാത്തതു കൊണ്ടാണ് ഇപ്പോഴും ലൈംഗികത എന്ന വാക്ക് ഉപയോഗിക്കേണ്ടിവരുന്നത്. കവിതയെ സ്വയം പ്രണയ ത്തോടു കൂടി ഭർത്താവിനു മുന്നിൽ അനാവൃതയാകുന്ന സ്ത്രീയായിട്ടാണ് സങ്കല്പിക്കപ്പെടുന്നത്. അപ്പോൾ പുരുഷന്റെ രസവുമായി ഇന്ദ്രിയവുമായി സുഖവുമായി ബന്ധപ്പെട്ടിട്ടുള്ള ശാരീരിക അവയവങ്ങളുടെ പ്രവർത്തന ങ്ങളെയാണ് നമ്മൾ രതി എന്നു വ്യവഹരിക്കുന്നത്. അത് തന്നെയാണോ സ്ത്രൈണത അതു തന്നെയാണോ സ്ത്രീ തുടങ്ങിയ നിരവധി സന്ദേഹങ്ങൾ നിലനില്ക്കുന്നുണ്ട്. എഴുത്ത് എന്നു പറയുന്നത് ഒരു സ്ത്രീയായിരിക്കുകയും എഴുത്തിന് അച്ഛൻ മാത്രം ഉണ്ടായിരിക്കും അമ്മ ഇല്ലാതിരിക്കുകയും അത് പ്രതിഷ്ഠിക്കപ്പെടേണ്ട ഒന്നല്ലാതായിത്തീരുകയും ചെയ്യുന്നിടത്താണ് വിഷയം. ഇവിടെയൊക്കെ ശബ്ദത്തിന്റെ മുഴക്കത്തിന് ഞെട്ടിക്കുന്നതിനുള്ള ശേഷിയുണ്ട്. ശബ്ദമിട്ട് നിശ്ശബ്ദമാക്കുന്ന ശബ്ദം ആധികാരികതയുടേതാണ്. ആധികാരികതയുടെ ഈ ശബ്ദമാണ് തൊഴിലിടങ്ങളിലെല്ലാം മുഴങ്ങുന്നതും മറ്റുള്ളവരെ നിയന്ത്രിക്കുന്നതും. ബിബ്ലിക്കലായി മാത്രമാണ് ലോകത്തിലെ സാഹിത്യത്തെ കാനോൻ എന്നു വിളിക്കുന്നത്. അതിനു സമാന്തരമാ യിട്ടുള്ള സബാൾട്ടൻ പദങ്ങൾ കണ്ടെത്തുന്നതിൽ നാം പരാജയപ്പെട്ട സാഹചര്യമാണ് ഇന്ന് നിലവിലുള്ളത്. അങ്ങനെയുള്ള സന്ദർഭങ്ങളിൽ ഒരു സവർണ്ണ പുരുഷനെ അല്ലെങ്കിൽ ഒരു നായർ മെയിലിനെ എതിർക്കുമ്പോൾ അതിനു പകരം സ്വീകരിക്കേണ്ടത് എന്തിനെയാണ്എന്നൊരു ചോദ്യം ഉയരുന്നുണ്ട്. രാമനെ വേണ്ടെങ്കിൽ രാവണനെ സ്വീകരിച്ചേ മതിയാവൂ എന്ന് പറയുന്ന തരത്തിലുള്ള വലിയ വൈരുദ്ധ്യം ഇവിടെ നിലനിൽക്കുന്നു എന്നത് ചിന്തയ്ക്കും ചർച്ചയ്ക്കും വിധേയമാക്കേണ്ടതുണ്ട്. ഫ്യൂഡൽ മെയിലിനെ സ്വീകരിക്കാൻ പറ്റാത്ത ഒരു സ്ത്രീക്ക് ഒരു ആൽഫ മെയിലിനെയും സ്വീക രിക്കാൻ സാധ്യമല്ല എന്നുള്ളത് യാഥാർത്ഥ്യമാണ്.

മലയാള ഭാഷയുടെ ഉള്ളിൽ തന്നെയുള്ള സാഹിത്യചരിത്രത്തിന്റെ ഘടന വെച്ച നോക്കുമ്പോൾ ഒരു ശാഖയായി ഭാഷ വികസിതമായിക്കൊണ്ടിരിക്കുമ്പോൾ ഗൗരവതരമായി സ്വന്തം പദവിയെക്കുറിച്ച് സ്ത്രീകൾ ആലോചിക്കേണ്ടതുണ്ട്. സംഘസാഹിത്യത്തിലെ ചിലപ്പതികാരത്തെ മലയാളത്തിലേക്ക് കൂട്ടിച്ചേർക്കുമ്പോൾ പോലും ചില തർക്കങ്ങൾ ഉന്നയിക്കപ്പെടാം. ഒരേ ഭാഷ സംസാരിച്ച പ്രദേശത്തു നിന്നാണ് ഈ കൃതി ഉണ്ടായത് എന്നതു മലയാള സാഹിത്യത്തിന്റെ വികാസത്തിനു അഭിമാനകരമായ വസ്തുതയാണ്. സംഘകാല സാഹിത്യത്തിൽ ഒരു പാട് സ്ത്രീകളുടെ സാന്നിധ്യം കാണാവുന്നതാണ്. എല്ലാ സംഘസാഹിത്യ ശാഖയിലും ഒന്നോ രണ്ടോ സ്ത്രീകൾ മരുന്നിനെങ്കിലും ഉണ്ട്. അവർ പ്രണയത്തെ കുറിച്ചും വീരത്തെക്കുറിച്ചും പറയുന്നു. ഈ പ്രണയവും വീരവും സ്ത്രീയുടേതു തന്നെയാണോ പുരുഷനെ ആസ്പദമാക്കിയാണോ പറഞ്ഞത് എന്നത് വീണ്ടുവിചാരത്തിനു വിധേയമാക്കേണ്ടതുണ്ട്. അജ്ഞാത കർതൃകങ്ങളായി വെച്ചിരിക്കുന്ന തിരുവാതിരക്കളിപ്പാട്ട്, ഊഞ്ഞാൽപ്പാട്ട്, കൈക്കൊട്ടിക്കളിപ്പാട്ട്, കുട്ടികളെ ഉറക്കാനുള്ള താരാട്ടുപ്പാട്ട് ഇവയെക്കാൾ ഇരയിമ്മൻ തമ്പിയുടെ താരാട്ടുപ്പാട്ടിനാണ് പ്രാധാന്യം. കുട്ടിക്കുഞ്ഞി തങ്കച്ചിഎഴുതിയ താരാട്ട് പാട്ടോ കൈകൊട്ടിക്കളിപ്പാട്ടോ പരിഗണിക്കപ്പെടുന്നില്ല. എന്നാൽ വീരവിരാടകുമാരവിഭോയും ഓമനത്തിങ്കൾക്കിടാവും പ്രധാനമാവുന്നത് കാലാന്തരത്തിൽ മുഖ്യധാരയിൽ ആർക്കാണ് സ്ഥാനമെന്നതിനെ പ്രശ്നവത്കരിക്കുന്നു. മണിപ്രവാള ഘട്ടത്തിൽ ചമ്പൂ സാഹിത്യവും പാട്ടു സാഹിത്യ ഘട്ടത്തിൽ രാമചരിതവും പ്രാമാണ്യംനേടി. രാമചരിതത്തിന്റെ കർത്താവ് ചീരാമനെന്നും കിളിപ്പാട്ടിന്റെ ഉപജ്ഞാതാവ് എഴുത്തച്ഛനെന്നും കണ്ണശ്ശനെന്നും തുള്ളലിന്റെ കർത്താവ് നമ്പ്യാരെന്നും ആട്ടക്കഥകളിൽ ഉണ്ണായി വാര്യരെന്നും ചരിത്രങ്ങളിൽ സ്ഥാപിക്കപ്പെടുന്നു. സാഹിത്യ ചരിത്രങ്ങളിൽ എക്കാലവും അവരോധിക്കപ്പെടുന്നത് പുരുഷന്മാരാണ്. സ്ത്രീകൾ ഒരിടത്തും പ്രതിഷ്ഠിക്കപ്പെടുന്നില്ല. ആട്ടക്കഥകളുടെയും ചമ്പൂപ്രസ്ഥാനത്തിന്റെയും പാട്ട് പ്രസ്ഥാനത്തിന്റെയും ഉപജ്ഞാതാക്കളെല്ലാം പുരുഷ നാമധാരികളാണ്. അവരുടെ പേരിനെക്കുറിച്ച് പോലും ഉറപ്പില്ല എന്നത് അത്ഭുതകരമാണ്. സാഹിത്യ ചരിത്രങ്ങളിൽ ഒരിടത്തും ഒരു സ്ത്രീനാമത്തെ കുറിച്ച് സൂചിപ്പിക്കാൻ പോലും സാധിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം.. അത് പെണ്ണെഴുതിയതാണ് എന്ന അവകാശ വാദം ഉന്നയിക്കാനാവാത്തതു പോലെ രാമനാരാണെന്നോ എഴുത്തച്ഛൻ ആരാണെന്നോ അറിയില്ല എങ്കിലും പുരുഷനാമധാരിയെ മാത്രമേ നമുക്ക് സാഹിത്യ ചരിത്രങ്ങളിൽ കാണാൻ

February, 2020 മലയാളപ്പച്ച
Volume 01: No. 10 malayala pachcha

സാധിക്കൂ. സാഹിത്യ ചരിത്രങ്ങളിലെല്ലാം രേഖപ്പെടുത്തിയിരിക്കുന്ന ആദ്യത്തെ സ്ത്രീ നാമം മനോരമത്തമ്പുരാട്ടിയുടേതാണ്. ഉള്ളൂരാണ് മനോരമത്തമ്പുരാട്ടിയെ കുറിച്ച് ആദ്യം എഴുതിയത്. സംസ്കൃതത്തിലുള്ള ചില ശ്ലോകങ്ങൾ അവരുടേതായി കണ്ടു കിട്ടിയിട്ടുണ്ട് പക്ഷേ അവർ ഒരു കൃതി പോലും രചിച്ചിട്ടില്ല എന്നാണ് ഉള്ളൂർ എഴുതുന്നത്. സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട നവോത്ഥാന പ്രവർത്തനങ്ങൾ ആരംഭിച്ച ഘട്ടത്തിൽ പതിനെട്ടാം നൂറ്റാണ്ടിൽ മാത്രമാണ് ഒരു സ്ത്രീ നാമം കടന്നുവരുന്നത്. ആ സ്ത്രീനാമത്തിന്റെ പേരിൽ അവിടെ സംസ്കൃത ശ്ലോകങ്ങൾ ആണ് ഉണ്ടായിരുന്നത് എന്ന് സാഹിത്യചരിത്രങ്ങൾ രേഖപ്പെടുന്നത്. മനോരമത്തമ്പുരാട്ടിയുടെ ഒരു കൃതി പോലും കണ്ടെടുക്കാൻ കഴിഞ്ഞിട്ടില്ല എന്ന് ഒരു സാഹിത്യ ചരിത്രകാരൻ പറയുമ്പോൾ അതൊരു സ്ത്രീയുടേതായതു കൊണ്ടല്ലേ കഴിയാതെ പോയത് എന്നൊരു ചോദ്യം അവശേഷിക്കുന്നുണ്ട്. മറ്റു പലരുടെയും കൃതികൾ പാതാളത്തു നിന്നു പോലും പൊന്തിച്ചു കൊണ്ടു വരുന്ന ഈ സാഹിത്യചരിത്രകാരന്മാർക്ക് ഹൈദറുടെ പടയോട്ടത്തോടെ പൊന്നാനിയിലേക്കും അവിടെ നിന്ന് കാർത്തിക തിരുനാളിന്റെ അടുത്തേക്കും യാത്ര ചെയ്തിട്ടുള്ള ഇത്രയേറെ ശിഷ്യന്മാരെ പഠിപ്പിച്ച വലിയകോയിത്തമ്പുരാൻ ജീവിച്ചിരുന്ന കാലഘട്ടത്തിൽ നിന്നുകൊണ്ട് എന്തുകൊണ്ടാണ് ഒരു സ്ത്രീയുടെ കൃതിയെ വീണ്ടെടുക്കാൻ കഴിയാതിരുന്നത് എന്ന ചോദ്യം നമ്മൾ നമ്മളോടു മാത്രം ചോദിക്കേണ്ട ഒന്നായിത്തീർന്നിരിക്കുന്നു. മനോരമത്തമ്പുരാട്ടിയെയും ഇക്കാവമ്മത്തമ്പുരാട്ടിയെയും നല്ല അദ്ധ്യാപകരായിട്ടാണ് സാഹിത്യ ചരിത്രത്തിൽ അടയാളപ്പെടുത്തിയിരിക്കുന്നത്. നല്ല അദ്ധ്യാപകരാണ് എന്നു പറയുന്നതിൽ അപകടമൊന്നുമില്ല .പക്ഷേ ഒരു അധ്യാപനത്തിന് ഉപയോഗിച്ച ക്ലാസ്സ് നോട്ട്സ് ഒരു ക്രിയേറ്റീവ് വർക്ക് ആണ് എന്ന് തിരിച്ചറിയാനോ അംഗീകരിക്കാനോ സാധ്യമല്ലാത്ത തരത്തിലുള്ള ഒരു ബോധത്തിൽ നിന്നാണ് സാഹിത്യ ചരിത്രങ്ങൾ രൂപപ്പെട്ടിരിക്കുന്നത്. അതു കൊണ്ടാണ് ഈ കാലഘട്ടത്തിൽ ഒന്നും തന്നെ അതായത് സംഘകാലത്തിനു ശേഷം പതിനെട്ടാം നൂറ്റാണ്ടു വരെയുള്ള ഒരു ദീർഘമായ കാലയളവിൽ സംസ്കൃത സാഹിത്യവുമായി കൂടിക്കലരുമ്പോഴും സംസ്കൃതം തമിഴുമായിട്ട് കൂടിക്കലരുമ്പോഴും മലയാളം രൂപീകരിക്കുമ്പോഴും അവസാനം മലയാള രൂപീകരണത്തിന് ശേഷം പതിനാറാം നൂറ്റാണ്ടിലെ എഴുത്തച്ഛന് ശേഷം പതിനെട്ടാം നൂറ്റാണ്ടിൽ കണ്ടെടുക്കുന്ന ഒരു സ്ത്രീ സംസ്കൃതത്തിൽ എഴുതി എന്ന് പറയുമ്പോൾ മണിപ്രവാളത്തിലും പാട്ടിലുമൊക്കെ ധാരാളം സ്ത്രീകൾ വിട്ടു പോയിട്ടുണ്ട് എന്ന യാഥാർത്ഥ്യം നാം

തിരിച്ചറിയേണ്ടിവരും. വിട്ടു പോയതൊക്കെ വീണ്ടെടുക്കാൻ ഇനി നമുക്ക് സാധിച്ചു കൊള്ളണമെന്നില്ല. കാരണം നമ്മുടെ ചരിത്രത്തിൽ നിന്ന് ഭാവിയിൽ നിന്ന് വർത്തമാനത്തിൽ നിന്ന് അവ എന്നെന്നേക്കുമായി നഷ്ടപ്പെട്ടിരിക്കുന്നു. ആ നഷ്ടപ്പെടുത്തിയവരുടെ കൈയിലാണ് വാസ്തവത്തിൽ ഇത്തരം കാനോനുകൾ ഇരിക്കുന്നത്. എന്തെന്നാൽ അവർ ഇത്തരത്തിൽ വലിയ തരത്തിലുള്ള ഭാരതീയതയെ കുറിച്ച് സംസാരിക്കുകയും അതേ സമയം വിക്ടോറിയൻ മൂല്യത്തിന്റെ വക്താക്കളായിരിക്കുകയും ചെയ്യുന്ന സാഹചര്യം നിലവിലുണ്ട്. ബ്രിട്ടീഷുകാർ ചരിത്രത്തെ കുറിച്ച് നമുക്ക് തന്നിട്ടുള്ള അറിവുകൾ അനുസരിച്ച് പ്രാദേശിക ഭാഷാ ചരിത്രത്തെ രൂപപ്പെടുത്തിയവരാണ് ഉള്ളൂർ, പി.ഗോവിന്ദപ്പിള്ള , എസ് ഗുപ്തൻ നായർ തുടങ്ങിയവർ. അധികാരമെങ്ങനെയാണ് സ്ത്രീകൾക്കെതിരെ പ്രവർത്തിച്ചത് എന്നു മനസ്സിലാക്കണമെങ്കിൽ പാഠപുസ്തകങ്ങൾ നോക്കിയാൽ മതി. സ്ത്രീയെ രേഖപ്പെടുത്തുന്നതിൽ ചരിത്രം നേരിട്ട പരിമിതി എന്താണ് എന്നതിന് ഉദാഹരണമാണ് പാഠപുസ്തകങ്ങൾ. കുട്ടിക്കുഞ്ഞിത്തങ്കച്ചിയുടെ അച്ഛനായ ഇരയിമ്മൻത്തമ്പി മകളുടെ എഴുത്ത് കണ്ടിട്ട് വല്ലാതെ എഴുത്തിനും കാര്യത്തിനും പോകണ്ട എന്നു നിർദ്ദേശിച്ചിരുന്നു. എന്നാൽ അവർ അത് കാര്യമാക്കിയില്ല.മകളുടെ എഴുത്ത് ഇരയിമ്മൻ തമ്പി ഉദയവർമ്മ തമ്പുരാനെ കാണിച്ചു.ഇരയിമ്മൻ തമ്പിയുടെ ടെ മനസ്സിനെഎല്ലാവരും പുകഴ്ത്തി.എന്നാൽ കുട്ടിക്കുഞ്ഞി തങ്കച്ചിഎടുത്ത ഇച്ഛാശക്തിയും പ്രയത്നവും ആരും അംഗീകരിച്ചില്ല .ഒരാളുടെ ഇച്ഛാശക്തി എത്രത്തോളമുണ്ടെന്ന് ചരിത്രം രേഖപ്പെടുത്താറില്ല.എന്നാൽ ഇന്ന് അത് രേഖപ്പെടുത്താനുള്ള ഉപാധികൾ ഉണ്ട്. അവഉപയോഗിക്കാനും സാധ്യമാണ് .എവിടെയൊക്കെയാണ് സ്ത്രീസാന്നിധ്യം ഉണ്ടായിരുന്നത് എന്ന് ചോദിച്ചു കഴിഞ്ഞാൽ സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ എഴുത്തിൽ സ്ത്രീ സാന്നിധ്യം ഉണ്ടായിരുന്നു. അത് സാമൂഹിക നവോത്ഥാനവുമായി ബന്ധപ്പെട്ടതിനു ശേഷംഎങ്ങനെയാണ് മുന്നോട്ടു പോയത് എന്ന് ആലോചിക്കേണ്ടതുണ്ട് .പാട്ടബാക്കി സാമൂഹിക നവോത്ഥാനത്തിന്റെ പാഠപുസ്തകമല്ല. പാട്ടബാക്കിയിലെ അവസാനത്തെ വാചകം ഞാൻ പഠിപ്പിച്ചു തരാം എന്നുള്ളതാണ്. അത് ഒരു പുരുഷൻ സ്ത്രീയോട് പറയുന്നതാണ്. പുരോഗമന പക്ഷത്തു നിൽക്കുന്ന പുരുഷന്റെ മനോഭാവത്തിന് മാറ്റമൊന്നും സംഭവിച്ചിട്ടില്ല .കമ്മ്യൂണിസ്റ്റ് സാഹിത്യധാരയിൽ സ്ത്രീ സാന്നിധ്യം ഉണ്ടായിരുന്നില്ല. ആണുങ്ങളെഴുതി വെച്ച സ്ത്രീകളല്ലാതെ ഞാനൊരു കമ്മ്യൂണിസ്റ്റുകാരിയാണ് എന്നു പറയുന്ന

February, 2020 മലയാളപ്പച്ച
Volume 01: No. 10 *malayala pachcha*

സാഹിത്യകാരി തൊഴിലാളി വർഗ്ഗത്തിൽ നിന്ന് ഉയർന്നുവന്നില്ല. താൻ പറയുന്നതിനപ്പുറം പോയാൽ സ്ത്രീയുടെ ഗതിയെന്താണെന്ന് താൻ തീരുമാനിക്കും എന്നതാണ് പുരുഷന്റെ മനോഭാവം. ഗാന്ധി ദർശനങ്ങളുമായും ദേശീയ നവോത്ഥാനവുമായും ബന്ധപ്പെട്ട് ലളിതാംബികാ അന്തർജ്ജനത്തെ പോലെയുള്ളവർ ഉയർന്നുവന്നവരുണ്ട്. കെ.സരസ്വതിയമ്മ, ബാലാമണിയമ്മ, തോട്ടക്കാട്ട് ഇക്കാവമ്മ ഇവരൊക്കെ കുട്ടിക്കുഞ്ഞി തങ്കച്ചിക്ക് ശേഷം സാഹിത്യരചന നടത്തിയവരാണ്. തോട്ടക്കാട്ട് ഇക്കാവമ്മ ചരിത്രസംഭവമാകേണ്ട എഴുത്തുകാരിയായിരുന്നു. മലയാള നാടക സാഹിത്യ ചരിത്രത്തിൽ ജി.ശങ്കരപ്പിള്ള തോട്ടക്കാട്ട് ഇക്കാവമ്മയെ രേഖപ്പെടുത്തുന്നു മാത്രം നാമമാത്രമായി അവശേഷിക്കുന്നു. ആരുടെ കയ്യിലാണ് അധികാരം അവരാണ് താനുൾക്കൊള്ളുന്ന ഒരു വിഭാഗത്തിന്റെ പ്രയോറിറ്റി നിശ്ചയിക്കുന്നത്. വ്യക്തിനിഷ്ഠമായ പ്രണയത്തിന്റെ വക്താവാണ് കുമാരനാശാൻ. കുമാരനാശാൻ പറഞ്ഞിട്ടുള്ള എല്ലാ ആശയങ്ങളും തോട്ടയ്ക്കാട്ട് ഇക്കാവമ്മയുടെ സുഭദ്രാർജ്ജുനത്തിൽ വളരെ മനോഹരമായി പ്രതിപാദിക്കുന്നുണ്ട്. കുട്ടിക്കുഞ്ഞുതങ്കച്ചിയുടെ അപൂർണ്ണ നാടകമായ അജ്ഞാതവാസം സാഹിത്യ ഗുണങ്ങൾ തികഞ്ഞ ഒന്നാണ്. സാഹിത്യ ഗുണങ്ങൾ ആരാണ് നിശ്ചയിക്കുന്നത്? ആരാണ് ലക്ഷ്യ ലക്ഷണങ്ങൾ നിശ്ചയിക്കുന്നത്? സാഹിത്യത്തിന്റെ മാനദണ്ഡങ്ങൾ രൂപീകൃതമാക്കുന്നത് പുരുഷന്മാർ സൃഷ്ടിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച് പെരുമാറാൻ മാത്രമേ സ്ത്രീകൾക്ക് കഴിയുന്നുള്ളൂ. സ്ത്രീകളുടെ നാടകം എന്ന നിലയിൽ കുട്ടിക്കുഞ്ഞുതങ്കച്ചിയുടെ അപൂർണമായ നാടകത്തെ അഭിസംബോധന ചെയ്യേണ്ടതുണ്ട്. സ്ത്രീയുടെ നാടകത്തെ വേദിയിൽ അവതരിപ്പിക്കുമ്പോൾ ആ നാടകം അഭിജ്ഞന്മാരുള്ള സദസ്സിൽ അവതരിപ്പിക്കാൻ കഴിയുമോ എന്ന ചോദ്യം ഉയരുമ്പോൾ എന്താണ് സ്ത്രീ നാടകത്തിന്റെ കുറവ് എന്ന് ചോദിക്കുന്നത് തോട്ടക്കാട്ട് ഇക്കാവമ്മയല്ല കുട്ടിക്കുഞ്ഞുത്തങ്കച്ചിയാണ്. അപ്പോൾ സൂത്രധാരൻ പറയുന്നുണ്ട് മേലിൽ സ്ത്രീകൾക്ക് എഴുതാനുള്ള പ്രേരണയുണ്ടാകാൻ ഈ നാടകം കൊണ്ട് സാധിക്കട്ടെ എന്നാണ്. സൂത്രധാരനെ അത് പറയാൻ പ്രേരിപ്പിച്ചത് പെറ്റമ്മ ഒരു സ്ത്രീയാണ് എന്നതാണ്. കാളിദാസനാണ് ആ സൂത്രധാരനെ ഉണ്ടാക്കിയതെങ്കിൽ ആ സൂത്രധാരന്റെ വാചകം ഒരിക്കലും അങ്ങനെയാകുമായിരുന്നില്ല. കുഞ്ഞിക്കുട്ടി തങ്കച്ചിക്കു ശേഷം സാഹിത്യത്തിലേക്ക് കടന്നുവരുന്ന തോട്ടക്കാട്ട് ഇക്കാവമ്മയും ഇതേ സംഭാഷണം ആവർത്തിക്കുന്നുണ്ട്. സുഭദ്രാർജ്ജുനത്തിൽ സുഭദ്രയും അർജ്ജുനനും ദൗർഭാഗ്യവശാൽ

പുരാണ കഥാപാത്രങ്ങളാണ്.സുഭദ്രയെ ദുര്യോധനന്കല്യാണം കഴിച്ചു കൊടുക്കാൻ ബലരാമൻ ഒരുങ്ങുമ്പോൾ കൃഷ്ണൻ പറയുന്നുണ്ട്കന്യകയുടെ ഹിതം നോക്കണമെന്ന്.അതിന് ബലരാമൻ ചോദിക്കുന്നത് അത് പെണ്ണുങ്ങളോട് ചോദിച്ചിട്ടാണോ കല്യാണം നടത്താറ് എന്നാണ്.അങ്ങനെയെങ്കിൽ കാമവും പ്രേമവും തമ്മിലുള്ള വ്യത്യാസം ഇല്ലാതായി പോകുമെന്നാണ് മറുപടി.കല്യാണം കഴിച്ചവർ അതൃപ്തരാണോ എന്ന് ബലരാമൻ കൃഷ്ണനോട് ചോദിക്കുന്നുണ്ട്. അതൊരു ആചാരം മാത്രമാണ് സ്ത്രീ പുരുഷ ജീവിതമെന്നും അതിൽ പ്രണയമില്ലെന്നും ഇക്കാവമ്മ കൃഷ്ണനിലൂടെ മറുപടി നല്കുന്നു. വാസ്തവത്തിൽ ആശാന്റെ കവിതകളിലെ ആശയങ്ങൾക്ക് പ്രേരകമായത് തോട്ടക്കാട്ട് ഇക്കാവമ്മയുടെ ഈ നാടകമാണ്. മലയാളത്തിലുണ്ടായ ആദ്യ സാമൂഹിക നാടകമാണ്. പുരുഷനെ സംബന്ധിച്ചിടത്തോളം ഇഷ്ടപ്പെട്ട പെണ്ണും ഇഷ്ടപ്പെടാത്ത പെണ്ണും ഒരേ പോലെയാണ്. സ്ത്രീയെ സംബന്ധിച്ചിടത്തോളം അത് വലിയൊരു വ്യത്യാസമാണ്. കാമവും പ്രേമവും തമ്മിലുള്ള വ്യത്യാസം അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ അനുഭവിക്കുന്നത് സ്ത്രീയുടെ ശരീരമാണ്. ഇവിടെ വെച്ചണ് ലൈംഗികത എന്ന വാക്ക് പ്രയോഗിക്കാൻ സാധിക്കാതായത്. മലയാളത്തിൽ ആ വാക്ക് ഉപയോഗിക്കാൻ സാധ്യമല്ല. പുരുഷന്റെ ഇന്ദ്രിയങ്ങളുടെ സുഖത്തിന് ആസ്പദമായി മാറിക്കൊണ്ടിരിക്കുന്ന ഒരു സ്ത്രീയുടെ ശരീരത്തിന്റെ ദൗത്യമല്ല മറിച്ച് സ്ത്രീയുടെ കർതൃത്വത്തിലേക്ക് വികസിപ്പിക്കാനുള്ള ഒരു വാക്ക് നിഷ്പാദിപ്പിച്ചെടുക്കാൻ സാധിക്കാതെ വന്നു. കാൽപനികതയിലേക്ക് കടക്കുമ്പോൾ ധാരാളം മനസ്വിനിമാരും ആധുനികതയലേക്ക് കടക്കുമ്പോൾ സ്വത്വാന്വേഷണം കടന്നുവരുന്നു. ഇപ്പോൾ ആധുനികോത്തരതയിലാണ് സ്വത്വാന്വേഷണം നടക്കുന്നത്. ഫേസ്ബുക്കിന്റെ വരവ് എന്തെങ്കിലും കാര്യങ്ങളെ സമൂഹത്തിലെത്തിക്കാൻ ഉപയോഗപ്രദമാണ്. ക്ലാസ്സ്മേറ്റ് സിനിമ വന്നതിനു ശേഷം നടക്കുന്ന ഗെറ്റുഗദർ പ്രോത്സാഹിപ്പിക്കേണ്ടതില്ലെന്ന് പ്രാദേശിക കോടതിയുടെ നിർദ്ദേശങ്ങളുണ്ട്. പഴയ ഒരു കാമുകനെയോ ബോയ്ഫ്രണ്ടിനെയോ കണ്ടെത്തുകയും അവർ തമ്മിലുള്ള ബന്ധം ദൃഢമാവുകയും ചെയ്യും എന്ന പാട്രിയാർക്കിയുടെ ആശങ്കയാണ് ഇതിനു കാരണം. സാഹിത്യത്തിലെ ഈ കാനോനീകരണം നിഷേധിക്കുന്ന ഘട്ടം ഒരു ഘട്ടമായിട്ട് വികാസത്തിലേക്ക് പോകേണ്ടിയിരുന്നത് സോഷ്യൽ മീഡിയയുടെ ഘട്ടത്തിലാണ്. പെണ്ണുങ്ങൾ നിയന്ത്രിക്കപ്പെടേണ്ടവരാണ് എന്ന് പാട്രിയാർക്കിക്ക് കൃത്യമായി അറിയാം. അതിനാലാണ് ഫേസ്ബുക്കിൽ ഇൻബോക്സും

കമ്മന്റും സ്ഥാനം പിടിക്കുന്നത്. ഒരധികാരവ്യവസ്ഥയ്ക്ക് കീഴ്പ്പെടാൻ തീരുമാനിച്ചാൽ അതിന് വിധേയപ്പെടേണ്ടിവരും. അതിൽ നിന്ന് പുറത്തുചാടാൻ ശ്രമിക്കുന്ന ആണും പെണ്ണും മനസ്സിലാക്കേണ്ട കാര്യമാണ് അതിജീവനം എന്നത്. കേരളത്തിന്റെ ആധുനീകരണം, പുരോഗമനവത്കരണം, വികസനം എന്നൊക്കെ പറയുന്ന പ്രക്രിയയിലേക്ക് കേരളീയ പൊതുബോധത്തെ ,കേരളീയ സമൂഹത്തെ കേരള രാഷ്ട്രീയത്തെ ചലിപ്പിക്കുന്ന പല സ്ഥലങ്ങളിലും സ്ത്രീകൾ ഉണ്ടായിരുന്നു എങ്കിലും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ സാഹിത്യവുമായി ബന്ധപ്പെട്ട സ്ത്രീനാമങ്ങളെ കണ്ടെത്താൻ ശ്രമിച്ചു കഴിഞ്ഞാൽ വലിയ നിരാശയാണ് ഫലം. ശ്രീനാരായണ ഗുരുവിൽ നിന്ന് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലേക്കും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിൽ നിന്ന് ആധുനികതയിലേക്കും സഞ്ചരിച്ചിട്ടുള്ള മലയാള സാഹിത്യത്തിൽ എങ്ങനെയാണ് തൊണ്ണൂറുകൾ വരെ ഒരു ബ്രേക്കിന് പാപത്തറയ്ക്കു വേണ്ടി കാത്തിരിക്കേണ്ടി വരുന്നത്. ഒരു പാപത്തറയിൽ ആണ്നിൽക്കുന്നത്. ആ വാക്കിനു പോലും അതിന്റേതായ ഒരു പുണ്യമായി ഇരിക്കുന്ന ഒരു ശുദ്ധീകരണമല്ല.മറിച്ച് ഒരു പാപത്തിന്റെ തറയിൽ തന്നെയാണ് അതിന്റെ നിലനിൽപ്പ്.അതിനെ എങ്ങനെയാണ് ആ പാപത്തിന്റെ വിഷക്കായത്തിന്നിട്ട് നമുക്ക് ആവിഷ്കരിക്കേണ്ടിവരുന്ന എന്നുള്ളത് ആലോചനയ്ക്കു വിധേയമാക്കേണ്ടതുണ്ട്.

അനുഭവങ്ങളെയാണ് ആശയ രൂപീകരണത്തിനായി സ്വീകരിക്കാറുള്ളത്. ആശയങ്ങൾ ഉള്ളിൽ വച്ചു കൊണ്ട് അനുഭവങ്ങളെ വാർത്തെടുക്കാനാണ് ശ്രമിക്കുന്നത്. അതിനാൽ സ്വാനുഭവങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞ വീക്ഷണകോണുകളെ മുൻനിർത്തിയുള്ള യാഥാർത്ഥ്യങ്ങളെ ആവിഷ്കരിക്കാൻ സാധിക്കുന്നത്. ഇതിനപ്പുറമുള്ള യാഥാർത്ഥ്യങ്ങളെ ആവിഷ്കരിക്കാൻ പരിമിതികളുണ്ട്. അത് ചുറ്റുപാടുമുള്ള അറിവായി പരക്കുന്നുണ്ടെങ്കിലും അത് വ്യക്തിഗത അനുഭവമായി മാറാത്തിടത്തോളം അത് ഒരു കൈയകലത്തോളം മാറിയാണിരിക്കുന്നത്. ഈ പരിമിതിക്കുള്ളിൽ നിന്നുകൊണ്ടാണ് സാഹിത്യത്തിലെ കോയ്മകളും പീഠങ്ങളും എന്ന വിഷയം തുടർ ചർച്ചയ്ക്കായി അവതരിപ്പിക്കുന്നത്.

## ഗ്രന്ഥസൂചി

1. ഗീത,പി,1999, ദേവദൂതികൾ മാഞ്ഞുപോവത്, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.
2. ഗീത,പി, 2014,എഴുത്തമ്മാർ, കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

*giapa@rediffmail.com*

# സൗന്ദര്യദേശങ്ങൾ: സാഹിത്യചരിത്രങ്ങളുടെ രാഷ്ട്രീയം

കെ.വി.ശശി
അസി. പ്രൊഫസ്സർ, സംസ്കാര പൈതൃകപഠന കേന്ദ്രം, മലയാള സർവ്വകലാശാല, തിരൂർ


## പ്രബന്ധസംഗ്രഹം

ഭിന്ന ചരിത്ര സന്ദർഭങ്ങൾ എഴുത്തിൽ ഇടപ്പെട്ട് അതിനാവശ്യമായ പാഠങ്ങൾ സൃഷ്ടിച്ചെടുക്കുന്നതാണ് സാഹിത്യം മലയാളി എന്ന ജനതയെയും കേരളം എന്ന പ്ര/ദേശത്തെയും ആത്മ–അപരങ്ങളെയും അധ്യാത്മത്തെയും വർണാശ്രമധർമകേന്ദ്രിതമായി നിർമിച്ച് നിർവചിച്ച് സാധൂകരിക്കുന്ന ഈ സൗന്ദര്യദേശത്തിന്റെ രാഷ്ട്രീയഅബോധം അപഗ്രഥിക്കുകയെന്നാൽ നമ്മെ(മലയാളത്തെ) നാമാ(ജനതയാ)ക്കിയ സൂക്ഷ്മഭൗതികം വിശദീകരിക്കുകയെന്നാണർത്ഥം. ഈ സൗന്ദര്യദേശങ്ങളുടെ നിർമിതിയിൽ സാഹിത്യചരിത്രങ്ങളും സാഹിത്യചരിത്രനിർമിതിയിൽ സൗന്ദര്യദേശങ്ങളും നിർവഹിക്കുന്ന ധർമം അപഗ്രഥിക്കുകയാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം


***താക്കോൽ വാക്കുകൾ:*** രാഷ്ട്രീയ അബോധം–അസന്നിഹിത ഹേതു (absent cause)–പാഠം (text)–അവ്യാകൃത ചരിത്രം–സാഹിത്യം, സൗന്ദര്യം–ലാവണ്യം.

## ആമുഖം

അനുഭൂതികൾ ചരിത്രത്തിന്റെ സാന്ദ്രീഭൂതമേഖലകളാണെന്ന് മലയാളത്തിൽ ആദ്യം വിശദീകരിച്ചത് കേസരി എ.ബാലകൃഷ്ണപിള്ളയാണ്.[1] സാഹിത്യപ്രസ്ഥാനങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ നിരീക്ഷണങ്ങൾ ഈയർത്ഥത്തിൽ ഇന്ന് അർത്ഥസാന്ദ്രമായിത്തീരുന്നു. കേസരിയെ മറക്കാനുള്ള ആഹ്വാനങ്ങൾ[2] ആഗോളതയുടെ സന്ദർഭത്തിൽ, വലതുപക്ഷരാഷ്ട്രീയത്തിന്റെ ഒളിയിടമായിത്തീരുന്നതും അതുകൊണ്ടാണ്. പിന്നീട്

1976–ൽ, അനുഭൂതികളുടെ ചരിത്രപരത എന്ന് നേരിട്ട് ശീർഷകമെഴുതി ഈയാശയം ചർച്ചചെയ്യാനൊരുമ്പെട്ടത് ബി.രാജീവനാണ്.[3] ഇങ്ങനെ, മലയാളസാഹിത്യപഠനങ്ങളുടെ ഭിന്ന സന്ദർഭങ്ങളിൽ അനുഭൂതികൾ ചരിത്രം തന്നെയാണെന്ന ബോധ്യം ഊർജിതമായി വർത്തിക്കുന്നുണ്ടെങ്കിലും സാമാന്യബോധത്തിന്റെ ഭാഗമായിത്തീരാൻ വിസമ്മതിക്കുന്നു. ഫ്രഡറിക് ജയിംസന്റെ രാഷ്ട്രീയ അബോധം (political unconscious) എന്ന സങ്കൽപ്പനം[4] ഈയാശയം സൈദ്ധാന്തികമായിത്തന്നെ ഉറപ്പിക്കുന്നു. ചരിത്രത്തിന്റെ വിളിപ്പേരാണ് അവിടെ സൗന്ദര്യം. സൗന്ദര്യമെന്നാൽ രാഷ്ട്രീയഅബോധം അഥവാ ചരിത്രത്തിന്റെ ഓമനപ്പേരല്ലാതെ മറ്റൊന്നുമല്ലെന്ന് ടെറി ഇഗ്ൾടൻ.[5] സാഹിത്യം ഇല്ല; എഴുത്ത് മാത്രമേ ഉള്ളൂ. ആധുനികാനന്തരസന്ദർഭത്തിൽ എഴുത്ത് എന്ന സങ്കൽപനം ചിന്തയുടെ പൊതുമണ്ഡലം കൈയേറിക്കഴിഞ്ഞിരിക്കുന്നു. അർത്ഥത്തിന്റെ അനുസ്യൂതമായ നീട്ടിവയ്ക്കൽ എന്ന് ഴാക്ക് ദരിദ ഈ സങ്കല്പം നിർവചിച്ച് വിശദീകരിച്ചിട്ടുണ്ട്. അർത്ഥഅസാന്നിധ്യത്തിന്റെ ഈ സന്ദർഭത്തിൽ സാർവലൗകികവും സാർവകാലികവുമായ സാഹിത്യമെന്ന സങ്കല്പം ആശയവാദമിഥ്യയായിത്തീരുന്നു. സാഹിത്യം എന്നു പറയാവുന്ന അചാല്യമോ സവിശേഷമോ ആയ ജ്ഞാനമണ്ഡലം–അനുഭൂതിവ്യവസ്ഥ–നിലനില്ക്കുന്നില്ല. ഉള്ളത് എഴുത്ത് മാത്രം. ഈ എഴുത്തുകളെ സാഹിത്യമാക്കി കാനോനീകരിക്കുന്നത് അതാതു കാലത്തും ചരിത്രത്തിലും നിലനില്ക്കുന്ന അക്കാദമികൾ, വിദ്യാലയങ്ങൾ, മാധ്യമങ്ങൾ തുടങ്ങിയ സവിശേഷവ്യവഹാരങ്ങളാണ്. ഭിന്ന ചരിത്രസംസ്കാരസന്ദർഭങ്ങൾ എഴുത്തിൽ ഇടപെട്ട് ഉല്പാദിപ്പിക്കുന്ന വ്യാവഹാരികപ്രതീതികളിലൊന്നുമാത്രമാണ് സാഹിത്യം അഥവാ സൗന്ദര്യമെന്ന് ഇഗ്ൾടന്റെ നിരീക്ഷണം മുമ്പ് സൂചിപ്പിച്ചു. ഓരോ ചരിത്രസംസ്കാരപ്രകരണവും അവയ്ക്കാവശ്യമായ അർത്ഥസൗന്ദര്യങ്ങൾ എഴുത്തിൽ ഇടപെട്ട് വായിച്ചെ (untranscendental) ടുക്കുന്നുവെന്നു സാരം. അതായത് സംസ്കാരപാഠങ്ങളിൽ അസന്നിഹിതഹേതുവാ (absent cause) യിരിക്കുന്ന ചരിത്രത്തിന്റെ അനതിക്രമ്യചക്രവാളം (horizon) തന്നെയാണ് സൗന്ദര്യം. ഇത് അചാല്യവസ്തുവോ അടഞ്ഞ വ്യവസ്ഥയോ അല്ല. ചരിത്രസംസ്കാരപ്രകരണങ്ങളുടെ അനേകം സൂക്ഷ്മാധികാരബലതന്ത്രങ്ങൾ പ്രവർത്തിക്കുന്ന, സൂചകങ്ങളുടെ ആകാശഗംഗയാണ് പാഠം (text) എന്ന് റൊളാങ് ബാർത്ത്. ഈ പാഠങ്ങൾ ചരിത്രാത്മകമാണെന്ന് നവചരിത്രവാദം പറയും. അങ്ങനെ സാഹിത്യം എന്നൊരു അചാല്യസത്ത ഇല്ലെന്നു

വരുന്നതോടെ ഈ സ്ഥാപനത്തിനുമേൽ കെട്ടിയുയർത്തിയിരുന്ന ശാശ്വതകൃതി, സാർവലൗകികസാഹിത്യം, പ്രതിഭാശാലിയും സർവജ്ഞനുമായ ഗ്രന്ഥകാരൻ, പ്രജാപതിയായ കവി, കവിദർശനം, കൃതികളിൽ കവി ഒളിപ്പിച്ചുവച്ച, ലീനമായ അർത്ഥം തുടങ്ങിയ ആദർശസ്ഥാപനങ്ങൾ സ്വയം റദ്ദാവുന്നു. ജയിംസൻ പറയുമ്പോലെ, സൗന്ദര്യം സൂക്ഷ്മചരിത്രത്തിന്റെ അഥവാ രാഷ്ട്രീയഅബോധത്തിന്റെ വിളിപ്പേരല്ലാതെ മറ്റൊന്നുമല്ല എന്നു വരുന്നു. സാഹിത്യം ഉല്പാദിപ്പിക്കുന്നതും സാഹിത്യത്തെ ഉല്പാദിപ്പിക്കുന്നതുമായ വ്യവഹാരങ്ങളും കർതൃത്വങ്ങളും തന്മകളും അന്വേഷണവിഷയമായിത്തീരുന്നു. ജ്ഞാനോല്പാദനത്തിന്റെ രീതിപദ്ധതികളും ഉപാധികളും വിശകലനത്തിന്റെ കേന്ദ്രത്തിലേക്ക് കടന്നുവരുന്നു.

ഇവയുടെ ഫലശ്രുതി, സൗന്ദര്യം ചരിത്രാത്മകമായി നിർമിക്കപ്പെടുന്ന ഭൗതികയാഥാർത്ഥ്യമെന്നു തന്നെ. പുതുവൈജ്ഞാനികതയുടെ ഈ സന്ദർഭത്തിൽ, സാഹിത്യചരിത്രങ്ങൾ സൗന്ദര്യത്തെയും അതുവഴി ദേശരാഷ്ട്രങ്ങളെയും അഥവാ സൗന്ദര്യദേശങ്ങളെയും നിർവചിച്ച് സാധൂകരിക്കുന്നതെങ്ങനെയെന്ന അന്വേഷണം പ്രസക്തമായിത്തീരുന്നു. ഭാവന ഭക്ഷിച്ചു ജീവിക്കുന്ന ജന്തു (species) വാണ് മനുഷ്യൻ. ഭാവനകൊണ്ടു ചമച്ച ലോകമാണ് മാനുഷ്യകം. നാം ഭക്ഷിച്ചുവളരുന്ന, നമ്മുടെ രക്തവും ശരീരവും നാം തന്നെയുമായിത്തീരുന്ന അനുഭൂതികളുടെ ഈ സൂക്ഷ്മലോകത്തെ സൗന്ദര്യദേശം എന്നു വിളിക്കാം. മനുഷ്യരെ സാമൂഹികമായി ഇണക്കിച്ചേർത്ത് ജനതയാക്കിത്തീർക്കുന്ന ഭാവനാബന്ധമെന്ന നിലയിൽ ജനതയെയും ദേശരാഷ്ട്രങ്ങളെയും നിർമിച്ചുകൊണ്ടേയിരിക്കുന്നവ്യവഹാരമാണത്. മലയാളി എന്ന ജനതയെയും കേരളം എന്ന പ്ര/ദേശത്തെയും ആത്മ–അപരങ്ങളെയും അധ്യാത്മത്തെയും വർണാശ്രമധർമകേന്ദ്രിതമായി നിർമിച്ച് നിർവചിച്ച് സാധൂകരിക്കുന്ന ഈ സൗന്ദര്യദേശത്തിന്റെ രാഷ്ട്രീയഅബോധം അപഗ്രഥിക്കുകയെന്നാൽ നമ്മെ (മലയാളത്തെ) നാമാ (ജനതയാ) ക്കിയ സൂക്ഷ്മഭൗതികം വിശദീകരിക്കുകയെന്നാണർത്ഥം. ഈ സൗന്ദര്യദേശങ്ങളുടെ നിർമിതിയിൽ സാഹിത്യചരിത്രങ്ങളും സാഹിത്യചരിത്രനിർമിതിയിൽ സൗന്ദര്യദേശങ്ങളും നിർവഹിക്കുന്ന ധർമം അപഗ്രഥിക്കുകയാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം. രണ്ട് ഭാഗങ്ങളായാണ് ഈ അന്വേഷണം വിഭാവനം ചെയ്യുന്നത്. ഒന്നാം ഭാഗത്ത് സൗന്ദര്യദേശം എന്ന പരികല്പന സംക്ഷേപിക്കുന്നു. രണ്ടാം ഭാഗത്ത് സാഹിത്യചരിത്രങ്ങൾ വ്യവഹാരങ്ങളെന്ന നിലയിൽ നിർമിക്കുന്ന സൗന്ദര്യദേശങ്ങളുടെ

രാഷ്ട്രീയം വിശദീകരിക്കുന്നു. മലയാളഭാഷാചരിത്രം (സർവാധികാര്യക്കാർ പി.ഗോവിന്ദപിള്ള, 1891), കേരളസാഹിത്യചരിത്രം (ഉള്ളൂർ, 1953 ജൂൺ), കൈരളിയുടെ കഥ (എൻ. കൃഷ്ണപിള്ള, 1958 ജൂൺ), സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ (എഡി.)കെ.എം.ജോർജ് (1958 നവമ്പർ), എന്നീ സാഹിത്യചരിത്രങ്ങളാണ് ആധാരം.

**സൗന്ദര്യം, ദേശം സൗന്ദര്യദേശം**

ഘടനാനന്തരചിന്തയുടെ ഉൾക്കാഴ്ചകൾ ഊർജിതമായിക്കഴിഞ്ഞ സമകാലവൈജ്ഞാനികതയിൽ മനുഷ്യർ, അവരുടെ വികാരവിചാരങ്ങൾ, അനുഭൂതികൾ എന്നിങ്ങനെ സമസ്തവും ചരിത്രാത്മകം നിർമിക്കപ്പെടുന്നവയാണെന്നും സൂക്ഷ്മാർത്ഥത്തിൽ അവ ചരിത്രംതന്നെയാണെന്നും വന്നു. മനുഷ്യവികാരങ്ങളും അനുഭൂതികളും, നാടുവാഴിഘടനയിൽ ചരിത്രബാഹ്യവും ഭൂതാതീതവുമായി നിലനില്ക്കുന്ന സനാതനസത്തകളായി പീഠവൽക്കരിക്കപ്പെട്ടിരുന്നു. യഥാർത്ഥത്തിൽ ഇവ സനാതനം, അഥവാ, ശാശ്വതമാണെന്ന തോന്നൽ ഉളവാക്കിയത് നാടുവാഴിസമൂഹം മൗലികമായി ചലനരഹിതമായതുകൊണ്ടാണ്. അതായത് മനുഷ്യജീവിതത്തിന്റെ നിശ്ചലത എന്ന ചരിത്രത്തിന്റെ പേരാണ് ജാതി–ജന്മി–നാടുവാഴിത്തം. മൂലധനരൂപിയായ ഈ സൂക്ഷ്മചരിത്രമാണ് സാഹിത്യത്തിൽ ക്ലാസിക് യുഗം എന്നു പേരുവിളിക്കപ്പെട്ടത്. ഈ കാലാതീതത്വംപോലും ആത്യന്തികമായി ചരിത്രരാഹിത്യമല്ല. ചരിത്രം ദൃശ്യമാകുന്നതിലെ വേഗക്കുറവാണ് ചലനരാഹിത്യമെന്ന തോന്നലുളവാക്കുന്നത്. സമകാലവൈജ്ഞാനികതയിൽ, ഇവ ചരിത്രത്തിന്റെ ആവിഷ്കാരഭേദങ്ങളാണ്. ഇവയിലൂടെ സംസാരിക്കുന്നത് അവ്യാകൃതചരിത്രമാണ്. അഥവാ മനുഷ്യർ ജീവിക്കുന്ന ജീവിതമാണ്. സാഹിത്യവും സംഗീതവുമുൾപ്പെടുന്ന സമസ്ത കലാവ്യവഹാരങ്ങളും ചരിത്രപരമായി നിർമിക്കപ്പെടുന്നവയാണെന്നും അതുകൊണ്ടുതന്നെ അവയ്ക്ക് ചരിത്രമുണ്ടെന്നും ഇന്ന് സാമാന്യബോധത്തിന്റെ ഭാഗമായിത്തീർന്നുകൊണ്ടിരിക്കുന്നു. മനുഷ്യബന്ധങ്ങളിൽ സാന്ദ്രീഭൂതമാകുന്ന ചരിത്രമാണ് ഇവയിൽ അനുഭൂതികളായി വെളിപ്പെടുന്നത്. ഇതാകട്ടെ, സംസ്കാരപാഠങ്ങളിൽ നിലനില്ക്കുന്നതും വ്യാഖ്യാനങ്ങളിലൂടെ മാത്രം വെളിപ്പെടുന്നതുമായ വർഗസംഘർഷങ്ങളുടെ ദമിതയാഥാർത്ഥ്യങ്ങളാണ്. സൂക്ഷ്മാർത്ഥത്തിൽ സൗന്ദര്യാനുഭൂതി. സംസ്കാര/സാഹിത്യപാഠങ്ങളിൽ മൂലധനരൂപത്തിൽ വർത്തിക്കുന്ന അസന്നിഹിതഹേതുവും അനതിക്രമ്യവുമായ ഈ ചക്രവാളം ചരിത്രമാണ്.[6]

ദേശങ്ങൾ ഭാവനാത്മകനിർമിതികളാണ് എന്ന് ബനഡിക്ട് ആന്റേഴ്സൻ വിശദീകരിച്ചിട്ടുണ്ട്.[7] മനുഷ്യർ, മുൻകൂർ നിലനില്ക്കുന്ന, ഏതെങ്കിലും സാക്ഷാദ് സത്തയുടെ ആവിഷ്കാരങ്ങളല്ലെന്നും സാമൂഹ്യബന്ധങ്ങളുടെ സംഘാതമാണെന്നും മാർക്സ്.[8] ഈ മനുഷ്യ/ന്റെ സൃഷ്ട്യുന്മുഖതയുടെ പേരാണ് ഭാവന. അതിന്റെ ഫലശ്രുതിയാണ് മാനുഷ്യകം; മനുഷ്യർ സ്വന്തം ഇച്ഛയാൽ തീർത്ത ലോകം. സ്വപ്നങ്ങൾ ഇല്ലായിരുന്നെങ്കിൽ ഈ ലോകം നിശ്ചലവും ശൂന്യവുമാകുമായിരുന്നുവെന്നും മനുഷ്യന്റെ സങ്കല്പഗന്ധമില്ലാത്തൊരു മന്ത്രമുണ്ടോ വേദമന്ത്രമുണ്ടോ എന്നും വയലാർ പാട്ടെഴുതുന്നു. മറ്റുവാക്കുകളിൽ, ഭാവന ഭക്ഷിച്ചു ജീവിക്കുന്ന ജന്തുക്കളാണ് മനുഷ്യർ. മാർക്സ് സൂചിപ്പിച്ച 'സാമൂഹ്യബന്ധങ്ങളുടെ സംഘാതത്വം' ഈ ഭാവനയുടെ പ്രപാതഫലമാണ് (effect). അനുഭൂതിലോകം, ഭാവലോകം, അനുഭൂതിപ്രത്യക്ഷം എന്നെല്ലാം ഇതിനെ സൂക്ഷ്മീകരിക്കാം. രാഷ്ട്രീയഅബോധം എന്നു ജയിംസൻ വിളിച്ച അതിസങ്കീർണമായ ഈ വ്യവഹാരത്തെ സൗന്ദര്യദേശമെന്ന് പരിഭാഷപ്പെടുത്താം.

എന്താണ് ഇതിന്റെ ഘടന? ഇതെങ്ങനെയാണ് രൂപപ്പെടുത്തുന്നത്? ഈ ഘടനയിലൂടെ ആര്, ആരോട്, എന്ത്, എങ്ങനെ, എപ്പോൾ, എന്തിന് സംസാരിക്കുന്നു? ഈ ചോദ്യങ്ങൾക്കുള്ള വിശദീകരണം ഇതിന്റെ പ്രവർത്തനപദ്ധതി–ഘടനയും ധർമവും–വെളിപ്പെടുത്തും.

അനേകം വ്യവഹാരങ്ങളുടെ കലർപ്പിൽ നിർമിക്കപ്പെടുന്ന അന്തർവൈജ്ഞാനികസ്വാഭാവിയായ ഘടനയാണ് സൗന്ദര്യദേശം. ഏതെങ്കിലും ഒറ്റ വ്യവഹാരത്താൽ നിർമിക്കപ്പെടുകയോ ഒറ്റ വ്യവഹാരത്താൽ തകർക്കപ്പെടുകയോ ചെയ്യുന്ന കേവല വ്യവഹാരമേയല്ല. അതിസങ്കീർണമാണതിന്റെ ഘടന. രാഷ്ട്രീയം, സാമൂഹ്യം, വിപണി, ചന്ത, മതം, ചരിത്രം, ചലച്ചിത്രം, സാഹിത്യം (വിമർശനം,സാഹിത്യചരിത്രം, പ്രസാധനം) തുടങ്ങിയ അനേകം വ്യവഹാരങ്ങൾ ചൂണ്ടിക്കാണിക്കാനാവും. ഇവയുടെയെല്ലാം ഘനീഭൂതവ്യവഹാരമാണെന്നു സൂക്ഷ്മീകരിക്കാം. സാന്ദ്രീഭൂതമായ ഈ അനുഭൂതിപ്രത്യക്ഷത്തെയാണ് നാം മനുഷ്യർ എന്നു വിളിക്കുക. ഈയർത്ഥത്തിൽ മനുഷ്യരെ–മനുഷ്യത്വത്തെയും–അത് രൂപപ്പെടുത്തുന്നുവെന്ന് പറയാം.

ഭാഷയിൽ അർത്ഥം എന്നറിയപ്പെടുന്ന ഗുണം തന്നെയാണ് ഇതര മാനവികശാസ്ത്രങ്ങളിൽ യാഥാർത്ഥ്യം, ഉണ്മ, സത്യം, സൗന്ദര്യം, സാഹിത്യം എന്നെല്ലാം വ്യവഹരിക്കപ്പെടുന്നത്. സാമാന്യബോധം, മനുഷ്യത്വം എന്നെല്ലാം ഇതിനെ ഇനിയും ദീർഘിപ്പിക്കാം.

സാഹിത്യചരിത്രങ്ങൾ മുഖ്യഅവലംബമാക്കി ഇക്കാര്യം വിശദീകരിക്കാം. സാഹിത്യം, സൗന്ദര്യം, ലാവണ്യം എന്നീ പദങ്ങളാൽ സൂചിപ്പിക്കപ്പെടുന്ന അതേ വ്യവഹാരം തന്നെയാണ് യാഥാർത്ഥ്യം തുടങ്ങിയ ശബ്ദങ്ങൾകൊണ്ടു സൂചിപ്പിക്കപ്പെടുന്നതെന്ന് മുകളിൽ വിശദീകരിച്ചു. സാഹിത്യചരിത്രങ്ങൾ രൂപപ്പെടുത്തുന്ന സൗന്ദര്യദേശത്തിന്റെ സ്വഭാവമെന്താണ്? ഏതുതരം അനുഭൂതിപ്രത്യക്ഷത്തെയാണ് മലയാളസാഹിത്യം എന്നു വിളിക്കുന്നത്? ആരുടെ ജീവിതമാണ്–അഥവാ അനുഭൂതിലോകങ്ങളാണ്–സാഹിതീയ/സൗന്ദര്യപദവിക്കർഹമായത്81? സാഹിത്യം എന്ന് പീഠവൽക്കരിക്കപ്പെട്ടത്? ഈ ചോദ്യം തന്നെയും മറ്റൊരു രീതിയിൽ ഉന്നയിക്കാം. ഈ 'മലയാളസാഹിത്യ'ത്തിലൂടെ ആരാണ് സംസാരിക്കുന്നത്? ഈ സാഹിത്യത്തെ പീഠവൽക്കരിക്കുന്ന സാഹിത്യചരിത്രങ്ങൾ ആരെക്കുറിച്ചാണ് സംസാരിക്കുന്നത്? ആരുടെ ജീവിതമാണ് സാഹിത്യമായി അവരിൽ കാനോനീകരിക്കപ്പെടുന്നത്? അങ്ങനെ പീഠവൽക്കരിക്കുന്നതിലൂടെ ഓരങ്ങളിലേക്ക് തള്ളിമാറ്റി, അസാഹിതീയമാക്കി ഒതുക്കുന്നത്? അദൃശ്യവൽക്കരിക്കുന്നത് ആരുടെ ജീവിതമാണ്?

### ഭാഷയും പിതാവും

'മലയാളസാഹിത്യം' എന്ന സാമാന്യബോധത്തെ സൂക്ഷ്മമായി സമീപിച്ചാൽ ഇക്കാര്യം തെളിഞ്ഞുകിട്ടും. 1891–ൽ അച്ചടിച്ച മലയാളത്തിലെ പ്രഥമസാഹിത്യചരിത്രം–മലയാളഭാഷാചരിത്രം[9]–മുതലിങ്ങോട്ട്, എവിടെ തിരഞ്ഞാലും കണ്ടുപിടിക്കാൻ പൊടിപോലുമില്ലാത്തതും എന്നാൽ അദൃശ്യമായി, യാതൊന്നു കാണാത്തത് നാരായണപ്രതിമ/യാതൊന്നു കേൾപ്പതത് നാരായണസ്തുതികൾ എന്ന് അശരീരിയായി വ്യാപിക്കുന്നതുമായ ഒരു വ്യവഹാരമുണ്ട്. 'ഭാഷാപിതാവ്' എന്നതാണ് വ്യവഹാരം.

ഈ വ്യവഹാരത്തെ പ്രശ്നവൽക്കരിക്കേണ്ടതുണ്ട്. ചരിത്രവൽക്കരിക്കേണ്ടതുണ്ട്. ആരു തുടങ്ങി എന്നു തുടങ്ങി എന്നിങ്ങനെയുള്ള കുറ്റാന്വേഷണ രീതിശാസ്ത്രമല്ല (അതും ആവശ്യമാണെങ്കിലും) ഇവിടെ അനുസരിക്കുക. ആ വ്യവഹാരം ഉല്പാദിപ്പിക്കുന്ന ജ്ഞാനരൂപങ്ങൾ–സ്ഥാപനങ്ങൾ, മനുഷ്യർ, വ്യക്തികൾ, പൗരർ, പ്ര/ദേശം, രാഷ്ട്രം, ദേശരാഷ്ട്രം–തുടങ്ങിയ വ്യവഹാരങ്ങൾ അപഗ്രഥിക്കുന്ന രീതിപദ്ധതിയാണ് ഇവിടെ ഉചിതം.

'നമുക്കെഴുത്തച്ഛനെടുത്ത ഭാഷാ
ക്രമക്കണക്കേ ശരണം, ജനങ്ങൾ

സമസ്തരും സമ്മതിയാതെ കണ്ടി-
സ്സമർത്ഥനോതില്ലൊരു വാക്കുപോലും'

എന്ന് 1912-ൽ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, 'കേരളം' എന്ന കവിതയിൽ എഴുതി. പിന്നീട്, വള്ളത്തോൾ, 1920-ൽ 'തുഞ്ചത്തെഴുത്തച്ഛൻ' എന്ന കവിതയിൽ,

'ചേണൊക്കും പുതുമലയാണ്മതൻ മഹേശ്വരൻ
വാണരുളിയ പുണ്യക്ഷേത്രമേ, നമസ്കാരം![10]

എന്നുമെഴുതി. 1930-ൽ മദിരാശി സർവകലാശാലയിൽ നടത്തിയ പ്രഭാഷണത്തിൽ സാഹിത്യപഞ്ചാനനൻ, എഴുത്തച്ഛനെ, 'ഭാഷാസാഹിത്യകുലപതി' എന്നും 'ഭാഷാസാഹിത്യത്തിന്റെ സ്ഥാപനാചാര്യനായി ശോഭിക്കേണ്ട എഴുത്തച്ഛനിൽ സന്മാർഗനിഷ്ഠയ്ക്കു നിഷ്ഠുരമായ പ്രതിഷ്ഠ കാണുന്നത് കേരളീയരുടെ ഭാഗ്യം തന്നെ' (1996: 228) എന്നുമെഴുതുന്നു. 'തുഞ്ചത്തെഴുത്തച്ഛനെ ഭാഷാസാഹിത്യത്തിന്റെ പിതാവെന്നും കേരളീയരുടെ ഗുരുവെന്നും പറയുന്നത് ഏറ്റവും അർത്ഥവത്താകുന്നു'വെന്ന് 1953-ൽ ഉള്ളൂർ (2015: 686).

'എഴുത്തച്ഛനെടുത്ത ഭാഷാക്രമക്കണക്ക്'', പുതുമലയാണ്മതൻ മഹേശ്വരൻ', 'ഭാഷാസാഹിത്യകുലപതി', 'ഭാഷാസാഹിത്യത്തിന്റെ സ്ഥാപനാചാര്യൻ' എന്നിങ്ങനെ 1912-ൽ തുടങ്ങിയ വ്യവഹാരം 1953-ലെത്തുമ്പോൾ, 'ഭാഷാസാഹിത്യത്തിന്റെ പിതാവ്'' ആയി പരിണമിച്ചു. ഈ വിശേഷണങ്ങളിലൊക്കെയും ഊന്നൽ സാഹിത്യഭാഷയുടെ നവീകരണം എന്ന പ്രവൃത്തിയിലാണ്. ഭാഷാസാഹിത്യം ഒടുവിലെത്തുമ്പോൾ 'സാഹിത്യം' കൈയൊഴിഞ്ഞ് ഭാഷാപിതാവിലേക്ക് ഒടിമറയുകയായിരുന്നു. ഭാഷ എന്നാൽ സാഹിത്യമെന്ന സമവാക്യത്തിൽ 'സാഹിത്യം' സാമാന്യബോധത്തിൽ മാഞ്ഞുപോവുകയും ഭാഷ അവശേഷിക്കുകയും ചെയ്തു. അങ്ങനെ 'ഭാഷാസാഹിത്യപിതാവ്'' എന്ന സാഹിത്യവ്യവഹാരം 'ഭാഷാപിതാവ്'' എന്ന രാഷ്ട്രീയവ്യവഹാരമായി പരിണമിച്ചു. ഇത് വ്യവഹാരത്തിന്റെ പരിണാമചരിത്രം. പരിണാമം പക്ഷേ, കേവലമല്ല, ചരിത്രപരമായ–മനുഷ്യജീവിതസംബന്ധിയായ–അനിവാര്യതകളുടെയും ഭൗതികാവശ്യങ്ങളുടെയും ഫലശ്രുതിയാണ്. അപ്പോൾ ചില ഭൗതികാവശ്യങ്ങൾ–ചരിത്രം–ആണ് ഈ വ്യവഹാരത്തെ ഇങ്ങനെ നിർമിച്ചതെന്നു സാരം. എന്തായിരുന്നു ആ ചരിത്രം? സാഹിത്യചരിത്രങ്ങളും മലയാളസാഹിത്യവും അതിന് വിശദീകരണം നല്കട്ടെ.

പതിനാറാം ശതകത്തിൽനിന്ന് ഇരുപതാം ശതകത്തിലേക്കുള്ള, സൂക്ഷ്മാർത്ഥത്തിൽ ജാതി–ജന്മി–നാട്ടുവാഴിത്ത കേരളത്തിൽ നിന്ന് ആധുനികകേരളത്തിലേക്കുള്ള ചരിത്രപരിണതിയുടെ സന്ദർഭത്തിലാണ് എഴുത്തച്ഛൻകൃതികൾ സാഹിത്യവും എഴുത്തച്ഛൻ ഭാഷാ (സാഹിത്യ) പിതാവുമായി പീഠവൽക്കരിക്കപ്പെടുന്നത് എന്ന് സാഹിത്യചരിത്രങ്ങളുടെ സാമാന്യപാരായണം പോലും ബോധ്യപ്പെടുത്തുന്നുണ്ട്.

മലയാളത്തിന്റെ സാമാന്യബോധത്തിൽ തുഞ്ചൻ മലയാളഭാഷയുടെ പിതാവാണ്. സ്കൂൾ തലം മുതൽ ഉന്നതവിദ്യാഭ്യാസം–ഗവേഷണപഠനം–വരെ ഇത് ഒരു ചിട്ടപോലെ തുടരുന്നു; ആവർത്തിച്ചുറപ്പിക്കുന്നു; വിവേചനരഹിതമായിത്തന്നെ. ഇതിൽ ഒരു വിച്ഛേദം, വാസ്തവത്തിൽ സംഭവിക്കുന്നത് (1997 മുതൽ) കാലടി സംസ്കൃതസർവകലാശാലയിലെ മലയാളവിഭാഗത്തിൽ ഡോ. സ്കറിയാ സക്കറിയ പ്രൊഫസറായി, സാഹിത്യചരിത്രവിജ്ഞാനീയം ബിരുദാനന്തരബിരുദപാഠ്യപദ്ധതിയിലെത്തുന്നതോടെയാണ്; സംസ്കാരപഠനം (cultural studies) മലയാളപഠനത്തിന്റെ ഭാഗമായിത്തീരുന്ന ചരിത്രസന്ദർഭം. സാഹിത്യചരിത്രങ്ങൾ എന്തു ചെയ്യുന്നുവെന്ന് മലയാളത്തിൽ ആദ്യചോദ്യം ഉയർന്നത് അവിടെയായിരുന്നു. മലയാളസാഹിത്യപഠനത്തിന്റെ സാമാന്യബോധം പ്രശ്നവൽക്കരിക്കപ്പെട്ടു, അതോടെ.

മലയാളം, ഏകശിലാരൂപിയായ ഒരു ഭാഷയാണോ? അല്ലെങ്കിൽ ഏത് മലയാളഭാഷയുടെ പിതാവാണ് എഴുത്തച്ഛൻ? (ഭാഷയ്ക്കും പിതാവോ? എങ്കിൽ മാതാവ് എന്തുകൊണ്ട് ആലോചനാവിഷയമാകുന്നില്ല? തുടങ്ങിയ ചോദ്യങ്ങൾ അവിടെ നില്ക്കട്ടെ) പൂർവപക്ഷം തന്നെ പരിശോധിക്കാം. 'ഭാഷാസാഹിത്യത്തിന്റെ സ്ഥാപനാചാര്യനായി ഗണിക്കേണ്ട എഴുത്തച്ഛനിൽ സന്മാർഗനിഷ്ഠക്ക് നിഷ്ഠുരമായ പ്രതിഷ്ഠ കാണുന്നത് കേരളീയരുടെ ഭാഗ്യം തന്നെയാണ്' എന്ന് 1930-ൽ സാഹിത്യപഞ്ചാനനൻ (1996: 228) എഴുതി.[11]

എന്താണ് പഞ്ചാനനൻ സൂചിപ്പിച്ച 'കേരളീയരുടെ ഭാഗ്യം'? എന്താണ് തുഞ്ചനിൽ അദ്ദേഹം കാണുന്ന ഈ സന്മാർഗനിഷ്ഠ? അദ്ദേഹം തന്നെ മറ്റൊരിടത്ത് ഇത് വിശദീകരിക്കുന്നുണ്ട്. കാണുക: 'അബ്രാഹ്മണർക്ക് അഭിഗമ്യമല്ലെന്നുള്ള ഭാവനയാ ബന്ധിച്ചിരുന്ന കവാടങ്ങളെ അധ്യാത്മജ്ഞാനസമ്പാദനത്തിന് അദ്ദേഹം തുറന്നു. മാതൃഭക്തി, പിതൃഭക്തി, ഗുരുഭക്തി, ഈശ്വരഭക്തി, സജ്ജനഭക്തി മുതലായ സദാചാരനിഷ്ഠക്ക് അചഞ്ചലസങ്കേതങ്ങളായി മഹനീയസാഹിത്യാധിഷ്ഠാന ഭൂമികളെ

അദ്ദേഹം കേരളീയർക്കു സമ്പാദിച്ചു കൊടുത്തു (1996: 239).' തുഞ്ചനിൽ കാണുന്ന സന്മാർഗനിഷ്ഠ സൂക്ഷ്മാർത്ഥത്തിൽ സനാതനമതത്തിന്റെ വ്യവഹാരമാണ്. ഇതിന്റെ നിഷ്ഠുരമായ പ്രതിഷ്ഠ കേരളത്തിലെ ഏത് ജനതയുടെ ഭാഗ്യമാണ്? തുഞ്ചന്റെ രാഷ്ട്രീയം ഇതിൽ ഘനീഭൂതമായിരിക്കുന്നു. അത് ഏതായാലും കേരളത്തിലെ അവർണരുടേതോ സ്ത്രീകളുടേതോ അല്ലതന്നെ. ശൂദ്രരുടേതുപോലുമല്ല.[12] അത് വർണാധികാരിയായ ബ്രാഹ്മണപുരുഷന്റെ നിഷ്ഠയും അതുകൊണ്ട്തന്നെ അവരുടെ മാത്രം ഭാഗ്യവുമാണ്. നോക്കുക:

(ക) അക്ഷരാനഭിജ്ഞത്വമജ്ഞത്വം മൂഢത്വവു
മക്ഷരവ്യക്തിവിഹീനാലാപങ്ങളുമെല്ലാം
ശൂദ്രധർമങ്ങളെന്നു ധരിക്ക യുധിഷ്ഠിര! എന്നും
(ഖ) സ്ത്രീധർമം മിക്കവാറും ശൂദ്രധർമത്തെപ്പോലെ, എന്നും
(ഗ) ആരണർക്കൊരുദുഃഖം കാണുമ്പോളതുതീർപ്പാൻ
പ്രാണത്യാഗവുംചെയ്തു സദ്ഗതി ലഭിക്കേണം

എന്നും അർത്ഥസാസ്ത്രപ്രോക്തമായ ബ്രാഹ്മണസേവ എന്ന വർണാധികാരത്തെ സ്വധർമമായി എഴുത്തച്ഛൻ തന്നെയും (മഹാഭാരതം, ശാന്തിപർവം, ഭീഷ്മോപദേശം) കാനോനീകരിക്കുന്നു. ഇത് വർണാശ്രമധർമവ്യവഹാരത്തിന്റെ കർതൃത്വനിർമാണരീതി വെളിപ്പെടുത്തുന്നുണ്ട്. വർണധർമത്തിന്റെ വിലോഭനീയത തുഞ്ചനെപ്പോലും മോഹിപ്പിച്ചുകളഞ്ഞുവെന്നു സാരം. ബ്രാഹ്മണസേവ എന്നാൽ വർണാശ്രമ ധർമപാലനമെന്നർത്ഥം. ആധുനികകേരളത്തിന്റെ അബോധഘടന ഇവിടെ തുടങ്ങുന്നു.

അതുകൊണ്ട്, പഞ്ചാനനൻ, വി.ടിയുടെ വാക്കുകൾ ഉപയോഗിച്ചാൽ, മനയ്ക്കലെ കാര്യസ്ഥന്റെ വായ്നാറ്റമുള്ള ഭാഷയിൽ, കേരളീയരുടെ തലയിൽ കെട്ടിയേല്പിക്കാനുദ്ദേശിക്കുന്ന ആ ഭാഗ്യം കേരളീയരുടേതല്ല. അല്ലേയല്ല; ബ്രാഹ്മണപുരുഷന്റേതാണ്. അവന്റെ അനുഭൂതിലോകത്തെയും ലോകബോധത്തെയും പുതിയ കേരള (ദേശ) ത്തിന്റെ അബോധമാക്കി ഉറപ്പിക്കുകയാണ് തുഞ്ചൻസാഹിത്യം എന്നുതന്നെയാണ് പഞ്ചാനനനിരീക്ഷണത്തിന്റെ നിഹിതാർത്ഥം; വർണാശ്രമധർത്താൽ ഊട്ടിവളർത്തപ്പെട്ടതിനാൽ പഞ്ചാനനൻ സ്വയം അതറിയുന്നില്ലെന്നുമാത്രം.

ഇനി,

'ചേണൊക്കും പുതുമലയാണ്മതൻ, മഹേശ്വരൻ
വാണരുളിയ പുണ്യക്ഷേത്രമേ, നമസ്കാരം!'

എന്ന് വള്ളത്തോൾ (1920, തുഞ്ചത്ത് എഴുത്തച്ഛൻ). വീണ്ടും മുപ്പത്തിമൂന്നു

വർഷത്തിനുശേഷം, 1953-ൽഉള്ളൂർ (2015: 686) എഴുതുന്നു: 'തുഞ്ചത്തെഴുത്തച്ഛനെ ഭാഷാസാഹിത്യത്തിന്റെ പിതാവെന്നും കേരളീയരുടെ ഗുരുവെന്നും പറയുന്നത് ഏറ്റവും അർത്ഥവത്താകുന്നു....ഭാഷാകവിതയെ സമുദ്ധരിച്ച് അതിനെ സംസ്കൃതകവിതക്കു സമസ്കന്ദമായ സ്ഥാനത്തിൽ ഉപവേശിപ്പിക്കുവാൻ അദ്ദേഹം യാവജ്ജീവം നിസ്തന്ദ്രമായി പ്രയത്നിച്ചു.' വളരെ പ്രത്യക്ഷമാണ് ഉള്ളൂരിന്റെ നിലപാട്. സംസ്കൃതകവിതയ്ക്ക് സമസ്കന്ദമാക്കുകയാണ് തുഞ്ചൻ ചെയ്തതെന്നും അതാണ് മലയാളകവിതയുടെ ശ്രേഷ്ഠതയ്ക്ക് വേണ്ടതെന്നും ഉള്ളൂർ കരുതുന്നു. സംസ്കൃതീകരണം രക്ഷയായി കാണുന്ന ഈ കാഴ്ച, ബ്രാഹ്മണികതയുടെ ഉല്പന്നമല്ലാതെ മറ്റൊന്നുമല്ല. മാത്രമല്ല, ഉപവേശിപ്പിക്കൽ തുടങ്ങിയ ബ്രാഹ്മണികതയുടെ ഭ്രഗുരുത്വമാർന്ന പദാവലിയിലാണ് ഉള്ളൂർ സംസാരിക്കുന്നതും. ബ്രാഹ്മണീകരണം ഉള്ളൂരിന് സ്വാഭാവികതയാണെന്നു സാരം. ഇതേ അബോധം പിന്തുടരുന്ന മറ്റൊരു നിരീക്ഷണം കാണുക: 'എഴുത്തച്ഛനോടുകൂടി മലയാളഭാഷ മാത്രമല്ല, മലയാളസാഹിത്യവും അപക്വാവസ്ഥ നിശ്ശേഷം വിട്ട് തനിക്കുതാൻപോരിമയിലേക്കു നീങ്ങുന്നു. ആത്മവിശ്വാസത്തോടും തികഞ്ഞ മനോനിയന്ത്രണത്തോടുംകൂടി, ജീവിതത്തിന്റെ ഭൗതികവും ആദ്ധ്യാത്മികവുമായ തലങ്ങളിലെ അനുഭൂതിസാരങ്ങളെ ഗൗരവബുദ്ധ്യാവിശാലമായ ജനസാമാന്യത്തിനുവേണ്ടി ആവിഷ്കരിക്കാൻ പോരുന്ന വൈഭവം മലയാളസാഹിത്യം നേടിയെടുത്ത സന്ദർഭമായിരുന്നു അത്. വിനോദത്തെയും പ്രബോധനത്തെയുംകാൾ ആത്മശുദ്ധീകരണമാണ് ഉൽകൃഷ്ടകവിതമുഖേന സാധിക്കേണ്ടതെന്നു മറ്റാരേക്കാളും ഫലപ്രദമായി തെളിയിച്ച മഹാത്മാവിന്റെ വരിഷ്ഠകൃതികളാണ് രാമായണ,ഭാരതങ്ങൾ' (എൻ.കൃഷ്ണപിള്ള, 1998: 167). എന്താണ് ഇവിടെ സൂചിപ്പിച്ച താൻപോരിമ? ആര്യവ്യവഹാരങ്ങളനുസരിച്ച്, ധർമമാണ് ഒരാളെ തനിക്കുതാൻപോന്നയാളാക്കുന്ന വ്യവഹാരം. ധർമമെന്നാൽ വർണാശ്രമധർമം തന്നെ. അതുകൊണ്ട് തനിക്കുതാൻ പോരിമയെന്നാൽ വർണാശ്രമധർമത്തിന്റെ സ്വാംശീകരണം തന്നെ. സനാതനധർമം എന്നാണ് ഈ താൻപോരിമയ്ക്കർത്ഥമെന്നു മാത്രം.

ഈ നിരീക്ഷണങ്ങൾ ശ്രദ്ധിക്കുക. കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ, 'ഭാഷാക്രമക്കണക്ക്'' വാസ്തവത്തിൽ വൃത്തിവൽക്കരിക്കപ്പെട്ട സംസ്കൃതാധീശത്വമല്ലാതെ മറ്റൊന്നുമല്ല. ഈ ഭാഷാക്രമക്കണക്കിനെ സാധൂകരിക്കുവാൻ സാഹിത്യചരിത്രകാരന്മാർ (കാരികളല്ല) അഹമഹമികയാ തള്ളിയേറിവരുന്നുമുണ്ട്. ഒരുദാഹരണം മാത്രം പറയാം. 'പൂർവകാലത്തെ

മണിപ്രവാളസമ്പ്രദായത്തിന്റെ ചില അവശിഷ്ടങ്ങളോ ദുഷ്പ്പേരണകളോ ശുദ്ധമോ സംസ്കൃതവാക്യങ്ങൾ നിരത്തിയ ഭാഗങ്ങളോ അങ്ങിങ്ങു കാണുന്നി ല്ലെന്നു പറഞ്ഞുകൂടാ. പക്ഷേ, അവ പൊതുരീതിക്ക് അപവാദങ്ങളെന്നു കരു താവുന്നവിധം അല്പങ്ങളത്രേ. ഇങ്ങനെ പാട്ടുപ്രസ്ഥാനത്തിൽ അന്നുവരെ ഉണ്ടായിരുന്ന ഭാഷാരീതികളുടെ അവശ്യം ഭാവിയായ പരിണാമമാണെ ങ്കിൽപ്പോലും ഓജസ്സും അന്തസ്സുമുറ്റ, ഞെട്ടും കാമ്പുമുറച്ച കാര്യക്ഷമമായ ഒരു കാവ്യഭാഷ ഭാവഗാംഭീര്യവും വിചാരൗൽകൃഷ്ട്യവും തികഞ്ഞ രണ്ടു ബൃഹൽക്കാവ്യങ്ങളിലൂടെ ഉരുത്തിരിയുകയും, അങ്ങനെ ഉരുത്തിരിഞ്ഞ ഭാഷയും അതിലെ ദീപസ്തംഭങ്ങളായ രണ്ടു കൃതികളും പില്ക്കാലമൊക്കെ നമ്മുടെ കാവ്യനിർമ്മാതാക്കൾക്കു മാർഗദർശികളായി പരിണമിക്കുകയും ചെയ്തു. പദ്യഭാഷയെപ്പറ്റി ഒരു നവീന സങ്കല്പം ശിലാലിഖിതംപോലെ മലയാളിയുടെ മനസ്സിൽ പല ശതകങ്ങളായി നിലനിന്നുപോരുന്നതി നിടയാക്കിയ പരിതഃസ്ഥിതി ഇതാണ്. രചനാവല്ലഭനായ കുഞ്ഞുക്കുട്ടൻ തമ്പുരാൻ 'നമുക്കെഴുത്തച്ഛനെടുത്ത ഭാഷാക്രമക്കണക്കേ ശരണം' എന്നു പറഞ്ഞത് വെറും ആദരാന്ധ്യം കൊണ്ടല്ല, സൂക്ഷ്മദർശനശക്തികൊണ്ടാ ണെന്നു കരുതുകയാണുചിതം' (എൻ.കൃഷ്ണപിള്ള, 1998: 159-60).

വള്ളത്തോളിന്റെ മഹേശ്വരൻ, പുണ്യക്ഷേത്രം തുടങ്ങിയ രൂപകങ്ങൾ ദേശത്തെതന്നെയും ആര്യധർമത്താൽ പുനഃസംഘടിപ്പിക്കുന്നു. തുഞ്ചൻ 'കേരളീയർക്ക് സമ്പാദിച്ചുകൊടുത്തു'വെന്ന് പഞ്ചാനനൻ വാദിക്കുന്ന 'നിഷ്ഠുരമായ' 'സന്മാർഗനിഷ്ഠ' മൗലികമായി അർത്ഥശാസ്ത്രപ്രോക്തമായ വർണാശ്രമധർമം തന്നെയാണ്. മലയാളത്തിന്റെ ആര്യവൽക്കരണത്തെ സ്വാഭാവികമാക്കി സൗന്ദര്യവല്ക്കരിക്കുന്നു–ഭാഷകൊണ്ടും ഭാവനകൊ ണ്ടും–ഈ വാദങ്ങൾ എന്ന് വിവക്ഷ. ഭാഷ, മൗലികമായി ലോകസംസ്ഥാ പനവ്യവഹാരമാണ്. ഈയർത്ഥത്തിൽ ഭാഷയുടെ സംസ്കൃതീകരണം യഥാർത്ഥത്തിൽ ആര്യദേശനിർമാണം തന്നെയാണ്. തുഞ്ചൻ നിർമിച്ച (സൗന്ദര്യ) ദേശം ആര്യാവർത്തമായിരുന്നുവെന്ന് ചുരുക്കം. തുഞ്ചൻ ഭാഷാപിതാവും മഹാകവിയുമായി മഹത്വവല്ക്കരിക്കപ്പെടുന്നതും, അതേ കാലത്തും ദേശത്തും ഭാഷയിലും ജീവിച്ച ഖാസി മുഹമ്മദ് കേവലം മുസ്ലീം പടപ്പാട്ടുകാരനായി ന്യൂനീകരിക്കപ്പെടുന്നതും ആര്യവല്ക്കരണത്തിന്റെ ഈ ജ്ഞാനസന്ദർഭത്തിലാണ്. എഴുത്തച്ഛൻ ഭാഷാപിതാവായി പീഠവൽക്കരി ക്കപ്പെടുന്നതോടെ, മലയാളം സനാതനധർമത്തിന്റെ മാത്രം പ്ര/ദേശമായി ത്തീരുന്നു. വർണബാഹ്യരും സ്ത്രീകളും ഭിന്നലിംഗക്കാരും ദേശത്തിൽനിന്ന്

പുറത്താക്കപ്പെടുന്നു. വർണാശ്രമധർമ്മം സ്വാഭാവികവും കേവലവുമായ മൗലികയാഥാർത്ഥ്യമായി കാനോനീകരിക്കപ്പെടുന്നു. ചരിത്രത്തിൽ അദൃശ്യവല്ക്കരണത്തിന്റെ വഴി എന്നു പറയാം.

ഇവിടെ പരാമർശിച്ചവ പഠനങ്ങൾ എന്ന വിഭാഗത്തിൽ പെടുന്നില്ല. കേവല ഭക്തിപാരവശ്യത്തിൽ നടത്തുന്ന സ്തോത്രങ്ങൾക്കപ്പുറം അവ പുതുതായി ഒന്നും പറയുന്നില്ല. പറയുന്നതാകട്ടെ ഒരേഒരു കാര്യം, എഴുത്തച്ഛൻ, ഇതിഹാസപുരാണാദികളടങ്ങുന്ന വൈദികസാഹിത്യത്തിന്റെ വ്യവഹാരങ്ങളാൽ മലയാളത്തെ സംസ്കൃതീകരിച്ച് ബലിഷ്ഠമാക്കുകയായിരുന്നുവെന്നതന്നെ. ബ്രാഹ്മണീകരണം ഇവർ, മത്സ്യത്തിന് വെള്ളമെന്നപോലെ ആവാസവ്യവസ്ഥയായി (തെറ്റി)ദ്ധരിക്കുന്നു. അടിമത്തത്തെ ആനന്ദമാക്കിത്തീർക്കുന്നുവെന്നത് അധികാരത്തിന്റെ രീതിശാസ്ത്രമാണ്.

വൈദികസാഹിത്യത്തിന്റെ സൗന്ദര്യവൽക്കരണവും വൃത്തിവൽക്കരണവുമാണ് തുഞ്ചൻ സാഹിത്യം. അങ്ങനെ വർണാശ്രമധർമകേന്ദ്രിതമായ സംസ്കൃതികൊണ്ട് മലയാളത്തെ മായ്ച്ചെഴുതുകയെന്ന ധർമസംസ്ഥാപനം നിർവ്വഹിച്ച മഹേശ്വരനാണ് എഴുത്തച്ഛൻ എന്നു വരുന്നു. മലയാളത്തിന്റെ ആര്യവൽക്കരണം എന്നും പറയാം. പുതുമലയാണ്മതൻ മഹേശ്വരൻ വാണരുളിയ പുണ്യക്ഷേത്രമെന്ന് വള്ളത്തോൾ എഴുതുന്നത് അതുകൊണ്ടാണ്. വള്ളത്തോളിന് എന്നല്ല ആർക്കും അങ്ങനെ മാത്രമേ തുഞ്ചനെക്കുറിച്ച് എഴുതാൻ കഴിയൂ. വർണാശ്രമധർമത്തെ വൃത്തിവൽക്കരിച്ച് മലയാളപ്ര/ദേശത്തിന്റെ അബോധമാക്കി സ്ഥാപിച്ചുവെന്നതുകൊണ്ടാണ് തുഞ്ചൻ, സാഹിത്യം ഒഴിവാക്കി ഭാഷാപിതാവെന്ന് പീഠവൽക്കരിക്കപ്പെട്ടത്. വർണാശ്രമധർമം, മൗലികമായി പുരുഷവ്യവഹാരമാണ്. അവിടെ സ്ത്രീ, അർത്ഥശാസ്ത്രം അനുശാസിക്കുംവിധം ആൺമക്കളെ പ്രസവിച്ചു നൽകുന്നതിനുള്ള കേവലശരീര (ക്ഷേത്രം) ങ്ങളും വേശ്യകളും മാത്രം. അതുകൊണ്ട് ഈ ജ്ഞാനസമുച്ചയത്തിൽ നിന്ന് പിതാക്കന്മാർ മാത്രമേ സാധ്യമാവൂ. അവിടെ സ്ത്രീ ഇല്ല. പുണ്യക്ഷേത്രം എന്ന പ്രയോഗവും രാഷ്ട്രീയമായി ഭാരമേറിയതാണ്. പുണ്യക്ഷേത്രം, സരസ്വതീക്ഷേത്രം തുടങ്ങിയ വ്യവഹാരങ്ങൾ വർണാശ്രമധർമത്തിന്റെ ഉല്പന്നങ്ങളും ലോകബോധവുമാണ്. കേരളം ക്ഷേത്രമായി സങ്കല്പിക്കപ്പെടുന്നതോടെ, അത് ഒരു നിയന്ത്രിതമേഖലയായി സ്ഥാനപ്പെടുന്നു. വർണാശ്രമികൾക്കുമാത്രം അവകാശപ്പെട്ട, വർണബാഹ്യർക്ക് പ്രവേശനമില്ലാത്ത ഇടമായ ഒരു കേരളം/മലയാളം അങ്ങനെ നിർമിക്കപ്പെടുന്നു. ഭാർഗവക്ഷേത്രം,

സരസ്വതീക്ഷേത്രം തുടങ്ങിയ വ്യവഹാരങ്ങൾ ഇതിന്റെ പ്രയോഗപദ്ധതികൾ തന്നെ. സുപ്രീംകോടതിയുടെ 2018 സെപ്തംബർ 27-ലെ ശബരിമല യുവതീപ്രവേശനവിധിക്കെതിരെ ശത്രുസംഹാരനൃത്തമാടാൻ കേരളീയ ശൂദ്രവർഗത്തെ–സ്ത്രീകളടക്കം–അബോധത്തിൽ ബലിഷ്ഠമാക്കുന്നതോളം ഗംഭീരവും ഗാഢവുമാണ് ആര്യസംസ്കൃതിയുടെ ഈ അബോധം. മതേതരവാദത്തെപ്പോലും അടിതകർക്കാൻപോന്ന വിസ്ഫോടകശേഷി ഇതിനുണ്ടെന്നു സാരം.

ഇങ്ങനെ ഉടൽപൂണ്ട വർണാശ്രമധർമമായി കേരളം എന്ന പുതിയ പ്ര/ദേശത്തെ–സൗന്ദര്യദേശത്തെ–നിർമിക്കുകയായിരുന്നു തുഞ്ചൻസാഹിത്യം. പന്ത്രണ്ടാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ മലയാളത്തിൽ തർജമ ചെയ്യപ്പെട്ട അർത്ഥശാസ്ത്രത്തിന്റെ രാഷ്ട്രീയധർമംകൂടി ഈ സന്ദർഭത്തോട് ചേർത്തുവായിക്കണം. വർണാശ്രമധർമകേന്ദ്രിതമായി പുതിയൊരു ദേശത്തെ തന്നെ നിർമിക്കുന്ന രാഷ്ട്രീയപ്രവർത്തനമായിരുന്നു അർത്ഥശാസ്ത്രതർജമ തിരുവിതാംകൂറിലെ രാജകീയഗ്രന്ഥാലയത്തിൽ നിന്നാണ് ഭാഷാകൗടലീയത്തിന്റെ ഏഴധികരണങ്ങളും കണ്ടുകിട്ടിയതെന്നത് യാദൃച്ഛികമല്ല. അർത്ഥശാസ്ത്രഭാവനയിലെ സനാതനരാഷ്ട്രത്തിന്റെ സാംസ്കാരികസാധൂകരണം നിർവഹിക്കുകയായിരുന്നു, രാമചരിതം മുതൽ കോളനീകരണ സന്ദർഭം വരെയുള്ള മലയാളസാഹിത്യം. കോളനീകരണം ഈ രാഷ്ട്രീയപ്രക്രിയയിൽ അഗാധമായ വിള്ളൽ വീഴ്ത്തി.

വർണാശ്രമധർമത്തിന്റെ ഉടലും ഉയിരും തന്നെയായിരുന്നു–ചീരാമൻ തുഞ്ചൻ പ്രഭൃതികൾ നിർമിച്ച ഈ സൗന്ദര്യദേശത്തിന്റെ ഘടന സാഹിത്യചരിത്രങ്ങളിൽനിന്ന് കാണുക: 'സാഹിത്യത്തിലെ പൂർവഭാഷാരീതികളുടെ സ്വാഭാവികപരിണാമമായിരുന്നു എഴുത്തച്ഛന്റെ ഭാഷ. പക്ഷേ, എഴുത്തച്ഛന്റെ ഭാഷാരീതിവരെ പരിണമിച്ചു നിലവാരപ്പെട്ട മലയാളപദ്യഭാഷയ്ക്കു അതിനപ്പുറം പറയത്തക്ക യാതൊരു പരിവർത്തനവും ആധുനികകവിത്രയത്തിന്റെയും പിന്നീടുവന്ന പ്രമാണികളുടെയും കൃതികളിൽ കാണുന്നില്ല.' എന്ന് 'കൈരളിയുടെ കഥ' (എൻ. കൃഷ്ണപിള്ള 1998:158). തുഞ്ചൻ ഒരു തുടക്കമേയല്ലെന്നും തുടർച്ചയാണെന്നും വിവക്ഷ. ഈ തുടർച്ച, പക്ഷേ ആര്യനീതിയുടേതായിരുന്നുവെന്നുമാത്രം.[13] തുഞ്ചൻ സാധിച്ച വിച്ഛേദത്തെക്കുറിച്ചുള്ള പഠനങ്ങൾ എത്തിചേരുന്ന പരമപദവും ഇതുതന്നെ. വർണാശ്രമധർമം അഥവാ സനാതനമതത്തിന്റെ വൃത്തിവല്ലരണമായിരുന്ന തുഞ്ചൻസാഹിത്യം. 'കൈരളിയുടെ കഥ'യിൽ നിന്നു വായിക്കുക: 'തന്റെയും താനുൾപ്പെട്ട

ജനസമുദായത്തിന്റെയും ആത്മാക്കളെ ആവുന്നത്ര വിമലമാക്കുക പരമാഭി ലാഷമായിരുന്ന ആ ആചാര്യന്റെ ജീവരക്തം പ്രവഹിക്കുന്ന കാവ്യങ്ങൾ കേരളസംസ്കാരത്തിന്റെ അവിഭാജ്യാംശമായി പരിണമിച്ചതിൽ എന്തുണ്ട് അത്ഭുതപ്പെടാൻ!' (എൻ. കൃഷ്ണപിള്ള,1998:168).

ഇതിൽ, ആത്മാക്കളെ വിമലമാക്കുക എന്ന പ്രസ്താവനയാണ് ഇതിന്റെ മർമ്മം. തുഞ്ചന്റെ യുഗധർമം സംക്ഷേപിക്കുന്ന താക്കോൽപദ മാണ് 'വിമലീകരണം'. മലയാളി എന്ന ജനതയുടെ ആത്മത്തെ വിമലീ കരിക്കുകയെന്നാൽ, ആ ജനത മലിനമായ ജീവിതം നയിക്കുന്നുവെന്നും അതിൽ നിന്ന് അവരെ ശുദ്ധിയിലേക്ക് നയിക്കുകയെന്നുമർത്ഥം. എന്താണ് ശുദ്ധം? എന്താണ് അശുദ്ധം? ഈ വിമലീകരണം അത്രമേൽ നിഷ്കളങ്ക മായ ഒരു ഉദാരവൃത്തിയാണോ? അല്ലെന്നും അത് ഗാഢവും സൂക്ഷ്മവുമായ ഒരുരാഷ്ട്രീയപ്രവർത്തനമാണെന്നും സൂക്ഷിച്ചുനോക്കുമ്പോൾ തെളിയും. വിമലീകരണത്തിന് തുഞ്ചൻ സ്വീകരിക്കുന്ന രീതിശാസ്ത്രവും സങ്കേതവും മനസ്സിലാക്കിയാൽ ഇക്കാര്യം കൂടുതൽ തെളിയും. വൈദികസാഹിത്യം അഥവാ വർണാശ്രമധർമത്തിലേക്ക് മലയാളിയെ പരിവർത്തിപ്പിക്കു കയാണ് തുഞ്ചന്റെ ലക്ഷ്യം. ഇതിഹാസതർജമയുടെ വിവക്ഷയതാണ്: മലയാളത്തിന്റെ അബോധത്തെ ആര്യധർമത്താൽ പുനഃസംവിധാനം ചെയ്യുകയെന്നാണ് വിമലീകരണത്തിനർത്ഥം. നിലവിലെ സംസ്കാരം നീചമാണെന്നു ജനതയെ ബോധ്യപ്പെടുത്തിക്കൊണ്ടു മാത്രമേ പുതിയ സംസ്കൃതിയിലേക്കുള്ള സംക്രമണം സാധിക്കൂ. അതുകൊണ്ട് മലയാളിയുടെ ദ്രാവിഡവും പ്രാദേശികവുമായ ജീവിതത്തെയാകെ അശുദ്ധിയാക്കി പേരു വിളിച്ചുകൊണ്ട് ആര്യസംസ്കൃതിയെ ശ്രേഷ്ഠവും മലയാളി എത്തിച്ചേരേണ്ട–മോക്ഷപദം–മാതൃകാസ്ഥാനവുമാക്കിത്തീർക്കുന്ന രാഷ്ട്രീയപ്രവർത്തനമാണ് തുഞ്ചന്റെ വിമലീകരണസാഹിത്യം. സൂക്ഷ്മാർത്ഥത്തിൽ പ്രജാവൽക്കരണ പ്രക്രിയ എന്നുപറയാം. ആര്യവൽക്കരണമെന്നോ സംസ്കൃതവൽക്കരണ മെന്നോ വിളിക്കാവുന്ന രാഷ്ട്രീയപ്രക്രിയയുടെ സൗന്ദര്യവ്യവഹാരമാണ് തുഞ്ചൻസാഹിത്യമെന്നു സാരം.

കുഞ്ഞിക്കുട്ടൻ തമ്പുരാൻ, വള്ളത്തോൾ എന്നിവർ പദ്യങ്ങളിലും പഞ്ചാനനനും ഉള്ളൂരും യഥാക്രമം നിരൂപണത്തിലും സാഹിത്യചരിത്രത്തി ലും രേഖപ്പെടുത്തിയ നിരീക്ഷണങ്ങളുടെ മറ്റുവാക്കുകളിലുള്ള സംക്ഷേപവും തുടർച്ചയുമാണ് കൈരളിയുടെ കഥയിൽ എൻ. കൃഷ്ണപിള്ള നിർവഹിക്കുന്ന തും. തുഞ്ചൻ സാധിച്ച വിച്ഛേദം പുതിയ കേരളത്തിന്റെ നിർമാണമായിരുന്നു

എന്ന് ഈഷദ്ഭേദത്തോടെ വാദിച്ചു ഇവർ. ഇവരുടെ നിരീക്ഷണങ്ങളുടെ സാരം ഇങ്ങനെ സംഗ്രഹിക്കാം: ഭാഷ, ഭാവന എന്നീ നിലകളിൽ മലയാളത്തെ (സംസ്കൃതീകരിച്ചു) മാനകീകരിച്ചും ജനത, പ്ര/ദേശം എന്നീ നിലകളിൽ കേരളത്തെ വൈദിക-വർണാശ്രമവ്യവഹാരങ്ങൾകൊണ്ട് മായ്ച്ചെഴുതുകയായിരുന്നു തുഞ്ചൻസാഹിത്യം. ആര്യാവർത്തത്തിന്റെ ഭാഷയും ഭാവനയും വഴി കേരളത്തെ സംസ്കൃതീകരിക്കുകയായിരുന്നു തുഞ്ചൻസാഹിത്യം എന്ന് സാരം. (ഈ വാദം ശരിയാണ്. എന്നാൽ ഇക്കാര്യം ഇവിടെ അവസാനിക്കുന്നില്ല; പുതിയ ആലോചനയുടെ തുടക്കമാവുകയാണ് എന്നതാണ് ഈ പ്രബന്ധത്തിന്റെ നിലപാട്).

കൈരളിയുടെ കഥ എന്ന ജനപ്രിയ സാഹിത്യചരിത്രം നോക്കുക: 'അധ്യാത്മരാമായണം കിളിപ്പാട്ടിൽ മൂലഗ്രന്ഥകാരനെ ഏറെക്കുറെ പിൻതുടരുന്നുണ്ട് എഴുത്തച്ഛൻ. ഭാരതത്തിലാകട്ടെ, ഉപജീവ്യകൃതിയിലെ ആഖ്യാനധാരയെ നന്നേ നേർത്ത പട്ടുനൂൽപോലെ മാത്രം നിലനിർത്തിക്കൊണ്ട്, സ്വകീയമായ ഒരു കഥാസരണിതന്നെ കവി വെട്ടിത്തുറക്കുന്നു. മൂലഗ്രന്ഥം മുൻപിൽ നിവർത്തിവച്ച്, അതിലെ ശ്ലോകങ്ങൾ ഓരോന്നായോ പത്തും പതിനഞ്ചുമായോ വായിച്ച്, അവയ്ക്കു വിവർത്തനം തയ്യാറാക്കുന്ന രീതി രാമായണത്തിൽ കാണാം. ഭാരതത്തിന്റെ കഥ തുലോം വ്യത്യസ്തമാണ്. വ്യാസഭാരതം മനസ്സിൽ പതിയെ വായിച്ചു പഠിച്ചുരുക്കൂട്ടിയ സംസ്കാരത്തിൽനിന്ന് ഭാരതകഥയുടെ രത്നച്ചുരുക്കമായ ഒരു പുതിയ കലാസൃഷ്ടി നിർമ്മിച്ചിരിക്കുകയാണ് എഴുത്തച്ഛൻ. രചനാസമയത്ത് മൂലഭാരതം മുമ്പിലുണ്ടായിരുന്നു എന്നുപോലും തോന്നുകയില്ല, എഴുത്തച്ഛന്റെ കൃതി വായിച്ചാൽ. അളവും തോതും അനുപാതവുമെല്ലാം സ്വാഭീഷ്ടമനുസരിച്ചു കവി നിശ്ചയിക്കുകയാണ്, പക്ഷേ മൂലകൃതിയുടെ സ്ഥൂലശരീരത്തിലും സൂക്ഷ്മശരീരത്തിലും നാനാപരിഷ്കൃതികൾ എത്രയെങ്കിലും വരുത്തുന്നതിനിടയിൽ അതിന്റെ അന്തരാത്മാവു നഷ്ടപ്പെടാൻ എഴുത്തച്ഛൻ അനുവദിക്കുന്നില്ല' (എൻ.കൃഷ്ണപിള്ള,1998:165).

അതാണ്! ഈ അന്തരാത്മാവ് ചാതുർവർണ്യം തന്നെ. അത്രമേൽ സൂക്ഷ്മജാഗ്രതയോടെയാണ് ഈ വർണധർമത്തെ വൃത്തിവല്ലരിച്ച് മലയാളത്തിന്റെ അബോധവ്യവഹാരമാക്കുകവഴി ഉടൽപൂണ്ട സനാതനധർമമാക്കി പുതിയകേരളത്തെ നിർമിക്കുന്നത്. തുഞ്ചൻ ഭാഷാ (സാഹിത്യ) പിതാവായതെങ്ങനെയെന്നതിന്റെ വിശദീകരണമാണ് ഇത്. എൻ.കൃഷ്ണപിള്ളയെ സാഹിത്യചരിത്രരചനക്കും പി.ഭാസ്കരനെ ഗാനരചനക്കും

പ്രഭവം ഒരേ വ്യവഹാരംതന്നെ; അന്തരാത്മാവ് എന്ന് കൃഷ്ണപിള്ള പറഞ്ഞ അതേ വർണാശ്രമധർമം. പ്രത്യക്ഷത്തിൽ ഭിന്നവും വിരുദ്ധമെന്നപോലും തോന്നിപ്പിക്കുന്നതുമാണ് ഈ ജ്ഞാനമാതൃക (paradigm) യിൽനിന്നാണ് രണ്ടു ജനുസുകളും നിർമിക്കപ്പെടുന്നതെന്നു ചുരുക്കം. സരസ്വതീവിജയം' സാഹിത്യചരിത്രകാരൻ കാണാതെ പോകുന്നത് ഈ 'അന്തരാത്മാവിന്റെ' ലോകത്ത് ഈ ജീവിതം അദൃശ്യവും അയിത്തവുമായതിനാൽ കൂടിയാണ്. സാഹിത്യജനുസുകൾക്ക് പുറമേ കാണുന്ന ഭിന്നാത്മകത സൂക്ഷ്മത്തിൽ ഭിന്നതയല്ലെന്നു ചുരുക്കം.

തുഞ്ചൻ ഭാഷാസാഹിത്യത്തിന്റെ പിതാവ് എന്നാൽ വർണാശ്രമ ധർമം ഉയിരും ഉടലുമായി വർത്തിക്കുന്ന ഭാഷാസാഹിത്യത്തിന്റെ പിതാവ് എന്നർത്ഥം. അതായത് സനാതനധർമം അബോധമായി വർത്തിക്കുന്ന ജ്ഞാനപരിസരത്താണ് തുഞ്ചൻ ഭാഷാ (സാഹിത്യ) പിതാവ് എന്ന് പരി കല്പന സാധൂകരിക്കപ്പെടുന്നതെന്നർത്ഥം.

ഭാഷയെ സംബന്ധിച്ച പുതിയ അറിവുകളുടെ പശ്ചാത്തലത്തിൽ ഈ ആശയം പുനപ്പരിശോധിക്കേണ്ടതുണ്ട്. ഭാഷ, ആശയങ്ങളുടെ നിരു പാധികമായ മാധ്യസ്ഥം വഹിക്കുന്ന സ്ഥാപനമല്ല. യാഥാർത്ഥ്യങ്ങളുടെ നിർമിതിയിൽ ക്രിയാത്മകമായി ഇടപെടുന്ന സൃഷ്ട്യുന്മുഖവ്യവഹാരമാണ് ഭാഷ. ഭാഷക്ക് വെളിയിൽ യാഥാർത്ഥ്യം തന്നെയുമില്ല.[14] അതുകൊണ്ട് മലയാളഭാഷയുടെ മാനകീകരണം, സംസ്കൃതീകരണം എന്നീ ആശയങ്ങൾ ക്ക് വർത്തമാനസന്ദർഭത്തിൽ പൊരുൾ വ്യത്യസ്തമായിത്തീരുന്നു. അതിൽ കീഴടക്കലിന്റെയും സംഹാരത്തിന്റെയും രാഷ്ട്രീയപ്രക്രിയകൾ നടക്കുന്നുണ്ട് എന്നു വരുന്നു.

ദ്രാവിഡമായ ലോകബോധത്തിന്റെ വ്യവഹാരമായ മലയാളത്തെ സംസ്കൃതീകരിക്കുകയെന്നാൽ വൈദികബ്രാഹ്മണമൂല്യങ്ങൾകൊണ്ട് മലയാ ളത്തെ ദേശം, ജനത എന്നീ നിലകളിൽ ഉടച്ചു വാർക്കുകയെന്നതന്നെ. ആ നിലയ്ക്ക്, ഒരു ജനതയെ ആമൂലാഗ്രം തുടച്ചുമാറ്റി അവിടെ വർണാശ്രമധർമവ്യ വഹാരങ്ങളുടെ മറ്റൊരു ദേശത്തെയും ജനതയെയും നിർമിക്കുകയായിരുന്നു തുഞ്ചൻ എന്നു സാരം.

ചുരുക്കത്തിൽ മലയാളമെന്ന പ്ര/ദേശത്തെയും ജനതയെയും വൈദികബ്രാഹ്മണവ്യവഹാരങ്ങൾ കൊണ്ട് കല്ലിന്മേൽകല്ല് അവശേഷി ക്കാത്തവിധം മായ്ച്ചെഴുതിയ സാംസ്കാരികാധിനിവേശചരിത്രത്തിലെ രക്താഭമായ ഉന്മൂലനപ്രക്രിയയെ സൗന്ദര്യാത്മകമായി സാധൂകരിക്കുന്ന

രാഷ്ട്രീയപ്രയോഗങ്ങളായിരുന്ന കവിതയും വിമർശനവും സാഹിത്യചരിത്രങ്ങളുമടങ്ങുന്ന വ്യവഹാരങ്ങൾ.

ഇനി ആരംഭത്തിൽ ഉന്നയിച്ച ചോദ്യത്തിലേക്ക് മടങ്ങിവരാം. സൗന്ദര്യദേശം എന്ന ഇവർ തീർത്ത ഘടനയിലൂടെ ആരാണ് സംസാരിക്കുന്നത്? ഇതറിയണമെങ്കിൽ എന്താണ് അത് സംസാരിക്കുന്നത് എന്നറിയണം. മലയാളത്തിലെ സാഹിത്യവും കലയുമുൾപ്പെടുന്ന വ്യവഹാരങ്ങൾ നോക്കുക. അവയിലെല്ലാം അബോധമായി വർണാശ്രമധർമം എന്ന വ്യവഹാരം പ്രവർത്തിക്കുന്നു. ജനപ്രിയ കലാവ്യവഹാരങ്ങൾ മുതൽ ഇത് പ്രകടമാവുന്നു.

ഉലകമീരേഴും പ്രളയസാഗര
തിരകളാൽ മൂടി വലയുമ്പോൾ
അരയാലിൻ കൊച്ചു തളിരാം തോണിയിൽ
അരവിന്ദാക്ഷൻ വന്നണയുന്നു. (സതി,1972)

ജഗതോദ്ധാരകനായ വിരാട്പുരുഷന്റെ അവതാരലീല എന്ന വർണാശ്രമധർമചരിത്രമാണ് പ്രമേയം. ഇതെങ്ങനെ ജനപ്രിയമായ സൗന്ദര്യാനുഭവമായിത്തീരുന്നു? ഇതേ ഗാനത്തിലെ ചരണം ശ്രദ്ധിക്കുക:

എവിടെ ധർമത്തിൻ ക്ഷതി ഭവിക്കുന്നു
അധർമ്മമെങ്ങെങ്ങു വിലസുന്നു
യുഗയുഗങ്ങളായ് അവിടത്തിൽ സ്വയം
അവതരിക്കുന്ന പെരുമാളേ...(സതി, 1972)

എന്ന ഭഗവദ്ഗീതയുടെ അനുഭവലോകം[15] സാമാന്യബോധമായും സൗന്ദര്യബോധമായും പരിവർത്തിക്കുന്നു. ഊറിക്കൂടിയ വർണധർമത്തിന്റെ അഭിവ്യക്തിസന്ദർഭത്തിലാണ് ഈ എഴുത്ത് മലയാളിയുടെ ജനകീയ സൗന്ദര്യാനുഭവമായി തെളിയുന്നത്. വർണാശ്രമധർമമെന്ന പൊരുളാണ് ഇവിടെതെളിയുന്ന അനുഭൂതിലോകം.

മലയാളിയുടെ ജനകീയസൗന്ദര്യബോധത്തിലും പൊതുബോധത്തിലും സ്ത്രീ എന്താണെന്ന് ഇതോടൊപ്പം ആലോചിക്കേണ്ടതുണ്ട്. കേരളീയതയുടെ ഗാന വ്യവഹാരം എന്നറിയപ്പെടുന്ന പി. ഭാസ്കരന്റെ ചലച്ചിത്രഗാനങ്ങളിൽ നിന്ന് ചില സന്ദർഭങ്ങൾ കാണുക:

മധുരപ്പതിനേഴകാരീ, എന്റെ
ഹൃദയത്തറവാട്ടിൽ ഭാഗത്തിനെത്തിയ
മധുരപ്പതിനേഴകാരീ...

എന്നാണ് എഴുപതുകളിലെ മലയാളി പുരുഷൻ കൂട്ടുകാരിയെ അഭിസം ബോധന ചെയ്യുന്നത്. മധുരപ്പതിനേഴാണ്, ആകർഷണകേന്ദ്രം. ഇത് ആരുടെ കാഴ്ചയാണ്. ഏതായാലും സ്ത്രീയുടേതല്ല. സ്ത്രീ വ്യക്തി എന്ന നിലയിലോ കർതൃശേഷിയുടെ പേരിലോ അല്ല ശരീരസൗഭഗത്തിന്റെ പേരിലാണ് പേരുവിളിക്കപ്പെടുന്നത്. പെണ്ണ് ഒരു വ്യക്തിയല്ല/പൗരയല്ല! എന്നുമാത്രമല്ല ആകേണ്ടതില്ല എന്നു സൂചന. പുരുഷൻ ആനന്ദത്തിനും സന്തത്യുല്പാദനത്തിനും അധികാരലബ്ധിക്കുമുള്ള ഉപകരണ (ശരീരം) മായി സ്ത്രീ നിർവചിച്ചുറപ്പിക്കപ്പെടുന്നത് അർത്ഥശാസ്ത്രത്തിന്റെ അബോധപ്രവാ ഹത്തിലാണ്. യുദ്ധത്തിൽ ആയുധങ്ങൾപോലെ ശത്രുസംഹാരായുധമായി സ്ത്രീ നിർവചിക്കപ്പെടുന്നു. ചാതുർവർണ്യം അനുശാസിക്കുന്ന ധർമത്തിന്റെ പ്രയോഗമാണിത്. അർത്ഥശാസ്ത്രമാകട്ടെ വർണധർമത്തിന്റെ ധർമസംഹി തയും.15 ഇതിഹാസങ്ങളും ഈ അബോധത്തിന്റെ കലവറകൾ തന്നെ. സീതയോടുള്ള മര്യാദാപുരുഷോത്തമന്റെ മനോഭാവം പ്രാകൃതമായ കാമ മാണെന്ന് യുദ്ധകാണ്ഡം മുൻനിർത്തി കുട്ടികൃഷ്ണമാരാർ(196:36–37) നടത്തുന്ന വിശദീകരണത്തിൽ ഇതിന്റെ നിഴലാട്ടമുണ്ട്.[16]

മാലില്ലോമലകന്നെന്നു,
മാലില്ലാ,കട്ടതോർത്തുമേ;
എനിക്കിതേ മാൽ: അവൾതൻ
പ്രായം പോവുകയല്ലയോ!

എന്നാണ് മര്യാദാപുരുഷോത്തമന്റെ നില. വർണാശ്രമധർമത്തിൽ ഇത് സ്വാഭാവികനീതിയായിരുന്നു അവിടെയെന്നേ ഇതിനർത്ഥമുള്ളൂ. മലയാള ത്തിലെ സിനിമകൾ ഇത് അബോധത്തിൽ സ്വീകരിച്ചതിൽ അത്ഭുതമുണ്ടോ? വേറെയും ധാരാളം പാട്ടുകൾ ഉദാഹരിക്കാനാവും. ഇതിനോടു ചേർത്തു ഒരു പാട്ടുകൂടി സൂചിപ്പിക്കാം.

പാതിരാവായില്ല; പൗർണമികന്യക്ക്
പതിനേഴോ പതിനെട്ടോ പ്രായം
മൂവന്തിച്ചോലയിൽ മുങ്ങി നീരാടി
പാവാട മാറ്റിയ പ്രായം.

കന്യക, പതിനേഴും പതിനെട്ടും പ്രായം. ഇതാണ് സ്ത്രീ. ഇവ രണ്ടുമാണ് ആർഷഭാവനയിലെ പെണ്ണ്. കന്യകാത്വവും പ്രധാനമാവുന്നത് ശരീര ത്തിന്റെ സമൃദ്ധിയിലും കാര്യപ്രാപ്തിയില്ലായ്മയിലുമാണ്. ആര്യനീതിയുടെ ഈ ഘനീഭൂതചരിത്രമാണ് ഇവയുടെ അനുഭൂതിലോകം. ഇതാണ്

കേരളത്തിന്റെ അബോധമായിത്തീർന്നതും. ഭാഷപോലെ സ്വഘടിതമാണ് അബോധം എന്ന ലകാന്റെ (1997:203) നിരീക്ഷണം ഓർമിച്ചാൽ വസ്തുത കൂടുതൽ തെളിയും.

ഈ അബോധം വർത്തമാനരാഷ്ട്രീയസന്ദർഭത്തിലും വർധനമായിരിക്കുന്നു. 2018 സെപ്തംബർ 28-ലെ സുപ്രീംകോടതി വിധി–ശബരിമലയിൽ യുവതീപ്രവേശനം അനുവദിക്കുന്ന ചരിത്രപരമായ വിധിയോടുള്ള കേരളത്തിന്റെ പ്രതികരണം മലയാളി അബോധത്തിൽ ബ്രാഹ്മണപുരുഷനിൽ നിന്ന് വിടുതി നേടിയിട്ടില്ല എന്നുറപ്പിക്കുന്നു. ഇത് എന്തുകൊണ്ട്? പൗരർ എന്ന നിലയിലുള്ള സ്ത്രീകളുടെ ഭരണഘടനാഅവകാശത്തെ ഹനിക്കേണ്ടത് സ്വന്തം ധർമമായി ഏറ്റെടുക്കുന്ന അക്രമാസക്തമായ ആൾക്കൂട്ടമായി മലയാളി പ്രവർത്തിക്കുന്നത് ഈ അബോധഘടനയുടെ ഊർജവലയത്തിലാണ്. ആരാധനയ്ക്കായി ശബരിമലയിൽ എത്തുന്ന ഓരോ യുവതിയും വധിക്കപ്പെടേണ്ടവളാണ് എന്ന് വർണാശ്രമധർമം ഉടൽപൂണ്ട ഈ മലയാളി ഉറച്ചുവിശ്വസിക്കുന്നു. സ്ത്രീക്കും വർണബാഹ്യർക്കും നേരെയുള്ള ഓരോ വധശ്രമവും അവർക്ക് ധർമസംസ്ഥാപനവൃത്തിയാണ്. വാല്മീകിരാമായണത്തിലെ ശംബൂകാഖ്യാനംചൂണ്ടി നാരായണഗുരു നടത്തിയ നിരീക്ഷണം ഈ വാദത്തെ സാധൂകരിക്കും. ശത്രുസംഹാരം വഴിപാടായി കരുതുന്ന ജനത മൗലികമായി ഘാതകസമൂഹമാണ്. ഇടതുപക്ഷംപോലും, പുനരാലോചനയിലൂടെ, ഇതിനുപുറത്തല്ല എന്നു ബോധ്യമായിരിക്കുന്നു. അത്രമേൽ അഗാധമാണ് വർണാശ്രമധർമമെന്ന വ്യവഹാരത്തിന്റെ ഗതി/അധികോർജം.

സാഹിത്യേതരമായ ചില നിത്യനൈമിത്തികപരിസരങ്ങൾഇതോടു ചേർത്തു വായിക്കുക. കൊടുങ്ങല്ലൂരിൽ ഒരു സർക്കാർവിദ്യാലയത്തിൽ ദേശീയഭാഷ പഠിപ്പിക്കുന്ന ഒരധ്യാപകൻ തന്റെ വിദ്യാർത്ഥിയോട് പാകിസ്ഥാനിലേക്ക് പോകൂ എന്നാജ്ഞാപിക്കുന്നു. ഒരു പോലീസ്ഉദ്യാഗസ്ഥൻ ഇതേ ഭാഷയിൽ ഒരു ഇന്ത്യൻപൗരനോടു രുഷ്ടനായി സംസാരിക്കുന്നു. ശബരിമലതീർത്ഥാടനകാലത്ത് സമീപപ്രദേശങ്ങളിൽ മാംസവില്പന നിരോധിച്ച് ഒരു പഞ്ചായത്ത് സെക്രട്ടറി ഉത്തരവിറക്കുന്നു. തൃപ്പൂണിത്തുറയിൽ, ദേവസ്വം കമ്മീഷണർ, ഉത്സവാഘോഷങ്ങൾക്കിടയിലെ തിരക്ക് നിയന്ത്രിക്കാൻ ഹിന്ദുക്കളായ പോലീസാഫീസർമാരെ വേണമെന്ന് രേഖാമൂലം ആവശ്യമുന്നയിക്കുന്നു. ഇല്ലാത്ത അധികാരങ്ങൾ ഉപയോഗിക്കാനും ഇന്ത്യൻ ഭരണഘടന പൗരർക്ക് നല്കുന്ന അധികാരാവകാശങ്ങൾ

റദ്ദാക്കുവാനും ആരാണ് ഇവർക്ക് അധികാരം നല്കിയത്? ഒരു കാര്യം ഉറപ്പാണ്, നിയമം നല്കിയതല്ല. ഇന്ത്യയിൽ ഭരണതലത്തോളമെത്തിയ ഹിന്ദുത്വഫാഷിസം നല്കിയ രാഷ്ട്രീയസ്ഥൈര്യമാണിതിന്റെ പിൻബലം. വർണധർമം സംരക്ഷിക്കുക തങ്ങളുടെ യുഗധർമമാണെന്ന് ഇവർ സ്വയം കരുതുതാൻതുടങ്ങുന്നതോടെ ഭരണഘടന സംഹരിക്കേണ്ട അധർമ്മമാണെന്ന് വരുന്നു. ഇതാണ് വർണാശ്രമധർമം എന്ന അബോധത്തിന്റെ ഊർജം.

ഈ സംഭവങ്ങൾ കേവലം യാദൃച്ഛികങ്ങളാണോ? അല്ലെന്ന്, അവയുടെ അനുസ്യൂതിയുംസന്ദർഭവും സമാനതയും ഉറപ്പിക്കുന്നു. മതിൽക്കെട്ടുകൾ തകർത്ത് പുറമേയ്ക്ക് കുതിച്ചുചാടാൻ വെമ്പി നില്ക്കുന്ന അണക്കെട്ടിനുള്ളിലെ ജലവേഗം പോലെയാണ് ഈ പ്രവൃത്തികൾ. ഇന്ത്യയിൽ അധികാരത്തിലെത്തിയ ഫാഷിസത്തിന്റെ സ്വീകാര്യതയും മാന്യതയും നിർമിച്ച സാംസ്കാരിക-രാഷ്ട്രീയപരിസരം സനാതനമതത്തിന്റെ ജാതി-വർണ-ലിംഗ വെറിയ്ക്ക് സാമൂഹ്യമാന്യതയുടെ പരിവലയം നിർമിച്ചുകൊടുത്തുകഴിഞ്ഞിട്ടുണ്ട്. ഭരണാധികാരം സമസ്ത നൃശംസതകളെയും വൃത്തിവൽക്കരിച്ചിരിക്കുന്നു. അങ്ങനെയാണ് ജനാധിപത്യം അമർച്ച ചെയ്ത വർണാശ്രമധർമാധികാരം പൊതുമണ്ഡലത്തിൽ അതിന്റെ ആക്രാമകസാന്നിധ്യം 'പരസ്യ'മായി പ്രകടിപ്പിക്കാൻ ശക്തി സംഭരിച്ചത്. ആര്യബ്രാഹ്മണികതയുടെ ഭൂതം പ്രവർത്തനക്ഷമതയാർജിച്ചിരിക്കുന്നുവെന്നു സാരം.

മലയാളസാഹിത്യചരിത്രങ്ങൾ, സാഹിത്യാസ്വാദനം, വിമർശനം തുടങ്ങിയ വ്യവഹാരങ്ങളിലെല്ലാം ഈ ഭൂതം[17] പ്രവർത്തനസജ്ജമായിരിക്കുന്നുണ്ട്. സരസ്വതീക്ഷേത്രം, കവിപ്രതിഭ, കവിത്രയം, കാവ്യാത്മാവ്, നിർവൃതി, കവി, സഹൃദയൻ, ബ്രഹ്മാനന്ദം തുടങ്ങിയ രൂപകങ്ങൾ ഈ ഭൂതത്തിന്റെ പ്രവൃത്തിമേഖലയാണ്. രാമചരിതം മുതൽ അധ്യാത്മരാമായണവും ഭാരതവും വരെയും വീണപൂവ് മുതൽ കുരുക്ഷേത്രം[18] വരെയും നീളുന്ന കാവ്യവ്യവഹാരം ഇതിന്റെ ക്രീഡാസരസല്ലാതെ മറ്റൊന്നുമല്ല.

'ചാതുർവർണ്യാധിഷ്ഠിതവും ജാതിശിലകൾ മേൽക്കുമേൽ പടുത്തുയർത്തിയതുമായ ഗോപുരാകൃതിയിലുള്ള ഒരു സമൂഹവും അതിന്റെ തലപ്പത്തു ബ്രാഹ്മണരും–അങ്ങനെ ഒരവസ്ഥ 12-ാം നൂറ്റാണ്ടു കഴിഞ്ഞപ്പോഴേക്കും സംജാതമായിക്കഴിഞ്ഞിരുന്നു' (എൻ. കൃഷ്ണപിള്ള,1998: 41). വീണപൂവിനു തൊട്ടുമുമ്പുവരെയുള്ള മലയാളസാഹിത്യം വാച്യാർത്ഥത്തിൽ തന്നെ, ഇങ്ങനെ വർണധർമത്തിന്റെ ഉയിരും ഉടലുമായി ഒരു കേരളത്തെ നിർമിക്കുന്ന വ്യവഹാരമായിരുന്നു.[19] ഇങ്ങനെ ഉത്ഭവപ്പെട്ട ആര്യനീതിയുടെ

സൗന്ദര്യദേശത്താണ് ആശാനെപ്പോലുള്ളവർ പുത്തൻ കാവ്യദേശനിർമാണത്തിൽ, ഇടപെട്ടത്. ഇവരാകട്ടെ കോളനി ആധുനികതയുടെ ഉപ്പും ചോറുമുണ്ട് വളർന്നതിന്റെ വളച്ചുറ് പ്രകടിപ്പിക്കുകയും ചെയ്തു. എങ്കിലും അവരുടെ പ്രവൃത്തികൾക്ക് തരണം ചെയ്യേണ്ട പ്രതിസന്ധി അതികഠിനം തന്നെയായിരുന്നു. കോളനി ആധുനികത വർണധർമത്തോട് സന്ധിയുടെയും സമന്വയത്തിന്റെയും വഴികൾ സ്വീകരിച്ചതുതന്നെ കാരണം. വർണധർമത്തെ അത് തങ്ങൾക്കിണങ്ങുന്ന യന്ത്രമാക്കി പരിവർത്തിപ്പിച്ചു. കോളനി ആധുനികതയുടെ ഇടപെടലുകൾ യന്ത്രമായി പരിണമിച്ച സനാതനമതത്തിന്റെ ലോകബോധത്തിൽ നിന്ന് സ്വയം വിമോചിപ്പിക്കുവാൻ മലയാളത്തിന് ക്ഷിപ്രസാധ്യമായിരുന്നില്ല എന്ന് സാഹിത്യചരിത്രങ്ങൾ തെളിയിക്കുന്നുണ്ട്.

### ഉപസംഹാരം

സാഹിത്യം ഇല്ല. ഉള്ളത് എഴുത്തുമാത്രം (Writing) ഭിന്ന ചരിത്രസന്ദർഭങ്ങൾ എഴുത്തിൽ ഇടപെട്ട് അതിനാവശ്യമായ പാഠങ്ങൾ വായിച്ചെടുക്കുകയാണ്. അതിൽ ഒരു പാഠം മാത്രമാണ് സാഹിത്യം/സൗന്ദര്യം. സൂക്ഷ്മാർത്ഥത്തിൽ അത് അസന്നിഹിതഹേതുവും മൂലധനരൂപിയും അനതിക്രമ്യവുമായ മനുഷ്യകാമനകളുടെ ആത്യന്തികചക്രവാളം തന്നെ. ടെറി ഇഗ്ൾടൻ ഇതിനെ, ജയിംസൺ രാഷ്ട്രീയഅബോധം എന്നുവിളിച്ച സവിശേഷവ്യവഹാരമല്ലാതെ മറ്റൊന്നുമല്ല എന്നു വിലയിരുത്തുന്നു. ഓരോ ചരിത്രവും അതിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുതകുംവിധം ഓരോ പാഠങ്ങളെ സാഹിത്യം/സൗന്ദര്യമായി പീഠവൽക്കരിക്കുകയാണ് എന്നു പറയാം. വിപണി, പ്രസാധകർ, വിമർശനം, സാഹിത്യചരിത്രം തുടങ്ങിയ ഭിന്ന വ്യവഹാരങ്ങളുടെ കലർപ്പിൽ മാത്രമാണ് സാഹിത്യം/സൗന്ദര്യം എന്ന വ്യവഹാരം നിർമിക്കപ്പെടുകയെന്നു സാരം.

ആർത്തവം, ശബരിമല എന്നീ വാക്കുകളുടെ പരിണതി നോക്കുക. 2018 സെപ്തംബർ 28-നു ശേഷം ഇവ, മലയാളത്തിൽ തികച്ചും അപൂർവങ്ങളായ രണ്ടു പദങ്ങളാണ്. സെപ്തമ്പർ 27 അർധരാത്രിവരെ മലയാളം കണ്ടിരുന്ന പദങ്ങളേയല്ല അവ. കണ്ടാലറിയാത്തവിധം മാറിക്കഴിഞ്ഞ അവ ഇന്ന് രണ്ടു പുതിയ ലോകബോധങ്ങൾ ഘനീഭവിച്ച താക്കോൽ പദങ്ങളാണ്. ആർത്തവം എന്നാൽ ഇനി മുതൽ ഒരു ജൈവപ്രക്രിയ എന്നല്ല അർത്ഥം. ശബരിമല കേരളത്തിലെ ഒരു ആരാധനാലയമോ സ്ഥലമോ അല്ല. അവ രണ്ടു പ്രശ്നപദങ്ങളാണ്. ആത്മാഭിമാനം, പൗരാവകാശം എന്നൊക്കെയാണ്

അവയുടെ പൊരുൾപ്പെരുക്കം. ഇത് മലയാളിയുടെ ലോകബോധത്തിലെ അഗാധമായ ഒരു വിച്ഛേദമാണ്. ഈ വിച്ഛേദത്തിലേക്ക് മലയാളത്തെ നയിച്ച വ്യവഹാരങ്ങളെ പ്രകാശവലയത്തിലേക്കെത്തിക്കുന്ന സാഹിത്യ ചരിത്രങ്ങളുടെ വിമർശനാത്മകപഠനം.

മലയാളസാഹിത്യചരിത്രങ്ങളെക്കുറിച്ചുള്ള സമകാല വിചാരം/ വിമർശനം അതുകൊണ്ട് തറവാടിത്തഘോഷണമോ ഗൃഹാതുരതയുടെ ആഘോഷമോ അല്ല. നമ്മളെങ്ങനെ നമ്മളായെന്നും നമ്മൾ എന്തുകൊണ്ട് ഇങ്ങനെ ആയിരിക്കുന്നു എന്നുമുള്ള ആത്മവിമർശനങ്ങളാണ്. ജനനം, വിവാഹം, മരണം തുടങ്ങിയ സന്ദർഭങ്ങളിൽ നാം എന്തുകൊണ്ടാണ് ജാതിയുടെ ലോകങ്ങളിലേക്ക് മാത്രം സഞ്ചരിക്കുന്നത്? അഭ്യസ്തവിദ്യരും സർക്കാരുദ്യോഗസ്ഥരുമായവർ പത്രങ്ങളിൽ നടത്തുന്ന വിവാഹപരസ്യ ത്തിൽ, മതം/ജാതി പ്രശ്നമല്ല എന്നെഴുതിയ ശേഷം പട്ടികജാതി/വർഗം അപേക്ഷിക്കേണ്ടതില്ല എന്ന വ്യവസ്ഥ അടിക്കുറിപ്പായി ചേർക്കുന്നത് എന്തുകൊണ്ടാണ്? സീമന്തത്തിൽ സിന്ദൂരമിടുന്നത് 'സ്വന്തം പെൺമക്കളെ കാക്കകൊത്താതിരിക്കാനാണ്' എന്ന് എന്തുകൊണ്ടാണ് യുവതികൾ ക്ക്തന്നെയും അട്ടഹസിക്കാനാവുന്നത്? ആത്മാഭിമാനം എന്ന ശബ്ദത്തിന് മനുഷ്യരെ കൊല്ലുക എന്നർത്ഥം വന്നുചേരുന്നതെങ്ങനെ? ഈ അക്രാമക വ്യവഹാരങ്ങളുടെ ചലനനിയമങ്ങൾ കണ്ടെത്താനാണ് സാഹിത്യചരി ത്രങ്ങളെ വിമർശിക്കുന്നത്. ഇതിനെ ആത്മവിമർശം എന്നും വിളിക്കാം വിമർശം എന്നാൽ ലോകത്തെ മാറ്റിത്തീർക്കുന്ന പ്രവർത്തനമാണ്.

അതുകൊണ്ട് തെരഞ്ഞെടുപ്പ്, അഥവാ, നാം എന്തുവായിക്കണം, എന്തിനെക്കുറിച്ച് ആലോചിക്കണം എന്നത് ഇന്ന് വലിയ പ്രശ്നം ആയി ത്തീർന്നിരിക്കുന്നു. ആളും അർത്ഥവുമുള്ളവർ പറയുന്നത് വേദങ്ങളും ഇതിഹാസങ്ങളും വായിക്കണമെന്താണ്. അത് ചിലപ്പോൾ കല്പനയും മറ്റുചിലപ്പോൾ കലയുമായി അവതരിക്കുന്നു, പഴയ നമ്പ്യാന്മാരുടെ–മാർ ദംഗികളുടെ–കഥാപ്രസംഗംപോലെ. വേദങ്ങളിലും ഇതിഹാസങ്ങളിലും മാമുണ്ടു വളർന്നവർക്ക് അവരുടെ ജീവിതമാണ് അത്. അതുകൊണ്ട് അവർക്ക് അവരുടെ ആത്മ–ദേശ–രക്ഷക്ക് വേദേതിഹാസങ്ങളെക്കുറിച്ച് അനർഗളം സംസാരിച്ചുകൊണ്ടേയിരിക്കണം.

എന്നാൽ വേദങ്ങളിൽ നിന്ന്, ഇതിഹാസങ്ങളിൽ നിന്ന് അകറ്റി നിർത്തപ്പെട്ട ജനതകളെങ്ങനെ അവയെക്കുറിച്ച് സുവിശേഷം പറയും? വേദങ്ങളും ഇതിഹാസങ്ങളും, അംബേദ്ക്കർ മുന്നറിയിപ്പു

നൽകിയതുപോലെ, അവരെസംബന്ധിച്ച് അവരെ അടിമകളാക്കിയ മരണയന്ത്രങ്ങളാണ്. ഇന്ത്യയുടെ ഭരണഘടനയാണ് അവരെ അടിമത്തം എന്ന മരണത്തിൽനിന്ന് വിമോചിപ്പിച്ചത്. അവർക്ക് ഒരു വിശുദ്ധഗ്രന്ഥമുണ്ടെങ്കിൽ അത് ഭരണഘടനമാത്രമാണ്. അതുകൊണ്ട് അവർ വേദങ്ങളും ഇതിഹാസങ്ങളുമുപേക്ഷിച്ച് ഭരണഘടന കൈയിലെടുക്കുന്നു. വായിക്കാൻ തുടങ്ങുന്നു. ഭരണഘടനയെക്കുറിച്ചാണ് അവർക്ക് പറയാനുള്ളത്.

നാം നമ്മുടെ, ലൈബ്രറികളിൽ, വീടുകളിൽ, വിദ്യാലയങ്ങളിൽ, ഇതിഹാസ/മത ഗ്രന്ഥങ്ങളിൽ ഇത്രകാലം കേട്ടുവളർന്നത് ആരുടെ ശബ്ദവും ഭാഷയുമാണെന്ന് ആലോചിക്കുന്നത് നമ്മെത്തന്നെ അഴിച്ചുപണിയുന്ന പ്രവൃത്തിയാണ്. അതാണ് ആത്മവിമർശം. പുതിയ ലോകത്തിന്റെ അടിക്കല്ലിടുന്ന ജോലിയിലാണ് നാം അപ്പോൾ ഇടപെടുന്നത് എന്നു ചുരുക്കം.

സാഹിത്യചരിത്രങ്ങൾ നിർമിച്ച സൗന്ദര്യദേശങ്ങൾ, മൗലികമായി വർണാശ്രമധർമത്തിന്റെ ശാശ്വതത്വത്തെക്കുറിച്ച് ബ്രാഹ്മണപുരോഹിതർ നടത്തിയ ആഖ്യാനങ്ങളാണ്. അവയിലൂടെ വർണാശ്രമധർമം ഉടലും ഉയിരുമായ ഒരു പ്ര/ദേശത്തിന്റെ അബോധം നിർമിക്കുകയായിരുന്നു. അതുകൊണ്ട് സാഹിത്യചരിത്രങ്ങളുടെ വിമർശനാത്മകപഠനം അവ നിർമിച്ച സൗന്ദര്യദേശങ്ങളെക്കുറിച്ചുള്ള പഠനവും അതിനാൽത്തന്നെ വർത്തമാനത്തിന്റെ വിമർശനവുമാണ്. വിമർശനമാകട്ടെ മൗലികമായി, സൃഷ്ട്യുന്മുഖമായ മനുഷ്യേച്ഛയുടെ പ്രയോഗവും.

**കുറിപ്പുകൾ:**

1 കേസരി എ.ബാലകൃഷ്ണപിള്ള 2012: കേസരിയുടെ സാഹിത്യവിമർശനങ്ങൾ, എസ്.പി.സി.എസ്, കോട്ടയം.

2 വി.സി.ശ്രീജൻ,1997, കേസരിയെ മറക്കുക, ലേഖനം, ഭാഷാപോഷിണി, 1997,ജൂലൈ,

3 ബി.രാജീവൻ 1990: ജനനിബിഡമായ ദന്തഗോപുരം, ചിന്ത, തിരുവനന്തപുരം

4

(a) Form is really only projection of content and the inner logic of the latter. Infact this essential distinction is useful only on condition that it ultimately reabolish itself in ambiguity of the artistic substance itself, which can be seen alternately as either all content or all form... Jameson (1974:404).

...what we have called interpretation is therefore a misnomer: content doesnot need to be treated or interpreted, precisely because it is essentially and immediately meaningfull in itself, meaningfull as gestors in situation are meaningfull or sentences in a conversation.

Content is already concrete, in that it is essentially social and historical experience and we may say of our own interpretive or hermanutic work what what the sculptor said ofhis stone. ( Ibid:404)

(b) സംസ്കാരപാഠങ്ങളിൽ നിലനില്ക്കുന്നതും വ്യാഖ്യാനത്തിലൂടെ പുനർനിർമിക്കേണ്ടതുമായ വർഗസംഘർഷങ്ങളുടെ ദമിതയാഥാർത്ഥ്യങ്ങളെ (repressed or burried realities) ഫ്രഡറിക് ജയിംസൻ രാഷ്ട്രീയഅബോധം എന്നു വിളിക്കുന്നു. സംസ്കാരപാഠങ്ങളുടെ രൂപവൽക്കരണത്തിൽ മൂലധനരൂപത്തിൽ പ്രവർത്തിക്കുന്ന (history in capital), അസന്നിഹിതഹേതുവും(absent cause) അനതിക്രമ്യചക്രവാള (untranscendental horizon)വുമായ ചരിത്രമല്ലാതെ അത് മറ്റൊന്നുമല്ല. രാഷ്ട്രീയഅബോധം അങ്ങനെ സൗന്ദര്യാനുഭൂതിയെ ചരിത്രവൽക്കരിക്കുന്നു എന്നു പറയാം.

5 ടെറി ഇഗ്ൾടൻ (1997: 178)

Obscurely labelled literature.

(Terry Eagleton 1997(83): Literary Theory-An My own view is that it is most useful to see literature as a name which people give from time to time for different reasons to certain kinds of wrting within a whole field of what Michel Foucault has called discursive practices, and if anything is to be an object of study it is this whole field of practices rather than just those sometimes rather Introduction, p.178)

6 ജനനിബിഡമായ ദന്തഗോപുരം(1990) എന്ന പുസ്തകത്തിൽ, ഏകാന്തത കേവലമായ ഒറ്റയ്ക്കിരിക്കലല്ല എന്നും ജനരാശികളുടെ സാന്നിധ്യം അസന്നിഹിതഹേതുവായി ഇരമ്പിനില്ക്കുന്ന അബോധമണ്ഡലമാണെന്നും അതുകൊണ്ടുതന്നെ ഏകാന്തത സാമൂഹികത എന്ന സാന്ദ്രഭൗതികയാഥാർത്ഥ്യത്തിന്റെ വിളിപ്പേരാണെന്നും ബി.രാജീവൻ എഴുതുന്നുണ്ട്. അർത്ഥച്ഛായകൾ ഇരമ്പിനില്ക്കുന്ന ശബ്ദരാശിയിൽ നീന്തിത്തുടിക്കുകയാണ് ഏകാകിയായ എഴുത്തുകാരൻ(1990:17).

7 Nation (from fw nation, F, nationem, L - breed, race) has been in common use in English from 1C13, originally with a primary sense of a racial group rather than a politically organized grouping. Since there is obvious overlap between these senses, it is not easy to date the emergence of the predominant modern sense of a political formation. Indeed the overlap has continued, in relation to such formations, and has led on the one hand to particularizing definitions of the nation-state and on the other hand to very complex arguments in the context of nationalist and nationalism. Clear political uses were evident from C16 and were common from 1C17, though realm, kingdom and country remained more common until 1C18. There was from eC17 a use of the nation to mean the whole people of a country, often in contrast, as still in political argument, with some group within it. The adjective national (as now in national interest) was used in this persuasive unitary sense from C17. The derived noun national, which is clearly political, is more recent and still alternates with the older subject. Nationality, which had been used in a broad sense from 1C17, acquired its modern political sense inlC18andeC19. (Raymond Williams,1983:213).

8 Feuerbach dissolves the religious essence into the human essence. But the

human essence is no abstraction inherent in each single individual. In its reality it is the ensemble of social relations. Feuerbach, who does not enter on a critique of this real essence, is consequently compelled:

a. To abstract from the historical process and to fix the religious sentiment (Gemüt) as something for itself and to presuppose an abstract-isolated-human individual.

b. Therefore, with him the human essence can be comprehended only as "genus," as an internal, dumb generality which links the many individuals merely naturally. Marx 1845: Theses on Feuerbach VI.

9 .പി.ഗോവിന്ദപ്പിള്ള 1881 മുതൽ 1891 വരെയുള്ള കാലത്ത് നാല് ശീർഷകങ്ങൾ ഈ ഗ്രന്ഥത്തിന് നല്കിയിട്ടുണ്ട്. ഒടുവിൽ മലയാളഭാഷാചരിത്രം എന്ന പേര് ഉറക്കുകയായിരുന്നു. പി.ഗോവിന്ദപ്പിള്ള, (1881: 90-91). മലയാളഭാഷാചരിത്രം, മലയാളഭാഷാഗ്രന്ഥചരിത്രം, മലയാളഭാഷാഗ്രന്ഥസമുച്ചയചരിത്രം, ഭാഷാഗ്രന്ഥചരിത്രം, കേരളവിലാസം അച്ചുകൂടം, തിരുവനന്തപുരം.

10 .ചേണൊക്കും പുതുമലയാണ്മതൻ മഹേശ്വരൻ

വാണരുളിയ പുണ്യക്ഷേത്രമേ, നമസ്കാരം!

11 സാഹിത്യപഞ്ചാനൻ (1980: 228).

12 (1) ബ്രഹ്മഹത്യാപാപത്തിന്റെ ഇരിപ്പിടം എവിടെയെന്ന ചോദ്യത്തിന് തുഞ്ചൻ നല്കുന്ന ഉത്തരം കാണുക:

നാരികൾ രജസ്വലയായിരിക്കുന്നിടത്തും

നീരിലലേ നുരയിലും ബ്രഹ്മഘാതകങ്കലും

ചൂതു സന്തതം പൊരുതീടുന്ന നരങ്കലും

പാതകം നാലിടത്തും പകുത്തു നല്കീടിനാൻ

സാഹിത്യപഞ്ചാനൻ (1980:199).

ശൂദ്രതാപസൻ ശംബൂകന്റെ തപോലക്ഷ്യത്തെക്കുറിച്ച് സ്വർഗകാമനായി എന്ന് വാല്മീകി എഴുതുമ്പോൾ തുഞ്ചന്റെ മതം ഭിന്നമാണ്. കാണുക:

ജംബുകനെന്നു നാമമായൊരു ശൂദ്രനഹം,

സംവിദ്രൂപത്തെ ധ്യാനിച്ചാകുന്നു തപസ്സുമേ;

മോക്ഷം വന്നിടുവതിനാഗ്രഹിച്ചറിഞ്ഞാലും

സാക്ഷാൽ നിന്തിരുവടി നല്കണമാശു മാർഗം.

സ്വർഗമല്ല, മോക്ഷമാണ് തന്റെ ലക്ഷ്യമെന്നും തന്നെ വധിച്ച് തനിക്ക് രാമൻ മോക്ഷം തരണമെന്നും അതിനാണ് തപസ്സെന്നും തുഞ്ചൻ വാല്മീകിയെ മായ്ച്ചെഴുതുന്നു. എന്താണ് ഈ മായ്ച്ചെഴുതലിനർത്ഥം? വർണാശ്രമധർമത്തിന്റെ സംരക്ഷകനായ രാമനാലുള്ള വധമാണ് തനിക്ക് മോക്ഷം നല്കുകയെന്ന് ശൂദ്രനെക്കൊണ്ട് സംസാരിപ്പിക്കുകയാണ് തുഞ്ചൻ. കർതൃശേഷിയറ്റ കേവലശരീരമായി സ്വയം കരുതുന്ന ശംബൂകനാണ് തുഞ്ചന്റേത്. ബ്രാഹ്മണസേവയാണ് ശൂദ്രധർമമെന്ന അർത്ഥശാസ്ത്ര നിയമത്തിന്റെ പാലകനായി തുഞ്ചൻ വർത്തിക്കുന്നു. വാല്മീകി അർത്ഥശാസ്ത്രത്തിന്റെ വഴിയല്ല എന്നും ഇതിനർത്ഥമുണ്ട്.

(ക) ദൈവാധീനം ജഗത് സർവം

മന്ത്രാധീനം തു ദൈവതം
തന്മന്ത്രോ ബ്രാഹ്മണാധീനഃ
ബ്രാഹ്മണോ മമ ദൈവതം

(ഖ) സ്വസ്തി പ്രജാഭ്യാം പരിപാലയന്താം
ന്യായേണ മാർഗേണ മഹീം മഹീശാ
ഗോ ബ്രാഹ്മണേഭ്യ ശുഭമസ്തു നിത്യം
ലോകാഃ സമസ്താ സുഖിനോ ഭവന്തു

(ഗ) സ്നാതമശ്വം മദം ഗജം
ഋഷഭം കാമമോഹിതം
ശൂദ്രമക്ഷര സംയുക്തം
ദൂരതഃ പരിവർജയേത്

(ഘ) അധർമാഭി ഭവാത്, കൃഷ്ണ!
പ്രദുഷ്യന്തി കുലസ്ത്രീയഃ
സ്ത്രീഷു ദുഷ്ടാസു വാർഷ്ണേയ!
ജായതേ വർണസങ്കരഃ

13 ലോകം/യാഥാർത്ഥ്യം ഭാഷയുടെ നിർമിതിയാണെന്നും ഭാഷയ്ക്കു വെളിയിൽ അതിനെ മനസ്സിലാക്കാനാവില്ലെന്നും വിൽഹെലം ഹംബോൾട്ട് (1767–1835).

ഭാഷയ്ക്ക് വെളിയിൽ യാഥാർത്ഥ്യത്തെയോ ലോകത്തെയോ മനസ്സിലാക്കാനാവില്ലെന്ന് മാർക്സ്(1818–1883).

ചിഹ്നവ്യവസ്ഥയാണ് ഭാഷയെന്ന് സൊസ്യൂർ(1857–1913).

അബോധം ഭാഷപോലെ സുഘടിതമെന്ന് ലകാൻ(1901–1981)

ഭാഷയ്ക്കുവെളിയിൽ ഒന്നുമില്ലെന്ന് ദരിദ(1930–2004)

There is nothing outside the text. (il n'y a pas de hors-texte) Derrida 2002:158.

14 ഭഗവദ്ഗീത,

യഥായഥാഹി ധർമസ്യ
ഗ്ലാനിർഭവതി ഭാരത
അഭ്യുത്ഥാനമധർമസ്യ
തദാത്മനം സൃജാമ്യഹം
ധർമസംസ്ഥാപനാർത്ഥായ
സംഭവാമി യുഗേയയുഗേ

15 ബ്രാഹ്മണർ പരമാധികാരികളായ ഈ ദേശം അർത്ഥശാസ്ത്രഭാവനയുടെ മലയാള പ്രയോഗമാണ്. ബ്രാഹ്മണസേവയാണ് രാജാവിന്റെയും ശൂദ്രരുടെയും ധർമമെന്ന് അർത്ഥശാസ്ത്രം കല്പിക്കുന്നു.

"ശൂദ്രന്നു ദ്വിജാതിശുശ്രൂഷാ വാർത്താ
കാരുകുശീലകർമങ്കൾ എന്റിവു"

എന്ന് ഭാഷാകൗടലീയം(2010:107).

"അക്ഷരാനഭിജ്ഞത്വമജ്ഞത്വം മൂഢത്വവു-
മക്ഷരവ്യക്തിവിഹീനാലാപങ്ങളുമെല്ലാം
ശൂദ്രധർമങ്ങളെന്ന ധരിക്ക യുധിഷ്ഠിര!",
"സ്ത്രീധർമം മിക്കവാറും ശൂദ്രധർമത്തെപ്പോലെ",
"ആരണർക്കൊരുദുഃഖം കാണുമ്പോ-
ളതുതീർപ്പാൻ പ്രാണത്യാഗവുംചെയ്തു സദ്ഗതി ലഭിക്കേണം"

എന്നിങ്ങനെ ബ്രാഹ്മണസേവ എന്ന വർണാധികാരത്തെ സ്വധർമമായി എഴുത്തച്ഛൻ തന്നെയും (മഹാഭാരതം, ശാന്തിപർവം, ഭീഷ്മോപദേശം) കാനോനീകരിക്കുന്നു. ഇത് വർണാശ്രമധർമവ്യവഹാരത്തിന്റെ കർതൃത്വനിർമാണരീതി വെളിപ്പെടുത്തുന്നുണ്ട്. വർണധർമത്തിന്റെ വിലോഭനീയത തുഞ്ചനെപ്പോലും മോഹിപ്പിച്ചുകളഞ്ഞുവെന്ന സാരം. ബ്രാഹ്മണസേവ എന്നാൽ വർണാശ്രമധർമപാലനമെന്നർത്ഥം. ആധുനിക കേരളത്തിന്റെ അബോധഘടന ഇവിടെ തുടങ്ങുന്നു.

സന്തത്യുല്പാദനത്തിനുള്ള കേവലശരീരങ്ങളാണ് അർത്ഥശാസ്ത്രഭാവനയിൽ സ്ത്രീ. ഇവിടെ സ്ത്രീയുടെ മറ്റൊരു ധർമം വേശ്യാവൃത്തിയും. കൗടല്യൻ വേശ്യാവൃത്തിയെ ഒരു സ്ഥാപനമാക്കിത്തന്നെ പിഠവല്ക്കരിക്കുന്നു. യുദ്ധത്തിൽ ആയുധങ്ങൾപോലെ ശത്രു സംഹാരായുധമായി സ്ത്രീ നിർവചിക്കപ്പെടുന്നു. ചാതുർവർണ്യം അനുശാസിക്കുന്ന ധർമത്തിന്റെ പ്രയോഗമാണിത്. ഇളംകുളത്തിൽ നിന്നു വായിക്കുക:

'ജാതിവ്യവസ്ഥ അലംഘനീയമെന്നു വന്നപ്പോൾ ശൈശവവിവാഹം ആവശ്യമായിത്തീർന്നു. സ്ത്രീകൾ പൊതുവേ അടിമകൾക്കും അധഃകൃതർക്കും തുല്യം അമർത്തപ്പെടുകയും ചെയ്തു. ചാതുർവർണ്യം ദൃഢപ്പെട്ടപ്പോൾ ശൂദ്രർക്കു മോക്ഷമാർഗം ബ്രാഹ്മണശുശ്രൂഷമാത്രമാണെന്നു തീർച്ചയായപോലെ സ്ത്രീകളുടെ കർത്തവ്യം പുരുഷനെ ശുശ്രൂഷിച്ച് അടുക്കളയിൽ കഴിഞ്ഞുകൂടുകയാണെന്നും വന്നുകൂടി. ശൈശവവിവാഹത്തിന്റെയും പർദ്ദാസമ്പ്രദായത്തിന്റെയും പുനർവിവാഹനിരോധനത്തിന്റെയും വിദ്യാഭ്യാസനിഷേധത്തിന്റെയും പൊരുൾ ഇതാണ്. സ്ത്രീസ്വാതന്ത്ര്യത്തിൽ കത്തിവെച്ച ഈ ഏർപ്പാടുകളെല്ലാം ചാതുർവർണ്യത്തിന്റെ സന്തതികളായിരുന്നു. സ്ത്രീയെ ഒരു മധുരപലഹാരമാക്കാനാണ് പുരുഷൻ ശ്രമിച്ചത്. ക്രമേണ അവൾ അങ്ങനെ ആയിത്തീരുകയും ചെയ്തു'(ഇളംകുളം, 2005:260). പുകൾ പെറ്റ ഭാരതീയസംസ്കാരം പുരുഷനെ വിത്തുകാളയും വീട്ടുതമ്പ്രാനും സ്ത്രീയെ പേറ്റുമൃഗവും അടുക്കളച്ചക്കിയുമാക്കിത്തീർത്തുവെന്ന് കേസരി.

16 മാരാർ (1996: 36-37).

കൂടാതെ–നമുക്കു പ്രകൃതം തുടാരം–ചാരിത്രത്തിന്റെ അടിസ്ഥാനം സ്നേഹമാണ്, കാമമല്ല. സ്നേഹം കാമത്തിൻമേൽ നടത്തുന്ന നിയന്ത്രണാധികാരമാണ് ചാരിത്ര്യം; കാമം എപ്പോഴും ചരിത്രത്തെ കവച്ചുകടക്കാനേ നോക്കൂ. രാമനാകട്ടേ സീതയുടെ നേർക്കു സ്നേഹത്തെക്കാളേറെ കാമമാണുണ്ടായിരുന്നതെന്നു, സീതാപഹരണത്തിനുശേഷമുള്ള എല്ലാ സന്ദർഭത്തിലും വെളിപ്പെട്ടു കാണുന്നുണ്ട്.

വാസ്തവത്തിൽ, ഒരു ധീരോദാത്തനെസ്സംബന്ധിച്ചേടത്തോളം ഭാര്യാപഹർത്താവിന്റെ നേർക്കുള്ള അമർഷമല്ലാതെ മറ്റൊരു വികാരവും മുന്നിട്ടുനില്ക്കുക വയ്യാത്ത ഒരു കാലഘട്ടമാണത്; എന്നാൽ രാമന്റെ ഹൃദയത്തിൽ എപ്പോഴും–ദണ്ഡകാരണ്യത്തിൽ അലഞ്ഞുനടക്കുമ്പോഴും, പരമരമണീയമായ പമ്പാസരസ്സു കണ്ടപ്പോഴും, ഋശ്യമൂകത്തിൽ വർഷാകാലം കഴിച്ചുകൂട്ടിയപ്പോഴും, വാനരപ്പടയോട്ടുകൂടി ദക്ഷിണസമുദ്രതീരം പ്രാപിച്ചപ്പോഴും, എല്ലാം–കാമമാണ് മുന്നിട്ടുനിന്നിരുന്നതെന്നു, തത്സന്ദർഭങ്ങളിൽ സ്വന്തം അനുജന്റെ അടുക്കലുണ്ടായ വിലാപങ്ങളിൽ സുവ്യക്തമാണ്.

'മാലില്ലോമലകന്നെന്നു,
മാലില്ലാ കട്ടതോർത്തുമേ;
എനിയ്ക്കിതേ മാൽ: അവൾതൻ
പ്രായം പോവുകയല്ലയോ!
എന്നു നൽത്തൊണ്ടിനേർച്ചുണ്ടു-
ള്ളവൾതൻ വദനാംബുജം,
ആർത്തൻ രസായനംപോലേ,
തെല്ലുയർത്തി നുകർന്നിടും!
തിങ്ങിവിങ്ങിപ്പനന്തേങ്ങ-
യ്ക്കൊത്തതാം തൽകുചദ്വയം
പുല്കുന്നേരം തുളുമ്പിക്കൊ-
ണ്ടെങ്കലെന്നൊന്നു ചേർന്നിടും! (യുദ്ധകാണ്ഡം: 5)

ഇത്തരം കാമപരമായ മനോവൃത്തിമൂലമാണ്, രാമൻ രാവണവധാനന്തരം മുന്നിൽ കൊണ്ടുവരപ്പെട്ട സീതയുടെ വിഷണ്ണാവസ്ഥ കാണെക്കാണെ അരിശം മൂത്ത് ആവിധമൊക്കെ പരുഷങ്ങൾ പറഞ്ഞത്. കാമജന്യമായ അഭ്യസൂയയിൽ നിന്നല്ലാതെ സ്നേഹത്തിൽനിന്ന് അത്തരം വാക്കുകൾ പുറപ്പെടുക വയ്യ:

'ചാരിത്രസംശയം പ്രാപി-
ച്ചെന്മുന്നിലമരുന്ന നീ,
നേത്രരോഗിയ്ക്കു ദീപംപോ,-
ലെനിയ്ക്കഹിതയേറ്റവും.'

(ഉപമയുടെ താല്പര്യം ശ്രദ്ധിക്കണം: കേടു ദീപത്തിനല്ല, രോഗിയ്ക്കാണ്.). കുട്ടികൃഷ്ണമാരാർ (1996: 41-42).

17 കുറിപ്പ് (12) കാണുക

18 കുരുക്ഷേത്രം എന്ന കെ. അയ്യപ്പപ്പണിക്കരുടെ കവിത. ഇക്കവിത മലയാളത്തിൽ, ആധുനികതാവാദത്തിന്റെ ആരംഭസ്ഥാനമായി പരിഗണിക്കുന്നു. വർണധർമത്തിന്റെ നിർലോഭമായ വിനിയോഗം–പാരമ്പര്യമെന്ന നിലയിൽ–ഇതിന്റെ അബോധത്തിൽ നിറഞ്ഞുനില്ക്കുന്നു.

19 എൻ.കൃഷ്ണപിള്ള, (1998: 32-33.,100). ഇദ്ദേഹത്തിന്റെ നിരീക്ഷണങ്ങൾക്കാധാരമായ ഇളംകുളത്തിന്റെ പഠനങ്ങളും കാണുക.

(1) ആര്യദ്രാവിഡസംസ്കാരങ്ങളുടെ സങ്കരത്തെപ്പറ്റി ഒന്നാമധ്യായത്തിൽ പറഞ്ഞപ്പോൾ, ആ പ്രക്രിയ ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളെയും ആശ്ലേഷിച്ചിരുന്നു എന്നു സൂചിപ്പിച്ചിട്ടുണ്ട്. ഭാഷ, സാഹിത്യം, മറ്റു സുകുമാരകലകൾ, മതം, സമൂഹക്രമം, രാഷ്ട്രീയസ്ഥിതി, ആചാരാനുഷ്ഠാനങ്ങൾ എന്നിങ്ങനെ സർവവ്യാപാരരംഗങ്ങളിലും ആ രണ്ടു സംസ്കാരങ്ങൾ കൂടിക്കലർന്ന് ഒരു ഭാരതീയസംസ്കാരം രൂപമെടുത്ത കഥയാണത്. പ്രാദേശികഭാഷകളിൽ സംസ്കൃത–പ്രാകൃതങ്ങളുടെ മർദ്ദം വർധിച്ചതോടൊപ്പം അവയ്ക്കുണ്ടായ രൂപാന്തരങ്ങളെക്കുറിച്ചു പറഞ്ഞുകഴിഞ്ഞു. ഭാഷയുടെയെന്നപോലെ സംസ്കാരത്തിന്റെ കലവറയെന്നോ സാഗരസംഗ്രഹമെന്നോ വിശേഷിപ്പിക്കാവുന്ന സാഹിത്യത്തിന്റെയും സ്വാധീനശക്തി സംസ്കൃതത്തിൽനിന്ന് എല്ലാ പ്രാദേശികഭാഷകളിലും വ്യാപിച്ചത് ഏതാണ്ട് ഒരേതരത്തിൽ ആയിരുന്നു; ഏതാണ്ടൊരേ കാലത്തും. ഹിന്ദിയിൽ 13-ാം നൂറ്റാണ്ടുതൊട്ട്, തെലുങ്കിൽ 12–ാം നൂറ്റാണ്ടുമുതൽ, കന്നഡത്തിൽ

13-ാം ശതകത്തിന്റെ മധ്യം കഴിഞ്ഞ്, മലയാളത്തിൽ 13–ാം ശതകത്തിന്റെ മധ്യത്തോടെ–ഇങ്ങനെയായിരുന്നു ആ സ്വാധീനത്തിന്റെ ആരംഭം. (എൻ.കൃഷ്ണപിള്ള,1998:100).

(2). ബ്രാഹ്മണരുടെ ഗ്രാമവ്യവസ്ഥിതിയും 10-ാംശതകത്തോടുകൂടി പൂർണമാകുന്നു. അറുപത്തിനാലു ഗ്രാമങ്ങളിലായി ഗോകർണ്ണം മുതൽ കന്യാകുമാരിവരെയുള്ള ബ്രാഹ്മണർ സംഘടിച്ചു കഴിഞ്ഞുവെന്ന് ആ സംഘടനയെപ്പറ്റി 11-ാം ശതകത്തിന്റെ ആരംഭം മുതൽ പരാമർശങ്ങൾ കാണുന്നതിൽ നിന്നു വ്യക്തമാണ്. സാമുദായികമായി ഇങ്ങനെ സംഘടിച്ചത് മറ്റു സമുദായങ്ങളെ കീഴ്പ്പെടുത്തുവാൻ സഹായകമായിത്തീർന്നു. (ഇളംകുളം, 2005: 613).

(3) ബ്രാഹ്മണർ കേരളത്തിൽ

തുളുനാട്ടിൽ 32 ഗ്രാമങ്ങളെക്കാൾ കേരളത്തിലെ 32 ഗ്രാമങ്ങൾക്കായിരുന്നു പ്രാധാന്യമെന്നത് സർവസമ്മതമാണ്. തുളുഗ്രാമങ്ങളിൽ ഇല്ലങ്ങളെക്കാൾ വളരെ കൂടുതലായിരുന്നു. കേരളത്തിൽ ഇല്ലങ്ങളെന്ന് 'ഗ്രാമപദിത്തി'യിൽ നിന്നും മറ്റും ഗ്രഹിക്കാം. തുളുവും പൂർണമായും കീഴടക്കുവാൻ ബ്രാഹ്മണർക്ക് ഒരുകാലത്തും കഴിഞ്ഞില്ല. കേളത്തിന്റെ സ്ഥിതി അതല്ല. 11-ാം ശതകം മുതൽ 16-ാംശതകം വരെ വാസ്തവത്തിൽ കേരളം ഭരിച്ചിരുന്നത് ബ്രാഹ്മണരാണ്. രാജാക്കന്മാർ അവരുടെ ദാസന്മാർ മാത്രമായിരുന്നു. ശാസ്ത്രത്തിലും ശസ്ത്രത്തിലുമുള്ള പാടവംകൊണ്ട് അവർക്കതിന് പ്രയാസമുണ്ടായില്ല. (ഇളംകുളം, 2005: 563).

(4).സ്ത്രീയും ചാതുർവർണ്യവും

.....മറ്റുമായി എത്രയെത്ര കവയിത്രികളെയാണ് നാം കാണുന്നത്! സ്ത്രീവിദ്യാഭ്യാസത്തിന്റെ പൊതുവേയുള്ള നില അതിൽനിന്നൂഹിക്കാമല്ലോ. പുറനാനൂറിൽമാത്രം പതിനഞ്ചിലധികം കവയിത്രികളെ നാം കണ്ടെത്തുന്നുണ്ട്. ചാതുർവർണ്യത്തിന്റെ കരാളദംഷ്ട്രകൾക്കുള്ളിൽപ്പെട്ടിരുന്നില്ല അന്നു നമ്മുടെ രാജ്യം. അങ്ങനെ സംഭവിച്ചതിൽപ്പിന്നീടേ അധഃകൃതർക്കൊപ്പം സ്ത്രീകൾക്കും വിദ്യാഭ്യാസം പാടില്ലെന്നു വന്നുള്ളൂ. എട്ടാംനൂറ്റാണ്ടോടുകൂടിയായിരുന്നു അതിന്റെ ആരംഭം. അതിനുശേഷം പാണത്തിയേയും വേടത്തിയേയും കവയിത്രികളായി കാണുന്നില്ല. വിദ്യാസമ്പന്നകളായ സ്ത്രീകളുടെ സാംഖ്യതന്നെ ചുരുക്കമായിത്തീർന്നു. ജാതിവ്യവസ്ഥ അലംഘനീയമെന്നു വന്നപ്പോൾ ശൈശവവിവാഹം ആവശ്യമായിത്തീർന്നു. സത്രീകൾ പൊതുവേ അടിമകൾക്കും അധഃകൃതർക്കും തുല്യം അമർത്തപ്പെടുകയും ചെയ്തു. (ഇളംകുളം, 2005: 260)

ചാതുർവർണ്യം ദൃഢപ്പെട്ടപ്പോൾ ശൂദ്രർക്കു മോക്ഷമാർഗം ബ്രാഹ്മണശുശ്രൂഷമാത്രമാണെന്നു തീർച്ചയായപോലെ സ്ത്രീകളുടെ കർത്തവ്യം പുരുഷനെ ശുശ്രൂഷിച്ച് അടുക്കളയിൽ കഴിഞ്ഞുകൂടുകയാണെന്നും വന്നുകൂടി. ശൈശവവിവാഹത്തിന്റെയും പർദ്ദാസമ്പ്രദായത്തിന്റെയും പുനർവിവാഹനിരോധനത്തിന്റെയും വിദ്യാഭ്യാസനിഷേധത്തിന്റെയും പൊരുൾ ഇതാണ്. സ്ത്രീസ്വാതന്ത്ര്യത്തിൽ കത്തിവെച്ച ഈ ഏർപ്പാടുകളെല്ലാം ചാതുർവർണ്യത്തിന്റെ സന്തതികളായിരുന്നു. സ്ത്രീയെ ഒരു മധുരപലഹാരമാക്കാനാണ് പുരുഷൻ ശ്രമിച്ചത്. ക്രമേണ അവൾ അങ്ങനെ ആയിത്തീരുകയും ചെയ്തു. എന്നാൽ ഈ സ്ഥിതി സംഘകാലത്ത് കാണുന്നില്ല. (ഇളംകുളം, 2005:260)

## ഗ്രന്ഥ/ലേഖനസൂചി

എഴുത്തച്ഛൻ, കെ.എൻ. 2000: കിളിപ്പാട്ട്, സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, (എഡി.) കെ.എം.ജോർജ്, എസ്.പി.സി.എസ്, കോട്ടയം.

കുഞ്ഞൻപിള്ള, ഇളംകുളം, 2005: ഇളംകുളം കുഞ്ഞൻപിള്ളയുടെ തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, ഭാഗം ഒന്ന്, (എഡി.) എൻ.സാം, കേരള സർവകലാശാല.

കുട്ടികൃഷ്ണമാരാർ, 1996: തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, കേരള സാഹിത്യ അക്കാദമി.

കൃഷ്ണപിള്ള, എൻ. 1998: കൈരളിയുടെ കഥ, എസ്.പി.സി.എസ്, കോട്ടയം.

കെ.വി.എം., 1998: കൗടില്യന്റെ അർത്ഥശാസ്ത്രം (തർജമ), കേരള സാഹിത്യ അക്കാദമി.

ജോർജ്, കെ.എം.(എഡി.), 2000: സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ, എസ്.പി.സി. എസ്, കോട്ടയം.

നാരായണപിള്ള, പി.കെ., സാഹിത്യപഞ്ചാനനൻ 1996: പഞ്ചാനനന്റെ വിമർശനത്രയം, കേരള സാഹിത്യ അക്കാദമി.

പരമേശ്വര അയ്യർ, എസ്. ഉള്ളൂർ, 2015: കേരളസാഹിത്യചരിത്രം, കേരളസർവകലാശാല, തിരുവനന്തപുരം.

ബാലകൃഷ്ണപിള്ള, എ., 1984: കേസരിയുടെ സാഹിത്യവിമർശനങ്ങൾ, എസ്.പി.സി.എസ്, കോട്ടയം.

(Ed.). Philip Rice and Patricia Waugh), n and New York.

Barthes, Rolland 1978: From Work to Text,in Modern Literary ThAnderson,Benedict, 1983:

Imagined Communities: Reflections on the Origin and Spread of Nationalism, Verso,Londoeory-A Reader1997Arnold, London.(Here after, MLT,1997)

……………………, 1978:

Death of the Author, in MLT,1997.

Bottomore, Tom (Ed.), 2001: A Dictionary of Marxist Thought, Blackwell, Oxford,UK.

Derrida, Jacques 2002: Of Grammatology, Tr. Gayatri Chakravorty Spivak National Banarsi Das, Delhi.

Dollimore, Jonathan, 1985: Political Shakespeare: Essayas in Cultural Materialism, Routledge, London.

Eagleton,Terry, 1997: Literary Theory-An Introductoin, Blackwell,London.

Easthope, Antony, 1999: The Unconscious, Routledge, London.

Foucault, Michel, 2001: What is an Auther, Norton Anthology of Theory and Criticism,(Ed.)Peter Simon, Norton London.(Here after NATC,2001)

Humboldt, Wilhelm Von, 1999: On Language,Trans.Peter Heath, CUP,Cambridge, NewYork.

Lacan, Jaques, 1977: The Four Fundamental Concepts of Psychoanalysis, Hogirth, London.

Marx, Karl, 2001: Selected Writings, (Ed.)David Mc Lellan, Oxford,New York.

Saussure, De Ferdinand, 2001: Course in General Linguistics, in NATC,2001.

*kvssimpa@gmail.com*

# പദ്യസാഹിത്യചരിത്രത്തിലെ എഴുത്തുകാരികൾ: ഒരു പുനർവായന

നിമ്യ. പി
ഗവേഷക, കേരള കേന്ദ്ര സർവ്വകലാശാല, കാസർഗോഡ്.


## പ്രബന്ധ സംഗ്രഹം

സ്ത്രീവാദ സിദ്ധാന്തങ്ങളുടെ പുതിയ സാധ്യതകൾ നിലനിൽക്കുന്നത് വൈജ്ഞാനിക പരിസരത്തെ നവീകരിക്കുന്നതിലും പ്രശ്നവത്കരിക്കുന്നതിലുമാണ്. തത്ത്വചിന്തയുടെ ലോകത്ത് ഊട്ടിയുറപ്പിക്കപ്പെട്ട പുരുഷാധിപത്യം സാഹിത്യത്തിന്റെ മണ്ഡലത്തിലും നിലനിന്നതായി കാണാം. അറിവിന്റെ മണ്ഡലത്തിൽ പ്രമാണവത്കരിക്കപ്പെട്ട ആശയങ്ങൾ തന്നെയാണ് സാഹിത്യത്തിലും പ്രതിഫലിച്ചു കാണുന്നത്. സ്ത്രീവാദ ജ്ഞാനശാസ്ത്രത്തിന്റെ സാധ്യതകളെ സാഹിത്യ പഠനവുമായി ബന്ധപ്പെടുത്തുമ്പോൾ മുന്നോട്ടു വയ്ക്കാവുന്ന പുതിയ പഠന സാധ്യതയാണ് സ്ത്രീവാദ ചരിത്ര വിജ്ഞാനീയത്തിന്റെ (Feminist historiography) സാധ്യതകളെ ഉപയോഗപ്പെടുത്തിയുള്ള സ്ത്രീപക്ഷ സാഹിത്യ ചരിത്ര രചനയും, നിലവിലെ ചരിത്ര പാഠങ്ങളുടെ പുനർനിർമ്മിതിയും. കവിതാ സാഹിത്യ ചരിത്രത്തിലെ പുതിയ പരിപ്രേക്ഷ്യവും പ്രതി വായനകളും ചർച്ച ചെയ്യുന്ന ഈ പ്രബന്ധം ടി. എം. ചുമ്മാറിന്റെ 'പദ്യ സാഹിത്യ ചരിത്ര'ത്തെ പഠന വിധേയമാക്കുന്നു. സ്ത്രീവാദജ്ഞാനശാസ്ത്രം(Feminist Epistemology), സ്ത്രീപക്ഷ സാഹിത്യചരിത്രവിജ്ഞാനീയം (Feminist historiography), സാഹിതീയ മൂല്യങ്ങളുടെ അപനിർമിതി തുടങ്ങിയ താക്കോൽ സങ്കല്പങ്ങളെ കേന്ദ്രീകരിച്ച് പഠനവിധേയമാക്കുമ്പോൾ ടി. എം. ചുമ്മാറിന്റെ പദ്യസാഹിത്യ ചരിത്രം വൈജ്ഞാനിക സാഹിത്യത്തിന്റെ പുതിയ സാധ്യതകളാണ് മുന്നോട്ടുവയ്ക്കുന്നത്.


***താക്കോൽ വാക്കുകൾ***: സ്ത്രീവാദജ്ഞാനശാസ്ത്രം(Feminist Epistemology), സ്ത്രീപക്ഷ സാഹിത്യചരിത്രവിജ്ഞാനീയം (Feminist historiography), അപനിർമ്മാണം.

സ്ത്രീവാദ സിദ്ധാന്തങ്ങളുടെ പുതിയ സാധ്യതകൾ നിലനിൽക്കുന്നത് വൈജ്ഞാനിക പരിസരത്തെ നവീകരിക്കുന്നതിലും പ്രശ്നവത്കരിക്കുന്നതിലുമാണ്. തത്ത്വചിന്തയുടെ ലോകത്ത് ഊട്ടിയുറപ്പിക്കപ്പെട്ട പുരുഷാധിപത്യം സാഹിത്യത്തിന്റെ മണ്ഡലത്തിലും നിലനിന്നതായി കാണാം. അറിവിന്റെ മണ്ഡലത്തിൽ പ്രമാണവത്കരിക്കപ്പെട്ട ആശയങ്ങൾ തന്നെയാണ് സാഹിത്യത്തിലും പ്രതിഫലിച്ചു കാണുന്നത്. സ്ത്രീവാദ ജ്ഞാനശാസ്ത്രത്തിന്റെ സാധ്യതകളെ സാഹിത്യ പഠനവുമായി ബന്ധപ്പെടുത്തുമ്പോൾ മുന്നോട്ടു വയ്ക്കാവുന്ന പുതിയ പഠന സാധ്യതയാണ് സ്ത്രീവാദ ചരിത്ര വിജ്ഞാനീയത്തിന്റെ (Feminist historiography) സാധ്യതകളെ ഉപയോഗപ്പെടുത്തിയുള്ള സ്ത്രീപക്ഷ സാഹിത്യ ചരിത്ര രചനയും, നിലവിലെ ചരിത്ര പാഠങ്ങളുടെ പുനർനിർമ്മിതിയും. കവിതാ സാഹിത്യ ചരിത്രത്തിലെ പുതിയ പരിപ്രേക്ഷ്യവും പ്രതി വായനകളും ചർച്ച ചെയ്യുന്ന ഈ പ്രബന്ധം ടി. എം. ചുമ്മാറിന്റെ 'പദ്യ സാഹിത്യ ചരിത്ര'ത്തെ പഠന വിധേയമാക്കുന്നു. സ്ത്രീവാദജ്ഞാനശാസ്ത്രം (Feminist Epistemology), സ്ത്രീപക്ഷ സാഹിത്യചരിത്രവിജ്ഞാനീയം (Feminist historiography), സാഹിതീയ മൂല്യങ്ങളുടെ അപനിർമിതി തുടങ്ങിയ താക്കോൽ സങ്കല്പങ്ങളെ കേന്ദ്രീകരിച്ച് പഠനവിധേയമാക്കുമ്പോൾ ടി. എം. ചുമ്മാറിന്റെ പദ്യസാഹിത്യ ചരിത്രം വൈജ്ഞാനിക സാഹിത്യത്തിന്റെ പുതിയ സാധ്യതകളാണ് മുന്നോട്ടുവയ്ക്കുന്നത്.

ചരിത്രമെന്നത് ഒരു സാംസ്കാരിക നിർമ്മിതിയാണ് എന്ന തിരിച്ചറിവിൽ നിന്നു കൊണ്ടാണ് ചരിത്രമുത്പാദിപ്പിക്കുന്ന വിജ്ഞാനത്തെ പ്രശ്നവത്കരിക്കുന്നതിനുള്ള സാധ്യതകളൊരുങ്ങുന്നത്. കേവലം വസ്തുതകളുടെ കാലക്രമമനുസരിച്ചുള്ള അടുക്കിവെയ്ക്കലല്ല ചരിത്ര രചന എന്ന അടിസ്ഥാന സങ്കല്പമാണ് ചരിത്ര വിജ്ഞാനീയം എന്ന പുതിയ വിജ്ഞാനശാഖയെ രൂപപ്പെടുത്തിയത്. അതു വഴി ചരിത്രത്തിലെ തമസ്കരണങ്ങളെ കണ്ടെടുക്കാനും വിടവുകൾ നികത്താനുമുള്ള ശ്രമങ്ങൾ പല നിലക്കും വൈജ്ഞാനിക രംഗത്തു നടക്കുകയുണ്ടായി. സമൂഹത്തിൽ അധികാരം പുലർത്തിയിരുന്ന ഉന്നതരുടെ വിവരങ്ങൾ മാത്രമായിരുന്നു അടുത്ത കാലം വരെയുള്ള ചരിത്ര കൃതികൾ നൽകിയിരുന്നത്. അതു കൊണ്ടു തന്നെ സാമൂഹ്യ പദവിയിൽ പിൻതള്ളപ്പെട്ട സ്ത്രീ ദളിത് ജീവിതങ്ങൾ ചരിത്രത്തിൽ തമസ്കരിക്കപ്പെട്ടു. എന്നാൽ അവ വീണ്ടെടുക്കുവാനുള്ള ശ്രമങ്ങൾ ഇന്നു വ്യാപകമായി നടക്കുന്നു. സാഹിത്യ ചരിത്രങ്ങളിൽ ഇത്തരം ഒഴിവാക്കലുകളും,

തെരഞ്ഞെടുക്കലുകളും നടന്നതിനെപ്പറ്റി ഡേവിഡ് പർക്കിൻസ് എന്ന തത്ത്വചിന്തകൻ അടയാളപ്പെടുത്തിയിരിക്കുന്നതിങ്ങനെയാണ്; " ചരിത്രത്തെപ്പോലെ സാഹിത്യ ചരിത്രങ്ങളും സാഹിത്യത്തിന്റെയോ കലയുടെയോ ഒരു പൂർണ്ണ ചരിത്രം നൽകുന്നില്ല എന്ന തിരിച്ചറിവാണ് സാഹിത്യ ചരിത്രവിജ്ഞാനീയത്തിന്റെ അന്തസത്ത. ഇവിടെയും ആഖ്യാതാവിന്റെ പ്രത്യയശാസ്ത്ര യുക്തികൾക്കനുസരിച്ച് വർത്തമാന താല്പര്യങ്ങൾക്ക് വിധേയമായിക്കൊണ്ടുള്ള തിരഞ്ഞെടുപ്പുകളും ഒഴിവാക്കലുകളും പ്രകടമാണ്. സാഹിത്യ ചരിത്ര രചന തെരഞ്ഞെടുപ്പുകളും സാമാന്യവത്കരണങ്ങളും ക്രമീകരണങ്ങളും ഉൾക്കൊള്ളുന്നുണ്ട്. വിവരിക്കാനാകുന്നവിധം ചെറിയ ഭൂതകാല സമയത്തിലെ ഏതാനും ചില കൃതികളും വിശ്വാസ്യ യോഗ്യമായ സംഭവങ്ങളുമാണ് ഏതെങ്കിലും പ്രാതിനിധ്യത്തെ അടയാളപ്പെടുത്താൻ സ്വീകരിക്കുക" (മേരി) സ്ത്രീവാദ ജ്ഞാനശാസ്ത്രത്തിന്റെ സാധ്യതകളെ സാഹിത്യ പഠനവുമായി ബന്ധപ്പെടുത്തുമ്പോൾ മുന്നോട്ട് വയ്ക്കാവുന്ന പുതിയ പഠന സാധ്യതയാണ് സ്ത്രീവാദ ചരിത്ര വിജ്ഞാനീയത്തിന്റെ (Feminist historiography) സാധ്യതകളെ ഉപയോഗപ്പെടുത്തിയുള്ള സ്ത്രീപക്ഷ സാഹിത്യ ചരിത്ര രചനയും, നിലവിലെ ചരിത്ര പാഠങ്ങളുടെ പുനർനിർമ്മിതിയും. കവിതാ സാഹിത്യ ചരിത്രത്തിലെ പുതിയ പരിപ്രേക്ഷ്യവും പ്രതി വായനകളും ചർച്ച ചെയ്യുന്ന ഈ പ്രബന്ധം ടി. എം. ചുമ്മാറിന്റെ 'പദ്യ സാഹിത്യ ചരിത്ര'ത്തെ പഠന വിധേയമാക്കുന്നു.

### സ്ത്രീവാദജ്ഞാനശാസ്ത്രവും സാഹിത്യ പഠനവും

തത്ത്വചിന്തയുടെ ലോകത്ത് ഊട്ടിയുറപ്പിക്കപ്പെട്ട പുരുഷാധിപത്യം സാഹിത്യത്തിന്റെ മണ്ഡലത്തിലും നില നിന്നതായി കാണാം. അറിവിന്റെ മണ്ഡലത്തിൽ പ്രമാണവത്കരിക്കപ്പെട്ട ആശയങ്ങൾ തന്നെയാണ് സാഹിത്യ ലോകത്തും പ്രതിഫലിച്ചു കാണുന്നത്.

സ്ത്രീവാദ ജ്ഞാനശാസ്ത്രത്തിന്റെ സാധ്യതകളെ സാഹിത്യ പഠനവുമായി ബന്ധപ്പെടുത്തുമ്പോൾ മൂന്നു തരത്തിലുള്ള പഠന സാധ്യതകളാണ് തെളിയുന്നത്.

1. സ്ത്രീവാദചരിത്രവിജ്ഞാനീയത്തിന്റെ (Feminist Historiography) സാധ്യതകളെ ഉപയോഗപ്പെടുത്തി സ്ത്രീപക്ഷ സാഹിത്യ ചരിത്ര രചനയും പഠനവും.
2. സാഹിതീയ മൂല്യങ്ങളുടെ അപ നിർമ്മാണം
3. സ്ത്രീ കേന്ദ്രീകൃതമായ പാഠങ്ങളും പഠനങ്ങളും സാധ്യമാക്കുക.

ചരിത്രം സംസാരിച്ചതത്രയും പുരുഷ കഥകളാണ്. എഴുത്തും ഭാഷയും കൈകാര്യം ചെയ്തതും പ്രമേയം, സൗന്ദര്യ സങ്കല്പങ്ങൾ എന്നിവയിൽ പ്രാമാണികത്വം കൈവരിച്ചിരുന്നതും പുരുഷവർഗം തന്നെയാണ് എന്നു സ്ഥാപിക്കുന്നവയാണ് സാഹിത്യത്തെ ക്രമപ്പെടുത്തിയ ചരിത്ര രചനകളേറെയും. "സ്ത്രീപക്ഷ സാഹിത്യ ചരിത്ര വിജ്ഞാനീയം എന്ന രീതിശാസ്ത്രത്തിലൂടെ സാഹിത്യ ചരിത്രത്തിലെ സ്ത്രീ ചരിത്രത്തെ പ്രശ്നവത്കരിക്കാനും വീണ്ടെടുക്കാനും പല നിലക്കും ഇന്ന് ശ്രമങ്ങളുണ്ട്. ഫെമിനിസ്റ്റ് ഹിസ്റ്ററിയോഗ്രാഫി എന്ന വൈജ്ഞാനിക ശാഖയെ സാഹിത്യ ചരിത്ര വിജ്ഞാനീയത്തിന്റെ ആശയങ്ങളുമായി സമന്വയിപ്പിച്ചാണ് സ്ത്രീപക്ഷ സാഹിത്യ ചരിത്ര വിജ്ഞാനീയം എന്ന രീതി ശാസ്ത്രത്തിലേക്ക് എത്തുന്നത്" (മേരി റീമ, 2016: 3011) എന്ന് മേരി റീമ അടയാളപ്പെടുത്തുന്നുണ്ട്.

മലയാള സാഹിത്യ ചരിത്രങ്ങളെ ഇത്തരമൊരു പരിപ്രേക്ഷ്യത്തിൽ ആദ്യമായി പഠിക്കുന്നത് ഗീതയുടെ 'ഉള്ളൂരിന്റെ സാഹിത്യ ചരിത്രവും എഴുത്തുകാരികളും 'എന്ന ലേഖനത്തിലാണ്. ഉള്ളൂർ എഴുത്തുകാരികളെ ചരിത്രവത്കരിച്ചിരിക്കുന്നത് അവരുടെ എഴുത്തിന്റെ പിൻബലത്തിലല്ലെന്നും, രാജകുടുംബമായോ സാഹിത്യ വാസനയുള്ള ബന്ധു ജനങ്ങളുമായോ ഉള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലാണെന്നും ലേഖിക കണ്ടെത്തുന്നു. മാത്രമല്ല എഴുത്തുകാരികളുടെ വ്യക്തി ജീവിതത്തിന് പ്രാധാന്യം നൽകികൊണ്ട് മാതൃകാ ഗുണങ്ങളെക്കുറിച്ചുള്ള പ്രസ്താവനകളാണ് ഉള്ളൂർ നടത്തിയതെന്നും ലേഖനത്തിൽ വിമർശിക്കുന്നുണ്ട്. (ഗീത,1999:283-84). സാഹിത്യ ചരിത്രത്തിൽ സംഭവിച്ച സ്ത്രീ തമസ്കരണങ്ങളുടെ കാരണങ്ങൾ കണ്ടെത്തി വിമർശിച്ച ഗീത പിന്നീട് അവയെ ചരിത്രത്തിൽ പ്രതിഷ്ഠിക്കുവാനുള്ള ശ്രമം തന്റെ മറ്റൊരു ഗ്രന്ഥത്തിലൂടെ നടത്തുന്നുണ്ട്. സാഹിത്യ ചരിത്രങ്ങൾ കാണാതെ പോയ എഴുത്തുകാരികളെ അവരുടെ കൃതികളുടെ പ്രാധാന്യ സ്വഭാവമനുസരിച്ച് വിലയിരുത്തുകയും പഠിക്കുകയും ചെയ്യുന്ന ഗ്രന്ഥമാണ് ഗീതയുടെ 'എഴുത്തമ്മമാർ'.

സ്ത്രീവാദ ചരിത്ര വിജ്ഞാനീയത്തിന്റെ പഠന വഴികളെ സാഹിത്യ പഠനത്തിൽ ഉൾപ്പെടുത്താൻ കഴിയുന്ന വഴികളെ ഇങ്ങനെ മൂന്നായി തരംതിരിക്കാവുന്നതാണ്.

1. സാഹിത്യ ചരിത്രങ്ങളിലെ സ്ത്രീ തമസ്കരണം കണ്ടെത്തുക .
2. 'ചരിത്ര രചയിതാവ്' ' എന്ന ആഖ്യാതാവിന്റെ ബോധ മണ്ഡലവും

February, 2020 മലയാളപ്പച്ച
Volume 01: No. 10 *malayala pachcha*

പ്രത്യയശാസ്ത്രവും ലിംഗ വിവേചനത്തെ പ്രതിഫലിപ്പിക്കുന്ന തലങ്ങളെ വിശകലനം ചെയ്യുക.

3. പരമ്പരാഗത ചരിത്രരചനയുടെ സമ്പ്രദായങ്ങളെ തിരസ്കരിച്ച് സ്ത്രീ കേന്ദ്രീകൃതമായ പുതിയ ചരിത്ര നിർമ്മിതി സാധ്യമാക്കുക.

ഗീതയുടെ 'ഉള്ളൂരിന്റെ സാഹിത്യ ചരിത്രവും എഴുത്തുകാരികളും' എന്ന പഠനം ഇതിൽ ഒന്നാമത്തെ വിഭാഗത്തിൽ ഉൾപ്പെടുന്നു . ഇതേ മാതൃകയിൽ തന്നെ അംഗീകൃതമായ സാഹിത്യചരിത്രങ്ങളെ, അവ പ്രസ്ഥാനങ്ങളെ അടിസ്ഥാനമാക്കിയോ കാലഗണനയ്ക്ക് അനുസരിച്ചോ രചിക്കപ്പെട്ടതാകട്ടെ അവയിലൊക്കെയും എത്ര സ്ത്രീയെഴുത്തുകാരെ ഉൾച്ചേർത്തിട്ടുണ്ട്, തമസ്കരിച്ചിട്ടുണ്ട് എന്ന പരിശോധനയ്ക്ക് സാധ്യത നൽകുന്നു ഈ പഠനവഴി.

സാഹിത്യചരിത്ര രചയിതാവിൽ അടങ്ങിയിരിക്കുന്ന പ്രത്യയശാസ്ത്രത്തെ വിശകലനം ചെയ്യുക എന്ന രണ്ടാമത്തെ ധാരയിൽ അധികാര ശ്രേണീ ബന്ധങ്ങളുടെയും സാമൂഹ്യഘടനയുടെയുമെല്ലാം തലങ്ങൾ കടന്നു വരുന്നു. സാഹിത്യ ചരിത്രത്തെ സാംസ്കാരിക വായനയ്ക്കു വിധേയമാക്കുന്ന പഠന പദ്ധതിയാണ് ഇതു മുന്നോട്ടു വയ്ക്കുക.

സാഹിത്യത്തിൽ നിർണായകമായ സംഭാവനകൾ നൽകിയ സ്ത്രീകളെ കണ്ടെത്തുകയും അവരുടെ കൃതികളുടെ സമ്പാദനവും പഠനവും സാധ്യമാക്കുകയും എന്നത് മൂന്നാമതായി പറഞ്ഞ ചരിത്ര നിർമ്മിതി യുടെ സവിശേഷതയാണ്. സ്ത്രീകൾ തന്നെ ചരിത്ര കൃതിയുടെ കർത്തൃ സ്ഥാനത്തു വരുന്ന ഈ പഠന വഴിയിൽ ഗീതയുടെ എഴുത്തമ്മമാർ, സജിത മഠത്തിലിന്റെ മലയാള നാടക സ്ത്രീ ചരിത്രം തുടങ്ങിയ കൃതികൾ ശ്രദ്ധേയങ്ങളാണെന്നു പറയാം.

### സാഹിതീയ മൂല്യങ്ങളുടെ അപനിർമ്മാണം

സാഹിത്യത്തിൽ പലപ്പോഴും അവതരിപ്പിക്കപ്പെട്ടത് മുൻപ് സൂചിപ്പിച്ച അറിവിന്റെ മണ്ഡലത്തിൽ ആധിപത്യം ഉറപ്പിക്കപ്പെട്ട പുരുഷ മൂല്യങ്ങളും, തത്ത്വചിന്തയും, ദർശനങ്ങളും, സൗന്ദര്യ സങ്കല്പങ്ങളുമെല്ലാമാണ്. മേൽ/ കീഴ് ബന്ധങ്ങളിൽ ഊന്നിക്കൊണ്ടുള്ള സൗന്ദര്യ ദർശനങ്ങളും, സാഹിത്യ ഭാഷയുമാണ് മലയാളത്തിലും പ്രചരിക്കപ്പെട്ടത്. രാമനെ ആദർശവത്കരിച്ച് ധാർമിക മൂല്യങ്ങളുടെയും തത്വചിന്തയുടെയും പുരുഷ ചിന്തയെ പ്രതിഷ്ഠിച്ച എഴുത്തച്ഛനാണ് നമ്മുടെ ഭാഷാ പിതാവായി അവരോധിക്കപ്പെട്ടത്. ഉത്തമ മനുഷ്യ സങ്കല്പത്തെ മുന്നോട്ടുവയ്ക്കുന്ന എഴുത്തച്ഛൻ കൃതികൾ

താത്ത്വികമായും ഭാഷാപരമായും ആഖ്യാന പരമായും പുനർ വായനയ്ക്ക് വിധേയമാക്കാനുള്ള സാധ്യത സ്ത്രീവാദ ജ്ഞാനശാസ്ത്രം മുന്നോട്ടുവയ്ക്കുന്നു. മലയാള സാഹിത്യത്തിൽ തത്വചിന്തയുടെയും ഭാഷയുടെയും തലങ്ങളിൽ ഉന്നതമായ സ്ഥാനത്ത് അവരോധിക്കപ്പെട്ടവയാണ് ആശാൻ കൃതികൾ. ആശാൻ മുന്നോട്ടുവച്ച മൂല്യ സങ്കല്പങ്ങളെയും ജീവിതാദർശങ്ങളെയും സ്ത്രീവാദ ജ്ഞാനശാസ്ത്രത്തിന്റെ പരിധിയിൽ പഠന വിധേയമാക്കുമ്പോൾ വിമർശിക്കപ്പെടാനുള്ള സാധ്യതകൾ ഏറെയാണ്. ആശാൻ കൃതികളിലെ മൂല്യ സങ്കല്പങ്ങളുടെ കാതൽ ബുദ്ധമത ആശയങ്ങളിൽ നിന്നും രൂപം കൊണ്ടവയാണ്. ശരീരത്തെക്കാൾ മനസ്സിനും തൃഷ്ണയെക്കാൾ യുക്തിക്കും പ്രാധാന്യം നല്കുന്ന ആശാന്റെ ദർശനങ്ങൾ പുരുഷകേന്ദ്രീകൃതമായി നീതീ കരിക്കപെട്ട ദൈവ സങ്കല്പങ്ങളുടെയും തത്വചിന്തയുടെയും ബാക്കിപത്രം മാത്രമാണ്. ആശാൻ കൃതികളുടെ യുടെ പ്രേരകശക്തിയായ ബുദ്ധമതത്തി ന്റെ സങ്കല്പനങ്ങൾ തന്നെ സ്ത്രീ വിരുദ്ധമാണെന്നത് ഈ വിമർശനത്തിന്റെ പ്രാധാന്യത്തെക്കുറിക്കുന്നു.

സൗന്ദര്യ സങ്കല്പങ്ങൾക്കകത്തും, ഭാഷയിലും കാണുന്ന പുരുഷ യുക്തികളെ ഇതേ പരിസരത്തിൽ പുനർ പഠനത്തിനു വിധേയമാക്കാവു ന്നതാണ്. സാഹിതീയ മൂല്യങ്ങളായി പരിഗണിക്കപ്പെട്ടവ എത്രത്തോളം പുരുഷകേന്ദ്രിതവും സ്ത്രീവിരുദ്ധവുമാണെന്ന അന്വേഷണത്തിലേയ്ക്ക് സ്ത്രീവാ ദജ്ഞാന ശാസ്ത്രത്തിന്റെ സാധ്യതകൾ തുറക്കപ്പെടുന്നു.

### പദ്യസാഹിത്യ ചരിത്രവും എഴുത്തുകാരികളും

മലയാള കവിതാ സാഹിത്യത്തെ ചരിത്രവത്കരിക്കുക എന്ന ലക്ഷ്യ ത്തോടെ 1936-ലാണ് ടി. എം. ചുമ്മാറിന്റെ പദ്യസാഹിത്യ ചരിത്രം പ്രസി ദ്ധീകരിക്കുന്നത്. ഒന്നാം പതിപ്പിൽ ഭാഷാ കവിതയുടെ ആരംഭം മുതൽ ജി. ശങ്കരക്കുറുപ്പു വരെയുള്ള കവികളുടെ കൃതികളെപ്പറ്റിയാണ് പരാമർശി ക്കുന്നത്. 1941ൽ പ്രസിദ്ധീകരിച്ച രണ്ടാം പതിപ്പിൽ ചങ്ങമ്പുഴ കൃഷ്ണപിള്ള വരെയുള്ള കവികളെപ്പറ്റിയാണ് ടി. എം. ചുമ്മാർ പ്രതിപാദിക്കുന്നത്. 1960 ൽ പുറത്തിറങ്ങിയ മൂന്നാം പതിപ്പിലാണ് ഇരുപത്താറാമദ്ധ്യായം എന്ന ഭാഗത്ത് കേരളീയ കവയിത്രികളെക്കുറിച്ചുള്ള ചരിത്ര പരാമർശം ടി. എം. ചുമ്മാർ നടത്തുന്നത്. അതിൽ എഴുത്തുകാരികളുടെ തെരഞ്ഞെടുപ്പിലും, എണ്ണത്തിലും, കൃതികളുടെ പരാമർശത്തിലും എല്ലാം പുലർത്തിയ പുരുഷാ ധികാര സങ്കല്പങ്ങളെ കണ്ടെടുക്കുകയും പ്രശ്നവത്കരിക്കുകയുമാണിവിടെ.

February, 2020 മലയാളപ്പച്ച
Volume 01: No. 10 *malayala pachcha*

കേരളീയ കവയിത്രികൾ എന്ന തിരിച്ച ഇരുപത്താറാമദ്ധ്യായത്തിൽ മനോരമത്തമ്പുരാട്ടിയെക്കുറിച്ചാണ് ആദ്യ പരാമർശം. "സംസ്കൃത പണ്ഡിതയായിരുന്ന മനോരമത്തമ്പുരാട്ടിയുടെ പേർ പ്രസിദ്ധമാണല്ലോ –കൊല്ലം 935-ാമാണ്ടു കോഴിക്കോട്ടു കിഴക്കേ കോവിലകത്തു ജനിച്ച ആ മഹതിയുടെ സാക്ഷാൽ നാമധേയമെന്തെന്നറിയുന്നില്ല. " എന്ന് പറഞ്ഞു എഴുത്തു കാരിയുടെ സവർണ ജന്മ പാരമ്പര്യത്തെ ആദ്യമേ ചരിത്രകാരൻ ഉറപ്പിച്ചു വയ്ക്കുന്നതായി കാണാം. തുടർന്ന് "ഭട്ടോജി ദീക്ഷിതരുടെ 'പ്രൗഢമനോരമ'യിൽ അതിമാത്രം നൈപുണ്യം നേടിയതുകൊണ്ടും, മനോജ്ഞലീലാ രസലോല മാനസ യായിരുന്നതുകൊണ്ടും 'മനോരമ' എന്ന അർത്ഥനാമം പില്ക്കാലത്ത് അവർക്കു ലഭിച്ചതാണെന്ന് മാനവിക്രമീയം എന്ന കാവ്യത്തിൽ നിന്നു തെളിയുന്നുണ്ടെ"ന്നു പറഞ്ഞു വയ്ക്കുന്നു. എഴുത്തുകാരിയുടെ സർഗാത്മക വൈദഗ്ധ്യം എന്നതിനപ്പുറം 'മനോരമ' എന്ന പേരിന്റെ ഔചിത്യത്തെ കണ്ടെത്തി സ്ഥാപിക്കുവാൻ കാണിക്കുന്ന വ്യഗ്രത ചരിത്രനിർമ്മിതിയിലെ പുരുഷ ബോധത്തെ പ്രതിഫലിപ്പിക്കുന്നു. 'മനോജ്ഞലീലാരസലോല മാനസ'യായതിനാലാണ് മനോരമ യെന്ന പേരു വന്നതെന്ന വിശദീകരണം ഇതു തെളിയിക്കുന്നു. പിന്നീട് അവ്യുല്പന്നനായിരുന്ന പാകത്തു ഭട്ടതിരിയുടെ പത്നി എന്ന വിശേഷണമാണ് എഴുത്തുകാരിക്ക് ചുമ്മാർ നൽകുന്നതെന്നതും ശ്രദ്ധേയമാണ്. എഴുത്തുകാരിയുടെ സർഗാത്മക വൈദഗ്ധ്യം പ്രഗത്ഭമതികളായ പുരുഷ സാമീപ്യം കൊണ്ടാണെന്നു സ്ഥാപിക്കാനുള്ള ചരിത്രകാരന്റെ ശ്രമങ്ങൾ പദ്യ സാഹിത്യ ചരിത്രത്തിൽ ഉടനീളം കാണാം.

"പ്രസിദ്ധ കവിയും ദക്ഷയാഗം തുടങ്ങിയ ആട്ടക്കഥകളുടെ കർത്താവുമായ ഇരയിമ്മൻ തമ്പിയുടെ പുത്രിയാണ് " എന്ന് പറഞ്ഞാണ് കുട്ടിക്കുഞ്ഞു തങ്കച്ചിയെ അവതരിപ്പിച്ചിരിക്കുന്നത്. അതു മാത്രമല്ല "കാവ്യ നാടകാദികൾ അഭ്യസിപ്പിക്കുന്നതിൽ പ്രധാന ഗുരുഭൂതൻ അവിടുത്തെ പിതാവു തന്നെയായിരുന്നു" എന്നു സ്ഥാപിച്ചെടുക്കുകയും ചെയ്യുന്നുണ്ട് ഈ ചരിത്രകൃതിയിൽ. സർഗാത്മകതയുടെ കടിഞ്ഞാൺ പുരുഷന്റെ കയ്യിലാണെന്ന ബോധമാണ് ചരിത്രകാരനെ ഇതെഴുതാൻ പ്രേരിപ്പിക്കുന്നത്. പിന്നീട് കവയിത്രിയുടെ രചനകൾ പരിചയപ്പെടുത്തിപ്പോകുന്നു. ശ്രീമതീസ്വയംവരം പാർവ്വതീസ്വയംവരം തുടങ്ങിയ ആട്ടക്കഥകൾ, സ്ഥലപുരാണ സംബന്ധമായ മൂന്നു കളിപ്പാട്ടുകൾ, തിരുവാതിരപ്പാട്ടുകൾ എന്നിങ്ങനെ പരിചയ പ്പെടുത്തുന്ന കൃതികൾ പക്ഷേ സാഹിത്യ ചരിത്ര രചയിതാവിന്റെയോ അക്കാലം വരെ

നിലനിന്ന പുരുഷ പക്ഷ ബോധത്തെയോ തെല്ലും മുറിപ്പെടുത്തുന്നില്ല എന്നു മാത്രമല്ല പലതും പാതിവ്രത്യത്തെയും, വ്യവസ്ഥാപിത സ്ത്രീ മൂല്യങ്ങളെയും ഉയർത്തിപ്പിടിക്കുന്നതാണ് എന്നതും ശ്രദ്ധേയമാണ്.

യുദ്ധകാണ്ഡം പാന, അഷ്ടമിരോഹിണീ മാഹാത്മ്യം കിളിപ്പാട്ട്, തുടങ്ങിയ കൃതികളെഴുതിയ ' ഇക്കു അമ്മത്തമ്പുരാട്ടി'യെ ഭർത്താവിൻെയും, മകന്റെയും മേൽവിലാസത്തിൽ അടയാളപ്പെടുത്തിയിരിക്കുന്നത് ഇങ്ങനെ;" തന്ത്രസമുച്ചയ കർത്താവായ ചേന്നാസ്സ നമ്പൂരിപ്പാട്ടിലെ വംശജനായ ഒരു പണ്ഡിതനാണ് ഈ മഹതിയെ പരിഗ്രഹിച്ചത്. . ആ ദമ്പതിമാരിൽ നിന്നു സംജാതനായ ഒരു പുത്രനാണ് 1121 ൽ കൊച്ചിയിലെ മഹാരാജാവായി സ്ഥാനാരോഹണം ചെയ്ത് കേരളത്തിൽ ഭാഗികമായിട്ടെങ്കിലും ആദ്യമായി ജനകീയ ഭരണം അനുവദിക്കുകയും ഐക്യ കേരള പ്രസ്ഥാനത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്ത ഉത്രാടം തിരുന്നാൾ കേരളവർമ്മ ത്തമ്പുരാൻ ബി. എ എന്ന വസ്തുതയും ഈയവസരത്തിൽ അനുസ്മരിപ്പിച്ചു കൊള്ളട്ടെ"(1973:358). എഴുത്തിനെക്കുറിച്ചു പറയേണ്ട അവസരത്തിൽ ഈ കൃതികളുമായി യാതൊരു ബന്ധവുമില്ലാത്ത എഴുത്തുകാരിയുടെ ബന്ധുത്വ ത്തെ അവതരിപ്പിച്ചത് തീർത്തും അനൗചിത്യ പരമാണെന്നു കാണാം. മാത്രമല്ല അവയുടെ അടിസ്ഥാനം പുരുഷ പക്ഷ ചരിത്ര വീക്ഷണമാണ് എന്ന താണ് ശ്രദ്ധേയം.

1055-ൽ നാടുനീങ്ങിയ തിരുവിതാംകൂർ മഹാരാജാവായ ആയില്യം തിരുനാൾ തമ്പുരാന്റെ പ്രിയതമയായിരുന്നു എന്നു പറഞ്ഞാണ് 'കല്യാണിക്കുട്ടി അമ്മച്ചി'യെ ടി. എം. ചുമ്മാർ അടയാളപ്പെടുത്തുന്നത്. 1038-ൽ ഈ സൗഭാഗ്യവതിയെ ആയില്യം തിരുനാൾ പത്നിയായി അമ്മച്ചിയായി കൈക്കൊണ്ടു എന്നും നാഗറു കോവിലിലേക്ക് ദത്തെടുക്കപ്പെട്ടു എന്നും സാഹിത്യ ചരിത്രകാരൻ പറയുന്നു. എഴുത്തുകാരികൾക്കുള്ള സർഗാത്മക വൈദഗ്ധ്യത്തിൽ പിതൃ മേധാവിത്വത്തിലധിഷ്ഠിതമായ സവർണ ബോധം ആധിപത്യമുറപ്പിക്കുന്നതിലെ രാഷ്ട്രീയ യുക്തി ഇവിടെ വിമർശന വിധേയമാക്കേണ്ടതുണ്ട്. മാത്രമല്ല അവരുടെ എഴുത്തിലെ സർഗാത്മകതയും ആശയത്തികവും വ്യക്തമാക്കാൻ സാഹിത്യ ചരിത്രകാരൻ തെരഞ്ഞെടുത്ത കൃതിയും പിതൃ ബോധത്തെ ഊട്ടിയുറപ്പിക്കുന്നതാണെന്നു കാണാം. 'പാതിവ്രത്യ പഞ്ചക 'മെന്ന കൃതിയിലെ

"ജാതി ശ്രേഷ്ഠത കുമ്പിടുന്ന വഴി ളുത്തീടുന്ന സൗന്ദര്യവും
ഖ്യാതിപ്പെൺമണി പൊൻപിടിക്കുട പിടിച്ചിട്ടുന്ന കൂട്ടം മുദം;

ഭ്രുതിക്കാറണി കല്പനകൾ കേട്ടിടുന്ന പെൺനാട്ടിലി-
പ്രാതിവ്രത്യമഹേശ്വരിയെഴുന്നള്ളിജ്ജയിക്കുന്നഹോ"

എന്ന വരികൾ ഉദാഹരിക്കുന്നതിലെ രാഷ്ട്രീയ യുക്തി മറ്റൊന്നല്ല.

തോട്ടയ്ക്കാട്ട് ഇക്കാവമ്മയെക്കുറിച്ച് പറയുമ്പോഴും സർഗാത്മക പിതൃത്വത്തെ കണ്ടെത്താനുള്ള ശ്രമമാണ് ചരിത്രകാരൻ ആദ്യം നടത്തുന്നത്. അതിങ്ങനെയാണ്; "പിതാവു തന്നെയായിരുന്ന ആദ്യഗുരു, പതിന്നാലാമത്തെ വയസിൽ വിവാഹിതയായിത്തീർന്നു,കാരക്കാട്ടു നാരായണ മേനോൻ ബി. എ ആയിരുന്ന ഇക്കാവമ്മയുടെ പ്രിയതമൻ,പ്രസിദ്ധ സാഹിത്യകാരനായിരുന്ന സാഹിത്യ കുശലൻ,ടി. കെ കൃഷ്ണമേനോൻ ഈ കവയിത്രിയുടെ കനിഷ്ഠ സഹോദരനാണെന്നുള്ള വസ്തുത ഈയവസരത്തിൽ പ്രസ്താവ്യയോഗ്യമാകുന്നു" (1973:390). എന്നാൽ സ്ത്രീ സ്വത്വത്തെയും, എഴുത്തുകാരിയുടെ കർത്തൃപദവിയെയും കുറിച്ച് സുഭദ്രാർജ്ജുനത്തിൽ:

"മല്ലാരി പ്രിയയായ ഭാമ സമരം ചെയ്തീലയോ തേർ തെളി-
ച്ചില്ലേ പണ്ടു സുഭദ്ര പാരിതു ഭരിക്കുന്നില്ലെ വിക്ടോറിയാ;
മല്ലാക്ഷീമണികൾക്കു പാടവമിവയ്യെല്ലാം ഭവിച്ചിടുകിൽ-
ച്ചൊല്ലേറും കവിതയ്ക്കു മാത്രമിവരാളല്ലെന്നു വന്നീടുമോ?

എന്നിങ്ങനെ ശക്തമായി അടയാളപ്പെടുത്തിയ എഴുത്തുകാരിയെ അവരുടെ രചനാ കാലഘട്ടത്തിൽ പരിഹസിച്ചിരുന്നതിനെ ഒട്ടും പ്രാധാന്യമില്ലാതെയാണ് ടി. എം. ചുമ്മാർ അടയാളപ്പെടുത്തുന്നത്; "ഇക്കാവമ്മ കവിതാപഥത്തിൽ സഞ്ചരിച്ചിരുന്ന കാലത്ത് ചില രസികേശ്വരന്മാർ ഈ 'തോട്ടയ്ക്കാട്ടെക്കമനിമണി' യോട് ഏറ്റുമുട്ടിയതും മറ്റുമായ സംഭവങ്ങൾ സാഹിത്യലോകത്തിൽ അക്കാലത്ത് വളരെ പ്രസിദ്ധങ്ങളായിരുന്നു" എന്നു പറഞ്ഞു കൊണ്ട് എഴുത്തുകാരിയെ അധിക്ഷേപിച്ച വിമർശനങ്ങളെ അദ്ദേഹം കേവല പരാമർശത്തിൽ ഒതുക്കി തീർത്തു. സി. പി. അച്യുത മേനോൻ: "ഗൃഹ കൃത്യാനുഷ്ഠാനങ്ങൾ കൊണ്ടും സൗന്ദര്യ ശീലാദി ഗുണങ്ങൾ കൊണ്ടും തൃപ്തിയടയാത്ത സാമർഥ്യക്കാരികളാണ് സാഹിത്യ രചനയ്ക്ക് തുനിയുന്നത്" എന്ന് ഇക്കാവമ്മയെ വിമർശിച്ചതിനെയെല്ലാമാണ് 'തോട്ടയ്ക്കാട്ടെ കമനിമണിയോടുള്ള കലഹമായി' ടി. എം. ചുമ്മാർ അടയാളപ്പെടുത്തിയത് എന്നിടത്താണ് ചരിത്ര രചനയിലെ സ്ത്രീ കർത്തൃ പദവിയുടെ രണ്ടാം നിലയുടെ യുക്തി വെളിപ്പെടുക.

"കളഞ്ഞു പോയി നീ നിമിത്തമെന്റെ നല്ല പേരു
മേലിലയ്ക്കു ഭാരമായി ഞാൻ ധരിപ്പതില്ല ജീവനെ" എന്നും

“തരുണിമണികളെ പ്പോലുള്ളലിഞ്ഞുള്ള രാഗം
പുരുഷരിലൊരുനാളും കാൺമതില്ലെന്നു ചെയ്യാം!
ചതികളുമിതു മട്ടിൽ പുരുഷന്മാർ തുടർന്നാൽ
സതികളവർ ശപിക്കും,ലോകമെല്ലാം നശിക്കും. ”

എന്നിങ്ങനെ പുരുഷനെ പ്രശ്നവത്കരിക്കുകയും പ്രണയത്തെ നിരാകരിക്കുകയും ചെയ്യുന്ന വരികൾ എഴുതിയ സിസ്റ്റർ മേരീ ബനീഞ്ഞയെ “ ഈ യോഗിനി അവരുടെ വാഗ്ദാനമനുസരിച്ച് ‘ദിവ്യ പ്രേമസുധാബ്ധിയിൽ ആറാടിക്കുന്ന അനേകം സൽക്കാവ്യങ്ങൾ ചമച്ച കേരളീയരെ ഇനിയും ആനന്ദിപ്പിക്കുമാറാകട്ടെ” (1973:399) എന്നിങ്ങനെ എഴുത്തുകാരിയുടെ സ്വത്വത്തിനും അവരുടെ കൃതികളുടെ അർത്ഥ പരിസരങ്ങൾക്കും വിരുദ്ധമായ വിശേഷണം നൽകുന്നത് വിമർശന വിധേയമാകേണ്ടതുണ്ട്.

നാലപ്പാട്ടു ബാലാമണിയമ്മയെ ‘സാഹിത്യ ക്ഷേത്രത്തിൽ കൂപ്പുകൈയുമായി പ്രവേശിച്ച അമ്മയായും കുടുംബിനി’യായും ‘ധർമ്മ മാർഗത്തിൽ എത്തി സ്ത്രീഹൃദയം വ്യക്തമാക്കി വിഹരിക്കുന്ന മഹതി’യായും ഒക്കെയാണ് അവതരിപ്പിക്കുന്നത്. മാതൃത്വം,ദാമ്പത്യം, കുടുംബിനി സങ്കല്പങ്ങൾ എല്ലാം വിമർശിക്കപ്പെടുകയും അതിലടങ്ങിയ അധീശത്വ താല്പര്യങ്ങൾ തിരിച്ചറിഞ്ഞു തുടങ്ങുകയും ചെയ്ത കാലഘട്ടത്തിലാണ്(1960-കൾ) അവയെ ആദർശവത്കരിക്കുന്ന സമീപനം ചരിത്ര രചനയിൽ ടി. എം. ചുമ്മാർ സ്വീകരിച്ചത് എന്നിടത്താണ് അതിന്റെ വിമർശന സാധ്യത നില നിൽക്കുന്നത്. മാത്രമല്ല സ്ത്രീയെ സംബന്ധിച്ചുള്ള ഇത്തരം പരമ്പരാഗത മൂല്യ സങ്കല്പങ്ങളോട് നിഷേധാത്മക സമീപനം വച്ചു പുലർത്തുന്ന സ്ത്രീപക്ഷ ചിന്താഗതിക്കാരെ അദ്ദേഹം വിമർശിക്കുകയും ചെയ്യുന്നു. അതിങ്ങനെയാണ്: “ദാമ്പത്യം, മാതൃത്വം എന്നിവയിൽ കവയിത്രി കാണുന്ന ദിവ്യവും ഭവ്യവുമായ നില, ഇന്നത്തെ പരിഷ്കാരികളിൽ ചിലർക്ക് മന്ദഹാസ ജനകമായിരുന്നേക്കാം. എന്നാൽ കാലമാണല്ലോ എല്ലാവരേയും കണ്ണു തുറപ്പിക്കുന്നത് ” (1973:401). സ്ത്രീ വിരുദ്ധ നിലപാടുകൾ പ്രത്യക്ഷമായി തന്നെ അവതരിപ്പിക്കപ്പെട്ടു എന്നതാണ് ഈ ചരിത്രകൃതിയുടെ സ്ത്രീ പക്ഷ വായനയ്ക്ക് കൂടുതൽ സാധ്യത നൽകുന്നത്.

സൽകൃതികൾ കൊണ്ടു കാവ്യദേവതയെ പ്രസാദിപ്പിച്ചു കഴിഞ്ഞിട്ടുള്ള ഒരു ‘മാന്യ കവയിത്രി’യായാണ് ലളിതാംബിക അന്തർജ്ജനത്തെ വിശേഷിപ്പിച്ചിരിക്കുന്നത്. പുരുഷ കേന്ദ്രിത സമൂഹം നിയതപ്പെടുത്തിയ സ്ത്രീ സ്വത്വ സങ്കല്പനങ്ങളിലേക്കാണ് ‘കുലീനത്വം’ ആരോപിച്ചു കൊണ്ട്

എഴുത്തു കാരികളുടെ കർതൃത്വ പദവി നിർണയിക്കാൻ സാഹിത്യ ചരിത്ര കാരനും വ്യഗ്രത കൊള്ളുന്നത്. അന്തർജ്ജന ജീവിതം, ഭ്രഷ്ട്, തുടങ്ങിയ കവിതകളിലൂടെ സവർണ പുരുഷാധിപത്യത്തിനോടുള്ള വിയോജിപ്പ് ശക്തമായി പ്രകടമാക്കിയ കവയിത്രിയെയാണ് സാഹിത്യ ചരിത്രകാരൻ "ശാന്തമായ പരിഹാസ രസം അന്തർജ്ജനത്തിന്റെ കവിതയിൽ പലയിടത്തും കാണാം"എന്നു വിശേഷിപ്പിക്കുന്നത്. എഴുത്തിൽ പ്രകടമാകുന്ന സ്ത്രൈണ പ്രതിരോധത്തിന് 'ശാന്ത ഭാവം' കല്പിച്ചു കൊടുക്കുന്നതിലെ വൈരുദ്ധ്യം ശ്രദ്ധേയമാണ്.

സി.ജെ. തോമസ് എന്ന സഹോദരന്റെ മേൽവിലാസത്തോടു കൂടിയാണ് കവയിത്രി മേരി ജോൺ കൂത്താട്ടുകുളത്തെ സാഹിത്യ ചരിത്രകാരൻ അടയാളപ്പെടുത്തുന്നത്. രണ്ടു കണ്ണീർക്കണികകൾ എന്ന കവിതയിലെ വരികൾ ഉദ്ധരിച്ചു കൊണ്ട് "ജീവിതത്തിലെ പരാധീനതകളും പരാജയങ്ങളും സ്വാനുഭവത്തോടു കൂടി സ്വകൃതികളിൽ ആവിഷ്കരിക്കുവാൻ കവയിത്രിക്കു സാധിച്ചിട്ടുണ്ട്" എന്നു പറഞ്ഞു വയ്ക്കുമ്പോഴും അത്തരം സ്ത്രീയനുഭവം എന്തുകൊണ്ട് ആവിഷ്കരിക്കപ്പെട്ടു എന്നോ, എഴുത്തിനു പിന്നിൽ പ്രവർത്തിച്ച അക്കാലത്തെ സ്ത്രീയുടെ സാമൂഹിക നില എന്തായിരുന്നുവെന്നോ വിശകലനം ചെയ്യാൻ സാഹിത്യ ചരിത്ര രചയിതാവ് തയ്യാറാവുന്നില്ല.

പദ്യസാഹിത്യചരിത്രത്തിൽ ടി. എം. ചുമ്മാർ എഴുത്തുകാരികൾക്ക് ഇത്തരത്തിൽ കല്പിച്ചു കൊടുത്ത കർതൃപദവിയ്ക്ക് ഏകതാനമായ ഒരു മാനദണ്ഡമുണ്ട്. അത് പുരുഷ മേൽക്കോയ്മയുടെ അഥവ മുൻപു സൂചിപ്പിച്ചതു പോലെ സാമൂഹിക മണ്ഡലങ്ങളിലും, വൈജ്ഞാനിക തലത്തിലും, സൗന്ദര്യ സങ്കല്പങ്ങളിലുമെല്ലാം നിലനിന്ന സവർണ പിതൃ ബോധത്തിലധിഷ്ഠിതമായ മൂല്യ സങ്കല്പങ്ങളുടേതാണ്. " ലോകത്തേയും ലോക ജീവിതത്തെയും പറ്റി ഒരു സ്ത്രീ ഹൃദയത്തിന്റെ ഭാവനകൾ എന്തൊക്കെയാണെന്നു മലയാള സാഹിത്യത്തിൽ നിന്നറിയുവാൻ ഈ ശ്രീമതി മാരുടെ കാവ്യങ്ങൾ തന്നെ വായിക്കേണ്ടിയിരിക്കുന്നു"(1973:406). എന്നു സമവാക്യപ്പെടുത്തിയതിൽ നിന്നും അതു വ്യക്തമാകുന്നു. ഇവിടെ എഴുത്തുകാരികളുടെ സ്വത്വ പദവിയെന്നത് 'ശ്രീമതി ' എന്ന കർതൃത്വത്തിലേയ്ക്ക് കൂട്ടിയിണക്കുക വഴി, ചരിത്രകാരന്റെ പ്രത്യയശാസ്ത്രം പരമ്പരാഗത പുരുഷ പക്ഷ സമീപനങ്ങളോട് ചേർന്നു നിൽക്കുന്നു. കവികളെപ്പോലെ കവയിത്രിമാർ ഇന്നും കാവ്യ രംഗത്ത് പ്രത്യക്ഷപ്പെട്ടു കാണുന്നില്ല എന്ന വിലയിരുത്തലോടെ അവസാനിക്കുന്ന ഇരുപത്താറാം അധ്യായമാണ് പദ്യസാഹിത്യ ചരിത്രത്തെ സ്ത്രീപക്ഷ

ചരിത്ര വിജ്ഞാനീയവുമായി ചേർത്തു നിർത്തുന്നത്. ചരിത്ര രചയിതാവ് സ്ത്രീയെഴുത്തുകാരികൾക്ക് നൽകിയ പദവിയെ പ്രശ്നവത്കരിക്കുവാനും ജ്ഞാന വ്യവസ്ഥയിൽ നിലനിൽക്കുന്ന പുരുഷാധികാര സങ്കല്പങ്ങളെ പ്രതിരോധിക്കുവാനുമുള്ള സാധ്യത ഇതു നൽകുന്നു. മുൻപു സൂചിപ്പിച്ചതു പോലെ സ്ത്രീപക്ഷ ചരിത്ര വിജ്ഞാനീയത്തിന്റെ പ്രധാനപ്പെട്ട മൂന്നു പഠന വഴികൾ പദ്യസാഹിത്യ ചരിത്രത്തിന്റെ പഠനത്തെ വിപുലപ്പെടുത്തുന്നതിനെ ഇങ്ങനെ ക്രോഡീകരിക്കാം;

1. ഇരുപത്താറാമദ്ധ്യായത്തിൽ മാത്രമായി സ്ത്രീയെഴുത്തുകാരികൾ ഒതുക്കപ്പെട്ടു എന്ന വിമർശനം നിലനിൽക്കുന്നതോടൊപ്പം, എഴുത്തുകാരികളെ ഉൾച്ചേർക്കുന്നതിലും,ഒഴിവാക്കുന്നതിലും സ്വീകരിച്ച മാനദണ്ഡങ്ങളുടെ രാഷ്ട്രീയ പരിശോധന. തെരഞ്ഞെടുക്കപ്പെട്ട എഴുത്തുകാരികളുടെ തന്നെ ഉദാഹരിക്കപ്പെട്ട കൃതികളുടെയും ഒട്ടും പരാമർശിക്കാതെ പോയ എഴുത്തുകളുടേയും വിശദ പഠനം.
2. ചരിത്രരചയിതാവ് എന്ന ആഖ്യാതാവിന്റെ ബോധമണ്ഡലവും ,പ്രത്യയശാസ്ത്രവും ലിംഗ വിവേചനത്തെ പ്രതിഫലിപ്പിക്കുന്ന തലങ്ങളെ അടയാളപ്പെടുത്തുക എന്നതാണ് ഇവിടെ സാധ്യമാകുന്നത്. എഴുത്തുകാരി 'കുലീനയായ ശ്രീമതി'യായി അവതരിപ്പിക്കപ്പെടുന്നതും അവരുടെ സർഗാത്മകതയ്ക്ക് അടിസ്ഥാനം പ്രതിഭാസമ്പന്നരായ പുരുഷന്മാരുടെ ബന്ധുത്വ മാണെന്നു സ്ഥാപിച്ചെടുക്കുന്നതു മെല്ലാം പരമ്പരാഗതമായ സവർണ്ണ പുരുഷാധികാരത്തിന്റെ അധീശ താല്പര്യങ്ങൾ ചരിത്ര രചനയുടെ പ്രത്യയശാസ്ത്രമായി മാറുന്നതിന്റെ തെളിവാകുന്നു. എഴുത്തിലെ മാതൃഭാവവും സഹനശീലവും ആദർശവത്കരിക്കപ്പെടുമ്പോൾ സ്ത്രീയെഴുത്തിലെ ശക്തമായ പ്രതിരോധങ്ങളെ മന: പൂർവ്വമായി ചരിത്രകാരൻ വിസ്മരിക്കുന്നതായി കാണാം. മാത്രമല്ല അത്തരം സർഗാത്മക പ്രതിരോധങ്ങളെ പലപ്പോഴും പരിഹസിക്കുകയും ചെയ്യുന്നു.
3. പരമ്പരാഗത ചരിത്ര രചനയുടെ സമ്പ്രദായങ്ങളെ തിരസ്കരിച്ച് സ്ത്രീ കേന്ദ്രീകൃതമായ പുതിയ ചരിത്ര നിർമ്മിതി സാധ്യമാക്കുക എന്നതാണ് സ്ത്രീപക്ഷ സാഹിത്യ ചരിത്ര വിജ്ഞാനീയത്തിന്റെ സാധ്യതകളിൽ പ്രധാനപ്പെട്ടത്. ടി. എം. ചുമ്മാർ തിരസ്കരിച്ച സ്ത്രീയെഴുത്തുകാരികളെ കണ്ടെത്തുക,തെരഞ്ഞെടുക്കപ്പെട്ട എഴുത്തുകാരികളെയും അവരുടെ കൃതികളെയും പഠിക്കുക, അതോടൊപ്പം

ചരിത്ര കൃതിയിൽ കവയിത്രികളായി പലരെയും അടയാളപ്പെടു ത്തിയെങ്കിലും അവരുടെ തന്നെ പരാമർശിക്കപ്പെടാതെ പോയ പ്രധാന കൃതികൾ ഏതൊക്കെയെന്നു കണ്ടെത്തി പുനർവായന സാധ്യമാക്കുക തുടങ്ങിയ പഠന വഴികളാണ് ഇതു മുന്നോട്ടു വയ്ക്കു ന്നത്.

സ്ത്രീപക്ഷ ചരിത്ര വിജ്ഞാനീയത്തിന്റെ സൈദ്ധാന്തിക സമീപനങ്ങ ളെല്ലാം തന്നെ പദ്യ സാഹിത്യ ചരിത്രത്തെ കൂടുതൽ പഠനവിധേയമാക്കുവാ നുള്ള സാധ്യതകൾ നൽകുന്നു. പുതിയ പ്രതി വായനകളും പാഠഭേദങ്ങളും വൈജ്ഞാനിക മണ്ഡലത്തിൽ രൂപപ്പെടാനുള്ള സാധ്യതയാണ് ഇതു മുന്നോട്ടു വയ്ക്കുന്നത്.

## ഗ്രന്ഥസൂചി

1. ഗീത, പി, 1999, ദേവദൂതികൾ മാഞ്ഞുപോവത്, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.
2. . . . . . . . , 1999, ഉള്ളൂരിന്റെ സാഹിത്യ ചരിത്രവും എഴുത്തുകാരികളും,500 വർഷത്തെ കേരളം: ചില അറിവടയാളങ്ങൾ, താരതമ്യ പഠന സംഘം, ചങ്ങനാശ്ശേരി.
3. ചുമ്മാർ, ടി.എം., 1973, പദ്യസാഹിത്യ ചരിത്രം, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം.
4. ജാൻസി ജയിംസ്, ഡോ., 2000, ഫെമിനിസം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
5. ദേവിക, ജെ, 2000, സ്ത്രീവാദം, ഡി.സി. ബുക്സ്, കോട്ടയം.
6. മേരി റീമ, 2015, സാഹിത്യ ചരിത്രങ്ങളും സ്ത്രീകളും സിദ്ധാന്തവും പ്രയോഗവും, കേരള ബുക് ട്രസ്റ്റ്.
7. Sadhana Mishra, 2012, Feminist Research Methodology,Maxford books, New delhi.

*nimyanimmi666@gmail. com*

# മലയാളസാഹിത്യവിമർശനം വിമർശിക്കപ്പെടുന്നു!

**ആതിര കുഞ്ഞുമോൻ**

ഗവേഷക, സ്കൂൾ ഓഫ് ലെറ്റേഴ്സ്, എം .ജി. യൂണിവേഴ്സിറ്റി, കോട്ടയം

പ്രബന്ധസംഗ്രഹം

സുകുമാർ അഴീക്കോടിന്റെ മലയാളസാഹിത്യവിമർശനം എന്ന ഗ്രന്ഥമാണ് മലയാളവിമർശനത്തിന്റെ ആധികാരിക ചരിത്രമായി കരുതുന്നത്. സാഹിത്യചരിത്രരചനയിൽ അഴീക്കോട് സ്വീകരിച്ചിരിക്കുന്ന പക്ഷപാതങ്ങളെ ആധുനിക സാഹിത്യചരിത്രവിജ്ഞാനീയത്തിന്റെ പരിപ്രേക്ഷ്യത്തിൽ ഈ പ്രബന്ധം വിശകലനം ചെയ്യുന്നു. സാഹിത്യവിമർശനത്തിന്റെ ഉത്ഭവം സംസ്കൃതാധിഷ്ഠിതമായി അഴീക്കോട് വിലയിരുത്തുന്നു. പ്രാദേശീയജ്ഞാനങ്ങളെ തമസ്കരിക്കുകയും ദേശീയമായി ഏകീകരിക്കുകയും ചെയ്യുന്ന കൊളോണിയൽചരിത്രരചനയുടെ മാതൃകയാണ് അദ്ദേഹം പിൻപറ്റുന്നത്. വ്യക്തിനിഷ്ഠതയിലൂന്നുന്ന ആധുനികതയുടെ അവബോധമാണ് അഴീക്കോടിനെ ഭരിക്കുന്നത്. കേരളവർമ്മയ്ക്ക് കൽപ്പിക്കുന്ന പിതൃ സ്ഥാനം, കാലഘട്ടനിർണ്ണയം, വ്യക്തിമഹത്വം കൽപ്പിക്കൽ, ഒഴിവാക്കലുകൾ കൂട്ടിച്ചേർക്കലുകൾ ഇവ യെല്ലാം അതിന്റെ പ്രതിഫലനങ്ങളാണ്. മാർക്സിയൻ സ്വാധീനതയെ ഒഴിവാക്കിയതും അഴീക്കോടിന്റെ സൗന്ദര്യശാസ്ത്ര നിലപാടുകൾ കൊണ്ടാണ്.

***താക്കോൽ വാക്കുകൾ:*** അഴീക്കോടിന്റെ വിമർശനചരിത്രരചന - സംസ്കൃതപക്ഷപാതം - ആധുനികതാവബോധം – സൗന്ദര്യ പക്ഷം - വ്യക്തിനിഷ്ഠത - സവർണപൊതുബോധം - പിതൃസ്ഥാനം - കാലഘട്ടവിഭജനം – ഒഴിവാ ക്കലുകൾ - കൂട്ടിച്ചേർക്കലുകൾ.

മലയാളഭാഷയുടേയും സാഹിത്യത്തിന്റെയും ക്രമാനുഗതമായ വളർച്ച സമഗ്രമായും, വിവിധ സാഹിത്യരൂപങ്ങളുടെ ചരിത്രം മാത്രമായും പ്രതിപാദിക്കുന്ന

നിരവധി സാഹിത്യചരിത്രഗ്രന്ഥങ്ങളുണ്ട്. എങ്കിലും വിമർശനചരിത്രം പ്രതിപാദിക്കുന്ന സാഹിത്യചരിത്രങ്ങൾ കുറവാണ്. മലയാളത്തിലെ വിമർശനചരിത്രരചനയുടെ പൊതുപ്രവണതകൾ വിശദീകരണമർഹിക്കുന്നു. ഗദ്യ-ലേഖന ചരിത്രത്തിന്റെ തുടർച്ചയായി വിമർശനചരിത്രം ഭാഷാ-സാഹിത്യചരിത്രത്തെ സമഗ്രമായി പ്രതിപാദിക്കുന്ന സാഹിത്യചരിത്രങ്ങളിൽ രേഖപ്പെടുത്താറുണ്ട്. വിമർശകരുടെ സംഭാവനകളെ ചേർത്തുവെച്ചുകൊണ്ട് തയ്യാറാക്കുന്നവയാണ് ബഹുഭൂരിപക്ഷവും. പി.വി. വേലായുധൻ പിള്ളയുടെ മലയാളവിമർശനം (1998), പി.കെ. പരമേശ്വരൻനായർ സ്മാരകഗ്രന്ഥാവലികളായ മലയാളനിരൂപണം പ്രാരംഭഘട്ടം (1996), മധ്യഘട്ടം(1997), ആധുനികഘട്ടം (1998) എന്നിവ ഉദാഹരണങ്ങളാണ്. പി.കെ. പരമേശ്വരൻനായർ ഗ്രന്ഥാവലിയിലെ വിമർശനചരിത്രം കാലാനുസരണം നാമകരണം നൽകി വർഗ്ഗീകരിച്ചിരിക്കുന്നുവെങ്കിലും വ്യക്തിനിഷ്ഠതയാണ് അടിസ്ഥാനമാനദണ്ഡം.അതേ ഗ്രന്ഥാവലിയിലെ പന്മനരാമചന്ദ്രൻ നായർ എഡിറ്റു ചെയ്ത മലയാളസാഹിത്യനിരൂപണം (2008) വിമർശകരോടൊപ്പം വിമർശനത്തിലെ പ്രവണതകളേയും മുൻനിർത്തിയാണ് തയ്യാറാക്കിയിരിക്കുന്നത്. കാലാനുസരണം വിമർശകരുടെ സംഭാവനകളെ കോർത്തു വെയ്ക്കുന്ന രചനാരീതിയാണ് ഇത്തരം ഗ്രന്ഥങ്ങൾക്കെല്ലാം സാഹിത്യചരിത്രങ്ങളുടെ മാനം നല്കുന്നത്. കാലഗണനയുടേയോ വ്യക്തിനിഷ്ഠ നിർമ്മിതികളുടേയോ വലിയ പരുക്കുകളില്ലാതെ വത്സലൻ വാതുശ്ശേരിയുടെ മലയാളസാഹിത്യനിരൂപണം (2015) വിമർശനചരിത്രത്തെ അടയാളപ്പെടുത്തുന്നു. മലയാളത്തിലെ വിമർശനചരിത്ര രചന വ്യക്തിനിഷ്ഠതയും ലേഖനസ്വഭാവം പ്രകടിപ്പിക്കുകയും ചെയ്യുന്നു. വിമർശനചരിത്രരചനാ ഉദ്യമങ്ങൾ ശുഷ്കവും ശ്രമകരവുമാണ്. ആയതിനാൽ വിമർശനങ്ങൾ ഏറെയുണ്ടെങ്കിലും സുകുമാർ അഴീക്കോടിന്റെ മലയാളസാഹിത്യവിമർശനം (1980) എന്ന കൃതിയാണ് വിമർശനത്തിന്റെ ആധികാരിക ചരിത്രമായി കരുതുന്നത്.

മലയാളസാഹിത്യവിമർശനത്തിലെ വൈദേശികപ്രചോദനം എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള അഴീക്കോടിന്റെ ഗവേഷണപ്രബന്ധത്തിന്റെ പുസ്തകരൂപത്തിലുള്ള പ്രസിദ്ധീകരണമാണ് മലയാളസാഹിത്യവിമർശനം. പത്ത് അധ്യായങ്ങളിലായി 1890 മുതൽ 1965 വരെയുള്ള എഴുപത്തിയഞ്ച് വർഷത്തെ വിമർശന ചരിത്രമാണ് പ്രസ്തുത കൃതിയുടെഉള്ളടക്കം. മലയാളവിമർശനത്തിന്റെ താത്ത്വിക അടിത്തറ അന്വേഷിക്കുകയും വിമർശകരെ ചരിത്രപരവും വിമർശനാത്മകവും താരതമ്യപരവുമായി

വിലയിരുത്തുകയും ചെയ്യുന്ന വിമർശനചരിത്രമാണത്. മലയാളവിമർശനത്തെ ചരിത്രവത്കരിക്കുന്നതിൽ അഴീക്കോട് സ്വീകരിച്ചിരിക്കുന്ന നിലപാടുകളെ വിശകലനം ചെയ്യുകയാണ് ഈ പ്രബന്ധത്തിന്റെ താൽപര്യം. വിമർശനത്തെ വിമർശനാത്മകമായി സമീപിക്കുന്ന മെറ്റാക്രിട്ടിസിസത്തിന്റെ രീതിശാസ്ത്രം മലയാളസാഹിത്യവിമർശനം പിൻതുടരുന്നു. ആയതിനാൽ അഴീക്കോടിന്റെ വിമർശന പക്ഷപാതത്തെ കൂടി പരിഗണിക്കേണ്ടതുണ്ട്.

മലയാളസാഹിത്യവിമർശനത്തിന്റെ ഉത്ഭവം കണ്ടെത്തുക എന്നതാണ് വിമർശനചരിത്രരചയിതാവിന്റെ പ്രഥമ ദൗത്യം. പാശ്ചാത്യ ആഗമനവും അതുളവാക്കിയ സാമൂഹിക-സാംസ്കാരിക ചലനങ്ങളുമാണ് മലയാളവിമർശനത്തിന്റെ ഉത്ഭവത്തിന് വഴിയൊരുക്കിയ ചരിത്ര സന്ദർഭം. കൊളോണിയൽ അധിനിവേശത്തെ തുടർന്നുണ്ടായ വൈജ്ഞാനിക ഉണർവുകളെ സ്വാംശീകരിക്കുവാനുള്ള കഴിവ് മലയാളത്തിന്റെ വൈജ്ഞാനികമണ്ഡലത്തിനുണ്ടായിരുന്നു.അത് സംസ്കൃതജ്ഞാനമേഖലകളിൽ അധിഷ്ഠിതമായിരുന്നു.സംസ്കൃതത്തിന്റെ കനിവോട്ടുകൂടി നിലനിൽക്കുന്ന മലയാളത്തിന്റെ വിജ്ഞാനമണ്ഡലം പാശ്ചാത്യസാഹിത്യസിദ്ധാന്തങ്ങളെ സ്വീകരിച്ചു തുടങ്ങുന്നടത്തു നിന്ന് വിമർശനചരിത്രം ആരംഭിക്കുന്നു. വിമർശനം ജന്മംകൊണ്ട് സംസ്കൃതമാണ്. ആംഗല പ്രഭാവത്തിന് സംസ്കൃത സംസ്കാരം അടിയറവുപറയാതിരുന്നത് അതിന്റെ ചിരഞ്ജീവിത്വം കൊണ്ടാണെന്നു കണ്ടെത്തുന്നടത്താണ് അഴീക്കോടിന്റെ സംസ്കൃതപക്ഷപാതം വെളിവാകുന്നത്. പാശ്ചാത്യസ്വാധീനത അന്വേഷണവിഷയമാക്കുന്ന അഴീക്കോട് പാശ്ചാത്യവിമർശനപദ്ധതികൾക്കനുഗുണമായവ സംസ്കൃതത്തിൽ നിന്നും കണ്ടെത്തുന്നു.നിയാമകവിമർശനത്തിനു സമാനമായി കവിശിക്ഷ. സൈദ്ധാന്തിക വിമർശനത്തിനു സാഹിത്യമീമാംസ. വിവരണാത്മകവിമർശനത്തിനു വ്യാഖ്യാനം.അദ്ദേഹത്തിന്റെ മതമനുസരിച്ച് ലീലാതിലകമാണ് മലയാളത്തിലെ ആദ്യത്തെ വിമർശനഗ്രന്ഥം.തന്റെ കണ്ടെത്തലിനു സൈദ്ധാന്തിക പിൻബലം നൽകുവാനായി ആർനോൾഡ് ടോയിൻബിയുടെ ആസ്കന്ദന പ്രതികരണവാദത്തെ ഉപയോഗപ്പെടുത്തിയിരിക്കുന്നു. വ്യത്യസ്തങ്ങളായ രണ്ടു സംസ്കാരങ്ങൾ കൂടിച്ചേരുമ്പോഴുണ്ടാകുന്ന ഫലങ്ങളെ വ്യാഖ്യാനിക്കുവാനാണ് ടോയിൻബിയുടെ സിദ്ധാന്തം ഉപയോഗിക്കുന്ന്. ഇതനുസരിച്ച് രണ്ടു സംസ്കാരങ്ങൾ തമ്മിൽ ഇടപഴകുമ്പോൾ, ഒരു സംസ്കാരം മറ്റൊരു സംസ്കാരത്തിനു മേൽആസ്കന്ദനം നടത്തുമ്പോൾ ഒരു പുതിയ പ്രതികരണം രണ്ടാമത്തേതിൽ സംഭവിക്കും. പ്രബലമായ

സംസ്കാരത്തിന്റെ സ്വാധീനത അംഗീകരിച്ചു കൊണ്ടോ എതിർത്തു കൊണ്ടോ സാഹിത്യസൃഷ്ടികൾ ഉണ്ടാകാം.അഴീക്കോടിന്റെ നീതീകരണമനുസരിച്ച് സംസ്കൃതമലയാളസംസ്കാരവും പാശ്ചാത്യസംസ്കാരവുമാണ് ഇടപഴകുന്നത്. മലയാളവിമർശനത്തിന്റെ ഉത്ഭവത്തെ സംസ്കൃതാധിഷ്ഠിതമായി ചരിത്രവത്കരിക്കുന്നതിനെ പ്രശ്നവത്കരിക്കേണ്ടതുണ്ട്.

പ്രാദേശികമായ ജ്ഞാനപദ്ധതികളെയെല്ലാം തമസ്കരിക്കുകയും ദേശീയമായി ഏകീകരിക്കുകയും ചെയ്യുന്ന കൊളോണിയൽ ചരിത്രരചനയുടെ മാർഗ്ഗത്തെ തന്നെയാണ് അഴീക്കോട് പിൻപറ്റുന്നത്. സംസ്കൃതസാഹിത്യവും ആര്യൻ സംസ്കാരവും ഇന്ത്യയുടെ പൊതുപ്രതിനിധീകരണമായി മാറുന്നു. ഇവിടെ മാർഗ്ഗിപാരമ്പര്യം തമസ്കരിക്കപ്പെടുന്നു. സാംസ്കാരികപ്പലമകളിൽ നിലനിന്നിരുന്ന കാവ്യരചനാതത്ത്വങ്ങളെല്ലാം സംസ്കൃതാധിനിവേശത്തിനു വഴിവെച്ചതിന്റെ തെളിവു തന്നെയാണ് മലയാളത്തിലെ ആദ്യ വിമർശനഗ്രന്ഥമായി ലീലാതിലകത്തെ പരിഗണിക്കുമ്പോൾ ലഭ്യമാക്കുന്നത്.ലീലാതിലകത്തിന്റെ സാംസ്കാരികരാഷ്ട്രീയം പി.എസ്.രാധാകൃഷ്ണൻ വ്യക്തമാക്കുന്നുണ്ട്. ഏകമുഖവും നിശ്ചലവുമായ ദേശീയബോധം പ്രകടിപ്പിക്കുന്ന ലീലാതിലകം വരേണ്യസംസ്കൃതിയുടെ ഭൂപടവും ഭൂമിശാസ്ത്രവുമാണ് ആചരിക്കുന്നത്. ദ്രാവിഡഭാഷാസമുച്ചയത്തെയോ അതിലടങ്ങിയ വൈവിധ്യാത്മകവും വൈരുധ്യാത്മകവുമായ സ്വത്വഘടനയെയോ കുറിച്ച് യാതൊരു സൂചനയും ലീലാതിലകത്തിൽ ഇല്ലാതെ പോയത് യാദൃച്ഛികമല്ല(2017:114). കാവ്യനിർമ്മാണരീതിയുടെ ദ്രാവിഡവഴികളെ അന്വേഷിക്കാതെ സംസ്കൃതാധിപത്യത്തെ ഉദ്ഘോഷിക്കുക മാത്രമല്ല സംസ്കൃതത്തിന് ചിരഞ്ജീവിത്വം കൂടി അദ്ദേഹം കൽപ്പിച്ചു നൽകുന്നു. വിമർശനചരിത്രത്തെ സംസ്കൃതവത്കരിക്കുന്നതിന്റെ രാഷ്ട്രീയം നിശിതമായി ചോദ്യം ചെയ്യപ്പെടേണ്ടതുണ്ട്. മാത്രമല്ല ടോയിൻബിയുടെ സിദ്ധാന്തം നാഗരികതയുടെ ഉത്ഭവവും വളർച്ചയുമായി ബന്ധപ്പെട്ടുള്ളതാണെന്നു വിമർശനചരിത്രത്തെ കണ്ടെത്തുവാൻ അത് പര്യാപ്തമല്ലെന്നും കെ.പി. അപ്പൻ സ്ഥാപിക്കുന്നുണ്ട്. പാണ്ഡിത്യപ്രകടനത്തിനു വേണ്ടി സിദ്ധാന്തങ്ങൾ ഉപയോഗിച്ചാൽ അവ യുക്തിയുടെ ചെറിയ കാറ്റിൽ പോലും വീണു പോകുന്ന ചീട്ടുകൊട്ടാരമാകും (1994: 101).

ആധുനികതയുടെ അവബോധമാണ് വിമർശനചരിത്രരചനയിൽ ഉടനീളം അഴീക്കോടിനെ ഭരിക്കുന്നത്. ആധുനികതയുടെ കേന്ദ്രസ്ഥാനം വ്യക്തികളിൽ അധിഷ്ഠിതമാണ്. വ്യക്തി പ്രതിഷ്ഠാപനവും നിഷേധവുമാണ്

മലയാളസാഹിത്യവിമർശനത്തിലുടനീളം അഴീക്കോട് നിർവഹിക്കുന്നത്. അതിനു കണ്ടെത്തുന്ന ന്യായീകരണങ്ങളാകട്ടെ രാജമാർഗ്ഗത്തെയും സംസ്കൃതസവർണ്ണപൊതുബോധത്തേയും അടിവരയിട്ടുറപ്പിക്കുന്നവയുമാണ്.മലയാളവിമർശനത്തിന്റെ പിതാവായി കേരളവർമ്മ വലിയകോയിതമ്പുരാനെ അവരോധിക്കുന്നതു മുതൽ ഈ പൊതുബോധം പ്രകടമായി തുടങ്ങുന്നു.

ഇംഗ്ലീഷിൽ ഗദ്യത്തിന്റെയും വിമർശനത്തിന്റെയും പിതാവ് ജോൺ ഡ്രൈഡനാണ്. അതിനു സമാനനായിട്ടാണ് കേരളവർമ്മയെ അഴീക്കോട് കണ്ടെത്തുന്നത്.ഗദ്യസാഹിത്യത്തിനു കേരളവർമ്മ നൽകിയിട്ടുള്ള സംഭാവനകളെയാണ് അഴീക്കോട് പരിഗണിക്കുന്നത്. പാഠപുസ്തകങ്ങളിലെ ഗദ്യം, അക്ബർ വിവർത്തനം പ്രസംഗസംഗ്രഹം എന്നിവയാണ് അഴീക്കോട് മാനദണ്ഡമായി പരിഗണിച്ചിരിക്കുന്നത്.ഗദ്യത്തിന്റെയും വിമർശനത്തിന്റെയും പിതാവായി കേരളവർമ്മയെ അവരോധിക്കുവാൻ അഴീക്കോട് സ്വീകരിക്കുന്ന വാദങ്ങളൊന്നും നിലനിൽക്കുന്നവയല്ല. പാഠപുസ്തകങ്ങളിലെ ഗദ്യം മൗലികഗദ്യമായി പരിഗണിക്കുന്നതിൽ അർഥമില്ല. കൂട്ടായി തയ്യാറാക്കിയിരിക്കാം. ലക്ഷ്യബോധം അതിന്റെ രചനാശൈലിയെ നിയന്ത്രിച്ചിരിക്കണം. അക്ബർ തർജ്ജമ വിശാഖം തിരുനാളിന്റെ നിർദേശപ്രകാരമാകയാൽ മൂലകൃതിയോട്നീതിപുലർത്തിയിട്ടുണ്ട്. പ്രസംഗസംഗ്രഹമാകട്ടെ, വായിക്കാനെഴുതിയ ഗദ്യവുമാണ്. മൗലികമായ ഗദ്യരചനകൾ കണ്ടെത്തുവാൻ കഴിയാതിരുന്നിട്ടുകൂടി വിമർശനത്തിന്റെ പിതൃസ്ഥാനം കേരളവർമ്മയ്ക്ക് ചാർത്തിക്കൊടുക്കുന്നു. മലയാളത്തിന്റെ ഗദ്യപാരമ്പര്യത്തെ മുഴുവൻ അഴീക്കോട് തമസ്കരിക്കുന്നു. വ്യാകരണം, ഭാഷാശാസ്ത്രം, ശാസ്ത്രം എന്നിവയെല്ലാം ഉൾക്കൊള്ളുവാൻ മിഷനറിഗദ്യം പര്യാപ്തമായിരുന്നു. മലയാണ്മയുടെവ്യാകരണമെഴുതിയ ജോർജ്മാത്തൻ കേരളവർമ്മയ്ക്ക് മുൻപ് ഗദ്യത്തിൽ വ്യക്തിമുദ്ര പതിപ്പിച്ചിരുന്നു. കെ.എം.ജോർജിന്റെ അഭിപ്രായത്തിൽ ജോർജ്ജ്മാത്തനാണ് മലയാളഗദ്യത്തിന് അടിത്തറ പണിതത്(1972:68). പാശ്ചാത്യസ്വാധീനത അന്വേഷിച്ച ഗവേഷകൻ മിഷനറിഗദ്യത്തെ അംഗീകരിക്കാത്തിടത്താണ് അദ്ദേഹത്തിന്റെ രാജാധികാരത്തോടുള്ള മമത ദൃശ്യമാകുന്നത്. മിഷനറിഗദ്യത്തെ പരിഗണിച്ചാൽ കേരളവർമ്മയെ പിതാവാക്കുക വയ്യ.സവർണബ്രാഹ്മണിക്കൽ അധികാരവ്യവസ്ഥയുടെ പ്രചാരകനായി മാറാൻ തെളിമയുള്ള മിഷനറി ഗദ്യത്തെ മറന്നത് ചരിത്രത്തോടുള്ള നീതികേടായി. മലയാളത്തിൽ ആദ്യമായി വിമർശനാത്മകമായി സാഹിത്യവിചിന്തനം

നടത്തിയത് സി.പി. അച്യുതമേനോനാണെന്ന് അഴീക്കോടിനറിയാം. പത്രവിമർശകനായി അദ്ദേഹത്തെ പ്രതിഷ്ഠിച്ചതും അഴീക്കോടണ്. ഭാഷാ കവിതയുടെ അവസ്ഥ തുലോം കഷ്ടമാണെന്ന സി.പി.അച്യുതമേനോന്റെ പ്രയോഗമാണ് മലയാളത്തിലെ ആദ്യത്തെ വിമർശനവാക്യം എന്നു അഴീക്കോടു തന്നെ സ്ഥാപിക്കുന്നു. പോഷകവിമർശനം എന്ന പേരിട്ട് തമ്പു രാന്റെ വിമർനത്തെനീതീകരിക്കുന്നത് സാഹിത്യചരിത്രങ്ങൾ പൊതുവിൽ സ്വീകരിക്കുന്ന സവർണാധികാരത്തിന്റെ ബലതന്ത്രങ്ങൾ തന്നെയാണ്. മലയാളവിമർശനം സി.പി.അച്യുത മേനോനിൽ ആരംഭിക്കുന്നുവെന്ന് സി.പി. അച്യുതമേനോനും മലയാളവിമർശനവും(1995) എന്ന കൃതിയിലൂടെ അംബികാസുതങ്ങൻ മാങ്ങാടും സ്ഥാപിക്കുന്നുമുണ്ട്.സാഹിത്യചരിത്രങ്ങ ളിൽ കൽപ്പിച്ചിട്ടുള്ള പിതൃസ്ഥാനം സാഹിത്യചരിത്രവിജ്ഞാനീയത്തിന്റെ യുക്തിയിൽ നിരന്തരംചോദ്യം ചെയ്യപ്പെടേണ്ടതുണ്ട്.

മലയാളസാഹിത്യവിമർശനചരിത്രത്തിന്റെ ഘട്ടനിർണ്ണയത്തിലും അഴീക്കോട് പുലർത്തുന്ന മനോഭാവം സമാനമാണ്. ചരിത്രത്തെ വസ്തുനിഷ്ഠ മായി നോക്കികാണുന്നതിനു പകരം വ്യക്തിനിഷ്ഠമായി നോക്കികാണുന്നു. വ്യക്തികളുടെ ജീവിതത്തിലൂടെ ചരിത്രം അടയാളപ്പെടുത്തുന്നു. വ്യക്തികൾ ചരിത്രസൃഷ്ടാക്കളാകുന്നു. ഏത് വ്യക്തി കേന്ദ്രസ്ഥാനത്തു നിൽക്കുന്നു എന്നതും പ്രധാനമാണ്. അഴീക്കോടിന്റെ ഘട്ടവിഭജനം ശ്രദ്ധിക്കുക.

പൂർവ്വഘട്ടം പ്രാചീനയുഗം 1890-ന് മുൻപ്

പ്രാരംഭഘട്ടം കേരളവർമ്മയുഗം 1890- 1911

പ്രതിഷ്ഠാഘട്ടംരാജരാജയുഗം1912 - 1936

വികാസഘട്ടംത്രിമൂർത്തിയുഗം 1937- 1965

നവീനഘട്ടംവർത്തമാനയുഗം 1965 ന് ശേഷം

1890-നു മുൻപുള്ള പ്രാചീനയുഗത്തെ പൂർവ്വഘട്ടം എന്നു മാനിച്ച് 1890 മുതൽ 1911 വരെ കേരളവർമ്മയുടെ കാലം പ്രാരംഭഘട്ടം. കേരളവർമ്മ ഇവിടെ കേന്ദ്രസ്ഥാനത്തു തന്നെ. 1912-ലെ നളിനിയുടെ അവതാരികയാണ് രാജരാജയുഗത്തിന് ഉദയം നൽകിയത്.ഏ.ആറിന്റെ ശിഷ്യൻ പഞ്ചാന നനിലൂടെ കടന്ന് തുടർന്നുള്ള വർഷങ്ങളിൽവിമർശനം പ്രതിഷ്ഠ നേടുന്നു. പഞ്ചാനനന്റെ മരണമാണ് പ്രതിഷ്ഠാഘട്ടത്തിന്റെ വിരാമത്തിലേക്ക് നയിച്ച ഘടകമായി അഴീക്കോട് പരിഗണിക്കുന്നത്.പഞ്ചാനനനുശേഷമുള്ള ത്രി മൂർത്തിയുഗത്തിനു തുടക്കം കുറിക്കുന്നത് കേസരിയാണ്.ഇപ്രകാരം ഘട്ട വിഭജനം നടത്തിയ അഴീക്കോട്1936-നു മുൻപുള്ള കേസരിയെ കാണാതെ

പോയി.സുനിൽ പി. ഇളയിടം ഇതേ കുറിച്ച് വിശദീകരിക്കുന്നു.അഴീക്കോടിന്റെ കാലനിർണയം ഒട്ടനവധി സുപ്രധാന ചോദ്യങ്ങൾ ഉന്നയിക്കുന്നുണ്ട്. 1937 എന്ന വർഷത്തെ രാജരാജയുഗത്തിന്റെ അന്ത്യമായി കണക്കാക്കുകയും കേസരിയുടെ രൂപമഞ്ജരിയിലൂടെ പുതിയൊരു ത്രിമൂർത്തിയുഗത്തിന്റെ പ്രാരംഭം അടയാളപ്പെടുത്തുകയും ചെയ്യുമ്പോൾ കേസരിയുടെ വിമർശനജീവിതത്തിന്റെ ഒന്നരപതിറ്റാണ്ട് അദ്ദേഹത്തിന് കൈയൊഴിയേണ്ടതായി വന്നു. ഈ ഒന്നരപ്പതിറ്റാണ്ടിനിടയിൽ സമദർശി, പ്രബോധകൻ, കേസരി എന്നീ പത്രങ്ങളുടെ പത്രാധിപരായി കേസരി പ്രവർത്തിച്ചതും മലയാള സാഹിത്യത്തിലുള്ളതായ നിർണ്ണായക പരിവർത്തനങ്ങളുടെ കേന്ദ്രമായി നിലകൊണ്ടതും ( 2011:303)

1936 മുതൽ 1965 വരെ ഒറ്റഘട്ടമായി കരുതുന്നു. ഇതിനിടയിൽ വിമർശനരംഗത്ത് കാര്യമായ ചലനങ്ങൾ കടന്നു വന്നില്ലെന്ന് അഴീക്കോട് അനുമാനിക്കുന്നു. കേരളവർമ്മ, രാജരാജവർമ്മ, പഞ്ചാനനൻ ഇവർക്കു ശേഷം വ്യക്തിനാമങ്ങളുമില്ല.സാഹിത്യചരിത്രങ്ങളെല്ലാം പൊതുവിൽ പിൻതുടരുന്ന വ്യക്തികേന്ദ്രിതത്വത്തേയും സവർണ്ണബോധത്തേയുമാണ് അഴീക്കോട് പിൻതുടരുന്നത്. വിമർശനസാഹിത്യചരിത്രത്തിലേക്ക് ഇല്ലാത്ത അളവുകോലുകൾ കല്പിച്ച് വ്യക്തികളെ പ്രതിഷ്ഠിക്കുന്നതു പോലെ ഒഴിവാക്കലുകളുമുണ്ടായിട്ടുണ്ട്. ആംഗളേയ സാഹിത്യത്തിനുമപ്പുറം പാശ്ചാത്യസാഹിത്യ-വൈജ്ഞാനിക മേഖലകളെയെല്ലാം മലയാളത്തിലേക്ക് കടത്തി കൊണ്ടുവന്ന കേസരിയെ അഴീക്കോട് പരിഗണിച്ചില്ല. കേസരിയിൽ സാങ്കേതികത്വമാണ് അഴീക്കോട് കണ്ടെത്തുന്നത്. രാജരാജന്റെ ശിഷ്യത്വത്തിലാണ് അഴീക്കോട് കേസരിയുടെ അസ്തിത്വം തേടുന്നത്. മാമൂൽ പ്രതിബദ്ധതയെ കേസരി നിരന്തരം ചോദ്യം ചെയ്തിരുന്നു.പുതിയ സാഹിത്യപ്രസ്ഥാനങ്ങളുമായി മലയാളിക്ക് ഗാഢബന്ധം രൂപപ്പെടുത്തുവാൻ കേസരി ശ്രമിച്ചതും അദ്ദേഹത്തിന്റെ മാർഗ്ഗദർശിത്വവും ദീർഘവീക്ഷണവും അഴീക്കോട് ചർച്ചയ്ക്കെടുത്തില്ല. സാഹിത്യബാഹ്യലോകത്തേക്കുള്ള വഴികളിൽ മലയാളവിമർനത്തിന്റെസഞ്ചാരം കേസരിയിൽ ആരംഭിക്കുന്നു. സാംസ്കാരികവിമർശനത്തിന്റെ ആലോചനകൾ കേസരിയിൽ ഉണ്ടായിരുന്നു. കേസരിക്ക് ലഭിക്കാതെ പോയ ചരിത്രസ്ഥാനം സാഹിത്യജംബുകത്വത്തിന് അഴീക്കോട് നൽകുകയും ചെയ്തു.

വിമർശനത്തിലെ വൈദേശിക സ്വാധീനം അന്വേഷിച്ച സുകുമാർ അഴീക്കോട് മാർക്സിയൻധാരയെ കുറിച്ച് നിശബ്ദനാണ്. ഒരു വിമർശകൻ

എന്ന നിലയിൽ അദ്ദേഹം പിൻതുടരുന്ന സംസ്കൃത സൗന്ദര്യ പക്ഷപാതമാകാം കാരണം. എങ്കിലും സാഹിത്യത്തിന്റെ സാമൂഹ്യലക്ഷ്യം എന്ന ആശയ വിപ്ലവത്തെ ചരിത്രത്തിൽ നിന്ന് ഒഴിവാക്കാനാവില്ല. സാഹിത്യത്തിന്റെ ലക്ഷ്യത്തേയും ധർമ്മത്തേയും സംബന്ധിച്ച നടന്ന ചർച്ച മലയാസാഹിത്യത്തിന്റെ ഭാവുകത്വത്തെതന്നെ നിർണ്ണയിച്ചിട്ടുണ്ട്. ഇ.എം.എസിൽ ആരംഭിക്കുന്ന മാർക്സിസ്റ്റ്-പുരോഗമന ചർച്ചയുടെചിട്ടപ്പെടുത്തൽ വിമർശനചരിത്രം അർഹിക്കുന്നുണ്ട്. അതുപോലും അഴീക്കോട് നിർവഹിക്കുന്നില്ല. വിമർശനത്തിന്റെ ഇന്നത്തെ വഴികളായ പ്രത്യയശാസ്ത്രവിമർശനം, സംസ്കാരവിമർശനം എന്നിവമാർക്സിയൻധാരയുടെ തുടർജീവിതങ്ങളാണ്. വേണ്ടത്ര പ്രാധാന്യത്തോടെ മാർക്സിയൻ-പുരോഗമന സാഹിത്യത്തെ അഭിമുഖീകരിക്കാത്തത് മലയാളസാഹിത്യചരിത്രത്തിന്റെ വലിയ പരാജയമാണ്. ചരിത്രകാരന്റെ വ്യക്തിപരമായ പക്ഷപാതങ്ങൾ ഏൽപ്പിക്കുന്ന ആഘാതങ്ങളാണവ.

1965 വരെയുള്ള ചരിത്രമാണ് അഴീക്കോടിന്റെ പ്രതിപാദ്യം. എങ്കിലും പുസ്തകം പ്രസിദ്ധികരിച്ചത് 1981-ലാണ്.മലയാളവിമർശനവഴിയിലെവിടെയും ഒരു സ്ത്രീ വിമർശകയെ പോലും നാം കാണുന്നില്ല. തനിക്ക് സമകാലികയായഎം. ലീലാവതിയെങ്കിലും ചരിത്രത്തിന്റെ ഭാഗമാക്കാമായിരുന്നു. നവീനവിമർശനത്തിന്റെ തെറ്റുകുറ്റങ്ങളായി അഴീക്കോട് ചൂണ്ടിക്കാട്ടുന്നത് സാഹിത്യേതര വിജ്ഞാനങ്ങളോടുള്ള ആഭിമുഖ്യമാണ്. വിമർശനം ഇന്നു സഞ്ചരിച്ച കൊണ്ടിരിക്കുന്നത് അതേ പാതയിലാണ്.

## ഗ്രന്ഥസൂചി

അപ്പൻ, കെ.പി., കലഹവും വിശ്വാസവും, കോട്ടയം: ഡി.സി. ബുക്സ്, 1994.

അഴീക്കോട്, സുകുമാർ, മലയാളസാഹിത്യവിമർശനം, കോട്ടയം: ഡി.സി. ബുക്സ്, 1981.

രാധാകൃഷ്ണൻ, പി.എസ്. എതിർദിശകൾ.തിരുവനന്തപുരം: കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 2017.

... ... ...,സാഹിത്യചരിത്രവിജ്ഞാനീയം നിലപാടുകൾ സാധ്യതകൾ, ശുകപുരം: വള്ളത്തോൾ വിദ്യാപീഠം പ്രബന്ധാവലി, 2016.

ലീലാവതി, എം.സത്യം ശിവം സുന്ദരം .കോട്ടയം: എൻ. ബി. എസ് , 1989.

സുനിൽ പി. ഇളയിടം.അജ്ഞാതവുമായുള്ള അഭിമുഖങ്ങൾ.കോട്ടയം: എൻ. ബി. എസ്, 2011.

George, K.M.Western influence on Malayalam Language and Literature, New Delhi :SahityaAkademi, 1972.

*athirakunjumon80@gmail.com*

# നാടൻപാട്ടുകളുടെ അപരവൽക്കരണം–സാഹിത്യ ചരിത്രങ്ങളിൽ

സിന്റോ കോങ്കോത്ത്. എ
ഗവേഷക, മുഹമ്മദ് അബ്ദുറഹ്മാൻ സ്മാരക ഗവേഷണ കേന്ദ്രം,
കെ.കെ.ടി.എം. ഗവ. കോളേജ്, പുല്ലൂറ്റ്

## പ്രബന്ധസംഗ്രഹം

ഒരു സാഹിത്യചരിത്രം അത് എഴുതപ്പെട്ട ഭാഷയോടും സാഹിത്യത്തോടും മാത്രമല്ല,ആ ദേശത്തെ സംസ്കാരത്തോടും രാഷ്ട്രീയത്തോടുമെല്ലാം പലതരത്തിൽ ബന്ധം പുലർത്തുന്നുണ്ട്. പലതരം പ്രത്യയശാസ്ത്ര ബോധ്യങ്ങൾ സാഹിത്യ ചരിത്രങ്ങളിൽ നിന്ന് വായിച്ചെടുക്കാനാകും. സാംസ്കാരിക ബഹുസ്വരത യ്ക്കപ്പുറം സവർണ്ണ സങ്കല്പങ്ങളും സാമൂഹിക പദവികളുമെല്ലാം സാഹിത്യചരിത്രങ്ങളിൽ ഇടപെടുന്നുണ്ട്. വാമൊഴി സാഹിത്യമായ ഋഗ്വേദം അടക്കമുള്ള മന്ത്രസാഹിത്യം സാഹിത്യചരിത്ര രചനകളിൽ സമുന്നത സ്ഥാനം നേടുമ്പോൾ, നമ്മുടെ നാടൻപാട്ടുകൾ ചരിത്ര നിർമ്മിതിയുടെ ഭാഗമല്ലാതായിരിക്കുന്നതിലെ വൈരുദ്ധ്യം ശ്രദ്ധേയമാണ്. നാടൻപാട്ടിനെയും കവിതയേയും വ്യത്യസ്തമാക്കുന്ന സാഹിത്യചരിത്രരചനായുക്തികൾ അന്വേഷിക്കുകയാണിവിടെ. നമ്മുടെ നാടോടിക്കഥകളും ആധുനികകാലത്ത് ജനപ്രിയ സാഹിത്യവും നേരിടുന്നത് ഇതേ പാർശ്വവൽക്കരണം തന്നെയാണ്. സാഹിത്യചരിത്ര രചനയ്ക്കായി തെരഞ്ഞെടുക്കുന്ന ഉപാദാനങ്ങൾ പ്രതിനിധീകരിക്കുന്നത് സമൂഹത്തിലെ പ്രബലമായ മുഖ്യധാരയെ മാത്രമാണ്.അതിനെ വ്യാഖ്യാനിക്കുന്നതിൽ വംശീയതയുടെയും വർഗ്ഗബോധത്തിന്റെയും ഇടപെടലുകൾ വ്യക്തമാണ്. അതിൽ തന്നെ,ദുർഗ്രഹതയുടെ സങ്കീർണതയില്ലാത്ത അന്യഭാഷയുടെ കലർപ്പില്ലാത്ത ബഹുജന ജീവിതവുമായി ബന്ധം പുലർത്തുന്ന നാടൻപാട്ടുകൾ അപരവൽക്കരിക്കുന്നതെങ്ങനെയെന്നത് വസ്തുതയാണ്.

***താക്കോൽ വാക്കുകൾ:*** അപരവൽക്കരണം–ഗണകല്പന– സാഹിതീയത

പാശ്ചാത്യയുക്തി ബോധത്തിൽ നിന്നും ഉടലെടുത്ത താരതമ്യേന ആധുനികമായൊരു ചിന്താപദ്ധതിയാണ് സാഹിത്യചരിത്ര രചന.യൂറോ കേന്ദ്രിതമായ ഒരു വൈജ്ഞാനിക മേഖലയായി തന്നെയാണ് ഇത് വളർച്ച പ്രാപിച്ചതും. ഒരു സാഹിത്യ ചരിത്രം അത് എഴുതപ്പെട്ട ഭാഷയോടും സാഹിത്യത്തോടും മാത്രമല്ല, ആ ദേശത്തെ സംസ്കാരത്തോടും രാഷ്ട്രീയത്തോടുമെല്ലാം പലതരത്തിൽ ബന്ധം പുലർത്തുന്നു. പലതരം പ്രത്യയശാസ്ത്ര ബോധ്യങ്ങൾ സാഹിത്യ ചരിത്രത്തിൽനിന്നും വായിച്ചെടുക്കാനാവും. കൊളോണിയൽ കാലഘട്ടത്തിൽ തങ്ങളുടെ സാഹിത്യം ഗംഭീരവും പ്രൗഢവുമാണെന്ന് അവകാശപ്പെടുക മാത്രമായിരുന്നില്ല സാഹിത്യചരിത്ര രചയിതാക്കളുടെ ലക്ഷ്യം. മറിച്ച് പൗരസ്ത്യതയെ അപരമാക്കുകയും അതുവഴി അധമമാക്കി ചിത്രീകരിക്കുകയായിരുന്നു. ഇന്ത്യയുടെ ദേശീയ സാഹിത്യ ചരിത്രം നിർവചിക്കാൻ ശ്രമിച്ച പാശ്ചാത്യർക്ക് നിക്ഷിപ്ത താൽപര്യങ്ങൾ ഉണ്ടായിരുന്നു എന്നതാണ് ഒരു വസ്തുത. മറ്റൊന്ന് ഇന്ത്യയുടെ സാംസ്കാരിക ബഹുസ്വരതയെ കുറിച്ചുള്ള അജ്ഞതയാണ്. ജർമൻകാരനായ ആൽബ്രെഷ്ട്ട് വെബർ, മോറിസ് വിന്റർനിറ്റ്സ്, ഇംഗ്ലീഷുകാരനായ ജോർജ്ജ് ഗ്രിയേഴ്സൺ, ഫ്രഞ്ചുകാരനായ ഗാർസിൻ ഡു - താസെ തുടങ്ങിയ ഇന്ത്യ വിജ്ഞാനീയരുടെ ചരിത്ര രചനാസംരംഭങ്ങൾ ന്യൂനീകരണത്തിന്റേതാണെന്ന് ഇപ്പോൾ കൂടുതൽ വ്യക്തമായിട്ടുണ്ട്.

ദേശമെന്ന നിലയ്ക്ക് ഇന്ത്യയുടെ വർത്തമാനം ഇവരുടെ പരിഗണനയ്ക്ക് പുറത്താകുമ്പോൾ ഭൂതകാലം സമൃദ്ധിയുടെ നിദാനമായി മാറുന്നു എന്ന് പി എസ് രാധാകൃഷ്ണൻ,സാഹിത്യ ചരിത്രവിജ്ഞാനീയം:സാധ്യതകൾ നിലപാടുകൾ എന്ന കൃതിയിൽ നിരീക്ഷിക്കുന്നു (2016:5). ആര്യ വൈദിക സംസ്കാരത്തെയും സംസ്കൃത സാഹിത്യത്തെയും മഹത്വവൽക്കരിക്കുക വഴി വരേണ്യ പ്രതിനിധാനങ്ങളെ സാമൂഹിക ബോധത്തിൽ പ്രതിഷ്ഠിക്കുകയും പ്രാദേശിക വൈവിധ്യങ്ങളെ തമസ്കരിക്കുകയുമാണ് അവർ ചെയ്തത്. സംസ്കൃതസാഹിത്യമാണ് ഉദാത്തം എന്ന മുൻവിധി യിലേക്ക് പൊതു ബോധത്തെ കൊണ്ടെത്തിക്കാൻ ഒരുപരിധിവരെയെങ്കിലും ഇവർക്ക് കഴിഞ്ഞു.' കൊളോണിയലിസം സ്വത്വങ്ങളെ അപരവൽക്കരിക്കുകയും തദ്ദേശീയമായതിനെ യെല്ലാം തരംതാഴ്ത്തുകയും ചെയ്തു' എന്ന് ഇ.വി രാമകൃഷ്ണൻ വിലയിരുത്തുന്നു (ദേശീയതകളും സാഹിത്യവും: 2001:96).

യൂറോ കേന്ദ്രിതമായ ഒരു രാഷ്ട്രനിർമ്മാണവും അതുവഴി കോളനീകരണത്തിന്റെ പൂർണതയുമാണ് അവർ ലക്ഷ്യം വച്ചതെന്ന് തിരിച്ചറിയാൻ

തദ്ദേശീയരായ ചരിത്ര രചയിതാക്കൾക്കും കഴിയാതെ പോയി. വിദേശി കളുടെ ഈ രീതിശാസ്ത്രത്തെ കണ്ണടച്ച് അനുകരിക്കുകയാണ് ഭാരതീയർ എഴുതിയ സാഹിത്യചരിത്രങ്ങൾ ചെയ്തു പോന്നത്. തന്മൂലം ഇവിടെ നില നിന്നിരുന്ന പ്രാദേശികവൈവിധ്യങ്ങൾ അന്യംനിന്നുപോകാവുന്ന ഒരു ഘട്ടത്തിൽ എത്തിച്ചേരുകയും ചെയ്തു. ഇന്ത്യയുടെ ഭൂതകാല സംസ്കാര വിനിമയങ്ങൾ സാധ്യമാക്കിയ ഉല്പാദനോപാധികളും ബന്ധങ്ങളും വിശകലനം ചെയ്യുന്നതിൽ നിന്നും സാഹിത്യചരിത്രങ്ങൾ മാറിനിൽ ക്കേണ്ട സാഹചര്യം പ്രബലമായിത്തീർന്നു എന്ന് 'എതിർദിശകളിൽ സാഹിത്യചരിത്രത്തിലെ പക്ഷപാത(O)ങ്ങൾ ' എന്ന കൃതിയിൽ പി എസ് രാധാകൃഷ്ണൻ വിലയിരുത്തുന്നു (2017:98).

ഇന്ന് സവർണ്ണ സങ്കല്പങ്ങളും സാമൂഹിക പദവികളുമെല്ലാം സാഹിത്യ രചനയിൽ ഇടപെടുന്നുണ്ട് എന്നത് വസ്തുതയാണ്. വാമൊഴി സാഹിത്യമായ ഋഗ്വേദം അടക്കമുള്ള മന്ത്ര സാഹിത്യം സാഹിത്യചരിത്ര രചനകളിൽ സമുന്നത സ്ഥാനം സ്വീകരിക്കുമ്പോൾ,നമ്മുടെ നാടൻ പാട്ടുകൾ ചരിത്ര നിർമ്മിതിയുടെ ഭാഗമല്ലാതിരിക്കുന്നതിന്റെ വൈരുദ്ധ്യം ശ്രദ്ധേയമാണ്. ..... വിപുലനവും മൂല്യവർദ്ധനവും വരുത്തി നിരന്തരം പരിഷ്കരിക്കുകയും പരിണമിപ്പിക്കുകയും ചെയ്യേണ്ട സന്ദിഗ്ധതയുടെ ഇടമാണ് സാഹിത്യം എന്ന ധാരണയാണ് ഇന്ന് സാഹിത്യചരിത്രവിജ്ഞാനീയം നൽകുന്നത്. പരീക്ഷണപരമായ വ്യതിയാനങ്ങൾക്കാണ് അതിൽ പ്രാമുഖ്യം എന്ന് സ്കറിയാ സക്കറിയ 'സാഹിത്യചരിത്ര വിജ്ഞാനീയം' എന്ന ലേഖനത്തിൽ അഭിപ്രായപ്പെടുന്നു (2019:554) സാഹിത്യചരിത്ര രചനയെ സംബന്ധിക്കുന്ന ഇത്തരം ചില പൊതു ബോധ്യങ്ങളുടെ വെളിച്ചത്തിൽ ഫോക്‌ലോറിന്റെയും സാഹിത്യത്തിന്റെയും അതിർത്തി നിർണയിക്കുന്നത് എന്ത് യുക്തിയുടെ പിൻബലത്തിലാണ് എന്ന് അന്വേഷിക്കുകയാണ് ഈ പ്രബന്ധം. ഇന്ത്യൻ, മലയാള സാഹിത്യ സങ്കല്പങ്ങൾ, കൃതികൾ, കാനോനകൾ തുടങ്ങിയവയൊ ക്കെ നിർണയിക്കുന്നതിൽ ജാതി, മതം,വംശം,വർണം, വർഗം,ലിംഗം എന്നീ ഘടകങ്ങൾക്കുള്ള പങ്ക് അടിസ്ഥാനപരവും പ്രകടവും വ്യക്തവുമാണ് എന്ന് ഷാജി ജേക്കബ് വിലയിരുത്തുന്നു (2016:170). നാടൻപാട്ടിനെയും കവിതയേയും വ്യത്യസ്തമാക്കുന്ന സാഹിത്യചരിത്ര രചനായുക്തികൾ ചർച്ച ചെയ്യപ്പെടേണ്ട വിഷയം തന്നെയാണ്.

തങ്ങളുടെമേൽ ആരോപിക്കപ്പെടുന്ന സംസ്കൃത സ്വാധീനത്തെ അസ്വ സ്ഥതയോടെ നിരസിക്കുന്നവരാണ് തമിഴ് ചരിത്രകാരന്മാർ എന്ന് പി

എസ് രാധാകൃഷ്ണൻ നിരീക്ഷിക്കുന്ന (2017:99) മു.വരദരാജന്റെ 'തമിഴ് സാഹിത്യചരിത്രം' നാടൻ പാട്ടുകളെ വിലയിരുത്തുന്നത് ശ്രദ്ധേയമാണ്.'' പ്രാചീന തമിഴ് സാഹിത്യം നാടോടിപ്പാട്ടുകളിൽ നിന്നു പിറന്നവയത്രേ. പ്രസ്തുത കവികളുടെ കാവ്യരൂപംമറ്റു കവികളിൽ നിന്ന് കടം വാങ്ങിയതല്ല. അവ ജനങ്ങളുടെ വികാര വിചാരങ്ങളിൽ നിന്ന് രൂപം കൊണ്ടതാണ്«(2000:10 ) സാമാന്യജനത്തിന്റെ സാമൂഹികാനുഭവത്തിൽ നിന്നും രൂപമെടുത്ത നാടൻ പാട്ടുകൾ, മലയാള സാഹിത്യചരിത്രത്തിൽ നിന്നും ഒഴിവാക്കപ്പെടുന്നതിന്റെ യുക്തി ചോദ്യം ചെയ്യപ്പെടേണ്ടതു തന്നെ.

സൂസൻ ബാസ്നറ്റും ഹരീഷ് ത്രിവേദിയും ചേർന്ന് എഡിറ്റ് ചെയ്ത Post colonial Translation: Theory and practice എന്ന ഗ്രന്ഥത്തിൽ വാമൊഴി രചനകൾക്ക് സാഹിത്യ പദവി നൽകാൻ തന്നെ പല ചരിത്രകർത്താക്കളും മടിക്കുന്നതിനെ കുറിച്ച് സൂചനകളുണ്ട് (ആധുനികാനന്തര മലയാള സാഹിത്യ വിമർശനം: 2016:59).ഉള്ളൂർ, കേരളസാഹിത്യ ചരിത്രത്തിന്റെ ഒന്നാം വാല്യത്തിൽ മൂന്ന് അധ്യായങ്ങളിലായി നാടോടിപ്പാട്ടുകളെ സവിസ്തരം പ്രതിപാദിക്കുന്നു.എന്നാൽ,''ആ സാഹിത്യത്തിനു പണ്ഡിത ദൃഷ്ടിയിൽ യാതൊരു മെച്ചവുമില്ല;അതിലെ സംഗീതം അങ്ങിനെ ഒരു പേർ അർഹിക്കുന്നില്ല എന്നാണ് ഉള്ളൂരിന്റെ പക്ഷം (1974: 204). അവിടെ ഭാഷാകൃതികൾ എന്ന പതിമൂന്നാമദ്ധ്യായത്തിൽ, "ലീലാതിലകത്തിലെ മതമനുസരിച്ച് സാക്ഷാൽ സാഹിത്യ കോടിയിൽ അംഗീകാരത്തിന് അർഹമായ പാട്ടിൻറെ ലക്ഷണമൊത്ത കൃതിയാണ് രാമചരിതം എന്ന് പ്രശംസിക്കാനും ഉള്ളൂർ മറക്കുന്നില്ല (1974:298) 'കേരളസാഹിത്യചരിത്രം ചർച്ചയും പൂരണവും' എഴുതിയ വടക്കുംകൂർ രാജരാജവർമ്മ പാട്ടിനെക്കുറിച്ചുള്ള ഈ അഭിപ്രായം അത്യന്തം അർത്ഥവത്തും സരസവും ആർക്കും എതിരു നിൽക്കാൻ കഴിയാത്തതുമാണ് എന്ന് കൂട്ടിച്ചേർക്കുന്നു (1967: 69).

സംസ്കൃത മിശ്രിതമായ മണിപ്രവാള ലക്ഷണ ഗ്രന്ഥത്തെ അന്ധമായി അനുവർത്തിക്കുമ്പോൾ ആര്യാധിനിവേശത്തിന്റെയുക്തിയാണ് , 'കേരളസാഹിത്യചരിത്ര'ത്തിന്റേത് എന്ന് വായിച്ചെടുക്കാനാവും. ഇവിടെ സാഹിത്യത്തിന്റെ മാനദണ്ഡം എന്താണ് എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ഉള്ളൂർ ഇതിനു കണ്ടെത്തുന്ന യുക്തി വാമൊഴിക്കു ഭാഷാചരിത്രത്തിലല്ലാതെ സാഹിത്യചരിത്രത്തിൽ പ്രവേശനമില്ല'' എന്നാണ്. അതിനു കാരണം, "വാമൊഴി വർണ്ണവികാരങ്ങൾക്ക് വിധേയവും ഗ്രാമ്യ പദ സമ്മിളിതവും ദേശം തോറും വിഭിന്നവും ആയിരിക്കാൻ ഇടയുണ്ട് എന്നതാണ് (1974:3)

വ്യാകരണ നിയമങ്ങളെ അനുസരിക്കുന്ന ഏക രൂപമായ ഗ്രന്ഥഭാഷയാണ് സാഹിത്യമായി ഉള്ളൂരിനെ പോലുള്ളവർ പരിഗണിക്കുന്നത്.

ഭാഷയുടെ വ്യാകരണം ശൂന്യതയിൽനിന്നും സംഭവിക്കുന്ന ഒന്നല്ല, വ്യവഹാര ഭാഷയുടെ വൈവിധ്യങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞു വരുന്നതാണ്.' പോകിന്റ ' എന്ന ഉണ്ണുനീലി സന്ദേശത്തിലെ ഒരു പ്രയോഗം,പോകുന്ന-പോവുന്ന എന്നെല്ലാമായിമാറി വരുന്നതുകൊണ്ട് പതിനാലാം നൂറ്റാണ്ടിലെ കൃതികൾ സാഹിത്യമല്ല എന്ന് നമ്മുടെ ചരിത്ര രചയിതാക്കൾക്ക് അഭിപ്രായമില്ലല്ലോ. വാമൊഴി, വർണ്ണവികാരങ്ങൾക്ക് വിധേയമാകുന്നത് കൊണ്ട് സാഹിത്യ ചരിത്രത്തിൽ നിന്നും മാറ്റി നിർത്തപ്പെടുന്നു എന്ന ന്യായീകരണത്തിന് ഇവിടെ സാധൂകരണമില്ല.''വ്യാകരണ നിയമങ്ങൾ അനുസരിക്കുന്ന കൃത്യതയാർന്ന ഗ്രന്ഥസമുച്ചയത്തെ മാത്രം അംഗീകരിക്കുന്ന സാഹിത്യചരിത്ര വിജ്ഞാനീയത്തിന് സങ്കീർണമായ സാമൂഹിക-സാംസ്കാരിക പ്രക്രിയകളിലെ വൈരുദ്ധ്യാത്മകമായ വ്യവഹാരങ്ങളെ എങ്ങനെ തിരിച്ചറിയാനാകും എന്ന പ്രശ്നം ഇതിനു സമാന്തരമായി ഉയർന്നു വരുന്നു എന്ന് പി എസ് രാധാകൃഷ്ണൻ നിരീക്ഷിക്കുന്നു (2017:100).

ജനസമൂഹത്തിന്റെ അറിവിനെയാണ് ഫോക്‌ലോർ അഥവാ നാടോടിവിജ്ഞാനീയം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഫോക്ലോറിൽ തന്നെ സുപ്രധാനമായ അറിവാണ് നാടൻപാട്ടുകളുടേത്. ഗ്രാമീണ ജനതയുടെ ജീവിതരീതി,കലാപൈതൃകം, ആചാരവിശ്വാസങ്ങൾ വാങ്മയരൂപങ്ങൾ തുടങ്ങിയവയെല്ലാം നാടൻ പാട്ടുകളിൽ നിന്ന് തിരിച്ചറിയാനാവും.

'കുന്നത്തു കൊന്നയും പൂത്തപോലെ
ഇളമാവിൻ തയ്യു തളിർത്ത പോലെ
കുരുത്തോലയായതിൻ വർണ്ണം പോലെ
വയനാടൻ മഞ്ഞൾ മുറിച്ച പോലെ'

എന്ന വടക്കൻ പാട്ടിലെ നായികാവർണ്ണന അലങ്കാര കല്പനകൾക്കപ്പുറം അമൂർത്തമായതിനെ മൂർത്തമാക്കാനുള്ള ഒരു ജനതയുടെ ആവിഷ്കാരങ്ങൾ ആയിരുന്നു. ഇത് സാഹിത്യം എന്ന സങ്കല്പത്തിന് പുറത്തു നിൽക്കുമ്പോൾ,

നിനക്കാരെയാണേറെയിഷ്ടം
എന്നെ തന്നെ
അതു കഴിഞ്ഞോ
അതു കഴിയുന്നേയില്ലല്ലോ

എന്ന വരികൾ സാഹിത്യത്തിലെ സമകാല രൂപമാവുകയും ചെയ്യുന്നു.

വാമൊഴിയുടെ പാഠാന്തരസ്വരൂപം, വർഗസ്വഭാവം, ഭാഷാശൈലി, ആഖ്യാനകല തുടങ്ങിയവയൊക്കെ സാഹിത്യ പദവിയിൽ നിന്ന് അതിനെ മാറ്റി നിർത്താൻ കാരണമാകുന്നു എന്നാണ് ഷാജി ജേക്കബ് നിരീക്ഷിക്കുന്നത്( 2016:172).'എന്നെ കൊത്തിയാലും നിന്നെ കൊത്തിയാലും ചോരയല്ലേ.... 'എന്ന് തോറ്റം പാട്ടിൽ പൊട്ടൻ തെയ്യം ചോദിക്കുമ്പോൾ അത് കീഴാളന്റെ അഥവാ അടിസ്ഥാന വർഗ്ഗത്തിന്റെ ചോദ്യമാണ്. ഇവിടെ കവിതയില്ല എന്നു പറയുന്നിടത്താണ് സാഹിത്യ ചരിത്ര രചനയുടെ കാനോനീകരണങ്ങൾ ചോദ്യം ചെയ്യപ്പെടുന്നത്.

നമ്മുടെ നാടോടിക്കഥകളുടെ കാര്യത്തിലും ഈ വിപര്യയം കാണാനാകും. ആമയും മുയലും പോലുള്ള സാരോപദേശ കഥകൾക്ക് എന്തുകൊണ്ട് സാഹിത്യ പരിപ്രേക്ഷ്യം ലഭിച്ചില്ല.നമ്മൾ സാഹിത്യമെന്ന പേരിൽ ശീലിച്ചു വന്ന 'കഥ'യുടെ രൂപഭാവങ്ങൾ അവയ്ക്കില്ല.'കഥ'എന്ന ഗണകല്പനയുടെ അതിർത്തി എവിടെ എന്നത് പ്രശ്നവൽക്കരിക്കപ്പെടുന്നു.'ഒരു കല്ലൻ'ആദ്യത്തെ ചെറുകഥയല്ലാതെ പോകുന്നതും 'കുന്ദലത ' ലക്ഷണമൊത്ത നോവലല്ലാതിരിക്കുന്നതും ഇത്തരം ചില കാനോനീകരണങ്ങളുടെ ഭാഗമാണ്. ആ അർത്ഥത്തിൽ സാഹിത്യചരിത്രങ്ങൾ കേവലചരിത്രമല്ല എന്നും അത് ഭാവിയെ കൂടി പ്രതിഫലിപ്പിക്കുന്നുണ്ട് എന്നും കാണാനാകും.ഇത്തരം ചില വാർപ്പു മാതൃകകളാണ് എന്താണ് സാഹിത്യം എന്ന് നിർണ്ണയിക്കപ്പെടുന്നതിന് നിദാനം.

സാമൂഹിക അനുഭവത്തിൽനിന്നും വൈയക്തികാനുഭവത്തിലേക്കുള്ള പരിവർത്തനമാണ് ഫോക് ലോറിൽ നിന്ന് സമൂഹത്തിലേക്കുള്ളത്.സാമൂഹികാനുഭവങ്ങൾ ഫോക് ലോറും വ്യക്ത്യനുഭവങ്ങൾ സാഹിത്യവുമായി മാറുന്നു. ഫോക് ലോറിന്റെ ഭാഷ സമൂഹത്തിന്റെ ഉല്പന്നമായ ഭാഷയാണ്. ഈ ഭാഷയെ വൈയക്തികാനുഭവങ്ങളെ ആവിഷ്കരിക്കാൻ സാധിക്കുന്നമട്ടിൽ പരുവപ്പെടുത്തി എടുക്കുമ്പോഴാണ് അത് സാഹിത്യത്തിന്റെ പരിധിയിൽ വരുന്നത്. പക്ഷേ, നാടൻ പാട്ടുകൾ വളരെ വേഗത്തിൽ സംവേദനക്ഷമമാകുമ്പോൾ പരുവപ്പെടുത്തിയെടുത്ത കവിതയുടെ ഭാഷ നമുക്ക് ഒരേ തരത്തിൽ വിനിമയ യോഗ്യമല്ലാതെ പോകുന്നു. സാമൂഹിക അനുഭവം എവിടെവച്ചാണ് വൈയക്തികാനുഭവമായി മാറുന്നത്, ഏത് സാംസ്കാരിക യുക്തിയിലാണ് സാഹിത്യം നിർവചിക്കപ്പെടുന്നത്. ആര്യവൽക്കരണം ഭാഷയിൽ മാത്രമല്ല കാവ്യ വിഷയത്തിലും ഇതിവൃത്തങ്ങളിലും ആധിപത്യം സ്ഥാപിച്ചു. സമൂഹത്തിലെ താഴ്ന്ന തലങ്ങളിലെ ജീവിതം ഗൗരവം തികഞ്ഞ

സാഹിത്യമല്ലെന്ന തോന്നൽ വികസിച്ചുവന്നു. സമൂഹത്തിലെ അധസ്തല ജീവിതത്തിന്റെ പ്രാതിനിധ്യം മണിപ്രവാള കവികൾക്കോ ഇതിഹാസ പുരാണങ്ങളിലധിഷ്ഠിതമായ പാട്ട് സാഹിത്യത്തിനോ ഇല്ലെന്നു വന്നു. അധസ്തല കഥകൾക്ക് ഒരൊറ്റ കണ്ണാടി മാത്രമേയുള്ളൂ–നാടോടിപ്പാട്ടുകൾ എന്നാണ് എം.ലീലാവതി 'മലയാള കവിതാ സാഹിത്യ ചരിത്ര'ത്തിൽ നിരീക്ഷിക്കുന്നത് (2015: 37)ചരിത്രം നാടൻ പാട്ടുകളെ അപരവൽക്കരിക്കുന്നു എന്ന തിരിച്ചറിവിലും,താരതമ്യേന ചെറിയൊരിടം മാത്രമാണ് നാടോടിപ്പാട്ടുകൾക്കായി മലയാള കവിതാ സാഹിത്യ ചരിത്രത്തിൽ മാറ്റി വച്ചിരിക്കുന്നത്. പലതരം നാടൻ പാട്ടുകളാണ് നമ്മുടെ സാഹിത്യത്തിന്റെ ആദിമ ദശയിലുണ്ടായിട്ടുള്ളത് എന്ന് പറഞ്ഞു തുടങ്ങുന്ന ടി.എം ചുമ്മാർ (പദ്യ സാഹിത്യചരിത്രം 1936)വെറും മൂന്ന് പുറം മാത്രമാണ് ഈ വാമൊഴി രൂപങ്ങൾക്കായി മാറ്റി വച്ചിരിക്കുന്നത് .

മലയാളത്തിലെ മറ്റ് ബഹുഭൂരിപക്ഷം സാഹിത്യ ചരിത്രങ്ങളും നാടൻ പാട്ടുകളെ സാഹിത്യ ചരിത്രത്തിന്റെ ഭാഗമായേ ഗണിക്കുന്നില്ല. ഇതിനൊരപവാദം എന്ന് പറയാവുന്നത്, സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ(1958) എന്ന കൃതിയിലെ ശുദ്ധമലയാള ശാഖ എന്ന മൂന്നാം ഖണ്ഡമാണ്.ജി.ശങ്കരപിള്ള, നാടൻ പാട്ടിനേയും ആ ശാഖയ്ക്ക് സാഹിത്യ ചരിത്രത്തിലുള്ള സ്ഥാനത്തേയും പരിഗണിക്കുമ്പോൾ പറയുന്നത് ഇപ്രകാരമാണ്, 'സമഗ്രമായ ഒരു സാഹിത്യ ചരിത്ര പഠനത്തിന്റെ'ഹരിശ്രീ'കുറിക്കേണ്ടത് നാടൻ പാട്ടിൽ നിന്നായിരിക്കണം. ജീവിതത്തിന്റെ സത്യാത്മകവും ആത്മാർത്ഥവുമായ ആവിഷ്കാരങ്ങളാണ് ഈ പാട്ടുകൾ (2013:15). സമകാലീനമായ മറ്റ് രണ്ട് സാഹിത്യ ചരിത്രങ്ങളാണ് എൻ.കൃഷ്ണപിള്ളയുടെ 'കൈരളിയുടെ കഥ'യും പി.കെ പരമേശ്വരൻ നായരുടെ 'മലയാള സാഹിത്യ ചരിത്ര'വും. രണ്ടിലും നാടൻപാട്ടുകൾക്ക് ഒരിടമില്ല.മലയാള കവിതയുടെ വളർച്ച മണിപ്രവാളവും പാട്ടുമായി ഒഴുകുന്ന 'കഥ'യാണ് എൻ. കൃഷ്ണപിള്ളയ്ക്ക് പറയാനുള്ളത്. ഇതിൽ ഒന്ന് ആര്യവും മറ്റൊന്ന് അനാര്യവും (ദ്രാവിഡം) എന്ന് ആദ്യ യുക്തിയിൽ തോന്നാമെങ്കിലും ഒരേ നാണയത്തിന്റെ ഇരുപുറവുമാണവ എന്ന് തുടർ പഠനത്തിൽ ബോധ്യമാവും. ദ്രാവിഡം എന്ന വാക്കുതന്നെ തമിഴ് എന്ന പദത്തിനു പകരമായി സംസ്കൃതത്തിൽ ഉപയോഗിച്ചിരുന്നതാണ്. അതിനാൽ തമിഴ് സാഹിത്യത്തിൽ അങ്ങനെ ഒരു പദം കാണാനും ഇല്ല എന്നാണ് മു.വരദരാജൻ തമിഴ് സാഹിത്യ ചരിത്രത്തിൽ പ്രതിപാദിക്കുന്നത് (2000:20).

ഭാഷാപരമായി ദ്രാവിഡ അക്ഷരമാലയെ പിൻതുടരുമ്പോഴും പ്രമേയ സ്വീകരണത്തിൽ ദ്രാവിഡേതരം തന്നെയാണ് രാമചരിതവും കണ്ണശ്ശ കൃതികളും. എന്നാൽ പാട്ടിന്റെ ലക്ഷണങ്ങൾ തികഞ്ഞ തിരുനിഴൽമാലയാകട്ടെ ഔപചാരികമായ മറ്റ് ദേവതാ സ്തുതികളോടൊപ്പം മലയർ അർപ്പിക്കുന്ന ബലിയാണ് വർണ്ണ്യ വിഷയം.

കേരളചരിത്രരചനയ്ക്കുപയുക്തമായൊരു ഉപദാനം കൂടിയാണ് തിരുനിഴൽമാല. ആര്യേതരമായ ഇതിവൃത്തം തന്നെയാണോ ഈ കൃതി നൂറ്റാണ്ടുകളോളം തമസ്കരിക്കപ്പെടാനുള്ള കാരണവും എന്ന് സ്വാഭാവികമായും സംശയിക്കേണ്ടിയിരിക്കുന്നു. മറ്റൊരു കൗതുകകരമായ വസ്തുത, പാട്ടുകൃതികളേക്കാൾ വിഷയ സ്വീകരണത്തിൽ തദ്ദേശീയമായിരുന്നത് മണി പ്രവാള സാഹിത്യത്തിലായിരുന്നു എന്നതാണ്. അവിടെയും ഗാത്ര രൂപത്തിലും സൗന്ദര്യ സങ്കല്പ ങ്ങളിലുമെല്ലാം തീർത്തും വരേണ്യബോധം തന്നെയാണ് പ്രവർത്തിച്ചിരുന്നത്.ഇവിടെ ആര്യം/അനാര്യം(ദേശ്യം), ഫോക്/ ക്ലാസ്സിക്(സാഹിത്യം)തുടങ്ങിയ ദ്വന്ദ്വവൽക്കരണങ്ങളിൽ വരുന്ന സംഘർഷങ്ങളെ അനാവരണം ചെയ്യേണ്ടി വരുമ്പോൾ സവർണ്ണ സങ്കല്പത്തിലധിഷ്ഠിതമായ രചനാരീതിക്കാണ് മുൻതൂക്കം ലഭിക്കുന്നത് എന്ന് കാണാനാവും.

"ആധുനികതയ്ക്ക് മുമ്പ് വാമൊഴി രചനകൾ നേരിട്ട അതേ പാർശ്വവൽക്കരണമാണ് ആധുനികതയിൽ ജനപ്രിയ രചനകൾ നേരിടുന്നത്. മാനദണ്ഡങ്ങൾ ചിലത് മാറി വന്നു എന്ന് മാത്രം. അടിസ്ഥാന പ്രശ്നം അവയുടെ സാമൂഹിക പദവി തന്നെയാണ് എന്ന് ഷാജി ജേക്കബ് വിലയിരുത്തുന്നു (2016:172). താരതമ്യേന ആധുനികം എന്നുപറയാവുന്ന പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകളിൽ പോലും ഇത് പിന്തുടരുന്നതായി കാണാം. ആധുനിക മലയാള സാഹിത്യം എന്ന സങ്കല്പത്തിന് പുറത്തായിരുന്നു പച്ചമലയാള പ്രസ്ഥാനവും വെണ്മണി കവികളും. ഇവയെ നേരമ്പോക്ക് പ്രസ്ഥാനമായി എണ്ണിയവരും കുറവല്ല. ഇവയിലും ഭാഷ മാത്രമാണ് മലയാളം എന്ന നിഷ്കർഷയുള്ളത് .

സാഹിത്യചരിത്ര രചനയ്ക്കായി തെരഞ്ഞെടുക്കുന്ന ഉപാദാനങ്ങൾ പ്രതിനിധീകരിക്കുന്നത് സമൂഹത്തിലെ പ്രബലമായ മുഖ്യധാരയെ മാത്രമാണ്. അതിനെ വ്യാഖ്യാനിക്കുന്നതിൽ വംശീയതയുടെയും വർഗ്ഗബോധത്തിന്റെയും പുരുഷാധിപത്യത്തിന്റെയും ഇടപെടലുകൾ വ്യക്തമാണ്. അതിൽതന്നെ, ദുർഗ്രഹതയുടെ സങ്കീർണ്ണതയില്ലാത്ത അന്യഭാഷയുടെ കലർപ്പില്ലാത്ത, ബഹുജനജീവിതവുമായി അഭേദ്യബന്ധം പുലർത്തുന്ന നാടൻപാട്ടുകൾ അപരവൽക്കരിക്കപ്പെടുന്നു എന്നത് വസ്തുതയാണ്.

സാഹിത്യ ഗണത്തെ തന്നെ പ്രശ്നവൽക്കരിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ചർച്ചകൾ വഴി തുറക്കുന്നത്. സാഹിത്യത്തിലെ ഗണങ്ങളെ സങ്കല്പനം ചെയ്യേണ്ടി വരുമ്പോൾ അതിന് നിയാമകമാക്കേണ്ട യുക്തികൾ എന്തെല്ലാം എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സാഹിത്യത്തിലും സാർവലൗകിക ഗണങ്ങളോടൊപ്പം (Universal Genre) പ്രാദേശിക ഗണങ്ങളും (local genre) ഉണ്ടെന്നകാര്യം തിരിച്ചറിയേണ്ടതുണ്ട്. അതുപോലെതന്നെ, സാഹിത്യ ഗണത്തിന്റെ ഉല്പത്തി ചർച്ചകളും(ആദ്യ കൃതികളെ കുറിച്ചുള്ള ചർച്ച)ഇത്തരം പ്രാദേശിക സാമൂഹിക ബോധ്യത്തിൽ നിന്ന് വേണം നടത്താൻ. അല്ലാത്തപക്ഷം സാഹിത്യത്തിലെ കാനോനീകരണങ്ങൾ അവിടെ ഉണ്ടായിരുന്ന ബഹുസ്വരതയെ ഇല്ലാതാക്കുകയാണ് ചെയ്യുന്നത്.

## ഗ്രന്ഥസൂചി

1 കൃഷ്ണപിള്ള എൻ, 2007, കൈരളിയുടെ കഥ,ഡി.സി ബുക്സ്, കോട്ടയം.

2 ചുമ്മാർ ടി.എം, 1968, പദ്യസാഹിത്യ ചരിത്രം,നാഷ്ണൽ ബുക്ക്സ്റ്റാൾ, കോട്ടയം.

3 ജോർജ് കെ.എം, 2013, സാഹിത്യ ചരിത്രംപ്രസ്ഥാനങ്ങളിലൂടെ, സാഹിത്യപ്രവർത്തക സഹകരണ സംഘം,കോട്ടയം.

4 പണിക്കർ കെ.എൻ, 2002, സംസ്കാരവും ദേശീയതയും,കറന്റ് ബുക്സ് തൃശ്ശൂർ.വിവ: പി.എൻ ഗോപികൃഷ്ണൻ, പി.എസ് മനോജ് കുമാർ.

5 പരമേശ്വരയ്യർ, ഉള്ളൂർ, എസ്, 1974, കേരള സാഹിത്യ ചരിത്രം, കേരള സർവ്വകലാശാല പ്രസിദ്ധീകരണം.

6 പരമേശ്വരൻ നായർ പി.കെ, 1992, മലയാള സാഹിത്യ ചരിത്രം, സാഹിത്യ അക്കാദമി, ഡൽഹി.

7 രാജരാജവർമ്മ വടക്കുംകൂർ,1967,കേരള സാഹിത്യചരിത്രം ചർച്ചയും പൂരണവും, നാഷ്ണൽ ബുക്ക്സ്റ്റാൾ കോട്ടയം.

8 രാധാകൃഷ്ണൻ പി.എസ്, 2016, സാഹിത്യ ചരിത്ര വിജ്ഞാനീയം: സാധ്യതകൾ നിലപാടുകൾ, വള്ളത്തോൾ വിദ്യാപീഠം ശുകപുരം.

9 രാധാകൃഷ്ണൻ പി.എസ്, 2007, എതിർ ദിശകൾ സാഹിത്യ ചരിത്രത്തിലെ പക്ഷപാത (ം) ങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

10 രാമകൃഷ്ണൻ ഇ.വി, 2001, ദേശീയതകളും സാഹിത്യവും, ഡി.സി ബുക്സ്, കോട്ടയം

11 ലീലാവതി.എം, 2015, മലയാള കവിതാ സാഹിത്യ ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

12 വരദരാജൻ.മു, 2000, തമിഴ് സാഹിത്യ ചരിത്രം, വിവ: മേലങ്ങത്ത് നാരായണൻകുട്ടി, സാഹിത്യ അക്കാദമി, ഡൽഹി.

13 ഷാജി ജേക്കബ്, 2016, ആധുനികാനന്തര മലയാള സാഹിത്യ വിമർശനം, സൈകതം ബുക്സ്, കോതമംഗലം.

14 സ്കറിയ സക്കറിയ, 2019, മലയാള വഴികൾ സ്കറിയ സക്കറിയയുടെ തിരഞ്ഞെനാടൻ പാട്ടുകളുടെ അപരവൽക്കരണം

*sintokonkoth@gmail.com*

# സാഹിത്യ ചരിത്ര വിജ്ഞാനീയവും മലയാള നോവൽ സാഹിത്യചരിത്രവും: ഒരു വിമർശനാത്മക സമീപനം

രമ്യ എസ്.
ഗവേഷക, സാമൂതിരി ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട്

പ്രബന്ധ സംഗ്രഹം

സാഹിത്യചരിത്രപഠനത്തിനുള്ള വിമർശന പദ്ധതികളിൽ ശ്രദ്ധേയമായിട്ടുള്ള സാഹിത്യ ചരിത്ര വിജ്ഞാനീയം സാഹിത്യചരിത്രങ്ങളെ സൂക്ഷ്മതയിൽ മനസ്സിലാക്കുന്നതിന് സാധ്യമായിട്ടുള്ള ആശയ പദ്ധതിയാണ്. ഈ ഒരു ആശയ പദ്ധതിക്കുള്ളിൽ നിന്നു കൊണ്ട് ഡോ.കെ.എം. തരകന്റെ മലയാള നോവൽ സാഹിത്യ ചരിത്രത്തെ വിമർശനാത്മകമായി വിലയിരുത്തുകയാണ് ഈ പ്രബന്ധം.

***താക്കോൽ വാക്കുകൾ:*** സാഹിത്യ ചരിത്ര വിജ്ഞാനീയം–നവോത്ഥാനം–റിയലിസ്റ്റ്

മലയാളഭാഷയ്ക്കും സാഹിത്യത്തിനും നൂറ്റാണ്ടുകൾ പഴക്കമുണ്ടെങ്കിലും ആ ചരിത്രത്തിന് ഒരു ആധികാരികരേഖയുണ്ടാവുന്നത് 1881-ൽ എഴുതപ്പെട്ട പി.ഗോവിന്ദപ്പിള്ളയുടെ മലയാളഭാഷാചരിത്രത്തോട് കൂടിയാണ്. മലയാള സാഹിത്യ ചരിത്രത്തെ വിമർശനാത്മകമായി സമീപിക്കുന്ന സാഹിത്യ ചരിത്രവിജ്ഞാനീയം എന്ന ആശയ പദ്ധതി ചർച്ച ചെയ്യപ്പെടുന്നതാവട്ടെ പിന്നെയും ഒരു നൂറ്റാണ്ട് കഴിഞ്ഞാണ്. സാഹിത്യ ചരിത്രങ്ങളുടെ സാമൂഹികവും രാഷ്ട്രീയവും പ്രത്യയശാസ്ത്രപരവുമായ ദൗത്യങ്ങളെന്തായിരുന്നു എന്ന അന്വേഷണമാണ് സാഹിത്യചരിത്ര വിജ്ഞാനീയം ലക്ഷ്യം വെക്കുന്നത്.

സാഹിത്യചരിത്രപഠനത്തിനുള്ള വിമർശനപദ്ധതികളിൽ ശ്രദ്ധേയമായിട്ടുള്ള സാഹിത്യചരിത്രവിജ്ഞാനീയം സാഹിത്യചരിത്രങ്ങളെ

സൂക്ഷ്മതയിൽ മനസ്സിലാക്കുന്നതിന് സാധ്യമായിട്ടുള്ള ആശയപദ്ധതിയാണ്. ഈ ഒരു ആശയ പദ്ധതിക്കുള്ളിൽ നിന്നുകൊണ്ട്. ഡോ.കെ.എം. തരകന്റെ മലയാളനോവൽസാഹിത്യചരിത്രത്തെ വിമർശനാത്മകമായി വിലയിരുത്താൻ ശ്രമിക്കുയാണ് ഈ പ്രബന്ധം.

മലയാളനോവലിന്റെചരിത്രം അടയാളപ്പെടുത്താൻ ഒട്ടുമിക്ക സാഹിത്യ ചരിത്രങ്ങളും ഇടംകണ്ടെത്തിയിട്ടുണ്ട്. മലയാളത്തിലെ പ്രഥമ സാഹിത്യചരിത്രം മുതൽ ഇങ്ങോട്ടു പരിശോധിക്കുമ്പോൾ ഒരു അധ്യായമോ, ഒരു ഭാഗം തന്നെയോ നോവൽ ചരിത്രം അടയാളപ്പെടുത്തുന്നതിനായി മാറ്റിവെച്ചതായി കാണാം. നോവൽ സാഹിത്യം (എം.പി. പോൾ, 1930), മലയാളനോവൽസാഹിത്യചരിത്രം (ഡോ.കെ.എം.തരകൻ, 1970) ചരിത്രനോവൽ മലയാളത്തിൽ (കല്പറ്റ ബാലകൃഷ്ണൻ, 1986) മലയാള നോവൽ 'പത്തൊമ്പതാം നൂറ്റാണ്ടിൽ' (ഡോ.ജോർജ്ജ് ഇരുമ്പയം) എന്നീ കൃതികൾ നോവൽ സാഹിത്യത്തിനുമാത്രം പ്രാധാന്യം നൽകികൊണ്ടുള്ള വിശദപഠനമാണ്. മറ്റു നോവൽ സാഹിത്യ ചരിത്ര കൃതികളിൽനിന്നും മലയാള നോവൽ സാഹിത്യ ചരിത്രത്തെ വ്യത്യസ്തമാക്കുന്നത്. അത് മലയാള നോവലിന്റെ വികാസചരിത്രത്തെ ഏറെക്കുറെ സമഗ്രമായി പ്രതിനിധാനം ചെയ്യുന്ന എന്നതാണ്.

### സാഹിത്യചരിത്രവിജ്ഞാനീയം

ചരിത്രം എന്നത് ഭൂതകാലത്തെ അടിസ്ഥാനമാക്കിയുള്ള രേഖയാണ്. സംഭവങ്ങളെ ഏറ്റകുറച്ചിൽ കൂടാതെ രേഖപ്പെടുത്തുകയാണ് ചരിത്രരചനയിൽ ചെയ്യുന്നത്. എന്നാൽ എല്ലാ സംഭവങ്ങളും ചരിത്രലേഖനത്തിന് അർഹമാകുന്നില്ലെന്നും സമൂഹത്തെ ചലിപ്പി ച്ചിട്ടുള്ള രാഷ്ട്രീയമോ സാംസ്കാരികമോ ആയ സംഭവങ്ങളാണ ചരിത്രമായി സ്വീകരിക്കപ്പെടുന്നതെന്നും സാംസ്കാരിക മണ്ഡലത്തിലെ സംഭവങ്ങൾ ഏതാണെന്ന് ചോദിച്ചാൽ സാഹിത്യകൃതികളാണെന്നും ഇത്തരം കൃതികളെ അടിസ്ഥാനമാക്കിയുള്ള അവലോകനമാണ് സാഹിത്യചരിത്രമെന്നും കെ.എം. ജോർജ്ജ് വ്യക്തമാക്കുന്നു. (സാഹിത്യവിജ്ഞാനവും വിജ്ഞാനസാഹിത്യവും; 1983, 95).

സാഹിത്യസംബന്ധിയായ കാര്യങ്ങളുടെ ഒരു പ്രമാണരേഖയാണ് സാഹിത്യ ചരിത്രഗ്രന്ഥം. അതിൽ കടന്നുകൂടുന്ന ചെറുതും വലുതുമായ ഏത് പിഴവും അനുവാചകനിൽ തെറ്റിദ്ധാരണയുളവാക്കും. തെളിവുകളെ യുക്തിപരമായും തെളിവായും, അവതരിപ്പിക്കാനുള്ള ശ്രദ്ധയും ഗുണദോഷ മർമ്മജ്ഞതയും നിക്ഷ്പക്ഷ തയും സാഹിത്യ ചരിത്രരചയിതാവിനുണ്ടാകണം.

എന്ന് ഡോ. എം. ലീലാകുമാരി അഭിപ്രായപ്പെടുന്നു. (മലയാളസാഹിത്യ ചരിത്രങ്ങൾ, 2000, 48) എന്നാൽ ഒരു ചരിത്രകാരനും നിഷ്പക്ഷനല്ല. ഓരോ സാഹിത്യചരിത്രങ്ങളും രചിക്കപ്പെടുമ്പോൾ ചരിത്രകാരന്റെ പ്രത്യയശാസ്ത്ര കാഴ്ചപാടുകളും, താല്പര്യങ്ങളും പക്ഷപാതിത്വവും ചരിത്രരചനയെ സ്വാധീനിക്കും. ചരിത്രരചനയ്ക്കു വേണ്ട ഉപദാനങ്ങൾ സ്വീകരിക്കുമ്പോൾ ഏതൊക്കെ കൊള്ളണം, ഏതൊക്കെ തള്ളണം എന്ന് തീരുമാനിക്കുന്നത് എഴുത്തുകാരന്റെ നിലപാടാണ്. അതുകൊണ്ടുതന്നെയാണ് ചരിത്രരചനയും ഒരു ആഖ്യാനമാണ് എന്ന് വിലയിരുത്തുന്നത്. രാധാകൃഷ്ണൻ ഇളയിടത്തിന്റെ അഭിപ്രായത്തിൽ നിർദോഷകരമായ സാഹചര്യത്തിൽ നടക്കുന്ന ഒന്നല്ല ചരിത്ര രചന. രാഷ്ട്രം, ദേശം, വംശം, ജാതി, വർഗം, ലിംഗം എന്നിങ്ങനെ നിരവധി ഘടകങ്ങളാൽ സ്വാധീനിക്കപ്പെടുകയും വിശാലമായ സാമൂഹിക പ്രകരണത്തിൽ നിർവ്വഹിക്കപ്പെടുകയും ചെയ്യുന്ന നിർമ്മിതിയാണിത്. (രാധാകൃഷ്ണൻ ഇളയിടത്ത്; 2015,41) ഈ ഒരു സാഹചര്യത്തിലാണ് സാഹിത്യചരിത്രവിജ്ഞാനീയം പ്രസക്തമാകുന്നത്.

സാഹിത്യചരിത്ര പഠനത്തിനുള്ള വിമർശനപദ്ധതികളിൽ ശ്രദ്ധേയമാണ് സാഹിത്യചരിത്രവിജ്ഞാനീയം. നിലനിൽക്കുന്ന സാഹിത്യചരിത്രങ്ങളെ സൂക്ഷ്മതയിൽ മനസിലാക്കാനും പ്രശ്നവൽക്കരിക്കാനും കെൽപ്പുള്ള ആശയ പദ്ധതിയാണിത് (രാധാകൃഷ്ണൻഇളയിടത്ത്;2015, 39) ആധികാരികമായി കരുതപ്പെടുന്ന സാഹിത്യചരിത്രങ്ങളെ വിമർശനവിധേയമാക്കുകമാത്രമല്ല പുതിയ സാഹിത്യചരിത്ര നിർമ്മാണ സാധ്യതകൾ മുന്നോട്ട് വെയ്ക്കാനും സാഹിത്യചരിത്രവിജ്ഞനീയത്തിന് കഴിയുന്നു. തിരുത്തലുകൾക്ക് സാഹിത്യ ചരിത്ര വിജ്ഞനീയത്തിൽ മുഖ്യസ്ഥാനമുണ്ട്. പരമ്പരഗതമായി ആർജ്ജിച്ചെടുത്ത അറിവുകളുടെ ശാസ്ത്രീയത ചോദ്യം ചെയ്തുകൊണ്ട് യുക്തിസഹവും, കാലാനുസൃതവുമായ തിരുത്തലുകളിലൂടെ സാഹിത്യചരിത്രവിജ്ഞാനീയം നിലനിൽക്കുന്ന ഓരോ സഹിത്യ ചരിത്രത്തിലും ഇടപെടുന്നു.

### മലയാളനോവൽസാഹിത്യചരിത്രം സംഗ്രഹം

മലയാളനോവൽചരിത്രത്തിന്റെ ഗതിവിഗതികളെകുറിച്ചുള്ള അന്വേഷണമാണ് ഡോ. കെ.എം. തരകന്റെ മലയാളനോവൽസാഹിത്യ ചരിത്രം. 1978-ൽ കേരള സാഹിത്യഅക്കദമിയാണ് ഈ കൃതി ആദ്യമായി പ്രസദ്ധീകരിച്ചത് മൂന്ന് പതിപ്പുകൾ ഈ കൃതിയ്ക്ക് ഉണ്ടായിട്ടുണ്ട്. 2005-ൽ പുറത്തിറങ്ങിയ മൂന്നാം പതിപ്പാണ് ഈ പഠനത്തിന് ആധാരം. അഞ്ച്

ഭാഗങ്ങളായിട്ടാണ് മലയാളനോവൽചരിത്രത്തെ ഇതിൽ ക്രമീകരിച്ചിട്ടുള്ളത്. ആദ്യഭാഗം നോവലിന്റെ ഉത്ഭവം, വികാസം എന്നിവയെകുറിച്ച് വിശദമാക്കുന്നു. പിന്നീട് 1864 മുതൽ 1940 വരെയും, 1940 മുതൽ 1963 വരെയും 1963 മുതൽ നാളിതുവരെയുള്ളത് എന്നിങ്ങനെ മൂന്നുഘട്ടങ്ങളിലായി മലയാളനോവൽസാഹിത്യത്തിന്റെ വളർച്ചയും വികാസവും വിലയിരുത്തുന്നു. സമാപനം എന്ന അവസനഭാഗം വിമർശനം നോവൽ സാഹിത്യത്തിന്റെ വളർച്ചയിൽ വഹിച്ച പങ്കിനെ കുറിച്ചാണ് വ്യക്തമാക്കുന്നത്. 1978-നു ശേഷം മലയാളത്തിലിറങ്ങിയ ശ്രദ്ധേയമായ നോവലുകളെ കുറിച്ചുള്ള പഠനം അനുബന്ധമായി ചേർത്തിട്ടുണ്ട്.

**മലയാള നോവൽ സാഹിത്യ ചരിത്രം വിമർശനാത്മക സമീപനം**

മലയാള നോവലിന്റെ ചരിത്രവഴികളെ സൂക്ഷ്മതയോടെ അടയാളപ്പെടുത്തുന്ന ഡോ.കെ.എം. തരകന്റെ മലയാള നോവൽ സാഹിത്യ ചരിത്രം സാഹിത്യ ചരിത്ര ഗ്രന്ഥങ്ങളിൽ ഏറെ ശ്രദ്ധേയമായ കൃതിയാണ്. സാഹിത്യ ചരിത്രകാരന്മാർ വർത്തമാന കാലഘട്ടത്തിൽ നിന്നുകൊണ്ട് ഭൂതകാല സാഹിത്യ സംഭവങ്ങളെ ആവിഷ്കരിക്കുകയാണ് ചെയ്യുന്നത്. തിരഞ്ഞെടുപ്പിൽ വരുന്ന അപാകതകൾ സാഹിത്യചരിത്രത്തിൽ ചില അപാകതൾ വരുത്താറുണ്ട്. സാഹിത്യചരിത്രവിജ്ഞാനീയത്തിന്റെ രീതി ശാസ്ത്രങ്ങളും കാഴ്ചപ്പാടുകളും മലയാളനോവൽ സാഹിത്യചരിത്രത്തിൽ പ്രയോഗിക്കുമ്പോൾ ഇത്തരത്തിൽ ചില വിള്ളലുകൾ ദർശിക്കാവുന്നതാണ്

നോവൽ സാഹിത്യചരിത്രത്തിൽ ആദ്യഭാഗത്ത് നോവലിന്റെ ചരിത്രവും പ്രത്യേകതകളും രേഖപ്പെടുത്തുന്നു മലയാളത്തിൽ നോവെലെന്ന സാഹിത്യരൂപം രംഗപ്രവേശം ചെയ്യുന്നതിന് ഇംഗ്ലീഷ് സാഹിത്യത്തിലെ നോവലുകൾ മിഷനറിമാർ അച്ചടി തുടങ്ങിയവ ചെലുത്തിയ സ്വാധീനം വ്യക്തമാക്കുന്ന പാശ്ചാത്യസങ്കല്പത്തെ മുൻനിർത്തിയാണ് കെ എം. തരകൻ നോവൽ സങ്കല്പ്പവും ചരിത്രമാതൃകകളും രചനാരീതിയും രൂപപെടുത്തിയിട്ടുള്ളത്. അതുകൊണ്ട് പാശ്ചത്യ സാഹിത്യത്തിലെ നോവല്ല റൊമാൻസ്, മിത്ത് എന്നിവയോട് നോവലിനുള്ള സ്വധീനം ഉദാഹരണങ്ങളിലൂടെ വ്യക്തമാക്കാൻ ചരിത്രകാരന് കഴിഞ്ഞിട്ടുണ്ട്.

മലയാളത്തിലെ ആദ്യനോവലെന്നവിശേഷണം നൽകേണ്ടത് ഘാതകവധത്തിനാണ് എന്ന് ചരിത്രകാരന്മാർ പരാമർശിക്കുമ്പോൾ കുന്ദലതയാണ് ആദ്യ നോവലെന്ന് ഡോ. കെ.എം. തരകൻ രേഖപ്പെടുത്തുന്നു. എന്നാൽ കുന്ദലതയുടെ ഇതിവൃത്തത്തിന് അനുഭവ രസികതയോ,

രചനാ വൈശിഷ്ട്യമോ അവകാശപ്പെടാൻ കഴിയില്ല എന്നും അതിനാൽ ആദ്യത്തെ ലക്ഷണമൊത്ത നോവൽ ഇന്ദുലേഖയാണെന്നും വ്യക്തമാക്കുന്നു. ഭാവശില്പം, സംഭാഷണരചന ആഖ്യാനശൈലി, പാശ്ചാത്തലസംവിധാനം എന്നിങ്ങനെയുള്ള എല്ലാഘടകങ്ങളും ശില്പവുമായി ഇണങ്ങുമ്പോഴാണ് നോവലെന്ന സാഹിത്യരൂപം പൂർണ്ണത കൈവരിക്കുന്നത് എന്ന വീക്ഷണമാണ് ഇന്ദുലേഖയെ ലക്ഷണമൊത്ത നോവലായി അവരോധിക്കാൻ കാരണം. സി.വിക്കും ചന്തുമേനോന്റെയും നോവൽ ചരിത്രത്തിൽ വലിയ പ്രധാന്യം നല്കുകയും തുടർന്നുണ്ടായ മറ്റ് നോവലുകളെ സി.വി.യുടേയും ചന്തുമേനോന്റേയും നോവലുകളെ അടിസ്ഥാനപ്പെടുത്തി പരിഗണിക്കുകയുമാണ് ഉണ്ടായത്. ഇതിനു കാരണം ഇവരെപ്പോലെ പ്രതിഭാശക്തി പ്രദർശിപ്പിച്ച നോവലിസ്റ്റുകൾ ആദ്യഘട്ടത്തിൽ ഉണ്ടായിട്ടില്ല എന്നതാവാം.

ആദ്യകാല മലയാളനോവലുകളെ അവയുടെ പ്രധാന്യം അനുസരിച്ച് സാമൂഹിക നോവലുകൾ, റൊമാൻസുകൾ ഉൾപ്പെടയുള്ള ചരിത്രാഖ്യായികകൾ, അപസർപ്പകകഥകൾ, രാഷ്ട്രീയകഥകൾ, എന്നിങ്ങനെ നാലുവകുപ്പുകളായി തിരിക്കുന്നു ചരിത്രകാരൻ. എന്നാൽ ഇവയിൽ സാമൂഹിക നോവലുകൾക്കും ചരിത്രആഖ്യായികകൾക്കും നൽകുന്നതിന്റ നാലിലൊന്നു പ്രധാന്യംപോലും അപസർപ്പക നോവലുകൾക്കും രാഷ്ട്രീയ നോവലു കൾക്കും നൽകുന്നില്ല. അപസർപ്പകനോവലുകളിൽ അല്പമെങ്കിലും പരാമർശയോഗ്യമായ കൃതി ഭാസ്കരമോനോൻ മാത്രമാണെന്ന നിലപാടായിരിക്കാം ആ ഒരു നോവലിനെ കുറിച്ച് അല്പം പറഞ്ഞശേഷം മറ്റു നോവലുകളുടെ പേരും ഗ്രന്ഥകാരന്മരുടെ പേരും മാത്രം പറഞ്ഞുകൊണ്ട് ആ ഭാഗം അവസാനിപ്പിച്ചതിനു കാരണം. ആദ്യഘട്ടത്തിൽ വിരലിലെണ്ണാവുന്നവ മാത്രമായിരുന്ന രാഷ്ട്രീയ നോവലുകൾക്കു നല്കിയ സ്ഥാനംപോലും ചരിത്രകാരൻ അപസർപ്പക നോവലുകൾക്ക് നൽകുന്നില്ല. അപസർപ്പക നോവലുകൾക്കും രാഷ്ട്രീയ നോവലുകൾക്കും പ്രധാന്യം കൊടുക്കാതെ പോയതിനു കാരണം അവയൊന്നും ഉത്കൃഷ്ട കൃതിയല്ലാത്തതുകൊണ്ടും അന്നത്തെ വായനാ സമൂഹത്തിന്റെ ശ്രദ്ധയിൽ ഈ നോവലുകളൊന്നും ഉൾപെട്ടിരുന്നില്ല എന്നതുമാവാം.

സാമൂഹിക നോവൽ എന്ന നിലയിൽ ഇന്ദുലേഖയെ വളരെ വിശദമായി തന്നെ പ്രതിപാദിക്കുന്ന ചരിത്രകാരൻ സാമൂഹിക നോവലിൽ ഉൾപ്പെടുത്തേണ്ടിയിരുന്ന പരിഷ്കാരപ്പാതി, സരസ്വതീ വിജയം, അപ്ഫന്റെമകൾ, ഹരിദാസി എന്നീ നോവലുകൾ വിഷയ വൈചിത്ര്യം എന്ന

തലക്കെട്ടിനു കീഴിൽ വിഷയത്തിന്റെ പുതുമകൊണ്ട് സവിശേഷ ശ്രദ്ധ യാകർഷിച്ച നോവലുകൾ എന്നമുഖവുരയോടുകൂടിയാണ് പരിചയപ്പെ ടുത്തുന്നത്. നമ്പൂതിരി സമുദായത്തിൽ നിലനിന്നിരുന്ന അനാചാരങ്ങൾ ക്കെതിരെ വെളിച്ചം വീശാൻ പ്രാപ്തിയുണ്ടായിരുന്ന അപ്ഫന്റെ മകൾക്കും, അധഃകൃത സമൂഹത്തിന്റെ ജീവിതചിത്രീകരണം ആവിഷ്കരിക്കുകയും വിദ്യാഭ്യാസത്തിന്റ മഹത്വം ഉദ്ബോധിപ്പിക്കുകയും ചെയ്യുന്ന സരസ്വതി വിജയത്തിനും ചരിത്രകാരൻ നല്കിയ സ്ഥാനം കുറഞ്ഞുപോയി. എന്നാൽ സാമൂഹികനോവൽ എന്ന നിലയിൽ ഏറെ പ്രശംസിക്കപ്പെട്ട ഇന്ദുലേഖയാ വട്ടെ സമുദായിക നോവൽ എന്ന വിശേഷണത്തിനാണ് കൂടുതൽ അർഹമാ യിട്ടുള്ളത്. ഇന്ദുലേഖയിൽ ആവിഷ്കരിക്കപ്പെടുന്നത് നായർ സമുദായത്തി ന്റെ ജീവിത ചിത്രീകരണമാണ്. ഒരുപക്ഷേ, അന്നത്തെ സമൂഹത്തിൽ സാമൂഹിക നോവലെന്ന നിലയിൽ ഏറ്റവും കൂടുതൽ ആസ്വാദകരുണ്ടായത് ഇന്ദുലേഖയ്ക്ക് ആയതുകൊണ്ടാവാം ഇന്ദുലേഖയ്ക്ക് സാഹിത്യ ചരിത്രത്തിൽ ഉയർന്ന സ്ഥാനം നൽകിയത് എന്നാൽ നേട്ടങ്ങളും, കോട്ടങ്ങളും പറയാൻ വേണ്ടി മാത്രം പരാമർശിച്ച പ്രേമാമൃതത്തിന്റെ സ്ഥാനം പോലും സരസ്വതീ വിജയത്തിനോ , അപ്ഫന്റെ മകൾക്കോ നൽകിയില്ല.

സി.വി. മാർത്താണ്ഡവർമ്മ എഴുതുന്നതിനു മുമ്പ് കേരളവർമ്മ അക്ബർ എഴുതിയിട്ടുണ്ട്. എന്നാൽ ചരിത്ര നോവൽ എന്ന വിഭാഗത്തിൽ അതിന് സ്ഥാനം നല്കാതെ പോയത് തർജ്ജമ ആയതുകൊണ്ടാവാം. അതേസമയം ചന്തുമേനോനും സിവിയ്ക്കും ഈ പാശ്ചാത്യസ്വാധീനം ഒരുപാട് ഉണ്ടായി ട്ടുണ്ട്. ചരിത്രവും ഭാവനയും ഒത്തിണങ്ങുന്നതാണ് ചരിത്രനോവൽ എന്ന വീക്ഷണമായിരിക്കാം മാർത്താണ്ഡവർമ്മയ്ക്ക് പ്രാധാന്യം നൽകുന്നതിനും അക്ബറിനെ ഒഴിവാക്കുന്നതിനും പ്രേരിപ്പി ച്ചത്.

നവോത്ഥാന നോവലുകളുടെ ചരിത്ര-സാമൂഹിക-സാംസ്കാരിക പശ്ചാത്തലം വിവരിക്കുമ്പോഴും നോവലിന്റെ പുതുഘട്ടം എന്ന നിലയിലും പശ്ചാത്യ മാതൃകകളാണ് ചരിത്രകാരൻഉപയോഗിക്കുന്നത് റിയലിസ്റ്റ് പ്രവണതകളുടെ വക്താക്കൾ എന്ന പേരിലാണ് നവോത്ഥാന നോവലി സ്റ്റുകളായ തകഴി, ദേവ് ബഷീർ എന്നിവരെ പ്രതിപാദിച്ചത്. ഇവരുടെ ജനശ്രദ്ധേയമായ നോവലുകളുടെ പഠനങ്ങളാണ് ഇതിൽ ഉൾപ്പെട്ടിട്ടു ള്ളത് വർഗ്ഗങ്ങളുടെ ചിത്രകാരനായിരുന്ന തകഴിക്ക് സിവിയെ പോലെ സമ്പൂർണ്ണജീവിതചിത്രണം ഇല്ലെന്ന് പറയുന്നത് സി.വി കണ്ട സമഗ്രമായ ജീവിതത്തെ ആവിഷ്കരിക്കാൻ തകഴിക്ക് കഴിഞ്ഞില്ല എന്നതുകൊണ്ടാവാം.

ബഷീറിന്റെ പ്രധാന നോവലുകളായി പരിഗണിച്ചത് ബാല്യകാല സഖി, ന്റുപ്പുപ്പാ ക്കൊരാനേണ്ടാർന്നു, പാത്തുമ്മയുടെ ആട്, എന്നിവയാണ്. ഇവിടെ മാനദണ്ഡം പ്ലോട്ടിന്റെ വൈശിഷ്ട്യമല്ല. മറിച്ച് ജനപ്രിയതയാണ്. ശബ്ദങ്ങൾ മലയാളത്തിലെ ആദ്യത്തെ എക്സിസ്റ്റൻഷ്യലിസ്റ്റ് കൃതി എന്ന് വിലയിരുത്തുന്നുണ്ടെങ്കിലും മാറിയ സമൂഹവും മനുഷ്യനും, അസ്തിത്വദുഖം, നിരർത്ഥകത തുടങ്ങിയ ആധുനികതയുടെ അടയാളങ്ങൾ എന്നിവ ഉൾക്കൊണ്ട നോവലിനെ നവോത്ഥാന നോവലായി പരിഗണിക്കുകയാണുണ്ടായത്. ഈ കൃതിയെ ആധുനിക കൃതിയായി വിലയിരുത്തേണ്ടതായിരുന്നു.

ദേവ്, തകഴി, ബഷീർ എന്നീ കാലഗണനക്കുള്ളിൽ നിന്നും പഠിച്ചതു കൊണ്ടാണ് വ്യക്തിപരമായി നോവലിൽ പുതിയ ഭാവുകത്വം കൊണ്ടുവന്ന എസ്.കെ. പൊറ്റക്കാടിനേയും ഉറൂബിനേയും അവരുടെ നോവൽ ഭാവുകത്വത്തിൽ പ്രത്യേകസ്ഥാനം നൽകാതെ പോയത്. മാത്രവുമല്ല ദേവിന്റെ കൃതികളെക്കാൾ സാഹിത്യമൂല്യവും സമഗ്രതയും ഉണ്ടായിരുന്നിട്ടു കൂടി പൊറ്റക്കാടിന്റെയും ഉറൂബിന്റെയും കൃതികൾ വേണ്ടത്ര ചർച്ച ചെയ്യപ്പെട്ടില്ല. ചരിത്രകാരന്റെ ചില സാഹിത്യപക്ഷപാതങ്ങൾ ഇവിടെ ദർശിക്കാം. ഉള്ളടക്ക സ്വഭാവം മുൻനിർത്തി കോവിലൻ, പാറപ്പുറത്ത്, എന്നിവരെ പട്ടാള നോവലിസ്റ്റുകളായാണ് കാണുന്നത്. ഇവരുടെ വീക്ഷണങ്ങളെ ഔദ്യോഗിക പ്രമേയത്തിൽ ഒതുക്കുകയാണ് ഇതിലൂടെ ചരിത്രകാരൻ ചെയ്തത്. കോവിലന്റെ ഏറ്റവും നല്ല കൃതിയെന്ന് വിലയിരുത്തപ്പെട്ട തോറ്റങ്ങൾ, പാറപ്പുറത്തിന്റെ അരനാഴികനേരം എന്നീകൃതികൾക്കൂടി പരിഗണിച്ചിരുന്നെങ്കിൽ സാമൂഹികനോവലിസ്റ്റ് എന്നോ റിയലിസ്റ്റിക്ക് നോവലിസ്റ്റ് എന്നോ ആയിരുന്നു കോവിലൻ വിലയിരുത്തപ്പെടുക. പാറപ്പുറത്തിന്റെ അരനാഴികനേരമാകട്ടെ ബോധധാരനോവൽ സങ്കേതത്തിൽ എഴുതപ്പെട്ട മനോഹരമായ നോവലാണ്. ചരിത്രകാരന്റെ ചില സാമാന്യവത്ക്കരണങ്ങൾ എഴുത്തുകാരെ അല്ലെങ്കിൽ നോവലിനെ അതിന്റെ തനിമയിൽ നോക്കിക്കാണുന്നതിന് തടസ്സമായിട്ടുണ്ട്.

അഭിരുചിയുടെ ഇടിവ്–ഫോർമുലകൾ എന്ന തലക്കെട്ടിനു കീഴിൽ അനുവാചകരുടെ സംഖ്യവർദ്ധിച്ചതോടെ, നോവലിനെ കേവലം വിനോദോപാധി എന്നതിനപ്പുറം ഗൗരവപൂർവ്വം കണക്കാക്കാത്തവരുടെ സംഖ്യയും വർദ്ധിച്ചു എന്നും അവരെ തൃപ്തിപ്പെടുത്തുന്നതിന് ഗാഢമായ ജീവിതദർശനമില്ലാത്തവരും, രചനാപാടവം കഷ്ടിയായവരുമായ നോവലിസ്റ്റുകൾ രംഗപ്രവേശം ചെയ്തുവെന്നും ചില ഫോർമുലകളെല്ലാം കൂട്ടി

യോജിപ്പിച്ചൽ ഇവരെ സംബന്ധിച്ചിടത്തോളം നോവലായി എന്നുമുള്ള ആക്ഷേപങ്ങൾ ജനപ്രിയ നോവലുകളെ ലാക്കാക്കിയുള്ളവയാണ്. മുട്ടത്തുവർക്കി ഉൾപ്പെടുന്ന ജനപ്രിയ നോവലിസ്റ്റുകൾക്ക് ഒട്ടും പ്രാധാന്യം നൽകാതിരുന്നതും ജനപ്രിയ നോവലിന്റെ പ്രാധാന്യം വ്യക്തമാക്കി അതിന് ആസ്വാദകരുടെ ഇടയിൽ ഉള്ളസ്ഥാനം അടയാളപ്പെടുത്തുന്നതിനോ സാധാരണക്കാരുടെ ഇടയിൽ വായനാശീലം വളർത്തുന്നതിൽ ജനപ്രിയ നോവലുകൾ വഹിച്ച പങ്ക് വ്യക്തമാക്കുന്നതിനോ ചരിത്രകാരന് കഴിഞ്ഞിട്ടില്ല .

ആധുനികതയുടെ മുഖ്യസവിശേഷതകളായ അന്തർമുഖത, ശൂന്യതാബോധം, പുതിയ സാമൂഹിക ദർശനം ഇവയുടെയെല്ലാം മുഖ്യവക്താവായി അവതരിപ്പിച്ചത് എം.ടി.യെയാണ് എം.ടി.യുടെ ഓരോ നോവലും നാലുകെട്ടിന്റെ തുടർച്ചയാണെന്നും കഥാപാത്രങ്ങൾ അപ്പുണ്ണിയുടെതന്നെ വിവിധ ഭാവങ്ങളാണെന്നും പറയുന്ന ചരിത്രകാരൻ ഇതിൽനിന്നും വ്യത്യസ്തമായ ഒരു നോവൽ മഞ്ഞാണെന്ന് അടയാളപ്പെടുത്തുന്ന ആധുനികതയിൽ എത്തി നിൽക്കുന്ന നോവലുകളെ പ്രതിപാദിക്കുമ്പോൾ ഘടനാപരമായി വിലയിരുത്താൻ ചരിത്രകാരന് കഴിഞ്ഞിട്ടില്ല. കാരണം നോവൽ സാമൂഹ്യജീവിതത്തിന്റെ അടയാളപ്പെടുത്തലിൽനിന്നും വ്യക്തിജീവിതത്തിലേക്ക് മാറിയപ്പോൾ ആഖ്യാനഘടനയിൽ മാറ്റംവന്നു. അതുകൊണ്ടാണ് ആധുനികതയിൽ പരാമർശിച്ച നോവലുകൾ ഘടനാപരമായ പഠനത്തിന് വിധേയമാക്കാതിരുന്നത്.

പുരുഷ പ്രത്യയശാസ്ത്രത്തിന്റെ വീക്ഷണകോണിൽ നിന്നുകൊണ്ടാണ് നോവൽസാഹിത്യചരിത്രം രചിക്കപ്പെട്ടത്. രാജലക്ഷ്മി, വത്സല, തുടങ്ങിയ എഴുത്തുകാരികളുടെ നിര നമുക്കുണ്ടായിട്ടും പുരുഷനോവലിസ്റ്റുകൾക്ക് നൽകിയ പ്രാധാന്യം സ്ത്രീ നോവലിസ്റ്റുകൾക്ക് നൽകിയില്ല. ലളിതാംബിക അന്തർജനത്തിന്റെ അഗ്നിസാക്ഷി ഏറേ ചർച്ച ചെയ്യപ്പെട്ട കൃതിയാരുന്നിട്ടുകൂടി സാഹിത്യചരിത്രത്തിലെ അനുബന്ധത്തിൽ രണ്ട് ഖണ്ഡികയിൽ ഒതുങ്ങി. സ്ത്രീപക്ഷരചനയ്ക്ക് മാർഗ്ഗദർശിയായിരുന്നിട്ടു കൂടി രാജലക്ഷ്മിയെ മറ്റേതൊരു നോവലിസ്റ്റിന്റെയും ഗണത്തിൽപ്പെടുത്തി വിശദീകരിച്ചതല്ലാതെ പെണ്ണെഴുത്തിന്റെ ശക്തി ബോധ്യപ്പെടുത്താൻ ചരിത്രകാരന് കഴിഞ്ഞിട്ടില്ല ഒരുപക്ഷേ, നോവൽ സഹിത്യ ചരിത്രം രചിക്കപ്പെട്ട കാലഘട്ടത്തിൽ സ്ത്രീ അനുഭവം, സ്ത്രീ ഭാഷ, സ്ത്രീ എഴുത്ത് എന്നിവയ്ക്കൊന്നും പ്രധാന്യമുണ്ടായിരുന്നില്ല. എങ്കിലും വ്യക്തിത്വമുള്ള

സ്ത്രീകഥാപാത്രങ്ങൾ സാഹിത്യത്തിൽ മുന്നേതന്നേ ചർച്ചയിരുന്നിട്ടു കൂടി പെണ്ണ് പെണ്ണിനെയെഴുതുമ്പോൾ ഉണ്ടായിട്ടുള്ള ഭാവുകത്വം അടയാളപ്പെടുത്താൻ ചരിത്രകാരനു കഴിഞ്ഞിട്ടില്ല. എന്നത് മലയാള നോവൽ സാഹിത്യത്തിന്റെ പോരായ്മയായി ചൂണ്ടിക്കാണിക്കാം. ഇതോടൊപ്പം ആധുനിക നോവലിന്റെ മറ്റൊരു മുഖം വിശേഷിപ്പിച്ച സറ്റയറിനെ അതിന്റെ സവിശേഷതകളുടെ അടിസ്ഥാനത്തിൽ വിശദീകരിക്കുന്നതിനോ എൻ.പി. മുഹമ്മദ്, വി.കെ.എൻ. തുടങ്ങിയ ആക്ഷേപഹാസ്യ നോവലിസ്റ്റുകളെ ഒരു ഗണമായികണ്ട് കൃതികളുടെ സവിശേഷത വിലയിരുത്തുന്നതിനോ കഴിയാതെ പോയി.

നോവൽ കഥയിൽനിന്നും വ്യക്തിയിൽ നിന്നും, സമൂഹത്തിൽ നിന്നും മനുഷ്യനിൽ നിന്നും ശുദ്ധമായ ദർശനത്തിലെത്തിച്ചേർന്ന ഘട്ടത്തെ കുറിക്കുന്നവയാണ് ആനന്ദിന്റെ നോവലുകൾ. ആനന്ദിനെ ഒറ്റപ്പെട്ട നോവലിസ്റ്റായി അടയാളപെടുത്തുന്നു ണ്ടെങ്കിലും ആധുനികതയുടെ പ്രത്യേകതകൾ പറഞ്ഞുകൊണ്ട് തുടർച്ചയെന്നോണമാണ് പരിഗണിക്കുന്നത്. എം.ടി. യുടെ സങ്കല്പത്തിൽ നിന്നുകൊണ്ടാണ് ആനന്ദിന്റെ ദർശനം രൂപപ്പെടുത്തിയത്. ആധുനികതയെ അടയാളപ്പെടുത്തുമ്പോഴും ഒ.വി വിജയന്റെ ഖസാക്കിന്റെ ഇതിഹാസത്തിലെത്തുമ്പോൾ നോവലിനെ സമൂഹികമായി കാണാനുള്ള കഴിവും അദ്ദേഹത്തിനുണ്ടായിരുന്നു. നോവലുകളുടെ ജനാസ്വാദ്യതയെ പരിഗണിച്ചു കൊണ്ട് സാമൂഹികമായി കാണാനുള്ള ശ്രമമായിരുന്നു അദ്ദേഹം നടത്തിയിരുന്നത്. എന്നാൽ ആധുനികതയിൽ എത്തിയപ്പോൾ നോവലുകളുടെ ഉള്ളടക്കത്തിലും ആഖ്യാനത്തിലും വന്ന സവിശേഷതകൾ അദ്ദഹത്തിന് സാമൂഹികമായ വിലയിരുത്തലിന് തടസ്സമായിമാറി. ഓരോകാലഘട്ടത്തിലും ശ്രദ്ധേയരായ എഴുത്തുകാരുടെ ശ്രദ്ധേയമായ കൃതികൾ തിരഞ്ഞെടുത്ത് അവരുടെ കൃതികളുടെ സവിശേഷതകളിലൂടെ മറ്റ് നോവലിസ്റ്റുകളെ വിലയിരുത്തുന്ന സമ്പ്രദായമാണ് ചരിത്രകാരൻ സ്വീകരിച്ചത്. അതുകൊണ്ടുതന്നെ മലയാളനോവൽചരിത്രത്തിന്റതന്നെ നാഴികകല്ലായി മാറേണ്ടിയിരുന്ന ചില എഴുത്തുകാരും, കൃതികളും വേണ്ടത്ര ചർച്ച ചെയ്യപ്പെടാതെ പോയി എന്ന പരിമിതി മലയാളം നോവൽ സാഹിത്യചരിത്രത്തിനുണ്ട്. പാരമ്പര്യമായ നിലപാടുകളിൽ നിന്ന് കാലനുസൃതമായ മാറ്റങ്ങളിലൂടെ, ഓരോ സാഹിത്യചരിത്രവും വിലയിരുത്തപ്പെടണം എന്ന സാഹിത്യചരിത്രവിജ്ഞാനീയത്തിന്റെ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് വിലയിരുത്തുമ്പോൾ സാഹിത്യചരിത്രത്തിൽ ഗണനീയമായ സ്ഥാനം

ലഭിച്ച നോവൽസാഹിത്യചരിത്രത്തിനും ചില പരിമിതികളുണ്ട് എന്ന തിരിച്ചറിവാണ് ഈ പ്രബന്ധത്തിന്റെ അടിസ്ഥാനം

## ഗ്രന്ഥ സൂചി

അബ്ദുറഹ്മാൻ, 1978: ചരിത്രപഠനത്തിന് ഒരു ആമുഖം കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

ജോർജ്ജ് കെ.എം., 1983: സാഹിത്യ വിജ്ഞാനവും വിജ്ഞാന സാഹിത്യവും നാഷൽ ബുക്ക്സ്റ്റാൾ, കോട്ടയം.

ലീലാകുമാരി, 2000: ഒന്നാമത്തെ സാഹിത്യചരിത്രം മലയാള സാഹിത്യ ചരിത്രങ്ങൾ പി.കെ പരമേശ്വരൻ സ്മാരകട്രസ്റ്റ്, തിരുവനന്തപുരം.

രാധാകൃഷ്ണൻ ഇളയിടത്ത്, 2015: പൂതപ്രബന്ധം സാഹിത്യ ചരിത്ര വിജ്ഞാനീയവും സംസ്കാര പഠനവും, ഇൻസൈറ്റ് പബ്ലിക്ക കോഴിക്കോട്.

തരകൻ കെ.എം., 2005: മലയാള നോവൽ സാഹിത്യ ചരിത്രം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ

*Email: sremyajayesh@gmail.com*

# സാഹിത്യചരിത്ര വിജ്ഞാനീയത്തിൽ നിന്നും തമസ്കരിക്കപ്പെട്ട നാടോടിവിജ്ഞാനീയവും നാടൻ കലകളും

**ഷിംന എം.കെ.**
ഗവേഷക, മലബാർ ക്രിസ്ത്യൻ കോളേജ്

### പ്രബന്ധസംഗ്രഹം

അധികാര പ്രത്യയശാസ്ത്ര നിർമ്മിതികളാണ് കാലം ഇന്നോളം എഴുതപ്പെട്ടിട്ടുള്ള ചരിത്രങ്ങൾ ഒക്കെയും.മലയാളസാഹിത്യചരിത്ര വിജ്ഞാനീയത്തിൽ നിന്നും നാടോടിവിജ്ഞാനീയം എന്ന പഠനമേഖല തമസ്കരിക്കപ്പെട്ടു. ബൃഹത്തായ ഈ വിജ്ഞാന മേഖലയെ പരിഗണിച്ചത് സംബന്ധിക്കുന്ന വിശദമായ കണ്ടെത്തലുകളാണ് പഠനത്തിന് ആധാരം.ഉള്ളൂരിന്റെ സാഹിത്യചരിത്രം മുതൽ തെരഞ്ഞെടുത്ത സാഹിത്യചരിത്ര ഗ്രന്ഥങ്ങളിലൂടെ സഞ്ചരിച്ചശേഷം ഉരുത്തിരിഞ്ഞു വന്നിട്ടുള്ള നിഗമനങ്ങളാണ് പഠനത്തിൽ ക്രോഡീകരിച്ചിരിക്കുന്നത്.

***താക്കോൽവാക്കുകൾ:*** ക്ലാസിക്ക്, ബഹിഷ്കരണം

### ആമുഖം

സാഹിത്യചരിത്രത്തിന്റെ തന്നെ ചരിത്രത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ മലയാളത്തിൽ ആദ്യമായി രചിക്കപ്പെട്ടത് പി. ഗോവിന്ദപ്പിള്ളയുടെ സാഹിത്യചരിത്രമാണെന്ന് കാണാം. 1881-ൽ ആണ് അതിന്റെ കാലഘട്ടം. മലയാളസാഹിത്യത്തിനുള്ള കേന്ദ്രസാഹിത്യ അക്കാദമിയുടെ ആദ്യത്തെ അവാർഡ് നേടിയ കൃതി കൂടിയാണിത്. രണ്ടാമത്തെ സാഹിത്യചരിത്ര ഗ്രന്ഥം ആർ. നാരായണപ്പണിക്കരുടെ കേരളഭാഷാ ചരിത്രം ആണ്. ടി.എം. ചുമ്മാറിന്റെ സാഹിത്യചരിത്രങ്ങളാണ് ‘പദ്യസാഹിത്യചരിത്രം’, ‘ഭാഷാഗദ്യസാഹിത്യചരിത്രം’ എന്നിവ. മാടശ്ശേരി മാധവവാരിയരുടെ

കുഞ്ചന്റെ ശേഷം, കുഞ്ചൻ വരെ ആണ് വിമർശനാഭിപ്രായങ്ങൾ നിറഞ്ഞ സാഹിത്യചരിത്ര ഗ്രന്ഥം. അടുത്ത പ്രധാനപ്പെട്ട സാഹിത്യചരിത്രമാണ് ഉള്ളൂരിന്റെ അഞ്ചു വാല്യത്തിലുള്ള കേരളസാഹിത്യ ചരിത്രം. ശേഷം പുറത്തുവന്നത് ഡോ. കെ.എം. ജോർജ്ജ് ജനറൽ എഡിറ്ററായിരുന്ന, മലയാളസാഹിത്യത്തെ പ്രസ്ഥാനങ്ങളായി വിഭജിച്ച് പല പണ്ഡിതന്മാരെക്കൊണ്ട് എഴുതിച്ച പതിനൊന്ന് അദ്ധ്യായ ങ്ങളുള്ള സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെയാണ്. പി.കെ. പരമേശ്വരൻ നായർ രചിച്ച മലയാള സാഹിത്യചരിത്രം, എൻ. കൃഷ്ണ പിള്ള രചിച്ച കൈരളിയുടെ കഥ തുടങ്ങിയ സാഹിത്യചരിത്രങ്ങൾക്ക് ശേഷം നോവൽ, കവിത, നാടകം, ചെറുകഥ സാഹിത്യചരിത്രങ്ങളെല്ലാം രചിക്കപ്പെടുകയുണ്ടായി. ഇത്രയും സാഹിത്യ ചരിത്ര ഗ്രന്ഥങ്ങൾ മലയാളസാഹിത്യത്തിൽ ഉണ്ടായിട്ടും ഒന്നിൽ പോലും നാടോടി വിജ്ഞാന സംബന്ധമായ നാടൻ കലാപരാമർശം ഉണ്ടായിട്ടില്ല എന്ന് വിമർശനാത്മകമായി വിലയിരുത്താനാണ് ഈ പഠനത്തിലൂടെ ശ്രമിക്കുന്നത്.

മലയാളഭാഷയേയും സംസ്കാരത്തേയും സംബന്ധിച്ച് അതത് കാല ഘട്ടങ്ങളിൽ വലിയ പണ്ഡിതന്മാർ തന്നെ സാഹിത്യചരിത്ര രചനയിൽ ഏർപ്പെട്ടിട്ടുണ്ട്. സാഹിത്യത്തെയും കലകളെയും വ്യക്തമായി പ്രതിപാദിക്കുന്ന സാഹിത്യചരിത്രഗ്രന്ഥങ്ങളും മലയാളസാഹിത്യചരിത്രത്തിന്റെ ഭാഗമായിട്ടുണ്ട്. എന്നാൽ തന്നെയും നാടോടിവിജ്ഞാനത്തെയും നാടൻകലകളെയും ഉൾക്കൊള്ളു ന്നവയായിരുന്നില്ല ബൃഹത്തായ സാഹിത്യചരിത്ര ഗ്രന്ഥങ്ങളെന്ന നാം ഉദ്ഘോഷിക്കുന്നവയൊന്നും. വളരെ കൃത്യമായ തമസ്കരണമാണ് ഈ വിജ്ഞാനശാഖ അഭിമുഖീകരിച്ചിരുന്നത്. സാഹിത്യചരിത്ര വിജ്ഞാനീയത്തെ മുൻ നിർത്തി അവഗണിക്കപ്പെട്ട ഈ വിഷയത്തെക്കുറിച്ചുള്ള തുടർ അന്വേഷണങ്ങളാണ് ഈ പ്രബന്ധം മുന്നോട്ടുവെക്കുന്നത്.

നാടോടിവിജ്ഞാനീയം എന്ന വിജ്ഞാനശാഖയെക്കുറിച്ച് ആദ്യം ചിന്തിക്കുന്നത് പാശ്ചാത്യരാണ്. താനാരാണെന്നും താനെവിടെ നിൽക്കുന്നവെന്നും താനെങ്ങനെ ഇവിടെ എത്തിയെന്നും അറിയാതെ പകച്ചു നിന്ന ജനതയ്ക്ക് സ്വയം അറിയാനും വിലയിരുത്താനും ഉള്ള അദമ്യമായ അഭിലാഷത്തിന്റെ സാക്ഷാത്കാരത്തിലൂടെയാണ് ഈ വിജ്ഞാനശാഖ രൂപപ്പെട്ടുവന്നത്.

രാഘവൻ പയ്യനാടിന്റെ 'ഫോക്‌ലോർ' എന്ന പുസ്തകത്തിൽ ഡോ. എ.എൻ.പി. ഉമ്മർകുട്ടിയും വി. പത്മനാഭമേനോനും ചേർന്നെഴുതിയ

ആമുഖത്തിൽ ഫോക്‌ലോർ എന്ന വിഷയത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്. 'ഫോക്‌ലോർ ഗൗരവമുള്ള ഒരു വിഷയമായി നമ്മുടെ സർവ്വകലാശാലകൾ തന്നെ ഇനിയും അംഗീകരിച്ചിട്ടില്ല. നാടൻകലകൾ എന്നതിനപ്പുറം ആഴവും പരപ്പുമുള്ള ഒരു വിഷയമാണിതെന്ന അറിവ് പാശ്ചാത്യനാട്ടിൽ നിന്ന് നമ്മുടെ നാട്ടിൽ എത്തിയിട്ടുണ്ടെന്നെല്ലാതെ അവിടത്തെ പഠനങ്ങളുടെ ചുവടുപിടിച്ചുള്ള പഠനങ്ങളൊന്നും ഇവിടെ ഉണ്ടായിട്ടില്ല. ഇവിടെ ഫോക്‌ലോർ മേഖലയിൽ നടന്നിട്ടുള്ള ശ്രമങ്ങളിലേറെയും ശേഖരണവും വിശദീകരണവുമാണ്. ഈ രീതിക്ക് മാറ്റം വന്നേ കഴിയൂ'.

ഇതെല്ലാം വ്യക്തമാക്കുന്നത് അവഗണിക്കപ്പെട്ട ഒരു വിജ്ഞാന ശാഖയായിരുന്ന നാടോടിവിജ്ഞാനീയം എന്നതുതന്നെയാണ്. എന്നാൽ സാഹിത്യചരിത്രത്തിന്റെ ഭാഗമായി സ്വീകരിക്കപ്പെട്ടിട്ടുണ്ടെങ്കിൽ പോലും മലയാള സാഹിത്യത്തിന്റെയും സംസ്കാരത്തിന്റെയും ഭാഗമായിതന്നെ നാടോടിവിജ്ഞാനീയ സംബന്ധമായ ഒരുപാട് രചനകളും അന്വേഷണങ്ങളും പിന്നീട് നടന്നു. അവയെക്കൂടി സൂചിപ്പിക്കാൻ ഉതകുന്നതാണ് ഈ പഠനം.

എച്ച്. ഗാസ്റ്റർ നാടോടിവിജ്ഞാനീയത്തെക്കുറിച്ച് പറയുന്നതിങ്ങനെയാണ്. ആചാരവിശ്വാസങ്ങളിലൂടെ, ബോധപൂർവ്വമായോ അല്ലാതെയോ സംരക്ഷിക്കപ്പെട്ടുപോരുന്ന സംസ്കാരത്തിന്റെ ഭാഗമാണ് ഫോക്‌ലോർ. ഇത് അടിസ്ഥാനപരമായി ജനങ്ങളുടേതാണ്. ജനങ്ങൾക്കു വേണ്ടിയുള്ളതാണ്. മാറ്റി നിർത്തപ്പെടേണ്ട ഒരു വിജ്ഞാനമേഖലയെയല്ല നാടോടിവിജ്ഞാനീയം എന്നതിനെ സാധൂകരിക്കുന്ന വാക്കുകളാണിത്.

ഉള്ളൂരിന്റെ സാഹിത്യചരിത്രം മുതൽ തെരെഞ്ഞെടുത്ത ചില സാഹിത്യചരിത്രഗ്രന്ഥങ്ങളെ മുൻനിർത്തിയാണ് പഠിച്ചിരിക്കുന്നത്. നാടോടി വിജ്ഞാനീയം എന്നത് വലിയ ഒരു വിജ്ഞാനമേഖല തന്നെയാണ്. ഇവിടെ പ്രധാനമായും നാടോടിവിജ്ഞാനീയത്തിന്റെ ഭാഗമായി നിലകൊള്ളുന്ന നാടൻ കലകളെയാണ് ഫോക്കസ് ചെയ്തിരിക്കുന്നത്. ഇന്ത്യൻ ചരിത്രത്തിലെ ആരാധനാ സമ്പ്രദായത്തിന്റെ തുടക്കം തന്നെ അമ്മദൈവാരാധനയിലാണ്. കേരളത്തിന്റെ നാടൻ കലകളെല്ലാം തന്നെ ആരാധനാ പ്രധാനമാണ്. എന്നാൽ ഈ ആരാധനാ സംബന്ധമായ അനുഷ്ഠാന അനുഷ്ഠാനേതര സങ്കല്പങ്ങൾ ഒന്നും തന്നെ സാഹിത്യചരിത്രവിജ്ഞാനീയത്തിന്റെ ഭാഗമായി ചേർക്കപ്പെട്ടിരുന്നില്ല. പലതവണ സിലബസ് പരിഷ്കരിച്ചതിനുശേഷമാണ് നാടോടിവിജ്ഞാനീയം എന്ന

February, 2020 മലയാളപ്പച്ച
Volume 01 : No. 10 *malayala pachcha*

പാഠ്യപദ്ധതി എം.എ. സിലബസിന്റെ ഭാഗമാകുന്നത്. ആദ്യകാലങ്ങളിൽ കൃത്യമായ നിർദ്ദേശങ്ങൾ നൽകാൻപോലും കഴിയാതിരുന്ന അദ്ധ്യാപകർ പിന്നീടാണ് വിഷയത്തിലേക്ക് സ്പഷ്ടമായി ഇറങ്ങി സഞ്ചരിച്ചത്. സാഹിത്യചരിത്രവിജ്ഞാനീയത്തിൽ നിന്നും തീർച്ചയായും മാറ്റി നിർത്തപ്പെട്ട ഒരു വിജ്ഞാനശാഖ യായിരുന്ന നാടോടിവിജ്ഞാനീയം. കേരളീയജനതയുടെ സ്വത്വകേന്ദ്രീകൃത ജീവിതത്തിന്റെ നേർചിത്രമായാണ് ഈയൊരു വിഷയത്തെ കാണേണ്ടത്. തികച്ചും ഗ്രാമീണ ജീവിത സംസ്കാരത്തെ രേഖപ്പെടുത്താൻ മാത്രം ശേഷിയുള്ള കലാരൂപങ്ങളാണ് നാടൻ കലാരൂപങ്ങൾ. കേരളത്തിന്റെ തന്നെ പ്രാദേശികമായ ചരിത്രത്തെ ഉൾക്കൊള്ളുന്ന കലാരൂപങ്ങൾ തന്നെ ഒരുപാടെണ്ണമുണ്ട്. ഇതെല്ലാം നാടോടിവിജ്ഞാനീയം എന്ന വൈജ്ഞാനിക വിഷയത്തിന്റെ ഭാഗം തന്നെയാണ്. കേരളത്തിലങ്ങോളമിങ്ങോളം ചിതറിക്കിടക്കുന്ന അമ്മദൈവാരാധനകളെല്ലാംതന്നെ ഒരർത്ഥത്തിൽ കേരളത്തിന്റെ ആരാധനാപാരമ്പര്യത്തെ പ്രതിനിധാനം ചെയ്യുന്ന അനുഷ്ഠാനങ്ങ ളാണെന്ന് പറയാം. ദ്രാവിഡപാരമ്പര്യത്തോളം തന്നെ പഴക്കം അവകാശപ്പെടാൻ സാധിക്കുന്ന ഇത്തരം കലാരൂപങ്ങൽ തെയ്യം, തിറ, മുടിയേറ്റ്, പടയണി എന്നിങ്ങനെ ഓരോ പ്രാദേശവുമായി ബന്ധപ്പെട്ട് വ്യത്യസ്തപേരുകളിൽ അറിയപ്പെടുന്നുണ്ടെങ്കിലും അതിന്റെയെല്ലാം അന്തസത്തയും ആരാധനാലക്ഷ്യവും ഒന്നുതന്നെയാണ്. പ്രധാനമായും ഇവിടെ പറയാൻ ശ്രമിക്കുന്നത് സാഹിത്യചരിത്രം നാടോടിവിജ്ഞാനീയത്തെ പരിഗണിച്ചിട്ടുള്ള രീതിയെ കുറിച്ചാണ്.

ഉള്ളൂരിന്റെ സാഹിത്യചരിത്രം മുതൽ നാടോടിവിജ്ഞാനീയം രേഖപ്പെടുത്തപ്പെട്ട രീതി. അവിടുന്നിങ്ങോട്ട് വന്നിട്ടുള്ള സാഹിത്യ ചരിത്രഗ്രന്ഥങ്ങളിൽ നാടോടിസംസ്കാരത്തെ എങ്ങനെയാണ് കണ്ടിരുന്നത്.

നാടോടിവിജ്ഞാനീയത്തിൽ പ്രസിദ്ധീകൃതമായ പില്ക്കാല ടെക്സ്റ്റുകൾ പ്രധാന ഗ്രന്ഥകാരന്മാർ.

ഈ കാലഘട്ടത്തിലെ നാടോടിസംസ്കാരത്തിന്റെ പ്രസക്തി.

അമ്മദൈവങ്ങളുമായി ബന്ധപ്പെട്ട അനുഷ്ഠാനങ്ങൾ, അവയെക്കുറിച്ച് വന്നിട്ടുള്ള പഠനങ്ങൾ എന്നിവ ചിന്താവിഷയങ്ങളാവും.

നാടോടിവിജ്ഞാനീയത്തിലെ മാതൃദേവതാരാധനകൾ സാഹിത്യ ചരിത്ര വിജ്ഞാനീയത്തിന്റെ ഭാഗമാവുമ്പോൾ.

നാടോടിവിജ്ഞാനീയം സാഹിത്യചരിത്രവിജ്ഞാനീയത്തിന്റെ ഭാഗമാവുമ്പോൾ നാടൻകലകളെ സാഹിത്യചരിത്രം കൈകാര്യം ചെയ്തത്

എങ്ങനെ എന്നാണ് പ്രധാനമായും നിരീക്ഷിക്കുന്നത്. എത്രത്തോളം സാഹിത്യചരിത്രത്തിൽ ഈ വിഷയങ്ങൾ പഠിക്കപ്പെട്ടു എന്നതിന്റെ പരിണാമത്തെക്കുറിച്ചും പഠിക്കാൻ ശ്രമിക്കുന്നു.

### കേരളസാഹിത്യചരിത്രം

കേരളസാഹിത്യചരിത്രം എന്ന ഉള്ളൂരിന്റെ 5 ഭാഗങ്ങളിലായി പ്രസിദ്ധീകരിച്ചിട്ടുള്ള സാഹിത്യചരിത്രം മലയാളഭാഷയ്ക്ക് ഏറെ സംഭാവന തന്നിട്ടുള്ള സാഹിത്യചരിത്ര കൃതിയാണ്. ഒരു ഭാഷാപണ്ഡിതന്റെ അറിവു മുഴുവൻ ആ കൃതി സ്വാംശീകരിച്ചിരിക്കുന്നു. സാഹിത്യത്തിന്റെ ഒട്ടുമിക്കമേഖലകളും വളരെ കൃത്യവും സ്പഷ്ടവുമായി ആ കൃതികൈകാര്യം ചെയ്തിട്ടുമുണ്ട്. എന്നാൽ നാടോടിവിജ്ഞാന സംബന്ധമായ വിവരങ്ങളൊന്നും തന്നെ ആ കൃതിയിൽ രേഖപ്പെടുത്തപ്പെട്ടിട്ടില്ല. സൂക്ഷ്മമായി നോക്കിയാൽ നാടൻപാട്ടുകളെ കുറിച്ചുമാത്രം പ്രതിപാദിച്ചിരിക്കുന്നതായാണ് കാണാൻ സാധിക്കുന്നത്. നാടൻ കലാരൂപങ്ങളെക്കുറിച്ചുള്ള വിവരങ്ങളൊന്നും കേരളസാഹിത്യ ചരിത്രത്തിൽ നിന്നും കണ്ടെടുക്കാൻ നമ്മൾ വ്യാമോഹിക്കേണ്ടതില്ല എന്നർത്ഥം. നാടൻ കലാരൂപങ്ങളെക്കുറിച്ച് കാണുന്നില്ലെങ്കിലും ക്ലാസിക് കലാരൂപങ്ങളെക്കുറിച്ച് കാണുന്നുണ്ട് താനും. സാഹിത്യചരിത്രം മൂന്നാംഭാഗത്തിൽ മുപ്പത്തിനാലാം അധ്യായത്തിൽ കഥകളിപ്രസ്ഥാനത്തെക്കുറിച്ചാണ് പറയുന്നത്. കഥകളിയെന്ന കലാരൂപം രൂപപ്പെടുന്നതിന് എത്രയോ കാലങ്ങൾക്ക് മുമ്പ് കേരളസമൂഹത്തിൽ നിലനിന്നിരുന്ന നാടൻ കലാരൂപങ്ങളെല്ലാം തന്നെ ഒന്നടങ്കം ഒഴിവാക്കിക്കൊണ്ടാണ് ഈ ക്ലാസിക് കലയെക്കുറിച്ച് വിവരിച്ചിരിക്കുന്നതെന്ന് ഗൗരവപൂർവ്വം ചിന്തിക്കേണ്ട വസ്തുതയെന്നാണ്.

### സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ

സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ എന്ന കെ.എം. ജോർജ്ജ് എഡിറ്റ് ചെയ്തിട്ടുള്ള ഗ്രന്ഥത്തിന്റെയും അവസ്ഥ ഇതു തന്നെയാണ്. വളരെ വിശദമായിതന്നെയാണ് ഓരോ വിഷയത്തെയും ഈയൊരു ടെക്സ്റ്റ് കൈകാര്യം ചെയ്തിരിക്കുന്നത്. ഗാഥ, കിളിപ്പാട്ട് തുടങ്ങി സാഹിത്യപ്രസ്ഥാനങ്ങൽ മുതൽ ആട്ടക്കഥ (കഥകളി) തുള്ളൽ പോലുള്ള കഥാപ്രസ്ഥാനങ്ങൾ വരെ ഇതിൽ രേഖപ്പെടുത്തപ്പെട്ടു. കഥകളിയും തുള്ളലും ഒട്ടനവധി കാര്യങ്ങൾ പഠിക്കുകയും സ്വീകരിക്കുകയും പ്രകടിപ്പിക്കുകയും ചെയ്തുവന്ന അടിസ്ഥാന കലാരൂപങ്ങളായ നാടോടി ആവിഷ്കാരങ്ങൾ അവിടെയും തഴയപ്പെട്ടു. ഈ

February, 2020 മലയാളപ്പച്ച
Volume 01: No. 10 *malayala pachcha*

ടെക്സ്റ്റിന്റെ ആമുഖത്തിൽ പറയുന്നുണ്ട്. ഇക്കഴിഞ്ഞ ഒരു ശതകത്തിൽ നമ്മുടെ സാഹിത്യം ഗണ്യമായി വികസിച്ചിട്ടുണ്ട്. പുസ്തകപ്രസാധനം നോക്കിയാൽ ഏതാണ്ട് 10 ഇരട്ടി എന്നു തന്നെ പറയാം. അപ്പോഴും അതിലൊന്നും തന്നെ നാടോടിവിജ്ഞാനീയപരമായ പഠനങ്ങളോ നാടൻ കലകളോ ഉൾപ്പെട്ടിരുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. ഭാവനാപ്രധാനമായ സാഹിത്യം പ്രായേണ കാവ്യരൂപങ്ങളിലായിരുന്നു അതിന്റെ രൂപഭേദങ്ങളാണ് ഗാഥ, കിളിപ്പാട്ട് തുള്ളൽ എന്നുള്ളതെല്ലാം. ഒപ്പം തന്നെ ഇതിനോട് തുല്യത പുലർത്തുന്നതും കാവ്യം, നാടകം എന്നീ ഘടകങ്ങൾ കലർന്നതുമായ ആട്ടക്കഥയേയുംക്കുറിച്ച് പ്രതിപാദിക്കുന്നു. നാടൻ കലകൾ എല്ലാം തന്നെ കഥകളിക്കും കൂത്തിനും മുമ്പേ, ദ്രാവിഡപാരമ്പര്യത്തിന്റെ നീക്കിയിരിപ്പുകളാണ് എന്നിട്ടുകൂടി അവയെ അവഗണിക്കുന്നതിന്റെ സാമൂഹ്യപശ്ചാത്തലം ഭീകരം തന്നെയല്ലേ.

### ആധുനിക സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ

ഡോ.കെ.എ. ജോർജ് എഡിറ്റു ചെയ്ത ആധുനികസാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ എന്ന കൃതി ഇരുപതാംനൂറ്റാണ്ടുവരെ യുള്ള ആധുനികമലയാളസാഹിത്യത്തിന്റെ ചരിത്രം എന്നവകാശപ്പെടുന്ന സാഹിത്യചരിത്രകൃതിയാണ്. ഇതിൽ മലയാള നാടകത്തെക്കുറിച്ച് പഠിച്ചിരിക്കുന്നത് അയ്യപ്പപ്പണിക്കരാണ്. നാടകത്തെക്കുറിച്ച് വിവരിക്കുന്ന ഘട്ടത്തിൽ അദ്ദേഹം മലയാള നാടകത്തേക്കാൾ ഏറെ പഴക്കമുള്ളതാന്ന് കേരളീയ നാടകവേദി എന്നു തുടങ്ങിക്കൊണ്ടാണ് ലേഖനം ആരംഭിക്കുന്നത്. 10, 12 നൂറ്റാണ്ടുകൾ മുമ്പു തന്നെ പ്രാചീന തമിഴിലുള്ള നാട്യാവിഷ്കാരങ്ങൾ, നൃത്തനൃത്യങ്ങൽ, നാടോടി കലാരൂപങ്ങൾ മുതലായവ പ്രചാരത്തിലിരുന്നു എന്നതും പില്ക്കാലത്ത് കൂടിയാട്ടവും കഥകളിയും കൃഷ്ണനാട്ടവും കാക്കാരശ്ശി, പൊറാട്ടു, ചവിട്ടുനാടകം തുടങ്ങിയ ദൃശ്യരൂപങ്ങളും വമ്പിച്ച പ്രേക്ഷക സമൂഹത്തെ നിലനിർത്തിപ്പോന്നു എന്നും മലയാളഭാഷയെക്കാൾ പഴക്കമുള്ള നാടോടികലാരൂപങ്ങൾ നമുക്കുണ്ടായിരുന്നു എന്നും പറഞ്ഞുവെക്കുന്നു. എന്നിട്ടും അവ അവഗണിക്കപ്പെട്ടു എന്നത് ചരിത്ര യാഥാർത്ഥ്യമാണ്.

ആട്ടക്കഥയെക്കുറിച്ച് പഠിച്ചിരിക്കുന്ന ഡോ. എസ്.കെ. നായർ ഇവിടെ നാടൻ പാട്ടുകളെക്കുറിച്ച് പറഞ്ഞുവെക്കുന്നുണ്ട്. നാടൻ നൃത്തങ്ങൾക്കും നാടോടിനാടകങ്ങൾക്കും വേണ്ടി ഉണ്ടായിട്ടുള്ള തോറ്റങ്ങളും പാട്ടുകളും നമ്മുടെ സാഹിത്യത്തിന്റെ പ്രാക്തന സമ്പത്തുകളാണ്. പാമ്പിൻ തുള്ളൽ, മുടിയേറ്റ്, തിറയാട്ടം, തീയാട്ട്, കോലത്തുള്ളൽ തുടങ്ങിയ അഭിനയകലകൾ

വളരെ പഴക്കമുള്ളവയാണ് എന്ന് മാത്രം ചുരുങ്ങിയ വാക്കുകളിൽ പറഞ്ഞ് അവസാനിപ്പിക്കുന്നത് കാണാം.

### മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ

എരുമേലിയുടെ സാഹിത്യചരിത്രമാവുമ്പോഴേക്കും ചില മാറ്റങ്ങൾ കണ്ടു വരുന്നുണ്ട്. ഭാഷാ ഉല്പത്തി, പാട്ടുഭാഷാസാഹിത്യം എന്നിവ കഴിഞ്ഞ് ഫോക്‌ലോറിനെ പരിഗണിച്ചിരിക്കുന്നത് കാണാം. എന്നാൽ പല സമുദായങ്ങളിൽ നിന്നുള്ള പാട്ടുകളെ കുറിച്ച് മാത്രമാണ് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത്. അപ്പോഴും നാടോടികലയിലേക്ക് എത്താൻ സാഹിത്യചരിത്രവിജ്ഞാനീയത്തിന് കഴിഞ്ഞിട്ടില്ല.

### സമ്പൂർണ്ണ മലയാള സാഹിത്യചരിത്രം

പന്മന രാമചന്ദ്രൻ നായരുടെ സമ്പൂർണ്ണമലയാളസാഹിത്യ ചരിത്രത്തിൽ നാടൻപാട്ടുകളെക്കുറിച്ച് ഡോ. തിക്കുറിശ്ശി ഗംഗാധരൻ പഠിക്കുന്നുണ്ട്. നാടോടിസാഹിത്യത്തെക്കുറിച്ച് കുറച്ചൊക്കെ ബോധം വന്നു തുടങ്ങിയിരുന്നു എന്നും വേണം കരുതാൻ. പതിനാലാം നൂറ്റാണ്ടിനുശേഷമുള്ള നാടൻ പാട്ടുകളെപ്പറ്റി ഡോ. എം.വി. വിഷ്ണുനമ്പൂതിരി പഠനം നടത്തിയിരിക്കുന്നു. അവിടെയും നാടൻ കലകളെക്കുറിച്ച് പ്രതിപാദ്യം ഇല്ല.

### സ്വതന്ത്രകൃതികളിലൂടെയുള്ള നാടോടിവിജ്ഞാനീയത്തിന്റെ വളർച്ച

ചേലനാട്ട് അച്യുതമേനോൻ, എം.വി. വിഷ്ണുനാരായണൻ നമ്പൂതിരി, രാഘവൻ പയ്യനാട്, ഡോ. കെ.എം. അനിൽ, ഡോ. ഭരതൻ, ജി. ഭാർഗവൻ പിള്ള തുടങ്ങി പ്രമുഖരായ അനവധി വ്യക്തികൾ പിന്നീട് ഫോക്‌ലോർ രംഗത്തെ പഠനങ്ങൾക്ക് വഴികാട്ടികളായി.

ഫോക്‌ലോർ നിഘണ്ടുപോലുള്ള നാടോടിവിജ്ഞാനപരമായ അനവധി പ്രാധാന്യം അർഹിക്കുന്ന ഗ്രന്ഥങ്ങൾ പിൽക്കാലത്ത് ഉണ്ടായി. വിഷ്ണു നമ്പൂതിരിയുടെ ഫോക്‌ലോർ നിഘണ്ടുവിൽ നാടോടിവിജ്ഞാനവുമായി ബന്ധമുള്ള ഏതാണ്ട് എല്ലാ കാര്യങ്ങളും അദ്ദേഹം ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഈ മേഖലയൽ നാടോടിവിജ്ഞാനപരമായി അനേകം ഗ്രന്ഥങ്ങൾ ഉണ്ടായിട്ടുണ്ട്.

### മലബാറിലെ തിറയാട്ടങ്ങൾ സി. ഗോപാലൻ നായർ

തിറയാട്ടം എന്ന അനുഷ്ഠാനകലാരൂപത്തിന്റെ ഉത്ഭവം, ചടങ്ങുകൾ, ചമയങ്ങൾ തുടങ്ങി മലബാറിലെ വ്യത്യസ്തമായ കെട്ടിയാട്ടങ്ങളെയും ആചാരവിശ്വാസങ്ങളെയും കുറിച്ചും പ്രതിപാദിച്ചിരിക്കുന്നു.

**തെയ്യങ്ങളും അനുഷ്ഠാനങ്ങളും ഡോ. വെ.വി. കണ്ണൻ**

ഉത്തരകേരളത്തിലെ തെയ്യങ്ങളെക്കുറിച്ചും അനുഷ്ഠാനങ്ങളെ ക്കുറിച്ചും ഗൗരവപൂർണമായി അപഗ്രഥിക്കുന്ന ഗ്രന്ഥം. ഉത്തര കേരളത്തിന്റെ സാമൂഹിക സാംസ്കാരിക പ്രക്രിയയിൽ മണ്ണാൻ സമുദായക്കാരുടെ തെയ്യാനുഷ്ഠാനങ്ങൾ നിർവ്വഹിക്കുന്ന പങ്ക് തുടങ്ങിയ കാര്യങ്ങൾ പഠിച്ചിരിക്കുന്നു.

**മുടിയേറ്റ് കാവ്യനാടകം ഡോ. ആർ. ശ്രീകുമാർ**

മധ്യതിരുവിതാംകൂറിലെ കാവുകളിൽ അരങ്ങേറുന്ന അനുഷ്ഠാന നാടകമാണ് മുടിയേറ്റ്. കാളിദാരികയുദ്ധമാണ് ഈ കാവ്യനാടകത്തിന്റെ കാതൽ ഭരതമുനിയുടെ നാട്യശാസ്ത്രത്തിലെ ദശരൂപകങ്ങളിലൊന്നായ ഡിമമാണ് മുടിയേറ്റ് എന്ന് ഈ ഗ്രന്ഥത്തിലൂടെ രചയിതാവ് സ്ഥാപിക്കുന്നു. മുടിയേറ്റിന്റെ ഉത്ഭവം, സാമൂഹിക പ്രസക്തി, ആചാരാനുഷ്ഠാനങ്ങൾ എന്നിവ ഈ പുസ്തകത്തിൽ വിശദമായി പ്രതിപാദിക്കുന്നു.

**പടയണിക്കോലങ്ങളുടെ ഭാവതീവ്രത ഒരു പഠനം ഡോ. എൻ. കെ. മുരളീധരൻ**

പടയണിക്കോലങ്ങളുടെ ഭാവതീവ്രത ഒരു പഠനം എന്ന ഈ പഠനം നാടോടികലകൾക്ക് ഒരു ആമുഖമാണ്. പടയണി കാലഘട്ടങ്ങളിലൂടെ, പടയണി സാഹിത്യവും സംസ്കാരവും പടയണിക്കോലങ്ങളുടെ ഭാവതീവ്രത തുടങ്ങി നാടോടിവിജ്ഞാന ചരിത്രത്തിലെ ശ്രദ്ധേയമായ സാംസ്കാരികാന്വേഷണങ്ങളെ അടിസ്ഥാനമാക്കിയാണ് ഈ പുസ്തകം രചിച്ചിരിക്കുന്നത്. പടയണിയെക്കുറിച്ച് മനസ്സിലാക്കുന്നതിനുള്ള ഒരു റഫറൻസ് പുസ്തകം കൂടിയാണിത്.

**കളിനാടകം പാഠങ്ങളും പഠനങ്ങളും ഡോ. എൻ. അജിത് കുമാർ**

ദാരികാന്തകനായ ശിവപുത്രി എന്ന കാളീസങ്കല്പം മലയാളിക്കു മാത്രം സ്വന്തമാണ്. ആ കാളീകഥകളെ പ്രാദേശികമായ ഭിന്നതയോടെ അവതരിപ്പിക്കുന്ന അനുഷ്ഠാനനാടകങ്ങൾ പലതുണ്ട്. അതോടൊപ്പം കാളീബന്ധമുള്ള പാട്ടുകളും നമുക്കുണ്ട്. നാടോടിവാങ്മയങ്ങളിലൂടെ പ്രസരിച്ച ഇത്തരം നാടകങ്ങളുടെ വിവരണാത്മകവും വിമർശനാത്മകവുമായ പഠനമാണ് ഈ ഗ്രന്ഥം.

**വേലകളി ഡോ. അമ്പലപ്പുഴ ഗോപകുമാർ**

പ്രാചീനകേരളത്തിന്റെ വീരപുളകമുണർത്തുന്ന പൗരുഷത്തിന്റെ കലയാണ് വേലകളി. അമ്പലപ്പുഴയിലെ അഥവാ പഴയ ചെമ്പകശ്ശേരിയിലെ

യോദ്ധാക്കളുടെ യുദ്ധമുറകളുടെ പ്രകടനമായി അവതരിപ്പിക്കപ്പെട്ട ഒരു ആയോധനകല എന്നതിലു പരി പടയണി, തുള്ളൽ, കഥകളി തുടങ്ങി ഒട്ടേറെ കേരളീയകലാരൂപങ്ങളുടെ പ്രാദുര്ഭാവത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയാട്ടുന്ന ഒരു ക്ഷേത്രകല കൂടിയാണിത്.

ഒരു നാടിന്റെയും ഒരു ജനപദത്തിന്റെയും ഹൃദയതാളത്തി ലുണർന്ന വേലകളിയുടെ ചരിത്രപാഠങ്ങൾ തേടുന്നതോടൊപ്പം അനശ്വരവേല കളി ആശാന്മാരെക്കുറിച്ചുള്ള അനുസ്മരണവും ഇവിടെ നടത്തുന്നു.

**മുഖദർശനം എം.വി. വിഷ്ണു നമ്പൂതിരി**

കേരളത്തിലെ പ്രധാനമായും വടക്കൻ കേരളത്തിലെ നാടൻ കലകളെക്കു റിച്ചുള്ള ലേഖനങ്ങളുടെ സമാഹരണാണ് ഈ പുസ്തകം. കോലത്തുനാട്ടിലെ ഗ്രാമീണകലകളെ പൊതുവിൽ പരിചയപ്പെടുത്തുന്നതാണ് ഒന്നാമത്തെ ലേഖനം. പൂരക്കളി, കളംപാട്ട്, ഗന്ധർവ്വൻപാട്ട്, തെയ്യം, വണ്ണാൻകൂത്ത്, കോൽക്കളി, മരക്കലപ്പാട്ട്, ഉത്തരകേരളത്തിലെ കാർഷിക ഉത്സവം, തിടമ്പു നൃത്തം, തിരുവാതിരക്കളി തുടങ്ങി ഒരുപാട് ഗ്രാമീണ കലാരൂപ ങ്ങൾ മുഖദർശനം എന്ന പുസ്തകത്തിന്റെ ഭാഗമാകുന്നുണ്ട്.

സാഹിത്യചരിത്രത്തിൽ ഇടം ലഭിച്ചിട്ടില്ലാത്ത നാടോടി സംസ്കാരം എന്ന നമ്മുടെ തനതായ പാരമ്പര്യങ്ങളെ എല്ലാം തന്നെ ഉൾക്കൊള്ളാൻ ശേഷിയുള്ള ഒരു വിജ്ഞാനശാഖ സാഹിത്യചരിത്രത്തിൽ നിന്നും എന്തു കൊണ്ട് മാറ്റിനിർത്തപ്പെട്ടു എന്നതാണ് ഇവിടെ ഉന്നയിക്കപ്പെടുന്ന ചോദ്യം.

കഥകളി, തുള്ളൽ, കൂത്ത് പോലുള്ള ക്ലാസിക്കൽ എന്നു പറയപ്പെടുന്ന കലകൾക്കെല്ലാം തന്നെ പ്രത്യേകം പ്രത്യേകം ഭാഗങ്ങൾ സാഹിത്യചരിത്ര ത്തിൽ മാറ്റിവെയ്ക്കപ്പെടുമ്പോൾ ഇത്തരം കലകളുടെയെല്ലാം മൂലരൂപമായി പ്രവർത്തിച്ച അവർ കടംകൊണ്ട നാടൻ കലകളുടെ ചെറിയ അംശങ്ങൾ പോലും സാഹിത്യചരിത്രത്തിന്റെ ഭാഗമായിട്ടില്ല. ആദ്യകാലങ്ങളിൽ അവയെ തീരെ ഗൗനിച്ചിട്ടില്ലെങ്കിലും പിൽക്കാല സാഹിത്യചരിത്രത്തിൽ അവയ്ക്ക് സ്ഥാനം ലഭിച്ചു തുടങ്ങി. എങ്കിലും അതൊന്നും ഒട്ടും തൃപ്തികരമായി രുന്നില്ല.

എം.എ സിലബസ്സിന്റെ ഭാഗമായി തന്നെ നാടോടിവിജ്ഞാനീയം മാറിയത് രാഘവൻപയ്യനാട് പോലുള്ള വ്യക്തികളുടെ ഇടപെടലുകൾ കൊണ്ടുമാത്രമാണ്. അപ്പോഴും നാടോടിവിജ്ഞാനീയം ഒരു വിജ്ഞാന ശാഖയായി മാറിയെങ്കിലും സാഹിത്യചരിത്ര ഗ്രന്ഥങ്ങളിൽ മറ്റ് വിഷയ ങ്ങൾക്ക് നല്കിയിരിക്കുന്ന പ്രാധാന്യം ഈ വിജ്ഞാനശാഖയ്ക്ക് ലഭിക്കുന്നില്ല.

സാഹിത്യചരിത്രം മാറ്റിനിർത്തപ്പെട്ട ഒരു വിജ്ഞാനശാഖയായി നാടോടിവിജ്ഞാനീയം നിലകൊള്ളുമ്പോഴും സമാന്തരമായ വളരെ ശക്തമായ വിജ്ഞാനശാഖകളായി അത് വികസിച്ചുവെന്നും അനവധി ഗ്രന്ഥങ്ങൾ പിന്നീട് ഈ പഠനമേഖലയിൽ രചിക്കപ്പെടുകയും അനവധി ഗവേഷണ പ്രബന്ധങ്ങൾ ഉണ്ടാവുകയും ചെയ്തു.

നാടോടിവിജ്ഞാനീയവും അതിന്റെ ഭാഗമായി നിലകൊണ്ട തനതായ നാടൻ കലകളും മറ്റ് ക്ലാസിക്കൽ കലകൾക്ക് സാഹിത്യ ചരിത്രത്തിൽ ഇടം ഉള്ളപ്പോൾ തന്നെ എന്തുകൊണ്ടാണ് ബഹിഷ്കരിക്കപ്പെട്ടു പോയത് എന്നത് ചിന്തിക്കേണ്ട, തികച്ചും വസ്തുതാപരമായ ചർച്ചയ്ക്ക് വഴി തെളിയിക്കുന്ന കാര്യമാണ്.

തീർച്ചയായും സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ ഇടപെടലുകൾക്കിടയിൽ തന്നെ അതിന്റെ ഉത്തരം ഉണ്ട് താനും. അതിൽ പ്രധാനം ക്ലാസിക്കൽ കലകളെല്ലാം ഉന്നതന്റെയും നാടൻകലകൾ എല്ലാം തന്നെ താഴ്ന്ന ജനവിഭാഗങ്ങളുടെയും കലാരൂപങ്ങൾ ആയിരുന്നു എന്നത തന്നെയാണ്. പണമില്ലാത്തവന്റെയും സാമൂഹികസ്ഥാനമാനങ്ങൾ ഇല്ലാത്ത വന്റെയും കലയ്ക്കും സാഹിത്യത്തിനും എന്താണ് വില എന്ന് തെളിയിക്കുന്ന രീതിയിലുള്ള ഇടപെടലുകൾ തന്നെയാണ് സാഹിത്യചരിത്രം പോലുള്ള ചരിത്രഗ്രന്ഥങ്ങളിൽ നിന്നും മാറ്റിനിർത്തപ്പെടേണ്ട ഒന്നായി വൈവിധ്യമാർന്ന കലാമൂല്യങ്ങളുള്ള നാടോടിവിജ്ഞാനീയത്തിന്റെ ഭാഗമായ കലകളും നാടോടിവിജ്ഞാനീയം തന്നെയും ക്ലാസിക് കലകൾ രേഖപ്പെടുത്തപ്പെട്ട ഗ്രന്ഥങ്ങളുടെ ഏടുകളിൽ സ്ഥാനം പിടിക്കാതെ പോയതും.

കൃഷിയുമായി ബന്ധപ്പെട്ടിട്ടുള്ള അമ്മദൈവാരാധനയുടെ ഭാഗമായി നിലനില്ക്കുന്നവയാണ് കേരളത്തിലെ നാടോടിവിജ്ഞാനീയത്തിന്റെ ഭാഗമായി നമ്മൾ കൊണ്ടുനടക്കുന്ന ദേവീ അനുഷ്ഠാനങ്ങൾ. അത് പ്രാദേശിക ഭേദമനുസരിച്ച് കേരളത്തിൽ അങ്ങോളമിങ്ങോളം വ്യത്യസ്തമായ നാമങ്ങളിൽ അറിയപ്പെടുന്നുണ്ടെങ്കിലും അതിന്റെ യെല്ലാം അന്തസത്ത ഒന്നു തന്നെയാണെന്ന് മനസിലാവാത്തവരാരുമില്ല.

ഒരു ജനതയുടെ ജീവിതവും സംസ്കാരവും മുഴുവനായ് തന്നെ ഉൾക്കൊള്ളുന്ന കലാരൂപങ്ങളാണ് നാടൻകലകൾ. കേരളത്തിലെ ജനങ്ങളുടെ ഇത്തരം ആവിഷ്കാരങ്ങളെ മാറ്റിനിർത്തിക്കൊണ്ട് എഴുതപ്പെട്ടിട്ടുള്ള സാഹിത്യ ചരിത്രഗ്രന്ഥങ്ങളുടെ ആധികാരികത എത്രത്തോളം ഉണ്ടാകുമെന്ന് ആലോചിക്കേണ്ട വസ്തുതയാണ്.

സാഹിത്യചരിത്രപരമായ വൈജ്ഞാനികഗ്രന്ഥങ്ങളെ പരിശോധിച്ച്, അവയിൽ നാടോടിവിജ്ഞാനസംബന്ധമായ പഠനങ്ങളും പരാമർശങ്ങളും വേണ്ടത്ര രീതിയിൽ ഉണ്ടായിട്ടില്ല എന്ന നിഗമനത്തിലാണ് എത്തിച്ചേരാൻ സാധിക്കുന്നത്.

തിരസ്കരിക്കപ്പെട്ട ഒരു വിജ്ഞാനമേഖലയായി നിലനിന്ന നാടോടി വിജ്ഞാനീയത്തിൽ ഒരുപാട് മൗലിക കൃതികൾ പിന്നീട് രചിക്കപ്പെട്ടു.

സാഹിത്യചരിത്രത്തിൽ ഇടം ലഭിച്ചിട്ടില്ലെങ്കിലും ഒരുപാട് പഠനങ്ങൾക്ക് ഇന്ന് നാടോടിവിജ്ഞാനമെന്ന പഠനമേഖല കാരണമായിട്ടുണ്ട്.

### സഹായക ഗ്രന്ഥങ്ങൾ

1. അച്യുതനുണ്ണി, ചാത്തനാത്ത്, ഗവേഷണം പ്രബന്ധം രചനയുടെ തത്വങ്ങൾ, ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 2006.
2. അച്യുതവാര്യർ, എസ്. കേരളസംസ്കാരം, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2010.
3. അനിൽ കെ.എം. ഫോക്‌ലോർ ജനസ്സ് സിദ്ധാന്തം രാഷ്ട്രീയം, കോഴിക്കോട്: പാപ്പിയോൺ ബുക്സ്, 2010.
4. കുഞ്ഞിക്കണ്ണൻ, കെ.ടി. കേരളം സമൂഹവും രാഷ്ട്രീയവും, തിരുവനന്തപുരം: കേരള ഭാഷാ ഇന്സ്റ്റിറ്റ്യൂട്ട്, 2008.
5. കുറുപ്പ്, കെ.കെ.എൻ. ആര്യദ്രാവിഡ ഘടകങ്ങൾ മലബാറിലെ നാടൻ കലയിൽ, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1980.
6. ഗോപാലൻ നായർ, സി. മലബാറിലെ തിറയാട്ടങ്ങൾ, കോഴിക്കോട്: മാതൃഭൂമി ബുക്സ്, 2006.
7. രാഘവൻ പയ്യനാട്. ഫോക്‌ലോർ, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1986.
8. വിഷ്ണുനമ്പൂതിരി, എം.വി. ഫോക്‌ലോർ നിഘണ്ടു, തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2000.

*mkshimnas@gmail.com*

# മലപ്പുറം പടപ്പാട്ടിലെ ചരിത്രവായന

ഫെമിന സി.പി
ഗവേഷക, കാലിക്കറ്റ് യൂണിവേഴ്സിറ്റി

## പ്രബന്ധസംഗ്രഹം

പ്രാദേശിക മുസ്ലീം സാമൂഹികതയുടെ ചരിത്രപരതയുമായി ബന്ധപ്പെട്ട് അറബി മലയാളസാഹിത്യത്തിൽ നിർമ്മിതമായ കാവ്യമാണ് മലപ്പുറം പടപ്പാട്ട്. വൈദേശിക വാണിജ്യശക്തികളുടെ കടന്നാക്രമണത്തെ ചെറുത്തു നിർത്തുകയും സാമൂഹികമായൊരധിനിവേശത്തിന് ഊർജ്ജവും കരുത്തും പകർന്നുനൽകുകയെന്നതുമാണ് ഈ കാവ്യത്തിന്റെ ഉദ്ദേശ്യലക്ഷ്യം. പ്രാദേശികമായ ചരിത്രസംഭവത്തിന്റെ പുനരാഖ്യാനമെന്ന നിലയിൽ ചരിത്രവാസ്തവികതയും കാവ്യകാൽപനികതയും ഒത്തിണക്കിയിരിക്കുന്നു വെന്നതാണ് മലപ്പുറം പടപ്പാട്ടിന്റെ പ്രത്യേകത. സാമൂഹിക പരിഷ്കരണവും വൈദേശികശക്തികളോടുള്ള പ്രതിഷേധവും മലപ്പുറം പടപ്പാട്ടിനെ അടിസ്ഥാനമാക്കി പഠനവിധേയമാക്കുകയാണ് ഈ പ്രബന്ധത്തിൽ.

ഇശൽസാഹിത്യത്തിലെ പോരാട്ടവീറിന്റെ പ്രഭവതലം തേടുന്ന അന്വേഷകന് അറബിമലയാളസാഹിത്യത്തിലെ പടപ്പാട്ട് പാരമ്പര്യം അത്ഭുതകരമായ വിഭവശേഖരണമാണ്. വൈദേശികവാണിജ്യശക്തികളുടെ കടന്നാക്രമണത്തെ ചെറുത്തുനിർത്താനും സാമൂഹികമായൊരധിനിവേശത്തിന് ഊർജ്ജവും കരുത്തും പകർന്നുനൽകാനും മുസ്ലീംജനവിഭാഗങ്ങളെ സഹായിച്ചത് ഇസ്ലാമികമായ വിശ്വാസപ്രമാണങ്ങളുടെ ചൈതന്യധാരയിൽനിന്നും ഉരുവം കൊണ്ട ഗാനസാഹിത്യപാരമ്പര്യത്തിന്റെ ആത്മവീര്യമാണെന്നു തന്നെ പറയാം.

***താക്കോൽ വാക്കുകൾ:*** മാപ്പിളസ്വത്വം, കർത്തൃത്വം, പ്രതിനിധാനം.

മുസ്ലീംജനവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം പാരമ്പര്യമെന്നുപറയുന്നത് വർത്തമാനകാലസമസ്യകളോടുള്ള പ്രതിഷേധത്തിന്റെ സജീവമായ ദിശാസൂചകങ്ങളായിരുന്നു. അനാവശ്യമായ നവീകരണങ്ങൾ ഒഴിച്ചുനിർത്തിയും ചരിത്രപരതയിലെ അകലങ്ങൾക്ക് പരിഗണനനൽകിയുമാണ് നാം പാരമ്പര്യത്തെ തിരിച്ചറിയേണ്ടത്. പാരമ്പര്യത്തിൽ നിഴലിക്കുന്നത് വ്യക്തവും സൂക്ഷ്മവുമായൊരവബോധമാണ്. മുസ്ലീംസാമൂഹികതയിലെ സ്വത്വപരിസരത്തിലല്ലാതെ മാപ്പിളസർഗ്ഗാത്മകതയിലെ രചനകളെ സമീപിക്കാൻ സാധിക്കുകയില്ല. മുസ്ലീംജനവിഭാഗത്തിന്റെ സർഗ്ഗാത്മകത രൂപപ്പെടുന്നത് ഇസ്ലാമികവിമോചനശാസ്ത്രത്തിന്റെ അകത്തുവെച്ചാണ്. ഇശൽസർഗ്ഗാത്മകരചനയിലെ ഏതെങ്കിലും കൃതിയെ അത് മാപ്പിളപ്പാട്ടായാലും കെസ്സുപ്പാട്ടായാലും പടപ്പാട്ടായാലും വിലയിരുത്തേണ്ടത് മാപ്പിള സമുദായത്തിലെ വിമോചനസമരങ്ങളുടെ വെളിച്ചത്തിലാണെന്നുപറയാം.

പത്തൊമ്പതാം നൂറ്റാണ്ടിലെ മുസ്ലീംജനവിഭാഗത്തിന്റെ ആശയപരിസരത്തിലാണ് പടപ്പാട്ടുകളേറെയും രൂപംകൊള്ളുന്നത്. ഈയൊരുകാലഘട്ടം വളരെയേറെ കലുഷിതമാണ്. ക്രി.പതിനേഴ് പതിനെട്ട് നൂറ്റാണ്ടുകൾ പ്രാദേശിക നാടുവാഴിത്തത്തിന്റെ പിടിയിലക്കപ്പെട്ടെങ്കിലും തങ്ങളുടേതായ വാണിജ്യേതരമായ ഉപജീവനമാർഗ്ഗങ്ങൾ കരുപ്പിട്ടിപ്പിക്കാനുള്ള ശ്രമത്തിലായിരുന്നു മുസ്ലീംജനവിഭാഗം. വൈദേശികാധിപത്യം സാമ്പത്തികോൽപാദനമേഖലകളിൽ അസ്വാസ്ഥ്യം ജനിപ്പിച്ചുവെങ്കിലും മുസ്ലീംജനവിഭാഗം പോരാട്ടവീര്യം കൊണ്ട് അസ്വാസ്ഥ്യങ്ങളെ മറികടക്കാൻ പ്രാപ്തരായിരുന്നു. മുസ്ലീംജനവിഭാഗത്തിന്റെ ചരിത്രഗാഥകൾ തന്നെയാണ് ഫതുഹുൽമുബീൻ മുതൽ തുഹ്ഫത്തുൽ മുജാഹിദ്ദീൻ വരെയുള്ള രചനകളിൽ പ്രകടമാകുന്നത്. അറബിമലയാളസാഹിത്യത്തിലെ മികവുറ്റ കൃതികളിലൊന്നായ മലപ്പുറം പടപ്പാട്ടിന്റെ ചരിത്രവായനയാണ് ഈ പ്രബന്ധത്തിലൂടെ നടത്തുന്നത്.

### പടപ്പാട്ടിന്റെ സാമാന്യപരിചയം

പടപ്പാട്ടുകളെന്നാൽ യുദ്ധചരിത്രകാവ്യങ്ങളെന്നാണർത്ഥം. ഇസ്ലാമിന്റെ ആരംഭകാലത്ത് മുസ്ലീങ്ങൾ നേരിടേണ്ടിവന്ന എല്ലാ യുദ്ധചരിത്രങ്ങളും അറബിമലയാളപദ്യത്തിൽ ചരിത്രപരമായ വിശദാംശങ്ങളോടുകൂടി തന്നെ പ്രതിപാദിക്കുന്നുണ്ട്. ബദർപടപ്പാട്ട്, മലപ്പുറംപടപ്പാട്ട്,ചേറൂർപടപ്പാട്ട് തുടങ്ങിയരചനകൾ പടപ്പാട്ടുകളിൽ ശ്രദ്ധേയമാണ്. ഗാനരൂപം ചെയ്യപ്പെട്ട ചരിത്രവസ്തുതകളാണ് പടപ്പാട്ടുകൾ. മോയിൻകുട്ടിവൈദ്യരെ ഇശൽസാഹിത്യവീഥിയിലെ കുലപതിയായി അംഗീകരിക്കുന്നത് അദ്ദേഹംരചിച്ച

പടപ്പാട്ടുകളുടെ വെളിച്ചത്തിലാണെന്നു പറയാം. മഹാകവി തന്റെ പടപ്പാട്ടുകളിൽ യുദ്ധവസ്തുതകൾ മാത്രമല്ല നിരത്തിവെക്കുന്നത് യുദ്ധരംഗത്തിലേക്ക് അനുവാചകരെ നയിക്കുകയും യുദ്ധാനുഭവങ്ങൾ അവരിൽ സന്നിവേശിപ്പിക്കുക കൂടി ചെയ്യുന്നുണ്ട്. ചരിത്രപഠനത്തിൽ തൽപരരല്ലാത്ത വ്യക്തികളെപ്പോലും ചരിത്രപഠനത്തിലേക്ക് ആകർഷിക്കുന്ന പ്രഭവകേന്ദ്രമാണ് പടപ്പാട്ടുകൾ. സമകാലികപ്രശ്നങ്ങളെ കൈകാര്യം ചെയ്യുന്നവയും മതാചാരങ്ങളെ വിമർശിക്കുന്നതുമായ കൃതികളും കല്പിതകഥകളാൽ മെനഞ്ഞെടുത്ത കൃതികളും അറബിമലയാളസാഹിത്യത്തിൽ നിരവധിയുണ്ടെങ്കിലും പടപ്പാട്ടുകളുടെ പദവികരസ്ഥമാക്കാൻ അവയ്ക്കുസാധിച്ചില്ല. ചരിത്രവസ്തുതകളെ ഗാനാത്മകതയിൽ ചാലിച്ച് വസ്തുനിഷ്ഠമായി അവതരിപ്പിക്കുകയെന്നതാണ് പടപ്പാട്ടുകളുടെ രീതി. അതുകൊണ്ടുതന്നെ ഇശൽസാഹിത്യവീഥിയിൽ പടപ്പാട്ടുകൾ ശ്രദ്ധേയമായി.

### മലപ്പുറം പടപ്പാട്ടിലൂടെ ഒരു ചരിത്രവായന

ഇസ്ലാമിക ചരിത്രത്തിലെ ധീരോജ്വലമായ പടപ്പാട്ടു കാവ്യമാണ് മലപ്പുറംപടപ്പാട്ട്. പ്രാദേശികമുസ്ലീംസാമൂഹികതയുടെ ചരിത്രപരതയുമായി ബന്ധപ്പെട്ട് അറബിമലയാളസാഹിത്യത്തിൽ രൂപംകൊണ്ട പടപ്പാട്ടുകൾ രണ്ടെണ്ണമാണ്. മുഹമ്മദുകുട്ടിയുടെയും മുഹ്യുദ്ദീനിന്റെയും സംയുക്തരചനയായ ചേറൂർപടപ്പാട്ട്. രണ്ടാമത്തേത് മുസ്ലീംജനവിഭാഗത്തിന്റെ പോരാട്ടവീറിന്റെ അനുസ്മരണ ഗാഥയായ മലപ്പുറംപടപ്പാട്ട്. പയ്യൽ ത്വബീസ് എന്ന് സ്വയം പരിചയപ്പെടുത്തുന്ന മോയിൻകുട്ടിവൈദ്യരുടെ രചനയാണ് മലപ്പുറംപടപ്പാട്ട്. പ്രാദേശികമായ ചരിത്രസംഭവത്തിന്റെ പുനരാഖ്യാനമെന്നനിലയിൽ ചരിത്രവാസ്തവികതയും കാവ്യകാൽപനികതയും പരസ്പരം ഒത്തിണങ്ങിയിരിക്കുന്നുവെന്നതാണ് മലപ്പുറംപടപ്പാട്ടിന്റെ പ്രത്യേകത. ഇസ്ലാമികചരിത്രത്തിലെ തന്നെ വിഭിന്നയുദ്ധവൃത്താന്തങ്ങൾ വേറെയുണ്ടായിട്ടുണ്ടെങ്കിലും കാൽപനികതയേക്കാളേറെ സോദ്ദേശ്യപൂർണ്ണമായ മറ്റേതോ വസ്തുതയാണ് മഹാകവിയ്ക്ക് ഈ കാവ്യവൃത്താന്തം തെരെഞ്ഞെടുക്കാൻ പ്രചോദനമായത്.

പ്രാദേശികമായ ചരിത്രവസ്തുതകൾ ഇതിവൃത്തമായി കാണപ്പെടുന്ന സാഹിതീയരചനകൾ കേരളത്തിൽ വിരളമായിരുന്ന കാലഘട്ടത്തിലാണ് മോയിൻകുട്ടിവൈദ്യർ മലപ്പുറംപടപ്പാട്ടുമായി രംഗത്തുവരുന്നത്. ക്രി. 1732 മലപ്പുറത്തുനടന്ന സംഘട്ടനം വർഷങ്ങൾക്കുശേഷം ക്രി.1885 ലാണല്ലോ വൈദ്യർ കാവ്യനിർമ്മിതിയായി പുനരാവിഷ്ക്കരിക്കുന്നത്. രചനയിൽ

ചരിത്രവാസ്തവീകതയും കാവ്യവൈകാരികതയും സമന്വയിക്കുന്നതായി കാണാം. വിഭിന്നസ്രോതസ്സുകളിൽ നിന്നും കൈമാറി കിട്ടിയ ചരിത്രവസ്തുതകൾ കാവ്യനിർമ്മാണത്തിന് മുതൽക്കൂട്ടായിട്ടുണ്ട്. സാമാന്യയാഥാർത്ഥ്യങ്ങളോടുള്ള മനുഷ്യന്റെ നിലപാടുകളാണ് മലപ്പുറംപടപ്പാട്ടിൽ ശക്തമായി അവതരിപ്പിക്കുന്നത്. മലപ്പുറംപടപ്പാട്ടിലെ ചരിത്രസ്മരണയെന്നുപറയുന്നത് സാമൂഹികപ്രതിബദ്ധമായൊരു സാഹിത്യവീക്ഷണത്തിന്റെ അടിസ്ഥാന പ്രേരകമാണെന്നു പറയാം. ചരിത്രത്തിന്റെ ഗതിക്രമം അറിഞ്ഞില്ലെങ്കിൽ സാമൂഹികമായ അസ്തിത്വം ആകസ്മികമായിപ്പോകും.

എന്നാൽ മലപ്പുറംപടപ്പാട്ട് 44 മുസ്ലീംയോദ്ധാക്കളുടെ ആത്മവീര്യവും കരുത്തും പ്രകടമാക്കിയ കൃതിയാണ്. ആദ്യകാലഘട്ടത്തിൽ ഇശൽ സാഹിത്യം അനുവർത്തിച്ചുവന്ന മാലപ്പാട്ടുകളുടെ ശൈലീകരണത്തിൽ നിന്നും വ്യത്യസ്തമായ രചനാസമ്പ്രദായമാണ് വൈദ്യർ മലപ്പുറംപടപ്പാട്ടിൽ കൈക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ മലപ്പുറംപടപ്പാട്ടിനെ ചരിത്രപരമെന്നപോലെ ചരിത്രാതീതമായ സാമൂഹികനിരപ്പിൽ അതിനെ പുനഃപരിശോധിക്കേണ്ടി വരുന്നു.

മലപ്പുറം പടപ്പാട്ടിന്റെ ഇതിവൃത്തപരിസരം തുടങ്ങുന്നത് കേരളത്തിലേക്കുള്ള മുസ്ലീം വ്യാപനത്തിന്റെ ചരിത്രം തൊട്ടാണ്. മാലിക്ക്ബ്നുദീനാറിന്റെ പ്രബോധനദൗത്യത്തിന് നിമിത്തമായ ചേരമാൻ പെരുമാളുടെ പ്രവാചക സന്ദർശനവും മതപരിവർത്തനവുമാണ് മലപ്പുറം പടപ്പാട്ടിലെ ആദ്യത്തെ പതിനാല് ഇശലുകളിലായി ഉൾക്കൊള്ളിച്ചിരിക്കുന്നത്. എന്നാൽ മലപ്പുറം പടപ്പാട്ട് വെറും യുദ്ധവൃത്താന്തങ്ങളല്ല. അവ സൗഹൃദത്തിന്റെയും സാമുദായികസംഘാതത്തിന്റെയും സ്നേഹപൂർവ്വമായ കഥകളായി ഇവയെ നമുക്ക് പരിപോഷിപ്പിക്കാം. ഇത്തരം കാവ്യങ്ങളിലൂടെ കവി മാപ്പിളസാമൂഹികതയുടെ വികസനപശ്ചാത്തലരൂപീകരണത്തിന് ഇടം കണ്ടെത്തുകയാണ് ചെയ്യുന്നത്. അദ്ദേഹത്തിന്റെ മറ്റൊരു കാവ്യത്തിന്റെയും യുദ്ധവർണ്ണനയിൽ കാണപ്പെടാത്ത ഒരു പ്രത്യേകതയാണിത്. കേരളീയമുസ്ലീം സാമൂഹികതയിലെ ഒരു നിശ്ചിതചരിത്രസംഭവത്തിന്റെ ആവിഷ്ക്കാരമെന്ന നിലയിൽ മലപ്പുറം പടപ്പാട്ടിനെ വിശകലനം ചെയ്യേണ്ടത് അതിൽ പ്രത്യക്ഷപ്പെടുന്ന സാമൂഹികചിന്തയുടെ അടിസ്ഥാനത്തിലാണ്. കാലികമായ സാമൂഹികപ്രശ്നങ്ങളെ നാം സമീപിക്കുമ്പോൾ സാമൂഹികമനസ്സ് തിരിഞ്ഞുനോക്കുന്നത് കഴിഞ്ഞകാല അനുഭവങ്ങളിലേക്കാണ്.

ചരിത്രമുഹൂർത്തത്തിന്റെ ചൈതന്യധാരയായി വർത്തിക്കുന്ന

സാന്ദർഭികമായ എല്ലാവസ്തുതകളേയും പ്രത്യക്ഷവൽക്കരിക്കുകയാണ് വൈദ്യർ മലപ്പുറം പടപ്പാട്ടിലൂടെ ചെയ്യുന്നത്. കവി തന്റെ വ്യക്തിജീവിതത്തിൽ പ്രതിഫലിച്ചു കാണപ്പെടുന്ന സാമൂഹികചലനങ്ങളെ പുനർദർശനം ചെയ്യുകയാണ് മലപ്പുറംപടപ്പാട്ടിലൂടെ. ഇത്തരമൊരു പുനർദർശനത്തിനുവേണ്ടി കവി മൂന്ന് വസ്തുതകളെ മലപ്പുറംപടപ്പാട്ടിൽ ഉൾച്ചേർത്തിരിക്കുന്നതായി കാണാം. നിശ്ചിതമായ ചരിത്രമുഹൂർത്തത്തിൽ യോദ്ധാക്കൾ എങ്ങനെ പ്രതികരിച്ചുവെന്ന് സാധ്യമായ എല്ലാതെളിവുകളുടെയും അടിസ്ഥാനത്തിൽ അപഗ്രഥിക്കുകയും പിന്നീട് ചരിത്രവസ്തുതകളുടെ വെളിച്ചത്തിൽ പുനഃസൃഷ്ടിക്കുകയും ചെയ്യുകയെന്നതാണ് ഒന്ന്. മലപ്പുറത്തെ മുസ്ലീം യോദ്ധാക്കളുടെ ആശയലോകത്ത് ഇറങ്ങിച്ചെന്ന് അവരുടെ സമീപനത്തിന്റെ ആത്മചൈതന്യം സ്വാംശീകരിക്കുകയാണ് രണ്ടാമത്തേത്. യോദ്ധാക്കളുടെ ഉദ്ദേശ്യലക്ഷ്യങ്ങളെ പുനർനിർമ്മിക്കുന്നുവെന്നതാണ് മൂന്നാമത്തേത്. മലപ്പുറം പടപ്പാട്ടിലെ ക്രിയാതലത്തെ അടയാളപ്പെടുത്തുന്നത് ഇത്തരം മൂന്ന് വസ്തുതകളിലൂടെയാണ്.

എന്നാൽ മലപ്പുറത്ത് പള്ളി ചുട്ടെരിക്കാൻ വന്ന ദുഷ്ടശക്തികളെ തങ്ങളുടെ വാൾക്കരുത്ത് കൊണ്ട് നേരിടേണ്ടിവന്ന ശുഹദാക്കളുടെ ആത്മത്യാഗത്തിന്റെ കഥയാണ് മലപ്പുറംപടപ്പാട്ട്. ശുഹദാക്കളെ സംബന്ധിച്ചിടത്തോളം സാമൂഹികമായൊരു ഉണ്മയാകുന്നു മലപ്പുറംപട. ഈ പടയിൽ രക്തസാക്ഷികളായ 44 യോദ്ധാക്കളും പടപൊരുതിയത് ഇസ്ലാമിനോടും നാടിനോടുമുള്ള സാമൂഹികപ്രതിബദ്ധത കൊണ്ടാണ്. ഈ പ്രതിബദ്ധത തന്നെയാണ് പള്ളിസംരക്ഷണാർത്ഥം യുദ്ധത്തിനിറങ്ങി തിരിക്കുന്ന പുരുഷന്മാരെ ധീരോദാത്തമായി യാത്രയയക്കുന്ന മുസ്ലീംസ്ത്രീകളുടെ ഉൾക്കരുത്തിന്റെയും സഹനത്തിന്റെയും നിദാനവും.

മലപ്പുറംപടപ്പാട്ട് ഒരു ദുരന്താഖ്യാനമാണ്. നഗരവും പള്ളിയും ചുട്ടെരിക്കപ്പെടുകയും വർഷങ്ങളായി പടുത്തുയർത്തിയ ജീവിതസാഹചര്യങ്ങൾ അവതാളത്തിലായ മുസ്ലീം ജനവിഭാഗങ്ങൾക്ക് മലപ്പുറംപടപ്പാട്ട് അത്യാഹിതം തന്നെയായിരുന്നു. ഉറ്റവരും ഉടയവരുമെല്ലാം നഷ്ടപ്പെട്ട് സാംസ്കാരികാസ്ഥിത്വം വെല്ലുവിളിക്കപ്പെട്ട് നിസ്സഹായരായി തീർന്ന ജനവിഭാഗത്തിന്റെ നേർകാഴ്ചയാണ് മലപ്പുറംപടപ്പാട്ട്. മുസ്ലീം ജനവിഭാഗത്തോടു പോരാടിയ പാറനമ്പിയുടെ ശത്രുസൈന്യനിര അഹങ്കാരവും പ്രാമാണിത്തവും കൊണ്ട് വിജയിക്കുകയും ചെയ്യുന്നു. സാമുദായിക പ്രശ്നങ്ങളുടെ പേരിൽ അഞ്ഞൂറിൽപരം ജനവിഭാഗങ്ങൾ രക്തസാക്ഷികളായ

യുദ്ധമായിരുന്നു മലപ്പുറം പടപ്പാട്ട്. വ്യാവസ്ഥാപിതമായ സാമൂഹികശക്തികളോടുള്ള ഏറ്റുമുട്ടലാണ് മലപ്പുറംപടപ്പാട്ടിൽ ഉടനീളം കാണാൻ സാധിക്കുന്നത്. മലപ്പുറംപടപ്പാട്ടിൽ വൈദ്യർ അടയാളമിടുന്നതും ഈ ദുരന്തസംഘർഷം തന്നെയാണ്. ഭരണാധികാരത്തോടും ഭരണാധികാരികളുടെ അനാസ്ഥയോടുമുള്ള എതിർപ്പ് പ്രകടിപ്പിക്കുന്നതോടൊപ്പം തന്നെ മുസ്ലീംജനവിഭാഗം അവരുടെ സംഘചൈതന്യത്തിന്റെ ആത്മബലത്തോടെ ഏറ്റുമുട്ടിയതിന്റെ ദുരന്തമാണ് മലപ്പുറത്ത് കാണാൻ സാധിക്കുന്നത്.

ഒരു ചരിത്രകാവ്യമെന്ന നിലയിൽ മലപ്പുറം പടപ്പാട്ടിനെ വിലയിരുത്തുമ്പോൾ ഇസ്ലാമിക പാരമ്പര്യം ചരിത്രത്തെ വീക്ഷിക്കുന്നതെങ്ങനെയെന്ന് മനസ്സിലാകും. ഗതകാല ജനസമൂഹങ്ങളെക്കുറിച്ചുള്ള ദൃഷ്ടാന്തീകരണം വി.ഖുർആനിൽ പരാമർശിക്കുന്നുണ്ട്. അശ്ശുഅ്റാഹ് സൂറയിലെ 121-ാം ആയത്തിൽ നൂഹനബിയുടെ കാലത്തെ പ്രളയത്തെക്കുറിച്ചും അതിനെ ജനതമറികടക്കുന്നതിനെക്കുറിച്ചുമുള്ള പരാമർശവും നൂഹനബിയുടെ പെട്ടകത്തെക്കുറിച്ച് പരാമർശിക്കുന്ന അൽഅൻകബൂത്ത് സൂറഃയിലെ 15-ാം ആയത്തിൽ നാം അവനേയും ജനതയേയും രക്ഷപ്പെടുത്തി സമസ്തജനതയ്ക്കും ദൃഷ്ടാന്തമാക്കുകയും ചെയ്തുവെന്നും 24-ാം ആയത്തിൽ ഇബ്രാഹിം നബിയുടെ ജനതയെക്കുറിച്ചുള്ള പരാമർശത്തിനിടയിൽ അല്ലാഹു അവരെ അഗ്നിയിൽ നിന്നും രക്ഷിക്കുക തന്നെ ചെയ്തു. വിശ്വാസികൾക്കുള്ള വലിയദൃഷ്ടാന്തങ്ങളാണെന്നു പറഞ്ഞു. വി.ഖുർആനിലെ ഈ ദൃഷ്ടാന്തീകരണങ്ങൾ ചരിത്രത്തോടുള്ള വെറും സമീപനങ്ങളല്ല. ആത്യന്തികമായ ലക്ഷ്യത്തിലേക്കുള്ള സൂചകമായി പരിഗണിക്കേണ്ടത്.

ഇവിടെ ഇസ്ലാമികമായ ചുറ്റുവട്ടത്തിലൂടെ രൂപാന്തരപ്പെടുന്ന ചരിത്രവീക്ഷണം സാമൂഹിക മാനവികതയെയാണ് ലക്ഷ്യം വെക്കുന്നത്. ഇസ്ലാമികമായ അവബോധത്തെയും ഇസ്ലാമികമായ സാമൂഹികതയെയും കുറിച്ചുള്ള ധാരണയേയാണ് ഉദാത്തീകരിക്കുന്നത്. തത്ത്വചിന്തയുടെ ലാളിത്യവും കർക്കശമായ ഏകദൈവവിശ്വാസവും കർമ്മശാസ്ത്രനിയമങ്ങളുടെ സാർവ്വത്രികതയുമാണ് ഇസ്ലാമികമായ സാമൂഹികതയിൽ ഉൾച്ചേർന്നിരിക്കുന്നത്. എന്നാൽ മലപ്പുറം പടപ്പാട്ട് ഇസ്ലാമികമായ സാമൂഹികതയെ വൈകാരികമായ തലത്തിലേക്ക് ഉയർത്തിക്കാട്ടുകയാണ് ചെയ്യുന്നത്. അതുകൊണ്ട് വിശ്വമാനവികതയുടെ വിതാനത്തിലേക്കാണ് ഈ കാവ്യത്തെ കവി പ്രത്യക്ഷവൽക്കരിക്കുന്നത്. സമൂഹത്തിനകത്തുനിന്നു കൊണ്ടുതന്നെ വിമോചനപ്രത്യയശാസ്ത്രത്തെ മുറുകെപിടിക്കുന്ന മലപ്പുറംപടപ്പാട്ടിലൂടെ

വൈദ്യർ.

ഇസ്ലാമികമായ ദാർശനികതയുടെ ഔന്നിത്യത്തിൽ നിന്നിറങ്ങിവന്നവരോ ആത്മീയമായ ഉന്നതിയുടെ പടവുകൾ ചവിട്ടിക്കയറിവന്നവരോ മലപ്പുറം രണാങ്കണത്തിൽ പടപൊരുതിയവരിൽ സ്ഥാനം പിടിച്ചിട്ടില്ല. അവർ ശുഹദാക്കളുടെയോ പ്രവാചകന്റെയോ പാരമ്പര്യത്തിൽ ഉൾപ്പെടുന്നവരുമല്ല. മലപ്പുറംപടയിൽ പങ്കെടുത്ത ആലിമുഹ്യുദ്ദീനും പാറക്കൽക്കുട്ടിയും ചെറിയാട്ടിൽ പോക്കരും സാമൂഹികസംഘർഷഭരിതമായ അവസ്ഥാപരിണാമങ്ങളിലേക്ക് സ്വയം വലിച്ചെറിയപ്പെടുകയായിരുന്നു. മതത്തിന്റെ ചട്ടക്കൂടുകളെ ഭേദിച്ച് ആശയസംഘർഷത്തിന്റെ യുദ്ധഭൂമിയിൽ പങ്കുചേർന്ന യോദ്ധാക്കളായിരുന്ന മലപ്പുറംപടയെ നയിച്ചിരുന്നവർ. നിരവധിജനവിഭാഗങ്ങളുടെ മരണത്തിനു വഴിതെളിച്ച ഈ യുദ്ധത്തിൽ ശുഹദാക്കളുടെ കൂടെ ഒരു തട്ടാൻ കുഞ്ഞന്റെ സ്മരണ, ശുഹദാക്കളെ അനുസ്മരിപ്പിക്കുന്ന മലപ്പുറം നേർച്ചയിലെ ചടങ്ങുകളിലൊന്നാണ്. തട്ടാന്റെ പെട്ടിയെഴുന്നള്ളത്ത് എന്ന ചടങ്ങ് മലപ്പുറംപടയിലെ മതസൗഹാർദത്തെ പ്രതീകവൽക്കരിക്കുന്ന ഒന്നാണ്. വംശീയതയുടെ അന്യത്വം മറന്ന് സാമൂഹികമായ നവോത്ഥാനം ലക്ഷ്യംവെച്ചു കൊണ്ട് നടന്ന യുദ്ധംമലപ്പുറം രണാങ്കണത്തെ ചോരക്കളമാക്കി. ശുഹദാക്കളുടെ ചരിത്രമുറങ്ങുന്ന മലപ്പുറംപടപ്പാട്ട് വംശീയതയെ അതിവംശീയതയിലേക്കും സാമൂഹികതയെ ദേശീയതയിലേക്കും മുൻനടത്തുന്ന സ്മരണയുടെ ഉണർത്തുപാട്ടാകുന്നു. അതുകൊണ്ട് മലപ്പുറംപട ഇശൽസാഹിത്യവീഥിയിലെ ചരിത്രരേഖയായി ഇന്നും ജനഹൃദയങ്ങളിൽ പതിഞ്ഞിരിക്കുന്നുവെന്നത് ഒരു ചരിത്രവസ്തുതതന്നെയാണ്. ഇശൽസാഹിത്യത്തിലെ ഒരു കവിയെന്ന നിലക്കല്ല സമുദായപരിഷ്കർത്താവ് എന്ന നിലയിലാണ് വൈദ്യർ പ്രത്യക്ഷപ്പെടുന്നു.

## ഗ്രന്ഥസൂചി

അബു. ഒ., അറബിമലയാളസാഹിത്യചരിത്രം, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം, 1970.

അബൂബക്കർ. കെ, വൈദ്യരുടെ കാവ്യലോകം, ഇസ്ലാമിക് പബ്ലിഷിംഗ് ബ്യൂറോ, കോഴിക്കോട്, 2007.

അഹമ്മദ്. കെ.എം, എഡി. മഹാകവി മോയിൻകുട്ടിവൈദ്യർ പഠനങ്ങൾ, വൈദ്യർ സ്മാരക കമ്മിറ്റി, കൊണ്ടോട്ടി, 2006.

ബഷീർ ചുങ്കത്തറ, ഇശൽ ചക്രവർത്തി മോയിൻകുട്ടി വൈദ്യർ, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 2010.

ബാലകൃഷണൻ വള്ളിക്കുന്ന്, ഉമർ തറമേൽ. ഡോ., മാപ്പിളപ്പാട്ട് പാഠവും പഠനവും,

ഡി.സി. ബുക്സ്, കോട്ടയം, 2006.

മുഹമ്മദ് അബ്ദുൽകരീം. കെ. കെ, മാപ്പിളകവി സാമ്രാട്ട് മോയിൻകുട്ടി വൈദ്യർ, ആമിനാ ബുക്സ്റ്റാൾ, ഏനാമാക്കൽ, 1955.

മുഹമ്മദ് അബ്ദുൽ കരീം. കെ. കെ., അബൂബക്കർ. കെ, മഹാകവി മോയിൻകുട്ടി വൈദ്യർ സമ്പൂർണ്ണകൃതികൾ, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാഅക്കാദമി, കൊണ്ടോട്ടി, 2015.

*feminacp89@gmail.com*

# മലയാള ഭാഷാചരിത്രം (ചരിത്രപരമായ വായന)

റീന സി.
ഗവേഷക, കാലിക്കറ്റ് സർവ്വകലാശാല

പ്രബന്ധസംഗ്രഹം
ചരിത്രം ആധുനികതയുടെ ഘട്ടത്തിൽ വികസിച്ചുവന്നൊരു വിജ്ഞാനപദ്ധതിയാണ്. നിലനിൽക്കുന്ന ചരിത്രത്തെ പ്രശ്നാധിഷ്ഠിതമായി പഠിക്കുകയാണ് ചരിത്രവിജ്ഞാനീയത്തിൽ നടക്കുന്നത്. അതുപോലെ സാഹിത്യചരിത്രവിജ്ഞാനീയത്തിൽ സാഹിത്യചരിത്രത്തെ പ്രശ്നാധിഷ്ഠിതമായി പഠിക്കുന്നു. സാഹിത്യചരിത്രത്തെ ഒരു ആഖ്യാനമായി പരിഗണിച്ച് ആ ആഖ്യാനത്തിൽ കലർന്ന പ്രത്യയശാസ്ത്രഘടകങ്ങളെ വിശദീകരിക്കുകയാണ് സാഹിത്യചരിത്രവിജ്ഞാനീയം മുന്നോട്ട് വക്കുന്നത്. പി. ഗോവിന്ദപ്പിള്ളയുടെ മലയാള ഭാഷാചരിത്ര(1881)ത്തെ സാഹിത്യചരിത്രവിജ്ഞാനീയത്തെ മുൻനിർത്തിയുള്ള വായനയാണ് ഈ പ്രബന്ധത്തിലൂടെ നടത്തുന്നത്.
***താക്കോൽ വാക്കുകൾ:*** ചരിത്രം, ചരിത്രവിജ്ഞാനീയം, സാഹിത്യചരിത്രവിജ്ഞാനീയം, സ്വത്വം, പ്രതിനിധാനം.

മലയാളഭാഷയിലുണ്ടായ പ്രഥമ സാഹിത്യചരിത്ര-ഗ്രന്ഥമാണ് പി. ഗോവിന്ദപ്പിള്ളയുടെ മലയാളഭാഷാചരിത്രം (1881). മലയാളഭാഷാ ഗ്രന്ഥചരിത്രം, ഭാഷാഗ്രന്ഥചരിത്രം, മലയാളഭാഷാ ഗ്രന്ഥചരിത്രം എന്നിങ്ങനെ പല പേരുകളിൽ അറിയപ്പെടുന്നുണ്ടെങ്കിലും പി. ഗോവിന്ദപ്പിള്ളയുടെ മലയാള ഭാഷാചരിത്രം എന്ന പേരിലാണ് ഗ്രന്ഥത്തിന് പ്രസിദ്ധി. ഭാഷ, ചരിത്രം, സാഹിത്യം, സംസ്കാരം, നിരൂപണം തുടങ്ങി വിവിധ വൈജ്ഞാനിക ശാഖകളുടെ സമന്വയമാണ് സാഹിത്യചരിത്രം. മലയാള ഭാഷാചരിത്രത്തിൻറെ വിമർശനാത്മക വായനയാണ് ഈ പ്രബന്ധത്തിലൂടെ

ഉദ്ദേശിക്കുന്നത്. അതിനായി പ്രബന്ധത്തെ രണ്ടായി തിരിക്കുന്നു. ആദ്യ ഭാഗത്ത് ഗ്രന്ഥസ്വരൂപവും രണ്ടാമത്തെ ഭാഗത്ത് കൃതിയുടെ വിമർശനാത്മക വായനയുമാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

ഒന്നാംഭാഗം

1.1. ചരിത്രം

ചരിത്രം ആധുനികതയുടെ ഘട്ടത്തിൽ വികസിച്ചുവന്നൊരു വിജ്ഞാന പദ്ധതിയാണ്. മറ്റേത് വിജ്ഞാനപദ്ധതിയേയുംപോലെ പ്രാചീനമദ്ധ്യ കാലങ്ങളിൽ അടിസ്ഥാനങ്ങളുണ്ടെങ്കിലും ആധുനികതയോട് കൂടിയാണ് ചരിത്രത്തിന് വ്യക്തമായൊരു ഉള്ളടക്കവും രൂപവും ഉണ്ടായിട്ടുള്ളത് വർത്തമാനകാലത്ത് നിന്നുകൊണ്ട് ഭൂതകാലത്തെ വിശദീകരിക്കലാണ് ചരിത്രരചനയിൽ ചെയ്യുന്നത്. ചരിത്രരചയിതാക്കൾക്ക് ലഭിക്കുന്ന എല്ലാ വിവരങ്ങളും പരസ്പരം ബന്ധിതമായിരിക്കണമെന്നില്ല. ഏതൊക്കെയോ പ്രരൂപങ്ങളെ ലഭിക്കുമ്പോൾ അവയെ ആപേക്ഷികവൽക്കരിച്ച് വിവിധ ശ്രേണികളിൽ ഉൾപ്പെടുത്തുകയാണ് ചരിത്രരചനയിലേർപ്പെടുന്നവർ ചെയ്യുന്നത്. ഒരു പ്രത്യേക കാലഘട്ടത്തിൽ വലിയ മുന്നേറ്റങ്ങളുണ്ടായ പല സംഭവങ്ങളും ചരിത്രാഖ്യാനത്തിനകത്തേക്ക് എത്തുമ്പോൾ വിരു ദ്ധോക്തയായിത്തീരാനും സാദ്ധ്യതയുണ്ട്. എങ്കിലും നിരീക്ഷണം, വർഗ്ഗീക രണം-വിശകലനങ്ങൾ, ക്രമപ്പെടുത്തൽ എന്നിവയെല്ലാം ചരിത്രരചനയിലെ പ്രധാന ഘടകങ്ങളാണ്.

1.2. ചരിത്രവിജ്ഞാനീയം

നിലനിൽക്കുന്ന ചരിത്രത്തെ പ്രശ്നവൽക്കരിക്കുന്ന പഠനപദ്ധതിയാണ് ചരിത്രവിജ്ഞാനീയം. നിലനിൽക്കുന്ന ചരിത്രത്തെ പ്രശ്നാധിഷ്ഠിതമായി പഠിക്കുകയാണിതിലൂടെ ചെയ്യുന്നത്. ചരിത്രരചനയെ ജാതി-വർഗ്ഗം, ലിംഗം, രാഷ്ട്രം, ദേശം, വംശം തുടങ്ങി നിരവധി ഘടകങ്ങൾ സ്വാധീനി ക്കപ്പെടും. ചരിത്രരചനയിലെ ഓരോ ഘട്ടത്തിലും ചരിത്രരചയിതാക്കളുടെ താൽപര്യങ്ങൾ അതിൽ കലർന്നേക്കാവുന്നതാണ്. ചരിത്രകൃതികളിൽ നിരവധിയായ വസ്തുക്കളെ എങ്ങനെയാണ് പ്രതിനിധാനം ചെയ്യപ്പെട്ടിരി ക്കുന്നത് എന്ന അന്വേഷണമാണ് ചരിത്രവിജ്ഞാനീയത്തിൽ നടക്കുന്നത്. പഴമയിൽനിന്നുള്ള ഓർമ്മകൾ തിരഞ്ഞെടുത്ത് ക്രമീകരിച്ച് രേഖീയമായ തുടർച്ചയിൽ നിർമ്മിച്ചെടുക്കുന്ന ചരിത്രത്തെ പ്രശ്നാധിഷ്ഠിതമായി ചരി ത്രവിജ്ഞാനത്തിൽ പഠിക്കപ്പെടുകയാണ് ചെയ്യുന്നതെന്ന് പറഞ്ഞല്ലോ.

ആ സന്ദർഭത്തിൽ ചരിത്രത്തിലും, സാഹിത്യചരിത്രത്തിലുമെല്ലാം രചയിതാക്കളുടെ കർതൃത്വത്തെയാണ് മനസ്സിലാക്കാനാകുന്നത്. അതായത് അവിടെയെല്ലാം നിരാസങ്ങളും വിടവുകളും, പ്രതിഷ്ഠാപനങ്ങളും, പുകഴ്ത്തൽ/ഇകഴ്ത്തലുകളുമെല്ലാം കാണാനാവും. ഇത്തരത്തിലുള്ള ആഖ്യാനങ്ങളെ വസ്തുനിഷ്ഠമായി പഠിക്കുകയാണ് ചരിത്രവിജ്ഞാനീയത്തിലും, സാഹിത്യചരിത്രവിജ്ഞാനീയത്തിലും നടക്കുന്നത്..

### സാഹിത്യചരിത്രം; സാഹിത്യചരിത്രവിജ്ഞാനീയം

ആധുനികതയുടെ ഘട്ടത്തിൽ വളർന്നു വികസിച്ച ഘടനാവാദാന്തര ചിന്തയുടെയും നവചരിത്രവാദത്തിൻറെയും ചിന്താപരിസരത്തിലാണ് സാഹിത്യചരിത്രവിജ്ഞാനീയം വികസിക്കുന്നത്. ചരിത്രവിജ്ഞാനീയത്തിൽ ചരിത്രത്തെ പ്രശ്നാധിഷ്ഠിതമായി പഠിക്കുകയാണ് ചെയ്യുന്നത്. അതുപോലെത്തന്നെ സാഹിത്യചരിത്രവിജ്ഞാനീയത്തിൽ സാഹിത്യചരിത്രത്തെ പ്രശ്നാധിഷ്ഠിതമായി പഠിക്കുന്നു. അതായത് സാഹിത്യചരിത്രത്തെ ഒരു ആഖ്യാനമായി പരിഗണിക്കുന്നു. എന്നിട്ട് ആ ആഖ്യാനത്തിൽ കലർന്ന പ്രത്യയശാസ്ത്രഘടകത്തെ വിശദീകരിക്കാനാണ് സാഹിത്യചരിത്രവിജ്ഞാനീയത്തിൽ നടക്കുന്നത്.

സാഹിത്യചരിത്രത്തിൽ എഴുത്തുകാരെ പാഠവുമായി ബന്ധിപ്പിക്കുന്നു. നിരവധിയായി കൃതികളെ മനസ്സിലാക്കാനൊരു വഴി തുറക്കുന്നത് സാഹിത്യചരിത്രത്തിലൂടെയാണ്. വ്യത്യസ്തമായ അറിവ് നമുക്ക് സാഹിത്യചരിത്രത്തിലൂടെ ലഭിച്ചപ്പോൾ ആ അറിവിന് അധികാരവുമായി ബന്ധമുണ്ടോ എന്നത് സുപ്രധാനമായൊരു അന്വേഷണവിഷയമാണ്. ചരിത്രത്തിൽ നിന്നും ഏറെ വ്യത്യാസമുണ്ട് സാഹിത്യചരിത്രത്തിന്. സാഹിത്യചരിത്രമെന്നു പറയുന്നത് സാഹിത്യപഠനത്തിനുള്ളൊരു ആമുഖമല്ല. അത് സാഹിത്യചിന്തയുടെ ചരിത്രവുമല്ല. സാഹിത്യത്തിൻറെയും സാഹിത്യാഭിരുചിഭേദങ്ങളുടെയും, ഭാവുകത്വപരിണാമങ്ങളുടെയും അടിസ്ഥാനം കണ്ടെത്തുകയും അതിൻറെ ചരിത്രത്തെ യുക്തിഭദ്രമായി അവതരിപ്പിക്കുകയും ചെയ്യുന്ന കൃതികളെയാണ് സാഹിത്യചരിത്രമെന്ന് പറയുന്നത്1 (2015:10). സാഹിത്യചരിത്രത്തിൻറെ പ്രാധാന്യം വർദ്ധിക്കുന്നത് ചരിത്രത്തോട് സത്യസന്ധമായി ഇടപെട്ട് ചരിത്രരചനയെ അടയാളപ്പെടുത്തുകയെന്ന ദൗത്യം നിർവ്വഹിക്കുമ്പോഴാണ്. സാഹിത്യചരിത്രത്തിൽ ചിലതിനെ സ്വീകരിക്കുന്നതായും മറ്റു ചിലതിനുനേരെ കണ്ണടയ്ക്കുന്നതായും കാണാം. അതായത് എഴുത്തുകാർ പാഠങ്ങളുടേതായ ഒരു തിരഞ്ഞെടുപ്പ് നടത്തുവാൻ

സാദ്ധ്യതയുള്ള ഇടമാണിത്. ചരിത്രത്തിൽ കാര്യങ്ങളെ വസ്തുനിഷ്ഠമായി പറഞ്ഞുപോകാം. എന്നാൽ സാഹിത്യചരിത്രങ്ങളിൽ അങ്ങനെയല്ല, അവിടെ ഓരോരുത്തരും പരിചരിക്കുന്ന കൃതികൾ വ്യത്യസ്ത മാനങ്ങളാ യിരിക്കും നൽകിയിരിക്കുക.2 (1992:178). സാഹിത്യചരിത്രത്തെക്കുറിച്ച് പോൾ വെയിൻ അഭിപ്രായപ്പെടുന്നത് "സാഹിത്യജീവിതത്തിൻറെയും അഭിരുചികളുടേയും ചരിത്രം എന്നാണ്" (1992 : 177) (ചരിത്രം ഭൂതകാല ത്തെപ്പറ്റി അടയാളപ്പെടുത്തുമ്പോൾ സാഹിത്യചരിത്രം ഭൂതകാലത്തെ അടയാളപ്പെടുത്താൻ മാത്രമല്ല സാഹിത്യകൃതിക്കുമേൽ പുതിയൊരു വെളിച്ചം വീശുകയാണ് ചെയ്യുന്നത്. സാഹിത്യചരിത്രത്തിൽ എങ്ങനെ എന്തുകൊണ്ട് ഒരു കൃതി അതിൻറെ രൂപം, പ്രമേയം എന്നിവ ആർജ്ജിച്ചു വെന്ന് വിശദീകരിക്കാൻ ബാദ്ധ്യസ്ഥമാണ്. അത്തരത്തിൽ അവയെ വ്യക്ത മായി മനസ്സിലാക്കാൻ വായനക്കാരനെ സഹായിക്കണം. വായനക്കാരനെ ഭൂതകാലവുമായി സംവാദത്തിലേർപ്പെടാൻ തയ്യാറാക്കുകയാണ് സാഹിത്യ ചരിത്രരചയിതാക്കൾ ഏറ്റെടുക്കേണ്ട ധർമ്മം. സാഹിത്യചരിത്രരചനയിൽ സാമാന്യവൽക്കരണം (generalisation) വർഗ്ഗീകരണം (classification) സജ്ജീകരണം (organisation) തിരഞ്ഞെടുക്കൽ (selection) എന്നിവയിൽ ശ്രദ്ധയൂന്നുകയും ചരിത്രരചയിതാക്കളുടെ കാഴ്ചപ്പാടുകൾക്ക് വളരെയേറെ പ്രാധാന്യമുണ്ട് (2015:13).

ഗ്രന്ഥസ്വരൂപം

മലയാളഭാഷാസാഹിത്യ ചരിത്രഘട്ടത്തെ പൂർവ്വാപര്യരീതിയിൽ ക്രമാനു ഗതമായി അവതരിപ്പിക്കുന്ന സമീപനമാണ് മലയാള ഭാഷാചരിത്രത്തിൽ ഉള്ളത്. ഒന്നാമത്തെ അദ്ധ്യായത്തിൽ പൂർവ്വഭാഗം, ഉത്തരഭാഗം എന്നി ങ്ങനെ തിരിച്ച് ആര്യന്മാരും സംസ്കൃതഭാഷയും, ദ്രാവിഡന്മാരും ദ്രാവിഡഭാ ഷയും എന്നിങ്ങനെയും രണ്ടാമത്തെ അദ്ധ്യായത്തിൽ കേരളത്തിൻറെയും മലയാളഭാഷയുടെയും ഉത്ഭവം, പരശുരാമ ഐതിഹ്യം എന്നിങ്ങനെയാണ് ഒന്നും രണ്ടും അദ്ധ്യായത്തിലെ ചരിത്രവിവരണത്തിന് കാലസൂചനയില്ല. മൂന്നാം അദ്ധ്യായം മുതൽ കാലത്തിൻറെ പശ്ചാത്തലത്തിലാണ് വിവരണം.

മൂന്നാം അദ്ധ്യായം കലിവർഷാരംഭം മുതൽ 3000 വരെ ഈ കാലഘ ട്ടത്തിലെ ദേശചരിത്രം, ഭാഷാസവിശേഷതകൾ, വരരുചി, പറയിപെറ്റ മഹാന്മാർ എന്നിവരെപ്പറ്റി വിവരിക്കുന്നു.

നാലാം അദ്ധ്യായത്തിൽ കലിവർഷം 3000 മുതൽ 3926 വരെ അല്ലെ ങ്കിൽ കൊല്ലവർഷാരംഭം വരെയുള്ള ദേശചരിത്രം ശങ്കരാചാര്യസ്വാമി,

ചെമ്പുപട്ടയങ്ങൾ, ചാക്യാർകൂത്ത്, കേരളീയജ്യോതിഷഗ്രന്ഥങ്ങൾ, യാത്രക്കളി എന്നിവയെപ്പറ്റി വിവരിക്കുന്നു.

അഞ്ചാം അദ്ധ്യായത്തിൽ മദ്ധ്യകാല മലയാളം (കൊല്ലവർഷം 1 മുതൽ 300 വരെ) ദേശചരിത്രം, ഭാഷാചരിത്രം, കവികളെപ്പറ്റിയുള്ള വിവരണം എന്നിവ.

ആറാം അദ്ധ്യായത്തിൽ, മദ്ധ്യകാലമലയാളം (കൊല്ലവർഷം 300 മുതൽ 500 വരെ (ഈ കാലഘട്ടത്തിലെ ദേശചരിത്രം രാമചരിതം, അയ്യിപ്പിള്ള ആശാൻ, തലക്കുളത്ത് ഭട്ടതിരി എന്നിങ്ങനെ ക്രമമായി വിവരിക്കുന്നു.

ഏഴാമദ്ധ്യായത്തിൽ (മദ്ധ്യകാലമലയാളം) കൊല്ലവർഷം 500-600 വരെ ജ്യോതിഷം, തച്ചുശാസ്ത്രം , കേരളീയാചാരഗ്രന്ഥങ്ങൾ, കണ്ണശ്ശന്മാർ എന്നിങ്ങനെ വിവരിക്കുന്നു.

എട്ടാം അദ്ധ്യായത്തിൽ (നവീനമലയാളം) കൊല്ലവർഷം 600-700 വരെ (ഈ കാലഘട്ടത്തിലെ ദേശചരിത്രം, ഭാഷാസവിശേഷത, കൊട്ടാരക്കരത്തമ്പുരാൻ, ശക്തൻതമ്പുരാൻ, ഉദ്ദണ്ഡശാസ്ത്രികൾ തുടങ്ങി സാഹിത്യകാരന്മാരെ വിവരിക്കുന്നു.

ഒമ്പതാമദ്ധ്യായത്തിൽ (നവീനമലയാളകാലം) കൊല്ലവർഷം 700-800 വരെ) ഈ കാലഘട്ടത്തിലെ ദേശചരിത്രം, ഭാഷാചരിത്രം, സാഹിത്യകാരന്മാരെപ്പറ്റി വിവരിക്കുന്നു. (തുഞ്ചത്തെഴുത്തശ്ശൻ, പൂന്താനം, തൃക്കണ്ടിയൂർ അച്യുതപിഷാരടി എന്നീ കവികൾ പത്താം അദ്ധ്യായത്തിൽ (നവീനമലയാളകാലം) കൊല്ലവർഷം 800-900 വരെ ഈ കാലഘട്ടത്തിലെ ദേശചരിത്രം, ഭാഷാസാഹിത്യകൃതികൾ എന്നിവ പരാമർശിക്കുന്നു. കപ്ലിങ്ങാട്ട്, കല്ലടിക്കോട്ട് നമ്പൂതിരി, കോഴിക്കോട് ശക്തൻതമ്പുരാൻ, പൂനം, മഴമംഗലം തുടങ്ങിയവരെ പരാമർശിക്കുന്നു.

പതിനൊന്നാം അദ്ധ്യായം (900-1000 പൂർവ്വാർദ്ധം) ദേശചരിത്രം, ഭാഷാസാഹിത്യകാരന്മാരെപ്പറ്റി വിവരിക്കുന്നു. ആട്ടക്കഥ, രവിവർമ്മ കോയിത്തമ്പുരാൻ എന്നിങ്ങനെ വിശദമാക്കുന്ന പന്ത്രണ്ടാം അദ്ധ്യായം (900-1000 ഉത്തരാർദ്ദ്രം).

ഉണ്ണായിവാര്യർ കൃതികൾ, രാമപുരത്താചാര്യർ കൃതികൾ പൂന്തോട്ടം നമ്പൂതിരി തുടങ്ങിയവ വിവരിക്കുന്നു.

പതിമൂന്നാമദ്ധ്യായത്തിൽ (കൊല്ലവർഷം 1000-110 പൂർവ്വാർദ്ധം) ഇംഗ്ലീഷുകാരുടെ വരവിനാൽ ഭാഷയ്ക്കുണ്ടായ അഭിവൃദ്ധി പുന്നശ്ശേരി ശ്രീധരൻതമ്പി, മച്ചാട്ടിളയത്, ഉത്രംതിരുനാൾ മഹാരാജാവ്, കേരളവിലാസം

അച്ചുകൂടം, കോവുണ്ണിനെടുങ്ങാടി, മകയിരം തിരുനാൾ തമ്പുരാട്ടി, കിളിമാനൂർ ഗോദവർമ്മതമ്പുരാൻ തുടങ്ങി 29 പേരെ പറ്റിയുള്ള ചെറിയ കുറിപ്പുകൾ.

പതിനാലാമദ്ധ്യായത്തിൽ (കൊല്ലവർഷം 1000-1400 ഉത്തരഭാഗം) കേരളവർമ്മ വലിയ കോയിത്തമ്പുരാൻ, കടത്തനാട്ട് ഉദയവർമ്മത്തമ്പുരാൻ, വെണ്മണി, വയസ്കര മൂസ്സ്, ചാത്തുക്കുട്ടി മന്നാടിയാർ, കുട്ടിക്കുഞ്ഞിത്തങ്കച്ചി, തോട്ടക്കാട്ട് ഇക്കാവമ്മ തുടങ്ങി 40 കവികളുടെ കുറിപ്പുകൾ.

പതിനഞ്ചാമദ്ധ്യായത്തിൽ (കൊല്ലവർഷം 1000-1100) പൂർവ്വാർദ്ധം ആയില്യംതിരുനാൾ, തിരുവിതാംകൂർചരിത്രം, റവ: ബെയ്ലി, ഗുണ്ടർട്ട്, മലയാന്മയുടെ വ്യാകരണം, കോളിൻസ് തുടങ്ങിയവരുടെ കുറിപ്പുകൾ.

പതിനാറാമദ്ധ്യായത്തിൽ (1000-1100) ഉത്തരാർദ്ധം- ചിദംബരവാദ്ധ്യാർ, സി.വി.രാമൻപിള്ള, മുൻഷി രാമക്കുറുപ്പ് തുടങ്ങി 25 പേരെപ്പറ്റി വിവരിക്കുന്നു. തുടർന്ന് അനുബന്ധങ്ങളാണ്.

അനുബന്ധം 1

ഒന്നാം വാല്യത്തെപ്പറ്റി പത്രങ്ങൾ, ചില സഹൃദയർ എഴുതിയ അഭിപ്രായം

അനുബന്ധം 2

വലിയ കോയിത്തമ്പുരാൻറെ സാക്ഷ്യപത്രം നസ്രാണിദീപിക, വിദ്യാവിനോദിനി എന്നിവയിൽ വന്ന മലയാളഭാഷാചരിത്രത്തെ പറ്റിയുള്ള അഭിപ്രായം. ഗോവിന്ദപ്പിള്ളയുടെ ചരമത്തെപ്പറ്റി മലയാള മനോരമയിൽ എഴുതിയ ഉപമുഖപ്രസംഗം.

അനുബന്ധം 3

1056-ലെ ഒന്നാം പതിപ്പിൽ ചേർത്ത സംഗതിവിവരം.

സൂചിക എന്നിവ

**രണ്ടാം ഭാഗം**

**ദേശചരിത്രവും ഭാഷാചരിത്രവും**

മലയാളഭാഷാചരിത്രത്തിൽ ദേശചരിത്രത്തിനും ഭാഷാചരിത്രത്തിനും വളരെയേറെ പ്രാധാന്യമുണ്ട്. ഒന്നും രണ്ടും അദ്ധ്യായമൊഴിച്ച് ബാക്കിഓരോ അദ്ധ്യായവും തുടങ്ങുന്നത് കാലഗണനക്കനുസരിച്ചാണ്. ഭാരതവർഷത്തിലെ ആദിമനിവാസികളായ ആര്യന്മാരുടെയും, ദ്രാവിഡരുടെയും ആഗമനം മുതൽക്കുള്ള ചരിത്രം ഗോവിന്ദപ്പിള്ള അവതരിപ്പിക്കുമ്പോൾ

ചരിത്രവസ്തുതകളേക്കാൾ ഐതിഹ്യത്തിനാണ് ഇവിടെ പ്രാധാന്യം നൽകിക്കാണുന്നത്. മറ്റൊന്ന് കേരളോൽപത്തിയുമായി സംബന്ധിച്ച് പരശുരാമകഥ വിശദമായിത്തന്നെ വിശദീകരിക്കുന്നുണ്ട്. കേരളോൽപത്തിയെക്കുറിച്ചൊക്കെ പ്രതിപാദിക്കുന്ന സന്ദർഭത്തിൽ ചരിത്രരേഖകളെത്തന്നെ സാഹിത്യചരിത്ര രചയിതാവിന് കൃത്യമായി അടയാളപ്പെടുത്താമായിരുന്നു. ദേശചരിത്രത്തെക്കുറിച്ച് വിവരിക്കുമ്പോൾ വസ്തുനിഷ്ഠമായിത്തന്നെ കാര്യങ്ങൾ വിചാരിക്കേണ്ടതാണ്. ദേശചരിത്രവിവരണത്തിൽ ഐതിഹ്യത്തെയെല്ലാം ഒരു സാഹിത്യചരിത്രത്തിൽ അവതരിപ്പിക്കുമ്പോൾ അത് വളരെയേറെ ആലോചിക്കേണ്ട വസ്തുതായിട്ടാണ് കണക്കാക്കേണ്ടത്. ചരിത്രവസ്തുതകൾക്ക് നേരെ സ്വീകരിക്കേണ്ട വസ്തുനിഷ്ഠ സമീപനമില്ലാതെയുള്ളതിന് മറ്റൊരു ഉദാഹരണമാണ് ഹൈദരാലിയുടെയും ടിപ്പുവിൻറെയും പടയോട്ടം. ഒരു വിദ്വാൻ പറയുന്നതുപോലെയുള്ള വിവരണമാണിവിടെ കാണാനാവുക. ഐതിഹ്യത്തെ ആധാരമാക്കിക്കൊണ്ട് ദേശചരിത്രം പറയുകയും തുടർന്നതിന് ശേഷം ഭാഷാചരിത്രം വിശദീകരിക്കുകയുമാണ് ഗോവിന്ദപ്പിള്ള ചെയ്യുന്നത്. ജാതിവിഭജനവും, കാലവിഭജനവും അടയാളപ്പെടുത്താനായി കേരളോൽപത്തി, കേരളമാഹാത്മ്യം എന്നീ കൃതികളെ സാഹിത്യചരിത്രകാരൻ ഉപജീവിക്കുന്നതായി കാണാം. ഐതിഹ്യത്തെ ഉപാദാനമാക്കി സ്വീകരിച്ചിരിക്കുന്നതിൻറെ പോരായ്മകൾ കൃതിയിൽ കാണാൻ സാധിക്കുന്നതാണ്.

### സംസ്കൃതാഭിമുഖ്യം

ദ്രാവിഡഭാഷകൾ അത്രയും സംസ്കൃതത്തിൽനിന്നും ഉണ്ടായതാണെന്നു പറയുന്നത് അബദ്ധമാണ്. സംസ്കൃതത്തിലും, വ്യാകരണത്തിലും, നിഘണ്ടുക്കളിലുമൊക്കെ ശ്രദ്ധിച്ചുനോക്കിയാൽ ദ്രാവിഡഭാഷാസംബന്ധമായ സൂത്രവും, വാക്കുകളും കാണും. അതുപോലെ തിരിച്ചും. അതിനാൽ ദ്രാവിഡഭാഷകളും സംസ്കൃതവും മൂന്നാമതൊരു ഭാഷയിൽനിന്ന് ഉത്ഭവിച്ചതാണെന്ന് വിചാരിക്കാനേ പാടുള്ളൂ. (ഗോവിന്ദപ്പിള്ള 1960:42) മലയാളഭാഷയുമായി സംബന്ധിച്ച് ഭാഷോൽപത്തിയിൽ സംസ്കൃതത്തിന് ആഢ്യത്യപാരമ്പര്യമൊന്നും കൽപിച്ചുനൽകാതെ സാഹിത്യചരിത്രകാരൻ തൻറെ നിലപാട് സ്വതന്ത്രമായി പറയുകയാണ് ചെയ്തത്. എന്നാൽ സംസ്കൃതഭാഷയുടെ മേന്മയെക്കുറിച്ചും അതുകൊണ്ട് ബ്രാഹ്മണർക്കുണ്ടായ ഔന്നത്യത്തെപ്പറ്റിയും പറയുന്നത് " സംസ്കൃതഭാഷ ഭൂലോകത്തിലുള്ള എല്ലാ ഭാഷകളിലും വെച്ച് ശ്രേഷ്ഠമായിട്ടുള്ള ഒരു ഭാഷയാകുന്നു എന്നുള്ളത് നിർവ്വിവാദമാണ്.

ആര്യന്മാർക്ക് ഉന്നതസ്ഥിതിക്കു ഹേതുഭൂതമായിത്തീർന്ന ഭാഷ സംസ്കൃതഭാഷയാകുന്നു (1889:45) എന്നെല്ലാം പറഞ്ഞതിന് ശേഷം ദ്രാവിഡന്മാരുടെ പരിഷ്കാരം സാദ്ധ്യമായത് ഈ ഭാഷ ഉപയോഗിക്കുന്ന ആര്യന്മാർ ഉത്തരദിക്കിൽനിന്നും ദക്ഷിണത്തിലേക്ക് പ്രവേശിച്ചതിനാലാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

### ആംഗലേയാഭിമുഖ്യം

ആംഗലേയ പണ്ഡിതന്മാർ പറയുന്നത് അതേപടി അംഗീകരിക്കുകയും, ആംഗലേയ വൈജ്ഞാനികതയ്ക്ക് മുന്നിൽ വിധേയപ്പെടുകയും ചെയ്യുന്ന ഗോവിന്ദപ്പിള്ളയെ ഭാഷാചരിത്രത്തിൻറെ തുടക്കംമുതൽ അവസാനംവരെ കാണാം. ഒന്നാം അദ്ധ്യായത്തിലെ ആദ്യപുറത്തിൽത്തന്നെ ഭാരതവാസികളുടെ ആഗമനത്തെക്കുറിച്ച് പറയുന്ന സന്ദർഭത്തിൽ ആംഗലേയഗ്രന്ഥത്തോടുള്ള തികഞ്ഞ വിധേയത്വം ഗോവിന്ദപ്പിള്ളയിൽ കാണാനാകും. അതിങ്ങനെയാണ്: ഭാരതഖണ്ഡത്തിൽ പാർക്കുന്ന സകലജനങ്ങളും പരദേശികളാകുന്നു. അവർ ഇവിടെ വന്നതു ഹിമവാൻ പർവ്വതത്തിൻറെ വടക്കുപടിഞ്ഞാറുള്ള ടാട്ടറിദേശത്തിൽനിന്നാണ്. ആ പ്രദേശത്തിൽനിന്നും അനേകായിരത്താണ്ടിനിടയ്ക്ക് കൂട്ടംകൂട്ടി ജനങ്ങൾ പലപ്പോഴും ഇറങ്ങിത്തിരിച്ച് ഭൂലോകത്തിൽ പല രാജ്യങ്ങളിലും വ്യാപിച്ച് വസിക്കയാണ് ചെയ്തിരുന്നത്. മനുഷ്യവംശത്തിൻറെ ആദ്യജന്മഭൂമിയും അവിടെയാകുന്നു. ഈ അഭിപ്രായത്തെക്കുറിച്ച് തർക്കിക്കാൻ പാടില്ലാത്തവിധത്തിൽ ഓരോ ഇംഗ്ലീഷ് വിദ്വാന്മാർ ഗ്രന്ഥങ്ങളെ നിർമ്മിച്ച് അവയ്ക്ക് ദൃഷ്ടങ്ങളായ ചതുർവിധപ്രമാണങ്ങളോട് കൂടെ വ്യവഹരിപ്പാൻ സന്നദ്ധന്മാരായിരിക്കുന്നു- യുക്തി അവയെ അനുകൂലിക്കുകയും ചെയ്യുന്നു" (ഗോവിന്ദപ്പിള്ള.പി 1889:1-2).

സംസ്കൃതഭാഷ ഭൂലോകത്തുള്ള എല്ലാ ഭാഷകളിലുംവെച്ച് ശ്രേഷ്ഠമായ ഒരു ഭാഷയാകുന്നു എന്നുള്ളത് നിർവിവാദമാകുന്നു. അങ്ങനെയുള്ള ഭാഷ ഉപയോഗിക്കുന്ന ആര്യന്മാർ ഉത്തരദിക്കിൽനിന്നും ദക്ഷിണദിക്കിലേക്ക് പ്രവേശിക്കയാൽ ദ്രാവിഡന്മാർക്ക് അധികം പരിഷ്കാരത്തിന് ഇടവന്നതായി കാണുന്നു. ഗോദാവരി, കൃഷ്ണ, കാവേരി, താമ്രപർണ്ണി മുതലായ നദീതീരങ്ങളിലെ വിളവുള്ള ഭൂമികളുടെ വർത്തമാനം കേട്ടിട്ടോ, ത്രേതായുഗത്തിൽ ശ്രീരാമനാൽ രാമേശ്വരത്ത് പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള ശിവലിംഗത്തിൻറെ മാഹാത്മ്യം അറിഞ്ഞിട്ടോ ആയിരിക്കാം ആര്യന്മാർ തെക്കോട്ട് വന്നിട്ടുള്ളതെന്ന് ഊഹിക്കാവുന്നതാകുന്നു. ഇത്രത്തോളം പ്രസ്താവിച്ചതായും ഇംഗ്ലീഷ് വിദ്വാന്മാരുടെ അഭിപ്രായമാണ്. യുക്തിക്ക് അനുകൂലമായിരിക്കുന്നതിനാൽ

അതിനെ ഞാൻ സ്വീകരിക്കുന്നു” (1889:8). ഇവിടെയും ആംഗലേയ നിരീക്ഷണത്തെ പിന്തുടരുന്നതായാണ് കാണാനാകുന്നത്. എന്നാൽ മറ്റൊരു ഘട്ടത്തിൽ പറയുന്നത് സകല സാരാന്വേഷികളായും ബുദ്ധിമാന്മാരായുമുള്ള ഇംഗ്ലീഷുകാരുടെ അഭിപ്രായം മിക്ക വിഷയങ്ങളിലും നമുക്ക് സ്വീകരിക്കാമെങ്കിലും ഇന്ത്യയിൽ നടന്നിട്ടുള്ള പുരാതന വൃത്താന്തങ്ങൾക്ക് ഇവർ ഊഹിച്ചു നിശ്ചയിക്കുന്ന വർഷം അത്ര സ്വീകരിക്കാൻ പാടില്ല. (1956: 46) ഇവിടെ ആംഗലേയ പക്ഷത്തെ അവിശ്വസിക്കുന്നതായും കാണാനാകും. ശങ്കരാചാര്യരെപ്പറ്റി, പറയുന്ന സന്ദർഭത്തിൽ കാര്യത്തെ അരക്കിട്ടുറപ്പിക്കാൻ ആംഗലേയ പണ്ഡിത അഭിപ്രായത്തെപ്പറ്റി പറയുന്നത് “വേദം, വേദാന്തം, മുതലായ ഗ്രന്ഥങ്ങൾക്ക് സ്വാമികൾ വ്യാഖ്യനങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അവയെ ഇപ്പോഴും പണ്ഡിതന്മാരായ ഇംഗ്ലീഷ് ശാസ്ത്രജ്ഞർപോലും വളരെ ശ്ലാഘിച്ച് പറയുന്നു. (1956: 78) തച്ചോളി ഒതേനനക്കുറിച്ച് പറയുന്ന സന്ദർഭത്തിൽ ഇംഗ്ലണ്ടിലെ റോബിൻ ഹുഡ്ഡായി താരതമ്യപ്പെടുത്തുന്നത്. (1956: 122-123) ഇങ്ങനെ താരതമ്യപ്പെടുത്തുന്നത് ആംഗലേയ അടിമത്തം നിമിത്തമല്ലേ. തച്ചോളി ഒതേനനെ മലയാളികൾക്ക് പാട്ടിലൂടെ സുപരിചിതമാണ്. എന്നാൽ ഇംഗ്ലണ്ടിലെ റോബിൻ ഹുഡ് പരിചിതമല്ല. പരിചിതമല്ലാത്തൊരു താരതമ്യപ്പെടുത്തൽ നടക്കുന്നത് ഇംഗ്ലീഷ് വിധേയത്വം മൂലമല്ലേ എന്നെ ചിന്തിക്കാനാകൂ.

### ജാതിനിരീക്ഷണങ്ങൾ

ആര്യന്മാരുടെ വരവിനെപ്പറ്റി പറയുമ്പോഴാണ് വർണ്ണങ്ങളെക്കുറിച്ച് ഗോവിന്ദപ്പിള്ള അഭിപ്രായപ്പെടുന്നത് ആര്യന്മാർ വളരെ ബുദ്ധിമാന്മാരും, പഠിത്തമുള്ളവരുമായിരുന്നു. ആര്യൻ പദത്തിൻറെ അർത്ഥം ശ്രേഷ്ഠൻ എന്നാകുന്നു. അവരുടെ യോഗ്യത നിമിത്തം അവർക്ക് ശ്രേഷ്ഠതയുണ്ടായി. അവർ വേദമന്ത്ര ശ്രുതിസ്മൃതി കർത്താക്കന്മാരാകയാൽ അവരെ ആര്യബ്രാഹ്മണരെന്ന് വിളിച്ചു. അവർക്ക് മുമ്പെ ഇവിടെ പാർത്തിരുന്നവരെ മ്ലേച്ഛന്മാരെന്നും വിളിച്ചുവന്നു. ഇങ്ങനെ ആദ്യം രണ്ട് ജാതികളുണ്ടായി. അതിൽനിന്നും പിന്നീട് അവരവരുടെ ജോലിനിമിത്തം ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ ശൂദ്ര എന്നീ ചാതുർവർണ്ണങ്ങളുണ്ടായി. ഈ വിധത്തിൽ ജാതിയെ അടയാളപ്പെടുത്തുന്നതെങ്കിലും അക്കാലത്ത് നിലനിന്നിരുന്ന ജാതി വ്യവസ്ഥിതിയെക്കുറിച്ചൊന്നും ഗോവിന്ദപ്പിള്ള പറയുന്നില്ല. (1956: 43)

സ്ത്രീപ്രതിനിധാനങ്ങൾ

സാഹിത്യചരിത്രത്തിൽ സ്ത്രീകൾക്ക് സ്വന്തമായി പേരില്ലാതെയാണ് കാണാനാകുന്നത്. അവർ സർവ്വനാമത്തിലാണ് അടയാളപ്പെടുത്തപ്പെട്ടത്. വാരസ്യർ, അകായിലുള്ളവർ, നങ്ങ്യാന്മാർ, ഒരു തമ്പ്രാട്ടി നമ്പൂതിരി സ്ത്രീ എന്നിങ്ങനെയാണവരുടെ പേരുകൾ സൂചിപ്പിച്ച് കാണുന്നത്. ആദ്യകാലത്തെ കൃതികളുടെയെല്ലാം രചനാകർതൃത്വം നമ്പൂതിരിമാർക്ക്, രാജാക്കന്മാർക്ക്, രാജസേവകർക്ക് എല്ലാം കൽപ്പിച്ചു നൽകുകയല്ലാതെ അവിടെയൊന്നും സ്ത്രീ എഴുത്തുകാരികളെപ്പറ്റി പരാമർശിക്കപ്പെടുന്നേയില്ല. മലയാള ഭാഷാചരിത്രത്തിൽ ബ്രാഹ്മണസ്ത്രീ പാടിയിരുന്ന പാട്ടാണ് ബ്രാഹ്മണിപ്പാട്ടുകൾ എന്നാണ് പറയുന്നത്. "പരശുരാമൻറെ കാലത്തെ ഒരു ബ്രാഹ്മണസ്ത്രീ രജസ്വലയായിരിക്കുമ്പോൾ ഉണ്ടായ കുട്ടികളെ വേർപിരിച്ച് പാർപ്പിച്ച അവർക്ക് പുഷ്പകവൃത്തി കൽപിച്ചു. അതിൽ സ്ത്രീകളെ ബ്രാഹ്മണിയെന്ന പേർ വിളിച്ച് അവർക്ക് ശൂദ്രരുടെ കല്യാണങ്ങൾക്ക് പാർവ്വതിസ്വയവരം, ലക്ഷ്മീസ്വയംവരം, കൃഷ്ണലീല, ഭഗവതിക്ഷേത്രത്തിൽ ദാരുകവധം, സുംഭനിസുംഭവധം തുടങ്ങിയ പാട്ടുകൾ പാടുക വൃത്തിയായി ഏർപ്പെടുത്തി അവയെ ബ്രാഹ്മണിപ്പാട്ടെന്ന് പറയുന്നു (1889:37) - ഇവിടെ പാട്ടുപാടിയത് സ്ത്രീയാണെന്ന് പറയുന്നുവെന്നല്ലാതെ, രചനാകർതൃത്വം നൽകാൻ ശ്രമിക്കുന്നതായൊന്നും കാണുന്നില്ല. അതുപോലെത്തന്നെ തിരുവാതിരപ്പാട്ടും ഇവിടെ പണ്ടു മുതൽക്കേ അതുണ്ടായിരുന്നു എന്ന് പറയുകയാണ് ചെയ്യുന്നത് (1889: 128).

പുരുഷ കർത്തൃത്വത്തിൻറെ നിഴലിലാണ് ചില സ്ത്രീ എഴുത്തുകാരെ പരിഗണിക്കുന്നത്. ഉദാഹരണത്തിന് മനോരമത്തമ്പുരാട്ടിയെപ്പറ്റി പറയുന്നത്. അശ്രർ ഭട്ടതിരിയെ പരാമർശിക്കുന്നിടത്താണ് ഇവരുള്ളത്. ഉള്ളത് തന്നെ ഒരു വാചകത്തിലുമാണ്. ഏകദേശം 60 കൊല്ലം മുമ്പ് മരിച്ചു. കോഴിക്കോട് അമ്പാടിക്കോവിലകത്ത് കൗമുദി വ്യാഖ്യാനം ഹ്യദിസ്ഥമാക്കിയ മനോരമതമ്പുരാട്ടിയുടെ ശിഷ്യനായി താമസിച്ചു. (1956: 333) ഇവിടെ എഴുത്ത് കർത്തൃത്വത്തേക്കാൾ മറ്റ് മൂല്യങ്ങൾക്കാണ് സാഹിത്യചരിത്രത്തിൽ പ്രാധാന്യം നൽകി കാണുന്നത്.

കുട്ടിക്കുഞ്ഞി തങ്കച്ചിയെ പറയുന്ന ഭാഗത്ത് കേരളത്തിലെ മുഖ്യകവിയായിരുന്ന രവിവർമ്മൻ തമ്പിയുടെ പുത്രിയായിരുന്നുവെന്നാണ് പറയുന്നത്. സംസ്കൃതത്തിൽ കാവ്യനാടകാലങ്കാരം വരെ വായിക്കാനും സംഗീതത്തിൽ നല്ല ജ്ഞാനവും, അഭ്യാസവും ഉണ്ട്. കൈക്കൊട്ടിക്കളിയിലുള്ള

വിദഗ്ദ്ധതയും, നൂതനസമ്പ്രദായത്തിൽ അവർ ഉണ്ടാക്കിയിട്ടുള്ള ചില കിളിപ്പാട്ടുകളും അതിശയിക്കത്തക്കതാണ്. വിലയേറിയ സമയത്തെ അവർ ഗൃഹഭരണാധികൾക്കും മറ്റും വ്യയം ചെയ്യുന്നതിനോട് കൂടി കവിതാരചനയിലും, ഗ്രന്ഥപ്രചാരത്തിലും, സംഗീതസാഹിത്യാദികളിലും കൂടി ഉപയോഗപ്പെടുത്തി വരുന്നത് വളരെ ആശ്ചരം" (1956: 395). ഈ വിധത്തിലുള്ള പരാമർശത്തിലൂടെ തെളിയുന്നത് സ്ത്രീകളുടെ സാഹിത്യവാസനയിലുള്ള കഴിവിൽ അദ്ദേഹം ആശ്ചര്യപ്പെടുന്നതായാണ്.

തോട്ടക്കാട്ട് ഇക്കാവമ്മയെപ്പറ്റി പറയുന്ന സന്ദർഭത്തിൽ ഇവർക്ക് നല്ല വ്യുല്പത്തി ഉണ്ട്. ഇപ്പോൾ തൃശ്ശിവപേരൂർ സ്പെഷൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കാരക്കാട്ട് നാരായണ മേനോൻറെ ഭാര്യയാണ്. ഈ സ്ത്രീ രത്നത്തിൻറെ ചരിത്രം എത്രയും സന്തോഷത്തോടെ ഈ പുസ്തകത്തിൽ ചേർക്കുകയും കേരളത്തിലെ എല്ലാ സ്ത്രീയും വിദ്യാഭ്യാസവിഷയത്തിൽ ഇവരെ മാതൃകയാക്കണമെന്നും അപേക്ഷിക്കുന്നു. രാസക്രീഡ കുറത്തിപ്പാട്ട്, സന്മാർഗ്ഗോപദേശം, തുള്ളൽപാട്ട്, പുരാണശ്രുവണമഹാത്മ്യം കിളിപ്പാട്ട് എന്നീ 3 കവിതകൾ ഉണ്ടാക്കിയിട്ടുണ്ടെന്നും പറയുന്നു. (1956: 396) ഇത്തരത്തിൽ പുരുഷകർത്തൃത്വത്തിൻറെ പേരിൽ സ്ത്രീ എഴുത്തുകാരെ അടയാളപ്പെടുത്തുന്നതായാണ് കാണാനാവുന്നത്.

ഉമാദേവിത്തമ്പുരാട്ടി വിദ്വാൻ കോയിത്തമ്പുരാൻറെ മാതാവാകുന്നു. പുരാണങ്ങളിലും, ഇതരശാസ്ത്രങ്ങളിലും നല്ല അവഗാഹമുണ്ടായിരുന്നു. സംസ്കൃതത്തിലും, മണിപ്രവാളത്തിലും വളരെ ഈശ്വരസ്തോത്രങ്ങൾ, ഗദ്യപദ്യമായി ചമച്ചിട്ടുണ്ട്. വിഷ്ണുമായാചരിത്രം എന്നൊരു തുള്ളൽക്കഥയും ഉണ്ടാക്കിയിട്ടുണ്ട്. (1956: 355)

മകയിരം തിരുനാൾ തമ്പുരാട്ടിയെപറ്റി പരാമർശിക്കുന്നിടത്ത് നല്ല വിദ്യാഭ്യാസം, വ്യുൽപത്തി ഉണ്ടായിരുന്നു. നയനരോഗത്തിൽ നല്ല നിശ്ചയവും, ചികിത്സയും ഉണ്ടായിരുന്നു. അഗതിവാത്സല്യം പരോപകാരശീലം, നിത്യവ്രതം പോലെ ആചരിച്ചിരുന്നു. പാർവ്വതി പൂജ, ലക്ഷ്മിപൂജ സദാ ഭഗവനാമോച്ചാരണവും അവർ നടത്തിയിരുന്നു. ഒരു തുള്ളൽക്കഥയും ഉണ്ടാക്കിയിട്ടുണ്ട്. (1956: 356)

എഴുതുവാനുള്ള സാഹചര്യങ്ങൾ കുറവായിരുന്ന ഒരു കാലഘട്ടത്തിൽ അവിടേക്കെത്തിയ സ്ത്രീ പ്രതിഭകളെ സാഹിത്യചരിത്രത്തിൽ അടയാളപ്പെടുത്തിയത് പുരുഷകർത്തൃത്വത്തിൻറെ നിഴലിൽ, അഗതിവാത്സല്യം എന്നിവയിലും ഗൃഹഭരണത്തിലുള്ള സമയം എഴുത്തിൽ നീക്കിവച്ചതിലുള്ള

അതിശയം എന്നിങ്ങനെയൊക്കെയൊന്ന് രേഖപ്പെടുത്തുന്നത്. പ്രതികൂല സാഹചര്യത്തോട് പൊരുതി സാഹിത്യലോകത്തിലെത്തിയവരെ അപ്രകാരത്തിൽ പരിഗണിച്ചതായിവിടെ കാണാനാകുന്നില്ല.

ലക്ഷ്മീദാസൻറെ കാവ്യവാസനയെ പുറുത്തുകൊണ്ടുവന്നവരെ 'അകായിലുള്ളവർ' എന്നാണ് ഗോവിന്ദപ്പിള്ള അടയാളപ്പെടുത്തുന്നത്. "ഇല്ലത്തിൽ ഉണ്ണിനമ്പൂതിരിമാരെ പഠിപ്പിക്കാൻ ഒരു ശാസ്ത്രികളെ താമസിപ്പിച്ചിരുന്നു. അതിൽ ഒരു ഉണ്ണിനമ്പൂതിരി ചെറുതിലേ മന്ദബുദ്ധിയായിരുന്നു. എത്ര പഠിപ്പിച്ചിട്ടും കാര്യമില്ലെന്ന്. അകായിലുള്ളവർ കേൾക്കാനിടവരുകയും ആ ഉണ്ണിനമ്പൂതിരി പോകുമ്പോൾ കാണണമെന്നും അവർ പറഞ്ഞു. അപ്രകാരം ആ കുട്ടി അകായിലുള്ളവർക്കരികിൽ യാത്ര പറയാൻ പോയ സന്ദർഭത്തിൽ അവർ പറഞ്ഞത് " കൊട്ടത്തളത്തിലുള്ള കരിങ്കല്ലും വെള്ളം നിറച്ച ചെമ്പുകുടം പതിവായി വക്കുന്നതിനാൽ ക്രമേണ അധികമായി തെളിഞ്ഞു കുഴിഞ്ഞു കാണുന്നുവല്ലോ. അതുപോലെ ഇനിയും കുറേക്കൂടി പരീക്ഷിച്ചാലും ഇതു കേട്ട ശാസ്ത്രികൾ വളരെ സന്തോഷിച്ച് കുറേ പാർത്ത് ശ്രമിച്ചു. ഉണ്ണി നമ്പൂതിരി ക്രമേണ സമർത്ഥനായി വന്നു. ഈ ഉണ്ണി നമ്പൂതിരിയാണ് ലക്ഷ്മീദാസനായതും ശുകസന്ദേശം എഴുതിയതും." ചരിത്രത്തിൽ ഇദ്ദേഹം പ്രശസ്തനായി എന്നാൽ അദ്ദേഹത്തെ ആ നിലയിലെത്തിച്ച ആ ചരിത്രദൗത്യം ഏറ്റെടുത്ത സ്ത്രീയുടെ പേരുപോലും ചരിത്രത്തിൽ അടയാളപ്പെടുത്തിയില്ല. മാത്രമല്ല അകായിലുള്ളവർ എന്ന പേരിലടയാളപ്പെടുത്തുകയും ചെയ്തു.

സി.വി. വാസുദേവഭട്ടതിരിയെപ്പറ്റി പറയുന്നിടത്ത് 'പഴത്തൊലി തിന്ന വാരസ്യാർ' എന്ന് ഗോവിന്ദപ്പിള്ള അടയാളപ്പെടുത്തുന്നുണ്ട്. ഇവിടെയും അവരുടെ പേര് രേഖപ്പെടുത്തുന്നില്ല. കാളിദാസൻറെ രഘുവംശം കാവ്യത്തിന് 'അണ്ണാമല' എന്ന ഒരു വ്യാഖ്യാനം വാരസ്യാർ ഉണ്ടാക്കിയതായി ഗോവിന്ദപ്പിള്ള പറയുന്നുണ്ട്." സി.വി. ചരിത്രത്തിലിടം നേടിയപ്പോൾ ഈ സ്ത്രീ "പഴത്തൊലി തിന്ന വാരസ്യാരായി" ചരിത്രത്തിലറിയപ്പെടുന്നു. (1956: 127-130)

സാഹിത്യവാസനയും എഴുത്തും കൈമുതലായി ഉണ്ടായിട്ടും എന്തുകൊണ്ടാണ് ചരിത്രം സ്ത്രീകളെ എഴുത്തുകാരികളായി കാണാതെപോയത്. വാസുദേവ ഭട്ടതിരി, ലക്ഷ്മീദാസൻ എല്ലാം ചരിത്രത്തിൽ പ്രാധാന്യത്തോടെ അടയാളപ്പെട്ടപ്പോൾ അവർക്കൊപ്പം തന്നെ പ്രാധാന്യമുണ്ടായിരുന്ന സ്ത്രീകൾ അകായിലുള്ളവർ, പഴത്തൊലി തിന്ന വാരസ്യാർ എന്നിങ്ങനെയൊക്കെയാണ് അറിയപ്പെട്ടത്. അല്ലെങ്കിൽ പുരുഷൻറെ

കർത്തൃത്വത്തിൻറെ നിഴലിലുള്ളവർ ചില സൂചനകൾ നൽകിയതിൽ വരേണ്യ വിഭാഗത്തിലെ സ്ത്രീകളെയാണ് ഉൾപ്പെടുത്തിയത് എന്നതും വാസ്തവമാണ്. അപ്പോഴും വലിയൊരു സ്ത്രീചരിത്രം എഴുതപ്പെടാതെത്തന്നെ കിടക്കുകയെന്നത് ചരിത്ര യാഥാർത്ഥ്യമാണ്.

## ഉപസംഹാരം

മലയാളഭാഷാചരിത്രം (1881) കാലത്തിൻറെ പരിണാമങ്ങൾ വെളിപ്പെടു ത്തുന്നുണ്ട്. എന്നാൽ കൃതികളുടെ ഉള്ളറകളിലേക്ക് കടന്ന് സാഹിത്യമൂല്യം ചർച്ച ചെയ്യുന്നതിൽ അത്രകണ്ട് ശ്രദ്ധചെലുത്തുന്നില്ല. ഐതിഹ്യങ്ങളും കെട്ടുകഥകളിലും കേട്ടുകേൾവി ചേർത്ത് ചരിത്രരചന നടത്തിയപ്പോൾ വസ്തുനിഷ്ഠ സ്വഭാവം പുലർത്താൻ പലപ്പോഴും കൃതിക്ക് കഴിയാതെ പോയി. ഇത്തരം പോരായ്മകൾ നിലനിൽക്കുന്നുണ്ടെങ്കിലും ആദ്യത്തെ സാഹിത്യ ചരിത്രരചന എന്ന നിലയിൽ പിൽക്കാല ചില ചരിത്രകാരന്മാർ അഭിന ന്ദിക്കുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ പരസ്പര വിരുദ്ധമായ കാര്യങ്ങൾ കടന്നു കൂടിയത് കേട്ടുകേൾവി ആസ്പദമാക്കി അനുമാനങ്ങളിൽ എത്തിച്ചേ രുന്നതൊന്നും സാഹിത്യചരിത്ര രചനക്ക് ഭൂഷണമല്ല (ലീലാകുമാരി 2000: 40) എന്നഭിപ്രായവും നിലനിൽക്കുന്നുണ്ട്.

## ഗ്രന്ഥസൂചി


1. ഗോവിന്ദപ്പിള്ള, പി., 1956, മലയാളഭാഷാചരിത്രം, സാഹിത്യപ്രവർത്തകസഹകര ണസംഘം, കോട്ടയം.
2. രാധാകൃഷ്ണൻ ഇളയിടത്ത്, 2015, ഭൂതപ്രബന്ധം, തോമസ് സ്കറിയ, 2015, സാഹിത്യച രിത്ര വിജ്ഞാനീയം, അസൻറ് പബ്ലിക്കേഷൻ, കോട്ടയം2015.
3. Davy, G.N. 1998, Of Many Heroes Literary Historiography, Orient Longman Ltd., Mumbai.


*reenagirish@gmail.com*

# III

# അന്വേഷണം

# സാഹിത്യചരിത്രവിജ്ഞാനീയം: സാധ്യതകൾ, നിലപാടുകൾ

**ഡോ. പി.എസ്. രാധാകൃഷ്ണൻ**

ഡയറക്ടർ, സ്കൂൾ ഓഫ് ലെറ്റേഴ്സ്, എം.ജി. യൂണിവേഴ്സിറ്റി, കോട്ടയം

**പ്രബന്ധ സംഗ്രഹം.**

സാഹിത്യപരതയുടെ വ്യാപനവും സാക്ഷാത്കാരവും ലക്ഷ്യമാക്കുന്ന പദ്ധതി എന്ന നിലയിലാണ് സാഹിത്യ ചരിത്ര വിജ്ഞാനീയം അറിയപ്പെടുന്നത്. സാമൂഹികവ്യവഹാരങ്ങൾ നിർണയിക്കാനും നിയന്ത്രിക്കാനും ഉപയോഗിക്കപ്പെടുന്ന മാധ്യമമായി സാഹിത്യം മാറിയതോടെയാണ് അതിന്റെ ഉള്ളടക്കവും ചരിത്രവഴികളും പഠനവിഷയമാകുന്നത്. ദേശീയ നിർമ്മാണ പദ്ധതിയുടെ സാക്ഷാത്ക്കരണത്തിന് ആവശ്യമായ വിവരങ്ങൾ പ്രദാനം ചെയ്യുന്ന ആസൂത്രിതമായ സംരംഭമാണ് സാഹിത്യ ചരിത്ര രചന. ദേശീയപദ്ധതിയായി തുടങ്ങിയ ചരിത്രനിർമ്മാണം ക്രമേണ പ്രാദേശികാവബോധമുള്ള ഒന്നായി രൂപാന്തരപ്പെട്ടതെങ്ങനെ എന്ന അന്വേഷണമാണ് ഈ പ്രബന്ധത്തിലേത്.

***താക്കോൽ വാക്കുകൾ:*** സാഹിത്യ പരത–സാംസ്കാരിക രാഷ്ട്രീയം–ചരിത്ര വിജ്ഞാനീയം–കാനോനീകരണം–സാഹിത്യചരിത്രാഖ്യാനം–ഫോർമലിസം–സാമൂഹ്യവിജ്ഞാനം–ലാവണ്യശാസ്ത്രചരിത്രം.

സാഹിത്യചരിത്രരചന താരതമ്യേന ആധുനികമായ വിജ്ഞാനമേഖലയാണ്. സാഹിത്യ ചരിത്രരചന ദേശീയനിർമ്മിതിയുടെ അവിഭാജ്യഘടകമാക്കി ചിട്ടപ്പെടുത്തിയത് യൂറോപ്യരാണ്. സാഹിത്യപരതയുടെ (literariness) വ്യാപനവും സാക്ഷാത്കാരവും ലക്ഷ്യമാക്കുന്ന പദ്ധതിയെന്ന നിലയ്ക്കാണ് സാഹിത്യചരിത്രവിജ്ഞാനം പുറമേ അറിയപ്പെട്ടത്. ദേശീയതാ നിർമ്മാണത്തിന്റെ സുപ്രധാനഘടകമായി സംസ്കാരത്തിന്റെയും

അതിൽതന്നെ സാഹിത്യത്തിന്റെയും സുദീർഘമായ പാരമ്പര്യത്തെ അടയാളപ്പെടുത്തുന്ന ബലതന്ത്രം അധിനിവേശകാലത്ത് സജീവമായിരുന്നു. അധിനിവേശിതപ്രദേശത്തിനു മേൽ സമ്പൂർണനിയന്ത്രണം നിലനിർത്തുന്നതിന് ഉപയോഗിച്ച ഉപാധികളിൽ സാഹിത്യചരിത്രരചനയും പെടുന്നു. യൂറോപ്പിൽ വയോജനവിദ്യാഭ്യാസത്തിന്റെ ഭാഗമായാണ് സാഹിത്യചരിത്രപഠനം സജീവമാകുന്നത്. ആ ക്ലാസ്സുകളിൽ തൊഴിലാളികളും പങ്കെടുത്തിരുന്നു. എന്നാൽ അധിനിവേശത്തെ സാധൂകരിക്കുന്ന വ്യവഹാരമായി സാഹിത്യചരിത്രങ്ങൾ മാറിയത് 19-ാം നൂറ്റാണ്ടിലാണ്. നേരിട്ട് ചരിത്രരചനയിൽ ഏർപ്പെട്ടു കൊണ്ടുള്ള തുടക്കമായിരുന്നില്ല പലപ്പോഴും. ഏഷ്യയിലെ ഗ്രന്ഥസമുച്ചയത്തെ പാശ്ചാത്യലോകത്തിന് പരിചയപ്പെടുത്തുന്ന പ്രവണത അധിനിവേശകരുടെ ഭാഗത്ത് സജീവമായിരുന്നു.

സമ്മർദ്ദത്തേക്കാൾ പ്രലോഭനപരമായ നീക്കങ്ങളായിരുന്നു ആദ്യഘട്ടത്തിൽ ഇന്ത്യാവിജ്ഞാനികളും പൗരസ്ത്യവാദികളും സ്വീകരിച്ചത്. ഇന്ത്യൻ സാഹിത്യപാരമ്പര്യത്തെ ഭൂതകാലത്തിൽ നിന്ന് നിർദ്ധരിക്കുകയായിരുന്നു ഇന്ത്യാവിജ്ഞാനീയർ. ജർമ്മൻകാരായ ആൽബ്രഷ്ട് വെബർ, മോറിസ് വിന്റർനിറ്റ്സ്, ഇംഗ്ലീഷുകാരനായ ജോർജ്ജ് ഗ്രിയേഴ്സൺ, ഫ്രഞ്ചുകാരനായ ഗാർസിൻ-ഡു-താസെ തുടങ്ങിയ ഇന്ത്യാവിജ്ഞാനികളുടെ ചരിത്രരചനാസംരംഭങ്ങൾ ന്യൂനീകരണത്തിന്റേതാണെന്ന് ഇപ്പോൾ കൂടുതൽ വ്യക്തമായിട്ടുണ്ട്. ദേശമെന്ന നിലയ്ക്ക് ഇന്ത്യയുടെ വർത്തമാനം ഇവരുടെ പരിഗണനയ്ക്ക് പുറത്താകുമ്പോൾ ഭൂതകാലം സമൃദ്ധിയുടെ നിദാനമായി മാറുന്നു. സ്വാഭാവികമായും വൈവിധ്യസമൃദ്ധിയുള്ള പ്രാദേശികഭാഷകൾ ഒഴിവാക്കപ്പെടുകയും സംസ്കൃതകേന്ദ്രിതമായ ചരിത്രകാലം സ്ഥിതപ്പെടുകയും ചെയ്തു. പൗരസ്ത്യദേശത്തെക്കുറിച്ചുള്ള അജ്ഞതയും നിക്ഷിപ്തതാല്പര്യങ്ങളും കൊണ്ട് സ്വരൂപിച്ച ചരിത്രാവബോധമാണ് ഇവരെ നയിച്ചത്. വൈദിക-സംസ്കൃതകാലഘട്ടങ്ങളിലേയ്ക്ക് ഇന്ത്യാദേശത്തിന്റെ സംസ്കാരപ്പലമ സങ്കോചിക്കുന്നതിന്റെ എത്രയോ ഉദാഹരണങ്ങൾ ഇതോടനുബന്ധിച്ച് നിരത്താനാകും.

പൗരസ്ത്യവാദികളുടെ നിലപാടാവട്ടെ, കുറേക്കൂടി അധിനിവേശകമനോഭാവമുള്ളതായിരുന്നു. ജയിംസ് മില്ലിന്റെ ഇന്ത്യാചരിത്രത്തിലെ മതാധിഷ്ഠിത വർഗീകരണവും ചാൾസ് ബെന്റിക്, തോമസ് ബാബിങ്ടൺ മെക്കോളേ എന്നിവരുടെ രാഷ്ട്രതന്ത്രജ്ഞതയും നയരൂപീകരണവുമാണ് ആംഗലകേന്ദ്രിതമായ സാംസ്കാരികവീക്ഷണം ആധികാരികമാവുന്നതിന്

കാരണമായത്. ബ്രിട്ടീഷ് പൗരസ്ത്യവാദികളുടെ നിലപാടുകൾ 1784-ൽ രൂപംകൊണ്ട ബംഗാൾ ഏഷ്യാറ്റിക് സൊസൈറ്റിയുടെ പ്രഖ്യാപിത ലക്ഷ്യത്തോടു ചേർന്നുപോകുന്നതാണ്. അധിനിവേശിത ജനതയുമായുള്ള സാമൂഹികവിനിമയത്തിലൂടെ സമാഹരിക്കപ്പെടുന്ന ജ്ഞാനമാതൃകകളെ ഭരണതാല്പര്യങ്ങൾക്ക് അനുപാകമാക്കുന്ന വിധമായിരുന്നു പൗരസ്ത്യവാദികളുടെ ഇടപെടലുകൾ. 'ദേശീയസാഹിത്യ'ത്തിന്റെ കാര്യത്തിൽ അവർ നടത്തിയ തെരഞ്ഞെടുപ്പുകളും അവതരണത്തിന്റെ പിന്നിലെ മനോഘടനയും കൊളോണിയൽ ഭരണത്തെ തത്ത്വത്തിൽ സാധൂകരിക്കുന്നതായിരുന്നു. അധിനിവേശകമായ സാംസ്കാരികരാഷ്ട്രീയത്തെയും പ്രത്യയശാസ്ത്രത്തെയും നീതീകരിക്കുന്ന സർഗസാക്ഷ്യങ്ങളായിരുന്നു ഇവരുടെ തർജ്ജമകൾ. നഥാനിയേൽ ഹാൽഹെഡ് 'മനുസ്മൃതി'യെ ഹിന്ദുമതത്തിന്റെ നിയമാവലിയായി പരിചയപ്പെടുത്തിയത് ഈ സന്ദർഭത്തിൽ പ്രസക്തമാണ്. കാമസൂത്രത്തിലും ഗീതഗോവിന്ദത്തിലുമുള്ള തെരഞ്ഞെടുത്ത ഭാഗങ്ങളാണ് തുടർന്ന് തർജ്ജമചെയ്യപ്പെട്ടത്.

ഭൂതകാലത്തെ ആഘോഷിച്ചുകൊണ്ട് വർത്തമാനത്തിന്റെ അപചയം സ്ഥാപിക്കുന്നതിന് ഹാൽഹെഡിന്റെയും വില്ല്യംജോൺസിന്റെയും സംരംഭങ്ങൾ കാരണമായിട്ടുണ്ട്. പുസ്തകങ്ങളുടെ തെരഞ്ഞെടുത്ത ഭാഗം തർജ്ജമ ചെയ്തും വർത്തമാനകാല സാംസ്കാരികമുന്നേറ്റങ്ങൾ തമസ്കരിച്ചും ഇവർ 'ബ്രിട്ടീഷ് ഇന്ത്യ'യ്ക്ക് അടിത്തറയേകി. കോളനി സമൂഹത്തെക്കുറിച്ചുള്ള സുപ്രധാനമായ വിവരങ്ങളും വിവരണങ്ങളും സമാഹരിച്ച് ഭരണകൂടത്തെ സഹായിക്കുന്ന സമീപനമായിരുന്നു പൗരസ്ത്യവാദികളുടേത്. തദ്ദേശീയ സംസ്കാരപൈതൃകകത്തെ സ്വായത്തമാക്കുന്ന പ്രക്രിയ ക്രമേണ പിടിച്ചടക്കലായി മാറിയതിനെക്കുറിച്ച് കെ.എൻ.പണിക്കർ എഴുതുന്നുണ്ട്. "ആഫ്രിക്കയും ലാറ്റിനമേരിക്കയും പോലുള്ള പ്രദേശങ്ങളിൽനിന്ന് വിഭിന്നമായി തദ്ദേശീയ സംസ്കാരത്തെ ഛിന്നഭിന്നമാക്കുകയല്ല ഇവിടെ ബ്രിട്ടീഷുകാർ ചെയ്തത്. നിർദ്ദിഷ്ടവും ആസൂത്രിതവുമായ പ്രക്രിയയിലൂടെ അവർ അധീശത്വം ഉറപ്പിക്കുകയായിരുന്നു" (പണിക്കർ, കെ.എൻ. 2012: 25).

ഒരു പഠനവിഷയമെന്ന നിലയ്ക്ക് സാഹിത്യചരിത്രനിർമ്മാണം അനിവാര്യമാകുന്നത് സാമൂഹികമായ ആധിപത്യത്തിനുള്ള ഉപാധിയാണ് സാഹിത്യമെന്ന വിചാരം ബലപ്പെടുന്നതോടെയാണ്. 1857ൽ ബോംബെ, കൽക്കത്ത, മദ്രാസ് എന്നിവിടങ്ങളിൽ സ്ഥാപിച്ച ഇന്ത്യയിലെ ആദ്യകാല സർവകലാശാലകളിലെ പാഠ്യപദ്ധതിയിൽ ഇംഗ്ലീഷ് സാഹിത്യവും

സാഹിത്യചരിത്രവുമായിരുന്ന ആകർഷകഘടകം. ഇതേ അക്കാലത്ത് തന്നെ ഇതേ വിഷയങ്ങൾ ഇംഗ്ലണ്ടിലും പഠനപദ്ധതിയുടെ ഭാഗമായിരുന്നുവെന്നത് യാദൃച്ഛികമല്ല. 19-ാം നൂറ്റാണ്ടിൽ ഇംഗ്ലീഷ് പഠനത്തിനുണ്ടായ വ്യാപകമായ വളർച്ചയ്ക്ക് ഒരു കാരണം മതാധികാരത്തിന്റെ പതനമാണെന്ന് ടെറി ഈഗിൾടൺ അഭിപ്രായപ്പെടുന്നു (Eagleton, Terry 1983:24). വിക്ടോറിയൻ മധ്യയുഗത്തിൽ മതം ഉൾപ്പെടെയുള്ള പ്രത്യയശാസ്ത്രരൂപങ്ങൾക്ക് സംഭവിച്ച ശൈഥില്യം അധികാരരൂപമെന്ന നിലയ്ക്ക് ഇംഗ്ലീഷിനുണ്ടായ വളർച്ചയോടും വ്യാപനത്തോടും ബന്ധപ്പെടുത്തുകയാണ് ഈഗിൾടൺ. ശാസ്ത്രീയമായ കണ്ടെത്തലുകളും സാമൂഹിക-രാഷ്ട്രീയ മണ്ഡലത്തിൽ വന്ന നിർണ്ണായകമായ മാറ്റങ്ങളും ഏൽപിച്ച ഇരട്ടപ്രഹരമാണ് മതാധിപത്യത്തിന് ഇളക്കം തട്ടിച്ചത്. വിക്ടോറിയൻ ഭരണകൂടത്തെ സംബന്ധിച്ചിടത്തോളം ഇത് ആശങ്കാജനകമായിരുന്നു. ഇംഗ്ലണ്ട് രോഗബാധിതമാണെന്നും അതിനെ വീണ്ടെടുക്കേണ്ടത് ആംഗലസാഹിത്യമാണെന്നും ഓക്സ്ഫോർഡ് പണ്ഡിതന്മാർ തുടരെ ആഹ്വാനം ചെയ്തു. പ്രസാദിപ്പിക്കുകയും പ്രബോധിപ്പിക്കുകയും മാത്രമല്ല സാഹിത്യത്തിന്റെ ധർമ്മം. അതിനൊപ്പമോ, മേലെയോ ആയി രാഷ്ട്രത്തിന്മേലുള്ള വ്രണമുണക്കുകയും ആത്മവത്ത വീണ്ടെടുക്കുകയുമാണ് ഇംഗ്ലീഷ് സാഹിത്യത്തിന്റെ കടമയെന്നു പോലും ഇവർ വിശ്വസിച്ചു. ഇവിടെ വിക്ടോറിയൻ കാലഘട്ടം മുതൽക്കുള്ള പ്രത്യയശാസ്ത്രബാധ്യത ഏറ്റെടുക്കേണ്ട 'പ്രജ'യെന്ന നിലയ്ക്കാണ് ഇംഗ്ലീഷ് ഭാഷയും സാഹിത്യവും സംബോധന ചെയ്യപ്പെടുന്നത്. മതം പോലുള്ള സ്ഥാപനങ്ങൾ നടപ്പാക്കിയിരുന്ന സാമൂഹികമാനദണ്ഡങ്ങൾ ഭാഷയും സാഹിത്യവും അനുവർത്തിക്കണമെന്ന നിഷ്കർഷ ദൂരവ്യാപകമായ ഫലമുള്ളതായിരുന്നു.

സാമൂഹികവ്യവഹാരങ്ങൾ നിർണയിക്കാനും നിയന്ത്രിക്കാനും ഉപയോഗിക്കപ്പെടുന്ന മാധ്യമമായി സാഹിത്യം മാറിയതോടെയാണ് അതിന്റെ ഉള്ളടക്കവും ചരിത്രവഴികളും പഠനവിഷയമാകുന്നത്. തൊഴിലാളി പഠനകേന്ദ്രത്തിനും വയോജനവിദ്യാഭ്യാസശാലകൾക്കുമായി മാറ്റി വച്ചതായിരുന്നു സാഹിത്യചരിത്രവും ഇംഗ്ലീഷ് സാഹിത്യപഠനവും. പ്രക്ഷുബ്ധമായ ജനതയെ ഒരുമപ്പെടുത്തുന്ന വൈകാരികമൂല്യങ്ങളും വിശ്വാസപ്രമാണങ്ങളും പ്രദാനം ചെയ്യാൻ മതപ്രമാണത്തേക്കാൾ ഇംഗ്ലീഷ് ഭാഷയ്ക്കാണല്ലോ ആധികാരികത ഉണ്ടാവുക. ഇതൊരു പ്രത്യയശാസ്ത്രബാധ്യതയായി ഏറ്റെടുക്കുകയും കോളനി പ്രദേശങ്ങളിലെ ജനതയിൽ നിന്ന് ഇടനിലക്കാരെ തെരഞ്ഞെടുത്ത് തങ്ങൾക്കനുകൂലമായി അണിനിരത്തുവാനുമാണ് ബ്രിട്ടീഷ്

ഭരണകൂടം ശ്രമിച്ചത്. സാഹിത്യമെന്ന സംവർഗത്തെ പ്രത്യയശാസ്ത്ര ഉപക രണമായി നിർവചിക്കുവാൻ നിർബന്ധിതമാകുന്ന പൊതുസന്ദർഭമാണിത്. സാഹിത്യചരിത്രത്തിന്റെ ഉപാദാനങ്ങൾ തീരുമാനിക്കപ്പെടുന്നത് ഇത്ത രമൊരു രാഷ്ട്രീയ-സാംസ്കാരിക പരിസരത്തിനുള്ളിലാണ്. ജ്ഞാനോദയ കാലത്തെ തുടർന്ന് യൂറോപ്യൻ ബൗദ്ധികകാലാവസ്ഥയിൽ വന്നു ചേർന്ന നാനാവിധമായ ആശയാന്തരങ്ങളുടെ ഭാഗമായിരുന്നു സാഹിത്യചരിത്രവി ജ്ഞാനവും അതിലെ ഉപാധികളും.

### ദേശീയതയും സാഹിത്യചരിത്രവും

സാഹിത്യത്തിന്റെ ചരിത്രം മറ്റെല്ലാവിധ ചരിത്രാഖ്യാനങ്ങളെയും പോലെ രാഷ്ട്രീയകഥാകഥനങ്ങളാണ്. പല നിലയ്ക്കും സമൂഹത്തെയും പ്രദേശങ്ങളെ യും ദേശങ്ങളെയും കുറിച്ചുള്ള ആത്മാവധാരണത്തിന് സവിശേഷമായ സാംഗത്യമേകുന്ന രാഷ്ട്രീയകഥനങ്ങൾ. ദേശീയ നിർമ്മാണപദ്ധതിയുടെ സാക്ഷാത്ക്കരണത്തിന് ആവശ്യമായ വിവരങ്ങൾ പ്രദാനം ചെയ്യുന്ന ആസൂ ത്രിതമായ സംരംഭമാണ് സാഹിത്യചരിത്രരചന. ദേശീയതയെന്ന സങ്കല്പ നത്തിന്മേൽ സാഹിത്യപരതയെന്ന അമൂർത്തമായ ആശയവും ചരിത്രമെന്ന ജ്ഞാനാധികാരരൂപവും സന്നിവേശിപ്പിക്കുന്നത് ഇതിന്റെ ഭാഗമായാണ്. ഒരു രാഷ്ട്രത്തിന് സ്വയം നിർവചിക്കുകയോ സ്വത്വം പ്രകാശിപ്പിക്കേണ്ടി വരികയോ ചെയ്യുന്ന സന്ദർഭത്തിലാണ് ഇത് കൂടുതൽ തീവ്രമാവുക. ഇതര വ്യവഹാരങ്ങളിൽ നിന്നും ദേശീയതയെ നിർധരിക്കുകയും ആവശ്യാനുസ രണം പാകപ്പെടുത്തുകയും ചെയ്യുന്നത് ഇതിലെ പ്രാരംഭപ്രവർത്തനമാണ്. ദേശീയതയുടെ സവിശേഷതകൾ സാധൂകരിക്കുന്ന മുഖ്യ ഉപാദാനമെന്ന നിലയ്ക്കാണ് ചരിത്രവിജ്ഞാനം ഇവിടെ വിനിയോഗിക്കപ്പെടുന്നത്. പാര മ്പര്യത്തിന്റെ രേഖീയമായ ചരിത്രവത്ക്കരണമാണ് ഇവിടെ പലപ്പോഴും സംഭവിക്കുന്നത്.

സാംസ്കാരികദേശീയതയെ ഉത്ക്കർഷപ്പെടുത്തുന്നതിനോടൊപ്പം രാഷ്ട്രത്തിന്റെ വൈവിദ്ധ്യാത്മകതയെ ഏകോപിപ്പിക്കുന്ന പ്രക്രിയയും ചരിത്ര വത്ക്കരണത്തിലുണ്ട്. ചരിത്രപരമായ അനുസ്യൂതി എന്നത് അസാധ്യവും അസ്വാഭാവികവുമായ കാല്പനികമിഥ്യയാണ്. മിഥ്യയെ യാഥാർത്ഥീകരിക്കുന്നതിനായി കൃത്യതയുടേയും ക്രമികതയുടേയും നൈരന്തര്യത്തിന്റേയും കഥനമായാണ് ദേശീയപദ്ധതിയിൽ ചരിത്രം ഉപയോഗിക്കപ്പെടുന്നത്. ദേശീയതാസങ്കല്പനത്തിൽ ഉൾചേർന്ന രാഷ്ട്രീയധാരണകൾ, പ്രത്യയശാസ്ത്രനിഷ്കർഷകൾ, ലാവണ്യമൂല്യങ്ങൾ

എന്നിവയുമായുള്ള ബന്ധത്തിനുള്ളിലാണ് സാഹിത്യസമുച്ചയം പരിഗണിക്കപ്പെടുന്നതും സാഹിത്യപരത അന്വേഷിക്കപ്പെടുന്നതും.മതപരവും രാഷ്ട്രീയവുമായ വിഷയങ്ങൾ, സവിശേഷമായ സംസ്കാരരൂപങ്ങൾ, സാമൂഹിക-രാഷ്ട്രീയസ്ഥാപനങ്ങൾ, പാരമ്പര്യവും പുരാവൃത്തവും തുടങ്ങിയവയെല്ലാം സാഹിത്യപരതയെ നിർണയിക്കുന്ന ഘടകങ്ങളാണ്.

നിരുപാധികമായ അസ്തിത്വം സാഹിത്യരചനയ്ക്ക് അവകാശപ്പെടാനാവില്ലെന്നത് ഇവിടെ വ്യക്തമാണ്. എന്നാൽ പലപ്പോഴും സാഹിത്യാഖ്യാനത്തെ സ്വരൂപിക്കുന്ന സാമൂഹിക-സാമ്പത്തികബന്ധങ്ങളും അതിന്റെ ഭാഗമായ സ്ഥാപനങ്ങളും എത്രത്തോളം ചരിത്രാത്മകമാണെന്നത് പ്രശ്നമായി അവശേഷിക്കുന്നു. ദേശീയമായ പദ്ധതിയുടെ ഭാഗമായി സാഹിത്യചരിത്രം തയ്യാറാക്കപ്പെടുമ്പോൾ സ്വാഭാവികമായും എഴുത്തകങ്ങളിലെ സൂക്ഷ്മഭേദങ്ങളും ബഹുവചനാത്മകതയും നിരസിക്കപ്പെടുന്നുണ്ട്. ഭരണസൗകര്യത്തിനായി ഒരു പ്രദേശത്തിന്റെ എല്ലാവിധത്തിലുമുള്ള വൈവിധ്യങ്ങളെയും തമസ്കരിച്ച് അവയെ ഏകപക്ഷീയമായി അവതരിപ്പിക്കുന്ന പാശ്ചാത്യമാതൃകകളാണ് തുടക്കത്തിലെങ്കിലും ഭാരതീയസാഹിത്യചരിത്രത്തിനും പ്രചോദനമായത്. അവരുടെ സാഹിത്യചരിത്രധാരണകൾ ഭൂതകാലത്തെയാണ് ആസ്പദമാക്കുന്നത്. സംസ്കൃത സാഹിത്യചർച്ചകൾക്കും വിശദീകരണങ്ങൾക്കുമായിട്ടാണ് ഏറെ പുറങ്ങൾ ചെലവഴിച്ചിട്ടുള്ളത്. ബ്രിട്ടീഷുകാരും ജർമൻകാരുമായ ചരിത്രകാരന്മാർ അവലംബിച്ച ചരിത്രവിജ്ഞാനീയവും അതിലെ പരികല്പനകളും രീതിശാസ്ത്രവുമൊക്കെ ഇന്ത്യൻ എഴുത്തുകാരും പിന്തുടർന്നു. സാഹിത്യത്തെ നൈരന്തര്യമുള്ള പ്രക്രിയയായി തിരിച്ചറിയുവാൻ ഇവർ പലപ്പോഴും വിസമ്മതിച്ചു. കാലനിർണ്ണയം, കൃതികളുടെ വർഗീകരണം, ഘട്ടവിഭജനം, പ്രസ്ഥാനവത്ക്കരണം എന്നിവ അപ്പോഴും അജ്ഞേയവും നിഗൂഢവുമായി തുടർന്നു.

വെബറും വിന്റർനിറ്റ്സും എഴുതിയ ഇന്ത്യൻ സാഹിത്യചരിത്രങ്ങളുടെ പ്രാരംഭം വൈദികസംസ്കാരവുമായിട്ടാണ് ബന്ധിപ്പിച്ചിരിക്കുന്നത്. സാഹിത്യ ചരിത്രത്തിലെ ആദ്യ കാലഘട്ടം വൈദികാഖ്യാനത്തിന്റെ പ്രകീർത്തനത്തോടെയാണ്. രണ്ടാം ഘട്ടമാവട്ടെ എന്നു തുടങ്ങിയെന്നോ എപ്പോൾ അവസാനിച്ചുവെന്നോ വ്യക്തമല്ല. വിന്റർനിറ്റ്സിന്റെ സാഹിത്യചരിത്രത്തിലാവട്ടെ രണ്ടാംഘട്ടം ഇതിഹാസപുരാണങ്ങളുടേതാണ്. ബുദ്ധ-ജൈനമത സാഹിത്യങ്ങളും ഇതോട് കൂട്ടിചേർത്തിട്ടുണ്ട്. വെബറി (1852)നും വിന്റർനിറ്റ്സി (1908-1922)നുമുള്ള പൊതുസാദൃശ്യം സംസ്കൃതസാഹിത്യത്തെ

ഇന്ത്യൻസാഹിത്യമെന്ന നിലയ്ക്ക് അവതരിപ്പിച്ചുവെന്നതാണ്. പിന്നീട് എ.ബി.കീത്തും എം.കൃഷ്ണമാചാരിയും 'സംസ്കൃതസാഹിത്യചരിത്രം' എന്നാണ്'ഭാരതീയസാഹിത്യചരിത്ര'ത്തിന് പേരിട്ടത്. ഇതിന്റെ പരിമിതി രണ്ടുവിധത്തിലാണ്.

1 ഭാരതീയസാഹിത്യചരിത്ര നിർമാണകാലത്ത് സംസ്കൃതം മൃതഭാഷയായി മാറിയിരുന്നു. ആശയവിനിമയ ഉപാധി എന്ന നിലയ്ക്ക് സംസ്കൃതം അപ്പോഴേക്കും അപ്രസക്തമായി.

2 ഇന്ത്യയിൽ സംസ്കൃതേതരമായ അനേകം പ്രാദേശികഭാഷാഭേദങ്ങൾ സജീവമായിരുന്നു എന്ന വസ്തുത പാശ്ചാത്യരെപ്പോലെ ഭാരതീയസാഹിത്യചരിത്രകാരന്മാരും വിസ്മരിച്ചു. അതുവഴി നാട്ടുഭാഷകളിലെ സാഹിത്യത്തിന്റെ ചരിത്രവും സംസ്കാരവും അവഗണിക്കപ്പെടുകയായിരുന്നു.

ഭാഷാപരവും സാംസ്കാരികവുമായി അനേകതകളുള്ള വർത്തമാനകാലം സാഹിത്യചരിത്രങ്ങളുടെ പരിഗണനയ്ക്ക് പുറത്തായി. ഇതിന്റെ പരിണതഫലം പൂർവ്വമാതൃകകളെ അതേ നിലയ്ക്ക് അനുകരിച്ചതിലൂടെ ഭാഷാസാഹിത്യചരിത്രങ്ങൾക്ക് തദ്ദേശീയമാകാനായില്ലെന്നതാണ്. ദേശീയതയെ പ്രത്യാശിക്കുമ്പോഴും അവരുടെ സമീപനം യൂറോകേന്ദ്രിതമായിരുന്നു. സമകാലിക ഇന്ത്യൻ നാട്ടുഭാഷകൾ സാഹിത്യചരിത്രവിജ്ഞാനത്തിന് വിഷയമാകുന്നത് ജോർജ്ജ് എബ്രഹാം ഗ്രിയേഴ്സന്റെ ഹിന്ദുസ്ഥാനിലെ ആധുനിക നാട്ടുഭാഷാസാഹിത്യം (The modern vernacular Literature of Hindustan,1888) എന്ന ഗ്രന്ഥത്തോടെയാണ്. സംസ്കൃതത്തിൽ നിന്നും ഹിന്ദുസ്ഥാനിയിലേക്കുള്ള അന്തരണമാണ് ഗ്രിയേഴ്സന്റെ കൃതിയിൽ ശ്രദ്ധേയമാകുന്ന വസ്തുതകളിലൊന്ന്. ഗ്രിയേഴ്സനു മുൻപ് ജോൺ.ബി.ഗിൽക്രിസ്റ്റും സമകാലീന ഇന്ത്യൻ തദ്ദേശീയഭാഷകളിൽ താത്പര്യം പ്രകടിപ്പിച്ചിരുന്നു. ഹിന്ദുസ്ഥാനി പദകോശത്തിന്റേയും വ്യാകരണത്തിന്റെയും ക്രമാനുസൃതമായ അവതരണത്തിന് വിപണിയുണ്ടെന്ന ബോധമാണ് ഗിൽക്രിസ്റ്റിന്റെ പാത പിന്തുടരാൻ ഗ്രിയേഴ്സനെയും പ്രലോഭിപ്പിച്ചത്. ഹിന്ദുസ്ഥാനിയെ പ്രായോഗികമായി ഉപയോഗിക്കാനുള്ള നൂതനമാർഗമാണ് ഗ്രിയേഴ്സൺ അന്വേഷിച്ചത്.

ഭാഷാപ്രദേശങ്ങളിലെ ജനതയുടെ ചരിത്രങ്ങളെക്കുറിച്ചുള്ള വിവരം നല്കുക മാത്രമായിരുന്നില്ല ഗ്രിയേഴ്സന്റെ ലക്ഷ്യം. വ്യത്യസ്ത രാഷ്ട്രങ്ങളുടെ വൈവിധ്യാത്മകമായ ആവിർഭാവം വിശദീകരിക്കാനായുള്ള

താരതമ്യാത്മകപഠനത്തിന് തദ്ദേശീയ ഭാഷാരൂപങ്ങൾ പ്രയോജനപ്പെടുമെന്ന് അദ്ദേഹം കരുതി. വിഷയത്തിന്റെ തിരഞ്ഞെടുപ്പിലും വർഗീകരണത്തിലും പൗരസ്ത്യവാദവിജ്ഞാനത്തിൽ നിന്നും തന്റെ സമീപനം വ്യതിരിക്തമാണെന്ന ബോധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. അതേ സമയം പൗരസ്ത്യവാദികളുടെ ചരിത്രവിജ്ഞാനീയത്തിലെ രീതിശാസ്ത്രം അദ്ദേഹത്തിന് വെടിയാനുമായില്ല. തെളിവുകൾ അണിനിരത്തിയും വസ്തുതകളെ ആശ്രയിച്ച് നിഗമനങ്ങളിൽ എത്തിച്ചേരാനുള്ള അഭിനിവേശം ഇതാണ് വ്യക്തമാക്കുന്നത് (Sharma, Ira 2010:181). കൃതി, കർത്താവ് എന്നിവയുടെ വസ്തുത, യാഥാർത്ഥ്യത, സ്വീകാര്യത തുടങ്ങിയവയിലെ നിഷ്കർഷ ഗ്രിയേഴ്സന്റെ ഹിന്ദുസ്ഥാനി ഭാഷാചരിത്രത്തെ ഓറിയന്റലിസ്റ്റുകളുടെ സമീപനത്തോട് ഒത്തുപോകുന്നതാക്കുന്നു.

ഭൗതികാസ്പദങ്ങളേക്കാൾ കർതൃരൂപമുള്ള ആധികാരികപാഠങ്ങളോടുള്ള താത്പര്യം, വാമൊഴി പാട്ടുകളോടുള്ള സമീപനത്തിൽ പ്രകടമാണ്. നാട്യാവതരണപാരമ്പര്യത്തിന്റെ ഭാഗമായി തയ്യാറാക്കിയ ആട്ടപ്രകാരങ്ങളെയും അദ്ദേഹം ആധികാരികമായിട്ടല്ല മനസ്സിലാക്കുന്നത്. ഇതിന്റെ ഫലമായി വാമൊഴി സ്രോതസ്സുകളുടെ നാട്യപാരമ്പര്യവും ഗ്രിയേഴ്സന്റെ ചരിത്രവിജ്ഞാനത്തിന് അസ്വീകാര്യമായി. ചുരുക്കത്തിൽ, ചരിത്രവിജ്ഞാനത്തിന് അനിവാര്യമെന്നു കരുതുന്ന നിക്ഷ്പക്ഷത, ശാസ്ത്രീയത, വസ്തുനിഷ്ഠത, വർഗീകരണത്തിന്റെ കൃത്യത, ഘട്ടവിഭജനത്തിലെ സാമ്പ്രദായികത എന്നിവയാണ് ഗ്രിയേഴ്സനും അനുവർത്തിക്കുന്നത്. ഹിന്ദി കേന്ദ്രിതവും കർതൃനിഷ്ഠവും കാലബദ്ധവും രേഖീയവുമായ ചരിത്രവിജ്ഞാനപദ്ധതി ഓറിയന്റലിസ്റ്റുകളിൽ നിന്നും ഗ്രിയേഴ്സനിലേക്കും സംക്രമിച്ചിട്ടുണ്ട്. ജനസമൂഹത്തിന്റെ ജീവിതവഴക്കങ്ങൾ പ്രതിപാദിക്കുക എന്നതിനേക്കാൾ ഹിന്ദികേന്ദ്രിതമായ നാട്ടുഭാഷകളെ രേഖീയമായി ക്രമീകരിക്കുകയാണ് ഗ്രിയേഴ്സന്റെ ഉദ്യമമെന്ന് ഇവിടെ വ്യക്തമാകുന്നു (Sharma, Ira 2012:206).

ഒരു പ്രത്യേക പ്രദേശത്ത് നാട്ടുഭാഷയിൽ എഴുതപ്പെട്ട സാഹിത്യങ്ങളെയായിരുന്നു ഗ്രിയേഴ്സനെ പോലെ ഡു-താസെയും പരിഗണിച്ചത്. ഉറുദു ഭാഷയിലെ എഴുത്തിനെയും എഴുത്തുകാരെയും മാത്രം താസെ ചർച്ചചെയ്തപ്പോൾ 'മധ്യദേശ'മെന്ന് താൻ വിശേഷിപ്പിക്കുന്ന പ്രദേശങ്ങളിലെ ഭാഷാസാഹിത്യഭേദങ്ങളെയാണ് ഗ്രിയേഴ്സൺ ആശ്രയിച്ചത്. ക്രിസ്തുവർഷം ഒമ്പത്, പത്ത് നൂറ്റാണ്ടുകൾക്കുള്ളിൽ ഇവരുടെ അന്വേഷണം നിലച്ചു പോയെന്നും അതിനു മുൻപുള്ള കാര്യം പരിഗണിക്കപ്പെട്ടിട്ടില്ലെന്നും സുജിത് മുഖർജി

സൂചിപ്പിക്കുന്നു (Mukherjee, Sujith1981:62) എന്നാൽ ഇവിടെ കാണുന്ന പ്രകടമായ മാറ്റം ഇന്ത്യാസാഹിത്യചരിത്രനിർമാണത്തിൽ സംസ്കൃതാധിഷ്ഠിതമായ ഒറ്റ മാതൃക മാത്രമല്ല ഉള്ളതെന്നാണ്. സമാന്തരമായി ഹിന്ദുസ്ഥാനി സാഹിത്യചരിത്രവും ക്രമേണ സ്വീകാര്യതയുള്ളതായി. സംസ്കൃതസാഹിത്യത്തെ പൂർണമായും കൈവെടിയാനായില്ലെങ്കിലും നിയതമായ ചില പ്രദേശങ്ങളെ പരിഗണിക്കുവാനും അവിടുത്തെ സാമൂഹിക രാഷ്ട്രീയചരിത്രത്തിന് ഇടം നല്കുവാനും ഹിന്ദുസ്ഥാനിസാഹിത്യചരിത്രങ്ങൾക്കു കഴിഞ്ഞു. ഓരോ പ്രദേശത്തിലുമുള്ള ഭാഷയുടെ വികാസപരിണാമങ്ങളും സാഹിത്യസമുച്ചയവും വ്യത്യസ്തമാണെന്ന ധാരണ പ്രബലമാകുന്നത് ഇതിന്റെ തുടർച്ചയിലാണ്.

ദേശീയപദ്ധതിയായി തുടങ്ങിയ ചരിത്രനിർമ്മാണം ക്രമേണ പ്രാദേശികാവബോധമുള്ള ഒന്നായി രൂപാന്തരപ്പെടുവാൻ കാലം പിന്നെയുമെടുത്തു. ഇതിനൊരു കാരണം ദേശീയതകളെ ഏകോപിപ്പിച്ച് ഉദ്ഗ്രഥിക്കാനുള്ള രാഷ്ട്രീയതാത്പര്യമായിരുന്നു. സ്വാതന്ത്ര്യാനന്തര സന്ദർഭത്തിൽ ഒരു ദേശീയപദ്ധതിയെന്ന നിലയ്ക്ക് എല്ലാ വിനിമയങ്ങളിലും ഇതിന്റെ സൂചനകളുണ്ട്. ദേശീയത ആധുനികരാഷ്ട്രത്തോട് ചേർന്ന് നിന്ന് ദേശങ്ങൾ സൃഷ്ടിക്കുന്നുവെന്ന കാഴ്ച്ചപ്പാട് നിലനില്ക്കുന്നു. പക്ഷേ ദേശീയതകൾ ദേശങ്ങൾ പത്തൊൻപതാം നൂറ്റാണ്ടിന്റെ പൂർവ്വഘട്ടങ്ങളിൽ ഒന്നു മാത്രം പിൻബലമായ സങ്കല്പനങ്ങളാണെന്ന് ഓർക്കേണ്ടതുണ്ട്. സമൂഹത്തിലെ ബുദ്ധിജീവികളും ബൂർഷ്വാസികളുമായ വർഗത്തിന്റെ താത്പര്യങ്ങൾ നിലനിർത്തുന്നതിന്റെ ഭാഗമായിട്ടാണ് ദേശം, ദേശീയത തുടങ്ങിയ സങ്കല്പനങ്ങൾ ഉപയോഗിക്കപ്പെട്ടതെന്നും വാദമുണ്ട്.

വംശീയദേശീയതയേക്കാൾ പൗരത്വദേശീയതയ്ക്ക് വന്ന പ്രാധാന്യം ചരിത്രനിർമ്മാണത്തിലേക്കും വ്യാപിച്ചു. പ്രദേശങ്ങളുടെ അതിർത്തിനിർണയം, ഔദ്യോഗികഭാഷകളുടെ വർഗീകരണം, ജനസംഖ്യാനിരക്ക്, വിപണിശേഷി എന്നിവ ദേശത്വത്തെയും രാഷ്ട്രത്വത്തേയും നീതീകരിക്കുന്ന തത്ത്വങ്ങളായി. വിവിധ ഭാഷാസാഹിത്യങ്ങളെ ആസ്പദമാക്കി സാഹിത്യ അക്കാദമി തയ്യാറാക്കിയ ചരിത്രങ്ങൾ ഒരേസമയം തദ്ദേശീയമാകുമ്പോൾ തന്നെ അവ ഭാരതമെന്ന രാഷ്ട്രകേന്ദ്രത്വത്തിന്റെ ഭാഗമാണെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു. കാലക്രമേണ കേന്ദ്രീയത ശിഥിലമാവുകയും ദേശീയതയ്ക്കുള്ളിൽ നിന്നു പ്രാദേശീയതയുടെ വിഭിന്നതകൾ സാഹിത്യചരിത്രങ്ങൾ അംഗീകരിച്ചു തുടങ്ങി. മീനാക്ഷി സുന്ദരന്റെയും മു.വരദരാജന്റെയും തമിഴ്സാഹിത്യചരിത്രങ്ങൾ ഇത് ഉദാഹരിക്കുന്നു. സ്വത്വാവിഷ്ക്കാരത്തിന്റെ

പശ്ചാത്തലത്തിൽ ചരിത്രവിജ്ഞാനീയത്തെ രൂപാന്തരപ്പെടുത്തുന്ന സമീപനമായിരുന്ന അവരുടേത്. എൻ. കൃഷ്ണപിള്ളയുടെ കൈരളിയുടെ കഥ (1958)യും കൃഷ്ണചൈതന്യയുടെ മലയാളസാഹിത്യചരിത്ര (History of MalayalamLiterature) വും പ്രാദേശിക സ്വത്വാവിഷ്കരണത്തിന്റെ മാറ്റം തോതും എത്രത്തോളമാകാമെന്ന പഠനത്തിന് വിഷയമാക്കാവുന്നതാണ്.

അധിനിവേശകസമൂഹത്തിന്റെ ദേശീയാവബോധം കോളനിവിരുദ്ധ നിലപാടുകൾക്കുള്ളിൽ ഉരുത്തിരിയുന്നതാണ്. ഇന്ത്യൻ സാഹചര്യത്തിൽ ഇതെത്രത്തോളം സാംഗത്യമുള്ളതാണെന്ന് ഇനിയും അന്വേഷിക്കേണ്ടതുണ്ട്. കോളനിജനതയുടെ സാഹിത്യചരിത്രങ്ങൾ ദേശീയതയെ പരിചരിക്കുന്നത് അധിനിവേശ വിരുദ്ധ നിലപാടുകൾക്കുള്ളിലാണ്. മർക്കസ് കൺലിഫിന്റെ അമേരിക്കൻസാഹിത്യ (The Literature of the United States, 1954)മെന്ന പുസ്തകം ഒരേ സമയം സാഹിത്യചരിത്രവും രാഷ്ട്രീയചരിത്രവുമാണ്. ഇംഗ്ലണ്ടിന്റെ സാംസ്കാരിക അഭിരുചികളിൽ നിന്നു വേറിട്ട സാഹിത്യചരിത്രം നിർമിക്കുകയായിരുന്നു കൺലിഫിന്റെ ലക്ഷ്യം. അതിനായി യൂറോപ്പിൽ നിന്നു പൊതുവെയും ഇംഗ്ലണ്ടിൽ നിന്ന് സവിശേഷമായും അമേരിക്ക വിമോചിപ്പിക്കേണ്ടതുണ്ടെന്ന് അദ്ദേഹം കരുതി. ചിന്തയിലും ആദർശത്തിലും സാമൂഹികതയിലും കലാബോധത്തിലും ലോകകാഴ്ച്ചപ്പാടിലും സർവ്വോപരി ഇംഗ്ലീഷ് ഭാഷാവിനിയോഗത്തിലും അമേരിക്കയുടെ അസ്തിത്വപരമായ വ്യതിരിക്തതയാണ് അമേരിക്കൻസാഹിത്യം അഭിലഷിക്കുന്നത്.

അനുഭൂതികളുടെ പൊതുഘടകങ്ങൾ പോലെ അവയ്ക്കിടയിലെ വേർപാടുകളും അപ്രധാനങ്ങളാണ്. അമേരിക്കൻ സാഹിത്യം എഴുതപ്പെടുന്നത് ഇംഗ്ലീഷ് ഭാഷയുടെ പരിതോവസ്ഥയിൽ അല്ല. ജനപ്രകൃതം, ജീവിതവീക്ഷണം, ധർമബോധനം, ഭൂതകാലനിരാസം, ഭാവികമായ ആഭിമുഖ്യം, യൂറോപ്പിന്മേലുള്ള അവിശ്വാസം എന്നിവയെല്ലാം പ്രത്യക്ഷവും പരോക്ഷവുമായി ആവിഷ്കരിക്കുന്ന അമേരിക്കനീകരിക്കപ്പെട്ട സാഹിത്യമാണ് ചരിത്രകാരൻ അന്വേഷിക്കുന്നത്. അമേരിക്കയിലെ ഭാഷാപരവും സാംസ്കാരികവുമായ സങ്കരസ്വഭാവം നിലനിർത്തുന്നതും തദ്ദേശീയരോടൊപ്പം കുടിയേറ്റക്കാരെയും പരിഗണിക്കുന്നതാണ് അമേരിക്കൻ സാഹിത്യം. കൺലിഫിന്റെ സാഹിത്യചരിത്രത്തിലെ ആദ്യ മൂന്ന് അധ്യായങ്ങൾ അമേരിക്കൻ ഐക്യനാടുകളുടെ പ്രാരംഭചരിത്രമാണ്. വിമോചനസമരങ്ങളും സ്വാതന്ത്ര്യപ്രഖ്യാപനങ്ങളുമാണ് ഉള്ളടക്കം. കൊളോണിയൽ അമേരിക്ക,

അമേരിക്കയും യൂറോപ്പും, സ്വാതന്ത്ര്യത്തിന്റെ പ്രശ്നങ്ങൾ, സ്വാതന്ത്ര്യപ്രാപ്തി എന്നിങ്ങനെ തുടങ്ങുന്ന ആദ്യ മൂന്ന് അധ്യായങ്ങൾ അമേരിക്കയുടെ ദേശീയവും രാഷ്ട്രീയവുമായ മുന്നേറ്റവും സ്വത്വനിഷ്ഠമായ വിമോചനവുമാണ് ചർച്ചചെയ്യുന്നത്.

### കാനോനീകരണത്തിലെ ഏകസ്വരത

രാഷ്ട്രവും അംഗീകൃത ഗ്രന്ഥസമുച്ചയങ്ങളും ഉൾക്കൊള്ളുന്ന കാനോനകളാണ് യൂറോപ്യൻ സാഹിത്യചരിത്രവിജ്ഞാനീയത്തിന്റെ മുഖ്യധാരകളെ രൂപപ്പെടുത്തിയത്. പല നിലയ്ക്കും സമൂഹത്തിൽ നിലനിൽക്കുന്ന ആധിപത്യപ്രവണതകളെ സർഗ്ഗപ്രത്യക്ഷങ്ങളുടെ മണ്ഡലത്തിലേക്ക് പരിവർത്തിക്കുന്ന പ്രക്രിയയാണ് കാനോനകളിലുള്ളത്. കാലനിർണ്ണയം, രൂപനിർണ്ണയം, ഘട്ടവിഭജനം എന്നിവയിൽ സാമൂഹികബന്ധങ്ങളെ ഭരിക്കുന്ന ശ്രേണീബദ്ധമായ ഘടനകളുടെ സ്വാധീനമുണ്ട്. കലാസൃഷ്ടിയാകുന്ന ഉത്പന്നത്തിന്റെ വിതരണത്തിലും വ്യാഖ്യാനത്തിലും വിവേചനപരമായ ശ്രേണീകരണത്തിന്റെ വ്യാപനമാണുള്ളത്. അതിനാൽ സാഹിത്യകൃതികളെ സമൂഹത്തിന്റെയും സംസ്കാരത്തിന്റെയും നിർമ്മാണപാഠങ്ങളായി തിരിച്ചറിയേണ്ടതായുണ്ട്.

സാമൂഹികപക്രിയകളും മൂല്യങ്ങളും ആവിഷ്കരിക്കുമ്പോൾ തന്നെ സാഹിത്യപാഠം അവയെ നിർമ്മിക്കുകയും നിർണ്ണയിക്കുകയും ചെയ്യുന്നുണ്ട്. ഉദാഹരണത്തിന്, 'അർത്ഥശാസ്ത്ര'ത്തിന്റെ ചരിത്രസന്ദർഭത്തെ ഇതോട് ചേർത്ത് വായിക്കാവുന്നതാണ്. ഇന്ത്യൻ സാഹചര്യത്തിൽ അർത്ഥശാസ്ത്രം പോലൊരു കൃതിയെ ഒറ്റപ്പെട്ട സംരംഭമായി മനസ്സിലാക്കാനാവില്ല. അർത്ഥശാസ്ത്രം പിന്നീട് രാജശാസ്ത്രമെന്നും രാജനീതിശാസ്ത്രമെന്നും പല പേരുകളിൽ അറിയപ്പെടുന്നു. അർത്ഥശാസ്ത്രത്തിന് ഇന്നുള്ളതിനേക്കാൾ അധികവലിപ്പം ഉണ്ടായിരുന്നിരിക്കാമെന്ന് ഡി.ഡി.കൊസാംബി (The Text of Arthasasthra) കരുതുന്നു (Kosambi, D.D. 2002:683). അതേസമയം വ്യത്യസ്തകാലങ്ങളിലായി 'കൗടലീയം' പോലെ രാജനീതിയെ വിളംബരപ്പെടുത്തുന്ന അനേകം പാഠങ്ങൾ വേറെയും ഉണ്ടായിട്ടുണ്ട്. ഇത് വ്യക്തമാക്കുന്നത് രാജനീതിയുമായി ബന്ധപ്പെട്ട വിപുലമായ സാഹിത്യസമുച്ചയം തന്നെ നിലവിലുണ്ടായിരുന്നുവെന്നാണ്. അതാവട്ടെ, ഭരിക്കാനും അധികാരം പ്രയോഗിക്കാനും ശിക്ഷ പ്രസ്താവിക്കാനും നീതി നടപ്പാക്കാനുമൊക്കെയുള്ള പരമാധികാരം രാജാവിൽ നിക്ഷിപ്തമാക്കുന്നതിലാണ് ശ്രദ്ധിച്ചത്.

ന്യായവാദപാഠങ്ങളുടെ ദീർഘമായ കണ്ണികളിലൊന്നാണ് അർത്ഥ ശാസ്ത്രം. ഇവിടെ, സാഹിത്യചരിത്രവുമായി ബന്ധപ്പെട്ട മറ്റൊരു വസ്തുത വെളിവാകുന്നു. സാഹിത്യാഖ്യാനവും സാമൂഹികവ്യവഹാരങ്ങളും ഒരേ ചരിത്രസന്ദർഭത്തിന്റെ വ്യത്യസ്ത വ്യാവഹാരിക പാഠങ്ങളാണെന്നതാണ് അതിലൊന്ന്. അതുപോലെ വ്യത്യസ്തകാലഘട്ടങ്ങളിൽ നിലനിന്നിരുന്ന അധികാരബന്ധങ്ങളുടെയും സാമൂഹികമായ സംഘർഷങ്ങളുടെയും അടയാളങ്ങൾ അവയിൽ അന്തർലീനമായിട്ടുണ്ട്. ഇവയ്ക്കിടയിൽ ഇടതടവില്ലാതെ കൊള്ളകൊടുക്കലുകൾ സംഭവിക്കുന്നുമുണ്ട്. കൗടലീയപാരമ്പര്യവുമായുള്ള കൊടുക്കൽ വാങ്ങലുകൾ ഭാസന്റെ ചാരുദത്തത്തിലും വിശാഖദത്തന്റെ മുദ്രാരാക്ഷസത്തിലും തന്ത്രാഖ്യായികയായ വിഷ്ണുശർമയുടെ പഞ്ചതന്ത്രത്തിലും വാത്സ്യായന്റെ കാമസൂത്രത്തിലും, കാളിദാസന്റെ രഘുവംശത്തിലും ദണ്ഡിയുടെ ദശകുമാരചരിതത്തിലും മുതൽ സമകാലീനമായ വി.ജെ. ജെയിംസിന്റെ ചോരശാസ്ത്രത്തിൽ വരെയുണ്ട്.

അർത്ഥശാസ്ത്രത്തിൽ പലകാലഘട്ടങ്ങളെ പ്രതിനിധാനം ചെയ്യുന്ന ആഖ്യാനവൈവിധ്യം ഉള്ളടങ്ങിയിരിക്കുന്നു. ഔത്തരാഹപാഠങ്ങളും ദക്ഷിണാത്യപാഠങ്ങളും ഇതിനുണ്ട്. ഒരു കാലത്ത്, അർത്ഥശാസ്ത്രത്തിലെ സമുദായ - രാഷ്ട്രീയ സ്ഥിതി അതിനെ മൗര്യകാലഘട്ടത്തോട് ബന്ധപ്പെടുത്തിയപ്പോൾ പിന്നീടുള്ളവർ ഗുപ്തവംശത്തോടാണ് 'കൗടലീയ'ത്തെ ചേർത്തുവെച്ചത്. കൊസാംബിയാകട്ടെ ഗുപ്തകാലത്തെ സാമൂഹികവ്യവസ്ഥയിൽ നിന്ന് 'അർത്ഥശാസ്ത്ര'ത്തിന്റെ പ്രതിപാദ്യം ഭിന്നമാണെന്നാണ് വാദിക്കുന്നത്. കൗടലീയത്തിന്റെ രൂപത്തെയും പ്രചാരത്തെയും കുറിച്ചുള്ള പക്ഷാന്തരങ്ങൾ സൂചിപ്പിക്കുന്നത് സാഹിത്യചരിത്രത്തിന്റെ ഓരോ പാഠവും അനേകം സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ കാരണങ്ങളിലൂടെ ഉരുത്തിരിയുന്നുവെന്നാണ്. രാജഭരണത്തിന്റെ അപ്രമാദിത്വത്തെ ആവർത്തിച്ചുറപ്പിക്കുന്ന അധികാരശിക്ഷണങ്ങളുടെ വലയത്തിനുള്ളിലാണ് 'കൗടലീയ'ത്തിന്റെ പാഠഭേദങ്ങളും പാഠാന്തരങ്ങളും സാധ്യമാകുന്നത്. അധികാരതാത്പര്യത്തിന്റെ വ്യത്യസ്തകാലങ്ങളെ പ്രതിനിധീകരിക്കുക മാത്രമല്ല, ഭരണത്തെയും അതിന്റെ ഭാഗമായ പ്രതിരോധത്തിന്റെയും പ്രതികരണത്തിന്റേയും ജ്ഞാനരൂപങ്ങളെ വ്യവസ്ഥചെയ്യുക കൂടിയാണ് അർത്ഥശാസ്ത്രം. ഒരർത്ഥത്തിൽ അന്നന്നു നിലനിന്നിരുന്ന ഭരണകൂടങ്ങളുടെ താത്പര്യങ്ങളാണ് അർത്ഥശാസ്ത്രത്തെ പലഘട്ടങ്ങളിലായി പുനർരചിച്ചിട്ടുള്ളത്.

സാഹിത്യകൃതി എഴുതപ്പെട്ട ഭാഷ, ഭാഷയുടെചരിത്രം, ഭാഷാശാസ്ത്ര പരമായ പ്രത്യേകത എന്നിവ തിരിച്ചറിയുക, വ്യത്യസ്ത സാഹിത്യപഠന ങ്ങൾക്കിടയിലെ ബന്ധം വിശദീകരിക്കുക, അതിലൂടെ ചില പാഠങ്ങൾ ആധികാരികമായി സ്വീകരിക്കുകയും നിരസിക്കുകയും ചെയ്യുക, കർമ്മപ രിധിയിൽ വരുന്ന കൃതികൾ തിരിച്ചറിയാനും മൂല്യനിർണ്ണയം ചെയ്യാനുമുള്ള വിമർശബോധം നിലനിർത്തുക, സാഹിത്യത്തെ ചരിത്രപരമായ കാഴ്ച പ്പാടിൽ സ്ഥാനപ്പെടുത്തുക, കാലികമായ ആശയങ്ങളുടെ വെളിച്ചത്തിൽ തിരിച്ചറിയുക തുടങ്ങി അനേകം ധർമ്മങ്ങളിലൂടെ രൂപപ്പെടുന്നതാണ് സാഹിത്യചരിത്രത്തിലെ കാനോനകൾ. അപ്രമാദിത്വമുള്ളനിർമ്മിതിയെ ന്ന നിലയ്ക്കാണ് കാനോനകളെ പരമ്പരാഗത ചരിത്രരചയിതാക്കൾ പരി ഗണിക്കുന്നത്. പ്രതിഷ്ഠാപനതാൽപര്യവും വ്യക്തിമഹത്വീകരണവുമാണ് താല്ക്കാലികമായ നിയമാവലികളെയും സമ്പ്രദായങ്ങളെയും സാർവകാലികം എന്ന നിലയ്ക്ക് സ്ഥിതപ്പെടുത്തുന്നത്. അതു വഴി ചരിത്രാഖ്യാനത്തിലെ അന്വേഷണങ്ങളും തിരിച്ചറിവുകളും സമയബദ്ധം എന്നതിനെക്കാൾ സാർ വകാലികതയുടെ പ്രതിഫലനമായിട്ടാണ് അനുഭവപ്പെടുക. എഴുത്തച്ഛൻ 'പുതുമലയാണ്മ'യുടേയും നവഭാഷാക്രമത്തിന്റെയും വിധാതാവ് ആകുന്നതും നമ്പ്യാർ സാമൂഹികവിമർശനത്തിന്റെ മുന്നണിപ്പോരാളിയാകുന്നതും ഇതേ മാനദണ്ഡങ്ങൾക്കുള്ളിലാണ്. ഇരുവരും അതു മാത്രമായി തീരുന്നു എന്നതാണ് ഇത്തരം വിശേഷണങ്ങളുടെ പരിമിതി.

എഴുത്തച്ഛനെ തുടക്കകാലത്ത് പരിഗണിച്ച രീതി ശരിയല്ലെന്നും അതിലൊരു പുനർവിചിന്തനം വേണമെന്നും ഇ.എം.എസ്. എഴുതിയത് ഇവിടെ പ്രസക്തമാണ്. ക്ലാസിക്കൽ മാർക്സിസ്റ്റ് സിദ്ധാന്തത്തിലെ മേൽ പ്പുര-അടിത്തറ വാദം കൂടുതൽ തുറസ്സായ അന്തരീക്ഷത്തിലേയ്ക്ക് പ്രക്ഷേ പിച്ചു കൊണ്ടാണ് ഇ.എം.എസ്. ഇങ്ങനെ എഴുതിയത്. പ്രത്യക്ഷമായ രാഷ്ട്രീയമോ, സാമ്പത്തികസമരമോ ഇല്ലാത്തതിനാൽ താൻ ഉൾപ്പെടെ യുള്ളവർക്ക് എഴുത്തച്ഛൻ കൃതികൾ ഒരു കാലത്ത് അനഭിമതമായിരുന്നു. മലയാളഭാഷയും സാഹിത്യവും ജനങ്ങളുടെ സാമൂഹികവളർച്ചയുമായി ബന്ധപ്പെട്ടതായതിനാൽ എഴുത്തച്ഛന്റെ ജനസമ്മതി അതോടു ബന്ധപ്പെ ടുത്തി തിരിച്ചറിയേണ്ടതായിട്ടുണ്ട്. കേരളജനതയിൽ വന്നുകൊണ്ടിരുന്ന സാമൂഹികമാറ്റങ്ങളുടെ നിർണ്ണായകമായ ഒരു ഘട്ടത്തെ എഴുത്തച്ഛൻ കൃതികൾ പ്രതിനിധീകരിക്കുന്നു എന്നും ഇ.എം.എസ് പറയുന്നു (പരമേ ശ്വരൻ പിള്ള, എരുമേലി 1991:20).

മനുഷ്യബോധത്തിന്റെ വിവിധരൂപങ്ങൾക്ക് ഓരോന്നിനും അതതിന്റെ സവിശേഷതകൾ ഉണ്ട്. അവയെ നിയന്ത്രിക്കുന്ന നിയമങ്ങൾ ഉണ്ട്. ശാസ്ത്രം, കല, രാഷ്ട്രീയം, ദർശനം, മതം എന്നിങ്ങനെ ബോധത്തിന്റെ സവിശേഷരൂപങ്ങളെ സംബന്ധിച്ച നിയമങ്ങൾ പരിശോധിച്ച് അവ ഓരോന്നിലുമുള്ള സവിശേഷത കണക്കിലെടുത്ത് വേണം എഴുത്തച്ഛനെ പോലുള്ളവരെ നിരൂപിക്കേണ്ടതെന്നാണല്ലോ ഇ.എം.എസ്. പറയുന്നത്. വർഗ്ഗസമരത്തെ നേരിട്ടു പ്രതിപാദിക്കുന്നില്ലെങ്കിലും ടോൾസ്റ്റോയിയുടെ സാഹിത്യം റഷ്യൻവിപ്ലവത്തിന്റെ കണ്ണാടിയാണെന്ന് ലെനിൻ പറഞ്ഞതിനോട് ചേർത്ത് വയ്ക്കാവുന്നതാണ് എഴുത്തച്ഛനെ സംബന്ധിക്കുന്ന ഇ.എം. എസിന്റെ നിലപാട്.

സാഹിത്യത്തിലെ സംഭവങ്ങൾ ചരിത്രത്തോട് പുലർത്തുന്ന സംസക്തി പുറമേ തോന്നുന്നതിനേക്കാൾ ദുരൂഹവും സങ്കീർണ്ണവുമാണ്. ഓരോ ചരിത്രവേളകളിലും പുനർവായിക്കപ്പെടുമ്പോൾ സാഹിത്യത്തിന്റെ ചരിത്രാത്മകത പുതുതായിട്ടാണ് അനുഭവപ്പെടുന്നത്. പുതിയ പ്രശ്നങ്ങൾ ഉന്നയിക്കുന്ന പാഠമോപാഠാന്തരമോ ആയി ഗതി മാറുന്നിടത്താണ് പ്രതിപാദ്യത്തിലെ 'താത്ക്കാലികത' മറ്റൊരു കാലത്തിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടുന്നത്. താല്ക്കാലികമെന്നു തോന്നിപ്പിക്കുന്ന പ്രതിപാദനം ഭൂതവും വർത്തമാനവും തമ്മിലുള്ള സങ്കീർണവും വൈരുദ്ധ്യാത്മകവുമായ ബന്ധങ്ങളുടെ ആവിഷ്കാരമാണ്. പ്രതിപാദനത്തെ പിന്തുടരുമ്പോൾ നിരന്തരം രൂപാന്തരപ്പെടുകയും നിരന്തരം സമരത്തിലാവുകയും ചെയ്യുന്ന അനേകം ചരിത്രങ്ങളുടെ അടയാളപ്പാടുകളാണ് തെളിഞ്ഞു വരുന്നത്.

അർത്ഥശാസ്ത്രത്തിനെന്ന പോലെ ഇതിഹാസാഖ്യാനങ്ങളിലും അവയുടെ വർത്തമാന പുനരാഖ്യാനങ്ങളിലും പ്രാദേശികാഖ്യാനങ്ങളിലുമൊക്കെ പ്രതിപാദനത്തിന്റെ ബഹുവചനാത്മകത പ്രകടമാണ്. ഇവിടെ ചരിത്രം കണ്ടെടുക്കകയല്ല, നിർമ്മിക്കപ്പെടുകയാണ്. ഓരോ നിർമ്മിതിയും തുടർന്നുണ്ടാകേണ്ട പുനർനിർമ്മിതിയുടെ അനിവാര്യത സൂചിപ്പിക്കുന്ന മുന്നറിയിപ്പുകളാണ്. 'അമേരിക്കൻ ഹെറിറ്റേജ് ഡിക്ഷ്ണറി' അനുശാസിക്കുന്ന ചരിത്രവിജ്ഞാനത്തിന്റെ നിയമാവലിയിൽ പലതും ഇവിടെ അപ്രസക്തമാവുകയാണ്. വസ്തുനിഷ്ഠവും നിഷ്പക്ഷവുമായ സമീപനമാണ് ഇവിടെ കാലാഹരണപ്പെടുന്നത്. പക്ഷപാതപരവും ഭാഗികവുമായ ചരിത്രനിർണ്ണയത്തിലാണ് ആഖ്യാതാവ് ഏർപ്പെടുന്നത്. അതിനാൽ സാഹിത്യ ചരിത്രവിജ്ഞാനീയത്തെ ആദർശം മുൻനിർത്തിയല്ല, കർത്താവിന്റെ

ആത്മവത്തയുടെ പ്രകാശനമെന്ന നിലയ്ക്കാണ് മനസ്സിലാക്കേണ്ടതെന്നു വരുന്നു. സാഹിത്യചരിത്രത്തിന്റെ ആഖ്യാതാവിന് നിരുപാധികതയുടെ സൗജന്യമില്ല. നിർമമമായ വിശകലനം അയാൾക്ക് അസാധ്യമാണ്. ചരിത്രാഖ്യാനത്തെ വ്യവസ്ഥ ചെയ്യുന്നതിൽ വംശീയതയുടെയും വർഗ്ഗ ബോധത്തിന്റെയും ലിംഗത്വത്തിന്റെയും ബോധപരമോ അബോധപരമോ ആയ ഇടപെടലുണ്ട്. അതിനുള്ളിലാണ് അയാളുടെ ബൗദ്ധികമായ സഹാനുഭൂതികൾ കെട്ടുപിണഞ്ഞു കിടക്കുന്നത്. എല്ലാ ചരിത്രാഖ്യാനവും ചരിത്രാഖ്യാതാവിന്റെ അവബോധത്തിനുള്ളിലെ പ്രത്യയശാസ്ത്രസ്ഥാനങ്ങളിലാണ് ആഴ്ന്ന് പതിഞ്ഞിട്ടുള്ളത്.

### സാഹിത്യചരിത്രം: വർഗീകരണവും പ്രസ്ഥാനനിർണയവും

സാഹിത്യചരിത്രരചനയിൽ കാലനിർണയവും തുടർന്നുള്ള വർഗീകരണവും അതിപ്രധാനമാണ്. എല്ലാ ചരിത്രവും പോലെ സാഹിത്യചരിത്രവും ഒരു ആഖ്യാനമാണെന്ന വിലയിരുത്തലുകളെ പുതിയ സാഹചര്യത്തിൽ അവഗണിക്കാവുന്നതല്ല. ഭൂതകാലസംഭവങ്ങളെ കുറിച്ചുള്ള അവബോധം, സംബോധന ചെയ്യുന്ന ജനവിഭാഗത്തെ സംബന്ധിച്ചിടത്തോളം അതിനുള്ള പ്രസക്തി, കാലക്രമം അനുസരിച്ചുള്ള വർഗ്ഗീകരണവും വിവരണവും എന്നിവ കാലഗണനയിൽ പ്രധാനമാകുന്നു. പൂർവ്വകാല സാഹിത്യത്തെക്കുറിച്ചുള്ള ധാരണ നിലനിർത്തുന്നതിൽ ഇന്ത്യക്കാർ ദത്തശ്രദ്ധരായിരുന്നുവെന്നാണ് സുജിത് മുഖർജിയുടെ അഭിപ്രായം (1981:60). ഭൂതകാല അവബോധത്തെ മുഖർജി നിർണയിക്കുന്നത് രണ്ടുതലങ്ങളിലായാണ്. ഒന്ന്: പൂർവ്വഗാമികളുടെ ആരാധനാപരമായ അനുകരണമാണ്. മറ്റൊന്ന്: പൂർവ്വമാതൃകകൾ ഉപജീവിച്ചുള്ള പുനരാവിഷ്കാരങ്ങളും. ആദ്യകാഴ്ചയിൽ അതിരു വിട്ട കടപ്പാടായി തോന്നാമെങ്കിലും പ്രാചീന സാഹിത്യത്തെക്കുറിച്ചുള്ള സാമാന്യാവബോധം രൂപപ്പെടുത്തുന്നതിൽ അനുകർത്താക്കളുടെ പങ്കാളിത്തം പ്രധാനമാണ്. ഭാരതീയ സാഹിത്യസമുച്ചയത്തിന്റെ ക്രമാനുസൃതമായ പരമ്പര തയ്യാറാക്കുന്നതിൽ മുൻഗാമികളെക്കുറിച്ചുള്ള പരാമർശങ്ങൾ വിലപ്പെട്ടതാണെന്ന് മുഖർജി കരുതുന്നു. വ്യാകരണം, അലങ്കാരം, സാഹിത്യശാസ്ത്രം തുടങ്ങിയ ഗ്രന്ഥങ്ങളുടെ വ്യാഖ്യാനസന്ദർഭത്തിലും ഉദാഹരണപദ്യങ്ങളിലും പ്രാചീന സാഹിത്യരൂപങ്ങളുടെ സ്വരൂപവും സ്വഭാവവും വ്യക്തമാകുന്നുണ്ട്. സാഹിത്യചരിത്രരേഖകളെന്ന നിലയിൽ പ്രാഥമിക ഉപാദാനങ്ങൾക്കു വേണ്ട വസ്തുതകൾ ഇതിൽനിന്നും ലഭ്യമാണ്. പ്രതിപാദനരീതി, അഭിരുചി, അനുഭൂതി, പാരമ്പര്യം, മൂല്യാവബോധം

എന്നിവയെക്കുറിച്ചുള്ള നിഗമനത്തിൽ എത്തിച്ചേരുവാൻ ഇവ സഹായകമാണ്. ഇവയെല്ലാം പരിഗണിക്കുമ്പോഴും ഘട്ടവിഭജനവും വർഗ്ഗീകരണവും യുക്തിവിചാരബദ്ധമായ പ്രക്രിയയുടെ നിർമ്മിതിയാണെന്ന ബോധ്യവും പ്രധാനമാണ്.

ചില സവിശേഷ മാനദണ്ഡങ്ങളെയും മുൻവിധികളെയും ആസ്പദമാക്കുന്ന കനോനീകരണത്തിൽ നിന്നും സവിശേഷമായ സങ്കല്പനത്തിലേക്കും അതേപോലെ തിരിച്ചും മാറി മറിയുന്നതാണ് മേൽസൂചിപ്പിച്ച യുക്തിവിചാരം. സങ്കല്പനവും കാനോനീകരണവും സമയോചിതമായി നവീകരിക്കപ്പെട്ടേക്കാം. എന്നാൽ ചരിത്രാസ്പദങ്ങളുടെ വർഗീകരണം സങ്കല്പനവും കാനോനീകരണവും കൊണ്ടേ സാധ്യമാകൂ. സാഹിത്യചരിത്രനിർമ്മാണത്തിന്റെ തുടക്കത്തിൽ ഇവ രണ്ടിനേയും അതിവർത്തിക്കുന്ന വർഗീകരണം അസാധ്യമാണ്. സാഹിത്യചരിത്രങ്ങളെക്കുറിച്ചുള്ള ഡേവിഡ് പെർക്കിൻസിന്റെ നിരീക്ഷണം ഇവിടെ പ്രസക്തമാണ്. സാഹിത്യചരിത്രങ്ങളിൽ നിന്നു തന്നെയാണ് സാഹിത്യചരിത്രങ്ങൾ നിർമ്മിക്കപ്പെടുന്നതെന്നാണ് അദ്ദേഹം കരുതുന്നത് (Perkins, David, 1992:16).

സാഹിത്യചരിത്രങ്ങൾക്കിടയിൽ നിലനിൽക്കുന്ന പാരസ്പര്യത്തിന്റെ തുടർച്ചയും തുടർച്ചയും ഇത്തരമൊരു നിഗമനത്തിന് സാധുതയേകുന്നു. കാതലായപ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം വർഗ്ഗീകരണം, പ്രമേയസ്വീകാരം എന്നിവയിലെല്ലാം സാഹിത്യചരിത്രങ്ങൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. പല വൈജ്ഞാനികമേഖലയുടെയും തത്ത്വങ്ങൾ സാഹിത്യചരിത്രനിർമ്മാണത്തിൽ ഉപയോഗപ്പെടുത്താറുണ്ട്. അന്തർവൈജ്ഞാനികമായ സംരംഭമെന്ന നിലയ്ക്കാണ് സാഹിത്യചരിത്ര വിജ്ഞാനീയത്തെ പരിഗണിക്കേണ്ടത്. പലപ്പോഴും ചരിത്രകർത്താവിന്റെ ആധികാരികതയ്ക്ക് നിദാനം മുൻകാലകർത്താക്കളുടെ ആധികാരികതയാണ്. പുനരാലോചനയിൽ ഇത്തരമൊരു പ്രസ്താവം ആപേക്ഷികമായി തോന്നാനിടയുണ്ട്. വർത്തമാനകാലത്തെ ചരിത്രാഖ്യാനങ്ങൾ സംബോധനചെയ്യുന്നത് കൂടുതൽ വംശീയവൽക്കരിക്കപ്പെട്ടതും രാഷ്ട്രീയവത്ക്കരിക്കപ്പെട്ടതുമായ പ്രശ്നങ്ങളാണ്. സാഹിത്യചരിത്രവും ഒരു ചരിത്രമാണെന്നും ആ നിലയ്ക്ക് ചരിത്രരചനാശാസ്ത്രത്തിലെ പ്രശ്നങ്ങളിൽ സാഹിത്യചരിത്രകാരനും മുഴുകേണ്ടിവരുമെന്നും റോബർട്ട്.ഇ.സ്പില്ലർ അഭിപ്രായപ്പെടുന്നു (Spiller, Robert E., (1946) 1972: IX). ബാഹ്യമായ കാരണങ്ങൾ കൊണ്ട് സാഹിത്യത്തിന്റെ ചരിത്രാഭിമുഖ്യങ്ങൾ അടയാളപ്പെടുത്തുക എളുപ്പമല്ല. പെണ്ണെഴുത്ത്, ദളിത്

സാഹിത്യം, സംസ്കാരപഠനം എന്നിവയെ കേവലസാദൃശ്യതകൾ മാത്രം ആശ്രയിച്ച വർഗീകരിക്കാനാവില്ല. സങ്കല്പത്തെക്കുറിച്ചുള്ള സങ്കല്പനങ്ങളിലെ വ്യതിയാനങ്ങളും കാനോനീകരണത്തിലെ പുനഃക്രമീകരണവും സാഹിത്യചരിത്രനിർമ്മിതിയെ ചിലപ്പോഴെങ്കിലും സമാനതകളില്ലാത്ത പ്രതിപാദനമാക്കിത്തീർക്കുന്നു. സാദൃശ്യങ്ങളും വൈസാദൃശ്യങ്ങളും മാത്രം ആധാരമാക്കി കൃതികളെ വർഗ്ഗീകരിക്കുന്ന രീതിയിൽ പെർക്കിൻസ് സംശയാലുവാണ്. മറ്റേതെങ്കിലും വിധത്തിൽ നടന്ന വർഗീകരണത്തെ സാധൂകരിക്കാനേ ഇത്തരം നിരീക്ഷണങ്ങൾ സഹായകമാകൂ. അല്ലാതെ വർഗീകരണത്തിനല്ല.

സാഹിത്യചരിത്രങ്ങളിലെ പ്രസ്ഥാനവത്ക്കരണത്തിന്റെ സംവാഹകശേഷിക്ക് പരിധികളേറെയുണ്ട്. പല കാലഘട്ടങ്ങളിലായി തയ്യാറാക്കപ്പെട്ട വ്യത്യസ്തരൂപങ്ങളുള്ള കൃതികളെ ഒരേ നിരയ്ക്ക് അണിനിരത്തുന്നതിലെ പരിമിതിയാണ് ഇവിടെ വെളിവാകുന്നത്. പ്രത്യേക കാലഘട്ടത്തിൽ, സവിശേഷഭാഷയിൽ ഒരു ദേശത്തെ ജനസമൂഹം ഏർപ്പെട്ട സാഹിത്യാവിഷ്കാരങ്ങളുടെ വിവരണത്തിലും വിശദീകരണത്തിലുമാണ് സാഹിത്യചരിത്രം ശ്രദ്ധിക്കേണ്ടതെന്ന് റോബർട്ട്.ഇ.സ്പില്ലർ സൂചിപ്പിക്കുന്നുണ്ട് (ibid,P.IX). ചരിത്രവിജ്ഞാനത്തിന്റെ ഏതെങ്കിലുമൊരു സങ്കല്പനത്തിന് പാകമാകുന്ന വിധത്തിൽ വ്യത്യസ്തങ്ങളായ കൃതികളെ അല്ലെങ്കിൽ അവയിലെ ചില സന്ദർഭങ്ങളെ കൂട്ടിച്ചേർക്കുന്നത് സത്താപരമായ ഐകരൂപ്യം കൊണ്ടല്ല, സങ്കീർണവും പൊരുത്തപ്പെടാത്തതുമായ സാധർമ്മികതകളുടെ ശൃംഖലാബന്ധത്തിലാണ്.

പരസ്പരം അതിക്രമിക്കുന്നതും സമരത്തിൽ ഏർപ്പെടുന്നതുമായ സദൃശ്യതകളുടെ വലയത്തിനുള്ളിൽ നിന്നാണ് ഒരു സങ്കല്പനത്തിലെ വ്യത്യസ്ത ഉദാഹരണങ്ങൾ കൂടിച്ചേരുന്നത്. ഒരു പ്രസ്ഥാനത്തിലെ വിവിധ രചനകൾ എങ്ങനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്നും അവയെ ഏതു നിലയ്ക്ക് ബന്ധപ്പെടുത്തണമെന്നും അലെസ്റ്റർ ഫൗളർ വിശദീകരിക്കുന്നുണ്ട്. ഒരു പ്രസ്ഥാനത്തിലെ പൊതുസവിശേഷതകൾ പ്രകടമാകുന്ന കൃതികളെ മറ്റു മാർഗവ്യതിയാനങ്ങൾ ഉണ്ടെങ്കിൽ കൂടിയും ഒന്നായി അടുക്കുന്ന രീതിയാണ് ഫൗളർ സ്വീകരിക്കുന്നത് (Perkins, David 1992:77). കുടുംബപരമായ സാദൃശ്യം അന്വേഷിക്കും മുമ്പ് കുടുംബമുണ്ടെന്ന് ഉറപ്പു വരുത്തണം. കുടുംബസങ്കല്പത്തെ നീതികരിക്കുന്നത് കേവലസദൃശ്യതകൾ മാത്രമല്ല, കുടുംബബന്ധങ്ങളും ഇവിടെ നിർണായകമാണ്. അച്ഛന്റെ ഛായ ഇല്ലെങ്കിലും മകൻ

അച്ഛന്റെ പേര് തന്റേതിനോട് ചേർക്കുന്നത് പോലെയാണ് ബന്ധത്തിന്റെ നിർണായകത്വം. പൂർവ്വകാലത്തെ മൂലകൃതികളുമായി പ്രകടമായ സാമ്യതകളില്ലെങ്കിലും പ്രസ്ഥാനത്തിന്റെ തുടർച്ചയെന്ന നിലയ്ക്ക് കൃതികളെ ഒരുമപ്പെടുത്തുന്ന പ്രവണത സാഹിത്യചരിത്രങ്ങളിൽ പൊതുവെയുണ്ട്. ഫൗളറുടെ കുടുംബസാമ്യദർശനം സാഹിത്യചരിത്രങ്ങളിലെ പൊതുസമീപനരീതിയെ ന്യായീകരിക്കുന്നതാണ്. എന്നാൽ, കുടുംബമെന്ന ആധുനികമായ വ്യവസ്ഥയ്ക്ക് പുറന്തള്ളുന്നവയെ ചരിത്രനിർമ്മാതാവ് എങ്ങനെയാണ് വർഗീകരിക്കുകയെന്ന ചോദ്യം അവശേഷിക്കുന്നു. ഉദാഹരണമായി ആദ്യകാല സാഹിത്യചർച്ചകൾ വരമൊഴിയെ മാത്രം പ്രമാണമാക്കിയാണ് പാട്ടുപ്രസ്ഥാനത്തെ പഠിച്ചിരിക്കുന്നത്. വാമൊഴി വഴക്കങ്ങളിലൂടെ നിലനിൽക്കുകയും പാടി പ്രചരിക്കുകയും ചെയ്ത നാടോടിഗാനങ്ങൾ പാട്ടുപ്രസ്ഥാനങ്ങൾക്ക് വലിയൊരു കാലം വരെ അനഭിമതമായിരുന്നു.

മഹാകവി ഉള്ളൂരിനെപ്പോലൊരാൾ എഴുത്തുഭാഷയുടെ നിയമങ്ങളും ലാവണ്യശീലങ്ങളും ഉപയോഗിച്ചാണ് നാടോടിപാട്ടുകളെ വിലയിരുത്തിയത്. ടി.എം.ചുമ്മാറിന്റെ പദ്യസാഹിത്യചരിത്ര (1936)മാണ് നാടോടിപ്പാട്ടുകളും ആധുനികമായ ശ്രാവ്യസംസ്കാരത്തെ പ്രതിനിധീകരിച്ച ചലച്ചിത്രഗാനങ്ങളും തുടർപതിപ്പുകളിലെങ്കിലും(5-ാം പതിപ്പ്, 1972) ചരിത്രത്തിന്റെ ഭാഗമാക്കിയത്. അതുപോലെ ജനപ്രിയനോവലുകൾ, പ്രൊഫഷണൽ നാടകങ്ങൾ എന്നിവയും ചരിത്രത്തിനു പുറത്തായിരുന്നു. പ്രസ്ഥാനവത്ക്കരണത്തിനുള്ള അമിതവ്യഗ്രത ചരിത്രപരിധിയിൽ പ്രബലമാകുന്നവയെ ഉൾപ്പെടുത്തുകയും അല്ലാത്തവ പുറന്തള്ളുകയുമാണ് ചെന്നത്. സാഹിത്യചരിത്രരചയിതാവ് നിർവ്യക്തീകരിക്കപ്പെട്ട കർത്താവല്ല. ആഖ്യാനനിർമ്മിതിയ്ക്കുള്ള നിരുപാധികമായ ഇടം അയാൾക്ക് അനുവദിക്കപ്പെട്ടിട്ടില്ല. ചരിത്രകർത്താവിന്റെ ധാരണകളിൽ സ്വരൂപിതമായ വർഗബോധവും വംശചിന്തയും ലിംഗത്വപരിഗണനയും അയാളുടെ വർഗീകരണത്തിലും പ്രസ്ഥാനവത്കരണത്തിലും അന്തർലീനമാണ്. ചരിത്രാഖ്യാനത്തെ പ്രത്യയശാസ്ത്രനിർമ്മിതിയായി പരിഗണിക്കേണ്ടിവരുന്നത് അതുകൊണ്ടാണ്.

ചരിത്രം സംഭവങ്ങളെ ആശ്രയിക്കുന്നു. സാഹിത്യസംഭവങ്ങളാവട്ടെ അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നതാണ്. സ്വാഭാവികമായി, ബന്ധങ്ങളും അവയ്ക്കിടയിലെ പാരസ്പര്യവും സാഹിത്യചരിത്രത്തിന്റെ പരിധിയിൽ വരുന്നു. സാഹിത്യചരിത്രകർത്താവിന്റെ വിഷയപരിധിയിൽപ്പെടുന്ന കൃതികൾ സമാഹരിക്കുകയും സമയബദ്ധമായി അവയെ

ചിട്ടപ്പെടുത്തുകയുമാണ് ചരിത്രകർത്താവ് ചെയ്യുന്നത്. ചരിത്രത്തിലെന്നപോലെ സാഹിത്യത്തിന്റെ കാര്യത്തിലും ഏതൊരു സംഭവത്തിനും ഒരേയൊരു കാരണം മാത്രമല്ല ഉള്ളത്. സാമൂഹികവും സാമുദായികവും സാമ്പത്തികവുമായി രാഷ്ട്രീയവത്ക്കരിക്കപ്പെട്ട വിപുലമായ ശൃംഖലകളോട് ഓരോ സംഭവവും ബന്ധപ്പെട്ടിരിക്കുന്നു. സംഭവങ്ങളുടെ പ്രകൃതമാണ് സാഹിത്യചരിത്രത്തിന്റെ രൂപവും ഭാഷണവും നിർവ്വഹിക്കുന്നത്. ചരിത്രസംഭവത്തിൽ നിന്ന് സാഹിത്യസംഭവങ്ങൾക്കുള്ള വ്യത്യാസം അത് ഭൗതികലോകത്തെ നേരിട്ട് ബാധിക്കുന്നില്ലെന്നതാണ്. അവ താത്കാലികമാണ്. ഓരോ ചരിത്രസന്ദർഭവും പുനർവായിക്കുമ്പോൾ സാഹിത്യസംഭവങ്ങൾക്ക് പുതിയ രൂപഭാവങ്ങൾ കൈവരുന്നു. രചയിതാവിന്റെ വ്യക്തിജീവിതത്തിലെ ഏതെങ്കിലുമൊരു സംഭവമാകാം തന്റെ എഴുത്തിന് കാരണമെന്ന് അയാൾ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടാകാം. അങ്ങനെ രേഖപ്പെടുത്തിയ ഏതെങ്കിലുമൊരു സംഭവമല്ല അന്വേഷണവിഷയം. അത്തരമൊരു സംഭവം ഉണ്ടാകുന്നതിന് പശ്ചാത്തലമായ ചരിത്രവും ജീവിതസാഹചര്യവും അതിലേക്കു നയിച്ച മറ്റനേകം കാര്യകാരണങ്ങളും സാഹിത്യചരിത്രകർത്താവിന്റെ പരിഗണനയിലുണ്ട്. ഇവയെല്ലാം മാറ്റിവെച്ച് എഴുത്തുകാരന്റെ വൈയക്തികമായ പ്രസ്താവത്തെ ചരിത്രരേഖയായി പരിഗണിക്കുന്നത് കാര്യങ്ങളെ കുറെക്കൂടി ലഘുവാക്കുന്നു.

ഇവിടെയാണ് സാഹിത്യചരിത്രങ്ങൾ എങ്ങനെയാണ് ദളിത് സാഹിത്യത്തെ പ്രതിനിധീകരിക്കുന്നതെന്ന പ്രശ്നം ഉയർന്നുവരുന്നത്. ആത്മവത്തയുടെ സാക്ഷാത്ക്കരണമെന്ന നിലയ്ക്ക് പരമ്പരാഗത സാഹിത്യസമീപനത്തിൽ ദളിതത്വത്തെ വിലയിരുത്താനാവില്ല. സ്ഥാപിത താല്പര്യങ്ങൾക്കെതിരെ നിഷേധത്തിന്റെയും അവമതിയുടെയും പ്രതികരണത്തിന്റെയും പ്രതിരോധത്തിന്റെയും വിഭിന്നശബ്ദങ്ങൾ ദളിതെഴുത്തിൽ പ്രകടമാണ്. വസ്തുനിഷ്ഠതയേക്കാൾ പൊള്ളുന്ന അനുഭവങ്ങളുള്ള ആത്മകഥാകഥനങ്ങളാണ് അവരുടേത്. സാഹിത്യപരമായ മാനദണ്ഡങ്ങൾ കൊണ്ടുമാത്രം ഇവയെ പരിഗണിക്കാനാവില്ല. കാരണം ദളിതത്വത്തിന്റെ അന്തർഗതങ്ങൾ സാമൂഹ്യശാസ്ത്രപരമാണ്. വംശീയമായ വിവേചനത്തെയാണ് അതു പ്രതിനിധീകരിക്കുന്നത്.

### അനുവാചകപ്രതികരണങ്ങളും സാഹിത്യചരിത്രാഖ്യാനവും

സാഹിത്യചരിത്രരചനയിലെ ആഖ്യാനപരമായ മുൻവിധികൾ പലപ്പോഴും നിഷേധാത്മകമാണ്. കൃതികളുടെ തിരഞ്ഞെടുപ്പിലും വർഗീകരണത്തിലും

February, 2020 മലയാളപ്പച്ച
Volume 01: No. 10 malayala pachcha

അവതരണത്തിലും ഇത് പ്രതിഫലിക്കാറുണ്ട്. സാഹിത്യവും ചരിത്രവുമായുള്ള സമന്വയവും സങ്കലനവും ഇവിടെ കൂടുതൽ സങ്കീർണ്ണമാവുകയാണ്. സാഹിത്യചരിത്രങ്ങൾ പൊതുവെ അഭിമുഖീകരിക്കുന്നത്. കൃതി - കർത്താവ് - അനുവാചകർ എന്നിവർക്കിടയിലെ പാരസ്പര്യത്തെ സർഗാനുഭവമായി സാഹിത്യചരിത്രവിജ്ഞാനീയത്തിലേക്കു സന്നിവേശിപ്പിച്ചത് ഹാൻഡ് റോബർട്ട് ജൗസ്സാണ് (Literary History as a Challenge to Literary Theory *See.* Walder, Dennis (ed.) 1990: 67-75). ചരിത്രത്തിനും സാഹിത്യത്തിനും ഇടയിലെന്ന പോലെ ചരിത്രപരവും ലാവണ്യാത്മകവുമായ സമീപനങ്ങളിലെ അന്തരവും ഇല്ലാതാക്കുന്ന ഉദ്യമമാണ് തന്റേതെന്ന് ജനസ്സ് വാദിക്കുന്നു. കൃതിയുടെ ലാവണ്യാത്മകതയും സാമൂഹികബന്ധങ്ങളുമാണ് സാഹിത്യത്തിന്റെ മാനകങ്ങൾക്ക് ദിശാബോധമേകുന്നത്. പാരായണവൃത്തി (Act of Reading) ക്കാണ് ജൗസ്സിന്റെ ചിന്തയിൽ പ്രാമാണികത. സാഹിത്യകൃതി പ്രാഥമികമായി സംബോധന ചെയ്യുന്നത് അനുവാചകരെയാണ്. വായനാസമൂഹത്തിന്റേത് കേവലപ്രതികരണമല്ല, സജീവമായ പങ്കാളിത്തമാണ്. അനുവാചകരുടെ ഇടപെടലുകളില്ലാതെ സാഹിത്യകൃതിക്ക് ചരിത്രപരമായ ജീവിതം അസാധ്യമാണ്. കൃതിയുടെ അനുഭവമണ്ഡലം സുനിശ്ചിതമല്ല. നിരന്തരമായ സംവേദനവൃത്തിയിലൂടെ അനുക്ഷണം മാറുന്നതാണ് അനുഭവലോകം. ഇത് കേവലമായ ആസ്വാദമല്ല. വിമർശനാത്മകമായ മൂല്യനിർണയമാണ്. തീവ്രവും ഇടതടവില്ലാത്തതുമായ തുടർപ്രക്രിയയുടെ പ്രഭാവം മൂല്യനിർണയത്തിലുണ്ട്. അതിന്റെ തുടർച്ചയിലാണ് അനുവാചകസമൂഹത്തിന്റെയും അതുവഴി കൃതികളുടെയും അനുഭവചക്രവാളങ്ങളിൽ കാലാനുസാരിയായ പരിണതികൾ വന്നുചേരുന്നത് ജൗസ്സിന്റെ നിലപാടുകൾ സാക്ഷ്യപ്പെടുത്തുന്ന ലാവണ്യം, പാരായണം, ആസ്വാദനം അനുഭവപരത, പ്രതികരണം തുടങ്ങിയ സംവർഗങ്ങൾ കൃതിയും അനുവാചകരുമായുള്ള പാരസ്പര്യത്തിനുള്ളിൽ ഉരുത്തിരിയുന്നതാണ്.

ഫോർമലിസം സാമൂഹ്യവിജ്ഞാനം തുടങ്ങി സാഹിത്യചരിത്രവിജ്ഞാനീയത്തിൽ ആധിപത്യം പുലർത്തിയിരുന്ന വിശകലനരീതികളോടുള്ള വിമതപക്ഷം ജൗസ്സിനെ പ്രകോപിപ്പിച്ചിട്ടുണ്ട്. കൃതിയുടെഭൂതകാലസ്ഥിതിവിശേഷവും വർത്തമാനകാലത്തെ പാരായണാനുഭവവും 'സ്വീകാരത്തിന്റെ ലാവണ്യശാസ്ത്രചരിത്ര' (History of Reception Aesthetics) ത്തിൽ സംവാദവിഷയമാണ്. മുമ്പ് വായിച്ചിരുന്ന കൃതികളുമായുള്ള താരതമ്യത്തിലൂടെയാണ് പിന്നീടുള്ള സാഹിത്യകൃതികളുടെ സൗന്ദര്യാത്മകമൂല്യം

വായനക്കാർ തിരിച്ചറിയുന്നത്. മാറി വരുന്ന തലമുറകളിലൂടെ കൈമാറുന്ന ആസ്വാദപരമായ പ്രതികരണ പരമ്പരകളിലൂടെയാണ് കൃതിയുടെ ചരിത്ര പരമായ നിർണയനവും സൗന്ദര്യാത്മകതയുടെ വ്യഞ്ജനയും യാഥാർഥ്യ മാകുന്നത്. ഭൂതകാലത്തിൽ നിന്നും വർത്തമാനത്തിലേക്ക് സംക്രമിക്കുന്ന സൗന്ദര്യാത്മകതയും ഭാവകത്വവുമായുള്ള സമന്വയനവുമാണ് സ്വീകാര സിദ്ധാന്തത്തിന്റെ ആസ്പദങ്ങൾ. സാഹിത്യപരമായ വസ്തുതകളിൽനിന്നു സമാകലനം ചെയ്ത വായനാനുഭവപരമ്പരകളിലൂടെയാണ് കൃതിയുടെ ചരി ത്രപരമായ സാംഗത്യം നിർണയിക്കപ്പെടുക.

സ്വീകാര്യതയുടെ സൗന്ദര്യശാസ്ത്രത്തെ പ്രാമണികമാക്കുന്നതാണ് ജൗസ്സിന്റെ സാഹിത്യചരിത്രസങ്കല്പനം. പ്രതീക്ഷയുടെ ചക്രവാള (Horizon of Expectations) ത്തെക്കുറിച്ചുള്ള ആശയങ്ങൾ വികസ്വരമാകുന്നത് ഇതോട് ബന്ധപ്പെട്ടാണ്. വ്യത്യസ്തമായ ദേശ - കാലങ്ങളിൽ വായിക്ക പ്പെടുന്ന സാഹിത്യപാഠങ്ങൾക്കിടയിലെ സംസക്തിക്ക് കാരണം അനുവാ ചകരിൽ നിലനിൽക്കുന്ന പ്രതീക്ഷകളാണ്. കൃതിയിൽ പ്രത്യക്ഷപ്പെടുന്ന ചരിത്രപരമായ പ്രമേയത്തിന് അനുവാചകഭിന്നമായ അസ്തിത്വമില്ല. അത്ര ത്തോളം യഥാർത്ഥമോ സ്വാതന്ത്രമോ അല്ല കൃതികൾ. ഇവിടെയാണ് വായനാസമൂഹത്തിന്റെ ജൈവമായ അനുഭവമണ്ഡലത്തെ പ്രതീക്ഷാച ക്രവാളത്തോട് സമീകരിക്കാൻ ജൗസ്സ് മുതിരുന്നത്. പ്രസ്ഥാനങ്ങളെക്കു റിച്ചുള്ള ധാരണകൾ, മുൻകാലകൃതികളുടെ പ്രമേയങ്ങൾ, കാവ്യഭാഷയും വ്യവഹാരഭാഷയും ഇടയിലെ വിപരീതാത്മകത എന്നിവ പ്രതീക്ഷകളെ ഉണർത്തുകയും നിലനിർത്തുകയും ചെയ്യുന്നു. സാഹിത്യകൃതികളുടെ അനുവാ ചകർ കാലാകാലങ്ങളായി പുലർത്തിവരുന്ന മുൻധാരണകളിൽ നിന്നാണ് പ്രതീക്ഷചക്രവാളം സങ്കല്പിക്കപ്പെടുന്നത്. രാഷ്ട്രീയസംഭവം പോലെ വരും തലമുറകളെ സ്വാധീനിക്കുന്ന അവസ്ഥാവിശേഷം സാഹിത്യസംഭവത്തി നില്ല. സാഹിത്യാത്മകമായ സംഭവങ്ങൾ വരുംതലമുറകൾക്ക് ബോധ്യമാകു ന്നത് അവയുണർത്തിയ പ്രതികരണങ്ങളിലൂടെയാണ്. പ്രതികരണങ്ങളെ സർഗാത്മകമാക്കി ഭാവികാലത്തിലേക്ക് സംക്രമിപ്പിക്കുന്നതിലാണ് പ്രതീക്ഷകളുടെ പ്രസക്തിയും പ്രാധാന്യവും. സാഹിത്യത്തിന്റെ ജീവിതവും വ്യാപാരവും നിലനിൽക്കുന്നുവെന്ന് ബോധ്യപ്പെടുന്നത് പിൻതലമുറകൾ അതോട് പ്രതികരിക്കുകയോ തിരിച്ചറിയുകയോ ചെയ്യുമ്പോഴാണ്.

ചരിത്രകർത്താവിന്റെ അന്തഃകരണത്തിൽ നടക്കുന്ന ഭൂതകാലചിന്ത യുടെ പുനർനിർവ്വഹണമാണ് ചരിത്രമെന്ന ആർ. ജി. കോളിങ്വുഡിന്റെ

ആശയലോകത്തോടുള്ള താത്പര്യവും പ്രതിഭാസ വിജ്ഞാനീയത്തിലുള്ള വിശ്വാസവും ജൗസ്സിന്റെ സ്വീകാരതാസിദ്ധാന്തത്തിലും പ്രതീക്ഷാചക്രവാളത്തിലുമുണ്ട്. എന്നാൽ സാഹിത്യവും ചരിത്രവുമായുള്ള പാരസ്പര്യത്തിന്റെ കല്പനകൾ ഏറ്റവുമധികം വിമർശിക്കപ്പെട്ടത് അതിലെ സാമൂഹിക - രാഷ്ട്രീയ ബന്ധങ്ങളുടെ അഭാവം മൂലമാണ്. സാമൂഹ്യശാസ്ത്രപരിസരത്തിൽ ഇപ്പോഴും തീർപ്പുകളില്ലാതെ തുടരുന്ന വംശ-വർഗ ലിംഗപരമായ വിവേചനത്തിന്റെ രാഷ്ട്രീയം പ്രതീക്ഷയുടെ അനുഭൂതിലോകത്തിന് അപ്രാപ്യമാണ്. പാരായണവൃത്തിയെ ഏകീകരിക്കുന്ന തുടർപ്രക്രിയയാണല്ലോ പ്രതീക്ഷയുടെ ചക്രവാളസീമകൾക്ക് അതിരിടുന്നത്.

അനേകതകളെ അഭിമുഖീകരിക്കാനുള്ള പ്രതീക്ഷാചക്രവാളത്തിന്റെ പര്യാപ്തതയിൽ ചരിത്രകർത്താക്കൾ സംശയാലുക്കളാണ്. സാമൂഹിക-രാഷ്ട്രീയതകളിലെ വൈരുദ്ധ്യങ്ങളെ സംബോധന ചെയ്തിരുന്നെങ്കിൽ അനുവാചക പ്രതികരണസിദ്ധാന്തത്തിന് അനവധി പ്രതീക്ഷകളെയാവും നേരിടേണ്ടി വരിക. കൂടുതൽ പ്രതീക്ഷകൾ വിവേചിച്ചറിയുന്നതോടെ ജൗസ്സിന്റെ 'പ്രതീക്ഷാസങ്കലനം' അസാധ്യമാവും. കാല-ദേശങ്ങൾക്കൊത്ത് വായനയും വ്യത്യസ്തമാവുമെന്ന് സമ്മതിക്കുമ്പോഴും പ്രതീക്ഷയുടെയും പ്രതികരണത്തിന്റെയും ജൈവബന്ധം അടയാളപ്പെടുത്തുമ്പോഴും തന്റെ സിദ്ധാന്തത്തെ സംസക്തമായ ഏകകമായാണ് ജൗസ്സ് വ്യാഖ്യാനിക്കുന്നത്. കാലത്തിൽ അന്തർലീനമായ വൈവിധ്യത്തെയും വൈരുദ്ധ്യത്തെയും ബലികഴിക്കുകയാണ് പ്രതീക്ഷാസിദ്ധാന്തമെന്ന് വിമർശനം സങ്കലനപ്രക്രിയയുടെ അസ്വാഭാവികതയെയാണ് തുറന്നുകാട്ടിയത്. സാഹിത്യസൃഷ്ടി സ്വയംപൂർണ്ണമായ ഏകകമായാണ് ആർ.എസ്. ക്രെയ്നിനെപ്പോലെ ജൗസ്സും പരിഗണിച്ചത്. സാഹിത്യകൃതികളുടെ നിർമ്മാണപരവും ശില്പപരവുമായ സവിശേഷതകളോട് ബന്ധപ്പെടുത്തിയാണ് ചരിത്രബോധത്തെ ക്രെയ്ൻ അവതരിപ്പിച്ചത്.

പാഠപരമായ പരിഗണനകളെ മാത്രം ആധാരമാക്കി സാഹിത്യചരിത്രങ്ങൾ നടത്തുന്ന വർഗീകരണത്തിന്റെ പരിമിതികളാണ് ഇവിടെ വെളിവാകുന്നത്. സാഹിത്യചരിത്രവർഗീകരണത്തിൽ മതവും വംശീയതയും സാമൂഹികപദവികളും, ഇടപെടുന്നുണ്ടെന്നതാണ് യാഥാർത്ഥ്യം. പ്രാചീന ഭാരതീയ സാഹിത്യത്തെ ജി.എൻ.ഡേവി വർഗീകരിക്കുന്നത് സൂതസാഹിത്യം, മന്ത്രസാഹിത്യം, ശാസ്ത്രം, പ്രാകൃതം, അക്ഷരസാഹിത്യം, സംഘസാഹിത്യം എന്നിങ്ങനെയാണ് (ഡേവി, ജി.എൻ. 1998:28). മന്ത്രസാഹിത്യം

ബ്രാഹ്മണരുടേതും സൂതസാഹിത്യം ബ്രാഹ്മണേതരരുടേതുമാണ് തമിഴ്സാഹിത്യം സംസ്കൃതത്തിൽ നിന്ന് വിഭിന്നമാകുന്നത് വംശീയമായ വ്യത്യാസത്തിലാണെങ്കിൽ, പ്രാകൃതത്തിന്റെ വ്യതിരേകം മതപരമായ കാര്യത്തിലാണ്. വാമൊഴി സാഹിത്യമായ മന്ത്രത്തിലും വരമൊഴിയായ അക്ഷരസാഹിത്യത്തിലും നിന്നും സൂതസാഹിത്യം ഭിന്നമാകുന്നത് സാമൂഹികമായ പദവിയിലെ വർണവിവേചനം മൂലമാണ്. ഇതെല്ലാം തെളിയിക്കുന്നത് സാഹിത്യചരിത്രനിർമ്മാണത്തിൽ അന്തർലീനമാക്കുന്ന വർഗീയവും വംശീയവുമായ വിവേചനത്തെയാണ്. സമാന്തരമായി ആദർശാത്മകമായ ആശയസംഹിതകളാൽ രാഷ്ട്രീയമായ വൈജാത്യങ്ങളെ തമസ്കരിക്കുന്ന മനോഭാവത്തെയും.

സാഹിത്യചരിത്രനിർമ്മാണത്തിന് ആധാരമായ ഉപാദാനങ്ങൾ പ്രബലവും ആധിപത്യപരവുമായ മുഖ്യധാരയെയാണ് പ്രതിനിധീകരിക്കുന്നതെന്നത് വസ്തുതയാണ്. ചരിത്രത്തിലെ വിഭിന്നയാഥാർഥ്യങ്ങളോടും അവയിലെ സൂക്ഷ്മരാഷ്ട്രീയത്തോടും അവ പലപ്പോഴും സംവദിക്കാറില്ല. സത്യം, വസ്തുനിഷ്ഠത, ആധികാരികത തുടങ്ങിയ മുൻവിധികളിൽ നിന്നു സ്വതന്ത്രമായ മാനദണ്ഡങ്ങൾ സാഹിത്യചരിത്രങ്ങൾക്ക് ഇപ്പോഴും അപ്രാപ്യമാണെന്ന വിമർശനം നിലനിൽക്കുന്നു. കഴിഞ്ഞ കാലത്തിന്റെ 'സത്യസന്ധ'മായ റിപ്പോർട്ട് എന്നതിനുപരിയായ പരിപ്രേക്ഷ്യമുള്ളതാണ് സാഹിത്യചരിത്രത്തിലെ ഉപാധികൾ. സാഹിത്യചരിത്രാഖ്യാനത്തിൽ ഭൂത-വർത്തമാനങ്ങൾ എങ്ങനെ യാണ് പ്രതിനിധീകരിക്കപ്പെടുന്നത്? സാഹിത്യമണ്ഡലത്തിലെ വർഗീകരണങ്ങൾ ആരെയാണ് പ്രതിനിധീകരിക്കുന്നത്? അനുവാചകരുടെ പ്രതികരണങ്ങൾ രൂപപ്പെടുത്തുന്നതിൽ വായനയ്ക്കും വ്യാഖ്യാനങ്ങൾക്കും വർഗീകരണങ്ങളിൽ എന്തു സ്ഥാനമാണുള്ളത്? ഭൗതികാസ്പദങ്ങളെയും സംസ്കാരദേശീയതയെയും അവയെങ്ങനെയാണ് പുനസ്സംഘടിപ്പിച്ചത്?

ഇത്തരം ചോദ്യങ്ങളെയും സംശയങ്ങളെയും അഭിമുഖീകരിക്കാതെ സാഹിത്യചരിത്രവിജ്ഞാനീയത്തിന് വർത്തമാനകാലത്തെ സംബോധന ചെയ്യാനാവില്ലെന്നതാണ് നിലവിലുള്ള യാഥാർത്ഥ്യം.

## ഗ്രന്ഥസൂചി

കൃഷ്ണപിള്ള, എൻ., (1958) 2010. കൈരളിയുടെ കഥ. കോട്ടയം: ഡി.സി.ബുക്സ്.

ഗോവിന്ദപ്പിള്ള, പി. (1881) 1956. മലയാള ഭാഷാചരിത്രം. കോട്ടയം: എസ്.പി.എസ്.

പണിക്കർ, കെ.എൻ. 2002. സംസ്കാരവും ദേശീയതയും. തൃശ്ശൂർ: കറന്റ് ബുക്സ്.

പരമേശ്വരപിള്ള, എരുമേലി. 1991. അവർ എങ്ങനെ ചിന്തിക്കുന്നു. തിരുവനന്തപുരം: ദേശാഭിമാനി.

പരമേശ്വരയ്യർ, ഉള്ളൂർ, എസ്. (1953-1957) 1990. കേരളസാഹിത്യചരിത്രം. തിരുവനന്തപുരം: കേരള സർവ്വകലാശാല.

രാമചന്ദ്രൻ നായർ കെ, പി.വി. വേലായുധൻ പിള്ള. (സമ്പാ:) 1976. ഗവേഷണത്തിന്റെ പ്രശ്നങ്ങൾ. തിരുവനന്തപുരം: കേരളാസർവ്വകലാശാല.

വരദ രാജൻ, മു. 2000. തമിഴ് സാഹിത്യചരിത്രം. വിവ. മേലങ്ങത്ത് നാരായണൻ കുട്ടി. മദ്രാസ്: സാഹിത്യഅക്കാദമി.

Blackburn, Stuart. Vasudha Dalmia. 2004. India's Literary History: Essays on 19th Century. Delhi: Permanent Black.

Cunliffe, Marcus. 1954. Literature of United States U.S.A.: Penguin.

Devy, G.N., 1998. Off Many Heroes. An Indian Essay in Literary Historiography Orient Logman.

Eagleton, Terry. 1980. Literary Theory: An Introduction. Oxford: Blackwell.

Green, Kieth. Jill Lebihan. 1996. Critical Theory and Practice. London: Routledge.

Jauss, Hans Robrt. 1990. Literary History as challenge to Literary Theory. Dennis Walker (ed.)

Kosambi,D.D. 2002. Combined Methods in Indology and other writings. New Delhi: Oxford University Press

Krishna Chaithanya. (1971). 1995. A History of Malayalam Literature. Bombay: Orient Longman.

Mukherjee, Sujit. 1975. Some positions in Literary History of India. Mysore: Central Institute of Indian Languages.

Perkins, David. (1928). 1992. Is Literary History Possible?. London: the John Hopkins university

Pollock, Sheldon. (ed.). 2003. Literary cultures in History:Reconstructions fromSouth Asia.New Delhi: O U P

Sharma, Ira 2010. George Abraham Grierson's Literary Hindustan. Harder, Hans (ed.). Literature and Nationalist Ideology: Writing Histories of Modern Indian Languages. New Delhi: Social Science Press. P.176- 208.

Spiller, Robert E (ed.). Literary History of United States. New Delhi: Amerind Publiting co.

Walder, Dennis (ed.) 1990. Literature in the Modern World. Britain: O.U.P.

Yigal, Bronner. David Shulman. Garry Tubb. 2014. Innovations and Turning Points: Toward a History of Kavya Literature. New Delhi: Oxford.

*drradhakrishnanps@gmail.com*

# ശാസ്ത്രസാഹിത്യം: പരികല്പനയും പ്രതിനിധാനവും സാഹിത്യ ചരിത്രങ്ങളിൽ

ഡോ: സരിത. കെ. ആർ
ഗസ്റ്റ് ലക്ച്ചറർ, ശ്രീ ശങ്കാരാചാര്യ സംസ്കൃത സർവ്വകലാശാല പ്രദേശിക കേന്ദ്രം, പന്മന

### പ്രബന്ധ സംഗ്രഹം

ഇതുവരെ ഉണ്ടായിട്ടുള്ള മലയാള സാഹിത്യ ചരിത്രങ്ങളിൽ കൃത്യമായി സ്ഥാനം ഉറപ്പിക്കപ്പെടാത്ത ശാഖയാണ് ശാസ്ത്രസാഹിത്യം. പോപ്പുലർ സയൻസ് വിഭാഗത്തിലുട്ടുന്ന കൃതികളും ശാസ്ത്രത്തിൽ നിന്ന് പ്രചോദനം നേടി രചിക്കപ്പെടുന്ന സർഗ്ഗാത്മക സാഹിത്യ കൃതികളും ഒരേ തലക്കെട്ടിനു കീഴിൽ പരിഗണിക്കപ്പെടുമ്പോൾ വന്നു ചേരുന്ന പ്രശ്നങ്ങൾ പരിശോധിക്കപ്പെടേണ്ടതാണ്.

ശാസ്ത്രസാഹിത്യം എന്ന ശാഖ സവിശേഷ പരിഗണനയർഹിക്കുന്ന ഒന്നായി ലോകമെങ്ങും വികസിച്ചു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, നമ്മുടെ സാഹിത്യ ചരിത്രങ്ങളിൽ ഈ ശാഖ എങ്ങനെയാണ് പരിഗണിക്കപ്പെട്ടത് എന്ന അന്വേഷണമാണ് പ്രബന്ധ ലക്ഷ്യം. ശാസ്ത്രസാഹിത്യം എന്ന പരികല്പനയെ വിശദീകരിക്കുകയും സാഹിത്യ ചരിത്ര രചയിതാക്കൾ ആ പരികല്പനയെ കൃത്യമായി ഉൾക്കൊണ്ടിരുന്നോ എന്ന് വിശകലനം ചെയ്യുകയും സാഹിത്യ ചരിത്ര ഗ്രന്ഥങ്ങളിൽ പ്രതിനിധാനം ചെയ്യപ്പെട്ട ശാസ്ത്രസാഹിത്യ കൃതികൾ ഏതൊക്കെ എന്ന് പരിശോധിക്കുകയും ശാസ്ത്ര സാഹിത്യമെന്ന പരികല്പന എത്രത്തോളം അവയ്ക്ക് അനുയോജ്യമാണെന്ന് വിശകലനം ചെയ്യുകയും സാഹിത്യ ചരിത്രകാരൻമാർ പരിഗണനയ്ക്ക് വിഷയമാക്കാതിരുന്നതും എന്നാൽ ശാസ്ത്രസാഹിത്യമെന്ന വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതുമായ സാഹിത്യ കൃതികൾ പരിചയപ്പെടുത്തുകയും ചെയ്തു കൊണ്ട് സാഹിത്യ ചരിത്ര ഗ്രന്ഥങ്ങളിലെ പോരായ്മകൾ ചൂണ്ടിക്കാട്ടുകയാണ് പ്രബന്ധം.

***താക്കോൽ വാക്കുകൾ.*** ശാസ്ത്രസാഹിത്യം–പോപ്പുലർ സയൻസ്–പരി കല്പനയും പ്രശ്നങ്ങളും–സയൻസ് ഫിക്ഷൻ–സയന്റിഫിക് റൊമാൻസ് –പൊതു സ്വഭാവങ്ങൾ– സാധ്യതകൾ–മലയാള സാഹിത്യ ചരിത്രങ്ങ ളിലെ പ്രതിനിധാനങ്ങളും പ്രശ്നങ്ങളും–മലയാളത്തിലെ ശാസ്ത്ര സാഹിത്യ മാതൃകകൾ -

മനുഷ്യന്റെ പൊതു സംസ്കാരത്തിന്റെ ഭാഗമായി നിൽക്കുകയും വികസിക്കയും ചെയ്യുന്ന രണ്ട് ജ്ഞാന രൂപങ്ങളാണ് ശാസ്ത്രവും സാഹിത്യവും. ജ്ഞാനാന്വേഷണത്തിലും ജ്ഞാന നിർമ്മാണത്തിലും വ്യത്യസ്തതകൾ ഉണ്ടെങ്കിലും അവ വെള്ളം കയറാത്ത അറകൾ പോലെ വേറിട്ടു നിൽക്കുന്നവയല്ല. പൊതു സംസ്കാര നിർമ്മിതിയിൽ ഗണ്യമായ പങ്കുവഹിക്കുന്ന ഈ രണ്ടു ജ്ഞാന രൂപങ്ങളും ആദ്യകാലത്ത് പരസ്പരം മുഖം തിരിഞ്ഞാണു നിന്നിരുന്നത്. ഈ വിടവ് ആദ്യം പൊതു ജനങ്ങളുടെ ശ്രദ്ധയിലേക്ക് കൊണ്ടുവന്നത് ബ്രിട്ടീഷ് എഴുത്തുകാരനും ശാസ്ത്രജ്ഞനും രാഷ്ട്രീയ നേതാവുമായിരുന്ന സി.പി. സ്നോ (1905-1980) ആണ്. 1959-ൽ കേംബ്രിജ് സർവ്വകലാശാലയിൽ നടത്തിയ റീഡ് പ്രഭാഷണ (Rede Lecture) ത്തിൽ രണ്ടു സംസ്കാരങ്ങൾ (two Cultures) എന്ന ശൈലി അദ്ദേഹം പ്രയോഗിച്ചു. ശാസ്ത്രവും സാഹിത്യവും പാശ്ചാത്യ സമൂഹ ബൗദ്ധികജീവിതത്തിൽ രണ്ടു ധ്രുവങ്ങളായി വേർതിരിഞ്ഞ് നിൽക്കുകയാണെന്നതായിരുന്നു സ്നോയുടെ പ്രഭാഷണത്തിന്റെ കാതലായ ആശയം. ഈ വിടവ് അടയ്ക്കണമെന്ന ആഹ്വാനത്തോടെയാണ് സ്നോ പ്രഭാഷണം അവസാനിപ്പിച്ചത്.

സ്നോ അവതരിപ്പിച്ച രണ്ടു സംസ്കാരങ്ങളുടെ വേർതിരിവിന്റെ കാലത്തിൽ നിന്നു വ്യത്യസ്തമാണ് ഇന്നത്തെ സ്ഥിതി. ശാസ്ത്രവും സാഹിത്യവും തമ്മിലുള്ള സമവായ (Convergnce) ത്തെക്കുറിച്ച് ഗൗരവമുള്ള പഠനങ്ങളും അന്വേഷണങ്ങളും കഴിഞ്ഞ കുറേ ദശകങ്ങളായി നടന്നുവരുന്നു. സാഹിത്യവും ശാസ്ത്രവും തമ്മിലുള്ള ബന്ധവും അവ പരസ്പരം ചെലുത്തുന്ന സ്വാധീനതകളും അന്യോന്യമുള്ള ഇടപെടലും സംവാദവും ഇന്ന് ഗൗരവമേറിയ പഠന വിഷയമാണ്. ഗിലിയൻ ബീറിന്റെ 'ഡാർവിൻസ് പ്ലോട്ട്സ്'' (Darwin's Plots: Evolutionary Narrative in Darwin, George Eliot and Nineteenth century Fiction, 1983) എന്ന പഠനഗ്രന്ഥം ഈ വഴിക്കു നടന്ന ആധികാരിക ശ്രമങ്ങളിൽ ഒന്നാണ്. സി.പി. സ്നോയുടെ രണ്ടു സംസ്കാരവാദത്തിന്റെ പശ്ചാത്തലത്തിൽ സാഹിത്യവും ശാസ്ത്രവും തമ്മിലുള്ള പാരസ്പര്യം വിശദമാക്കിക്കൊണ്ട് ജോർജ് ലെവിൻ എഴുതിയ

വൺ കൾച്ചർ (one culture: Essays in Science and Literature, 1987) എന്ന പ്രബന്ധസമാഹാരവും ഈ വിഷയാന്തര പഠന മേഖലയ്ക്ക് സൈദ്ധാന്തികമായ പിൻബലം നൽകുന്നു. ശാസ്ത്ര-ചരിത്ര രചനയിൽ കഴിഞ്ഞ ദശകങ്ങളിൽ ഉണ്ടായ വളർച്ച ശാസ്ത്രവും സാഹിത്യവും തമ്മിലുള്ള ബന്ധത്തെ വേറിട്ട ഒരു പഠന-ഗവേഷണശാഖയായി വികസിപ്പിക്കുകയുണ്ടായി. 2006 ൽ ആരംഭിച്ച ബ്രിട്ടീഷ് സൊസൈറ്റി ഫോർ ലിറ്ററേച്ചർ ആൻറ് സയൻസ് (BSLS) എന്ന സംഘടന, ഗ്ലാസ്ഗൗ സർവ്വകലാശാലയിൽ നടത്തിയ സമ്മേളനം സാഹിത്യവും ശാസ്ത്രവും തമ്മിലുള്ള ബന്ധത്തെപ്പറ്റിയുള്ള പഠനങ്ങൾക്ക് കൂടുതൽ ശക്തി പകർന്നിട്ടുണ്ട്.

ശാസ്ത്രസാഹിത്യം എന്ന ശാഖ സവിശേഷ പരിഗണനയർഹിക്കുന്ന ഒന്നായി ലോകമെങ്ങും വികസിച്ചു കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, മലയാളത്തിൽ ഇതിന്റെ നില എന്താണെന്നും നമ്മുടെ സാഹിത്യ ചരിത്രങ്ങളിൽ ഈ ശാഖ എങ്ങനെയാണ് പരിഗണിക്കപ്പെട്ടത് എന്നുമാണ് ഈ പ്രബന്ധത്തിൽ അന്വേഷിക്കുന്നത്. പ്രബന്ധത്തിന്റെ ആദ്യഭാഗത്ത് ശാസ്ത്രസാഹിത്യം എന്ന പരികല്പനയെ വിശദീകരിക്കുവാനും സാഹിത്യ ചരിത്ര രചയിതാക്കൾ ആ പരികല്പനയെ കൃത്യമായി ഉൾക്കൊണ്ടിരുന്നോ എന്ന് വിശകലനം ചെയ്യുവാനുമാണ് ശ്രമിക്കുന്നത്. തുടർന്ന് സാഹിത്യ ചരിത്ര ഗ്രന്ഥങ്ങളിൽ പ്രതിനിധാനം ചെയ്യപ്പെട്ട ശാസ്ത്രസാഹിത്യ കൃതികൾ ഏതൊക്കെ എന്ന് പരിശോധിക്കുകയും ശാസ്ത്ര സാഹിത്യമെന്ന പരികല്പന എത്രത്തോളം അവയ്ക്ക് അനുയോജ്യമാണെന്ന് വിശകലനം ചെയ്യുകയും ചെയ്ത ശേഷം സാഹിത്യ ചരിത്രകാരൻമാർ പരിഗണനയ്ക്ക് വിഷയമാക്കാതിരുന്നതും എന്നാൽ ശാസ്ത്രസാഹിത്യമെന്ന വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതുമായ സാഹിത്യ കൃതികൾ പരിചയപ്പെടുത്തിക്കൊണ്ട് സാഹിത്യ ചരിത്രഗ്രന്ഥങ്ങളിലെ പോരായ്മകൾ ചൂണ്ടിക്കാട്ടാനാണ് ശ്രമിക്കുന്നത്.

ആധുനിക മലയാള സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ (എഡി. ജോർജ്.കെ.എം, 1998) എന്ന ഗ്രന്ഥത്തിൽ പി.ഗോവിന്ദപ്പിള്ളയും സമ്പൂർണ്ണ മലയാള സാഹിത്യ ചരിത്രം (എഡി. രാമചന്ദ്രൻ നായർ പന്മന, 2008) എന്ന ഗ്രന്ഥത്തിൽ ഡോ. എൻ.എം.നമ്പൂതിരിയുമാണ് ശാസ്ത്രസാഹിത്യത്തിന്റെ ചരിത്രം എഴുതിയത്. ഈ രണ്ടു ഗ്രന്ഥങ്ങളാണ് സവിശേഷ വിശകലനത്തിന് തിരഞ്ഞെടുത്തിരിക്കുന്നത്. ഇതര സാഹിത്യ ചരിത്ര ഗ്രന്ഥങ്ങളിൽ ശാസ്ത്രസാഹിത്യത്തെ കാര്യമായി പരാമർശിച്ചു കാണുന്നില്ല.

മലയാളത്തിലെ ശാസ്ത്രസാഹിത്യ പ്രസ്ഥാനത്തിന്റെ ചരിത്രമെഴുതിയ കാവുമ്പായി ബാലകൃഷ്ണൻ സാഹിത്യം എന്ന പരികല്പനയിൽ ഉൾക്കൊള്ളിച്ച് ശാസ്ത്ര സാഹിത്യത്തെ പഠിക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും (മലയാളശാസ്ത്ര സാഹിത്യ പ്രസ്ഥാനം, 2007) സമ്പൂർണ്ണ മലയാള സാഹിത്യ ചരിത്രമെന്ന പരികല്പനയിൽ ആ കൃതിയെ പരിഗണിക്കാനാവുകയില്ല. ഡോ.ഗീവർഗീസ് ജോർജ് ജോസഫ് (A Passage to infinity: Medieval Indian Mathematics from Kerala and its impact, 2009), കെ.വി. ശർമ്മ (A History of the Kerala school of Hindu Astronomy, 1972) എന്നിവരും ശാസ്ത്ര സാഹിത്യ പാരമ്പര്യത്തിന്റെ ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. കവിത, ചെറുകഥ, നോവൽ, ഉപന്യാസം തുടങ്ങി വ്യത്യസ്ത ശാഖകളുമായി കലർന്നു പോയേക്കാവുന്ന ശാസ്ത്രസാഹിത്യം എന്ന മേഖലയെ കൃത്യമായി രേഖപ്പെടുത്തണമെങ്കിൽ ശാസ്ത്ര സാഹിത്യമെന്ന പരികല്പനയെ വ്യക്തമായി മനസിക്കേണ്ടത് അനിവാര്യമാണ്.

**പരികല്പനയും പ്രശ്നങ്ങളും.**

പതിനെട്ടാം നൂറ്റാണ്ടു മുതൽ ശാസ്ത്രം സവിശേഷമായ വികാസങ്ങൾക്ക് വിധേയമായെങ്കിലും സാഹിത്യത്തിന് അതിനോടുള്ള ബന്ധം സംഘർഷാത്മകമായിരുന്നു. പ്രത്യേകിച്ചും ഇംഗ്ലീഷ് കാല്പനിക കവികളായ വേഡ്സ്വർത്ത്, ഷെല്ലി,കീറ്റ്സ്, ബ്ലേക്ക്, ബൈറൺ തുടങ്ങിയ കവികളെല്ലാം കവിതയ്ക്കും ധാർമ്മിക മൂല്യങ്ങൾക്കും എതിരാണ് ശാസ്ത്രം എന്ന് വിശ്വസിച്ചവരാണ്. ശാസ്ത്രത്തിന്റെ വളർച്ച സാമൂഹിക ജീവിതത്തിൽ ഉണ്ടാക്കിയ ചലനാത്മകതയെ ബിംബങ്ങളായും ശൈലികളായും ഒക്കെ ഇവരുടെ കൃതികളിൽ കാണാമെങ്കിലും സന്തോഷത്തിന്റെയും ആദരവിന്റെയും ഭീതിയുടെയും സമ്മിശ്ര മനോഭാവത്തോടെയാണ് അവർ അതിനെ സ്വീകരിച്ചത്. (Guall, Marily in Romanticism: An Oxford Guide,(ed) Roe, Nichola P. 686) ഭൗതിക ശാസ്ത്രത്തിലും ജീവ ശാസ്ത്രത്തിലും സാങ്കേതിക വിദ്യയിലുമുണ്ടായ അഭൂതപൂർവമായ വികാസം വാക്യഘടനയിലും പദവിന്യാസക്രമത്തിലും ശൈലിയിലും ഉൾപ്പെടെ സാഹിത്യത്തിന്റെ ആന്തരിക രൂപത്തിൽ തന്നെ മാറ്റങ്ങൾ ഉണ്ടാക്കി. കാല്പനിക, ആധുനിക, ഉത്തരാധുനിക ഘട്ടങ്ങളിലെല്ലാം വ്യത്യസ്തവും സവിശേഷവുമായ രീതിയിൽ ശാസ്ത്രം സാഹിത്യത്തെ സ്വാധീനിച്ചിട്ടുണ്ട്. ശാസ്ത്രത്തിന്റെ പ്രത്യക്ഷവും പരോക്ഷവുമായ സ്വാധീനത അതത്കാലത്തുണ്ടായ സാഹിത്യ രൂപങ്ങളിൽ കൃത്യമായി പ്രകടമാണ്.

എന്നാൽ ഇങ്ങനെ അല്ലാതെ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യ ഘട്ടങ്ങളിൽ പാശ്ചാത്യ ഭാഷകളിൽ ഒരു പ്രത്യേക സാഹിത്യ വിഭാഗം ഉടലെടുക്കുകയുണ്ടായി. ശാസ്ത്രകഥാസാഹിത്യ (Science fiction) മെന്നോ സയന്റിഫിക് റൊമാൻസ് എന്നോ ഒക്കെ വിളിക്കപ്പെട്ട ഈ സാഹിത്യ വിഭാഗത്തിൽ ഉൾപ്പെട്ട കൃതികൾ, ശാസ്ത്രത്തിൽ നിന്ന് പ്രചോദനം നേടി അവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി എഴുതുന്ന ഭാവനാസൃഷ്ടികളാണ്.

നമ്മുടെ നിത്യജീവിത ലോകത്തിൽ നിന്ന് ചില കാര്യങ്ങളിൽ വ്യത്യസ്തമായ മറ്റൊരു ലോകത്തു നടക്കുന്നതോ, ശാസ്ത്രത്തിന് നിർണ്ണായകമായ പങ്കുള്ളതോ ആയ സംഭവ വികാസങ്ങളാണ് ശാസ്ത്ര കഥാസാഹിത്യത്തിലെ പ്രമേയം. ശാസ്ത്രീയമായി നോക്കിയാൽ സംഭവ്യമായതോ അഥവാ തീർത്തും അസംഭവ്യമല്ലാത്തതോ ആയ ചില സങ്കല്പങ്ങളാണ് എല്ലാ സയൻസ് ഫിക്ഷന്റെയും കേന്ദ്ര ബിന്ദു. ഇത് ചന്ദ്രനിലേക്കുള്ള യാത്രയാകാം സമയ യന്ത്രവുമാകാം. സയൻസ് ഫിക്ഷൻ ഒരു സാഹിത്യ ശാഖയാണ്.അനുവാചകന്റെ ആസ്വാദനമാണ് അതിന്റെ ലക്ഷ്യം. ചിന്താപരമായ ആഹ്ലാദം നൽകുക എന്നതാണ് അതിന്റെ ധർമ്മം.അതിനാൽ ശാസ്ത്രതത്ത്വങ്ങൾ പലപ്പോഴും സയൻസ് ഫിക്ഷനിൽ വളച്ചെടുക്കേണ്ടി വരും. വളച്ചെടുക്കാം, പക്ഷെ വളച്ചൊടിക്കരുത് എന്നതാണ് പെരുമാറ്റച്ചട്ടം. (നായർ, ഡോ.സി. ജി.ആർ, 1999 പു. 78- 83) കഥാ സാഹിത്യത്തിന്റെ ലോകവീക്ഷണം, പ്രമേയങ്ങൾ, രൂപം തുടങ്ങിയവയെ ശാസ്ത്രം പരിവർത്തിപ്പിക്കുകയും മാറ്റിപ്പണിയുകയും ചെയ്യുന്നതിന്റെ സാഹിത്യ രൂപമാണത്. റൊമാൻസിന്റെ ആധുനിക രൂപമാണ് സയൻസ് ഫിക്ഷനെന്ന് മാർക്ക് റോസ് നിർവ്വചിക്കുന്നതിൽ (Rose, Mark Alien Encounters; Anatomy of Science Fiction, P - 21) അതിലെ അനന്ത സാധ്യതകളെയും അവിശ്വസനീയതകളെയും അത്ഭുത രസത്തെയുമെല്ലാം കുറിച്ചുള്ള സൂചനകൾ ഉണ്ട്.

ഭാവികാല സമൂഹങ്ങൾ, ഭാവികാല ശാസ്ത്ര സാധ്യതകൾ, ബദൽ ലോകങ്ങൾ, ബഹിരാകാശ അന്യഗ്രഹ ജീവികൾ, മനുഷ്യന് അസാധ്യമായ ശേഷികൾ, കൃത്രിമ ധിഷണ തുടങ്ങിയവയാണ് ശാസ്ത്രസാഹിത്യത്തിലെ പ്രധാന പ്രമേയങ്ങൾ. ആശയങ്ങളുടെ സാഹിത്യ രൂപമാണ് അതെന്ന് പറയാം. ബദൽ സാധ്യതകളുടെ യുക്തിപരമായ ആവിഷ്ക്കാരം അവയിൽ കാണാം. ഭ്രമാത്മക സാഹിത്യ (fantacy) ത്തിൽ നിന്ന് വ്യത്യസ്തമാണത്. ശാസ്ത്രീയമായി സ്ഥാപിക്കപ്പെട്ടതോ അനുമാനിക്കപ്പെട്ടതോ ആയ പ്രകൃതി നിയമങ്ങളെ ആധാരമാക്കിയാണ് ശാസ്ത്രസാഹിത്യ കൃതികൾ

രചിക്കപ്പെടുന്നത്, ഇതിവൃത്തത്തിലെ ചില അംശങ്ങൾ പൂർണ്ണമായും ഭാവനാത്മകമായിരിക്കുമെങ്കിലും.

ശാസ്ത്രീയവും സാങ്കേതികവിദ്യാപരവുമായ മുന്നേറ്റങ്ങൾ മനുഷ്യനിൽ വരുത്തിയ സ്വാധീനത്തിന്റെ ഫലമാണ് ശാസ്ത്ര സാഹിത്യമെന്ന് ഐസക് അസിമോവിനെപ്പോലെയുള്ളവർ വാദിക്കുന്നു. വർത്തമാനത്തെയും ഭാവിയെയും പറ്റിയുള്ള സവിശേഷ ദർശനങ്ങൾ അവതരിപ്പിക്കുന്നവയാണ് യഥാർത്ഥ ശാസ്ത്രസാഹിത്യ കൃതികൾ.അറിവിന്റെയും ആഗ്രഹത്തിന്റെയും വികാസമാണ് അവയിലുള്ളത്.അവയിൽ വ്യക്തി, ദേശം ഓർമ്മ തുടങ്ങി ഒട്ടേറെ അംശങ്ങൾ ഉണ്ടാവും.(കൃഷ്ണനുണ്ണി, പി ക്രൂശിതന്റെ മാനങ്ങൾ പു.45) തന്റെ കാലത്തെ ശാസ്ത്ര വികാസങ്ങളെ മുൻനിർത്തി ഭാവികാല സാധ്യതകൾ ഭാവന ചെയ്ത് അവതരിപ്പിക്കുക ശാസ്ത്രസാഹിത്യത്തിന്റെ പൊതു പ്രവണതയാണ്.

ശാസ്ത്രജ്ഞനും ശാസ്ത്ര ഗ്രന്ഥകാരനുമായ കാൾ സാഗനും ശാസ്ത്ര നോവലിസ്റ്റായ ഐസക് അസിമോവും ജൊഹനാസ് കെപ്ലറുടെ സോമ്നിയം (Somnium, 1634) എന്ന കൃതിയാണ് ആദ്യത്തെ സയൻസ് ഫിക്ഷനായി പരിഗണിക്കുന്നത്. ( Asimov, lssac The Bignning and the End P. 12). ചന്ദ്രനിലേക്കുള്ള യാത്രയും അവിടെ നിന്ന് ഭൂമിയുടെ ചലനം വീക്ഷിക്കുന്നതുമാണ് സോമ്നിയത്തിൽ കെപ്ലർ കഥാരൂപേണ അവതരിപ്പിക്കുന്നത്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനം ഫ്രഞ്ച് നോവലിസ്റ്റായ ഷൂൾ വേണും (Jules verne, 1825-1905) ഇംഗ്ലീഷ് നോവലിസ്റ്റായ എച്ച്.ജി. വെൽസും (1866-1946) എഴുതിയ രചനകളിലൂടെ ശാസ്ത്രകഥാ സാഹിത്യം യൂറോപ്പിൽ ശക്തമായ ഒരു പ്രസ്ഥാനമായി മാറി.

അസാധാരണ സമുദ്രയാനങ്ങൾ (Extra ordinary voyages) എന്ന പേരിലാണ് ഷൂൾ വേണിന്റെ ആദ്യകാല ശാസ്ത്ര കഥകൾ അവതരിപ്പിക്കപ്പെട്ടത്. എച്ച്. ജി. വെൽസ് തന്റെ കഥകൾക്ക് സയൻറിഫിക് റൊമാൻസസ് എന്ന് പേരു നൽകി. 1863-ൽ പ്രസിദ്ധീകരിച്ച ബലൂണിൽ അഞ്ചാഴ്ച (five weeks in a Balloon) യാണ് വേണിന്റെ ആദ്യ ശാസ്ത്ര നോവൽ.1866-ൽ വേൺ ഭൂമിയിൽ നിന്ന് ചന്ദ്രനിലേക്ക് (from Earth to the Moon) എന്ന നോവൽ എഴുതി. 1966-ൽ സോവിയറ്റ് യൂണിയന്റെ ലൂണ - 9 എന്ന മനുഷ്യനിർമ്മിത പേടകം ചന്ദ്രനിൽ സോഫ്റ്റ് ലാൻഡിംഗ് നടത്തി (നൂറ് വർഷത്തിനുശേഷം).

1940-കളോടെ പുതിയൊരു തലമുറ ശാസ്ത്ര കഥാ സാഹിത്യ ലോകത്ത്

വളർന്നു വന്നു. ഐസക് അസിമോവ്, ക്ലിഫോർഡ് സിമക്, ആർതർ. സി. ക്ലാർക്ക്, ജാക്ക് വില്യംസൺ, കാൾ സാഗൻ, ഹൈൻലൈൻ എന്നിവരായിരുന്നു അവരിൽ പ്രമുഖർ. രണ്ടാം ലോകമഹായുദ്ധാനന്തര ലോകത്തിന്റെ, ശാസ്ത്രത്തിന്റെദുരുപയോഗത്തെക്കുറിച്ചുള്ള ആകുലതകൾക്കിടയിലാണ് അവർ എഴുതിയത്.

പ്രതിനിധാനം

ശാസ്ത്രസാഹിത്യത്തിന്റെ പൊതു സ്വഭാവം എന്തെന്ന് ഏതാനും ഉദാഹരണങ്ങൾ മുൻനിർത്തി ചൂണ്ടിക്കാട്ടുകയാണ് ഇതുവരെ ചെയ്തത്. മലയാള സാഹിത്യ ചരിത്രങ്ങളിൽ ശാസ്ത്രസാഹിത്യം എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന കൃതികളുടെ പൊതു സ്വഭാവം വിലയിരുകയാണ് തുടർന്നുള്ള ഭാഗത്ത് ചെയ്യുന്നത്. പൻമന രാമചന്ദ്രൻ എഡിറ്റു ചെയ്ത് 2008- ൽ പുറത്തിറങ്ങിയ സമ്പൂർണ്ണ മലയാള സാഹിത്യ ചരിത്രത്തിൽ ശാസ്ത്രസാഹിത്യം എന്ന മേഖലയെക്കുറിച്ച് പഠനം നടത്തിയ ഡോ.എൻ.എം. നമ്പൂതിരി പ്രസ്തുത സാഹിത്യ വിഭാഗത്തെ മൂന്ന് ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ആധുനിക ശാസ്ത്ര വിജ്ഞാനം 19-ാം നൂറ്റാണ്ടിലെ കേരളത്തിൽ പ്രചരിപ്പിക്കുന്നതിന് പ്രധാന പങ്കുവഹിച്ച ഗ്രന്ഥങ്ങൾ, വ്യക്തികൾ, സംഘടനകൾ എന്നിവയെ പരിചയപ്പെടുത്തുകയും ക്രോഡീകരിക്കുകയുമാണ് അദ്ദേഹം ചെയ്തത്.

'ശാസ്ത്രസാഹിത്യത്തിന്റെ അടിവേരുകൾ' എന്ന ആദ്യ ഭാഗത്ത് ഹോർത്തുസ് മലബാറിക്കസ്, പ്രകൃതി ശാസ്ത്രം എന്നീ ഗ്രന്ഥങ്ങളെ പരിചയപ്പെടുത്തുകയും വാൻറീദ്, ഫോൺ മേയർ എന്നിവരുടെ സംഭാവനകൾ വിലയിരുത്തുകയും ചെയ്യുന്നു.

ശാസ്ത്ര പഠനം മാതൃഭാഷയിൽ ആക്കേണ്ടതിന്റെ ആവശ്യകത, ശാസ്ത്ര വിജ്ഞാനം പ്രചരിപ്പിക്കുന്നതിൽ ആനുകാലികങ്ങൾ ചെയ്ത സേവനങ്ങൾ, ടെക്സ്റ്റ് ബുക്ക കമ്മറ്റിയുടെ ചെയർമാനായിരുന്നു കൊണ്ട് ശാസ്ത്രബോധം ജനങ്ങളിലെത്തിക്കാൻ കേരളവർമ്മ നടത്തിയ പരിശ്രമങ്ങൾ (ആരോഗ്യ രക്ഷോപായം, കൃഷി ശാസ്ത്രം, ദീന സംരക്ഷണം, ശരീര രക്ഷ തുടങ്ങിയ വിഷയങ്ങളിൽ ധാരാളം ശാസ്ത്ര പുസ്തകങ്ങൾ കേരളവർമ്മ പുറത്തിറക്കി) ഇവയൊക്കെ 'നവോത്ഥാന കാലഘട്ടം 'എന്ന രണ്ടാം ഭാഗത്ത് സംക്ഷേപിച്ചിരിക്കുന്നു. മൂലൂർ.എസ്. പത്മനാഭപ്പണിക്കർ കന്നുകാലി പ്ലേഗിനെക്കുറിച്ച് ഒരു പദ്യ ലേഖനം എഴുതിയത്, ശാസ്ത്രം കവിതയ്ക്കും വഴങ്ങും എന്നതിന് ഉദാഹരണമായി ചൂണ്ടിക്കാട്ടുന്നുണ്ട്. ഡോക്ടർമാർ എടുക്കുന്ന ഹിപ്പോക്രാട്ടിക് പ്രതിജ്ഞ പദ്യരൂപത്തിലാക്കി കേരളവർമ്മ രചിച്ച 'വൈദ്യ പഞ്ചകം',

വള്ളത്തോളിന്റെ ആരോഗ്യ ചിന്താമണി, ആറ്റൂർ കൃഷ്ണ പിഷാരടിയുടെ സഹസ്രയോഗം (1947), പി.ജി. നാടാരുടെ ആരോഗ്യ ജീവിത ശാസ്ത്രം (1925) വ്യവസായ വകുപ്പ് ഡയറക്ടർ കൂടിയായിരുന്ന ശ്രീ. ഐ.സി.ചാക്കോ മോണോസൈറ്റ് മണലിനെക്കുറിച്ച് 'വ്യവസായ ചന്ദ്രിക'യിൽ എഴുതിയ ഉപന്യാസം ഇവയൊക്കെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ആധുനിക ഘട്ടം എന്ന മൂന്നാം ഭാഗത്ത് ഡോ.കെ.ഭാസ്കരൻനായർ, എം. രാജരാജവർമ്മ എന്നിവരുടെ പ്രയത്നങ്ങൾ, ശാസ്ത്ര ശബ്ദതാരാവലിയുടെ രൂപീകരണം,വിശ്വവിജ്ഞാനകോശങ്ങൾ, ശാസ്ത്രസാഹിത്യ പരിഷത്തിന്റെ സംഭാവനകൾ എന്നിവ ചുരുക്കി പ്രതിപാദിച്ച് അവസാനിപ്പിക്കുന്നു.

ആധുനിക മലയാള സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ എന്ന ഗ്രന്ഥം ഡോ.കെ.എം. ജോർജ് എഡിറ്റു ചെയ്ത് പുറത്തിറക്കിയപ്പോൾ (1998) അതിൽ ശാസ്ത്രസാഹിത്യം എന്ന ഭാഗം തയ്യാറാക്കിയത് പി.ഗോവിന്ദപ്പിള്ളയാണ്. പ്രബന്ധ രൂപരേഖയും പഠന മേഖലകളും പി.ഗോവിന്ദപ്പിള്ള തന്നെ വിവരിച്ചിരിക്കുന്നത് നോക്കുക: " ഇന്നത്തെ നടപ്പനുസരിച്ചും ഈ പ്രബന്ധത്തിന്റെ ധാരണയനുസരിച്ചും ശാസ്ത്ര സാഹിത്യത്തിന് മുഖ്യമായി മൂന്ന് ഉൾപ്പിരിവുകളും ഇനിയും വേണ്ടത്ര അംഗീകരിക്കപ്പെട്ടു കഴിഞ്ഞിട്ടില്ലാത്ത നാലാമതൊരു പിരിവുമാണ് ഉള്ളത്. ഊർജ്ജതന്ത്രം, രസതന്ത്രം, ജനിതകം,ഗോളവിദ്യ, ജീവശാസ്ത്രം, ഖഗോള വിജ്ഞാനീയം, ഗണിതം തുടങ്ങിയ പ്രകൃതി ശാസ്ത്രമാണ് ഒന്നാം വകുപ്പിൽ. വിവിധ തരം എഞ്ചിനീയറിംഗുകളും യന്ത്ര പ്രയോഗങ്ങളും വ്യവസായിയ രസതന്ത്രം മുതലായവയും സാങ്കേതിക വിദ്യയെന്ന മൂന്നാം വകുപ്പിലുൾപ്പെടും. സാമൂഹിക വിജ്ഞാനീയം, രാഷ്ട്രമീമാംസ, സൈനിക തന്ത്രം, ചരിത്രം, നരവംശശാസ്ത്രം,മനോവിജ്ഞാനീയം തുടങ്ങിയവ മൂന്നാം സ്ഥാനത്തെ മാനവിക വിജ്ഞാനീയ വകുപ്പിലുൾപ്പെടുന്നു. (പു. 941). ഈ നിലപാടിൽ നിന്നു തന്നെ ശാസ്ത്രസാഹിത്യം എന്നതുകൊണ്ട് അദ്ദേഹം വിവക്ഷിച്ചതെന്താണെന്ന് സുവ്യക്തമാണ്. ശാസ്ത്ര ഗ്രന്ഥ നിർമിതിയിൽ യൂറോപ്യൻമാരും ആദ്യകാല ആനുകാലികങ്ങളും വഹിച്ച പങ്ക് ഒന്നും രണ്ടും അധ്യായങ്ങളിലായി രേഖപ്പെടുത്തിയ ശേഷം സംഘടിത ശ്രമങ്ങൾ എന്ന മൂന്നാമധ്യായത്തിൽ എത്തുമ്പോൾ സയൻസ് ഫിക്ഷൻ എന്ന സാഹിത്യ ശാഖയെ ആനുഷംഗികമായി പരാമർശിക്കുന്നുണ്ട്. പക്ഷെ ഈ മേഖലയിലുള്ള എണ്ണപ്പെട്ട സാഹിത്യകൃതികളെ കണ്ടെത്താനോ രേഖപ്പെടുത്താനോ അദ്ദേഹം ശ്രമിച്ചിട്ടില്ല.. തുടർന്ന്

ഇന്റർനെറ്റ്, കമ്പ്യൂട്ടർ തുടങ്ങിയവ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ അത്ഭുത സംവിധാനങ്ങളായി പരിചയപ്പെടുത്തുകയും ഈ മേഖലയുമായി ബന്ധപ്പെട്ട് ഉണ്ടായ പുതിയ പുസ്തകങ്ങളെ പരിചയപ്പെടുത്തുകയും ചെയ്തു കൊണ്ട് പ്രബന്ധം അവസാനിപ്പിക്കുന്നു.

മേൽ സൂചിപ്പിച്ച രണ്ടു സാഹിത്യ ചരിത്രങ്ങളും പരിശോധിക്കുമ്പോൾ വ്യക്തമാകുന്ന വസ്തുത, ശാസ്ത്രീയ മുന്നേറ്റങ്ങളുടെ ഫലമായി ലോകത്തെങ്ങും ഉണ്ടായ സർഗ്ഗാത്മക ശാസ്ത്രസാഹിത്യ പ്രസ്ഥാനത്തെക്കുറിച്ചുള്ള അടിസ്ഥാന സങ്കല്പനങ്ങൾ പോലും ശാസ്ത്രസാഹിത്യം എന്ന തലക്കെട്ടിന് കീഴിൽ പരിഗണനാ വിഷയമായിട്ടില്ല എന്നതാണ്. ശാസ്ത്രത്വങ്ങളും ശാസ്ത്രീയ അവബോധവും ജനങ്ങൾക്കിടയിൽ എത്തിക്കാൻ വേണ്ടി ഉപന്യാസങ്ങളും ഇതര പരിശ്രമങ്ങളുമാണ് രണ്ടു ഗ്രന്ഥങ്ങളിലും ക്രോഡീകരിച്ചിരിക്കുന്നത്. പോപ്പുലർ സയൻസ് എന്ന വിഭാഗത്തിലുൾപ്പെടുത്താവുന്ന കൃതികളാണ് അവയിലധികവും.

ഇത്തരമൊരു വിമർശനം വരുമ്പോൾ ന്യായമായും ഉയർന്നു വരുന്ന ചോദ്യം മലയാളത്തിൽ ശാസ്ത്രസാഹിത്യമെന്ന വിഭാഗത്തിൽ ഉൾപ്പെടുത്താവുന്ന സർഗ്ഗാത്മക കൃതികൾ ഉണ്ടോ എന്നതാണ്. ശാസ്ത്ര സാങ്കേതിക രംഗത്ത് ഉണ്ടായ വിപ്ലവങ്ങൾ അതത്കാലത്തെ സാഹിത്യ രൂപങ്ങളിൽ സ്വാധീനം ചെലുത്തിയിട്ടുണ്ടെങ്കിലും സർഗ്ഗാത്മകശാസ്ത്രസാഹിത്യ ശാഖ മലയാളത്തിൽ ദുർബ്ബലമാണെന്ന വസ്തുത കാണാതിരുന്നു കൂടാ. ശാസ്ത്രസാഹിത്യ പരിഷത്തു പോലെയുള്ള ബഹുജന ശാസ്ത്ര പ്രസ്ഥനങ്ങൾ ഉണ്ടെങ്കിലും സർഗ്ഗാത്മക ശാസ്ത്രസാഹിത്യത്തിന്റെ പ്രചാരണത്തിൽ അവരും വേണ്ടത്ര താൽപര്യം കാണിച്ചിട്ടില്ല. മലയാളത്തിൽ പൊതുവേ ഉണ്ടായിട്ടുള്ള ശാസ്ത്ര ആഖ്യായികകളോട് വായനാ സമൂഹത്തിനും പൊതുവേ പ്രതിപത്തി കുറവാണ്. മലയാള ശാസ്ത്ര സാഹിത്യത്തിന്റെ ചരിത്രമെഴുതിയ കാവുമ്പായി ബാലകൃഷ്ണൻ ഇന്ത്യയിലെ സയൻസ് ഫിക്ഷന്റെ സ്ഥിതിയെപ്പറ്റിയുള്ള ബാൽ ഫോൺട്കെയുടെ അഭിപ്രായം ( Bal phondke (ed) - It happened Tomorrow, New Delhi : National Bok Trust,1995) ഉദ്ധരിച്ചു കൊണ്ട് ഇപ്രകാരം രേഖപ്പെടുത്തുന്നു: അമേരിക്കയിലും യൂറോപ്പിലും ശാസ്ത്ര കല്പിത കഥകൾക്ക് വമ്പിച്ച വളർച്ച ഉണ്ടായിട്ടുണ്ട്. എന്നാൽ ഇന്ത്യയിൽ ഇന്നും ഈ സാഹിത്യരൂപം അതിന്റെ ശൈശവാവസ്ഥയിൽ തന്നെയാണ്. മറാഠിയിലും ബംഗാളിയിലുമാണ് ഈ സാഹിത്യ ശാഖയ്ക്ക് വേരുറപ്പിക്കാൻ കഴിഞ്ഞിട്ടുള്ളത്.ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങളിലും ജനകീയ

ശാസ്ത്ര പ്രസ്ഥാനങ്ങൾ ഇന്ന് പ്രവർത്തിക്കുന്നുണ്ട്. എങ്കിലും ശാസ്ത്ര കല്പിത കഥകളുടെ വികാസത്തിന് ഉതകുന്ന മണ്ണൊരുക്കാൻ അവയ്ക്ക് സാധിച്ചിട്ടില്ല. ഏറ്റവും നല്ല ഉദാഹരണം മലയാളം തന്നെയാണ്.ഇന്ത്യയിലെ ഏറ്റവും ബ്രഹത്തും ശക്തവുമായ ജനകീയ ശാസ്ത്ര പ്രസ്ഥാനമാണ് ശാസ്ത്രസാഹിത്യ പരിഷത്ത്.നൂറു കണക്കിന് ഗ്രന്ഥങ്ങൾ പരിഷത്തിന്റെയും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും സംഭാവനയായി മലയാളത്തിൽ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. എന്നിട്ടും മലയാളത്തിൽ ഉണ്ടായിട്ടുള്ള ശാസ്ത്ര കല്പിത കഥകൾ മറ്റേതൊരു ഭാഷയെക്കാളും കുറവുമാണ്. (ബാലകൃഷ്ണൻ, കാവുമ്പായി മലയാള ശാസ്ത്ര സാഹിത്യ പ്രസ്ഥാനം പു.187) ഈ അവസ്ഥയിൽ നിന്നും മലയാളം ഏറെയൊന്നും മുന്നോട്ട് പോയിട്ടില്ല.

ശാസ്ത്ര ആഖ്യായികകൾ ഉണ്ടാകേണ്ടതിനെപ്പറ്റി ആദ്യ കാല നിരൂപകർ ഊന്നിപ്പറഞ്ഞിരുന്നവെങ്കിലും ആ മേഖലയിൽ വളരെ വൈകിയാണ് എഴുത്തുകാർ ശ്രമം തുടങ്ങിയത്. പി. അനന്തൻ പിള്ള 1931 ൽ ഇപ്രകാരമാണ് അഭിപ്രായപ്പെട്ടത്: "ശാസ്ത്രതത്ത്വങ്ങളിൽ ജനസാമാന്യത്തിന്റെ അറിവു വർദ്ധിപ്പിക്കാൻ നാവലുകൾ വളരെ ഉപകരിക്കുന്നതിനാൽ നമ്മുടെ ഗ്രന്ഥകാരന്മാരുടെ ശ്രദ്ധ ഈ വിഷയത്തിൽ പതിഞ്ഞാൽ കൊള്ളാം–നിത്യോപയോഗത്തിനു വേണ്ട രസതന്ത്രജ്ഞാനം, പരിഷ്കൃത നഗരങ്ങൾക്ക് അപരിത്യാജ്യമായ വിദ്യുച്ഛക്തി ഉപയോഗം, ജലസംഭരണം എന്നിങ്ങനെ അവശ്യ വിജ്ഞേയങ്ങളായ എത്രയെത്ര സംഗതികൾ നാവലുകൾ മൂലമായി സാമാന്യജനങ്ങളെ ധരിപ്പിക്കാം? എച്ച്.ജി. വെൽസ് മുതലായ പാശ്ചാത്യ നാവൽകാരൻമാർ ഈ വിഷയത്തിൽ ചെയ്തിട്ടുള്ള യത്നങ്ങൾ എത്രമാത്രം സഫലങ്ങളായി പരിണമിച്ചിരിക്കുന്നു എന്ന് നോക്കുക. (അനന്തൻ പിള്ള, പി മലയാള ഭാഷാ സാഹിത്യത്തിലെ ഗ്രന്ഥ നിർമ്മാണം, സമസ്ത കേരള സാഹിത്യ പരിഷത്ത് ദ്വിതീയ സമ്മേളന റിപ്പോർട്ട്, പു. 122) എന്നാൽ ഇത്തരം ആഹ്വാനങ്ങൾക്ക് ക്രിയാത്മകമായ പ്രതികരണം ഉണ്ടായില്ല.

ശാസ്ത്രത്തിന്റെ സാധ്യതകൾ സാഹിത്യകാരൻമാർ ഭാവനയിലൂടെ പ്രയോജനപ്പെടുത്തണമെന്ന് കേസരി ബാലകൃഷ്ണപിള്ളയും ആഹ്വാനം ചെയ്തിരുന്നു. എസ്.കെ. പൊറ്റക്കാടിന്റെ പൗർണ്ണമി എന്ന ചെറുകഥാ സമാഹാര (1948) ത്തിന് എഴുതിയ അവതാരികയിൽ കേസരി പറഞ്ഞു: "അപ്ലൈഡ് സയൻസിന്റെ (പ്രായോഗിക ശാസ്ത്രത്തിന്റെ) പുരോഗതിയെ തങ്ങളുടെ ഭാവന മുഖേന സാഹിത്യകാരൻമാർക്ക്–പ്രത്യേകിച്ച്

കാഥികർക്ക്–സഹായിക്കുവാൻ സാധിക്കുകയില്ലേ എന്നതാണ് പ്രസ്തുത സാമാന്യ പ്രശ്നം (കേസരി ബാലകൃഷ്ണപിള്ള, കേസരിയുടെ സാഹിത്യ വിമർശനങ്ങൾ, പു. 605). പ്രശസ്ത ഭാരതീയ ശാസ്ത്രജ്ഞനായ ശാന്തി സ്വരൂപ് ഭട്നാഗർ നാഷണൽ കെമിക്കൽ ലബോറട്ടറിക്ക് തറക്കല്ലിട്ടു കൊണ്ട് അക്കാലത്ത് നടത്തിയ പ്രസംഗം പോലും കേസരി ഈ അവതാരികയിൽ ഉദ്ധരിക്കുന്നുണ്ട്. കാലനില്ലാത്ത കാലം ഭാവന ചെയ്ത നമ്പ്യാർ ജനിച്ച കേരളത്തിലെ സാഹിത്യകാരൻമാർക്ക് ഇന്നത്തെ ശാസ്ത്രീയ അന്വേഷണങ്ങൾ വെളിപ്പെടുത്തുന്ന രസകരമായ കാര്യങ്ങളെ ഭാവനാത്മകമായി പ്രതിപാദിക്കാൻ സാധിക്കുമെന്നും അതിന് ഇന്നത്തെ ശാസ്ത്രീയ കണ്ടുപിടിത്തങ്ങളെ പ്രതിപാദിക്കുന്ന മാഗസിൻസ് വായിച്ച് നിത്യ സമ്പർക്കമുണ്ടായാൽ മതിയെന്നും കേസരി നിർദ്ദേശിച്ചു. (കേസരി ബാലകൃഷ്ണപിള്ള, കേസരിയുടെ സാഹിത്യ വിമർശനങ്ങൾ, പു. 606- 607). ഇത്തരം ആഹ്വാനങ്ങൾ ഉണ്ടായെങ്കിലും 1955-ൽ നാഗവള്ളി ആർ.എസ്.കുറുപ്പ് 'ആണും പെണ്ണും' എന്ന നോവൽ എഴുതിയപ്പോൾ മാത്രമാണ് ശാസ്ത്രീയ വികാസങ്ങൾ ഇതിവൃത്തമാക്കുന്ന രീതി മലയാളത്തിൽ ആരംഭിച്ചത്. ആദ്യത്തെ ശാസ്ത്രീയ കല്പിത കഥ എന്ന പ്രസാധകരുടെ അവകാശവാദത്തോടെ പുറത്തു വന്ന നോവലാണിത്. ലിംഗമാറ്റ ശസ്ത്രക്രിയയെക്കുറിച്ചുള്ള ആശയങ്ങളും 1950 കളിൽ ജനിതകശാസ്ത്രത്തിൽ ഉണ്ടായ മുന്നേറ്റങ്ങളും ഈ നോവലിന്റെ രചനയ്ക്ക് നോവലിസ്റ്റിനെ പ്രചോദിപ്പിച്ചിട്ടുണ്ട് എന്ന് വ്യക്തമാണ്. രേഖപ്പെടുത്തപ്പെട്ട ആദ്യത്തെ ലിംഗമാറ്റ ശസ്ത്രക്രിയ 1930 കളിലാണ് നടന്നത്. അപസർപ്പകകഥയുടെ സ്വഭാവമുള്ള ഈ നോവലിൽ ജനിതക ശാസ്ത്ര സംബന്ധിയായ വസ്തുതകൾ ഉണ്ടായിരുന്നുവെങ്കിലും ശാസ്ത്രാഖ്യായികയുടെ സ്വഭാവങ്ങൾ പൂർണ്ണമായും പ്രകടിപ്പിക്കുവാനായില്ല. എന്നിരുന്നാലും ശാസ്ത്രാഖ്യായിക എന്ന പുതിയ സാഹിത്യ ഗണം തുടങ്ങി വയ്ക്കാൻ നാഗവള്ളിക്കു കഴിഞ്ഞു.

1960-കളിൽ സോവിയറ്റ് യൂണിയൻ ചൊവ്വയിലേക്ക് ആളില്ലാത്ത ബഹിരാകാശ വാഹനങ്ങൾ അയച്ചതും എച്ച്.ജി വെൽസിനെപ്പോലെയുള്ള ശാസ്ത്രസാഹിത്യകാരൻമാരുടെ കൃതികളുമായുള്ള പരിചയവും മലയാള സാഹിത്യത്തെ പ്രചോദിപ്പിച്ചതിന്റെ തെളിവാണ് നാഗവള്ളി ആർ.എസ് കുറിപ്പിന്റെ ' ചൊവ്വയിൽ എത്തിയപ്പോൾ', പി.ആർ. മാധവപ്പണിക്കരുടെ 'കൽക്കത്തേനിയം' തുടങ്ങിയ കൃതികൾ. സയൻസും ഫിക്ഷനും കൂട്ടിക്കലർത്താനുള്ള സാർത്ഥകമായ ശ്രമങ്ങളിൽ ഒന്നാണ് സി.രാധാകൃഷ്ണന്റെ

'ഉള്ളിൽ ഉള്ളത്' (2002). വൈദ്യുതകാന്തിക തരംഗങ്ങളെയും യൂണിഫൈഡ്ഫീൽഡ് തിയറിയെയും വിവര സാങ്കേതിക വിദ്യയെയും ഇണക്കിച്ചേർത്ത് ശാസ്ത്രത്തിന്റെ ഭാവിസാധ്യതകളും

അത് വരുത്തി വയ്ക്കാവുന്ന അപകടങ്ങളും അവതരിപ്പിക്കുകയാണ് സി.രാധാകൃഷ്ണൻ. ഒരു സാമൂഹിക നോവലിന്റെ ചട്ടക്കൂടിൽ ശാസ്ത്രകഥ നിബന്ധിക്കാനാണ് നോവലിസ്റ്റിന്റെ ശ്രമം.

ജി.ആർ.ഇന്ദുഗോപന്റെ ഐസ് - 196°C, പി.എൻ. കൃഷ്ണൻകുട്ടിയുടെ അപ്പോളോ മിഷൻ, ആൽഫ മടങ്ങുന്നു, ഓസോൺ കുടയും വിരൽ മനുഷ്യരും, എസ്. ശിവദാസിന്റെ രാഗം, താളം, സ്വപ്നം, ഇ.പി. ശ്രീകുമാറിന്റെ മാറാമുദ്ര, ജി.എസ്. ഉണ്ണികൃഷ്ണൻനായരുടെ 'കിമേറാ', സതീഷ് പോളിന്റെ 'തണുത്ത സമവാക്യം', ബാലകൃഷ്ണൻ ചെറൂപ്പയുടെ 'ശാസ്ത്രവർഷം 184', 'ചിരഞ്ജീവി' തുടങ്ങിയവയൊക്കെ പ്രമേയ മൗലികത്വം, ആഖ്യാന സവിശേഷത, സാഹിത്യ ഗുണം എന്നിവ കൊണ്ട് ശ്രദ്ധേയമായവയാണ്. വർത്തമാനത്തെയും ഭാവിയെയും പറ്റിയുള്ള സവിശേഷ ദർശനങ്ങൾ അവതരിപ്പിക്കുന്നവയാണ് യഥാർത്ഥ ശാസ്ത്രസാഹിത്യ കൃതികൾ എപ്പോഴും ചെയ്യുന്നത്. ഇത്തരം സവിശേഷതകൾ കൃത്യമായി മലയാള ശാസ്ത്രസാഹിത്യ കൃതികളിൽ കാണാൻ കഴിയില്ലെങ്കിലും ഒരു സവിശേഷ സാഹിത്യ ഗണമായി മലയാള ശാസ്ത്രസാഹിത്യം വികസിക്കുന്നതിന്റെ തെളിവാണ് മേൽ സൂചിപ്പിച്ച കൃതികൾ.

എൻ.വി. കൃഷ്ണവാര്യർ, വൈലോപ്പിള്ളി എന്നിവരുടെ കവിതകൾക്ക് ശാസ്ത്രവുമായുള്ള ബന്ധത്തെ 'കവിതയും ശാസ്ത്രവും' എന്ന കൃതിയിൽ എം.ലീലാവതി പഠന വിധേയമാക്കുന്നുണ്ട്. എങ്കിലും ഈ പുസ്തകം ശാസ്ത്ര സാഹിത്യത്തെയല്ല മറിച്ച് ശാസ്ത്രം സാഹിത്യ കൃതികളിൽ നടത്തിയ സ്വാധീനതാ പഠനത്തിലാണ് ഊന്നുന്നത്

### ഉപസംഹാരം

ഇതു വരെ ഉണ്ടായിട്ടുള്ള മലയാള സാഹിത്യ ചരിത്രങ്ങളിലൊന്നും അർഹിക്കുന്ന സ്ഥാനം ഉറപ്പിക്കപ്പെട്ടിട്ടില്ലാത്ത ഒരു സാഹിത്യ ശാഖയാണ് ശാസ്ത്രസാഹിത്യമെന്നും ആ വിഷയം കൈകാര്യം ചെയ്തവരൊക്കെ ശാസ്ത്ര സാഹിത്യം എന്ന പരികല്പനയെ കൃത്യമായി മനസ്സിലാക്കുന്നതിൽ പരാജയപ്പെടുകയും പോപ്പുലർ സയൻസ് കൃതികളെ ഈ വിഭാഗത്തിൽ ഉൾപ്പെടുത്തി ക്രോഡീകരിക്കുകയുമാണ് ചെയ്തത് എന്നുമാണ് വ്യക്തമാകുന്നത്. സർഗ്ഗാത്മക സാഹിത്യ കൃതികൾ എന്ന നിലയിൽ സാഹിത്യ ചരിത്രകാരൻമാർ

ശാസ്ത്രസാഹിത്യത്തെ പരിഗണിച്ചിട്ടില്ല. ശാസ്ത്രസാഹിത്യത്തെ വ്യക്തമായി നിർവ്വചിച്ച് ശരിയായ മാതൃകകളെ ക്രോഡീകരിച്ച് പഠിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

**ഗ്രന്ഥസൂചി.**


1. അനന്തൻ പിള്ള പി., സമസ്ത കേരള സാഹിത്യ പരിഷത്ത് ദ്വിതീയ സമ്മേളന റിപ്പോർട്ട്, തൃശ്ശൂർ: കൊച്ചി ഭാഷാ പരിഷ്കരണ കമ്മിറ്റി, 1931.
2. കേസരി ബാലകൃഷ്ണപിള്ള, കേസരിയുടെ സാഹിത്യ വിമർശനങ്ങൾ, കോട്ടയം എസ്.പി. സി. എസ്. 1984.
3. കൃഷ്ണനുണ്ണി പി., ക്രൂശിതന്റെ മാനങ്ങൾ, തിരുവനന്തപുരം: സൈൻബുക്സ്, 2008.
4. ജോർജ്. കെ.എം. ഡോ, (എഡി) ആധുനിക മലയാള സാഹിത്യ ചരിത്രം പ്രസ്ഥാന ങ്ങളിലൂടെ കോട്ടയം: ഡി.സി ബുക്സ് 1998.
5. നായർ, ഡോ. സി.ജി.ആർ., സയൻസ് ഫിക്ഷൻ–ഒരു ആമുഖം, തിരുവനന്തപുരം. വിജ്ഞാന കൈരളി, വാല്യം 30-31, ലക്കം- 12, ഡിസം. 1999 - ജനു.2000.
6. ബാലകൃഷ്ണൻ, ഡോ. കാവുമ്പായി, മലയാള ശാസ്ത്രസാഹിത്യ പ്രസ്ഥാനം, തൃശ്ശൂർ: കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, 2007.
7. രാമചന്ദ്രൻ നായർ പൻമന (എഡി.) സമ്പൂർണ്ണ മലയാള സാഹിത്യ ചരിത്രം കോട്ടയം, കറന്റ് ബുക്സ് 2008
8. Asimov, Issac, The Biggining and the End, New York : Doubleday, 1977
9. Roe, Nicholas, Romanticism : An Oxford Guide, Oxford University Press, 2005
10. Rose, Mark, Alien Encounters : Anatomy of Science Fiction, cambridge, MA: Harvard University Press, 1981


*dr.sarithakr00@gmail.com*

# സാഹിത്യചരിത്രത്തിലെസാഹിത്യസങ്കല്പം

## വൈജ്ഞാനികഗ്രന്ഥങ്ങളെഅടിസ്ഥാനമാക്കിയുള്ളഅന്വേഷണം

**രമ്യകെ.**
**അസി. പ്രൊഫ. ഓൺ. കോൺട്രാക്റ്റ്,മ ലയാളവിഭാഗം, വിമലകോളേജ്, തൃശ്ശൂർ**

### പ്രബന്ധസംഗ്രഹം

സാഹിത്യചരിത്രനിർമ്മിതിയിൽവൈജ്ഞാനികസാഹിത്യത്തിനു നൽകിയ സാഹിതീയസ്ഥാനത്തെ വിശകലനം ചെയ്യുകയാണ് ഈ പ്രബന്ധത്തിൽ. വിവിധ കാലഘട്ടത്തിൽ രചിച്ച സാഹിത്യചരിത്രഗ്രന്ഥങ്ങളെ അടിസ്ഥാന മാക്കിയാണ് ഈ പരികല്പനയെ പഠന വിധേയമാക്കുന്നത്. പി. ഗോവി ന്ദപ്പിള്ളയുടെ 'മലയാളഭാഷാചരിത്രം' മുതൽ 2013-ൽ പന്മന രാമചന്ദ്രൻ എഡിറ്റ് ചെയ്ത 'കേരള സംസ്കാരപഠനങ്ങൾ' വരെയുള്ള പത്ത് സാഹിത്യ ചരിത്രങ്ങളെയാണ് ഈ പഠനത്തിനായി വിനിയോഗിച്ചത്. ഈ സാഹിത്യ ചരിത്രങ്ങൾ വൈജ്ഞാനിക സാഹിത്യത്തെ എത്തരത്തിലാണ് പരിഗണി ച്ചതെന്നും ഇവിടെചർച്ചചെയ്യുന്നു. സാഹിത്യചരിത്രങ്ങൾ സാഹിത്യം എന്ന സങ്കല്പത്തിനു നല്കിയ നിർവചനങ്ങളെക്കുറിച്ചും ഈ നിർവ്വചനത്തിനകത്തും പുറത്തും പരിഗണിക്കപ്പെട്ട നിരവധിയായ വൈജ്ഞാനിക ഗ്രന്ഥങ്ങളെക്കു റിച്ചും ഇവിടെ പരാമർശിക്കുന്നു. ഇത്തരത്തിൽ സാഹിത്യചരിത്രങ്ങളാൽ നിർമ്മിക്കപ്പെടുന്ന സാഹിത്യസങ്കല്പത്തിന്റെ പൊതുതത്വങ്ങളെ കണ്ടെത്തു കയും ഇത്തരം പരികല്പനകളെ നിർമ്മിക്കാൻ കാരണമായ സവിശേഷത കളെ കണ്ടെത്തി സാഹിത്യചരിത്ര വിജ്ഞാനീയമെന്ന പഠനമേഖലയെ കൂടുതൽ അടുത്തറിയാൻ സഹായിക്കുകയുമാണ് ഈ ലേഖനം

***താക്കോൽവാക്കുകൾ:*** വൈജ്ഞാനികം :സകലവിജ്ഞാനങ്ങളെയും ലക്ഷ്യമാക്കിഎഴുതപ്പെടുന്നവ, സാഹിത്യചരിത്രവിജ്ഞാനീയം: സാഹി ത്യചരിത്രരചനയിലെ സാമൂഹിക പ്രത്യശാസ്ത്രങ്ങളെയും അധികാര

ബലതന്ത്രങ്ങളെയും രചയിതാവിന്റെ കർതൃത്വത്തെയുമൊക്കെ പ്രശ്നവൽക്കരിച്ചുകൊണ്ട് ഉയർന്നുവന്ന വിമർശനപദ്ധതി.

ആമുഖം

ചരിത്രഗ്രന്ഥങ്ങൾ ഭൂതകാലചിന്തയുടെ ഗവേഷണഫലമാണ്. സാഹിത്യത്തിന്റെ ഭൂതകാലന്വേഷണം സാഹിത്യചരിത്രരചനയ്ക്കു വഴിതെളിയിക്കുന്നു. ലഭിച്ചിട്ടുള്ള രേഖകളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ നിരവധി സാഹിത്യചരിത്രങ്ങൾ മലയാളത്തിലുണ്ട്. ഓരോ സാഹിത്യചരിത്രവുംഅതാത് കാലഘട്ടത്തിൽ മലയാളത്തിൽ എഴുതപ്പെട്ടിട്ടുള്ള എല്ലാ കൃതികളെയും ഉൾക്കൊള്ളാൻ ശ്രമിച്ചിട്ടുണ്ട്. ഓരോ കാലഘട്ടത്തിലും രചിച്ച സാഹിത്യചരിത്രങ്ങൾ ആകാലഘട്ടത്തിലെ സാമൂഹികഘടകങ്ങൾക്കും, സാംസ്കാരിക സ്വാധീനങ്ങൾക്കും അനുസൃതമായാണ് നിലകൊള്ളുന്നത്.

മലയാളഭാഷയുടെ വികസനഘട്ടത്തിൽ വൈജ്ഞാനികമേഖല സജീവമായിരുന്നു. സാഹിത്യത്തിന്റെയും ശാസ്ത്രത്തിന്റെയും വികാസപരിണാമങ്ങൾ ശാസ്ത്രകൃതികളുടെ പരികല്പനയുടെ പരിണാമങ്ങൾക്ക് കാരണമായി.

വൈജ്ഞാനികഗ്രന്ഥങ്ങൾക്ക് ഉചിതമായ പരിഗണന നൽകിക്കൊണ്ട്സാഹിത്യചരിത്രരചന നിർവ്വഹിച്ചത് ഉള്ളൂർ എസ്. പരമേശ്വരയ്യരാണ്. അദ്ദേഹത്തിന്റെ മുൻഗാമികളും പിൻഗാമികളും വൈജ്ഞാനിക ഗ്രന്ഥങ്ങളെ പരിഗണിച്ചതു് സാഹിത്യേതരം എന്നനിലയിലായിരുന്നു. ഉള്ളൂരിന്റെ കേരളസാഹിത്യചരിത്രത്തിനു മുമ്പുംപിമ്പും ഉണ്ടായിട്ടുള്ള സാഹിത്യചരിത്രങ്ങളെ പഠനവിധേയമാക്കുമ്പോൾ വൈജ്ഞാനികമേഖലയ്ക്ക് സാഹിത്യചരിത്രനിർമ്മിതികൾ നൽകിയിട്ടുള്ള സാഹിത്യസങ്കല്പത്തെ മനസ്സിലാക്കാൻ സഹായിക്കും. സാഹിത്യത്തിലെ പരസ്പരബന്ധങ്ങൾ വേർതിരിച്ചറിഞ്ഞ് സമവായബോധം ആഴപ്പെടുത്തുക എന്നതാണ് സാഹിത്യചരിത്ര വിജ്ഞാനീയത്തിന്റെ പ്രധാനലക്ഷ്യങ്ങളിൽ ഒന്ന്. സാദൃശ്യങ്ങൾ, സ്വാധീനങ്ങൾ എന്നിവ മുൻനിർത്തി ആഗമികവും ഘടനാപരവും ആയ കൂട്ടുകെട്ടുകൾ കണ്ടെത്തുന്നു. പ്രതിരോധപരമായ നീക്കങ്ങളായി സാഹിത്യസംഭവങ്ങളെകാണാൻ സാഹിത്യചരിത്രവിജ്ഞാനീയം ഉത്സാഹിക്കുന്നു. സാമ്പ്രദായിക സാഹിത്യവഴക്കങ്ങൾ നിലനിർത്താനല്ല പുതുവഴികൾ തുറക്കാനാണ് സാഹിത്യചരിത്രവിജ്ഞാനീയം നോട്ടമിടുന്നത്. ഇത്തരത്തിൽ കേരളസാഹിത്യചരിത്രത്തെയും അതിനു മുമ്പുംപിമ്പും ഉണ്ടായ

സാഹിത്യചരിത്രത്തെയും വിശകലനം ചെയ്തുകൊണ്ട് വൈജ്ഞാനിക സാഹിത്യത്തിന് ഓരോ സാഹിത്യചരിത്രവും നൽകിയ സാഹിത്യസങ്ക ല്പത്തെ വിശകലനം ചെയ്യാനും ഇത്തരം സങ്കല്പങ്ങൾ ഉയർന്നുവരാനുള്ള സാഹചര്യങ്ങളെ വിലയിരുത്താനും ആണ് ഈ പ്രബന്ധംശ്രമിക്കുന്നത്.

**മലയാളഭാഷാചരിത്രം–കേരളഭാഷാസാഹിത്യചരിത്രം**

മലയാളത്തിലെ ആദ്യസാഹിത്യചരിത്രമായ പി. ഗോവിന്ദപ്പിള്ളയുടെ 'മലയാളഭാഷാചരിത്ര'ത്തിൽ കാലഘട്ടങ്ങൾക്ക് പ്രാധാന്യം നൽകി യിരിക്കുന്നു. ഓരോ കാലഘട്ടത്തിലും ഏതെല്ലാം കൃതികൾ ഉണ്ടായോ അവയെയെല്ലാം ഒരുഗണത്തിലാക്കിയിരിക്കുന്നു. വൈജ്ഞാനിക മണ്ഡ ലത്തിനായി ഒരു ഭാഗം ഈ കൃതിയിലില്ല. എന്നാൽ നിരവധി ശാസ്ത്ര ഗ്രന്ഥങ്ങളെക്കുറിച്ച് നാലാം അധ്യായത്തിലും ഏഴാം അധ്യായത്തിലും ചർച്ചചെയ്തിട്ടുണ്ട്. കലിവർഷം ഏകദേശം 3400-ന് ഇപ്പുറം അഷ്ടവൈ ദ്യന്മാരിൽ ഓരോ വിദ്വാന്മാർ 'യോഗരത്നസമുച്ചയം', 'ഗാർങ്ഗധരം', 'സഹസ്രയോഗം', 'നവഖണ്ഡം', 'മനോരമ' മുതലായ വൈദ്യഗ്രന്ഥങ്ങൾ കേരളത്തിൽ സംസ്കൃതഭാഷയിൽ എഴുതി അവരുടെ ശിഷ്യന്മാരെ പഠി പ്പിച്ചുവന്നു. കേരള ബ്രാഹ്മണർ ഉണ്ടാക്കിയിട്ടുള്ള വൈദ്യഗ്രന്ഥങ്ങൾ മേൽ പറഞ്ഞവ കൂടാതെ വേറെയും അനേകം ഉണ്ട്. അവ ഏതേത് കാലത്ത് ആരാരെല്ലാം ഉണ്ടാക്കിയെന്ന് ഇപ്പോൾ അറിയില്ല. 'യോഗാരത്നസമുച്ചയം' എന്നഗ്രന്ഥംവളരെ പുരാതനമായിട്ടുള്ളതും തുലോം അപൂർവ്വവുമാകുന്നു. ആ കാലങ്ങളിൽ നമ്പൂതിരി ബ്രാഹ്മണരെയല്ലാതെ മറ്റാരെയും വൈദ്യം പഠിപ്പി ക്കുക പതിവില്ലായിരുന്നു. ഇത്തരത്തിൽ വൈജ്ഞാനിക മേഖലയിലെ സംസ്കൃതസ്വാധീനത്തെയും വൈജ്ഞാനികമേഖല ഇടപെട്ടിരുന്ന ഒരുസാ മൂഹത്തെയും കുറിച്ച് ചർച്ചചെയ്യുകയായിരുന്നു അദ്ദേഹം (1960:273)

ആർ. നാരായണപ്പണിക്കരുടെ 'കേരളഭാഷാസാഹിത്യചരി ത്ര'ത്തിൽ വൈജ്ഞാനിക സാഹിത്യമണ്ഡലത്തിന് സാഹിത്യചരിത്ര ത്തിൽ നൽകേണ്ട ഒരു സ്ഥാനത്തെപ്പറ്റി ചിന്തിക്കുന്നുണ്ട്. അത് ഇത്ത രത്തിലാണ്: "മറ്റു ശാസ്ത്രങ്ങളിലും അന്നത്തെ കേരളീയർ വിശാലമായ പാണ്ഡിത്യം സമ്പാദിച്ചിരുന്നു. തത്ഫലമായി അനേകം ഭാഷാശാസ്ത്രഗ്രന്ഥ ങ്ങൾ ഉണ്ടായിട്ടുണ്ട്. അവയെപ്പറ്റി പ്രതിപാദിക്കേണ്ട ചുമതല സാഹിത്യ ചരിത്രകാരന് ഇല്ലാത്തതിനാൽ പ്രകരണത്തിലേയ്ക്ക് പ്രവേശിച്ചുകൊള്ളുന്നു" (1889:203). ഇത്തരത്തിൽ വൈജ്ഞാനിക മേഖലയെ സാഹിത്യചരിത്രരച നയിൽ പരിഗണിക്കേണ്ടതില്ലെന്ന അഭിപ്രായക്കാരനായിരുന്നു അദ്ദേഹം.

വൈജ്ഞാനിക ഗ്രന്ഥങ്ങളെ സാഹിത്യപരികല്പനയിൽ നിന്നും മാറ്റി ചിന്തിക്കുകയായിരുന്ന സാഹിത്യചരിത്രരചനയിൽ ആർ. നാരായണപ്പണിക്കർ.

### കേരളസാഹിത്യചരിത്രം

സാഹിത്യചരിത്രരചനയിൽ ശാസ്ത്രഗ്രന്ഥങ്ങളെ പ്രാധാന്യത്തോടെ ഉൾപ്പെടുത്തിയത് ഉള്ളൂരാണ്. അദ്ദേഹത്തിന്റെ ഒന്നും രണ്ടും മൂന്നും നാലും വാല്യങ്ങൾ വൈജ്ഞാനിക ഗ്രന്ഥങ്ങളെ ചർച്ചചെയ്തിട്ടുണ്ട്. ഒന്നാം വാല്യത്തിലെ ഒമ്പതാം അധ്യായത്തിലും പതിനേഴാം അധ്യായത്തിലും ജ്യോതിഷഗണിത ഗ്രന്ഥ വിവരണമുണ്ട്. സംസ്കൃതത്തിന്റെ തുടർച്ചയെന്നോണമാണ് ശാസ്ത്രഗ്രന്ഥങ്ങളെ ഉള്ളൂർ പരാമർശിച്ചിരിക്കുന്നത്. സംസ്കൃതത്തിന്റെ തുടർച്ച ഭാഷയിൽ ഉണ്ടാക്കിയ പ്രഭാവത്തെ താമരനല്ലൂർ ഭാഷ, ആലത്തൂർ മണിപ്രവാളം എന്നിവയിലൂടെ വ്യക്തമാക്കുന്നു.

രണ്ടാം വാല്യത്തിലാണ് ജ്ഞാനവിഷയകൃതികളുടെ വിശാലമായ ചർച്ച ഉൾപ്പെടുത്തുന്നത്. ദേവദേശം, ശുകകേരളം, വരരുചികേരളം, കേരളീയസൂത്രം എന്നീ ജ്യോതിഷകൃതികളെ പരിചയപ്പെടുത്തിക്കൊണ്ട് അധ്യായംആരംഭിക്കുന്നു. ജ്യോതിഷം, ഗണിതം എന്നീ മേഖലകൾക്കു പുറമെ തന്ത്രശാസ്ത്രം, വാസ്തുശാസ്ത്രം തുടങ്ങിയവയിലെ പ്രധാനകൃതികളെയും ഉൾപ്പെടുത്തിയിരിക്കുന്നു. പതിമൂന്നാം അധ്യായത്തിൽ ആട്ടപ്രകാരം, ക്രമദീപിക എന്നിവയെയും, പതിനേഴാം അധ്യായത്തിൽ തോലനൂർ ഭാഷ എന്ന ജ്യോതിഷഗ്രന്ഥത്തെയും ആലത്തൂർ മണിപ്രവാളം എന്ന വൈദ്യശാസ്ത്രഗ്രന്ഥത്തെയും പരാമർശിക്കുന്നു. പരഹിതം, ആര്യഭടീയം, ലഘുഭാസ്കരീയം, ശങ്കരനാരായണന്റെ ജീവിതം എന്നീ പുസ്തകങ്ങളെക്കുറിച്ചും ഈഭാഗം അറിവ് നൽകുന്നു. പ്രയോഗമഞ്ജരി, പ്രണേതാവ്, പ്രദ്യോതം എന്നീ തന്ത്രഗ്രന്ഥങ്ങളും ഈഭാഗത്ത് പരാമർശിക്കുന്നു.

മണിപ്രവാള സാഹിത്യത്തിന്റെ അഭിവൃത്തിയെ പ്രതിപാദിക്കുന്ന ഇരുപത്തിയൊന്നാം അധ്യായത്തിൽ മഹാഭാസ്കരീയം ഭാഷ്യം, മുഹൂർത്തരത്നം തുടങ്ങി അറുപത്തിമൂന്നു ജ്യോതിശാസ്ത്രഗ്രന്ഥങ്ങളെ പരിചയപ്പെടുത്തിയിരിക്കുന്നു. മണിപ്രവാള ശൈലിയിലുള്ള ജ്യോതിഷദീപമാല, ഉപരാശക്രിയാക്രമം, കരണോത്തമം, ജാതകാഭരണം, ഹോരിസാരോച്ചയം തുടങ്ങിയ ജ്യോതിഷ ഗ്രന്ഥങ്ങളെക്കുറിച്ചും ഈ വാല്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. തന്ത്രസമുച്ചയം, മനുഷ്യാലയചന്ദ്രിക എന്നീ വാസ്തുശാസ്ത്രഗ്രന്ഥങ്ങളും ഉള്ളൂർ സാഹിത്യചരിത്രത്തിൽ പരാമർശിച്ചിട്ടുണ്ട്. ഭാരതത്തിന്റെ എക്കാലത്തേയും അഭിമാനമായ സംഗഗ്രാമമാധവന്റെ 'ഭൃഗ്ഗണിതം' രണ്ടാംവാല്യത്തിൽ

പരാമർശിക്കപ്പെട്ട ഒരു പ്രധാനകൃതിയാണ്. സംസ്കൃതസാഹിത്യത്തിന്റെ തുടർച്ചയെ ചർച്ചചെയ്യുന്ന ഇരുപത്തിയെട്ടാം അധ്യായം 'പ്രശ്നസാരം' എന്ന ജ്യോതിഷഗ്രന്ഥത്തെ അപഗ്രഥിക്കുന്നതിലൂടെ ശ്രദ്ധിക്കപ്പെടുന്നു.

'ഭാഷാഗദ്യ' ത്തെ വിശദീകരിക്കലാണ് മുപ്പത്തിരണ്ടാം അധ്യായത്തിൽ. ഈ അധ്യായത്തിൽ മഴമങ്കലത്ത് ശങ്കരൻ നമ്പൂതിരിയുടെ ലഘുഭാസ്കരീയവ്യാഖ്യാനത്തെ വിവരിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ 'സ്മാർത്ത പ്രായശ്ചിത്തവിമർശിനി'യും ഈ അധ്യായത്തിലെ പ്രധാന കൃതിയാണ്. ജ്യോതിശാസ്ത്രം, ഗണിതശാസ്ത്രം, വൈദ്യശാസ്ത്രം, സാമുദ്രികശാസ്ത്രം എന്നീ കൃതികളുടെ വിവരണം ഈ ഭാഗത്ത് ഉൾച്ചേർന്നിരിക്കുന്നു. 'ഹോർത്തൂസ് മലബാറിക്കസ്'' എന്ന പ്രസിദ്ധകൃതിയും പ്രതിപാദകമാവുന്നത് ഈ അധ്യായത്തിൽ തന്നെ.

മൂന്നാംവാല്യത്തിന്റെ മുപ്പത്തിമൂന്നാം അധ്യായത്തിലും, മുപ്പത്തഞ്ചാം അധ്യായത്തിലുമാണ് വൈജ്ഞാനിക മേഖലയുടെ തുടർച്ച കാണുന്നത്. പതിനെട്ടാം ശതകത്തിന്റെ ഭാഷാസംസ്കൃതസാഹിത്യകൃതിയായി പരിഗണിച്ച കൃതിയാണ് 'സമുദ്രമാല'. ശങ്കരവർമ്മത്തമ്പുരാന്റെ ഗണിതശാസ്ത്ര ഗ്രന്ഥമായ ഈ കൃതി കേരളീയർ അംഗീകരിച്ച ഒരു ശാസ്ത്രഗ്രന്ഥമാണെന്ന് ഉള്ളൂർ വ്യക്തമാക്കുന്നു.

മുപ്പത്താറാമധ്യായത്തിൽ ചർച്ചചെയ്യുന്ന രണ്ട് ഗ്രന്ഥങ്ങളാണ് 'ഭദ്രദീപം', 'പ്രശ്നരീതി' എന്നിവ. 'ജാതകലേഖനക്രമം' എന്ന കൃതിയും ഈ ഭാഗത്ത് ചർച്ചചെയ്യപ്പെടുന്നു. ജാതകഫലം, ജാതകസാരം, പ്രശ്നപ്രകാശിക, ലീലാവതീഭാഷ, പക്ഷിശാസ്ത്രം, മുഹൂർത്തദർശനം, ജനനമരണങ്ങളുടെ നിദാനം, ഭഗവൽഭക്തിയുടെ മാഹാത്മ്യം, ചാതുർവർണ്യത്തിന്റെയും മറ്റും ധർമ്മങ്ങൾ എന്നീ വിഷയങ്ങൾ ലളിതമായ ഭാഷയിൽ കൈകാര്യം ചെയ്തിരിക്കുന്ന കൃതിയാണ് 'വൈരാഗ്യചന്ദ്രോദയം' എന്ന് ഉള്ളൂരിന്റെ വിശകലനത്തിലൂടെയാണ് നമുക്ക് അറിയാൻ കഴിയുന്നത്.

നാല്പതാമധ്യായം കിളിപ്പാട്ടുകളുടെയും ആട്ടക്കഥകളുടെയും അപഗ്രഥനത്തിനായി മാറ്റിവെച്ചിരിക്കുന്നു. ഈഭാഗത്തും ശാസ്ത്രകൃതികൾ വിശദീകരിച്ചിട്ടുണ്ട്. ഭാഷാജാതക പദ്ധതി കാവ്യരൂപത്തിൽ രചിച്ച വിജ്ഞാന കൃതിയാണ്. നെടുമ്പയിൽ കൊച്ചുകൃഷ്ണനാശാന്റെ കൃതികളെ വിശദീകരിക്കുന്ന ഘട്ടത്തിൽ അദ്ദേഹം രചിച്ച ഗണിത-ജ്യോതിഷ-വൈദ്യ ഗ്രന്ഥങ്ങളെചർച്ചചെയ്യുന്നുണ്ട്. 'ഭാഷാജാതകപദ്ധതി', 'ഭാഷാപഞ്ചബോധ ഗണിതം', 'കണക്കുശാസ്ത്രം', 'മർമ്മചികിത്സ' എന്നിവ ഇത്തരത്തിൽ

ശ്രദ്ധിക്കപ്പെടുന്നു. ഈ കൃതികൾ കിളിപ്പാട്ട് ശാഖയിൽ രചിക്കപ്പെട്ടതാണെന്നത് ശ്രദ്ധേയമായ ഒരു വസ്തുതയാണ്.

നാലാം വാല്യത്തിൽ മലയാളഭാഷയിൽ രചിച്ച കൃതികളെയും രചയിതാക്കളെയും വിവരിക്കുന്നു. ഈ അവസരങ്ങളിലെല്ലാം അവരുടെ പ്രധാന വൈജ്ഞാനികഗ്രന്ഥങ്ങളെയും ഉൾപ്പെടുത്തിയിരിക്കുന്നു. ആദ്യത്തെ മൂന്നുവാല്യങ്ങളിലും ജ്യോതിശാസ്ത്ര-ഗണിതശാസ്ത്ര ഗ്രന്ഥങ്ങളെ പല ഘട്ടങ്ങളിലായി ചർച്ചചെയ്തു. നാലാം വാല്യത്തിലാണ് കേരളത്തിലുണ്ടായ വൈദ്യശാസ്ത്രഗ്രന്ഥങ്ങളെ അറിയാൻ സാധിക്കുന്നത്. നാല്പത്തിനാലാം അധ്യായത്തിൽ വൈക്കത്ത് പാച്ചുമൂത്തതിന്റെ 'ഹൃദയപ്രിയം' എന്ന വൈദ്യഗ്രന്ഥത്തെ പരിചയപ്പെടുത്തുന്നു. അഷ്ടാംഗഹൃദയത്തിലെ ആദ്യ മൂന്നു ഖണ്ഡങ്ങളിലെ നൂറ്റിയിരുപത് അധ്യായങ്ങളിൽ അന്തർഭവിച്ച സകലവിഷയങ്ങളെയും സമഞ്ജസമായി സംഗ്രഹിച്ചിരിക്കുന്നുവെന്ന് ഉള്ളൂർ വ്യക്തമാക്കുന്നു (1974:175)

വെളുത്തേരികേശവൻ വൈദ്യൻ, പെരുനെല്ലികൃഷ്ണൻ വൈദ്യർ എന്നിവരെ പരിചയപ്പെടുത്താനും അവരുടെ സംഭാവനകളെ അടയാളപ്പെടുത്താനും ഉള്ളൂർ ശ്രമിച്ചിട്ടുണ്ട്. അഷ്ടാംഗഹൃദയത്തിന്റെ രോഗോല്പാദനം വരെയുള്ള ഭാഗങ്ങൾ പെരുനെല്ലി കൃഷ്ണൻ വൈദ്യൻ ഭാഷാനുവാദം ചെയ്തിട്ടുണ്ട്.

നാല്പത്തിയൊമ്പതാം അധ്യായത്തിൽ കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാന്റെ 'മലയാംകൊല്ലം' ചർച്ചചെയ്യുന്നുണ്ട്. വൈദ്യം, ജ്യോതിഷം, സ്മൃതികൾ ഇതിഹാസപുരാണങ്ങൾ എന്നിവയാണ് പന്ത്രണ്ട് സർഗ്ഗങ്ങൾ ഉൾക്കൊള്ളുന്ന 'മലയാംകൊല്ല'ത്തിന്റെ ഉള്ളടക്കം. കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ 'കരപ്പൻ', തൈക്കാട്ട്മൂസതിന്റെ 'സിന്ദൂരമഞ്ജരി' എന്നിവ നാലാം വാല്യത്തിൽ കാണാൻ കഴിയും. സിന്ദൂരമഞ്ജരിയിൽ വെള്ളി, ചെമ്പ്, ഇരുമ്പ്, ഗന്ധകം, അഭ്രം, രസം മുതലായവ നീറ്റിയെടുത്ത് ചൂർണ്ണമാക്കുന്നതിന്റെ വിധി ഉൾക്കൊള്ളുന്നു (1996: 565) ഈ വാല്യത്തിൽ വിദ്യാരത്നപ്രഭ അച്ചുകൂടത്തിൽ നിന്നും വെളിച്ചംകണ്ട വൈദ്യഗ്രന്ഥത്തെ പരിചയപ്പെടുത്തുന്നുണ്ട്. അവയാണ് 'അഷ്ടാംഗഹൃദയം', 'സൂത്രസ്ഥാനം', 'നിദാനസ്ഥാനം', 'ശാരീരസ്ഥാനം', 'കല്പസ്ഥാനം', 'ചികിത്സിതസ്ഥാനം' എന്നിവ. ജീവന്മുക്തിപ്രകരണം 'വൈദ്യാമൃതതരംഗിണി' നേത്രചികിത്സ, 'അഷ്ടാംഗഹൃദയം', 'ഭാവപ്രകാശവ്യാഖ്യാനം', അമരുശതകംഭാഷാവ്യാഖ്യാനം എന്നിവയും ഈ ഭാഗത്ത് ചർച്ചചെയ്യുന്ന കൃതികളാണ്.

February, 2020 മലയാളപ്പച്ച
Volume 01: No. 10 malayala pachcha

വൈജ്ഞാനികഗ്രന്ഥങ്ങൾ പൊതുവെ ആറുതരത്തിൽ പെടുന്നു:

> 1. വൈദ്യശാസ്ത്രം. 2. ജ്യോതിഷം, 3. തന്ത്ര-ക്രിയ-പ്രായശ്ചിത്ത ഗ്രന്ഥങ്ങൾ 4. ചരിത്ര-ഐതിഹ്യവിചാരം 5. വ്യാകരണം-ശബ്ദ കോശം 6. പലവകഗ്രന്ഥങ്ങൾ എന്നിവയാണവ (2612:1666)

ഇതിൽ കേരളസാഹിത്യചരിത്രത്തിൽ ജ്യോതിഷത്തിന്റേയും, വൈദ്യശാസ്ത്രത്തിന്റേയും, തന്ത്രക്രിയയുടെയും ധാരാളം കൃതികളുടെ വിശദീകരണങ്ങൾ കണ്ടെത്താനാവും, ഇത്തരത്തിൽ വിശാലമായ ഒരു വൈജ്ഞാനിക ചർച്ച നടത്തിയ സാഹിത്യചരിത്രമെന്ന സ്ഥാനം ഉള്ളൂരിന്റെ കേരളസാഹിത്യ ചരിത്രത്തിനു ലഭിക്കുന്നു. നൂറ്റിഅറുപത്തിമൂന്ന് ജ്യോതിഷഗ്രന്ഥങ്ങളും, പന്ത്രണ്ടു വൈദ്യശാസ്ത്രഗ്രന്ഥങ്ങളും അദ്ദേഹത്തിന്റെ നാല് സാഹിത്യചരിത്ര വാല്യങ്ങളിലുമായി അടങ്ങിയിരിക്കുന്നുണ്ടെന്ന് നിസ്സംശയംപറയാം.

### സാഹിത്യചരിത്രങ്ങൾ -ആധുനികതയിൽ

ഈകാലഘട്ടത്തിൽ രചിച്ചഒരുസാഹിത്യചരിത്രമാണ് പി.കെ. പരമേശ്വരൻനായരുടെ 'മലയാളസാഹിത്യ ചരിത്രം'. സാഹിത്യ ചരിത്രങ്ങൾ വൈജ്ഞാനിക ഗ്രന്ഥങ്ങളെ എത്തരത്തിൽ പരിഗണിക്കണമെന്ന് ഇതിൽ ചർച്ചചെയ്യുന്നുണ്ട്. ആദ്യകാലശാസ്ത്രകൃതികളായി അർത്ഥശാസ്ത്രത്തേയും, ആട്ടപ്രകാരം, ക്രമദീപിക എന്നിവയെയും ഇതിൽ അടയാളപ്പെടുത്തുന്നു. "പക്ഷേ, ഇവയൊന്നും ഇന്നത്തെ അർത്ഥത്തിലുള്ള ഗദ്യപ്രബന്ധങ്ങളോ, ഗ്രന്ഥങ്ങളോ അല്ല. ഇന്നത്തെ ഭൗതിക വിജ്ഞാന ഗ്രന്ഥം ശാസ്ത്രീയവിഷയം സൂക്ഷ്മതയോടെ ഗ്രഹിച്ച് സാഹിത്യഗുണം കലർന്ന ഭാഷയിൽ പ്രതിപാദിക്കുന്ന ഒരു കൃതിയായിരിക്കണം. സാങ്കേതികത കുറഞ്ഞ് സാമാന്യക്കാരന് സുഗ്രഹമായ രീതിയിൽ എഴുതപ്പെട്ടിട്ടുള്ള പ്രബന്ധങ്ങളും ഗ്രന്ഥങ്ങളുമാണ ഈ ഇനത്തിൽ പരിഗണനാർഹമായിട്ടുള്ളത് ". (1967:283) ഇത്തരത്തിൽ വൈജ്ഞാനിക ഗ്രന്ഥത്തിന്റെ ഉള്ളടക്കസ്വഭാവത്തെയും, സാഹിത്യസ്വഭാവത്തെയും കുറിച്ച് ഒരു നിലപാട് അദ്ദേഹത്തിനുണ്ടായിരുന്നു.

പി.കെ. പരമേശ്വരൻ നായരുടെ 'ആധുനികമലയാളസാഹിത്യ ചരിത്ര'ത്തിൽ സാഹിത്യമേഖലയിലേക്ക് ശാസ്ത്രസാഹിത്യം കടന്നുവന്നതിന്റെ തെളിവുകൾ കാണാം. ഉപന്യാസരചനയിൽ സി. അച്യുതമേനോൻ തുടങ്ങിയവരുടെ ശാസ്ത്രലേഖനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. ടി.എം. ചുമ്മാറിന്റെ 'ഗദ്യസാഹിത്യചരിത്ര'ത്തിൽ ആണ് ശാസ്ത്രകൃതികളുടെ പ്രാധാന്യം കൃത്യമായി അടയാളപ്പെടുത്തിയിരിക്കുന്നു. ആധുനികകാലം മുതൽ പ്രസിദ്ധരായ എഴുത്തുകാരുടെ പ്രധാനപ്പെട്ട ശാസ്ത്രകൃതികളെ ഇതിൽ

ഉൾപ്പെടുത്തിയിട്ടുണ്ട്. ശാസ്ത്രപുരോഗതിയുടെ കാലഘട്ടത്തിൽ ശാസ്ത്രീയ ഗ്രന്ഥങ്ങളുടെ പ്രാധാന്യം ഈ സാഹിത്യചരിത്രം വ്യക്തമാക്കിത്തരുന്നു. സാങ്കേതിക പദനിർമ്മാണം, പാഠപുസ്തക കമ്മിറ്റിയുടെ ശാസ്ത്രസാഹിത്യ താല്പര്യം എന്നിവയിലൂടെ ശാസ്ത്രസാഹിത്യത്തെ സജീവമാക്കിയ കാല ഘട്ടമായിരുന്നു അത്. ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ച ശാസ്ത്രീയ ലേഖനങ്ങളെ ഈ സാഹിത്യചരിത്രത്തിൽ ചുമ്മാർ പരിചയപ്പെടുത്തു ന്നുണ്ട്. ശാസ്ത്രത്തിന്റെ സമസ്ത മേഖലകളെയും ബന്ധപ്പെടുത്തിക്കൊണ്ട് മികച്ചഗ്രന്ഥകാന്മാരെ പരിചയപ്പെടുത്താനും 'ഗദ്യസാഹിത്യചരിത്രം' ശ്രമിച്ചിട്ടുണ്ട്.

എൻ. കൃഷ്ണപിള്ളയുടെ 'കൈരളിയുടെകഥ'യിൽ പതിനൊന്നാം അധ്യായത്തിൽ ശാസ്ത്രകൃതികളുടെ ചർച്ചകടന്നുവരുന്നുണ്ട്. "കാലംകുറ ഞ്ഞ ദിനമെങ്കിലുമർത്ഥദീർഘം' എന്നതലക്കെട്ടിൽ ശാസ്ത്രകൃതികളുടെ നിലവാരമില്ലായ്മയെയാണ് അദ്ദേഹം ചർച്ചചെയ്തിരിക്കുന്നത്. മലയാള സാഹിത്യത്തിൽ ആദർശയോഗ്യമായ കൃതികളൊന്നും ഉണ്ടായിട്ടില്ലെന്ന പക്ഷക്കാരനാണദ്ദേഹം. ശാസ്ത്രമറിയാവുന്നവർക്ക് ഭാഷാപ്രയോഗവും, സാഹിത്യരചനാശേഷിയും കുറവായിരിക്കും. ഭാഷാപ്രയോഗ ശേഷിയുള്ള വർക്കാവട്ടെ അടിയുറച്ച ശാസ്ത്രപാണ്ഡിത്യവും കുറവായിരിക്കും" (1992:324) ഇത്തരത്തിൽ മലയാളത്തിൽ സാഹിത്യഗുണമുള്ള ശാസ്ത്രഗ്രന്ഥങ്ങൾ ഇല്ലെന്ന നിഗമനമാണദ്ദേഹത്തിനുള്ളത്. കെ. സുകുമാരൻ, എം. രാജരാ ജവർമ്മ, കെ. ഭാസ്കരൻ നായർ തുടങ്ങിചുരുങ്ങിയ ഗ്രന്ഥകാരന്മാരെയാണ് അദ്ദേഹം ഈ വിഭാഗത്തിലുൾപ്പെടുത്തിയത്.

എരുമേലി പരമേശ്വരൻ പിള്ളയുടെ 'സാഹിത്യചരിത്രം കാലഘട്ടങ്ങ ളിലൂടെ' എന്ന സാഹിത്യ ചരിത്ര ഗ്രന്ഥത്തിൽ വിജ്ഞാന സാഹിത്യം എന്ന ഭാഗം വിവിധ ശാസ്ത്രവിഷയങ്ങളെ കൈകാര്യം ചെയ്യുന്നുണ്ട്. സാഹിത്യ ചരിത്രം, ഭാഷാശാസ്ത്രം, വ്യാകരണം, വൃത്തം, അലങ്കാരം, ചരിത്രം, സംസ്കാരം, നാടോടിവിജ്ഞാനം, പഴഞ്ചൊല്ല്, ഐതിഹ്യം, വിദ്യാഭ്യാസം, ശാസ്ത്രസാഹിത്യം, ചലച്ചിത്രസാഹിത്യം, ഇതര വിജ്ഞാനശാഖകൾ, വിവർത്തനം, മനഃശാസ്ത്രം, രാഷ്ട്രജ്ഞാനം, സാമൂഹികശാസ്ത്രം, നിയമം, താരതമ്യ സാഹിത്യപഠനം എന്നിവയാണ് ഈ ഭാഗത്ത് അദ്ദേഹം ഉൾപ്പെ ടുത്തിയ വിഷയങ്ങൾ. വിജ്ഞാനപ്രദമായ എല്ലാ കൃതികളെയും അദ്ദേഹം ഈ വിഭാഗത്തിൽ ചേർത്തിരിക്കുന്നു. സാഹിത്യത്തിൽ കവിത, കഥ, നോവൽ, നിരൂപണം എന്നീ മേഖലകൾ വർത്തിക്കുമ്പോൾ ഇതിൽ നിന്നും

ഭിന്നമായവയെയെല്ലാം വൈജ്ഞാനിക സാഹിത്യത്തിൽ ഉൾച്ചേർത്തിരിക്കുകയാണ് എരുമേലി.

ടി.എം. ചുമ്മാറിന്റെ ഗദ്യസാഹിത്യചരിത്രത്തിനുശേഷം ശാസ്ത്രഗ്രന്ഥങ്ങളെക്കുറിച്ച് വിശദമായപഠനം ആധുനികസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ എന്ന സാഹിത്യചരിത്രത്തിൽ കാണാൻ കഴിയും. കെ.എം. ജോർജ്ജ് എഡിറ്റ് ചെയ്ത ഈ സാഹിത്യചരിത്രത്തിൽ പി.ഗോവിന്ദപ്പിള്ള വൈജ്ഞാനികമേഖലയെക്കുറിച്ച് ലേഖനംഎഴുതിയിരിക്കുന്നു. വൈജ്ഞാനികമേഖലയുടെ തുടക്കം മുതൽ ഇന്നുവരെയുണ്ടായ മാറ്റങ്ങളെയും സ്വാധീന ഘടകങ്ങളെയും അപഗ്രഥിച്ച് ശാസ്ത്രസാഹിത്യത്തിനുണ്ടായ പൊതു സ്വഭാവം അദ്ദേഹം ഈ പ്രബന്ധത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്നു.

യൂറോപ്യൻ മേൽക്കോയ്മ, നവോഥാനയുഗത്തിന്റെ ഫലമായുണ്ടായ ശാസ്ത്രചിന്തകൾ, ആനുകാലികങ്ങൾക്കുള്ള പങ്ക്, ബുക്ക്കമ്മിറ്റി പ്രവർത്തനങ്ങൾ ശാസ്ത്രപാഠാവലി, ശാസ്ത്രസാഹിത്യമാസികകൾ എന്നിവ വൈജ്ഞാനിക ഗ്രന്ഥരചനയെ വളർത്തിയതായി ഈ പഠനം വ്യക്തമാക്കുന്നു. വൈജ്ഞാനിക സാഹിത്യകൃതികൾ മലയാളപ്രസിദ്ധീകരണത്തെ പോഷിപ്പിക്കാൻ കാരണമാവുകയും ചെയ്തിട്ടുണ്ട്. ശാസ്ത്രസാഹിത്യപരിഷത്ത്, ഭാഷാഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ പ്രവർത്തനവും, ഇ.എം.എസ്., എൻ.വി. കൃഷ്ണവാരിയർ എന്നിവരുടെ പ്രവർത്തനവും ഈ സാഹിത്യമേഖലയെ പുഷ്ടിപ്പെടുത്തുന്നതിന് സഹായകമായിരുന്നു. പി. ഗോവിന്ദപ്പിള്ള ജ്ഞാനവിഷയങ്ങളെ അടിസ്ഥാനമാക്കി നടത്തിയ ഈ ഗവേഷണത്തിൽ കൊളോണിയൽ കാലത്തിനു മുമ്പുണ്ടായിരുന്ന കൃതികളുടെ മൗലികത കൊളോണിയൽ കാലത്തും അതിന് അതിനുശേഷവും കാണുന്നില്ല എന്ന്കകണ്ടെത്തിയിരിക്കുന്നു. ഭാസ്കരൻനായരുടെ കൃതികൾ, എം.പി. പരമേശ്വരൻ നായരുടെ 'പ്രപഞ്ചരേഖ', സി.ജി. രാമചന്ദ്രൻ നായരുടെ 'ഹൈസൻബർഗിന്റെലോകങ്ങൾ' അച്യുത്ശങ്കർ എസ്.നായർ രചിച്ച 'ഇന്റർനെറ്റ്'' കെ. ഗോപിനാഥന്റെ 'കമ്പ്യൂട്ടറിന്റെ മനസ്സ്'' പി.ആർ. പിഷാരടി രചിച്ച 'മനുഷ്യൻ' കെ.വേണുരചിച്ച 'പ്രപഞ്ചവുംമനുഷ്യനും', കെ.കെ. നീലകണ്ഠന്റെ 'കേരളത്തിലെപക്ഷികൾ' എന്നീ കൃതികളെ ഈ സാഹിത്യചരിത്രത്തിൽ പരിചയപ്പെടുത്തുന്നു.

2013-ൽ രചിച്ച 'കേരളസംസ്കാരപഠനങ്ങൾ' എന്ന സാഹിത്യചരിത്രം, സാഹിത്യചരിത്ര നിർമ്മാണത്തിലെ തന്നെ ഒരു മാറ്റത്തിന്റെ ചിത്രംനൽകുന്നു. പന്മന രാമചന്ദ്രൻ എഡിറ്റ് ചെയ്ത ഇതിന്റെ രണ്ടാംവാല്യത്തിലാണ്

സാഹിത്യേതരമായ മലയാളകൃതികളെ പരിചയപ്പെടുത്തുന്നത്. കേരള സമൂഹമണ്ഡലവുമായി ബന്ധപ്പെടുന്ന എല്ലാ മേഖലകളെയും സ്പർശിച്ച ലേഖനങ്ങൾ സമാഹരിക്കാനും അവ ക്രോഡീകരിക്കാനും ഇതിൽ ശ്രമിച്ചിരിക്കുന്നു. വൈജ്ഞാനിക മേഖലയുമായി ബന്ധപ്പെട്ട ആദ്യകാലഗ്രന്ഥങ്ങളെ ആദ്യഭാഗത്ത് പരിചയപ്പെടുത്തിയിരിക്കുന്നു. ആധുനിക ശാസ്ത്രസാമൂഹിക വിഷയങ്ങളെ രണ്ടാംഭാഗത്ത് പരിചയപ്പെടുത്തുന്നു. ഇത്തരത്തിൽ ആധുനികസാഹിത്യ ചരിത്രമെന്ന നിലയിൽ ശാസ്ത്രകൃതികളെ സാഹിത്യമണ്ഡലത്തിനകത്ത് നിർത്തി സാംസ്കാരികമായി ചിന്തിക്കുന്ന സാഹിത്യചരിത്രമാണിത്.

### വൈജ്ഞാനികസാഹിത്യവുംസാഹിത്യപരികല്പനയും - സാഹിത്യചരിത്രത്തിൽ

സാഹിത്യത്തിന്റെ പരികല്പനയ്ക്കുള്ളിലും പുറത്തും ചർച്ചചെയ്യപ്പെട്ട ഒന്നാണ് വൈജ്ഞാനിക ഗ്രന്ഥങ്ങൾ. സാഹിത്യചരിത്ര രചന ഒരു സാഹിത്യസങ്കല്പത്തെ അടിസ്ഥാനമാക്കി നടത്തുന്ന ഒരു ഗവേഷണമാണ്. വൈജ്ഞാനിക ഗ്രന്ഥങ്ങൾക്ക് മലയാളഭാഷയുടെ ആദ്യകാലം മുതൽ പഴക്കമുണ്ട്. വൈജ്ഞാനിക സാഹിത്യത്തിന്റെ പ്രതിപാദന വിഷയം സാഹിത്യകൃതികളിൽ നിന്നും വ്യത്യസ്തമാകുന്നു. പഠനവിഷയങ്ങൾ,ജ്ഞാനപദ്ധതികൾ എന്നിവ ആസ്വാദനതലത്തേക്കാൾ അറിവിന്റെമണ്ഡലത്തിലാണ് പ്രവർത്തിക്കുന്നത്. ഓരോ സാഹിത്യചരിത്രവും കൃത്യമായ ഒരു സാഹിത്യസങ്കല്പം വച്ച്പുലർത്തിയിരുന്നു. എഴുതപ്പെട്ട കാലം, സാമൂഹിക സാഹചര്യം, രാഷ്ട്രീയ അധീശത്വം എന്നിവ ഈ സങ്കല്പ രൂപീകരണത്തെ സ്വാധീനിച്ചിട്ടുണ്ട്. ശാസ്ത്രഗ്രന്ഥങ്ങൾക്ക് സാഹിത്യചരിത്രത്തിൽ നൽകിയിട്ടുള്ള സ്ഥാനം പ്രധാനമായും രണ്ട് ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു. ഒന്ന് ശാസ്ത്രഗ്രന്ഥങ്ങളിലെ ഭാഷ (ഭാഷയെന്നത് ഗദ്യം, പദ്യം എന്ന രണ്ട് മേഖലയെ അടിസ്ഥാനമാക്കിയുള്ളവയാണ്) യെ കേന്ദ്രീകരിച്ചുകൊണ്ട്. രണ്ട് അതിലെ വിഷയസ്വീകരണത്തെയും അവതരണ രീതിയെയും അടിസ്ഥാനമാക്കി.

### I. വൈജ്ഞാനികഗ്രന്ഥങ്ങളിലെഭാഷാസവിശേഷത

മലയാളഭാഷയിലെ ആദ്യഗദ്യമാതൃകയായി കരുതുന്ന ഭാഷാകൗടലീയം ഒരു ശാസ്ത്രഗ്രന്ഥമാണ്. ഈ ഒരു വീക്ഷണത്തിൽ നിന്നുമാകാം പിന്നീടുണ്ടായ ശാസ്ത്രഗ്രന്ഥങ്ങളെയെല്ലാം ഗദ്യവിഭാഗത്തിൽ ഉൾപ്പെടുത്തിയത്. മലയാളഭാഷാഗദ്യത്തിന്റെ അഭിവൃദ്ധിയുടെ ഘട്ടത്തിലും, സംസ്കൃതസ്വാധീനത്തിന്റെ

തുടർച്ചയെന്നോണവും ഉണ്ടായ ശാസ്ത്രകൃതികളിൽ പലതും ഗദ്യപദ്യ മിശ്രരചനാരീതിയാണ് പുലർത്തിയിരുന്നത്. ഭാഷാവ്യാഖ്യാനങ്ങൾ, ഭാഷ്യങ്ങൾ, ആശയാനുവാദം എന്നീ ശാസ്ത്രപദ്ധതികളിലൂടെയാണ് ശാസ്ത്രചിന്തകൾ മലയാളത്തിലേക്കു വന്നത്(2012-1664) ലഘുഭാസ്കരീയ ഭാഷാവ്യാഖ്യാനത്തിന്റെ തുടക്കം ഇത്തരത്തിലാണ്. പ്രശ്നരീതി, ഭദ്രദീപം, ജാതകലേഖനക്രമം എന്നീ കൃതികൾ പ്രായേണ ഗദ്യത്തിലാണു രചിക്കപ്പെട്ടിട്ടുള്ളതെങ്കിലും ഇടയ്ക്ക് പല പദ്യഭാഗങ്ങളും കാണാം. 'ജാതകഫലം' എന്ന കൃതിയിൽ ആദ്യത്തെ കുറേ ഭാഗം മണിപ്രവാളശ്ലോകങ്ങളും പിന്നീട് സംസ്കൃതശ്ലോകങ്ങളും ഘടിപ്പിച്ചിരിക്കുന്നു. ഏകവിംശതി പ്രശ്നക്രമം, ഹോരാവ്യാഖ്യാനം, ജാതകസാരം, പ്രശ്നമാലഭാഷ, പ്രശ്നപ്രകാശിക, ലീലാവതിഭാഷ, പക്ഷിശാസ്ത്രം മുഹൂർത്തദർശനം എന്നീ കൃതികളിലും പദ്യഗദ്യമിശ്രമായ ഒരു പ്രതിപാദനരീതി പ്രകടമാണ്. കിളിപ്പാട്ടുകളുടേയും, ആട്ടക്കഥകളുടേയും രൂപത്തിലും ധാരാളം ശാസ്ത്രകൃതികൾ രചിക്കപ്പെട്ടിരുന്നു.

ഇത്തരത്തിൽ ഗദ്യപദ്യമിശ്രമായ ശാസ്ത്രകൃതികളെയെല്ലാം ഉള്ളൂരിന്റെ കേരളസാഹിത്യ ചരിത്രത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഈ കൃതികളുടെ ഉള്ളടക്കത്തേയും രചനാരീതിയെയും ഒരു പോലെ ഉള്ളൂർ പഠനവിഷയമാക്കിയിട്ടുണ്ട്.

ആദ്യകാലത്തു രചിച്ച ശാസ്ത്രഗ്രന്ഥ രചയിതാക്കളെല്ലാം തന്നെ ജ്യോതിഷം, വൈദ്യം എന്നീ പഠന മേഖലകളുമായി നേരിട്ട് ബന്ധമുള്ളവരായിരുന്നു. മികച്ച സാഹിത്യകൃതികളും ഇവർ രചിച്ചിരുന്നു. സാഹിത്യവുമായി ബന്ധമുള്ളവരെല്ലാം ശാസ്ത്രമേഖലയുമായും അടുത്ത് ഇടപഴകിയിരുന്നത് ശാസ്ത്രീയമായ പഠനഗ്രന്ഥങ്ങൾ ഉണ്ടാവാനുള്ള വഴി തെളിയിച്ചു.

പത്തൊൻപതാംനൂറ്റാണ്ടിന്റെമുമ്പുണ്ടായിരുന്നസാഹിത്യരചനാസമ്പ്രദായംതന്നെയാണ് വൈദ്യ-ജ്യോതിശാസ്ത്രഗ്രന്ഥങ്ങളും പുലർത്തിയത് എന്നാൽ ശാസ്ത്രീയവിഷയങ്ങൾ സാഹിത്യപരികല്പനയിൽ നിന്നും അകറ്റിനിർത്താനുള്ള പ്രവണത സാഹിത്യചരിത്രങ്ങൾ കൈക്കൊണ്ടു. പി. ഗോവിന്ദപ്പിള്ളയുടെയും ആർ നാരായണപ്പണിക്കരുടെയും സാഹിത്യചരിത്രങ്ങൾ വൈജ്ഞാനിക കൃതികളെ സാഹിത്യമണ്ഡലത്തിൽ നിന്ന് ഒഴിവാക്കിയത് വിഷയാടിസ്ഥാനത്തിൽ കൃതികളെപരിഗണിച്ചതു മൂലമാണ്

വിഷയാടിസ്ഥാനത്തിൽ ജ്ഞാനവിഷയങ്ങളെ അപഗ്രഥിച്ചപ്പോൾ അവയിലെ ഭാഷാസവിശേഷത അവഗണിക്കപ്പെട്ടു. ഉള്ളൂരിന്റെ കേരള സാഹിത്യചരിത്രത്തിനു മുമ്പുംപിമ്പും രചിച്ച സാഹിത്യചരിത്രങ്ങളൊന്നും

സാഹിത്യ പരികല്പനയ്ക്കുള്ളിൽ ശാസ്ത്രഗ്രന്ഥങ്ങളെ ഉൾപ്പെടുത്തിയില്ല. ശാസ്ത്രഗ്രന്ഥങ്ങളിലെ കാവ്യഭാഗങ്ങൾ ഉള്ളൂരൊഴികെ മറ്റൊരു സാഹിത്യ ചരിത്രകാരനും കണ്ടെത്തിയിട്ടുമില്ല. ചമ്പുക്കളെ പദ്യസാഹിത്യത്തിലെ ഒരുഭാഗമായി ചിത്രീകരിച്ച പദ്യസാഹിത്യചരിത്രങ്ങൾ വൈജ്ഞാനി കഗ്രന്ഥങ്ങളിലെ ശ്ലോകങ്ങളെയോ, പദ്യരൂപത്തെയോ പഠിക്കുവാനോ പദ്യസാഹിത്യത്തിന്റെ ആദ്യമാതൃകയായി പരിഗണിക്കാനോ ശ്രമിച്ചിട്ടില്ല. ശാസ്ത്രഗ്രന്ഥങ്ങളിലെ കാവ്യസ്വരൂപത്തെ ആധുനിക പദ്യസാഹിത്യ ചരിത്രകർത്താക്കൾ പോലും കാണാതെ പോയി. ശാസ്ത്രഗ്രന്ഥം സാഹിത്യവി ഷയിയല്ല എന്ന ധാരണയും ശാസ്ത്രഗ്രന്ഥങ്ങൾക്ക് ആദ്യകാലം മുതൽ ലഭിച്ച ഗദ്യരൂപകല്പനയും വൈജ്ഞാനിക സാഹിത്യത്തിന്റെ ഗ്രന്ഥശരീരത്തെ പ്രാധാന്യത്തോടെ വിശകലനം ചെയ്യാൻ തടസ്സമായി.

## II. കൊളോണിയൽ ആധുനികതയുംപുതിയശാസ്ത്രാവബോധവും

അധിനിവേശത്തെ സാധൂകരിക്കുന്ന വ്യവഹാരമായി സാഹിത്യചരിത്ര ങ്ങൾ മാറിയത് പത്തൊൻപതാം നൂറ്റാണ്ടിലാണ് ഏഷ്യയിലെ ഗ്രന്ഥസമു ച്ചയത്തെ പാശ്ചാത്യലോകത്ത് പരിചയപ്പെടുത്തുന്ന പ്രവണത അധിനിവേ ശകാലത്ത് സജീവമായിരുന്നു. കൊളോണിയലിസത്തിനുമുമ്പ് മാത്രമാണ് കേരളത്തിന് അഭിമാനിക്കാവുന്ന ശാസ്ത്രഗ്രന്ഥങ്ങൾ നിലനിന്നത്. പാശ്ചാ ത്യശാസ്ത്രബോധത്തേക്കാൾ മുന്നിൽ നിൽക്കുന്നതായിരുന്നു നമ്മുടെ കൃതികൾ. ഇതിന് ഉത്തമനിദർശനങ്ങളാണ് നമ്മുടെ വൈദ്യഗണിത പാരമ്പര്യ ഗ്രന്ഥങ്ങൾ. എന്നാൽ പാശ്ചാത്യലോകവീക്ഷണവും, പുതിയ ചികിത്സാ സമ്പ്രദായങ്ങളും ആയുർവേദത്തെയും, ജ്യോതിഷത്തെയും മരവി പ്പിച്ചു. ഇതോടൊപ്പം വളർന്നുവന്ന വൈദേശിക ഭ്രമം കേരളത്തിലുണ്ടായ ആദ്യകാലകൃതികളെ മാറ്റിനിർത്താനും കാരണമായി.

പാശ്ചാത്യസാഹിത്യ സമ്പർക്കം ശാസ്ത്രകൃതികളെക്കുറിച്ച് ഒരുപുത്തൻ സങ്കല്പം രൂപംനൽകി. ശാസ്ത്രകൃതികളിലെ ശാസ്ത്രീയ അപഗ്രഥനത്തേക്കാൾ സാഹിത്യ ആഭിമുഖ്യത്തെയാണ് ഇക്കാലത്ത് ഏറെ ചർച്ചചെയ്തത്.

ടി.എം. ചുമ്മാറിന്റെ സാഹിത്യചരിത്രത്തിനുശേഷം ഉണ്ടായ സാഹി ത്യചരിത്രങ്ങളിൽ ഇത്തരം ശാസ്ത്രസാഹിത്യഗ്രന്ഥങ്ങളുടെ പരിചയപ്പെടുത്ത ലാണ് ഉണ്ടായിട്ടുള്ളത്. ശാസ്ത്രലോകത്തിന്റെസജീവപങ്കാളിത്തം വൈവി ധ്യവിഷയാടിസ്ഥിതകൃതികൾക്ക് കാരണമായി. ഇവയെല്ലാംതികഞ്ഞ ശാസ്ത്രീയത വച്ചുപുലർത്തുന്നവയായിരുന്നില്ല. അവശാസ്ത്രീയാവബോധം

ജനങ്ങളിലെത്തിക്കുക മാത്രമാണ് ചെയ്തത്. പലപ്പോഴും വിഷയത്തെ പരിചയപ്പെടുത്തൽ മാത്രമായും ഇത് ഒതുങ്ങാറുണ്ട്.

സംസ്കൃതസാഹിത്യത്തിന്റെ തുടർച്ചയെന്നോണം ഉള്ളൂർ ശാസ്ത്രകൃതികളെ അവതരിപ്പിച്ചതിൽ ചില ഭാഷാപരമായ തെറ്റിദ്ധാരണകൾ ഉടലെടുക്കാൻ കാരണമായി. പി. ശങ്കരൻനമ്പ്യാരുടെ അഭിപ്രായത്തിൽ വൈദ്യം, ജ്യോതിഷം, തച്ച്, വ്യവഹാരം, അനൗചം മുതലായ ശാസ്ത്രഗ്രന്ഥങ്ങളുടെ ലക്ഷ്യം സംസ്കൃതാദിവൃത്തിയെ പുഷ്ടിപ്പെടുത്തുകയെന്നതാണെന്നാണ് ഇത്തരത്തിൽ വൈജ്ഞാനിക ഗ്രന്ഥങ്ങൾക്കുണ്ടായിരുന്ന ഭാഷാസവിശേഷതയും ആധുനികതയ്ക്കൊപ്പം വന്ന നൂതനശാസ്ത്രാവബോധവുംഈ മേഖലയെപരിവർത്തനവിധേയമാക്കി. അവ സാങ്കേതികത്വം കുറഞ്ഞ സാഹിത്യവിഭാഗമായി പരിഗണിക്കപ്പെട്ടു.

### ഉപസംഹാരം

സാഹിത്യചരിത്രഗ്രന്ഥങ്ങൾ ഓരോകാലഘട്ടത്തിലും ഉണ്ടായ കൃതികളെഅവലോകനം ചെയ്ത് അവതരിപ്പിച്ചിട്ടുണ്ട്. ചരിത്രരചന ഒരു സാംസ്കാരികമായ ചിന്താപദ്ധതിയായി ഇനി ഉയരേണ്ടിയിരിക്കുന്നു. സാഹിത്യകൃതികൾ സാമൂഹികമായും, സാംസ്കാരികമായും എത്തരത്തിൽ പ്രാതിനിധ്യം പുലർത്തുന്നുവെന്ന ചിന്ത അത്യാവശ്യമാണ്. കേരളത്തിലെ ശാസ്ത്രപദ്ധതികളുടെ കാര്യത്തിൽ അതു യൂറോപ്യൻ ചിന്താപദ്ധതിയേക്കാൾ മുൻപു സഞ്ചരിച്ചവയായിരുന്നു. ഈതിരിച്ചറിവ് ഗ്രിഗറി-മാധവശൃംഖലയെന്നും, ലൈസ്നിസ് മാനവശൃംഖലയെന്നും ഉള്ള പുതിയ നാമകരണത്തിന് കാരണമായി. പ്രാചീനകാലത്തേക്കാൾ ഇന്ന് സാഹിത്യം ബഹുവൈജ്ഞാനിക വിഷയത്തിലടിസ്ഥാനമാക്കിയാണ് നിലനിൽക്കുന്നത്. വൈജ്ഞാനിക മണ്ഡലം ഇന്ന് എല്ലാ ശാസ്ത്രമേഖലകളെയും സ്പർശിച്ചാണ് നിലനിൽക്കുന്നത്. ഇത്തരം ശാസ്ത്രീയ സാഹചര്യം ഗ്രന്ഥരചനകൾക്കും കാരണമായിട്ടുണ്ട്. എന്നാൽ അവ പുലർത്തുന്ന സാഹിത്യാഭിമുഖ്യം ശാസ്ത്രഗ്രന്ഥങ്ങളിൽ അശാസ്ത്രീയത കൈവരുത്തും. ഈ സാഹിത്യാഭിമുഖ്യമാണ് സാഹിത്യചരിത്രങ്ങളിൽ ശാസ്ത്രസാഹിത്യമെന്ന സങ്കല്പം കടന്നുവരാനുള്ള കാരണമായത്.

സമകാലികഭാഷാ സാഹചര്യത്തിൽ വൈജ്ഞാനിക ഗ്രന്ഥം ഉണർന്നു പ്രവർത്തിക്കേണ്ട കാലമാണ്. ശാസ്ത്രസാങ്കേതിക വിദ്യയുടെ പുതിയകണ്ടെത്തലുകളും, ഗവേഷണഫലങ്ങളും ഭാഷയിലൂടെ പുറത്തുവരേണ്ടതാണ്. മാതൃഭാഷയ്ക്കു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഭാഷയിൽ ശാസ്ത്രഗ്രന്ഥങ്ങളുടെ രചനയ്ക്ക് കാരണമാവും.

ശാസ്ത്രഗ്രന്ഥങ്ങളുടെ അഭാവം പരിഹരിക്കാൻ ശാസ്ത്രസാഹിത്യമെന്നസങ്കല്പം മാറണം. തികഞ്ഞ ശാസ്ത്രഗ്രന്ഥ പാരമ്പര്യമുള്ള കേരളീയർക്ക് ആ ഗ്രന്ഥപാരമ്പര്യത്തിന്റെ തിരിച്ച വരവേ ഭാഷയെ പോഷിപ്പിക്കുകയുള്ളൂ. അത്തരം ഗ്രന്ഥങ്ങളാവും ഇനി മലയാളത്തിനു സ്വന്തമായ ഒരു ഇടം നൽകുക. സാഹിത്യചരിത്രങ്ങളിലെവൈജ്ഞാനികമേഖലഇത്തരംചിന്തകളെഉണർത്താൻ സഹായകമാവുകതന്നെചെയ്യും.

## ഗ്രന്ഥസൂചി


1. എൻ. കൃഷ്ണപിള്ള 1992, 'കൈരളിയുടെകഥ', സാഹിത്യപ്രവർത്തക സഹകരണ സംഘം.
2. ഗോവിന്ദപ്പിള്ളപി. 1960,'മലയാളഭാഷാചരിത്രം', സാഹിത്യപ്രവർത്തക സഹകരണ സംഘം
3. ഗോവിന്ദപ്പിള്ളപി. 2009,ശാസ്ത്രസാഹിത്യം (ലേഖനം), 'ആധുനികമലയാളസാഹിത്യ ചരിത്രം പ്രസ്ഥാനം, ഡി.സി.ബുക്സ്.
4. ചുമ്മാർ, ടി.എം., 1973, 'പദ്യസാഹിത്യചരിത്രം', നാഷണൽ ബുക്സ്റ്റാൾ.
5. ചുമ്മാർ, ടി.എം., 1979, 'ഗദ്യസാഹിത്യചരിത്രം', നാഷണൽ ബുക്സ്റ്റാൾ.
6. ദിലീപ്കുമാർ, കെ.വി., 2012 വിവർത്തനം ശാസ്ത്രപ്രചാരവും ആധുനിക പൂർവ്വ ഘട്ടങ്ങളിൽ (ലേഖനം), മലയാളം റിസർച്ച് ജേണൽ
7. ദിലീപ്കുമാർ, കെ.വി., സാഹിത്യചരിത്രത്തിലെ കാണാപ്പുറങ്ങൾ (ലേഖനം), 'അഞ്ഞൂറു വർഷത്തെ കേരളം.'
8. നാരായണപ്പണിക്കർ, ആർ. 1889 ,'കേരളഭാഷാസാഹിത്യചരിത്രം' നാഷണൽ ബുക്സ്റ്റാൾ.
9. പരമേശ്വരയ്യർ, ഉള്ളൂർ, 1957,'കേരളസാഹിത്യചരിത്രം' (വാല്യം-1), കേരള സർവ്വകലാശാല.
10. പരമേശ്വരയ്യർ, ഉള്ളൂർ 1962, 'കേരളസാഹിത്യചരിത്രം' (വാല്യം-2), കേരള സർവ്വകലാശാല.
11. പരമേശ്വരയ്യർ, ഉള്ളൂർ, 1972,'കേരളസാഹിത്യചരിത്രം' (വാല്യം-3) കേരള സർവ്വകലാശാല.
12. പരമേശ്വരയ്യർ, ഉള്ളൂർ, 1974, 'കേരളസാഹിത്യചരിത്രം' (വാല്യം-4,) കേരള സർവ്വകലാശാല.
13. പി.കെ. പരമേശ്വരൻ നായർ, 1967, 'മലയാളസാഹിത്യചരിത്രം', സാഹിത്യ അക്കാദമി
14. പി.കെ. പരമേശ്വരൻ നായർ, 2010,'ആധുനിക മലയാളസാഹിത്യചരിത്രം', സാഹിത്യ അക്കാദമി
15. രാമചന്ദ്രൻ നായർ, 2013, 'കേരള സംസ്കാര പഠനങ്ങൾ' കറന്റ്ബുക്സ്
16. ലീലാവതി. എം., 2011, 'കവിതാസാഹിത്യചരിത്രം' സാഹിത്യഅക്കാദമി
17. സ്കറിയ സക്കറിയ, 2010, 'സാഹിത്യചരിത്ര വിജ്ഞാനീയം' മലയാളം റിസേർച്ച് ജേണൽ, വാല്യം - 8 ലക്കം-3 സെപ്റ്റംബർ-ഡിസംബർ-2010, ബെഞ്ചമിൻ ബെയ്‌ലി ഫൗണ്ടേഷൻ


*ramyavnath@gmail.com*

# രാമചരിതപഠനങ്ങളുടെ ചരിത്രാത്മകതയെക്കുറിച്ചുള്ള അന്വേഷണം

**സിംപ്ൾ എ.ഇസെഡ്**
**ഗവേഷക, ശ്രീ കേരളവർമ്മ കോളേജ്**

രാമചരിതപഠനങ്ങളുടെ ചരിത്രാത്മക വായനയാണ് ഈ പ്രബന്ധത്തിൽ നടത്തുന്നത്. കാവ്യചരിത്രത്തിന്റെ ഭാഗമായി രാമചരിതത്തെ സ്ഥാനപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾ രാമചരിതപഠനങ്ങളുടെ സവിശേഷതയായി ഇതിൽ ചൂണ്ടി കാണിക്കുന്നു. ആധുനികത മുന്നോട്ടുവെച്ച സാഹിത്യ ധാരണകളാണ് രാമചരിതപഠനങ്ങളെ പ്രധാനമായും സ്വാധീനിച്ചിരിക്കുന്നത്.രാമചരിതത്തെ സംബന്ധിച്ച കർത്തൃത്വാന്വേഷണത്തിനു പിന്നിലും ഭാഷാപരവും ലാവണ്യപരവുമായ അന്വേഷണങ്ങൾക്കു പിന്നിലും വർത്തിക്കുന്നത് ആധുനികതയുടെ കാഴ്ചപ്പാടുകളാണ്.ഇത്തരത്തിൽ ഓരോകൃതിയും കാലാനുസൃതമായി ഓരോ ചരിത്ര സന്ദർഭത്തിലും പുനർവായിക്കപ്പെടുകയാണെന്ന് രാമചരിതത്തെ മുൻനിർത്തി ഈ പഠനത്തിൽ സമർത്ഥിക്കുന്നു. ഈ പുനർവായനയെ നിയന്ത്രിക്കുന്നത് സാമൂഹികവും രാഷ്ട്രീയവുമായ സാഹചര്യങ്ങളും പഠിതാവിന്റെ ധാരണയിൽ രൂപം കൊള്ളുന്ന വർഗ-വംശ- ലിംഗ ധാരണകളുമൊക്കെയാണെന്ന് കാണാം. ഏതൊരു പാഠവും പഠനവും ചരിത്രാത്മകമാണെന്ന വസ്തുത ഉൾക്കൊണ്ടാകണം സാഹിത്യകൃതിയെ സമീപിക്കേണ്ടത് എന്ന് ഈ പഠനം വ്യക്തമാക്കുന്നു.

***താക്കോൽ വാക്കുകൾ:*** ചരിത്രാത്മകത–സംഗ്രഹം

കാലാകാലങ്ങളിൽ ജനങ്ങൾക്കിടയിൽ ഉണ്ടാകുന്ന സാമൂഹികമായ മാറ്റം സാഹിത്യത്തിലും സാഹിത്യ ചരിത്രങ്ങളിലും മാറ്റങ്ങൾ സൃഷ്ടിക്കുന്നു. ഒരു നിശ്ചിത കാലഘട്ടത്തിലെ സാഹിത്യ സങ്കല്പങ്ങളുടെ സ്വാധീനം അക്കാലത്ത് രചിക്കപ്പെടുന്ന കൃതികളിലും വായനകളിലും ദർശിക്കാനാകും.

കൃതിയുടെ ചരിത്രാത്മകത എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് ഇതാണ്.

രാമചരിതത്തെ സംബന്ധിച്ച വായനകൾ ഏറെയും നടക്കുന്നത് ആധുനികതയുടെ കാലത്താണ്. അതു കൊണ്ട് തന്നെ ആധുനികത മുന്നോട്ടുവെച്ച സങ്കല്പങ്ങൾ രാമചരിത വായനകളെ നിർണയിച്ചിട്ടുണ്ട്.ഈ ധാരണക്കകത്തു നിന്നു കൊണ്ടാണ് രാമചരിതപഠനങ്ങളെ സമീപിക്കുന്നത്.

പ്രബന്ധത്തിന്റെ ആദ്യ ഭാഗത്ത് രാമചരിതപഠനങ്ങളുടെ കേവല ക്രോഡീകരണമാണ് നടത്തിയിരിക്കുന്നത്.രണ്ടാം ഭാഗത്ത് ഏതൊക്കെ രീതിയിലുള്ള അന്വേഷണമാണ് 'രാമചരിത'ത്തെ അടിസ്ഥാനമാക്കി നടന്നിരിക്കുന്നത് എന്ന് പൊതുവിൽ വിലയിരുത്തുന്നു. കാലാനുസൃതമായി വായനയിൽ വന്ന ഭാവുകത്വമാറ്റത്തെ അടയാളപ്പെടുത്തുകയാണ് മൂന്നാമത്തെ ഭാഗം.വായന എങ്ങനെ ചരിത്രപരമായി മാറുന്നു എന്ന് ഇവിടെ അന്വേഷിക്കുന്നു.

### രാമചരിതപഠനങ്ങൾ

ജർമ്മൻ മിഷനറിയായിരുന്ന ഹെർമ്മൻ ഗുണ്ടർട്ടാണ് രാമചരിതത്തിന്റെ പ്രാധാന്യം ആദ്യമായി പണ്ഡിത ശ്രദ്ധയിൽ കൊണ്ടുവരുന്നത്. വിദ്യാർത്ഥികൾക്കായി അദ്ദേഹം തയ്യാറാക്കിയ 'പാഠമാല'യിലും അദ്ദേഹത്തിന്റെ വ്യാകരണ, നിഘണ്ടുവിലും രാമചരിതത്തിലെ ചില ഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സാഹിത്യ ചരിത്ര ഗ്രന്ഥങ്ങളിലെല്ലാം മലയാള ഭാഷയിലെ ആദ്യ കാവ്യം എന്ന നിലയിൽ രാമചരിതത്തെ അടയാളപ്പെടുത്തുന്നു. ഇവ കൂടാതെയും രാമചരിതത്തെ അധികരിച്ച് പഠനങ്ങൾ വന്നിട്ടുണ്ട്. ഡോ.കെ.എം.ജോർജിന്റെ 'രാമചരിതവും പ്രാചീന മലയാള പഠനവും' (Ramacharitham and the study of early Malayalam), പി.വി. കൃഷ്ണൻ നായരുടെ 'രാമചരിതം ഒരു വിമർശനാത്മക പഠനം', എൻ.ആർ. ഗോപിനാഥപിള്ളയുടെ 'രാമചരിതവും പ്രാചീന മലയാളവും', എം.എം. പുരുഷോത്തമൻ നായരുടെ 'രാമചരിതം സംശോധിത സംസ്കരണവും ചരിത്രപരമായ അവതാരികയും പദകോശവും' (അപ്രകാശിത ഗവേഷണ പ്രബന്ധം), നടുവട്ടം ഗോപാലകൃഷ്ണന്റെ 'രാമചരിതപഠനത്തിന് ഒരാമുഖം', എൻ. ലീലാ ബായിയുടെ 'രാമചരിതപ്രഭാവം' തുടങ്ങിയവയാണ് രാമചരിതത്തെ അധികരിച്ചു വന്നിട്ടുള്ള പ്രധാന പഠനങ്ങൾ. കെ.എൻ.എഴുത്തച്ഛൻ (രാമചരിതത്തിലെ കവിത), പുതുശ്ശേരി രാമചന്ദ്രൻ (രാമചരിതം), എം.എസ്. ചന്ദ്രശേഖരവാരിയർ (കൊടുന്തമിഴും ഇരാമചരിതവും), ഡോ.കെ.

എം.അനിൽ (രാമചരിതത്തിലെ സ്ഥല നിർമ്മിതി) തുടങ്ങിയവരുടെ ഒറ്റപ്പെട്ട പഠനങ്ങളും രാമചരിതത്തെ അടിസ്ഥാനമാക്കി പ്രസിദ്ധീകൃതമായിട്ടുണ്ട്.

രാമചരിതപഠനങ്ങളെ പരിശോധിക്കുമ്പോൾ വ്യക്തമാകുന്ന വസ്തുത പഠനങ്ങൾ മിക്കവയും നടന്നിരിക്കുന്നത് കൃതിയുടെ കാലം, ദേശം, കർത്താവ്, ഭാഷ, ഭക്തി ,ഇതിവൃത്തം, പ്രസ്ഥാനം എന്നിങ്ങനെയുള്ള ഘടകങ്ങളെ ആസ്പദമാക്കിയാണ്. ഇത്തരത്തിലുള്ള പഠനങ്ങൾ ചരിത്രാത്മകമാകുന്നതെങ്ങനെ എന്നന്വേഷിക്കുകയാണ് ഈ പ്രബന്ധത്തിൽ ചെയ്യുന്നത്.

**രാമചരിത കർത്താവും കൃതി രചിച്ച കാലവും**

രാമചരിതത്തെ സംബന്ധിച്ച് നടന്ന പഠനങ്ങളിൽ ഭൂരിഭാഗവും കൃതിയുടെ കർത്താവിനെയും കാലത്തെയും അന്വേഷിക്കുന്നവയാണ്. അജ്ഞാതമായ ഈ വസ്തുതകൾക്കു വേണ്ടിയുള്ള തിരച്ചിൽ ഇരുട്ടിൽ തപ്പുന്നതിനു തുല്യമായി വർത്തിക്കുന്നു. പഠിതാക്കളുടെ ഊഹാപോഹങ്ങളും സങ്കല്പങ്ങളും ചേർത്തുവെച്ച് കൃതിയുടെ കർത്താവിനെ രൂപപ്പെടുത്തിയെടുക്കുകയാണ് രാമചരിതപഠനങ്ങളിൽ ചെയ്തു കാണുന്നത്. വർത്തമാനകാലത്തു നിന്നു നോക്കുമ്പോൾ ഈ പഠനങ്ങളുടെ അയുക്തികത ചോദ്യം ചെയ്യപ്പെടേണ്ടതാണ് എന്ന തോന്നൽ വായനക്കാരിൽ ഉളവാകുന്നു.

രാമചരിത കർത്താവിനെ കുറിച്ചുള്ള അറിവ് കൃതിയിൽനിന്നു തന്നെ നമുക്ക് ലഭ്യമാകുന്നുണ്ട്. പ്രസ്തുത കൃതിയുടെ അവസാനത്തെപ്പാട്ടിൽ ഇങ്ങനെ പറയുന്നു:

“ആതിതേവനിലമിഴ്ന്ത മനകാമ്പുടയ ചീ-
രാമനമ്പിനൊടിയമ്പിന തമിഴ്ക്കവിവെൽവോർ”

ഈ വരികളിൽ നിന്ന് ചീരാമൻ എന്ന കവിയാണ് രാമചരിത കർത്താവെന്ന് വ്യക്തമാകുന്നു. പേരൊഴികെ മറ്റൊന്നും തന്നെക്കുറിച്ച് കവി വെളിപ്പെടുത്തുന്നില്ല. അതിനാൽ തന്നെ രാമചരിത പഠിതാക്കൾ കവിയുടെ വിശദാംശങ്ങൾ അന്വേഷിച്ചു ചെല്ലുന്നു. ആദ്യമായി രാമചരിത കർത്താവിനെക്കുറിച്ച് സൂചിപ്പിച്ചിട്ടുള്ളത് കോവുണ്ണി നെടുങ്ങാടിയാണ്. “അദ്ദേഹം ‘കല്പിച്ചുണ്ടാക്കിയ രാമചരിതം’ എന്ന് കേരളകൗമുദിയിൽ പ്രസ്താവിച്ചിരിക്കുന്നതുകൊണ്ട് ഒരു തിരുവിതാംകൂർ രാജാവാണ് ആ കൃതിയുടെ കർത്താവെന്ന് ദ്യോതിപ്പിച്ചിരിക്കുന്നു.” (കൃഷ്ണൻ നായർ, പി.വി., 1979: 9).

‘മലയാളഭാഷാചരിത്ര’ കർത്താവായ പി. ഗോവിന്ദപ്പിള്ളയുടെ അഭിപ്രായത്തിൽ തിരുവിതാംകൂർ ഭരിച്ചിരുന്ന രാജാവെഴുതിയിട്ടുള്ളതാണ് രാമചരിതം എന്ന കൃതി. “അഞ്ചാം ശതവർഷത്തിൽ തിരുവിതാംകൂർ രാജ്യം

ഭരിച്ചിരുന്ന ഒരു മഹാരാജാവുണ്ടാക്കീട്ടുള്ള രാമചരിതം മലയാളത്തിന്റെ പൂർവ്വാകൃതിക്ക് ഒരു ലക്ഷ്യമാകുന്നു"(1851:82) എന്ന് അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു. കേരളസാഹിത്യ ചരിത്രം എഴുതിയ ഉള്ളൂരിന്റെ അഭിപ്രായത്തിൽ വേണാട്ടു ഭരിച്ചിരുന്ന ശ്രീവീരരാമവർമ്മയാണ് രാമചരിത കർത്താവ്(2015:257) . എന്നാൽ കേരളഭാഷാസാഹിത്യ ചരിത്രകാരനായ ആർ.നാരായണപ്പണിക്കർക്ക് ഉള്ളൂരിന്റെ ഈ അഭിപ്രായത്തോട് യോജിപ്പില്ല. 'ശ്രീരാമൻ' എന്നത് ശിവരാമന്റെ തൽഭവം ആകാമെന്നാണ് ആർ.നാരായണപ്പണിക്കരുടെ വാദം. വാദത്തിനു വേണ്ടി തപതീ സംവരണത്തിന്റെ കർത്താവായ ശിവരാമനെ അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു.( 1928: 165-166).

പ്രൊഫ.പി.വി. കൃഷ്ണൻ നായർ ഉള്ളൂരിന്റെ അഭിപ്രായത്തോടു യോജിച്ചു കൊണ്ട് 'വേണാട്ടു രാജാവായിരുന്ന ഒരു ശ്രീരാമവർമ്മയാണ് രാമചരിത കർത്താവെന്ന് മറ്റു വിപരീത ലക്ഷ്യങ്ങൾ കിട്ടുന്നതു വരെ ഊഹിക്കുന്നതിൽ ഗണ്യമായ അസാംഗത്യമില്ല എന്നു പറഞ്ഞു വെക്കുന്നു.(1979:11).

ഇത്തരത്തിൽ രാമചരിത കർത്താവിനെ കുറിച്ചുള്ള അന്വേഷണം രാമചരിത പഠനത്തിൽ ഒഴിച്ചുകൂടാനാകാത്ത ഭാഗമായി മാറിയിരിക്കുന്നതു കാണാം. കൃതിയുടെ കർത്താവിനെ അന്വേഷിക്കുന്നതിന്റെ മറുപുറമാണ് കൃതി രചിക്കപ്പെട്ട കാലത്തെ അന്വേഷിക്കുന്നത്. ഉള്ളൂരിന്റെ അഭിപ്രായത്തിൽ 1195 മുതൽ 1208 വരെ തിരുവിതാംകൂർ ഭരിച്ച ശ്രീവീര രാമവർമ്മാവാണ് രാമചരിതം രചിച്ചിരിക്കുന്നത്. അതായത് രാമചരിതത്തിന്റെ കാലം ഇതിനിടയ്ക്കാണെന്ന് ഉള്ളൂർ വ്യക്തമാക്കുന്നു.

ആറ്റൂർ കൃഷ്ണപിഷാരടിയുടെ അഭിപ്രായത്തിൽ കൊല്ലവർഷം നാലാം ശതകത്തിലുണ്ടായതാണ് രാമചരിതം'.ഡോ.കെ.എം.ജോർജ്, ഇളംകുളം, പി.വി.കൃഷണൻ നായർ എന്നിവരുടെയൊക്കെ അഭിപ്രായത്തിൽ രാമചരിതത്തിന്റെ കാലം പന്ത്രണ്ടാം ശതകത്തിനോ പതിമൂന്നാം ശതകത്തിനോ അടുത്താണ്.

ഇത്തരത്തിൽ രാമചരിതത്തെക്കുറിച്ച് പഠിക്കാൻ ശ്രമിച്ചവരെല്ലാം കൃതിയുടെ കർത്താവിനെയും കാലത്തെയും അന്വേഷിച്ചു ചെല്ലുന്നത് കാണാനാകും .ഇത്തരം അന്വേഷണം യാദൃച്ഛികമായിരുന്നില്ല. ഗ്രന്ഥകാരനു നല്കുന്ന അമിത പ്രാധാന്യം ആധുനിക കാലഘട്ടത്തിന്റെ സവിശേഷതയാണ്. പ്രാചീന സമൂഹങ്ങളിൽ ഗ്രന്ഥകാരനെ മധ്യവർത്തിയായിട്ടായിരുന്നു കണക്കാക്കിയിരുന്നത്. അധികാരികളും സമൂഹവും തമ്മിലുള്ള ബന്ധത്തിന്റെ മധ്യവർത്തിയായോ ദൈവികമായ വെളിപാടുകളുടെ

February, 2020 മലയാളപ്പച്ച
Volume 01 : No. 10 *malayala pachcha*

മധ്യസ്ഥനായോ ഗ്രന്ഥകാരനെ കണക്കാക്കി പോന്നു. ചിലർ സമൂഹത്തിൽ വാമൊഴിയായി നിലനിന്നിരുന്ന കഥകളും മറ്റു പാരമ്പര്യങ്ങളും ക്രോഡീകരിക്കുന്നവരായിരുന്നു.ഇക്കാലത്ത് ഗ്രന്ഥകാരന്മാർക്ക് അമിത പ്രാധാന്യം ലഭിച്ചിരുന്നില്ല.എന്നാൽ മധ്യകാലഘട്ടത്തോടെ ഗ്രന്ഥകാരനെ കൃതിയുടെ കേന്ദ്രവും ആവശ്യഘടകവുമായി പരിഗണിക്കാൻ തുടങ്ങി. അഭ്യാസ ജ്ഞാനവാദവും, ഫ്രഞ്ച് ദേശീയ വാദവും നവോത്ഥാനവുമെല്ലാം അതിന് പ്രേരകമായി വർത്തിച്ചു. ഗ്രന്ഥകാരനെ കേന്ദ്രീകരിച്ചുകൊണ്ടുള്ള സാഹിത്യ വിമർശനങ്ങളും പഠനങ്ങളും ഇക്കാലത്ത് ധാരാളമായി ഉണ്ടായി.

രാമചരിത പഠനങ്ങളെല്ലാം നിലകൊള്ളുന്നത് ആധുനികതയുടെ യുക്തിക്കകത്താണ്. കൃതി രചിക്കപ്പെട്ട കാലം അതിനു പുറത്തും .കൃതിയിൽ അജ്ഞാതമായി കിടക്കുന്ന കർത്താവിനെ തേടി പോകാൻ രാമചരിതപഠിതാക്കൾ ശ്രമിക്കുന്നതിനു പിന്നിൽ മാറി വന്ന ചരിത്ര-സാമൂഹിക-സാഹിത്യ പരിതസ്ഥിതികളാണെന്നു കാണാം. കൃതി രചിക്കപ്പെട്ട കാലവും രചിച്ച വ്യക്തിയും ആധുനികതയുടെ കാലത്ത് ഏറെ പ്രാധാന്യമർഹിക്കുന്നു. സാഹിത്യം വ്യക്തി കേന്ദ്രിതമാവുകയും അതിന്റെ ഫലമായി സാഹിത്യ രചയിതാവിന് പ്രാമാണ്യം ലഭിക്കുകയും ചെയ്തു. ആദ്യകാല കാവ്യങ്ങളുടെ രചയിതാവിനെ കണ്ടെത്താനുള്ള ശ്രമങ്ങൾ മലയാളത്തിൽ ആരംഭിച്ചത് ആധുനികതയുടെ സ്വാധീനഫലമായാണ്. ഓരോ കാലഘട്ടത്തിന്റെയും സ്വാധീനം അതതു കാലഘട്ടത്തിലെ വായനയെ നിർണയിക്കുന്നതിനു തെളിവാണ് ആധുനികതയുടെ കാലത്ത് മലയാള സാഹിത്യത്തിൽ ഉണ്ടായ പ്രാചീന കാവ്യപഠനങ്ങൾ ഒരോന്നും.രാമചരിതത്തിന്റെയും കൃഷ്ണഗാഥയുടെയും അദ്ധ്യാത്മരാമായണത്തിന്റെയുമെല്ലാം രചയിതാവിനെ തേടി മലയാള സാഹിത്യം സഞ്ചരിച്ചത് അക്കാലഘട്ടത്തിൽ നമ്മൾ നിലനിന്നിരുന്നത് ആധുനിക യുക്തിക്കകത്തായിരുന്നു എന്ന കാരണത്താലാണ്.

### ഭാഷാപഠനവും സാഹിത്യ ചരിത്രത്തിലെ സ്ഥാനപ്പെടുത്തലും

രാമചരിതപഠനങ്ങൾ ഭൂരിഭാഗവും രാമചരിതഭാഷയെ അടിസ്ഥാനമാക്കി നടന്നിട്ടുള്ളവയാണ്.തമിഴെന്നോ മലയാളമെന്നോ തീർച്ചപ്പെടുത്താനാകാത്ത ഭാഷാപരമായ അതിന്റെ സവിശേഷത രാമചരിതഭാഷയെ കുറിച്ചുള്ള പഠനങ്ങൾക്ക് ഹേതുവായി.രാമചരിതപ്രാധാന്യം ആദ്യം പണ്ഡിത ശ്രദ്ധയിൽ കൊണ്ടുവന്ന ഗുണ്ടർട്ട് മുതൽ ഭാഷാപരമായ പഠനം ആരംഭിക്കുന്നുണ്ട്. സംസ്കൃതാക്ഷരമാലയുടെ അനുപ്രവേശനത്തിനു മുമ്പ് നിബന്ധിക്കപ്പെട്ടതാണെന്നും മലയാളത്തിന്റെ പ്രാക്തന തമമായ രൂപത്തെ രാമചരിതം

പ്രദർശിപ്പിക്കുന്നുവെന്നുമാണ് ഗുണ്ടർട്ടിന്റെ നിരീക്ഷണം.(1962: 13).

രാമചരിതം അതുണ്ടായ കാലത്തു മലയാളം പാട്ടിന് ഉപയോഗിച്ചിരുന്ന സാഹിത്യ ഭാഷയിൽ രചിച്ചതാണെന്നാണ് ഉള്ളൂരിന്റ അഭിപ്രായം. (2015:187). ടി.എം.ചുമ്മാറിന്റെ പദ്യസാഹിത്യ ചരിത്രത്തിൽ രാമചരിതം തമിഴ് കൃതിയല്ലെന്ന് പ്രസ്താവിക്കുന്നു. പുരുഷ പ്രത്യയം ചേർക്കാത്ത പൂർണ്ണ ക്രിയാപദങ്ങളും തമിഴ് ഭാഷയിൽ ഇല്ലാത്ത ഒട്ടനേകം പദങ്ങളും രാമചരിതത്തിൽ കാണുന്നതിനാലാണ് ഇത് തമിഴ് ഭാഷാ കൃതിയല്ലെന്ന് അദ്ദേഹം പറയുന്നത്.' മലയാളം തമിഴിൽ നിന്നു ഭിന്നിച്ചു തുടങ്ങിയ കാലത്തുണ്ടായ ഒരു പ്രാചീന മലയാള കൃതി'യായി രാമചരിതത്തെ ടി.എം.ചുമ്മാർ കണക്കാക്കുന്നു.(1941:9).

[അരുക്ക മണ്ടലം, അങ്കിനേർ തുടക്കനെച്ചവന്നു, മുടിന്തടിലിൽ വീഴ്ന്തു എന്നിവയിൽ ചെന്തമിൾ ഭാഷാ നിയമത്തിനു വിരുദ്ധമായി പുരുഷ പ്രത്യയം കൂടാതെ പൂർണ്ണ ക്രിയാപദങ്ങൾ പ്രയോഗിച്ചിരിക്കുന്നു. 'ഉണ്ടായിതൊട്ടൊരു പിണക്കമവർ തമ്മിൽ', 'മന്നവർ പിരാനൊടുവഴക്കിനു മുതിർന്നത്, പോർവില്ല മായരിയ പോർക്കളരി പുക്കാൻ, കോയിൽ കൊൾകയിനിയെന്നുമോ' എന്നിങ്ങനെ തമിൾ ഭാഷയിലില്ലാത്ത ഒട്ടനേകം പ്രയോഗങ്ങളും ഇതിൽ കാണാവുന്നതാണ്. ഇങ്ങനെ പല രീതികളും അവ്യവസ്ഥിതമായി രാമചരിതത്തിൽ കാണുന്നതു കൊണ്ട് ഇത് ഒരു തമിൾ കൃതിയല്ലെന്നും മലയാളം തമിഴിൽ നിന്നു ഭിന്നിച്ചു തുടങ്ങിയ കാലത്തുണ്ടായ ഒരു പ്രാചീന മലയാള കൃതിയാണെന്നും തീരുമാനിക്കാവുന്നതാണ്.( 1941:9) ]

രാമചരിതത്തെ മിശ്രഭാഷാ കൃതിയായി ചില പണ്ഡിതർ അംഗീകരിക്കുന്നു. ആറ്റൂരും ഗോദവർമ്മയുമെല്ലാം രാമചരിതത്തെ മിശ്ര ഭാഷാ കൃതിയായിട്ടാണ് കണക്കാക്കുന്നത്.

ഉള്ളൂരിനെ പോലെ രാമചരിതത്തിലെ ഭാഷ അക്കാലത്തെ മലയാളമാണെന്ന് വാദിക്കുന്ന പണ്ഡിതന്മാരും ഉണ്ട്. രാമചരിതപഠനത്തിന് ഒരാമുഖം എഴുതിയ നടുവട്ടം ഗോപാലകൃഷ്ണന്റെ അഭിപ്രായം ഇത്തരത്തിലുള്ളതാണ്."രാമചരിതത്തിലെ ഭാഷ ചെന്തമിഴാണെന്നും, തെക്കൻ പ്രദേശികമാണെന്നും കൃത്രിമ മിശ്രമാണെന്നും അഭിപ്രായപ്പെട്ടവർ കാര്യം സമഗ്രമായി പരിശോധിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. പാണ്ഡ്യഭാഷാ സാരൂപ്യം പലരെയും വഴി തെറ്റിച്ചു. രാമചരിതകാരൻ തന്നെ തന്റെ കാവ്യം' തമിഴ് കവി'യാണെന്നു പറഞ്ഞിരിക്കേ അന്യഥാ ശങ്കിക്കേണ്ട കാര്യമില്ല.മലയാള ഭാഷയെ സൂചിപ്പിക്കാൻ തമിഴ്, കേരള ഭാഷ, ഭാഷ എന്നീ വാക്കുകളാണ് ലീലാതിലകകാരൻ ഉപയോഗിച്ചത്. മലയാളം എന്ന വാക്കിന് അന്ന് പ്രചാരമുണ്ടായിരുന്നില്ല. ഈ വസ്തുത കണക്കിലെടുക്കുമ്പോൾ രാമചരിതത്തിലെ ഭാഷ അന്നത്തെ മലയാളമല്ലാതെ മറ്റെന്താണ് ?"(2012:24).

ഇത്തരത്തിൽ രാമചരിതത്തെ തമിഴ് കൃതിയായും മലയാള കൃതിയായും മിശ്ര ഭാഷാ കൃതിയായുമെല്ലാം കണ്ട് ഭാഷയുടെ അടിസ്ഥാനത്തിൽ നിരവധി പഠനങ്ങൾ നടന്നു.രാമചരിതത്തെക്കുറിച്ചുള്ള ഭാഷാപഠനങ്ങൾ സാംസ്കാരികമായ അടിച്ചമർത്തലുകളുടെയും പ്രതിരോധത്തിന്റെയും ഇരുള ടഞ്ഞ ഏടുകളെ കൂടി പുറത്തു കൊണ്ടുവരുന്നുണ്ട്. ഭാഷയെ കുറിച്ചുള്ള എസ്. രാജശേഖരന്റെ നിരീക്ഷണം ഇത്തരത്തിലുള്ളതാണ്."സംസ്കൃതത്തിന്റെ അധികാരമേഖലയ്ക്കു വിധേയമായി വ്യാപരിക്കുന്നതിന് തയ്യാറാകുമ്പോൾ തന്നെ യഥാസ്ഥിതിക തമിഴ് വ്യാകരണത്തോട് ഒട്ടൊക്കെ കുറുപുലർത്താനും രാമചരിതഭാഷ ശ്രമിക്കുന്നു" (2005:77-78). യാഥാസ്ഥിതിക തമിഴ് വ്യാകരണത്തോടുള്ള ഈ കുറുപുലർത്തൽ ഭാഷയ്ക്കും സംസ്കാരത്തിനും മേൽ ആര്യന്മാർ നേടിയെടുത്ത അധികാരത്തിനെതിരെയുള്ള പ്രതിരോധമായി രാജശേഖരൻ കരുതുന്നു.എന്നാൽ രാമചരിതകാവ്യത്തെ സംബന്ധിച്ച് മറ്റൊരു എതിർ വായനയും സാധ്യമാണ്. ആര്യസംസ്കാരത്തേയും വിശ്വാസങ്ങളേയും സമൂഹത്തിലെ സാധാരണക്കാരിലേക്ക് എത്തിക്കുക എന്ന സവർണ പ്രത്യയശാസ്ത്രത്തിലധിഷ്ഠിതമായ ദൗത്യമായിരുന്നു'രാമചരിതം' നിർവ്വഹിച്ചത്. അധികാരം കൈയ്യാളുന്നവന്റെ സംസ്കാരം അടിച്ചമർത്തപ്പെട്ടവൻ അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നതു വഴി അടിച്ചമർത്തപ്പെട്ടവർക്കു മേലുള്ള സാംസ്കാരികാധിപത്യം സവർണ സമൂഹത്തിന് ഉറപ്പിക്കാനാകുന്നു. സാധാരണക്കാരുടെ മേൽ ആശയപരമായ മേൽക്കൈ നേടിയെടുക്കുക എന്ന ദൗത്യം രാമചരിതത്തിനു പിന്നിലുണ്ടായിരുന്നു. ഉള്ളൂരും ഗോവിന്ദപ്പിള്ളയുമടക്കം നിരവധി പേർ രാമചരിതം ചമച്ചത് ഒരു രാജാവാണെന്ന് അഭിപ്രായപ്പെടുന്നു. ക്ഷത്രിയനാൽ രചിക്കപ്പെട്ട രാമചരിതത്തിന്റെ ലക്ഷ്യം സവർണ്ണാധിപത്യ സ്ഥാപനമല്ലാതെ മറ്റൊന്നാകാൻ വഴിയില്ല.

സാഹിത്യ ചരിത്രങ്ങളിൽ ചില പാഠങ്ങളെ പീഠവൽക്കരിക്കുകയും ചിലതിനെ തമസ്കരിക്കുകയും ചെയ്യുന്ന രീതി കാണാനാകും.ഇത്തരം പീഠവൽക്കരണത്തിനു പിന്നിൽ സവർണ പുരുഷാധിപത്യ പ്രത്യയശാസ്ത്രം പ്രവർത്തിക്കുന്നുണ്ടെന്ന വസ്തുത നിഷേധിക്കാനാവില്ല.'രാമചരിതം ' പോലൊരു കാവ്യത്തെ സാഹിത്യ ചരിത്രങ്ങൾ പ്രഥമഗണനീയമായി സ്ഥാനപ്പെടുത്തിയെങ്കിൽ അതിനു പിന്നിലും ചില പക്ഷപാതങ്ങൾ പ്രവർത്തിച്ചിട്ടുണ്ടെന്ന് അനുമാനിക്കാവുന്നതാണ്.നിരവധി നാടൻ പാട്ടുകളും അനുഷ്ഠാന ഗാനങ്ങളുമെല്ലാം നിലനിന്നിരുന്ന ഒരു കാലഘട്ടത്തിൽ നിന്ന്

സാഹിത്യ ചരിത്രത്തിന്റെ തുടക്കമായി സവർണാശയങ്ങൾ പിന്തുടരുന്ന രാമചരിതത്തെ തിരഞ്ഞെടുത്ത് പ്രതിഷ്ഠിക്കുവാനുള്ള കാരണം ആധുനിക കാലത്തു നിലനിന്ന സവർണ്ണ പക്ഷപാതിത്വമാണെന്നു പറയാനാകും.

രാമചരിതഭാഷാ പഠനങ്ങളുടെ അടിസ്ഥാനം രാമചരിതഭാഷയ്ക്ക് മലയാളത്തിനോടുള്ള സാമ്യമാണ്.മലയാള ഭാഷയിലെ പൂർവ്വ കൃതിയായി രാമചരിതത്തെ സ്ഥാനപ്പെടുത്താനുള്ള ശ്രമങ്ങളാണ് രാമചരിതഭാഷാ പഠനങ്ങളിൽ ഒളിഞ്ഞും തെളിഞ്ഞും ദർശിക്കാനാകുന്നത്.ആ ശ്രമങ്ങൾ വിജയിച്ചതിന്റെ തെളിവാണ് രാമചരിത സംബന്ധിയായി മലയാള ഭാഷാ സാഹിത്യത്തിൽ ഇന്നും തുടരുന്ന അന്വേഷണങ്ങൾ.

### പാട്ടു പ്രസ്ഥാനവും രാമചരിതവും

പ്രസ്ഥാന കാവ്യമെന്ന നിലയിൽ രാമചരിതത്തെ വിലയിരുത്തുന്ന പഠനങ്ങൾ ധാരാളമുണ്ട്. സാഹിത്യ ചരിത്രങ്ങൾ രാമചരിതത്തിന്റെ ഭാഷാസവിശേഷതകളെ പരിഗണിക്കുന്നതിനോടൊപ്പം തന്നെ പാട്ടു പ്രസ്ഥാനത്തിന്റെ ലക്ഷണങ്ങൾ തികഞ്ഞ കൃതിയായി രാമചരിതത്തെ ചൂണ്ടിക്കാണിക്കുന്നു.

രാമചരിതത്തിലെ ഭാഷാപരമായ സവിശേഷതകൾക്കുള്ള പ്രധാന കാരണം അതൊരു പ്രസ്ഥാന കാവ്യം ആണെന്നതാണ്. പാട്ടു പ്രസ്ഥാനം പൊതുവെ സ്വീകരിച്ച ഭാഷാ നയങ്ങൾ രാമചരിതവും പാലിച്ചു പോന്നിട്ടുണ്ട്. "രാമചരിതം ഒരു തമിഴ് കൃതിയോ മിശ്ര ഭാഷാ കൃതിയോ അല്ല; അതുണ്ടായ കാലത്ത് മലയാളം പാട്ടിന് ഉപയോഗിച്ചിരുന്ന സാഹിത്യ ഭാഷയിൽ രചിതമാണ് " ( 2015:187) എന്നു പറഞ്ഞു കൊണ്ട് പാട്ടുപ്രസ്ഥാന കാവ്യമായി രാമചരിതത്തെ ഉള്ളൂർ പ്രതിഷ്ഠിക്കുന്നു.മലയാള കവിതാ സാഹിത്യ ചരിത്രം എഴുതിയ ഡോ.എം.ലീലാവതി രാമചരിതത്തെ കുറിച്ച് അഭിപ്രായപ്പെടുന്നത് "പാട്ടു പ്രസ്ഥാനത്തിന്റെ തമിഴ പാരമ്പര്യത്തിന് മലയാളത്തിൽ അഴിഞ്ഞൊഴുകിപ്പോകാത്ത ഒരു സ്മാരകം നിർമ്മിച്ചു വെച്ചു" (2011:21) എന്നാണ്. പാട്ടു സാഹിത്യത്തിന്റെ ഉത്തമോദാഹരണമായിട്ടാണ് രാമചരിതത്തെ കെ.എം.ജോർജ്ജ് നിരീക്ഷിക്കുന്നത്.രാമചരിതത്തിലെ ഒന്നാമത്തെ പാട്ട് ഉദ്ധരിച്ചു കൊണ്ട് "ദ്രമിഡ സംഘാതക്ഷരനിബദ്ധം...എന്ന സൂത്രത്തിലെ ലക്ഷണങ്ങളെല്ലാം ആദരിച്ചിരിക്കുന്നതായി കാണുന്നു.'' (2008:154) എന്ന് അദ്ദേഹം പ്രസ്താവിക്കുന്നു.

പ്രൊഫ.പി.വി. കൃഷ്ണൻ നായർ 'രാമചരിതം ഒരു വിമർശനാത്മക പഠനം' എന്ന ഗ്രന്ഥത്തിൽ പാട്ടു പ്രസ്ഥാന ലക്ഷണങ്ങൾ തികഞ്ഞ കാവ്യം എന്ന നിലയിലാണ് രാമചരിതത്തെ വിലയിരുത്തുന്നത്.രാമചരിതത്തെ

കുറിച്ചുള്ള പഠനത്തിൽ നിന്ന് അദ്ദേഹം എത്തി ചേരുന്ന നിഗമനം ഇതാണ്. "ഇത്രയും കൊണ്ട് വ്യക്തമാകുന്നത്, രാമചരിതം തെക്കൻ തിരുവിതാംകൂറിലെ നാടോടിബ്ഭാഷയിൽ എഴുതിയിട്ടുള്ള ഒരു നാടോടിപ്പാട്ടല്ല; പ്രത്യുത കമ്പരാമായണം, ചിന്താമണി മുതലായ തമിഴ് മഹാകാവ്യങ്ങളെ പോലെ അലങ്കാര ശബളമായ രീതിയിൽ വിരുത്തങ്ങളിൽ നിബന്ധിച്ചിട്ടുള്ള ഒരു പാട്ടുകൃതിയാണെന്നത്രേ".(1973 :78)

'രാമചരിതപഠനത്തിന് ഒരാമുഖം' എഴുതിയ നടുവട്ടം ഗോപാലകൃഷ്ണൻ കൃതിയുടെ ഭാഷ, കാലം ,കവി, ഇതിവൃത്തം എന്നിവയെ എല്ലാം വിശകലനം ചെയ്തു കൊണ്ട് രാമചരിതത്തെ പാട്ടുപ്രസ്ഥാനകാവ്യമായി വിലയിരുത്തുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ' ദ്രാവിഡ ഭാഷകളുടെ പൊതു സ്വത്തായ പാട്ടു സാഹിത്യത്തിന്റെ മലയാള പ്രതിനിധിയാണ് രാമചരിതം' (2012:13)

ലീലാതിലകം കണ്ടെടുത്തതോടുകൂടിയാണ് മണിപ്രവാള പ്രസ്ഥാനത്തിനു സമാന്തരമായി ഭാഷയിൽ'പാട്ട്' എന്ന മറ്റൊരു പ്രസ്ഥാനമുണ്ടെന്ന അറിവ് നമുക്ക് ലഭിക്കുന്നത്.രാമചരിതം കണ്ടെടുത്ത ഹെർമ്മൻ ഗുണ്ടർട്ടിന് അതൊരു പ്രസ്ഥാന കാവ്യമാണെന്ന അറിവ് ഉണ്ടായിരുന്നില്ല.

'ദ്രമിഡ സംഘാതാക്ഷര നിബദ്ധമെതുക മോന വൃത്ത വിശേഷയുക്തം പാട്ട്' എന്നതാണ് ലീലാതിലകത്തിൽ പാട്ടിനു കൊടുത്തിരിക്കുന്ന നിർവ്വചനം. ദ്രമിഡസംഘാതാക്ഷരം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് തമിഴക്ഷരമാലയാണ്. സംസ്കൃതാക്ഷരങ്ങൾ എഴുതുന്നതിനു വേണ്ടി ഗ്രന്ഥാക്ഷര ലിപികൾ ഉപയോഗിക്കുന്നതു വരെ മലയാളത്തിന് ദ്ര മിഡ സംഘാതാക്ഷരമാണ് ഉണ്ടായിരുന്നത്. പാട്ടും ഭാഷാ സംസ്കൃത യോഗമാണെങ്കിലും അതു എഴുതാൻ ഉപയോഗിക്കേണ്ടത് ദ്രമിഡ സംഘാതാക്ഷരത്തിലാണെന്നേ നിർവ്വചനത്തിൽ സൂചിപ്പിക്കുന്നുള്ളൂ. എങ്കിൽ മാത്രമേ സാധാരണക്കാരായ ജനങ്ങൾക്ക് അവ വായിച്ചാസ്വദിക്കാൻ കഴിയുകയുള്ളൂ.

നിർവ്വചനത്തിൽ പിന്നീട് സൂചിപ്പിക്കുന്നത് പാട്ടിന്റെ പ്രാസത്തെ കുറിച്ചാണ്.എതുകയും മോനയുമാണ് പാട്ടിനു വേണ്ട പ്രാസങ്ങൾ. നാലു വരിചേർന്ന ഒരു പാട്ടിലെ ഓരോ വരിയിലേയും രണ്ടാമത്തെ അക്ഷരം ഒരുപോലെ വരുന്നതാണ് എതുക.ഇത് ദ്വിതീയാക്ഷര പ്രാസം തന്നെയാണ്. ഓരോ വരിയുടെയും ആദ്യ ഭാഗവും മധ്യഭാഗവും അക്ഷര സമാനതയോടെ വരുന്നതാണ് മോന. ഇത് ആദ്യാക്ഷര പ്രാസമാണ്. പ്രാസം പാട്ടിൽ ഒഴിച്ചുകൂടാനാകാത്തതാണ് എന്ന് വ്യക്തമാക്കുകയാണ് ഇവിടെ.

പാട്ടിന്റെ നിർവചനത്തിൽ പിന്നീട്ട പറയുന്നത് അതിന്റെ വൃത്ത വിശേഷത്തെ കുറിച്ചാണ്. വസന്തതിലകാദി സംസ്കൃത വൃത്തങ്ങളിൽ നിന്നും ഭിന്നമായ വിലക്ഷണ ഛന്ദസ്സോടു കൂടിയ വൃത്തമായിരിക്കും പാട്ടിലേത് എന്ന മാത്രമേ ലീലാതിലകത്തിൽ സൂചിപ്പിക്കുന്നുള്ളൂ. സംസ്കൃതത്തിലേയും തമിഴിലേയും വൃത്ത നിയമങ്ങളിൽ നിന്നും വൃത്ത നിർണയ രീതികളിൽ നിന്നും വ്യത്യസ്തമാണ് പാട്ടിലെ വൃത്തങ്ങൾ. അതു കൊണ്ടാകാം വിലക്ഷണ ഛന്ദസ്സാണ് പാട്ടിലുള്ളതെന്ന് ലീലാതിലകക്കാരൻ പറഞ്ഞത്.

പാട്ടിന്റെ ലക്ഷണങ്ങളെല്ലാം തികഞ്ഞ രണ്ടു കൃതികളെ മലയാളത്തിൽ ലഭ്യമായിട്ടുള്ളൂ. അത് രാമചരിതവും തിരുനിഴൽ മാലയുമാണ്. അതിനു ശേഷവും മലയാളത്തിൽ പാട്ടുകളുണ്ടായി. കൃഷ്ണഗാഥ, കിളിപ്പാട്ട്, വഞ്ചിപ്പാട്ട് തുടങ്ങിയവ.എന്നാൽ തുടർന്നു വന്ന സവിശേഷത വൃത്തവിശേഷം മാത്രമാണ്. ഭാഷാവൃത്തങ്ങളൊന്നുമാത്രമാണ് പാട്ടു പ്രസ്ഥാനത്തിന്റെ വ്യാവർത്തക ധർമ്മമെന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. പാട്ടിനെയും മണിപ്രവാളത്തെയും വേർതിരിച്ചു നിർത്തിയത് പ്രധാനമായും ഭാഷാ വൃത്തങ്ങളാണ്.

പാട്ടു പ്രസ്ഥാന കാവ്യങ്ങളിലെ വിഷയം മിക്കപ്പോഴും ഹൈന്ദവ പുരാണ - ആരാധനാ സംബന്ധികളായിരിക്കും. ദ്രാവിഡ സംസ്കാരത്തിനു മേലുള്ള ആര്യസ്വാധീനവ്യാപനമായി ഇതിനെ കണക്കാക്കാം. പ്രസ്ഥാനങ്ങൾ എല്ലാം ചരിത്രത്തിന്റെ ഭാഗമായി സമൂഹത്തിന്റെ ആവശ്യങ്ങളെ മുൻനിർത്തി രൂപം കൊണ്ടിട്ടുള്ളവയാണ്. സാമൂഹിക പ്രസ്ഥാനങ്ങളായാലും ഭാഷാ പ്രസ്ഥാനങ്ങളായാലും നിശ്ചിത ചരിത്രസന്ധിയുടെ ആവശ്യത്തിന്റെ ഭാഗമായി രൂപം കൊണ്ടവയായിരിക്കും. പാട്ടു പ്രസ്ഥാനവും അതിൽ നിന്ന് വ്യത്യസ്തമല്ല.

കേരളത്തിലുണ്ടായ ആര്യാധിനിവേശവും ദ്രാവിഡ ചെറുത്തു നില്പുമെല്ലാമാണ് പാട്ടു പ്രസ്ഥാനത്തിന്റെ ഉത്ഭവത്തിനു കാരണമെന്ന് എസ്. രാജശേഖരൻ നിരീക്ഷിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ കേരളത്തിലേക്ക് കടന്നു വന്ന ആര്യന്മാർ സാമൂഹിക-സാംസ്കാരിക-സാമ്പത്തിക മേഖലകളിലെല്ലാം ആധിപത്യം ഉറപ്പിച്ചു.കേരളീയ ജനതയുടെ വിശ്വാസങ്ങളിലും ആരാധനയിലും ആചാരങ്ങളിലുമെല്ലാം സ്വാധീനം ചെലുത്താൻ ആര്യന്മാർക്കു കഴിഞ്ഞു. ദ്രാവിഡമായ സവിശേഷതകൾ കാത്തു സൂക്ഷിച്ചു കൊണ്ട് ഭാഷയിലും സാഹിത്യത്തിലും കടന്നുവന്ന ആര്യാധിനിവേശത്തെ ചെറുക്കാനുള്ള ശ്രമം പാട്ടു പ്രസ്ഥാനത്തിൽ

ഉണ്ടായിട്ടുണ്ട്. പാട്ടിന്റെ നിർവചനത്തിലൂടെയും ഗ്രാമ്യഭാഷാപ്രയോഗങ്ങളെ സംബന്ധിച്ച ലീലാതിലക പരാമർശങ്ങളിലൂടെയും നമുക്കത് അറിയാൻ കഴിയുന്നു." എന്നാൽ ബോധതലത്തിൽ അല്ലെങ്കിൽ ബാഹ്യമായി ആ ശ്രമം തുടരുമ്പോഴും ആന്തരമായി സമന്വയ പാതയിലൂടെ ആ ജനത ഏറെ ദൂരം സഞ്ചരിച്ചു കഴിഞ്ഞിരുന്നു എന്നാണ് രാമചരിതം വ്യക്തമാക്കുന്നത്" (രാജശേഖരൻ, എസ്.,2005:75). ദ്രാവിഡ സ്വത്വത്തിനു വേണ്ടി വാദിക്കുന്ന പാട്ടുകൃതികളിലെ വിഷയം ഹൈന്ദവ പുരാണ സംബന്ധികളായത് ആര്യ സ്വാധീനഫലമായാണെന്ന ധാരണ ഇതുണ്ടാക്കുന്നു. എന്നാൽ അങ്ങനെയല്ല; സവർണാശയങ്ങളെ സാധാരണ ജനങ്ങളിലേക്ക് എത്തിക്കാനുള്ള മാർഗ്ഗമായും പാട്ടു പ്രസ്ഥാനത്തെ കണ്ടിരുന്നുവെന്ന് അനുമാനിക്കാവുന്നതാണ്..

മലയാള കവിതയുടെ വളർച്ചയിൽ എല്ലാ കാലത്തും ഭാവുകത്വപരമായ പരിണാമങ്ങൾ ഉണ്ടായിട്ടുണ്ട്. അതിന്റെ ആദ്യ പടികളാണ് പാട്ടുപ്രസ്ഥാനവും മണിപ്രവാളവും.സാമൂഹികവും സാംസ്കാരികവും ഭാഷാപരവുമായ കാരണങ്ങൾ കവിതയുടെ ഭാവുകത്വമാറ്റത്തിനു പിന്നിലുണ്ടാകാം. പാട്ടുപ്രസ്ഥാനത്തിന്റെ ആവിർഭാവത്തിനു കാരണം ഒരു പക്ഷേ മേൽ സൂചിപ്പിച്ചതു പോലെ ആര്യാധിനിവേശവും ദ്രാവിഡ ചെറുത്തു നില്പുമൊക്കെയാകാം. അതല്ലെങ്കിൽ സവർണ്ണാശയ പ്രചാരണമോ അതിലൂടെയുള്ള സാംസ്കാരികാധിപത്യശ്രമമോ ആകാം. പാട്ടിനെയും മണിപ്രവാളത്തെയും തുടർന്ന് ഭക്തി പ്രസ്ഥാനവും വെണ്മണി പ്രസ്ഥാനവും റിയലിസവുമെല്ലാം ഭാഷയിൽ കടന്നു വന്നു.മലയാള കവിതയുടെ ഭാവുകത്വ പരിണാമത്തിന്റെ ആദ്യ ഘട്ടത്തെ പ്രതിനിധാനം ചെയ്യുന്ന കവിതയാണ് രാമചരിതം എന്ന് രാമചരിതപഠനങ്ങൾ വ്യക്തമാക്കുന്നു .

### രാമചരിതവും ലാവണ്യസങ്കല്പവും

രാമചരിതകാവ്യത്തിന്റെ സൗന്ദര്യതലം അന്വേഷിച്ചു പോകുന്ന പഠനങ്ങൾ പൊതുവെ കുറവാണ്. എങ്കിലും പാട്ടുപ്രസ്ഥാനത്തിന്റെ ഭാഗമായി കൃതിയെ വിലയിരുത്തുന്നവർ രാമചരിതകാവ്യത്തിനുള്ളിലെ കവിതയെ കൂടി ചിലപ്പോഴൊക്കെ അന്വേഷിക്കുന്നുണ്ട്.രാമചരിതത്തിലെ വൃത്തങ്ങളും കവിയുപയോഗിച്ചിരിക്കുന്ന കല്പനകളും കവിതയിലെ ഭക്തിയുമൊക്കെ രാമചരിതത്തിന്റെ സൗന്ദര്യതലം അന്വേഷിക്കുമ്പോൾ വിഷയമാകുന്നുണ്ട്.

"കലിവിരുത്തം,കലിത്തുറൈ വിരുത്തം, ആചിരിയ വിരുത്തം എന്നീ വിഭാഗങ്ങളിൽപ്പെടുന്ന പതിനാറു വൃത്തങ്ങളാണ് രാമചരിതത്തിന്റെ രചനയിൽ ഉപയോഗിച്ചിട്ടുള്ളത്. ഇതുയധികം പ്രാചീനവൃത്തങ്ങൾ

ഉപയോഗിച്ചിട്ടുള്ള മറ്റൊരു പ്രാചീന കൃതിയും മലയാളത്തിലില്ല" (2012:53) എന്ന് നടുവട്ടം ഗോപാലകൃഷ്ണൻ രേഖപ്പെടുത്തുന്നു.

രാമചരിതകാരന്റെ പദഘടനാ പാടവത്തെ ഉള്ളൂർ അത്യധികം പുകഴ്ത്തുന്നുണ്ട്. അന്യാദൃശമായ പദഘടനാപാടവമാണ് തന്നെ അത്യന്തം ആനന്ദ പരവശനാക്കീട്ടുള്ളത് എന്ന് ഉള്ളൂർ പറയുന്നു.(2015:188).രാമചരിതത്തിലെ ശബ്ദാർത്ഥമാധുര്യത്തെയും ഉള്ളൂർ എടുത്തു പറയുന്നുണ്ട്. അഭൗമമായ ശബ്ദാർത്ഥമാധുര്യം കരകവിഞ്ഞു കളിയാടുന്നതായി ഉള്ളൂർ സൂചിപ്പിക്കുന്നു.

രാമചരിതത്തിലെ അലങ്കാര പ്രയോഗങ്ങളെ കെ.എം.ജോർജ്ജ് ചൂണ്ടി കാണിക്കുന്നുണ്ട്. അദ്ദേഹം പറയുന്നു: ''ചില മഹാകാവ്യങ്ങളിൽ കാണുന്നതുപോലെ ,ഏതു ശ്ലോകത്തിലും അലങ്കാരം തിരുകി വയ്ക്കുക ഒരു അനുപേക്ഷണീയ കൃത്യമായി രാമചരിത കർത്താവു കരുതിയിരുന്നില്ല. അവിടെയും ഇവിടെയും ഉചിത സ്ഥാനങ്ങളിൽ ചില അലങ്കാരങ്ങൾ സന്നിവേശിപ്പിക്കുവാൻ അദ്ദേഹം ശ്രദ്ധിച്ചിട്ടുണ്ട് താനും (1998:164). ഉപമ,ലക്ഷിതോപമ, രൂപകം, അതിശയോക്തി തുടങ്ങിയ അലങ്കാരങ്ങൾ രാമചരിതത്തിൽ ധാരാളമുള്ളതായി അദ്ദേഹം പറയുന്നു.

രാമചരിതത്തിലെ കാവ്യാംശത്തെ മറ്റു പഠനങ്ങളോടൊപ്പം സൂചിപ്പിച്ചു പോകുന്ന പഠനങ്ങൾ ആണ് അധികവും ഉള്ളത്. എന്നാൽ രാമചരിതത്തിന്റെ ഭാഷ, കാലം, കർത്താവ് മുതലായ വിഷയാന്വേഷണങ്ങൾക്കപ്പുറം കടന്ന് മലയാളത്തിന്റെ പ്രഥമവും ഉത്തമവുമായ സാഹിത്യരചന എന്ന നിലയിൽ അതിനെ നിരീക്ഷിക്കാനും വിലയിരുത്താനും ശ്രമിച്ചിട്ടുള്ള ഒരു പഠനം ഡോ.എൻ.ലീലാബായിയുടെ 'രാമചരിതപ്രഭാവം' ആകുന്നു. രാമചരിത ലാവണ്യത്തെ വാല്മീകി രാമായണത്തിലെയും കമ്പരാമായണത്തിലെയും രചനാ സൗഷ്ഠവങ്ങളുമായി താരതമ്യം ചെയ്ത് ഇവിടെ അവതരിപ്പിക്കുന്നു. രാമചരിതത്തിലെ പ്രധാന ഭാഗങ്ങളെയെല്ലാം വിശകലനം ചെയ്ത് കൃതിയുടെ ലാവണ്യതലം കണ്ടെടുക്കുകയാണ് ഇവിടെ. ഗ്രന്ഥത്തിൽ നിന്ന് ഒരു ഭാഗം: "വാല്മീകി രാമായണത്തിലെയും കമ്പരാമായണത്തിലെയും അലങ്കാരങ്ങൾ പ്രായേണ ,ചീരാമ കവി സ്വീകരിച്ചിട്ടില്ലെങ്കിലും അവയിലെ സാമ്യ കല്പനകളോടൊരു മാനസികൈക്യം ചീരാമ കവിക്കുണ്ട്. പ്രകൃതിയിലെ നിത്യ ദൃശ്യങ്ങളെയും വർണ്ണ്യ സന്ദർഭവുമായി നേരിട്ടു ബന്ധമുള്ള വസ്തുക്കളെയും ഉപമാനമായി സ്വീകരിക്കുന്ന വാല്മീകിയുടെയും കമ്പരുടെയും രീതി തന്നെയാണ് ചീരാമകവിയും ഇഷ്ടപ്പെട്ടിരുന്നത്. അതു കൊണ്ട് രാമചരിതത്തിലെ അലങ്കാരങ്ങൾ ഒരിക്കലും കൃത്രിമമായോ ആർഭാടമായോ

അനുഭവപ്പെടുന്നില്ല" (പു. 154). മറ്റൊരിടത്ത് ഗ്രന്ഥകാരി ഇങ്ങനെ രേഖപ്പെടുത്തുന്നു: "കവിയുടെ പ്രത്യേകമായ അഭിരുചി സംക്ഷേപണത്തെ നിയന്ത്രിക്കുന്നുണ്ട്.പല സർഗ്ഗങ്ങളും ഓരോ പാട്ടിൽ സംക്ഷേപിക്കുമ്പോൾ, യുദ്ധവർണ്ണനാ സന്ദർഭങ്ങളെ ഭാവോജ്ജ്വലമായി പുനരാവിഷ്കരിക്കാനും കവി ശ്രമിച്ചിട്ടുണ്ട്. മൂലകൃതിയിലെ യുദ്ധവർണ്ണനാ പ്രധാനങ്ങളായ 1372-ഓളം ശ്ലോകങ്ങളെ 443 പാട്ടുകളിൽ സംക്ഷേപിച്ചിരിക്കുകയാണ്, ചീരാമ കവി. ഇതിൽത്തന്നെ ദ്വന്ദ്വയുദ്ധ വർണ്ണനയിലാണ് കവി കൂടുതൽ താല്പര്യം പ്രദർശിപ്പിച്ചിട്ടുള്ളത്".

നിശ്ചല ദൃശ്യങ്ങളും, ദീർഘമായ സംവാദങ്ങളും, വിവരണാത്മകമായ വർണ്ണനകളുമാണ് കവി പരമാവധി സംഗ്രഹിച്ചിരിക്കുന്നത്. ദീർഘ സംവാദങ്ങളിലെ ആശയങ്ങൾ കണ്ടെത്തി കഥയുടെ സ്വാഭാവികമായ വികാസത്തിന് അനിവാര്യമാം വിധത്തിലാണ് സംക്ഷേപണ പ്രക്രിയ രാമചരിതത്തിൽ ഇടം കൊള്ളുന്നത്. ചുരുക്കത്തിൽ, കഥയെ ഏകാഗ്രമായി ആവിഷ്കരിക്കുന്നതിന് ഉപയുക്തമായ വർണ്ണനാംശം മാത്രമേ ചീരാമ കവി യുദ്ധപുനരാഖ്യാനത്തിന് പ്രയോജനപ്പെടുത്തുന്നുള്ളൂ. അടക്കം പൂണ്ട ലാവണ്യബോധം സ്വന്തം രചനയ്ക്ക് ഔചിതിയാകുന്നതിൽ അദ്ദേഹം അവധായിയായിരുന്നെന്ന് ഈ ആഖ്യാനം വ്യക്തമാക്കുന്നു"(പു. 126). ഈ പഠനത്തിൽ പാഠത്തിനു നല്കുന്ന പ്രാധാന്യം ശ്രദ്ധേയമാണ്. പാഠബാഹ്യമായ വസ്തുതകളിൽ നിന്നകന്ന് പാഠത്തെ മാത്രം പിൻപറ്റി കൊണ്ട് സ്വാഭിപ്രായ രൂപീകരണം നടത്തുകയാണ് ഇവിടെ ഗ്രന്ഥകാരി ചെയ്യുന്നത്. കവിയുടെ രചനാവൈഭവത്തെ കുറിച്ച് ലീലാബായി വിശകലനം ചെയ്യുന്നുണ്ടെങ്കിലും കവിയുടെ വ്യക്തിപരമായ കാര്യങ്ങളിലേക്ക് അവർ ഒരിക്കലും പ്രവേശിക്കുന്നില്ല. ആധുനികതയ്ക്കു ശേഷം വന്ന കർത്തൃത്വനിരാസവും പാഠത്തിനു നല്കുന്ന പ്രാധാന്യവുമെല്ലാം ഗ്രന്ഥകാരിയെ സ്വാധീനിച്ചിട്ടുള്ളതായി കാണാം.

സമീപകാലത്ത് രാമചരിതത്തെ സംബന്ധിച്ച് വന്ന വ്യത്യസ്തമായ വായനയാണ് ഡോ.കെ.എം. അനിലിന്റെ 'രാമചരിതത്തിലെ സ്ഥലനിർമ്മിതി' എന്ന ലേഖനം. തന്റെ ആശയ രൂപീകരണത്തിന് സഹായകമായ ഒരുപകരണം എന്ന നിലയിലാണ് രാമചരിതപാഠത്തെ അദ്ദേഹം സമീപിച്ചിരിക്കുന്നത്. പാഠത്തിൽ ഊന്നിനില്ക്കുമ്പോഴും തന്റെ ആശയ രൂപീകരണത്തിന് സഹായകമായി വർത്തിക്കുന്ന മറ്റു പാഠങ്ങളെ സമർത്ഥമായി പഠനത്തിൽ ഉപയോഗിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്.

സംഘ സാഹിത്യത്തിലെ തിണ സങ്കല്പവുമായി ബന്ധപ്പെടുത്തി കൊണ്ട് രാമചരിതത്തിന്റെ ആഖ്യാന പരിസരത്തെ (സ്ഥലത്തെ) കണ്ടെടുക്കാനുള്ള ശ്രമമാണ് അദ്ദേഹം നടത്തിയിരിക്കുന്നത്. കുറിഞ്ഞിയിൽ നിന്ന് തുടങ്ങി നെയ്തൽവരെ നീളുന്നതാണ് രാമലക്ഷ്മണന്മാരുടെ യാത്ര എന്ന് അദ്ദേഹം പറയുന്നുണ്ടെങ്കിലും കൃത്യമായ സൂചനകളോട് കൂടിയ സ്ഥലം കടന്നു വരുന്നില്ലെന്ന് അദ്ദേഹം ചൂണ്ടി കാണിക്കുന്നു. ഇതിഹാസങ്ങൾ വരമൊഴിയായിത്തീരുന്നതോടെ സംഭവിക്കുന്ന മാറ്റമാണിത് എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം (2016:31). രാമചരിതത്തെ കുറിച്ചുള്ള ഡോ.കെ. എം.അനിലിന്റെ പഠനം സാംസ്കാരികവും ചരിത്രപരവുമായ വസ്തുതകളിലേക്ക് വിരൽ ചൂണ്ടുന്നുണ്ട്. വായനയുടെ മാറി വന്ന ഭാവുകത്വപരിസരം അദ്ദേഹത്തിന്റെ പഠനത്തിൽ ദർശിക്കാം.

### വായനാഭിരുചികളുടെ പരിണാമം

കൃതിയുടെ ചരിത്ര ബന്ധത്തെ അന്വേഷിക്കുന്നതിനേക്കാൾ വായന എങ്ങനെ ചരിത്രപരമായി മാറുന്നു എന്ന അന്വേഷണമാണ് ഇവിടെ നടത്തുന്നത്. രാമചരിതം രചിക്കപ്പെട്ട കാലത്ത് അത് എന്തിനു വേണ്ടി രചിച്ചെന്നോ കൃതിയുടെ ഉദ്ദേശ്യമെന്തായിരുന്നെന്നോ ഉള്ള വ്യക്തമായ ഉത്തരം നമുക്ക് ലഭ്യമല്ല. എങ്കിലും ഭക്തി കാവ്യ മായി ചില സമൂഹങ്ങൾക്കിടയിൽ ഈ കൃതി പാരായണം ചെയ്തു വന്നിട്ടുള്ളതായി നമുക്ക് അറിവുണ്ട്. ലഭ്യമായ വളരെ കുറച്ച് അറിവുകൾ വച്ചു കൊണ്ട് അന്നത്തെ സാമൂഹിക ചുറ്റുപാട് രാമചരിതം പോലൊരു കൃതിയെ നിർമ്മിച്ചതെങ്ങനെ എന്ന നിരീക്ഷണങ്ങൾ അപൂർവ്വമായെങ്കിലും ഉണ്ടായിട്ടുണ്ട്. നാട്ടുരാജ്യങ്ങൾ തമ്മിലുള്ള നിരന്തര യുദ്ധങ്ങൾ സാധാരണമായ കാലഘട്ടത്തിൽ ഭടജനങ്ങളുടെ യുദ്ധവീര്യം വർദ്ധിപ്പിക്കുന്നതിനു വേണ്ടിയാണ് രാമായണത്തിലെ യുദ്ധകാണ്ഡത്തെ പ്രമേയമാക്കി ഇത്തരമൊരു കാവ്യം രചിച്ചതെന്നാണ് ഒരു നിരീക്ഷണം. മറ്റൊരു കാഴ്ചപ്പാട് ഭാഷയിലും സാഹിത്യത്തിലും സംസ്കാരത്തിലും ആര്യന്മാർ പുലർത്തി പോന്ന ആധിപത്യത്തോടുള്ള ചെറുത്തുനില്പാണ് പാട്ടു പ്രസ്ഥാനവും അതിന്റെ ഭാഗമായ ഈ കൃതിയും എന്നതാണ്.ഭക്തി സംവർദ്ധകോദ്ദേശ്യമായിരുന്നു രാമചരിത രചനയ്ക്കു പിന്നിലുണ്ടായിരുന്നത് എന്ന മറ്റൊരു നിരീക്ഷണവും ഉണ്ട്.

ആദ്യകാല പാട്ടുകൃതികളുടെയെല്ലാം പിന്നിലുണ്ടായിരുന്നത് സാമൂഹികവും സാംസ്കാരികവുമായ പരിഷ്കരണമായിരുന്നു എന്ന് ഈ നിരീക്ഷണങ്ങൾ തെളിയിക്കുന്നു. അക്കാലഘട്ടത്തിൽ കവിയേക്കാൾ

പ്രാധാന്യം കാവ്യത്തിനും അതിന്റെ പരിഷ്കരണപരമായ ലക്ഷ്യത്തിനും ആയിരുന്നു.അങ്ങനെ വരുമ്പോൾ കവി അവിടെ അപ്രധാനിയാകുന്നു. ജനങ്ങളിൽ നിന്ന് ജനങ്ങളിലേക്ക് കാവ്യം മാത്രം സഞ്ചരിക്കുന്നു. കാവ്യം സമൂഹത്തെ സ്വാധീനിക്കാറുണ്ടെങ്കിലും കവിയെ കുറിച്ചാരും ചിന്തിക്കുന്നില്ല. കവി അപ്രധാനമായിരുന്ന ഈ സാമൂഹിക സാഹചര്യമായിരുന്നു രാമചരിത രചനാ കാലത്തുണ്ടായിരുന്നത്. അതിനാൽ തന്നെ രാമചരിത കർത്താവാരാണെന്നതിനു കൂടുതൽ സൂചനകൾ ഒന്നും തന്നെ ഗ്രന്ഥത്തിൽ നിന്ന് നമുക്ക് ലഭിക്കുന്നില്ല.

രാമചരിതത്തെ കുറിച്ചുള്ള പഠനങ്ങൾ മിക്കവയും നടക്കുന്നത് ആധുനികതയുടെ കാലത്താണ്. സാഹിത്യചരിത്രനിർമ്മിതിയും ഇക്കാലഘട്ടത്തിന്റെ സവിശേഷതയാണ്. കർത്തൃ കേന്ദ്രീകൃതമായ സാഹിത്യ വിമർശനങ്ങൾ ഇക്കാലഘട്ടത്തിൽ ഉണ്ടാകുന്നു.രാമചരിതപഠനങ്ങൾ കൃതിയുടെ കർത്താവിനെയും കാലത്തെയും അന്വേഷിക്കുന്നതിനുള്ള പ്രധാന കാരണം സാഹിത്യ സങ്കല്പത്തിൽ വന്ന ചരിത്രപരമായ മാറ്റമാണ്. വ്യക്തികേന്ദ്രിതവും കർത്തൃ കേന്ദ്രീകൃതവുമായ സാമൂഹിക സാഹചര്യം കൃതിയുടെ കർത്താവിനെ അന്വേഷിച്ചു പോകുന്നതിനു പ്രേരകമായി വർത്തിച്ചു. കർത്താവിനെക്കുറിച്ചുള്ള അന്വേഷണം കൃതിയെഴുതിയ കാലത്തെ കുറിച്ചുള്ള അന്വേഷണത്തിലേക്കും നയിച്ചു.രാമചരിതപഠനങ്ങളെല്ലാം പാഠത്തിൽ നിന്നു വിട്ടുമാറി പാഠബാഹ്യമായ വസ്തുതകൾ ചികഞ്ഞു കണ്ടെത്തുന്നതിൽ താല്പര്യം പ്രകടിപ്പിച്ചു. യഥാർത്ഥമായ കർത്താവോ കാലമോ വെളിപ്പെട്ടില്ലെങ്കിലും ഊഹാപോഹങ്ങൾ കൊണ്ടു പഠിതാക്കൾ തൃപ്തിപ്പെടാൻ ശ്രമിച്ചുകൊണ്ടിരുന്നു. കർത്തൃത്വാന്വേഷണം ആധുനികതയുടെ ആവശ്യമായിരുന്നതിനാലാണ് രാമചരിതപഠനങ്ങൾ കർത്താവിനെയും കാലത്തെയും അന്വേഷിച്ചു പോയത്.

രാമചരിതത്തിലെ ഭാഷ തമിഴോ മലയാളമോ എന്നുള്ളതായിരുന്നു രാമചരിതപഠനങ്ങൾ മുന്നോട്ടുവെച്ച മറ്റൊരു ചർച്ച.മലയാള സാഹിത്യ ചരിത്രത്തിൽ രാമചരിതത്തെ സ്ഥാനപ്പെടുത്തുന്നതിനുള്ള ശ്രമമായി ഇതിനെ കണക്കാക്കാം.രാമചരിതത്തിലെ ഭാഷ മലയാളമാണെന്ന് സ്ഥാപിക്കുന്നതിലൂടെ ഈ ശ്രമം വിജയിക്കുന്നു. ഭാഷാപരമായ സവിശേഷതകൾ ഉൾക്കൊള്ളുന്ന രാമചരിതം പോലൊരു കൃതിയെ ഭാഷയിൽ അടയാളപ്പെടുത്തണമെങ്കിൽ അതിലെ ഭാഷ മലയാളമാണെന്നും അത് കാവ്യപാരമ്പര്യത്തിന്റെ തുടക്കമാണെന്നും സ്ഥാപിക്കേണ്ടത് ആവശ്യമാണ്.

സാഹിത്യ ചരിത്രത്തിന്റെ ഭാഗമായി വായിക്കപ്പെട്ടുമ്പോൾ മാത്രമാണ് രാമചരിതപഠനങ്ങൾ പ്രസക്തമാകുന്നത്. പാരമ്പര്യം ചികഞ്ഞു ചെല്ലുകയും അതിന്റെ മഹത്ത്വത്തെ കണ്ടെടുത്ത് പ്രദർശിപ്പിക്കുകയും ചെയ്യുന്നത് ആധുനികതയുടെ പ്രവണതയാണ്. പഴയതിനെ മഹത്വവൽക്കരിക്കുകയും പാരമ്പര്യം അവകാശപ്പെട്ടുകയും ചെയ്യുന്നതു വഴി മലയാള ഭാഷയെ ശ്രേഷ്ഠവൽക്കരിക്കാനും അതുവഴി പുതിയ ദേശീയതാ ബോധം സൃഷ്ടിച്ചെടുക്കാനുമാണ് അറിഞ്ഞും അറിയാതെയും രാമചരിതപഠിതാക്കൾ ശ്രമിച്ചത്.

രാമചരിതത്തെ കുറിച്ച് ആദ്യം പറഞ്ഞു വെക്കുന്നത് യൂറോപ്യൻ മിഷണറിയായ ഹെർമ്മൻ ഗുണ്ടർട്ടാണ്.മലയാളത്തിലെ നിരവധി കൃതികളെ കുറിച്ച് പഠിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ള അദ്ദേഹം സാഹിത്യ പഠനങ്ങളുടെ ഭാഗമായല്ല രാമചരിതത്തെ പരാമർശിച്ചിരിക്കുന്നത്; ഭാഷാ പദങ്ങൾക്ക് പ്രാധാന്യം നല്കി പ്രസിദ്ധീകരിക്കുന്ന നിഘണ്ടുവിന്റെ ആമുഖത്തിലാണ്. സംസ്കൃതത്തിന്റെ കടന്നുവരവിനു മുമ്പും മലയാളഭാഷ ഇവിടെ ഉണ്ടായിരുന്നു എന്ന് അദ്ദേഹം സമർത്ഥിക്കുന്നു .മലയാളത്തിനു സ്വന്തമായി ഒരു അസ്തിത്വമുണ്ടെന്ന് സ്ഥാപിക്കുകയും അത് രൂപപ്പെട്ടുത്തിയെടുക്കുകയുമാണ് ഇതിലൂടെ അദ്ദേഹം ചെയ്യുന്നത്.സാഹിത്യ പഠനത്തിനകത്തല്ലാതെ ഭാഷാ പഠനത്തിനകത്താണ് രാമചരിതപരാമർശം ആദ്യം വന്നത് എന്ന വസ്തുത ശ്രദ്ധേയമാണ്. രാഷ്ട്രീയവും സാംസ്കാരികവും സാമൂഹികവുമായ ചില ലക്ഷ്യങ്ങൾ ഭാഷാ പഠനത്തിൽ ഉള്ളടങ്ങിയിരിക്കുന്നു.

ഭാഷാ ചരിത്രപഠനം യൂറോപ്പിൽ തന്നെ ദേശീയതയുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. ഒരേ ഭാഷ സംസാരിക്കുന്ന ജനതയെ ഒരേ ദേശസങ്കല്പത്തിലേക്ക് കൊണ്ടുവരാനുള്ള ശ്രമം ദേശീയതയുടെ ഭാഗമായി ഉണ്ടാകുന്നു .രാജ്യത്തിന്റെ രാഷ്ട്രീയ ലക്ഷ്യങ്ങൾ സാധ്യമാകണമെങ്കിൽ ദേശീയതാ ബോധം ജനങ്ങളിൽ കൊണ്ടുവരേണ്ടത് അനിവാര്യമായിരുന്നു. ഈ ദേശ/ ദേശീയതാ ബോധം ജനങ്ങളിലെത്തിച്ചത് ഭാഷയുടെയും സാഹിത്യത്തിന്റെയും സംസ്കാരത്തിന്റെയും പഠനങ്ങളിലൂടെയാണ്.ഈ മേഖലകളിലൂടെയുള്ള പഠനത്തിലൂടെ ദേശത്തിന്റെ പൊതുവായ ഘടകങ്ങളെ കണ്ടെത്തി അവയെ ചരിത്രത്തിന്റെ പരമാവധി ദൂരങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള ശ്രമവും ആധുനിക കാലത്ത് സജീവമായി. ഗുണ്ടർട്ട് മുതൽ ആരംഭിക്കുന്ന രാമചരിതത്തിന്റെ ഭാഷാപരമായ പഠനത്തിനു പിന്നിൽ ഇത്തരത്തിൽ സാമൂഹികവും രാഷ്ട്രീയവും ചരിത്രപരവുമായ ലക്ഷ്യങ്ങളുമുണ്ടായിരുന്നു.

പാട്ടു പ്രസ്ഥാനത്തിന്റെ ഭാഗമായി രാമചരിതത്തെ വായിച്ചെടുക്കുന്നതിനുള്ള ശ്രമങ്ങൾ രാമചരിതപഠനങ്ങളിൽ കാണാനാകും. ഭാഷയിലെ കാവ്യപാരമ്പര്യത്തിലേക്ക് രാമചരിതത്തെ കണ്ണി ചേർക്കുന്നതിനുള്ള ശ്രമം തന്നെയാണ് ഇതും. ഭാഷാപരവും വിഷയ പരവുമായി നിരവധി സവിശേഷതകൾ ഉൾക്കൊള്ളുന്ന പാട്ടു പ്രസ്ഥാനം ഒരു പ്രത്യേക ഘട്ടത്തിൽ മലയാള കവിത പുലർത്തി പോന്ന ഭാവുകത്വത്തെ അടയാളപ്പെടുത്തുന്നുണ്ട്. ഏതൊരു പ്രസ്ഥാനവും ഒരു നിശ്ചിത ചരിത്ര ഘട്ടത്തിൽ സമൂഹത്തിന്റെ ആവശ്യത്തെ മുൻനിർത്തി രൂപപ്പെടുന്നവയാണ്. സാഹിത്യത്തിൽ രൂപപ്പെട്ട ഓരോ പ്രസ്ഥാനത്തിനും സാമൂഹികമായ ലക്ഷ്യങ്ങൾ ഉണ്ടായിരുന്നു. പാട്ടു പ്രസ്ഥാനത്തിന്റെ കാര്യവും മറിച്ചല്ല. പ്രസ്ഥാന കാവ്യമായി രാമചരിതത്തെ കാണുക വഴി ചരിത്രപരമായി കൃതിയെ വായിച്ചെടുക്കുകയാണ് പഠിതാക്കൾ ചെയ്യുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ആധുനിക യുക്തിക്കു വഴങ്ങുന്ന വിധത്തിൽ കൃതിയെ അവർ പുനർനിർമ്മിക്കുന്നു .

രാമചരിതത്തിന്റെ ലാവണ്യ തലത്തെ സൂക്ഷമമായി വിശകലനം ചെയ്യുന്ന പഠനങ്ങൾ നന്നേ കുറവാണ്.കവിയേയും കാലത്തേയും അന്വേഷിക്കാതെ കൃതിയുടെ കാവ്യാംശത്തെ മാത്രം തേടുന്ന ഏതാനും അന്വേഷണങ്ങൾ ഉണ്ടായത് ആധുനികതയ്ക്കു ശേഷമാണ്. കാവ്യ വിമർശനം ആധുനികതയുടെ പ്രവണതകളിൽ നിന്ന് മുക്തമാകാൻ തുടങ്ങിയതിനു തെളിവാണ് പാഠത്തിൽ ഊന്നി കൊണ്ടുള്ള രാമചരിതപഠനങ്ങൾ. പാഠത്തിനു പ്രാധാന്യം നല്കി കൊണ്ടുള്ള പഠനങ്ങൾ വരുന്നത് ഉത്തരാധുനികതയുടെ കാലത്താണ്.സാഹിത്യ വായനയിൽ കടന്നു വന്ന ഭാവുകത്വപരമായ പരിണാമം ഉത്തരാധുനിക കാലത്തു വന്ന പഠനങ്ങളിൽ തെളിഞ്ഞു കാണാം. വായനയെ സംബന്ധിച്ച ഉത്തരാധുനിക ദർശനങ്ങളിലും മാറ്റങ്ങൾ വന്നു തുടങ്ങി എന്നതിനു തെളിവാണ് 'രാമചരിതത്തിലെ സ്ഥലനിർമ്മിതി ' എന്ന ലേഖനം. ഏതെങ്കിലും ഒരു പാഠത്തിൽ മാത്രം ഊന്നി കൊണ്ടുള്ള വായനയെ ഈ പഠനം പൊളിച്ചെഴുതുന്നുണ്ട്. കാലാനുസൃതമായ മാറ്റം വായനയിൽ കടന്നു വരുന്നതുവഴി സാഹിത്യ പഠനം ചരിത്രപരമായി മാറുന്നു.

കാവ്യ ചരിത്രത്തിന്റെ ഭാഗമായി രാമചരിതത്തെ വായിക്കുന്നതിനുള്ള ശ്രമങ്ങളാണ് രാമചരിതപഠനങ്ങളിൽ പൊതുവെ കാണുന്നത്.''ഓരോ ചരിത്ര വേളകളിലും പുനർവായിക്കപ്പെടുമ്പോൾ സാഹിത്യത്തിന്റെ ചരിത്രാത്മകത പുതുതായിട്ടാണ് അനുഭവപ്പെടുന്നത്.പുതിയ പ്രശ്നങ്ങൾ

ഉന്നയിക്കുന്ന പാഠമോ പാഠാന്തരമോ ആയി ഗതി മാറുന്നിടത്താണ് പദ്യത്തിലെ 'താൽക്കാലികത' മറ്റൊരു കാലത്തിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നത്.'' (2017:83) എന്ന പി.എസ്. രാധാകൃഷ്ണന്റെ നിരീക്ഷണം ശ്രദ്ധേയമാണ്.സാമൂഹികമായി കടന്നു വന്ന പുതിയ പ്രശ്നങ്ങൾ രാമചരിത പഠനങ്ങളിൽ വീക്ഷണപരമായ മാറ്റങ്ങൾ സൃഷ്ടിക്കുന്നു. ഈ വീക്ഷണപര മായ മാറ്റങ്ങളെ കാലാനുസൃതമായി നിയന്ത്രിക്കുന്നത് അതതു കാലത്തെ പഠിതാവിന്റെ ധാരണയിൽ രൂപം കൊള്ളുന്ന വർഗ-വംശ- ലിംഗ സംബന്ധിയായ സങ്കല്പങ്ങളാണ്.ഇത്തരം സങ്കല്പങ്ങളെ സൃഷ്ടിക്കുന്നത് നിലവിലെ സാമൂഹികാന്തരീക്ഷമായതിനാൽ അതിനെ കൂടി പരിഗണിച്ചു കൊണ്ടു വേണം ഏതൊരു കൃതിയേയും സമീപിക്കുവാൻ. ഏതൊരു പാഠവും പഠനവും ചരിത്രാത്മകമാണെന്ന വസ്തുത വിസ്മരിക്കാവുന്നതല്ല

## ഗ്രന്ഥസൂചി

ഇളംകുളം കുഞ്ഞൻപിള്ള, കേരള ഭാഷയുടെ വികാസപരിണാമങ്ങൾ.ഒന്നാം ഭാഗം, കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 1957.

ഉള്ളൂർ, എസ്., പരമേശ്വരയ്യർ, കേരള സാഹിത്യ ചരിത്രം. വാല്യം 1, തിരുവനന്തപു രം: കേരള സർവ്വകലാശാല, 2015.

എഴുത്തച്ഛൻ, കെ.എൻ., രാമചരിതത്തിലെ കവിത, ഏഴിലാമ്പാല . തൃശ്ശൂർ: കറന്റ് ബുക്സ്, 1968.

കൃഷ്ണൻ നായർ, പി.വി., രാമചരിതം ഒരു വിമർശനാത്മക പഠനം. കോട്ടയം: നാഷനൽ ബുക്ക്സ്റ്റാൾ, 1973.

കൃഷ്ണൻ നായർ, പി.വി.,രാമചരിതം വ്യാഖ്യാനം. തൃശ്ശൂർ: കേരള സാഹിത്യ അക്കാദ മി, 1979.

കൃഷ്ണ പിഷാരടി, എ., മലയാള ഭാഷയും സാഹിത്യവും (ഒരു നിരൂപണം). തിരുവന ന്തപുരം: മദ്രാസ് യൂണിവേഴ്സിറ്റി, 1927.

ഗോദവർമ്മ ,കെ., കേരള ഭാഷാ വിജ്ഞാനീയം.തിരുവനന്തപുരം: കേരള സർവ്വകലാശാല, 1971.

ഗോപിനാഥപിള്ള, എൻ.ആർ., രാമചരിതവും പ്രാചീന മലയാളവും.കോട്ടയം: നാഷണൽ ബുക്ക്സ്റ്റാൾ,1972.

ഗോവിന്ദപിള്ള, പി., മലയാള ഭാഷാ ചരിത്രം. വാല്യം 1, തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി ,1851.

അനിൽ ,കെ.എം.,രാമചരിതത്തിലെ സ്ഥല നിർമ്മിതി,പാന്ഥരും വഴിയമ്പലങ്ങളും. കോഴിക്കോട്: പ്രോഗ്രസ്സ് പബ്ലിക്കേഷൻസ്, 2016.

ചന്ദ്രശേഖര വാരിയർ, എം.എസ്., കൊടുന്തമിഴും ഇരാമചരിതവും, ഭാഷയും സാഹിത്യവും മലയാളപ്പിറവിക്കു മുമ്പ് .കോട്ടയം: സാഹിത്യ പ്രവർത്തക സഹക രണ സംഘം, 1969.

ചുമ്മാർ, ടി.എം., പദ്യസാഹിത്യ ചരിത്രം, കോട്ടയം: നാഷനൽ ബുക്ക്സ്റ്റാൾ, 1941.

ജോർജ്ജ്, കെ.എം.,രാമചരിതവും പ്രാചീന മലയാള പഠനവും (Ramacharitham and the study of early Malayalam), ന്യൂഡൽഹി: സാഹിത്യ അക്കാദമി, 1956.

ജോർജ്ജ്, കെ.എം., സമ്പാ.സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ.കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 2008.

നടുവട്ടം ഗോപാലകൃഷ്ണൻ, രാമചരിതപഠനത്തിന് ഒരാമുഖം.തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, 2012.

നാരായണപ്പണിക്കർ, ആർ., കേരള ഭാഷാ സാഹിത്യ ചരിത്രം. വാല്യം 1, തിരുവനന്തപുരം: പി.ഗോവിന്ദപ്പിള്ള ,1928.

പുതുശ്ശേരി രാമചന്ദ്രൻ ,രാമചരിതം, തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ. തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, 2010.

പോക്കർ ,പി.കെ., ആധുനികോത്തരതയുടെ കേരളീയ പരിസരം.കോട്ടയം: സാഹിത്യ പ്രവർത്തക സഹകരണ സംഘം, 2000.

രാജശേഖരൻ,എസ്., പാട്ടു പ്രസ്ഥാനം പ്രതിരോധവും സമന്വയവും. തിരുവനന്തപുരം: സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ് ,2005.

രാധാകൃഷ്ണൻ ,പി.എസ്., എതിർ ദിശകൾ. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2017.

ലീലാബായി, എൻ.,രാമചരിതപ്രഭാവം.തിരുവനന്തപുരം: സൈൻ ബുക്സ്, 2012

ലീലാവതി, എം., മലയാള കവിതാ സാഹിത്യ ചരിത്രം.തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, 2011.

സുനിൽ, പി., ഇളയിടം, ദമിതം ആധുനികതാവാദത്തിന്റെ രാഷ്ട്രീയ അബോധം. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2009.

ഹെർമ്മൻ ഗുണ്ടർട്ട്, മലയാളം - ഇംഗ്ലീഷ് നിഘണ്ടു.കോട്ടയം: സാഹിത്യ പ്രവർത്തകസഹകരണ സംഘം, 1962.

*simpleakkara@gmail.com*

# സാഹിത്യം - ദേശം - മതം: ചരിത്രരചനയുടെ നരവംശീയ കാഴ്ചകൾ

സാലിം സംഗീത്
എം.ഫിൽ., മലയാളം, സംസ്കൃതം സർവകലാശാല - കാലടി

പ്രബന്ധ സംഗ്രഹം

ആധുനികതയുടെ എല്ലാ സാഹിത്യ സംബന്ധിയായ വ്യവഹാരങ്ങളിലും പാശ്ചാത്യ മതേതരത്വ സങ്കൽപ്പങ്ങൾ വളരെ ആഴത്തിൽ വേരുപിടിച്ചിരുന്നു. മധ്യകാല ചരിത്രത്തിൽ മതങ്ങൾ സർഗാത്മകതയെയും സാഹിത്യത്തെയും കലകളെയും സൗന്ദര്യത്തെയും ഉൾക്കൊണ്ടിരുന്നു. എന്നാൽ ആധുനികതയിൽ മതം മൗലികവാദ പരമായിത്തീരുന്നു. മതത്തിനകത്തേക്കും മത ജീവിതത്തിനകത്തേക്കും സർഗ്ഗാത്മകതയെ തിരിച്ച് കൊണ്ടു പോകേണ്ടതുണ്ടെന്നും അതിനാൽ സാഹിത്യം എന്ന സംവർഗത്തിൽ നിലീനമായിട്ടുള്ള മതരഹിതമായ മതേതരത്വത്തെ എടുത്തുകളയേണ്ടതുണ്ടെന്നും മത സമൂഹങ്ങളുടെ സാഹിത്യ ദർശനങ്ങൾക്കും ലോകവീക്ഷണങ്ങൾക്കും ഇടം നല്കുന്ന മതേതര ബോധത്താൽ സാഹിത്യം എന്ന സംവർഗ്ഗത്തെ നെയ്തെടുക്കേണ്ടതുണ്ട് എന്ന ചിന്തയുമാണ് സാഹിത്യ ചരിത്ര വിജ്ഞാനീയത്തിൽ വംശീയ പാഠങ്ങൾക്ക് പ്രാധാന്യം നേടുന്നതിന് കാരണമായത്.

***താക്കോൽ വാക്കുകൾ:*** മതകീയമായ സാഹിത്യം (religio - lit richer)–സാംസ്കാരിക നരവംശ ശാസ്ത്രം–തദ്ദേശീകരണം (indgenisation)–ദേശീയാനന്തരത (Post nationalism)–ദേശീയാന്തരം (Trance nationalism)–പോളിസിസ്റ്റം തിയറി–കോസ്മോപോളിറ്റനിസം–റൂറൽ ഇസ്ലാം–അർബൻ ഇസ്ലാം–ആധുനികീകരണം–ഇസ്ലാമീകരണം.

ആമുഖം

സാഹിത്യചരിത്ര വിജ്ഞാനീയത്തിൽ മതം, മതേതരത്വം എന്നീ സംവർ ഗങ്ങളെ സംബന്ധിക്കുന്ന പുതിയ വീക്ഷണങ്ങൾ മൂന്നു നിലയിലാണ് പ്രാധാന്യം നേടുന്നത്. ഒന്ന് സാഹിത്യത്തിന്റെ ചരിത്രത്തെ സംബന്ധിച്ചും സാഹിത്യത്തിന്റെ സമകാലികതയെ സംബന്ധിച്ചും സാഹിത്യത്തിന്റെ പുരോഗതിയെ സംബന്ധിച്ചും നിലനിൽക്കുന്ന ബോധ്യങ്ങളിൽ മതത്തി ന്റെ സർഗാത്മകബന്ധങ്ങൾക്ക് എത്രത്തോളം പ്രാധാന്യം ലഭിച്ചിട്ടുണ്ട് എന്ന അന്വേഷണത്തിൽ. രണ്ട് മതസാഹിത്യം, അല്ലെങ്കിൽ മതപരമായ സാഹിത്യം, അതുമല്ലെങ്കിൽ മതകീയമായ സാഹിത്യം religio litricher) എന്ന ഒരു ജനസിനെ സവിശേഷമായി പ്രശ്നവൽക്കരിക്കുകയും അതിന്റെ ചരിത്രപരത അന്വേഷിക്കേണ്ടിവരികയും ചെയ്യേണ്ട സാഹചര്യങ്ങളിൽ അനിവാര്യമായും സൂക്ഷിക്കേണ്ട ചില ജാഗ്രതകളെ മുന്നോട്ടുവെക്കുവാൻ. മൂന്ന് ആധുനികതയുടെ യുക്തിചിന്തയിലൂടെ സാഹിത്യചരിത്രത്തെ മനസി ലാക്കുന്നതിനു ബദലായിക്കൊണ്ട് ആധുനികയുക്തിയേക്കാൾ സാഹിത്യ വുമായി ചേർന്നുനിൽക്കുന്ന മതസംസ്കാരത്തിന്റെ ആത്മീയ-ജീവിതയുക്തി കളിലൂടെ സാഹിത്യചരിത്രത്തിന്റെ സഞ്ചാരത്തെ മനസിലാക്കുവാനുള്ള സാധ്യതകൾ അന്വേഷിക്കുന്നതിന്.

ഇത്തരം അന്വേഷണങ്ങളിൽ സാഹിത്യചരിത്ര വിജ്ഞാനീയ ത്തെ ഏറ്റവും കൂടുതൽ ഇന്നു സഹായിക്കുന്നത് സാംസ്കാരിക നരവംശ ശാസ്ത്രം എന്ന രീതിശാസ്ത്രവും അതിൽ വികസിക്കുന്ന വംശീയപഠനം എന്ന ഡിസിപ്ളിനും അതിന്റെ ചരിത്രരചനാ സമ്പ്രദായങ്ങളുമാണ്. വംശീയ പഠനങ്ങൾ പ്രധാനമായും ചരിത്രശാസ്ത്രത്തിന്റെ തദ്ദേശീകരണം (indegenisation) എന്ന ആശയത്തിൽ ഉറച്ചുനിൽക്കുന്ന ദേശീയതാനന്തര (post nationalism) – ദേശീയതാന്തര(trance nationalism) വീക്ഷണങ്ങ ളിലൂടെയാണ് രാഷ്ട്രീയമുഖം ആർജിക്കുന്നത്. ചരിത്രത്തിന്റെ പ്രവാഹത്തെ തദ്ദേശീയമായ വ്യവഹാരങ്ങളിലൂടെ മനസിലാക്കുക എന്നതാണ് ചരിത്ര ശാസ്ത്രത്തിന്റെ തദ്ദേശീകരണം എന്ന പ്രോജക്ടിന്റെ കാതലായ വിഷയം. .

ആധുനികതയുടെ സന്ദർഭത്തിൽ ദേശത്തിലൂന്നിയ ചരിത്രരചനക ളെല്ലാം ദേശീയതയെയാണ് അടിസ്ഥാന യൂണിറ്റായി പ്രതിഷ്ഠിച്ചിരുന്നത്. എന്നാൽ ഇന്ന് തദ്ദേശീകരണ ചരിത്രരചനയ്ക്കായ് ദേശീയതയ്ക്കു പുറത്ത് ധാരാളം യൂണിറ്റുകൾ നിലവിൽ വന്നിരിക്കുന്നു. ഏരിയ സ്റ്റഡീസിന്റെയും പോളി സിസ്റ്റം തിയറിയുടേയും ആഗോളവൽക്കരണ പഠനങ്ങളുടേയും

ഡയസ്പോറ പ്രതിഭാസങ്ങളുടേയും പ്ളാനറ്ററി താരതമ്യത്തിന്റെയും സമുദ്രാനന്തര പഠനങ്ങളുടേയും ലോക്കൽ കോസ്മോപോളിറ്റാനിസത്തിന്റെയും സിവിലൈസേഷൻ മുൻഗണനകളുടേയും ഫോക്ക് ലോർ പ്രവണതകളുടേയും മീഡിയ ആന്ത്രപോളജിയുടേയും വംശീയ സഞ്ചാര പഠനങ്ങളുടേയുമെല്ലാം സന്ദർഭങ്ങളിൽ വളരെ വിചിത്രമായ വൈവിധ്യങ്ങളോടെയാണ് ദേശം എന്ന യൂണിറ്റ് ഇന്ന് പരിഗണിക്കപ്പെടുന്നത്. അവയൊന്നും തന്നെ തനിമാ സങ്കൽപ്പങ്ങളിൽ ഊന്നുന്നവയല്ല. പരസ്പരം കലർന്നുകിടക്കുന്ന ദേശചരിത്രങ്ങളെ അവ ഉൾക്കൊള്ളുവാൻ ശ്രമിക്കുന്നു. സാഹിത്യത്തിന്റെ ചരിത്രത്തെയും ഇവ്വിധത്തിൽ ദേശത്തിൽ ഊന്നിയ ഒരു പ്രവാഹമായി വ്യവഹരിക്കേണ്ട അനിവാര്യമായ സാഹചര്യമാണ് മതത്തേയും മതേതരത്വത്തേയും സംബന്ധിക്കുന്ന പുതിയ ആശങ്കകൾ ഉണർത്തിവിടുന്നത്.

ഈ പ്രബന്ധത്തിൽ മുസ്ലീം ദേശങ്ങളിലെ സാഹിത്യത്തെ കുറിച്ചുള്ള പുതിയ നരവംശീയ പഠനങ്ങൾ എങ്ങനെയാണ് സാഹിത്യത്തിന്റെ ചരിത്രത്തെ സംബന്ധിക്കുന്ന അടിസ്ഥാന ധാരണകളെ പരിവർത്തിപ്പിക്കുവാൻ പ്രേരിപ്പിക്കുന്നത് എന്നു ചർച്ച ചെയ്യുവാനാണ് ശ്രമിക്കുന്നത്. പ്രധാനമായും മുസ്ലീംസാഹിത്യത്തെ ചരിത്രവൽക്കരിക്കുവാൻ കാലസങ്കൽപ്പങ്ങളിൽ കേന്ദ്രീകരിക്കുന്ന ചരിത്രബോധ്യങ്ങളുടെ അപര്യാപ്തതയേയും ദേശസങ്കൽപ്പങ്ങളിൽ ഊന്നിയ ചരിത്ര-സാമൂഹ്യ-പുരോഗതി-രാഷ്ട്രീയ അവബോധങ്ങളുടെ അനിവാര്യതയെയും സമർത്ഥിക്കുവാനുമാണ് ആഗ്രഹിക്കുന്നത്. ഒന്നാം ഭാഗത്തിൽ മതവും സാഹിത്യവും തമ്മിൽ നിലനിൽക്കുന്ന കൊടുക്കൽ വാങ്ങലുകളെ വംശീയ പഠനത്തിന്റെ ഉത്തരാധുനിക വീക്ഷണങ്ങളിലൂടെ സൈദ്ധാന്തീകരിച്ചു മനസിലാക്കുവാനും മാപ്പിള സാഹിത്യത്തിന്റെ ചരിത്രരചനയിൽ അത്തരം സിദ്ധാന്തങ്ങൾക്കുള്ള പ്രസക്തി സവിശേഷമായി എടുത്തുകാണിക്കുവാനുമാണ് ശ്രമിക്കുന്നത്. ഒരു സമൂഹത്തിൽ നിലനിൽക്കുന്ന മതാത്മകതയും സർഗാത്മകതയും തമ്മിലുള്ള ബന്ധങ്ങൾ എങ്ങനെയെല്ലാമാണെന്നും മതം വാഗ്ദാനം ചെയ്യുന്ന ആത്മീയ ജീവിതവും സാഹിതീയതയിലൂടെ ആവിഷ്കൃതമാകുന്ന ആത്മീയജീവിതവും എങ്ങനെയെല്ലാമാണ് പരസ്പരം പ്രചോദിപ്പിക്കുന്നതെന്നുമാണ് അന്വേഷിക്കുന്നത്. രണ്ടാം ഭാഗത്തിൽ മാപ്പിള ദേശസംസ്കാരത്തിൽ എങ്ങനെയാണ് മതചരിത്രവും സാഹിത്യചരിത്രവും പരസ്പരം ഊറിക്കൂടിനിൽക്കുന്നത് എന്നു പറയുവാൻ ശ്രമിക്കുന്നു. അവിടെയാണ് തദ്ദേശീകരണം എന്ന പദ്ധതി പ്രധാനമാകുന്നത്. മതാത്മകതയും സർഗാത്മകതയും തമ്മിൽ

നിലനിന്നിരുന്ന വൈവാഹിക ബന്ധത്തെ അടിമുടി തകർത്തു കളയുന്നതിൽ ഏറ്റവും കൂടുതൽ പങ്കുവഹിച്ചിട്ടുള്ളത് ആധുനിക ദേശീയതകളും അതിന്റെ ലോകവീക്ഷണങ്ങളുമാണ് എന്ന പരികൽപ്പനയാണ് ഇവിടെ പ്രധാനമായും ആശ്രയിക്കുന്നത്.മതം എന്നതിനും സാഹിത്യം എന്നതിനും ആധുനിക ദേശരാഷ്ട്രങ്ങൾ നൽകിയ പുതിയ അർത്ഥതലങ്ങൾ എങ്ങനെയാണ് മുസ്ലീങ്ങളുടെ സാഹിത്യഭാവനകളെ സാഹിത്യചരിത്രങ്ങൾക്കു പുറത്തു നിർത്തുവാൻ കാരണമാകുന്നത് എന്നാണ് ഈ പ്രബന്ധം മുന്നോട്ടുവെക്കുവാൻ ശ്രമിക്കുന്ന അടിസ്ഥാനപരമായ പ്രശ്നപരിസരം. മതാത്മകതയ്ക്കും സർഗാത്മകതയ്ക്കും ഇടയിൽ വിച്ഛേദിക്കപ്പെട്ട രക്തബന്ധത്തെ തിരിച്ചുപിടിക്കേണ്ടതിന്റെ സമകാല പ്രസക്തിയേയും സാഹിത്യത്തിനു നാം നൽകുന്ന നിർവചനങ്ങളിൽ മതങ്ങളുടെ ചരിത്രജീവിതത്തേയും സാഹിത്യദർശനങ്ങളേയും കൂടുതൽ പരിഗണിക്കേണ്ടതിന്റെ അനിവാര്യതയേയുമാണ് ഉപസംഹാരത്തിൽ സമാഹരിക്കുവാൻ ശ്രമിക്കുന്നത്.

### 1. മതവും സാഹിത്യവും - വംശീയ പഠനങ്ങളുടെ ഉത്തരാധുനിക യുക്തികൾ

ഇസ്ലാം പഠനത്തിനായി കൊളോണിയൽ പടിഞ്ഞാറ് സ്വീകരിച്ചിരുന്ന ഓറിയന്റലിസ്റ്റാനന്തര രീതിശാസ്ത്രമായിട്ടാണ് നരവംശ വിജ്ഞാനീയത്തിന്റെ ചരിത്രദർശനങ്ങളെ അടയാളപ്പെടുത്തേണ്ടത്. കൾച്ചറൽ ആന്ത്രപോളജി വളരെ ഔപചാരികമായി മുസ്ലീംസാഹിത്യത്തോട് ഇടപെടുന്നത് ഇവാൻസ് സ്പ്രിച്ചാർഡിന്റെ പഠനത്തിലൂടെയാണെന്നാണ് പറയപ്പെടുന്നത്. പക്ഷെ അതിനു മുമ്പ് തന്നെ ഓറിയന്റലിസ്റ്റുകൾക്ക് ഇസ്ലാമിക സാഹിത്യത്തെ കുറിച്ച്, തിയോളജിയെ കുറിച്ച് ഒരു വലിയ പാരമ്പര്യം അവകാശപ്പെടുവാനുണ്ട്. എന്നാൽ അവരിൽ പലരും മുസ്ലീം ദേശങ്ങളുമായോ അവിടങ്ങളിലെ പ്രാദേശിക ഭാഷകളുമായോ അറബി ഭാഷയുമായിപോലുമോ നേരിട്ട് ബന്ധമില്ലാത്ത ആളുകളായിരുന്നു. അതുകൊണ്ടുതന്നെ അത്തരം പഠനങ്ങളിൽ മുസ്ലീം സാഹിത്യധാരകളുടെ സാംസ്കാരികതകൾക്കായിരുന്നു, ചരിത്രസഞ്ചാരങ്ങൾക്കായിരുന്നില്ല വിശകലന പ്രാധാന്യം ലഭിച്ചിരുന്നത്. യൂറോപ്യൻ-ആഫ്രിക്കൻ ജനതകളുടെ മണ്ഡലങ്ങളിൽ പ്രയോഗിച്ചതുപോലെ ഇസ്ലാമിക സാഹിത്യപാരമ്പര്യങ്ങളുടെ നരവംശ ചരിത്രം രൂപപ്പെടുത്തുന്നതിനോ നരവംശസഞ്ചാരം തിട്ടപ്പെടുത്തുന്നതിനോ അവർ താൽപര്യം കാണിച്ചില്ല. ഇവാൻസ് സ്പ്രിച്ചാർഡാണ് 1950-കളിലെ ലിബിയയിലെ സനൂസി സൂഫി പാരമ്പര്യത്തിന്റെ നെറ്റവർക്കിനെ കുറിച്ച് ആദ്യമായി ചരിത്രപരമായ ഒരു പഠനം മുന്നോട്ടു വെക്കുന്നത്. സനൂസി

മൂമന്റും അതിന്റെ സാഹിതീയ പ്രവണതകളും എങ്ങനെയാണ് ഇറ്റാലിയൻ അധിനിവേശത്തിനും ലിബിയൻ ദേശീയതയ്ക്കും എതിരെ ആളുകളെ നയിക്കുന്നത് എന്നതായിരുന്നു ഇവാൻസിന്റെ പഠനത്തിന്റെ കേന്ദ്രബിന്ദു. പ്രാദേശികജീവിതങ്ങളെ ദേശീയമായി സംഘടിപ്പിക്കുന്നതിൽ മതപരമായ ടെക്സ്റ്റുകൾക്കുള്ളതിനേക്കാൾ പങ്ക് മതവിമർശനപരമായ സാഹിത്യത്തിന്റെ ചരിത്രത്തിനുണ്ട് എന്നാണ് സനൂസി-സൂഫി മൂമന്റുകളുടെ ചരിത്രം അന്വേഷിക്കുന്നതിലൂടെ ഇവാൻസ് പറയുവാൻ ശ്രമിച്ചത്. കേരളത്തിലെ ഇസ്ലാമിക സാഹിത്യത്തിന്റെ ചരിത്രത്തിലും ഇതു വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. കാരണം ഇന്ത്യയിലും പ്രകടമായി കേരളത്തിലും അധിനിവേശവിരുദ്ധമായി ഉണ്ടായിട്ടുള്ള സൂഫി പാരമ്പര്യത്തിൽപെട്ട മിക്ക കൃതികളും മതവിമർശനപരമായ സാധ്യതകളാണ് പുലർത്തുന്നത്. മതവിമർശനം എന്നു മാത്രമല്ല ദൈവം എന്ന സങ്കൽപ്പത്തെ നിഷേധിക്കുവാൻ പോലുമുള്ള സർഗാത്മക-ബൗദ്ധിക ഗ്രന്ഥ സംസ്കാരം(textual cultur) സൗത്ത് ഇന്ത്യയിലെ പൊന്നാനി ഉൾപ്പെടെയുള്ള മുസ്ലീം ദേശങ്ങളിൽ ഉണ്ടായിരുന്നു എന്ന് ബഹുഗുണയെ പോലെയുള്ള ചരിത്രകാരന്മാർ പുതിയ പഠനങ്ങളിൽ വെളിപ്പെടുത്തുന്നുണ്ട്. ഇസ്ലാമിക സാഹിത്യത്തിന്റെ ചരിത്രത്തെ അടയാളപ്പെടുത്തുമ്പോൾ ഇത്തരം സൂഫികൃതികളെ എങ്ങനെ, എവിടെ പ്രതിഷ്ഠിക്കും എന്നത് ഒരു പ്രശ്നപരിസരമാണ്.

ഇവാൻസിന്റെ പഠനത്തിന്റെ പ്രത്യേകത എന്നു പറയുന്നത് തനിക്കു ശേഷമുള്ള നരവംശശാസ്ത്ര പഠനങ്ങളിൽ വന്നിട്ടില്ലാത്ത മതപരമായ നേതൃത്വത്തെ കുറിച്ചുള്ള ചോദ്യങ്ങളെ അദ്ദേഹം ഇസ്ലാമിക സാഹിത്യത്തിന്റെ ചരിത്രരചനയിൽ അഭിമുഖീകരിച്ചിരുന്നു എന്നതാണ്. മിക്ക ദേശങ്ങളിലും മതനേതൃത്വത്തിന്റെ ഇടപെടലുകൾ മുസ്ലീങ്ങളുടെ തദ്ദേശീയമായ സർഗാത്മക (vernacular creativity) ആവിഷ്കാരങ്ങളെ മുരടിപ്പിക്കുന്നു എന്നാണ് അദ്ദേഹം നിരീക്ഷിക്കുന്നത്. മധ്യകാല കേരളചരിത്രത്തിൽ നിന്നു ഭിന്നമായി സമകാല കേരളത്തിൽ മുസ്ലീങ്ങൾ സർഗാത്മകമായി അനുഭവിക്കുന്ന ദാർശനിക പ്രതിസന്ധികൾക്കും ധൈഷണിക ക്ഷയങ്ങൾക്കുമുള്ള കാരണങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതായി നിലനിൽക്കുന്നതും മതനേതൃത്വത്തിന്റെ ഇടപെടലുകൾ തന്നെയാണ്. സർഗാത്മകരംഗത്ത് പൂർവകാല പണ്ഡിതന്മാരിൽ ചിലർ സ്വീകരിച്ച അതോറിറ്റേറിയൻ സമീപനം, അത് മുന്നോട്ടുവെച്ച പ്ളാറ്റോണിയൻ സാഹിത്യ രീതിശാസ്ത്രം, പൊതുമണ്ഡലത്തെ പ്രതിനിധാനം ചെയ്യുന്നതിൽ പ്രകടിപ്പിച്ച

ഉൾവലിയൽ, ജ്ഞാനത്തേയും ദിവ്യ വെളിപാടുകളേയും വേറിട്ട പ്രതിഭാസങ്ങളായി ഉൾക്കൊള്ളുവാനുള്ള വിമുഖത തുടങ്ങി ഒട്ടനവധി ഘടകങ്ങൾ കേരളത്തിലെ മുസ്ലീം സാഹിത്യത്തെ മുരടിപ്പിക്കുന്നതിൽ നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട്.

പിന്നീട് ഇവാൻസിനെ അൽപ്പം കൂടി മുന്നോട്ടു കൊണ്ടുപോയത് ഗെൽണറുടെ പഠനങ്ങളായിരുന്നു. റൂറൽ\അർബൺ ഇസ്ലാം എന്ന രീതിയിലായിരുന്നു അദ്ദേഹം മുസ്ലീം ദേശങ്ങളെ നോക്കിക്കണ്ടിരുന്നത്. പോപ്പുലർ ഇസ്ലാമും മിസ്റ്റിസിസവുമൊക്കെ അടങ്ങിയ റൂറൽ ഇസ്ലാമും ആധുനികതയുമായി യോജിക്കുവാൻ പറ്റുന്ന അർബൺ ഇസ്ലാമും എന്നതായിരുന്നു അദ്ദേഹത്തിന്റെ വിഭജനം. ഇസ്ലാമിന്റെ ആധുനികീകരണത്തെ കുറിച്ച് ആശങ്കകൾ പ്രകടിപ്പിച്ചിരുന്ന നരവംശശാസ്ത്ര പാരമ്പര്യത്തിനകത്തു നിന്നുകൊണ്ടാണ് ആധുനികതയുടെ ഇസ്ലാമീകരണം എന്ന ആശയത്തെ മുന്നിൽവെച്ച് ഗെൽണർ മുസ്ലീംദേശങ്ങളെ അടയാളപ്പെടുത്തിയത് എന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. എന്നാൽ മുസ്ലീം സാഹിത്യാവിഷ്കാരങ്ങളെ കുറിച്ചുള്ള വീക്ഷണങ്ങളിൽ അതിന്റെ വളരെ സങ്കീർണമായ ജീവിത വീക്ഷണങ്ങളെ മനസിലാക്കാതെ സിദ്ധാന്തങ്ങളെ ലൊക്കേറ്റു ചെയ്യുന്ന രീതിയാണ് ഇദ്ദേഹം പിന്തുടരുന്നത്. ഇസ്ലാമിന് തദ്ദേശീയമായി ഉണ്ടാകുന്ന സാഹിത്യപാരമ്പര്യങ്ങളേയും ദേശരാഷ്ട്രപരമായ ഭൂമികയിൽ രൂപപ്പെടുന്ന സാഹിത്യത്തേയും വേർതിരിച്ചു മനസിലാക്കുവാനാണ് റൂറൽ ഇസ്ലാം, അർബൺ ഇസ്ലാം എന്ന വർഗീകരണം ഗെൽണർ കൊണ്ടുവരുന്നത്. ഈ മാതൃകയിൽ ഇസ്ലാമിക സാഹിത്യത്തെ നോക്കിക്കാണുന്ന ധാരാളം പഠനങ്ങൾ പുറത്തുവരികയുണ്ടായി. ഇസ്ലാമിനെ തദ്ദേശവൽക്കരിക്കുവാനുള്ള(localisation) ഇത്തരം ശ്രമങ്ങൾ ഒടുവിൽ ചെന്നെത്തിയത് ജീവിക്കുന്ന ഇസ്ലാമും(lived islam) ഗ്രന്ഥ ഇസ്ലാമും(textual islam) എന്ന വിഭജനത്തിലേക്കാണ്. ജീവിക്കുന്ന ഇസ്ലാമിന്റെ സാഹിത്യത്തെ തദ്ദേശീയമായ സാഹിത്യഭാവുകത്വത്തിനും സാഹിത്യചരിത്രത്തിനും അകത്ത് ഉൾപ്പെടുത്തിയപ്പോൾ ഗ്രന്ഥ ഇസ്ലാമിന്റെ സാഹിത്യപാരമ്പര്യത്തെ കാല-സ്ഥല പ്രേരണകൾക്കപ്പുറത്ത് നിലനിൽക്കുന്ന ആഗോള മുസ്ലീം വിശ്വാസവും നിബന്ധനകളുമൊക്കെയായി വിലയിരുത്തപ്പെട്ടു. കേരളത്തിലെ മുസ്ലീങ്ങളുടെ എഴുത്തുകളേയും ഇത്തരത്തിൽ വിഭജിക്കുന്ന ഒരു പ്രവണത ചരിത്രകാരന്മാരിൽ കാണാം. വാമൊഴിരൂപങ്ങളിലൂടെയും ആഘോഷവേളകളിലൂടെയും കലാവിഷ്കാരങ്ങളിലൂടെയുമെല്ലാം പ്രചരിക്കുന്ന

സാഹിത്യങ്ങൾ തദ്ദേശീയവും അല്ലാതെ വരമൊഴിരൂപത്തിലും നിയമ സംഹിതകളുടെ രൂപത്തിലും വൈജ്ഞാനികതയുടെ സ്വഭാവത്തിലുമുള്ള സാഹിത്യങ്ങൾ ഇസ്ലാം മതത്തിന്റെ സവിശേഷ വ്യവഹാരങ്ങളായും ഗണിക്കപ്പെടുകയാണ് ചെയ്തത്. മാപ്പിളപ്പാട്ടുകളെ മുഖ്യധാരാ സാഹിത്യചരിത്രങ്ങൾ മുഴുവനും നാടൻപാട്ടുകളുടെ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത് ഇത്തരം തദ്ദേശവൽക്കരണ ശ്രമങ്ങളുടെ മറ്റൊരു പ്രകാശനമായിട്ടാണ്. ഇത്തരത്തിലുള്ള ന്യൂനീകരണങ്ങൾ ജീവിക്കുന്ന ഇസ്ലാമിക സാഹിത്യത്തിന്റെ ഗ്രന്ഥസാധ്യതകളെ തള്ളിക്കളയുന്നതോടൊപ്പം ഗ്രന്ഥ ഇസ്ലാമിക സാഹിത്യത്തിന്റെ ചരിത്രജീവിതത്തെ അവഗണിക്കുകയും ചെയ്യുന്നു. ഇത്തരം ബോധ്യങ്ങൾ ഏകയാഥാർത്ഥ്യം ഉൾപ്പേറുന്ന സാർവലൗകിക ഇസ്ലാമും ഭാഗിക ഇസ്ലാമോ അനിസ്ലാമികമോ ആയ പ്രാദേശിക ഇസ്ലാമുകളും എന്ന ധാരണകളാണ് ഉൽപാദിപ്പിക്കുന്നത്. ദേശരാഷ്ട്ര മതേതര സങ്കൽപ്പങ്ങളുടെ ദേശഭാവനയാണിത്. നാം ഇസ്ലാമിന്റെ സാഹിത്യപാരമ്പര്യങ്ങളെ തദ്ദേശീകരിച്ച മനസിലാക്കേണ്ടതു സാർവദേശീയമായ ഉൾകാഴ്ചകളോടു കൂടി തന്നെയാണ്. ഇവിടെ ഹാമിദുൽ സൈനിന്റെ നിരീക്ഷണങ്ങൾ വളരെ പ്രധാനമാണ്. വളരെ ആത്മാർത്ഥമായാണ് അദ്ദേഹം മുസ്ലീം ദേശങ്ങളുമായി ഇടപെടുന്നത്. അദ്ദേഹം പറയുന്നത് മുസ്ലീം ദേശം എന്ന നിലയിൽ ഏകാത്മകമായ ഒരു ദേശ സങ്കൽപ്പം നാം വെച്ചു പുലർത്തരുത് എന്നാണ്. ഇസ്ലാം എന്നത് സാർവദേശീയം മാത്രമായ ഒരു പ്രവണതയാണ് എന്നും അതിനെ പ്രാദേശികവൽക്കരിക്കുന്നത് ഇസ്ലാമിന്റെ തന്നെ മനുഷ്യ പരിഗണനകൾക്ക് വിരുദ്ധമാണെന്നുമാണ് അദ്ദേഹം പറയുന്നത്. മുസ്ലീം പ്രദേശങ്ങളെ കുറിച്ച പഠിക്കുമ്പോൾ ഇസ്ലാമിന്റെ തിയോളജിയെ സംബന്ധിക്കുന്ന ചോദ്യങ്ങളെ നാം അഭിമുഖീകരിക്കേണ്ടതില്ലെന്നും മതത്തേയും അതിന്റെ വ്യവഹാര യുക്തികളേയുമല്ല നാം വിശകലനത്തിനു വിധേയമാക്കേണ്ടതെന്നും മറിച്ച് ഒരു lived islam നെയാണ് നാം കേന്ദ്രീകരിക്കേണ്ടത് എന്നുമാണ് അദ്ദേഹം പറഞ്ഞുവെക്കുന്നത്. എന്നാലിതിനു പിൻകാലത്ത് വിമർശനങ്ങളുണ്ടായിട്ടുണ്ട്. ഡെയ്ൽ എക്കിമാൻ പറയുന്നത് ഫോർമൽ തിയോളജിയും ലോക്കൽ പ്രാക്ടീസും തമ്മിൽ ഒരു മിഡിൽ ഗ്രൗണ്ടാണ് രൂപപ്പെടുത്തേണ്ടത് എന്നാണ്.

ഈജിപ്ഷ്യൻ നരവംശശാസ്ത്രജ്ഞനായ സമൂലീ ശീൽക്കെ മുസ്ലീം ദേശങ്ങളിലെ വർഷ സങ്കൽപ്പത്തെ കുറിച്ചും അത് എങ്ങനെയാണ് അവരുടെ ചരിത്രബോധത്തെ, പാരമ്പര്യബോധത്തെ, ഓർമകളെ,

പുരോഗതി സങ്കൽപ്പത്തെ, സർഗാത്മക ജീവിതത്തെ സ്വാധീനിക്കു ന്നത് എൻ്നതിനെ കുറിച്ചും വിശദമായി പഠിക്കുന്നുണ്ട്. being good in Ramadan എന്ന ലേഖനത്തിൽ റമളാൻ എന്ന വിശേഷ മാസത്തെ സർഗാത്മക രചനകൾക്കു വേണ്ടി പ്രേരിപ്പിക്കുന്ന ഒരു ധാർമിക പ്രഭാവ മായിട്ടാണ് വിശേഷിപ്പിക്കുന്നത്. റമളാനിൽ വല്ലാത്തൊരു ധാർമികത ഉണ്ടാവുകയും അത് ഒരു പൊതുബോധമായി മാറുകയും ചെയ്യുന്നുണ്ട്. തുടർന്ന് അദ്ദേഹം റമളാനിനെ ഒരു exceptional morality ആയിട്ടാണ് അവതരിപ്പിക്കുന്നത്. റമളാനിനു മുമ്പും ശേഷവുമുള്ള മാസങ്ങളിൽ കള്ള്, പെണ്ണ്, ഫോൺ വീഡിയോകൾ, മറ്റു ലൈംഗിക ആസക്തികളിലൊ ക്കെയായി അഭിരമിച്ചിരുന്നവർ റമളാൻ എന്ന പവിത്രമാസം വരുമ്പോൾ അവയെല്ലാം ത്യജിച്ച് ഇലാഹീ സ്മരണയിലേക്കു നീങ്ങുന്നതിനെയും ആ മണ്ഡലത്തിലുള്ള രചനകൾ നിർവഹിക്കുന്നതിനേയും ഒരു സവിശേഷ പ്രതിഭാസമായിട്ടാണ് ശീൽക്കെ കാണുന്നത്. റമളാനിനെ morality കൊണ്ട് അളക്കാൻ ശ്രമിക്കുകയും മുസ്ലീം സാഹിത്യജീവിതത്തെ മനസി ലാക്കുവാനുള്ള ഒരു ഉപകരണമായി moralityയെ ഉപയോഗപ്പെടുത്തുകയും ചെയ്തു എന്നിടത്താണ് ശീൽക്കെയുടെ പഠനങ്ങളുടെ പ്രശ്നം. ധാർമികതയ്ക്ക് മതത്തിനകത്തും പുറത്തും വ്യത്യസ്തമായ വിധങ്ങളിലാണെങ്കിലും സ്വതന്ത്ര മായ അസ്തിത്വമുണ്ട്. ഇസ്ലാമിന്റെ ധാർമികതയിലേക്കു മാത്രം മുസ്ലീങ്ങളുടെ സർഗാത്മക ധാർമികശേഷിയെ ചുരുക്കുന്നതിൽ ചില പരിമിതികളുണ്ട്.

മാപ്പിള മലയാള സാഹിത്യത്തിന്റെ ചരിത്രത്തിലും ശീൽക്കെയുടെ പഠനങ്ങൾക്കു വലിയ പ്രസക്തിയുണ്ട്. കാരണം ചില അറബി മലയാളം കൃതികളിൽ ആമുഖമായി തന്നെ ഈ ഗ്രന്ഥം റമളാനിലാണ് രചിച്ചിട്ടുള്ളത് എൻ്നു സവിശേഷമായി പ്രസ്താവിക്കുന്നതും അതിനു സവിശേഷമായി ലഭിക്കുന്ന പുണ്യത്തിനു വേണ്ടി പ്രാർത്ഥിക്കുന്നതും കാണാം. ഒരു വർഷ ത്തിൽ റമളാൻ എന്ന മാസത്തിനു സവിശേഷമായ ഒരു രചനാ കർതൃത്വം കൽപ്പിക്കുന്ന ഈ ആത്മീയ വീക്ഷണത്തെ സാഹിത്യ ചരിത്രരചനയുടെ മണ്ഡലത്തിൽ നിങ്ങൾ എവിടെയാണ് പ്രതിഷ്ഠിക്കുക. രചനാവർഷം മാത്രം പ്രസ്താവിക്കുന്ന, എല്ലാ മാസങ്ങൾക്കും തുല്യ പ്രാധാന്യം നൽകുന്ന ഒരു ചരി ത്രരചനാ പദ്ധതി മതിയാകുമോ മാപ്പിള സാഹിത്യത്തെ ചരിത്രവൽക്കരിച്ചു മനസിലാക്കുവാൻ?. ഓരോ മതസമൂഹങ്ങൾക്കും അവരവരുടേതായ ചരിത്ര വീക്ഷണങ്ങളുണ്ട്. അതിനെ കൂടെ പരിഗണിച്ചാൽ മാത്രമേ നമ്മുടെ ചരിത്ര രചനാ സമ്പ്രദായങ്ങൾ മതേതരമാകുകയുള്ളൂ. ഉദാഹരണത്തിന് മുസ്ലീങ്ങളുടെ

മതപരമായ ആഘോഷങ്ങൾ ചാന്ദ്രവർഷത്തിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കുക എന്നതിൽ ചരിത്രത്തെ സംബന്ധിക്കുന്ന, പുരോഗതിയെ സംബന്ധിക്കുന്ന ഒരു സാർവലൗകിക-സാഹോദര്യ വീക്ഷണം ഉൾച്ചേരുന്നുണ്ട്. ഒരു ദേശീയ ജനവിഭാഗത്തിന്റെ താൽപര്യങ്ങൾ മറ്റുള്ളവയുടെ മേൽ അടിച്ചേൽപ്പിക്കുമ്പോഴാണ് മതം അധിനിവേശപരമാകുന്നത്. ഇസ്ലാം മതപരമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും നിറവേറ്റുവാൻ സൗരവർഷ കലണ്ടറിനെ ആശ്രയിച്ചിരുന്നുവെങ്കിൽ ഇസ്ലാം അതിന്റെ സഞ്ചാരങ്ങളിലെല്ലാം ഒരു അധിനിവേശ മതമായി മാറുമായിരുന്നു. വാസ്തവത്തിൽ ആധുനികതയുടെ ലംബമാനവും രേഖീയവുമായ ചരിത്രദർശനത്തെ വിമർശാത്മകമാക്കുന്ന ഒരു ലോകവീക്ഷണം ഇസ്ലാമിന്റെ ഈ തിരശ്ചീനമായ ചരിത്രബോധത്തിൽ, പുരോഗമന ബോധ്യത്തിൽ നിലനിൽക്കുന്നില്ല. പ്രാചീന കാലം മുതൽക്കെ ആഗോളമായ സമൂഹങ്ങളെ അഭിസംബോധന ചെയ്യുവാനാണ് അറബികൾ ശ്രമിച്ചിട്ടുള്ളത്. ഇത് ഇസ്ലാം മതത്തിന്റെ തിയോളജിയേയും സാമൂഹ്യബോധ്യങ്ങളേയും സർഗാത്മകതയേയുമെല്ലാം വലിയ അളവിൽ സ്വാധീനിച്ചിട്ടുണ്ട്. സാഹിത്യചരിത്രരചനയുടെ മണ്ഡലത്തിൽ ഇസ്ലാമിന്റെ ഈ സാർവദേശീയ ചരിത്രബോധത്തെ നാം എവിടെയാണ് പ്രതിഷ്ഠിക്കുക.

മാപ്പിള സാഹിത്യലോകത്തും ഇത്തരത്തിലുള്ള സാർവദേശീയബന്ധങ്ങളുടെ പ്രത്യക്ഷമായ ഉദാഹരണങ്ങൾ കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. ഗ്രീക്ക് ഭാഷയിൽ നിന്നു പോലും വൈദ്യശാസ്ത്രഗ്രന്ഥങ്ങൾ അറബിമലയാളത്തിലേക്കു വിവർത്തനം ചെയ്തിട്ടുണ്ട്. സാർവദേശീയ പാഠം എന്ന ഒരു ജനസിനെ തന്നെ അറബി മലയാളത്തിൽ നിന്നു വേര്തിരിക്കുവാൻ സാധിക്കും. ഉദാഹരണത്തിന് കൊട്ടുമുടി അബ്ദുള്ള മുസ്ലിയാർ രചിച്ച ഇലാജുൽ അത്ഫാൽ എന്നും ശിശുചികിൽസ എന്നും പേരുള്ള കിതാബ്. പാർസി, ഖിബ്തി, ഗുജറാത്തി, തുർക്കി, കന്നട, മറാത്തി, സംസ്കൃതം തെലുങ്ക്, ചിങ്കിളി, ഇംഗ്ലീഷ്, ഗോവ, യാവ, ചീന, റഷ്യ, തമിഴ്, കച്ചീ ഭാഷകളിലുള്ള ശിശുചികിൽസാ ഗ്രന്ഥങ്ങളിൽ നിന്നും നമ്മുടെ നാട്ടിലെ ശിശുരോഗങ്ങൾക്ക് അനുസൃതമായിക്കൊണ്ടുള്ള ചികിൽസാവിധികൾ സംഗ്രഹിച്ച് വിവർത്തനം ചെയ്തിരിക്കുകയാണ് അദ്ദേഹം. ഈ പ്രവണതയെ ഏതു ദേശ-ഭാഷ-മത ഭാവനയ്ക്കകത്താണ് നാം പ്രതിഷ്ഠിക്കുക.

കാഥറിൻ പി. ഇവിൻ, നീന വെർബ്നർ തുടങ്ങിയ ആന്ത്രപോളജിസ്റ്റുകൾ സ്വപ്നം, മിത്ത്, ഫോക്ക് ലോർ, ഫാന്റസി, യാഥാർത്ഥ്യം എന്നിവയെ

പറ്റി മുസ്ലീം ദേശങ്ങളിലുള്ള സങ്കൽപനങ്ങളെ മുൻനിർത്തി മികച്ച കാഴ്ചപ്പാടുകൾ അവതരിപ്പിക്കുന്നുണ്ട്. ദൂരെ എവിടെയോ ഉള്ള ഒരു മതദേശത്തിന്റെ ലോകവീക്ഷണം മനസിലാക്കുന്നതിനു യൂറോപ്യൻ വായനക്കാരെ സഹായിക്കുവാനുള്ള ഗെയ്ഡുകൾ പോലെയാണ് ശ്രദ്ധേയമായ ഈ പഠനങ്ങളുടെ സ്വഭാവം. എന്നാൽ സാഹിത്യചരിത്രത്തിന്റെയും കലാചരിത്രത്തിന്റെയും പരിണാമങ്ങളിലൂടെ എങ്ങനെയാണ് ഇത് പ്രവർത്തിച്ചത് എന്നു നോക്കുവാനുള്ള ശ്രമങ്ങൾ വളരെ കുറവാണ്.ഒരുപക്ഷെ അങ്ങനെയുള്ള ശ്രമങ്ങൾ ഉണ്ടായിട്ടുള്ളത് സൽമാൻ റുഷിദിയുടെ "സാത്താനിക് വെയ്സസിന്റെ "വിവാദത്തെ തുടർന്നാണ്. അതായത് സാമൂഹ്യശാസ്ത്രത്തിന്റെ ആന്ത്രപോളജിക്,ഹിസ്റ്ററിയോഗ്രാഫിക്, എത്തിനോഗ്രാഫിക് വീക്ഷണങ്ങളിലൂടെ മാത്രം മുസ്ലീം ദേശങ്ങളെ പഠിക്കുന്ന രീതിയും അതല്ലാതെ അവരുടെ സാഹിത്യ-കലാ പ്രവർത്തനങ്ങളെ മാത്രം പഠിക്കുന്ന രീതിയും വേറെവേറെ തന്നെ നിലനിൽക്കുന്നത് ഒന്നാകുന്ന നിമിഷം. കാൾ പെറ്റിങ്ബിഷ്, ജാവീദ് മജീദ്, ഫ്രാൻസിസ് പ്രെഷറ്റ് എന്നിവർ മുസ്ലീംദേശങ്ങളിലെ കലാവിഷ്കാരങ്ങളെ കുറിച്ചു മാത്രം പഠിച്ചവരായിരുന്നു. മുസ്ലീം സംസ്കാരത്തിൽ മതപരമായ ആത്മീയതയും സാഹിതീയമായ ആത്മീയതയും തമ്മിലുള്ള കൊടുക്കൽ വാങ്ങലുകളെ കുറിച്ച് ഇവരെല്ലാം ചിന്തിക്കുന്നുണ്ട്. തന്റെ മതപരമായ വിശ്വാസത്താൽ തനിക്കു കൈവരുന്ന ആത്മീയാനുഭവത്തെ രഹസ്യമാക്കി വെക്കണമെന്നും അത് പരസ്യമാക്കുന്നതു പാപമാണെന്നുമുള്ള വിശ്വാസം പുലർത്തിപ്പോരുന്ന മുസ്ലീങ്ങൾ തങ്ങളുടെ ആത്മീയാനുഭവങ്ങളെ മറ്റുള്ളവരിലേക്കു കൈമാറ്റം ചെയ്യുവാൻ ഭാവനയുടെ ഇടനിലയുള്ള സാഹിത്യത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനെ കുറിച്ച് ഇവർ എഴുതുന്നുണ്ട്. മാപ്പിള മലയാളം കൃതികളിൽ ഇതു ഏറ്റവും കൂടുതൽ കണ്ടുവരുന്നത് പുണ്യജീവിതചരിത്രങ്ങളുടെ മണ്ഡലത്തിലും നബിസ്തുതികളിലുമൊക്കെയാണ്. പാടാത്തകായിൽ സ്വാലിഹ് മൗലയെ കുറിച്ചുള്ള ജീവചരിത്രപ്പാട്ടിനെയും കോടമ്പിയ റഹ്മാൻ രചിച്ച ഖിളിഃർ നബി ജീവചരിത്രത്തെയും മുൻനിർത്തി എന്തുകൊണ്ടാണ് ആധുനികതയുടെ സന്ദർഭങ്ങളിൽ ഭാവന, സ്വപ്നം, മോഹം, തമാശ, അൽഭുതം തുടങ്ങിയ ആഖ്യാനരീതികൾ മാപ്പിളമലയാള സാഹിത്യത്തിലെ മതകീയമായ പാഠങ്ങളിൽ ഏറിവരുന്നത് എന്ന് വിശദമായി പഠിക്കുവാൻ ഹുദൈഫ റഹ്മാൻ ശ്രമിച്ചിട്ടുണ്ട്.

സബാ മഹ്മൂദും ചാൾസ് ഹിഷ്കിന്നുമൊക്കെ അഭിപ്രായപ്പെടുന്നപോലെ ഒരു മതത്തിലെ ആചാരം ethical ആയി മാറുന്നത് ആ

ആചാരത്തിൽ അന്തർലീനമായി കിടക്കുന്ന ആന്തരിക സൗന്ദര്യംകൊണ്ടും അത് അനുഷ്ഠിക്കുന്നവർ മനസ്സിൽ വെച്ചുപുലർത്തുന്ന നിയത്തുകളുടെ സത്യ സന്ധത കൊണ്ടുകൂടിയാണ്. എന്നുവെച്ചാൽ കാലങ്ങളായി മനസ്സിൽ ഒരു കൃതിയുടെ പവിത്രത കാത്തുസൂക്ഷിക്കുകയും അതിന്റെ പാരായണ കാലം ആഗതമാകുമ്പോൾ അതിനെ സക്രിയമായി സ്വീകരിക്കുകയും ചെയ്യുന്നതു കൊണ്ടുകൂടിയാണ് സാഹിത്യ പാരായണം ഒരു ethical act ആകുന്നതും. മാപ്പിളസാഹിത്യത്തിന്റെ ചരിത്രത്തെ കുറിച്ചുള്ള ആലോചനകളിലും മതധാർമികതയെ കുറിച്ചുള്ള സിദ്ധാന്തങ്ങൾക്ക് ചില പ്രയോഗസ്ഥാനങ്ങളുണ്ട്. വൈജ്ഞാനികമായ വൈദ്യശാസ്ത്രകൃതികളായാലും സർഗാത്മകമായ പ്രണയകാവ്യങ്ങളായാൽ പോലും അല്ലാഹുവിനെ സ്തുതിച്ചും പ്രവാചകന് സ്വലാത്തു നേർന്നുമുള്ള പ്രാർത്ഥനകളോടെയാണ് മാപ്പിളമാർ ആരംഭിക്കുക. അതുകൊണ്ടു തന്നെ സാഹിതീയഭാവനയെ നിർണയിക്കുന്നതിൽ ആ സമൂഹത്തിലെ മതബോധത്തിനു സവിശേഷമായ ചില പ്രകാരങ്ങളുണ്ട്. അതിന്റെ ഏറ്റക്കുറച്ചിലുകൾ മാപ്പിളസാഹിത്യ ചരിത്രത്തിനു തുടർച്ച നൽകുന്ന ഘടകങ്ങൾ തന്നെയാണ്.

1980കളിലാണ് മുസ്ലീം ലൊക്കേറ്റുകളെ സംബന്ധിക്കുന്ന സംവാദങ്ങളിൽ തലാൽ അസദ് പ്രവേശിക്കുന്നത്. മുസ്ലീം ദേശങ്ങളിലെ ടെക്സ്റ്റുകളാണോ പഠിക്കേണ്ടത് അതല്ല മുസ്ലീം ജീവിത വ്യവഹാരങ്ങളാണോ എന്ന ചോദ്യത്തെ അസദ് അഭിമുഖീകരിക്കുന്നുണ്ട്. മുസ്ലീം ലൊക്കേറ്റുകളുടെ സാർവദേശീയാഭിമുഖ്യത്തേയും പ്രാദേശികാനുഭവത്തേയും സമീകരിക്കുവാൻ യൂറോ കേന്ദ്രിതമായ വിചാര മാതൃകകൾക്കു അതായത് ജ്ഞാനോദയ യുക്തി ചിന്ത, വ്യക്തിവാദം,ബൂർഷാ മതേതരത്വം തുടങ്ങിയ സങ്കൽപ്പനങ്ങൾക്കു സാധിക്കില്ല എന്നാണ് അദ്ദേഹം പറയുന്നത്. ഉദാഹരണമായി സാഹിത്യ പരവും സാഹിത്യേതരവുമായ ഗ്രന്ഥങ്ങളിലൂടെ ഇസ്ലാമിനു പുറത്തുള്ളവർക്ക് ഇസ്ലാമിക വിശ്വാസ കർമ്മങ്ങൾ പരിചയപ്പെടുത്തുവാനുള്ള ശ്രമങ്ങൾ ആഗോളടിസ്ഥാനത്തിൽ തന്നെ പ്രാദേശിക ഭാഷകളിൽ വളരെ പിൻകാലത്താണ് കാണപ്പെടുന്നത് എന്ന വസ്തുതയെ അസദ് ചൂണ്ടിക്കാട്ടുന്നുണ്ട്. അറബി മലയാളത്തിലും മലയാളത്തിൽ തന്നെയും ഇസ്ലാമിന്റെ തത്വസംഹിതകൾ സംക്ഷിപ്തമായോ സമഗ്രമായോ ഭാഗികമായോ പരിചയപ്പെടുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ള കൃതികൾ പുറത്തുവന്നു തുടങ്ങുന്നത് കൊളോണിയൽ ആധുനികതയോട് പ്രതിരോധിച്ചു നിന്ന പത്തൊമ്പത്, ഇരുപത് നൂറ്റാണ്ടുകളിലാണ്. ഇസ്ലാമിനെയും മുസ്ലീങ്ങളേയും ഗ്രന്ഥരൂപേണ വിമർശിക്കുകയോ

ഗ്രന്ഥമെഴുതി വികലമാക്കുകയോ ചെയ്തതിനെ പ്രതിയായിരുന്നു മുസ്ലീങ്ങൾക്കിടയിൽ നിന്ന് പ്രബോധനസ്വഭാവമുള്ള ഇസ്ലാമിക സാഹിത്യങ്ങൾ പിറക്കുന്നത്. കൊളോണിയലിസവും ഇസ്ലാമിക മതപ്രബോധനവും തമ്മിലുള്ള ഈ ബന്ധത്തെ എങ്ങനെയാണ് യൂറോപ്യൻ മതേതരത്വത്തിന് വിശദീകരിക്കുവാൻ സാധിക്കുക. കൊളോണിയലിസത്തിനു മുമ്പുവരെ അധികാരബന്ധങ്ങൾ, ജീവിത മാതൃക, കറാമത്തുകളെ സംബന്ധിക്കുന്ന വാമൊഴി പ്രചാരങ്ങൾ, ആളുകൾ കൂടുന്നിടത്തുള്ള പ്രസംഗങ്ങൾ, നേരിട്ടുള്ള പരിചയപ്പെടുത്തൽ കത്തെഴുത്ത് തുടങ്ങിയ മാർഗങ്ങളിലൂടെയാണ് ഇസ്ലാമിക പ്രബോധനം കൂടുതലായും നടന്നിട്ടുള്ളത്. ഗ്രന്ഥങ്ങളിലൂടെയുള്ള പ്രബോധനം അച്ചടി സംസ്കാരം പ്രചോദിപ്പിച്ചതാണ് എന്നു കാണാം. ഇങ്ങനെ പ്രാദേശിക ഭാഷകളിൽ ഇസ്ലാമിക തത്വങ്ങൾ വിശദീകരിക്കുന്ന കൃതികൾ ഉണ്ടായിട്ടില്ലെങ്കിലും മുസ്ലീം പ്രാദേശികതകളിൽ ഇസ്ലാമിന്റെ ഫോർമൽ തിയോളജിയിൽ നിന്ന് വിട്ടു നിൽക്കുന്ന ഒരു ഭൂരിപക്ഷത്തെ കണ്ടെത്തുവാൻ സാധിക്കുകയില്ലെന്നും അദ്ദേഹം പറയുന്നുണ്ട്. വെള്ളിയാഴ്ച ഖുതുബ കേൾക്കൽ, ഫത്വ ചോദിക്കൽ തുടങ്ങിയ ഫോർമൽ തിയോളജിയുടേതായ മേഖലകളിൽ ദൃഢത കൂടിയ മുസ്ലീങ്ങളെയാണ് നമ്മുടെ നാട്ടിലെ മുസ്ലീം ദേശങ്ങളിൽ പോലും കാണാനാകുന്നത് എന്ന വസ്തുത അസദിന്റെ വീക്ഷണങ്ങളെ ന്യായീകരിക്കുവാൻ നമ്മെ പ്രേരിപ്പിക്കും.

അസദ് വാസ്തവത്തിൽ പഠിച്ചത് മുസ്ലീം സാഹിത്യത്തിലെ മതേതരത്വത്തിന്റെ അളവുകളെയല്ല, മതേതരം എന്നു നാം പറഞ്ഞുവരാറുള്ള സങ്കൽപ്പത്തിനകത്ത് മുസ്ലീം ജീവിതത്തിന്റെ ലോകവീക്ഷണം എത്രത്തോളമുണ്ട് എന്നാണ്. ഏതെല്ലാം തരത്തിലാണ് സാഹിത്യചിന്തയിലും സാഹിത്യവിമർശനത്തിലും ക്രിസ്ത്യാനിറ്റിയുടെ ലോകബോധം അവിഭാജ്യമായ വിധത്തിൽ ഊറിക്കൂടിയിട്ടുള്ളത് എന്നു വിശദീകരിച്ചുകൊണ്ട് സൗന്ദര്യശാസ്ത്രപരവും എപ്പിസ്റ്റമോളജിക്കലുമായ പ്രാതിനിധ്യം എന്തുകൊണ്ടാണ് ഇസ്ലാമിനു ലഭിക്കാതെ പോയത് എന്നാണ് അദ്ദേഹം വിശദീകരിക്കുന്നത്. സോഷ്യൽ സയൻസും ആന്ത്രോപോളജിയും ഉപയോഗിക്കുന്ന ലിബറൽ ക്യാറ്റഗറികളേയാണ് അസദ് വിമർശവിധേയമാക്കുന്നത്. മതം എന്നതു കൊണ്ടും പാരമ്പര്യം എന്നതു കൊണ്ടും ഒരു ലോകവീക്ഷണവും അപ്രസക്തമല്ല എന്നു അദ്ദേഹം യൂറോപ്യൻ ലോകബോധത്തെ ഓർമപ്പെടുത്തുന്നുണ്ട്. മതപരമായ ജ്ഞാനത്തേയും മതാനുഭവത്തേയും രണ്ടായി കാണുന്ന അവരുടെ രീതിയേയും അസദ് വിമർശിക്കുന്നു. മതവിരുദ്ധമാകാത്ത,

ഇഹലോകമാത്ര കൽപ്പിതമാകാത്ത സെക്കുലറിസത്തെ മാത്രമേ പിന്തു ണയ്ക്കാനാകൂ എന്നതാണ് അദ്ദേഹത്തിന്റെ സാമൂഹ്യദർശനം. , ഇസ്ലാമിന്റെ സാർവലൗകിക-മാനവിക പരിഗണനകൾക്ക് ദേശരാഷ്ട്ര രൂപത്തിൽ നിവർത്തിക്കപ്പെടുന്ന മതേതരത്വം എപ്പോഴും വിലങ്ങുതടികളായി മാറും എന്ന് അദ്ദേഹം പറയുന്നുണ്ട്. ആധുനികദേശരാഷ്ട്രങ്ങളിൽ എന്തുകൊ ണ്ടാണ് മുസ്ലീങ്ങളും അവരുടെ കലാ-സാഹിത്യാവിഷ്കാരങ്ങളും അപര വൽക്കരിക്കപ്പെടുന്നത് എന്ന ചോദ്യത്തെ ഈ ആശയവുമായി അസദ് ബന്ധപ്പെടുത്തുന്നുണ്ട്.

മുസ്ലീം ഭൂരിപക്ഷപ്രദേശങ്ങളിലും മുസ്ലീം ന്യൂനപക്ഷപ്രദേശങ്ങളിലും സാഹിത്യാനുഷ്ഠാനങ്ങൾക്കും മതാനുഷ്ഠാനങ്ങൾക്കും തമ്മിലുള്ള ബന്ധങ്ങ ളിൽ വരുന്ന വ്യത്യാസങ്ങളെ കുറിച്ചാണ് അസദ് പറയുവാൻ ശ്രമിക്കുന്നത്. മുസ്ലീം സാഹിത്യാവിഷ്കാരങ്ങളിൽ കടന്നുവരുന്ന അനുഷ്ഠാനപരമായ സവിശേഷ പദപ്രയോഗങ്ങളെ ആന്ത്രോപോളജിസ്റ്റുകൾ നിർവചിച്ച രീതികളെ അസദ് വിമർശിക്കുന്നത് ഇസുത്സുവിന്റേയും ഫൂക്കോയുടേയും വിറ്റഗർ സ്റ്റെയ്നിന്റേയും ഉത്തരാധുനിക സിദ്ധാന്തങ്ങളെ ആശ്രയിച്ചാണ് . സാഹിത്യാനുഷ്ഠാനങ്ങളുടെ ആചാരപരത അയഞ്ഞുകിടക്കുകയാണെ ങ്കിൽ അത് വ്യക്തിയിൽ ആത്മസംസ്കരണത്തിനു അവസരമൊരുങ്ങുകയും അത് മതപരത (Religiosity) വർദ്ധിക്കുവാൻ കാരണമാകുകയും ചെയ്യുന്നു. മറ്റൊരു വീക്ഷണത്തിൽ പറഞ്ഞാൽ മതാനുഷ്ഠാനങ്ങളുടെ perfection ഉം അതിലെ തന്നെ അനുഷ്ഠാനഭേദങ്ങളും അതിലെ പാളിച്ചകളും അതിലേക്കു ള്ള ലയനവുമെല്ലാം മുസ്ലീമിന്റെ സാഹിത്യജീവിതത്തെ നിർണയിക്കുന്ന ഘടകങ്ങളാണ് എന്നർത്ഥം.

മുസ്ലീം ദേശങ്ങളെ സംബന്ധിച്ചിടത്തോളം പാരമ്പര്യം(സുന്നത്ത്) എന്നത് സ്ഥിരമായ ഒരു പ്രൊജക്റ്റാണ് എന്നു വിശദീകരിക്കുവാനാണ് ഭൂരിഭാഗം സാമൂഹ്യശാസ്ത്രജ്ഞരും ശ്രമിച്ചിട്ടുള്ളത്. ഇതര സമൂഹങ്ങളുടെ സാഹിത്യങ്ങളെ പഠിക്കുന്നതിനേക്കാൾ ചലനാത്മകത കുറഞ്ഞതും വസ്തുനിഷ്ഠത കൂടിയതുമായ പ്രവണതകളേയാണ് അവർ മുസ്ലീം ദേശ ങ്ങളിലെ സാഹിത്യത്തെ കുറിച്ചു പഠിക്കുവാൻ സ്വീകരിക്കുന്നത് എന്നു നമുക്കു കാണുവാനാകും . നിരന്തരമായി മാറ്റങ്ങൾക്കു വിധേയമാകുവാനും കാലവുമായി ഇതര ദേശങ്ങൾ പൊരുത്തപ്പെടുന്നതിനേക്കാൾ വേഗതയിൽ പൊരുത്തപ്പെടുവാനും സാധിക്കുന്ന സാമൂഹിക പ്രതിഭാസമായാണ് മുസ്ലീം ദേശങ്ങളുടെ സാഹിതീയ പാരമ്പര്യത്തെ അസദ് അടയാളപ്പെടുത്തുന്നത്.

ഇതു മാപ്പിള മലയാള സാഹിത്യപാരമ്പര്യത്തിന്റെ പ്രധാന സ്വഭാവമാണെന്നും കാണാം. തദ്ദേശവൽക്കരിക്കപ്പെടാത്ത ഇസ്ലാമിക ചിഹ്നങ്ങളോട് സൂഫികൾ വിയോജിച്ചതായി കൃതികളിലെ ചില സൂചനകളിൽ നിന്നും പ്രകടമാണ് എന്നു നൈൽ ഗ്രീൻ വ്യക്തമാക്കുന്നുണ്ട്.തദ്ദേശീയ സാഹിത്യത്തിന്റെ സവിശേഷതകളും മതജീവിതത്തിലെ അനുഷ്ഠാനങ്ങളും തമ്മിലുള്ള പാരസ്പര്യത്തെ കുറിച്ചാണ് ഇവരെല്ലാം ചിന്തിക്കുന്നത്. അതുപോലെ ഇതര സമൂഹങ്ങളുമായി പരസ്പരം ലയിച്ചു നിന്നുകൊണ്ടാണ് മുസ്ലീങ്ങൾ സാഹിത്യ പാരമ്പര്യം നിർമ്മിച്ചെടുക്കുന്നത്. ഉദാഹരണത്തിന് മാപ്പിള മലയാളത്തിൽ തച്ചുശാസ്ത്ര ഗ്രന്ഥങ്ങൾ ഇതര ശാസ്ത്രശാഖകളേക്കാൾ കുറവായിട്ടാണ് കാണുവാനാകുക. അത് എന്തുകൊണ്ടെന്നാൽ പ്രസ്തുത ശാസ്ത്രശാഖ പരമ്പരാഗതമായി കൈകാര്യം ചെയ്തുവന്ന ജനവിഭാഗങ്ങളുമായി മുസ്ലീങ്ങൾക്ക് നല്ലതരത്തിലുള്ള സഹവർത്തിത്വമാണ് ഉണ്ടായിരുന്നത് എന്നതുകൊണ്ടുതന്നെ. സ്വന്തമായി അത് കൈകാര്യം ചെയ്യേണ്ടിവന്ന അവസരങ്ങൾ കുറവായതുകൊണ്ടു തന്നെ. ഇങ്ങനെ തീർത്തും പ്രാദേശികമായ ഒരു വിതാനത്തിലാണ് മാപ്പിളമലയാള സാഹിത്യങ്ങൾ രചിക്കപ്പെടുന്നത്. വൈദ്യശാസ്ത്ര കൃതികളിൽ ഇതു വളരെ പ്രകടമാണ്. ഔഷധ ദ്രവ്യങ്ങളുടെ ലഭ്യതയിൽ പ്രാദേശിക വൈജാത്യങ്ങൾക്ക് കാര്യമായ നിർണായകത്വമുണ്ട്. സംസ്കൃതത്തിലും സംസ്കൃത മലയാളത്തിലും രചിക്കപ്പെട്ട വൈദ്യശാസ്ത്ര ഗ്രന്ഥങ്ങളിലുള്ളതിനേക്കാൾ പ്രാദേശിക ലഭ്യതയുള്ള ഔഷധങ്ങളെ കുറിച്ച് പ്രതിപാദിക്കുന്നത് മാപ്പിള മലയാളത്തിലാണ് എന്നു കാണാം. മാത്രവുമല്ല വടക്കൻ കേരളത്തിൽ നിന്ന് സംസ്കൃതത്തിലുള്ള വൈദ്യശാസ്ത്ര ഗ്രന്ഥങ്ങൾ വളരെ കുറച്ചു മാത്രമേ ലഭ്യമായിട്ടുള്ളൂ എന്നതും മാപ്പിള മലയാളത്തിന്റെ പ്രാദേശികപരതയ്ക്ക് മികച്ച ഒരു തെളിവാകുന്നുണ്ട്. പ്രാദേശികമായ മൂലകങ്ങൾ ഒട്ടും കടന്നുവരാത്ത കൃതികളും മാപ്പിള മലയാളത്തിൽ രചിക്കപ്പെട്ടിട്ടുണ്ട്. അതിൽ പ്രധാനം ജ്യോതിശാസ്ത്ര ഗ്രന്ഥങ്ങളാണ്.ഭൂമിയിൽ എവിടെയും ഒരുപോലെ ബാധകമായ, മാറ്റമില്ലാത്ത നിയമങ്ങളാണല്ലോ ജ്യോതിശാസ്ത്രം ചർച്ച ചെയ്യുന്നത്. ഇത്തരത്തിൽ പ്രാദേശികമായ മൂലകങ്ങൾക്ക് പ്രാതിനിധ്യമില്ലാത്ത മണ്ഡലങ്ങളിൽ കാര്യത്തിൽ മാപ്പിളമലയാള രചയിതാക്കൾ സ്വതന്ത്രകൃതികൾക്കു പകരം വിവർത്തനകൃതികളാണ് ആവിഷ്കരിക്കുന്നത് എന്നു കാണുവാനാകും. ജ്യോതിശാസ്ത്രരംഗത്ത് കേരളത്തിന്റെ സവിശേഷ പ്രകൃതത്തിൽ നിന്നുകൊണ്ട് സ്വതന്ത്രരചനകൾ നടത്തുന്നതിനു പകരം അറബിയിൽ നിന്നും സംസ്കൃതത്തിൽ നിന്നും കൃതികൾ വിവർത്തനം

ചെയ്യുവാനാണ് രചയിതാക്കൾ ശ്രമിച്ചിട്ടുള്ളത്. ഇത് മാപ്പിള മലയാളഭാഷയെ കൂടുതൽ നാടനാക്കി തീർക്കുന്നു. സാർവലൗകികമായ തത്വങ്ങൾ വിശദീകരിക്കുവാൻ പാകത്തിൽ വികസിച്ച ഒരു ഭാഷാരൂപം തന്നെയായിരുന്നു മാപ്പിള മലയാളം എന്നത് നമ്മെ അൽഭുതപ്പെടുത്തേണ്ടതാണ്.

പക്ഷെ മാപ്പിള മലയാളത്തിന്റെ ഈ ദേശീയ - സാർവദേശീയ ആഭിമുഖ്യങ്ങളെ ഇന്നത്തെ ദേശരാഷ്ട്ര- ആഗോളവൽക്കരണ യുക്തികളിൽ മനസിലാക്കുന്നതു ശരിയല്ല. ഇതിനെ അസദ് വിശദീകരിക്കുന്നത് ഇങ്ങനെയാണ്. മുസ്ലീം ലോക്കൽ ലിട്രേച്ചറിനെ കുറിച്ച് അന്വേഷിക്കുന്ന ആന്ത്രപോളജിസ്റ്റുകൾ മക്കയിൽ പോയി മരിച്ചാൽ മതിയെന്ന ആഗ്രഹം പ്രകടിപ്പിക്കുന്ന സാഹിത്യത്തെ കുറിച്ചു എന്തു പറയും, ജനിച്ച ദേശത്തോടു യാതൊരു നൊസ്റ്റാൽജിയയും പ്രകടിപ്പിക്കാത്ത ഇത്തരം മുസ്ലീം ഭാവനകളെ എങ്ങനെയാണ് ആന്ത്രപോളജി കാണുക. മെത്തഡോളജിക്കൽ നാഷണലിസത്തിനകത്ത് നിന്നുകൊണ്ട് ചിന്തിക്കുമ്പോഴാണ് ഇതു ഒരു കുഴപ്പം പിടിച്ച സംഗതിയായി തോന്നുന്നത് എന്നാണ് അദ്ദേഹം പറയുന്നത്. മതകേന്ദ്രിതമായ ചിന്തകളെ ക്രിയേറ്റീവ് സബ്ജെക്റ്റിനു അകത്തേക്കു കൊണ്ടുവരികയല്ല അസദ് ചെയ്തത്. മറിച്ച് വ്യത്യസ്ത തരത്തിലുള്ള സാഹിതീയ ജീവിതങ്ങളെ ആന്ത്രോപോളജിക്ക് പരിചയപ്പെടുത്തിക്കൊടുക്കുകയാണ് അസദ് ചെയ്തത്. അത്തരം അടിസ്ഥാനപരമായ വിഷയങ്ങളിലേക്കു കടക്കുന്നതിനു പകരം Formation of the secular എന്ന പുസ്തകത്തിൽ അസദ് പരാമർശിക്കുന്നതുപോലെ മുസ്ലീം സാഹിത്യ ജീവിതത്തിലൂടെ എങ്ങനെ ഒരു ഇസ്ലാം രൂപപ്പെടുന്നുവെന്നതാണ് നരവംശശാസ്ത്രത്തിന്റെ അന്വേഷണം എന്ന് ഉപസംഹരിക്കലായിരിക്കും ഉചിതമെന്നു തോന്നുന്നു.

ഇസ്ലാമിന്റെ സാഹിത്യ പരിഗണനയെ സൂചിപ്പിക്കുവാൻ 1998ൽ ഖാസ്മി നടത്തുന്ന പ്രയോഗം കൾച്ചർ ഓഫ് ലേണിങ് എന്നാണ്. സാഹിത്യത്തെ സമൂഹത്തിലെ ഒരു പ്രത്യേക വിഭാഗത്തിന്റെ അതായത് സാഹിത്യകാരന്മാർ എന്ന വിഭാഗത്തിന്റെ സവിശേഷ പ്രവർത്തനമായി തിരിച്ചറിയുന്ന സമകാല സാഹിത്യ സമീപനത്തിൽ നിന്നും തീർത്തും ഭിന്നമായിരുന്നു മുസ്ലീംദേശങ്ങളുടെ സാഹിത്യ സമീപനം എന്നു സൂചിപ്പിക്കുവാനാണ് ഈ പ്രയോഗം ഇന്നു ആവശ്യമായി വരുന്നത്. മാത്രവുമല്ല അതിനേക്കാൾ പ്രധാനം ഇസ്ലാമിന്റെ സാഹിത്യസമീപനത്തിൽ ഇന്നു നാം അറബി മലയാളം കൃതികളേയും മറ്റും വർഗീകരിക്കുന്ന പോലെ ഭക്തിപരം, സാമൂഹികപരം, വൈജ്ഞാനികപരം എന്നിങ്ങനെയുള്ള വർഗീകരണങ്ങൾ

ഉണ്ടായിരുന്നില്ല എൻ്നത്. ഇങ്ങനെയൊരു വിഭജനം സജീവമാകാത്തതു കൊണ്ടാണ് അറബി മലയാളം കൃതികൾ ഒന്നിലധികം ജനസുകളിലേക്കു പരന്നൊഴുകുന്നത്. അതായത് മധ്യകാല കേരളീയ മുസ്ലീം സാഹിത്യത്തിൽ ഒരു മാനുഷിക സൂക്ഷ്മത, ഒരു പ്രസ്ഥാനഭയം ഉണ്ടായിരുന്നില്ല.

ഓരോരോ ചരിത്ര സന്ദർഭങ്ങളിൽ ഖുർആനിലെ ദിവ്യസന്ദേശങ്ങളെ വ്യാഖ്യാനിക്കാനും മനസിലാക്കാനും നടപ്പിലാക്കാനും മനുഷ്യന് സഹായകമായി തീരേണ്ട വളരെ പ്രധാനപ്പെട്ട ഒരു ഫാക്കൽറ്റി എന്ന നിലയിലാണ് ഇസ്ലാം സർഗാത്മകശേഷിയെ പരിഗണിക്കുന്നത്. അതുകൊണ്ടു തന്നെ സാഹിത്യരചനയും സാഹിത്യ വ്യാഖ്യാനങ്ങളും തുല്യനിലയിൽ സർഗാത്മകമായി പരിഗണിക്കപ്പെട്ടിരുന്നു. അല്ലെങ്കിൽ അതു പരസ്പരം ലയിച്ചാണ് നിലനിന്നത്. ഒരു സാഹിത്യകൃതിയെ മറ്റൊരു സാഹിത്യകൃതിയുടെ വ്യാഖ്യാനമായോ വിമർശനമായോ സ്വാധീനമായോ ഒക്കെ കണ്ടുകൊണ്ടുള്ള ഒരു വായനാ സംസ്കാരമാണ് കേരള മുസ്ലീമുകളിൽ പോലും നിലനിന്നത്. നിയതമായ ചില മുൻവിധികൾ ടെക്സ്റ്റിൽ അടിച്ചേൽപ്പിക്കുന്നതിനു പകരം ടെക്സ്റ്റുകൾക്ക് മനുഷ്യൻ നൽകുന്ന വ്യാഖ്യാനങ്ങളെ അതത് ചരിത്രഘട്ടങ്ങളിൽ മൂല്യവത്തായി കാണുകയും തുടർന്നു വരുന്ന ജനപഥങ്ങൾക്ക് അവരവരുടേതായ വ്യാഖ്യാനങ്ങളുണ്ടാക്കുവാൻ അർഹതയുണ്ടെന്നു അംഗീകരിക്കുകയും ചെയ്യുന്ന വിശാലമനസ്കത മുസ്ലീം പണ്ഡിതരിൽ പോലും ആഴത്തിൽ നിലനിന്നിരുന്നു. വളരെ ജനാധിപത്യപരമെന്നു വിശേഷിപ്പിക്കാവുന്ന ഈ ഒരു രചനാ സമീപനമാണ് നൂറുകണക്കിന് മദ്ഹബുകൾ ദീനീ വൈജ്ഞാനികരംഗത്തും നവീനമായ ശാസ്ത്രീയപഠനങ്ങൾ മറ്റു സാമൂഹ്യമണ്ഡലങ്ങളിലും ജന്മം നൽകിയത്.

മുസ്ലീങ്ങൾക്കകത്തുള്ള വിഭാഗീയത(sectarianism) ഇസ്ലാമിക സാഹിത്യത്തെ എങ്ങനെയാണ് ബാധിച്ചിട്ടുള്ളത് എന്ന അന്വേഷണം കൂടെ സാഹിത്യചരിത്ര വിജ്ഞാനീയം ഏറ്റെടുക്കേണ്ടതുണ്ട്. അപ്പോൾ മാത്രമേ സാഹിത്യചരിത്ര വിജ്ഞാനീയത്തിന് സാമൂഹ്യശാസ്ത്രപരമായ ഉൾക്കാഴ്ചകൾ പ്രദാനം ചെയ്യുവാനാകൂ. സാഹിത്യചരിത്രത്തിൽ വിഭാഗീയതയ്ക്ക് എന്താണ് പ്രസക്തി എൻ്നാൽ ഒന്നാമതായി ഇസ്ലാമിലെ ചില വിഭാഗങ്ങൾക്ക് ചട്ടുലവും ഗൗരവമാർന്നതുമായ സർഗാത്മക പാരമ്പര്യമില്ല. ഉദാഹരണത്തിന് സലഫികളും വഹാബികളും. പലപ്പോഴും കലാപരവും സാഹിത്യപരവും സൗന്ദര്യപരവുമായ പാരമ്പര്യങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് എതിരെയാണ് അവരുടെ ചിന്താരീതികൾ മുന്നേറുക. അത്തരം

സർഗാത്മക-ബദൽ ബൗദ്ധിക പാരമ്പര്യങ്ങളെ മൂടിവെക്കുവാനും അതിനു തുടർച്ച നിഷേധിക്കുവാനും മാത്രമുള്ള സ്വാധീനബലം അവർക്ക് മുസ്ലീം ലോകങ്ങളിൽ ഉണ്ടുതാനും. ഇതിനു പ്രകടമായ ചില ഉദാഹരണങ്ങൾ അറബി മലയാളത്തിൽ നിന്ന് നൈൽഗ്രീൻ ചൂണ്ടിക്കാട്ടുന്നുണ്ട്. അതായത് ആധുനികത സജീവമാകുന്നതുവരെ സൂഫികളുടെ ജീവചരിത്രങ്ങൾ രചിക്കുക എന്നത് ഇസ്ലാമിക സാഹിത്യപാരമ്പര്യത്തിന്റെ സുപ്രധാനമായ ഒരു ശൈലിയായിരുന്നു. എന്നാൽ ഇരുപതാം നൂറ്റാണ്ടിൽ ശക്തിയാർജിച്ച മതപരിഷ്കരണ വിഭാഗങ്ങൾക്ക് പൊതുവെ ദിവ്യരായ സൂഫികളുടെ കറാമത്തുകളെ കുറിച്ചുള്ള പറച്ചിലുകൾ നിഷിദ്ധമായ ഒന്നായി തീർന്നു. അത്തരം സാഹിത്യ പ്രവർത്തനങ്ങളെ വരെ ഷിർക്ക് എന്നും ഖുർആൻ വിരുദ്ധം എൻ്നുമാണ് ആ വിഭാഗങ്ങൾ വിലയിരുത്തിയത്. അത്തരം വ്യാഖ്യാനങ്ങൾ സൂഫിഗുരുക്കന്മാരുടെ ജീവചരിത്രമെഴുത്ത് എന്ന ജനസിൽ തന്നെ ഗണ്യമായ കുറവുണ്ടാകുവാൻ കാരണമായി. ചില സൂഫിഗ്രൂപ്പുകൾ പൂർണമായും ജീവചരിത്രപ്പാട്ട് എന്ന രൂപത്തെ പൂർണമായും ഉപേക്ഷിച്ചു. അവർ ഇന്ന് കലാ-സാഹിത്യങ്ങളെ മാത്രമല്ല അതിനെ പഠനവിഷയമാക്കുന്ന സർവകലാശാലകളേയും ഗവേഷകരേയും വിദ്യാർത്ഥികളേയുമെല്ലാം സ്വാധീനിക്കുകയും സർഗാത്മക വിരുദ്ധ ബൗദ്ധികധാര വികസിപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു. ആധുനിക പൂർവ ഗ്രന്ഥങ്ങളുടെ സത്തയെ പറ്റിയും ചരിത്രസമയത്തെ പറ്റിയും വിസ്മരിച്ചുകൊണ്ട് ഗ്രന്ഥ/ രചനകളെ വർത്തമാന വായനയ്ക്ക(presentis reading) വിധേയമാക്കുക എന്ന അപകടകരമായ പ്രവണതയാണ് ഇവർ പ്രോൽസാഹിപ്പിക്കുന്നത്. പതിനാറ്-പതിനേഴ് നൂറ്റാണ്ടുകളിലെ ഗ്രന്ഥങ്ങളെ ഇരുപതാം നൂറ്റാണ്ടിലെ കർമ്മശാസ്ത്ര-ആദർശ-സംഘടന വഴക്കുകളിലേക്ക് വലിച്ചിഴക്കുമ്പോൾ ,ആധുനിക പൂർവ എഴുത്തുകാർ തങ്ങളുടെ ആദർശ പരിസരത്തു നിന്നാണ് ആശയങ്ങൾ അവതരിപ്പിച്ചതെന്ന് വാശിപിടിക്കുമ്പോൾ നിശ്ശബ്ദമാക്കപ്പെടുന്നത് ആ ഗ്രന്ഥപരിസരങ്ങളിൽ നിലീനമായിട്ടുള്ള പല ചരിത്ര കാഴ്ചകളുമാണ്. അതുകൊണ്ടാണ് നാല് നൂറ്റാണ്ടുകളായിട്ടും സൂഫി സാഹിത്യം ശരിയോ തെറ്റോ എന്ന നിലയിലല്ലാതെ എന്തുകൊണ്ട് സൂഫി സാഹിത്യം എന്ന നിലയിലുള്ള ഒരു ചോദ്യം സാമൂഹ്യവിഷയങ്ങളിൽ ഇടം പിടിക്കാതെ പോയത്. ചരിത്ര രചനകളുടെ വലിയ നിശബ്ദതകളിൽ ഒന്നായി ഇതു മാറുന്നു. അതുകൊണ്ട് മലബാറിലെ മുഖ്യധാരാ ചരിത്രത്തിൽ ഇപ്പോഴും മാറ്റിനിർത്തപ്പെട്ട സൂഫി സാഹിത്യത്തെ അതിന്റെ ചരിത്ര സന്ദർഭങ്ങളോട്

കൂട്ടിവായിക്കുവാൻ ശ്രമിക്കേണ്ടത് അനിവാര്യം തന്നെയാണ്.

സാഹിതീയ വിഭാഗീയതയുടെ മറ്റൊരു മണ്ഡലം രാഷ്ട്രീയ ഇസ്ലാമിന്റെ കടന്നുവരവാണ്. ഇസ്ലാമിന്റെ സർഗാത്മകതയിൽ രാഷ്ട്രീയപരമെന്നും വിശ്വാസപരമെന്നുമുള്ള അനഭികാമ്യമായ ഒരു വിഭജനം ഇതു സൃഷ്ടിക്കുന്നു. മറ്റു വിഭാഗീയതകളിൽ പരസ്പരം ഇടപെടുവാനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്. ഷിയ സാമൂഹ്യശാസ്ത്രം ഉൾപ്പെടെയുള്ള ഇസ്ലാമിക രാഷ്ട്രീയ തത്വചിന്തയും രാഷ്ട്രീയ സർഗാത്മക രചനകളും പൊതുവെ പാരമ്പര്യവാദികളായ സുന്നി വിശ്വാസികൾ വായിക്കുന്നില്ല. പുറത്തുനിന്നു വരുന്ന ഇസ്ലാമിക സാഹിത്യ മാതൃകകൾ തങ്ങളുടെ പാരമ്പര്യമല്ലെന്നും തദ്ദേശീയമായ സാഹിത്യ സമീപനങ്ങളാണ് തങ്ങളുടെ പാരമ്പര്യം എന്നുള്ള ഒരു അവബോധമാണ് കേരളത്തിലെ സുന്നികളിൽ പ്രധാനമായും നിലനിൽക്കുന്നത്. നേരിട്ട് രാഷ്ട്രീയ ഇസ്ലാമുമായി വിരുദ്ധതയിലല്ലാത്ത സുന്നി മുസ്ലീങ്ങളിൽ പോലും ഇത്തരം വിചിത്രവും പ്രാദേശികവാദപരവുമായ സാഹിത്യ ദർശനങ്ങളുണ്ടെന്നു എന്നു കാണാം. ഇത്തരം കാഴ്ചപ്പാടുകൾ സർഗാത്മകമായും ധൈഷണികമായും രാഷ്ട്രീയമായും സുന്നിലോകത്തെ ദരിദ്രമാക്കുകയാണ് ചെയ്യുന്നത്.

2. ഇന്ത്യൻ ദേശീയതയും മുസ്ലീം സാഹിത്യവും

ഇംതിയാസ് അലിയുടെ പഠനങ്ങൾ പ്രാദേശികമായി വേരുകളുള്ള ഇന്ത്യൻ മുസ്ലീങ്ങൾ എന്ന നിലയ്ക്കു മാത്രമാണ് മുസ്ലീംസാഹിത്യത്തിന്റെ രൂപവൽക്കരണത്തെ കാണുന്നത്. തദ്ദേശീയ സംസ്കാരത്തിനകത്തുള്ളവർ തന്നെയാണ് മുസ്ലീങ്ങളും എന്നു സമർത്ഥിക്കുവാനുള്ള ഉപാധിയായിട്ടാണ് ഇന്ത്യാസ് മുസ്ലീം ടെക്സ്റ്റുകളെ ഉപയോഗപ്പെടുത്തുന്നത്. പുറത്തുനിന്നു വന്നവരാണ് ഇന്ത്യൻ മുസ്ലീങ്ങൾ എന്ന ഹിന്ദുത്വവാദികളുടെ ആരോപണത്തെ പ്രതിരോധിക്കുവാൻ വേണ്ടിയായിരുന്നു യഥാർത്ഥത്തിൽ ഇന്ത്യാസ് ഈ ആശയം ഉയർത്തിയത്. ദേശീയ-പ്രാദേശിക വാദങ്ങൾക്കകത്തു തന്നെയാണ് മുസ്ലീം ചരിത്രകാരന്മാരും മുസ്ലീംസാഹിത്യത്തെ പ്രതിഷ്ഠിക്കുന്നത് എന്നർത്ഥം. ഫ്രാൻസിസ് റോബിൻസൺ പറയുന്നത് ഹിന്ദു സമൂഹവുമായി മുസ്ലീം ദേശങ്ങളെ സമീകരിക്കുവാനുള്ള ശ്രമങ്ങളാണ് ഇംതിയാസിന്റേത് എന്നാണ്. ഒരർത്ഥത്തിൽ അത്തരം പഠനങ്ങൾക്കു ഇന്ത്യൻ ദേശീയതയുടെ പ്രശ്ന പരിസരങ്ങളിൽ വളരെ പ്രസക്തിയുണ്ടെങ്കിലും മറ്റൊരു തരത്തിൽ അത് ദേശീയതയുടെ തന്നെ ഏകാത്മകയുക്തിയിലേക്കാണ് അതു എത്തിച്ചേരുന്നതെന്നും അദ്ദേഹം പറയുന്നുണ്ട്. ഹിന്ദു

മതത്തിന്റെ സാമൂഹ്യഘടനയേയും മുസ്ലീംസാഹിത്യ സങ്കൽപ്പങ്ങളേയും ഒരേ നിലയിൽ മുന്നോട്ടു വെക്കരുത് എന്നാണ് അദ്ദേഹത്തിന്റെ പക്ഷം. ഗുജറാത്തിലെ മുസ്ലീം ഭൂരിപക്ഷ പ്രദേശങ്ങളെ മുൻനിർത്തി പഠനങ്ങൾ നിർവഹിച്ച ആന്ത്രോപോളജിസ്റ്റായ എഡ്വേഡ് സെൻസൻ സൂചിപ്പിക്കുന്നതുപോലെ മതപരമായ വിചാരമാതൃകകളും,ദിവ്യന്മാരായ സൂഫികളോടുള്ള ഭക്തിയാണോ അതിനോടുള്ള വെറുപ്പാണോ എന്ന മട്ടിലുള്ള വീക്ഷണങ്ങളുമാണ് ഇന്ത്യൻ മുസ്ലീങ്ങളുടെ സാഹിത്യലോകത്തെ സംബന്ധിക്കുന്ന പഠനങ്ങളെല്ലാം കേന്ദ്ര പ്രമേയങ്ങളാക്കുന്നത്. ആന്ത്രപോളജിയുടെ പതിവു ചട്ടക്കൂടിലുള്ള, അതായത് മുസ്ലീം ആവിഷ്കാരങ്ങൾ എത്രമേൽ മതനിയമങ്ങൾക്കു കീഴിലാണ് എന്ന തരത്തിലുള്ള ചർച്ചകളെ പറ്റിയാണ് സെൻസൻ സൂചിപ്പിക്കുന്നത്. ദേശജീവിതത്തേക്കാൾ മതജീവിതമാണ് മുസ്ലീങ്ങൾക്കു മുഖ്യം എന്നു സമർത്ഥിക്കുവാനുള്ള തിടുക്കമായിരുന്നു ഇന്ത്യൻ നരവംശശാസ്ത്രത്തിന് ആദ്യകാലങ്ങളിലുണ്ടായിരുന്നതെന്നു കരുതണം. എങ്കിലും ഇതിനു ബദലായ ചില ധാരകളും ആ കാലത്തു തന്നെ ഇന്ത്യൻ നരവംശശാസ്ത്രത്തിൽ ഉണ്ടായിരുന്നു. ഇന്ത്യയിലെ മുസ്ലീങ്ങളും ഹിന്ദുക്കളും ഒരേ പായയിലാണ് ഉണ്ണുന്നതും ഉറങ്ങുന്നതും എന്നു കാണിക്കുന്ന ചരിത്രകാരന്മാരും ദേശീയ സാഹിത്യ ചരിത്രത്തിന്റെ വൈകല്യങ്ങളെ തുറന്നു കാണിക്കുവാൻ ഉയർന്നു വരികയുണ്ടായി. യു.പി യിലെ ഔദിനെ പറ്റി മുഷീറുൽ ഹസൻ നടത്തിയ പഠനം ഇത്തരത്തിൽ ഉണ്ടായി വന്നതാണ്.130 നാട്ടുരാജ്യങ്ങളായി വിഭജിച്ചിരുന്ന കാലത്തും ബ്രിട്ടീഷ് വാഴ്ചക്കു ശേഷമുള്ള ആധുനിക ദേശീയതയുടെ സന്ദർഭത്തിലും ഔദിന്റെ ഗംഭീരമായ ഉറുദു സംസ്കാരത്തെ ഹിന്ദു-മുസ്ലീം ഐക്യത്തിനുള്ള സർട്ടിഫിക്കറ്റായിട്ടാണ് മുഷീറുൽ ഹസൻ കരുതുന്നത്.

ഹിന്ദു/മുസ്ലീം , ഉത്തരം/ദക്ഷിണം , ഇന്ത്യ/പാകിസ്ഥാൻ തുടങ്ങിയ പലതരം വിഭജനങ്ങൾക്കു മുമ്പുള്ള ഹിന്ദി-ഉറുദു ഭാഷകളിലെ മുസ്ലീം സാഹിത്യസംസ്കാരത്തെ കുറിച്ച് പഠനങ്ങൾ നിർവഹിച്ചിട്ടുള്ള ഫ്രാൻസിസ്കാ ഒർസീനി എഴുതുന്നു. ഇസ്ലാം മതത്തിലെ വിവിധ സമുദായങ്ങളുടെ ആവിഷ്കാരങ്ങൾക്ക് ചരിത്രം രചിക്കുക എന്നത് വളരെ സങ്കീർണമായ ഒരു കാര്യമാണ്. അതിലേക്കു പുറമെ നിന്നുള്ള കൂട്ടിച്ചേർക്കലുകളും ഇതര സമുദായങ്ങളുമായുള്ള വിലപേശലും മൽസരിക്കലും എല്ലാം ഉൾച്ചേരുന്നുണ്ട്. അതിൽ തന്നെ ആധുനികപൂർവമായ ആവിഷ്കാരങ്ങളെ പുതിയ കാലത്തെ സമുദായരൂപങ്ങളിലൂടെ നോക്കിക്കാണുവാനാകില്ല. അപ്പോൾ

സ്വാഭാവികമായും മതേതര സങ്കൽപ്പങ്ങൾക്കു മുമ്പുള്ള ആഖ്യാനങ്ങളെ മതേതര സാമൂഹികതയുടെ ഭാഷാ-സാഹിത്യ-മത-ദേശ പരികൽപ്പനകളുപയോഗിച്ച്, വരമൊഴി-അച്ചടി മാനകങ്ങൾ ഉപയോഗിച്ച് പൂർണാർത്ഥത്തിൽ വിശദീകരിക്കുവാനാകില്ല. മാപ്പിള സാഹിത്യത്തെ കുറിച്ച് മനസിലാക്കുവാനും പാശ്ചാത്യ മതേതര സങ്കൽപ്പങ്ങളുടെ അളവുകൾ തീർത്തും അപര്യാപ്തമാണ് എന്നാണ് ഇവിടെ വ്യക്തമാകുന്നത്. ഉദാഹരണത്തിന് സമൂഹത്തിലെ ഭൂരിപക്ഷം വരുന്ന മനുഷ്യർക്ക് അറിവ് നിഷേധിച്ച് കൊണ്ട് സവർണർ കൈകാര്യം ചെയ്തിരുന്ന വിജ്ഞാന മേഖലകൾ മാപ്പിളമാർ അറബി മലയാളത്തിൽ തർജ്ജമ ചെയ്ത് ജനകീയമായി പ്രചരിപ്പിച്ചിരുന്നു. പാറപ്പുറത്ത് ഇല്ലത്തുപറമ്പിൽ ബീരാൻകുട്ടി വൈദ്യർ 1894ൽ രചിച്ച വിഷൂചിക ചികിൽസ അഷ്ടാംഗഹൃദയം എന്ന അറബി മലയാള കൃതി വലിയ അളവിൽ മലബാറിൽ പദ്യരൂപത്തിൽ പ്രചരിപ്പിക്കപ്പെട്ടിരുന്നു. ഇതര സാഹിതീയവ്യവഹാരങ്ങളുമായുള്ള വിലപേശലും മൽസരവുമാണ് നമുക്കു ഇവിടെ കാണുവാനാകുക. ഈ കൃതിയിൽ സാമാന്യജനത്തിന് സംസ്കൃത ഭാഷയിൽ ചികിൽസ നൽകുന്നതിനെ വിമർശിക്കുന്ന അതേ അളവിൽ അറബിഭാഷയിൽ ചികിൽസ നൽകുന്ന സമ്പ്രദായങ്ങളേയും വിമർശിക്കുന്നുണ്ട്. ഈ മതബോധത്തെ, മതേതരബോധത്തെ നാം എങ്ങനെയാണ് പരിഗണിക്കുക. നമ്മുടെ മലയാള ഭാഷയിലും ചികിൽസ സാധ്യമാകുവാൻ വേണ്ടിയാണ് താനിത് വിവർത്തനം ചെയ്യുന്നത് എൻ്ന് ആമുഖത്തിൽ വൈദ്യർ പറയുന്നുണ്ട്. നമ്മുടെ അറബി മലയാള ഭാഷ എന്നല്ല നമ്മുടെ മലയാളഭാഷ എന്നാണ് ഇവിടെ പ്രയോഗിക്കുന്നത് എന്നത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. മതവും ദേശവും ഭാഷയും സാഹിത്യവും തമ്മിലുള്ള സങ്കീർണ ബന്ധങ്ങളെയാണ് മാപ്പിള മലയാള സാഹിത്യത്തിന്റെ ചരിത്രത്തെ കുറിച്ചുള്ള ആലോചനകൾ അഴിച്ചെടുക്കുന്നത്.

ഇതര ഇന്ത്യൻ മുസ്ലീങ്ങളിൽ നിന്നും വ്യത്യസ്തമായി ദേശരാഷ്ട്രത്തിന്റെയും അതിന്റെ മതേതരബോധത്തിന്റെയും യുക്തികൾക്കകത്തായിരുന്നില്ല കേരളത്തിൽ ഇസ്ലാം പ്രവർത്തിച്ചിരുന്നത്. നാട്ടുരാജ്യങ്ങളുടെ കാലത്തു പോലും കേരളത്തിൽ ശക്തമായ ഒരു ഭരണകൂട നിർമിതി നടത്തുവാൻ എല്ലാതരം വിഭവങ്ങളുടെ പിന്തുണയുണ്ടായിരുന്നിട്ടും മാപ്പിളമാർ ശ്രമിച്ചിരുന്നില്ല. പക്ഷെ അതുകൊണ്ട് മാപ്പിള സാഹിത്യത്തിന് ഭരണപരമായ സ്പോൺസർഷിപ്പ് കിട്ടാതിരുന്നിട്ടില്ല. സാമൂതിരിയും മറ്റും മാപ്പിളരചനകളെ സവിശേഷമായി പ്രോൽസാഹിപ്പിച്ചിരുന്നു. രാഷ്ട്രീയപരമായ ഒരു

February, 2020 മലയാളപ്പച്ച
Volume 01: No. 10 *malayala pachcha*

സംഘാടനമില്ലെങ്കിലും പൊന്നാനി കേന്ദ്രീകരിച്ചുകൊണ്ട് ആത്മീയമായ ഒരു സംഘാടനം മാപ്പിളമാരിൽ മധ്യകാലങ്ങളിൽ ദൃഢമായി നിലനിന്നിരുന്നു. അതാകട്ടെ ഉത്തരേന്ത്യയിൽ നിലനിന്നിരുന്നതുപോലെ പ്രാദേശിക ഭൂമികയിൽ മാത്രം ഒതുങ്ങുന്ന ഒരു സംഘാടനമായിരുന്നില്ല. ആനി കെ. ബാങ് മുതൽ എങ് സങ് ഹോ വരെയുള്ളവരുടെ പഠനങ്ങളിൽ കേരളത്തിലെ മുസ്ലീങ്ങളുടെ സമുദ്രാനന്തര ആത്മീയ ബന്ധങ്ങളെ കുറിച്ച് പറയുന്നുണ്ട്. ദേശീയതയുടെ യുക്തികൾ പ്രവർത്തിച്ചുതുടങ്ങുന്നതോടെയാണ് അങ്ങനെയൊരു ആത്മീയത മാപ്പിളമാർക്ക് നഷ്ടപ്പെടുന്നത്.

ഇന്ത്യൻ മുസ്ലീം ആവിഷ്കാരങ്ങളിൽ മാപ്പിള സമുദായത്തിന്റെ സാഹിത്യത്തെ സവിശേഷമാക്കുന്നത് പ്രധാനമായും രണ്ടു ഘടകങ്ങളാണ്. ഒന്ന് വൈവിധ്യമാർന്ന സമുദ്രാനന്തര ജീവിതവും (ഡയസ്പോറ ലൈഫ്) അതിന്റെ വൈജ്ഞാനിക-സൗന്ദര്യ ഭാവനകളും തദ്ദേശീയമാക്കുന്നതിൽ ഇടനിലയായി പ്രവർത്തിച്ചു. രണ്ട് തദ്ദേശീയമെന്നു വ്യവഹരിക്കപ്പെടുന്ന സാഹിത്യ-സാംസ്കാരികതകളെ ഏകശിലാ സ്വഭാവത്തിൽ നിന്ന് മോചിപ്പിച്ച് ബഹുജനങ്ങളുടെ പങ്കാളിത്തമുള്ള പാരമ്പര്യമാക്കി പ്രചരിപ്പിച്ചു. ഈ രണ്ടുനിലകളിലും മാപ്പിളസാഹിത്യം എന്നത് വംശീയപഠനങ്ങളുടെ, നരവംശശാസ്ത്രത്തിന്റെ ഒരു ഇഷ്ടപ്രമേയം തന്നെയായി മാറാൻ സ്വയം സാധ്യത നൽകുന്നുണ്ട്. അതുകൊണ്ടുതന്നെ മുസ്ലീം സാഹിത്യകാരന്മാർ എന്ന ഒരു വർഗം നിലനിൽക്കുന്നുണ്ട് എന്നു കരുതുന്നതിനേക്കാൾ മുസ്ലീം ദേശങ്ങൾ എങ്ങനെയാണ് ഇരുപതാം നൂറ്റാണ്ടിൽ സാഹിത്യത്തിൽ സംഭവിച്ച പ്രവണതകളോട് പ്രതികരിച്ചത് എന്നു വിലയിരുത്തുകയാണ് വേണ്ടത് എന്ന നിലപാട് എനിക്കുള്ളത്. കാരണം വടക്കേ ഇന്ത്യയിൽ നിന്ന് വ്യത്യസ്തമായി കേരളത്തിന്റെ പശ്ചാത്തലത്തിൽ മുസ്ലീം സാഹിത്യകാരന്മാർ എന്ന വിഭാഗം നിലനിൽക്കുന്നില്ല എന്നു കാണാനാകും. പ്രതിപാദന വിഷയം മതപരമാണെങ്കിൽ ഒരു ശൈലിയും സെക്കുലറാണെങ്കിൽ മറ്റൊരു ശൈലിയുമായിരിക്കും . അതുകൊണ്ട് തന്നെ യൂറോപ്യൻ മതേതര സങ്കൽപ്പങ്ങളോട് അകലം പാലിച്ചു നിൽക്കുകയല്ല അതിനെ വിമർശാത്മകമാക്കുവാനുള്ള പദ്ധതിയായി സാഹിതീയതയെ, സർഗാത്മകതയെ ഉപയോഗിക്കുകയാണ് അവർ ചെയ്തത് എന്നു വ്യക്തമാകും. പുതിയ കാലത്തിന്റെ സമ്മർദ്ദങ്ങളിലേക്കു ഭാവനയെ പരുവപ്പെടുത്തുവാനുള്ള അരിഷ്ടതകൾ അവർ പ്രകടിപ്പിച്ചിട്ടുണ്ടെങ്കിലുംമിത്തുകളുടേയും ഓർമകളുടേയും മറ്റുമുള്ള ആഖ്യാനസംസ്കാരം ശക്തിപ്പെട്ടതോടെ യുക്തിയെ

ഭാവനാവൽക്കരിക്കുവാൻ അവർ പ്രാപ്തീകരിക്കുകയാണുണ്ടായത്.

മാപ്പിള സാഹിത്യത്തെ ഒരു മതസാഹിത്യമായി പരിഗണിക്കുവാനാകുമോ എൻ്നതാണ് അടുത്തതായി നമ്മുടെ മുന്നിൽ വരുന്ന പ്രശ്നം. അത് മതപരമോ മതേതരമോ ആയ സാമൂഹ്യഭാവനകൾക്കകത്താണോ നിലകൊള്ളുന്നത്. അതിന് ദേശീയവും പ്രാദേശികവുമായ ചരിത്രമൂലകങ്ങളിൽ എന്തു രാഷ്ട്രീയമാണുള്ളത്. അതിനെ സാഹിത്യചരിത്രത്തിനകത്ത് നാടൻപാട്ടിന്റെ വംശീയയുക്തിയിലാണോ മലയാള കവിതയുടെ പൊതുമണ്ഡലയുക്തിയിലാണോ സ്ഥാനപ്പെടുത്തേണ്ടത്. അച്ചടി ആധുനികതയുടെ സന്ദർഭത്തിൽ ആലാപനവ്യവസ്ഥയോടാണോ രചനാവ്യവസ്ഥയോടാണോ മാപ്പിള സാഹിത്യത്തെ ചേർത്തുനിർത്തേണ്ടത്. ഇത്തരം ചോദ്യങ്ങളേയെല്ലാം പരിഗണിച്ചാൽ മാത്രമേ മാപ്പിളസാഹിത്യത്തെ മതസാഹിത്യം എന്ന ലോകവീക്ഷണത്തിലേക്കു നമുക്കു ഉൾപ്പെടുത്തുവാനാകൂ. . ഇതിനു വേണ്ടി മതചരിത്രത്തേയും അതിലെ സാഹിത്യചരിത്രത്തേയും തമ്മിൽ ബന്ധപ്പെടുത്തുവാൻ ചില വിചാര മാതൃകകൾ വികസിപ്പിക്കേണ്ടതുണ്ട്.

### ഉപസംഹാരം

സാഹിത്യം എന്നതിനു ആധുനികത നൽകിയ നിർവചനങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് പാഠങ്ങൾ അഭിമുഖീകരിക്കേണ്ട മതേതര പൊതുമണ്ഡലത്തിന്റെ സാർവത്രികത എന്നത്. മതം എന്നതിനെ മൗലികമായി തന്നെ ഒരു വിഭാഗീയ പ്രവണതയാണ് എന്നുള്ള യൂറോപ്യൻ ജ്ഞാനോദയത്തിന്റെ മുൻവിധികളെ ഒരു മൂലധനമായി സ്വീകരിച്ചുകൊണ്ടാണ് സാഹിത്യം എന്ന സങ്കൽപ്പത്തിലേക്ക് മതേതരത്വത്തിന്റെ ആഭിമുഖ്യങ്ങൾ ഉൾച്ചേർക്കപ്പെട്ടത്. മനുഷ്യ സർഗാത്മകതയെ ഉത്തേജിപ്പിക്കുന്ന ഒന്നായി മതേതരത്വം എന്ന മൂല്യം ആധുനികതയുടെ എല്ലാ വ്യവഹാരങ്ങളിലും ആഖ്യാനം ചെയ്യപ്പെട്ടു. സാഹിത്യ വിമർശനത്തിലും സാഹിത്യസിദ്ധാന്തങ്ങളിലും സാഹിത്യ പ്രവണതകളിലും സാഹിത്യ ചരിത്രരചനകളിലും സാഹിത്യജീവിതങ്ങളിലും സാഹിതീയ പൊതുമണ്ഡലങ്ങളിലും സാഹിത്യ വിദ്യാഭ്യാസത്തിലും സാഹിത്യശേഖരങ്ങളിലും സാഹിത്യ പ്രസാധനത്തിലും സാഹിത്യത്തിനു ലഭിക്കുന്ന അവാർഡുകളിൽ പോലും പാശ്ചാത്യ മതേതരത്വ സങ്കൽപ്പങ്ങൾ വളരെ ആഴത്തിൽ വേരുപിടിച്ചു. മതപരമായ ഭാവനാ രീതികളെ, ആവിഷ്കാരശൈലികളെ, എഴുത്തു സമ്പ്രദായങ്ങളെ, പ്രകാശിത ഇടങ്ങളെ പോലും പൊതുവെ ആധുനികമാകാത്ത സർഗാത്മക സ്ഥാനങ്ങളായിട്ടാണ് പരിഗണിക്കപ്പെട്ടത്.

മധ്യകാലചരിത്രത്തിൽ മതങ്ങൾ പരസ്പരം ഇണങ്ങിയും പിണങ്ങിയും പുലർന്നുപോന്നത് സർഗാത്മകതയുടെ, സാഹിത്യത്തിന്റെ, കലകളുടെ, സൗന്ദര്യത്തിന്റെ തോളിലേറിയിട്ടാണ്. മതത്തിനു പുറത്ത് സാഹിത്യമോ സാഹിത്യത്തിനു പുറത്ത് മതമോ ഉണ്ടായിരുന്നിട്ടില്ല. മധ്യകാലങ്ങളിലെ യുക്തിവാദ ദർശനങ്ങളിൽ എത്രമേൽ സാഹിത്യരചനകൾ നടക്കപ്പെട്ടിട്ടുണ്ട് എന്നത് വാസ്തവത്തിൽ അന്വേഷിക്കേണ്ട ഒരു വിഷയമാണ്. എന്നാൽ ആധുനികതയുടെ, അച്ചടി മുതലാളിത്തത്തിന്റെ, ശാസ്ത്രത്തിന്റെ, സാങ്കേതികതയുടെ, ദേശീയതയുടെ സന്ദർഭങ്ങളിൽ മതാത്മകത എന്നത് സർഗാത്മകതയെ പ്രചോദിപ്പിക്കുവാൻ പോയിട്ട് സ്വാധീനിക്കുവാൻ പോലും പാടില്ലാത്ത ഒരു മണ്ഡലമായിട്ടാണ് കരുതപ്പെട്ടത്. നമ്മുടെ മതങ്ങൾ ഒരു മൂല്യവ്യവസ്ഥ എന്ന നിലയിൽ നിന്ന് സമ്പൂർണമായി തന്നെ ആചാരങ്ങളുടെ ഒരു കൂമ്പാരമായി തീർന്നതിൽ വാസ്തവത്തിൽ സർഗാത്മകതയും മതാത്മകതയും തമ്മിൽ ആധുനികതയ്ക്കു മുമ്പുവരെ നിലനിന്നിരുന്ന ചരിത്രബന്ധങ്ങളിൽ ആധുനികത കൊണ്ടുവന്ന വിച്ഛേദങ്ങൾ വലിയ അളവിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. വർഗീയ പ്രവണതകളുടെ വേരുപിടിച്ച പ്രശ്നമണ്ഡലം വാസ്തവത്തിൽ മതങ്ങളിൽ നിന്നുള്ള കലാപരതയുടെ ഈ വിട്ടുപോരലാണ് എന്നാണ് ഞാൻ കരുതുന്നത്. മതം സർഗാത്മക വ്യവഹാരങ്ങളെ വിട്ട് രാഷ്ട്രീയ വ്യവഹാരങ്ങളെ എന്നു മുതലാണോ കൈകാര്യം ചെയ്യാൻ തുടങ്ങിയത് അന്നു മുതലാണ് മതം മൗലികവാദപരമായത്. മതത്തിനകത്തേക്കു മതജീവിതത്തിനകത്തേക്കു സർഗാത്മകതയെ തിരിച്ചു കൊണ്ടുപോകേണ്ടതുണ്ട്. അതിന് സാഹിത്യം എന്ന സംവർഗത്തിൽ നിലീനമായിട്ടുള്ള മതരഹിതമായ മതേതരത്വം എന്ന പാശ്ചാത്യദർശനത്തെ എടുത്തുകളയേണ്ടതുണ്ട്. മതസമൂഹങ്ങളുടെ സാഹിത്യദർശനങ്ങൾക്കും ലോകവീക്ഷണങ്ങൾക്കും ഇടം നൽകുന്ന ഒരു മതേതരബോധത്താൽ സാഹിത്യം എന്ന സംവർഗത്തെ നെയ്തെടുക്കേണ്ടതുണ്ട്. അവിടെയാണ് സാഹിത്യചരിത്ര വിജ്ഞാനീയത്തിൽ വംശീയ പഠനങ്ങൾ പ്രാധാന്യം നേടുന്നത്. .

ഗ്രന്ഥസൂചി

അനീസുദ്ധീൻ അഹ്മദ്, എഴുത്തു മലയാളത്തിന്റെ മുസ്ലീം വിസ്താരങ്ങൾ : http://www.prabodhanam.net/oldissues/detail.php?cid=1709+dp=1

അഷ്റഫ് കീഴുപറമ്പ് : കേരളത്തിലെ ഇസ്ലാമിക വൈജ്ഞാനിക സാഹിത്യം : http://bodhanam.net/oldissues/detail.php?cid=200+dp=1

അഹമദ് ഫായിസ് സി. : ഇസ്ലാമിക രാഷ്ട്രീയ സങ്കല്പങ്ങളുടെ ചരിത്രവും വികാസവും, 07/07/2017, ഓൺലൈൻ പതിപ്പ്, https://prabodhanam.net/inner.php?sid=582+artid=1400

എം.എ. റഹ്മാൻ, മാപ്പിളമാരുടെ പ്രതിവ്യവഹാരങ്ങൾ, പച്ചക്കുതിര, ജൂൺ 2009

എം.ടി., അൻസാരി, മലബാർ - ദേശീയതയുടെ ഇടപാടുകൾ – ചരിത്ര സാഹിത്യ പാഠങ്ങൾ, [ഡി.സി ബുക്ക്സ് : കോട്ടയം, 2008

എൻ. പ്രഭാകരൻ, പ്രാദേശിക ചരിത്ര രചനയുടെ രാഷ്ട്രീയം : http://ittittippullu.blogspot.com/2017/04/blog-post-11.html?m=1

ജെയിംസ് മൈക്കി ൾ : ഇസ്ലാം,മുസ്ലീം വായനകൾ–ആധുനികതയ്ക്കും സെക്കുലറലിസത്തിനും ശേഷം, 2013 ജൂൺ-ജൂലൈ and http://iac.siokerala.org?cat=74

പി.എ. യാസർ അറഫാത്ത്, നരവംശശാസ്ത്രത്തിന് മുസ്ലീമിനെ വായിക്കുക സാധ്യമാണോ, http://campusalive.in/anthropologyandislam/

മുഹമ്മദ് അഷ്റഫ് വി. എ : തലാൽ അസദ് -പാശ്ചാത്യ സെക്കുലറിസത്തിന്റെ വിമർശകനായ നരവംശശാസ്ത്ര പണ്ഡിതൻ : http://sanveerittoli.blogspot.com/2013/10/blog-post-4922.html?m=1

മുഹമ്മദ് ഖലീൽ എം. നരവംശശാസ്ത്രവും ഇസ്ലാമും–രീതിശാസ്ത്രങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ടോ: http://risetolit.wordpress.com/2018/02/17/%E0%B04

മുഹമ്മദ് ഷെമീം, കലയും ആത്മീയതയും–ഇസ്ലാമിക സൗന്ദര്യശാസ്ത്ര ഭാവനകളെ കുറിച്ച്, ജൂൺ 16: 2016

ഹിക്മത്തുള്ള വി.: അറബി മലയാളവും സാഹിത്യചരിത്രവും : http://thelicham.com/arabimalayalavum-sahitya-charithrvum/

ഹിക്മത്തുള്ള വി.: കടൽ കവിഞ്ഞു വരുന്ന മാപ്പിളയുടെ പാട്ടുകൾ: http://tibaq.in/mappila-language-song/

ഹുദൈഫ റഹ്മാൻ, നവീന മാധ്യമീകൃത വാമേയ കാലത്തെ മുസ്ലീം ആവിഷ്കാരങ്ങൾ, ഗവേഷണ പ്രബന്ധം,കോഴിക്കോട് സർവ്വകലാശാല, 2017.

*salimnp66@gmail.com*

# സാഹിത്യചരിത്രവും അന്തർവിദ്യാപഠനവും

ഡോ. ആനി തോമസ്
അസി. പ്രൊഫസർ, മലയാള വിഭാഗം, നിർമ്മലാകോളേജ്, മൂവാറ്റുപുഴ

**പ്രബന്ധ സംഗ്രഹം**

വിശിഷ്ടവും വിപുലവും വ്യതിരിക്തവുമായ അന്തർ പ്രകാശന രീതിയാണ് സാഹിത്യത്തിലേത്. ദേശകാല സമൂഹ ചരിത്രത്തിന്റെ പശ്ചാത്തലത്തിൽ നിന്നാണ് സാഹിത്യ കൃതികളെ അപഗ്രഥിക്കുന്നത്. സാഹിത്യത്തിൽ വന്നിട്ടുള്ള വ്യത്യസ്തങ്ങളായ പ്രസ്ഥാനങ്ങൾ, രൂപങ്ങൾ, ഇസങ്ങൾ ഇവയെ കുറിച്ചെല്ലാം സാഹിത്യ ചരിത്രകാരൻ പഠിക്കേണ്ടതുണ്ടെന്ന് ഈ പ്രബന്ധം ചൂണ്ടിക്കാട്ടുന്നു

***താക്കോൽ വാക്കുകൾ:*** അന്തർഭാവപ്രകാശനം–ആംഗലേയ സങ്കല്പനം–ഭാവാത്മകതലം–ഭാവുകത്വ പരിണാമവും–ഉദാത്തത–അന്തർ വിജ്ഞാന മണ്ഡലം

## സാഹിത്യചരിത്രം: സങ്കല്പനം

അറിവ് അനുദിനം വികസ്വരമായിക്കൊണ്ടിരിക്കുകയാണ്. സാഹിത്യത്തെക്കുറിച്ചും ചരിത്രത്തെക്കുറിച്ചും വ്യത്യസ്ത വീക്ഷണങ്ങളാണ് നിലനില്ക്കുന്നത്. സാഹിത്യത്തിലും ഇതര വിജ്ഞാനശാഖകളിലും പുത്തൻ അഭിരുചികളും സംവേദനശീലങ്ങളും സൃഷ്ടിക്കപ്പെടുന്നതുമൂലം സാഹിത്യ ചരിത്രസങ്കല്പത്തിലും മാറ്റങ്ങൾ വരുത്തുന്നു. സാഹിത്യ ചരിത്രകാരന്മാർ വർത്തമാന കാലത്തിൽ നിന്നുകൊണ്ട് ഭൂതകാല സാഹിത്യ സംഭവങ്ങളെ വിശകലനം ചെയ്യുന്നു. 'സ്വന്തം കാലത്തിൽ നിന്നുകൊണ്ട് കടന്നുപോയ ഒരു കാലത്തെ വീക്ഷിക്കുകയും വിലയിരുത്തുകയുമാണ് സാഹിത്യചരിത്രകാരന്മാർ

ചെയ്യുന്നത്'' (ഡോ. ആർ. രഘുനാഥൻ സാഹിത്യചരിത്രരചനാ സാമഗ്രികൾ; പുറം. 28-29) ഓരോ കാലഘട്ടത്തിലും വ്യത്യസ്തമായ സാഹിത്യ സിദ്ധാന്തങ്ങളും മീമാംസകളും, ധർമ്മബോധവും ഉണ്ടായിരിക്കും. അതിനനുസരണമായിട്ടു മാത്രമെ സാഹിത്യചരിത്രങ്ങൾ ഉണ്ടാകൂ.

### സാഹിത്യം: അന്തർഭാവ പ്രകാശനം

മനുഷ്യന്റെ ഭാവനയുടെയും, സ്വപ്നങ്ങളുടെയും ആകെത്തുകയോ രേഖയോ ആണ് സാഹിത്യം. ജനതയുടെ വികാരവിചാരങ്ങളുടെ ഭാവാവിഷ്കാരമാണത്. ഒരു ജനതയുടെ മാനസിക ജീവിത ചരിത്രമാണത്. സാഹിത്യത്തെയും ചരിത്രത്തെയും സംബന്ധിച്ചുള്ള ഉപദർശനങ്ങൾ കോർത്തിണക്കി സാഹിത്യചരിത്രത്തെ മനുഷ്യജീവിതത്തിന്റെ ചരിത്രത്തിൽ വെച്ച് നമുക്കു വിലയിരുത്താം. സാഹിത്യചരിത്രം സാധാരണ ചരിത്രത്തിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കും. കാരണം സാഹിത്യം വിശിഷ്ടവും വിപുലവും വ്യതിരിക്തവുമായ അന്തർ പ്രകാശനരീതിയാണ്.

### സാഹിത്യചരിത്രം: ആംഗലേയ സങ്കല്പനം

ആംഗലഭാഷയിലെ പ്രമുഖ സാഹിത്യരചനകൾ വെച്ചുകൊണ്ട് സാഹിത്യചരിത്രം എന്ന പേരിൽ പ്രത്യക്ഷപ്പെടുന്ന ഗ്രന്ഥങ്ങൾ ധാരാളം ഉണ്ട്. അവയിൽ ഭൂരിഭാഗവും സംസ്കാരചിത്രങ്ങളോ നിരൂപണ പഠന സമാഹാരങ്ങളോ മാത്രമാണെന്നു റെനെവെല്ലക്കും ആസ്റ്റിൻ വാറനും അഭിപ്രായപ്പെടുന്നുണ്ട്. (Theory of Literature. Page: 252) സാഹിത്യത്തിന് ഒരു ചരിത്രം ആവശ്യമില്ലെന്നാണ് പി. കെർ എന്ന സൈദ്ധാന്തികൻ അഭിപ്രായപ്പെടുന്നത്. അതായത് കൃത്യമായ ഒരു ചരിത്രം രചിക്കുക സാധ്യമല്ല. (Thomas Warton–Essays IP–100)

ആർ.എസ്. ക്രെയ്ന്റെ അഭിപ്രായം പരിശോധിക്കാം. ചരിത്രരചന നടത്തുമ്പോൾ സാഹിത്യസംഭവങ്ങളുടെ ഉൾഭിത്തികൾ ഭേദിക്കേണ്ടി വരുന്നു. ചരിത്രരചനയിൽ അദ്ദേഹം സ്വീകരിക്കേണ്ട വസ്തുതകളെ രണ്ടായി വിഭജിച്ചു.

1. എഴുത്തുകാരന്റെ ശീലങ്ങൾ, ലക്ഷ്യങ്ങൾ, സാഹചര്യങ്ങൾ എന്നിവ ആദ്യ വിഭാഗത്തിൽ.
2. കലാകൃതിയുടെ മേൻമകൾ രണ്ടാം വിഭാഗത്തിൽ.

രണ്ടാമത്തേതില്ലാതെ ചരിത്രം സാഹിത്യ ചരിത്രമാകുന്നില്ല. ആദ്യത്തേതില്ലെങ്കിൽ ചരിത്രം പോലുമാകുന്നില്ല. (Critical and Historical principles

of Literary History Page - 1) ക്രെയ്നിന്റെ അഭിപ്രായം പാശ്ചാത്യസങ്കല്പ പ്രതിനിധാനമാണ്.

### സാഹിത്യചരിത്രം: ജൈവബന്ധം

ഓരോ സാഹിത്യകൃതിക്കും ഒരു പശ്ചാത്തലമുണ്ട്. ദേശകാല സമൂഹചരിത്രത്തിന്റെ പശ്ചാത്തലം. ഈ പശ്ചാത്തലത്തിൽ നിന്നു വേണം ഓരോ സാഹിത്യകൃതിയും അപഗ്രഥിക്കാൻ. ഈ അപഗ്രഥത്തിന് ഒരു ക്രോഡീകരണം ആവശ്യമാണ്. അത്തരം ക്രോഡീകരണത്തിലൂടെ സാഹിത്യത്തിന്റെ ചരിത്രം വെളിപ്പെടുത്തണം. അവിടെയാണ് സാഹിത്യചരിത്രം സമൂഹവും സാഹിത്യവും തമ്മിലുള്ള ജൈവപരമായ ബന്ധാപഗ്രഥനം നിർവ്വഹിക്കുന്ന പഠനം ആകുന്നത്.

### സാഹിത്യചരിത്രകാരൻ: ഉന്നത വിമർശകൻ.

സാഹിത്യഗ്രന്ഥങ്ങളെ വിമർശനാത്മകമായി വിലയിരുത്തേണ്ടത് അനിവാര്യമാണ്. എന്നാൽ മാത്രമേ ഗുണനിലവാരം അരക്കിട്ടുറപ്പിക്കാൻ സാധിക്കു എന്നും ക്രെയ്ൻ രേഖപ്പെടുത്തി. (Critical and Historical principles of Literary History Page - 2) സാഹിത്യചരിത്രകാരന്റെ സംവേദനശക്തി സാഹിത്യകൃതിയോട് എപ്രകാരം സംവദിക്കുന്നു എന്നതിനെ ആശ്രയിച്ചാണ് വിമർശനവും ഗുണനിലവാരവും നിർണയിക്കപ്പെടുക.

വിമർശനത്തിൽ സന്തുലിതത്വം നിലനിർത്താൻ എപ്പോഴും ശ്രദ്ധിക്കണം. സാഹിത്യചരിത്രകാരൻ തന്റെ സഹൃദയത്വം ആദ്യാവസാനം നിലനിർത്തിക്കൊണ്ടു പോകണം. റോബർട്ട് സ്പില്ലർ ചൂണ്ടിക്കാണിക്കുന്നത് 'സാഹിത്യചരിത്രം സാഹിത്യവിമർശനമല്ലെങ്കിലും ചരിത്രകാരൻ വിമർശകൻ കൂടിയായിരിക്കണം' എന്നാണ്. (Literary History).

### വൈകാരിക പ്രതിഫലനം

കവിതയെന്നത് വികാരത്തിന്റെ അനർഗ്ഗളപ്രവാഹമാണെന്ന് വേഡ്സ് വർത്ത് പ്രസ്താവിച്ചിട്ടുണ്ട്. (Wordsworth & Coldrige: Preface of Lyrical Ballads) സാഹിത്യത്തെപ്പറ്റി മൊത്തത്തിലും ഈ പ്രസ്താവന ശരിയാണ്. ചില പ്രദേശങ്ങളിൽ ചില കാലങ്ങളിൽ സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവും സാമ്പത്തികവുമായ കാരണങ്ങളാൽ മനുഷ്യർ തീവ്രവികാരത്തിനടിപ്പെടുക സ്വാഭാവികമാണ്. അതു പ്രതിഷേധമായി കഥ, കവിത, നോവൽ തുടങ്ങിയ സാഹിത്യവിഭാഗങ്ങളിൽ ഏതെങ്കിലും ഒന്നായി സാഹിത്യകാരനിൽ നിന്നും ബഹിർഗമിക്കും. വ്യത്യസ്തരാജ്യങ്ങളിലെ ജനങ്ങളുടെ

സംസ്കാരം, ജീവിതവീക്ഷണം, ഇവയിലെല്ലാമുള്ള മാറ്റം സാഹിത്യത്തിലും പ്രതിഫലിക്കും.

ഉദാ: 18-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ യൂറോപ്പിലെ സാഹിത്യത്തിൽ സംഭവിച്ച ഉണർവ്വ്.

നാടിന്റെ വികാരങ്ങളെ മനസ്സിലാക്കാനും ഉൾക്കൊള്ളാനും പകർന്നു നൽകാനും സാഹിത്യകാരനു കഴിയണം. പുത്തൻ സാഹിത്യ പ്രസ്ഥാനങ്ങൾക്കും പ്രത്യയശാസ്ത്ര പിറവിക്കും ഇതു വഴിതെളിക്കും. പുത്തൻ പിറവി പഴകി ജീർണിച്ചവയെ പുറന്തള്ളാനും സ്വയം തകർന്നു പോകാനും ഇടയാക്കുന്നു. ഇവിടെ സാഹിത്യ ചരിത്രകാരന് വലിയ ഒരു റോൾ ആണുള്ളത്. അദ്ദേഹം പുത്തൻ സാഹിത്യപ്രസ്ഥാന ഉത്ഭവ വികാസതിരോധാനങ്ങൾക്ക് ഇടയാക്കിയ പ്രശ്നങ്ങൾ ആദ്യം ചർച്ച ചെയ്യണം. അതിലേക്കു നയിച്ച സാമൂഹിക സാംസ്കാരിക രാഷ്ട്രീയ സാഹിത്യപശ്ചാത്തലം കാര്യകാരണ സഹിതം വിശകലനം ചെയ്യുകയും ചെയ്യുന്നതു നന്നായിരിക്കും.

### ഭാഷയുടെ ഭാവാത്മകതലം

സാഹിത്യചരിത്രകാരന്റെ ഉത്തരവാദിത്തങ്ങളിൽ ഏറ്റവും പ്രധാനം ഭാഷയുടെ നിരീക്ഷണമാണ്. സാഹിത്യവിഭാഗം ഏതുതന്നെയായാലും സാഹിത്യകാരൻ തന്റെ മാധ്യമമായ ഭാഷ വ്യത്യസ്തമായ ഭാവതലങ്ങൾ ഉപയോഗിച്ചു രൂപപ്പെടുത്തുന്നതാവും. അവതരിപ്പിക്കാൻ പോകുന്ന വിഷയത്തിന്റെ സ്വഭാവവും ആവിഷ്കരണ രീതിയും അനുസരിച്ച് ഭാഷ വൈവിധ്യപൂർണ്ണമാകും. ഭാവാത്മക ഭാഷ കാവ്യത്തെപ്പോലെ നോവലിലും ചെറുകഥയിലും ഒക്കെ ആവിഷ്കരിക്കപ്പെടും. ഉദാ: എം.ടി.– മഞ്ഞ്, ഒ.വി. വിജയൻ–ഖസാക്കിന്റെ ഇതിഹാസം തുടങ്ങിയവ.

സാഹിത്യരചന എന്നത് ഒരു പ്രക്രിയയാണ്. അനുഭവങ്ങൾ വ്യത്യസ്ത തേടുമ്പോൾ ആ അനുഭവങ്ങളുടെ ആഴങ്ങളെ സ്പർശിക്കാനും സംക്രമണം ചെയ്യാനും എഴുത്തുകാരൻ ഭാഷയെ പരിവർത്തിപ്പിക്കും. ഭാഷയിലുണ്ടാകുന്ന ഇത്തരം പരിണാമങ്ങൾ സൂക്ഷ്മബുദ്ധിയുടെയും യുക്തിയുടെയും വെളിച്ചത്തിൽ അപഗ്രഥിക്കുകയും വിശകലനം ചെയ്യുകയും ചെയ്യേണ്ടത് സാഹിത്യചരിത്രകാരന്റെ ഉത്തരവാദിത്തമാണ്.

### വിവർത്തനവും ഭാവുകത്വ പരിണാമവും

ദേശകാലരാജ്യാതിർവരമ്പുകൾക്ക് അപ്പുറത്തേക്കു നീളുന്ന ഒരു വിശാലഭൂമിയിൽ നിന്നുകൊണ്ട് സാഹിത്യകൃതികളെയും പ്രസ്ഥാനങ്ങളെയും

ഇസങ്ങളെയും അവയുടെ സൃഷ്ടിക്കു കാരണഭൂതമായ ഘടകങ്ങളെയും വില യിരുത്താൻ ശ്രദ്ധിക്കണം. അത്തരം ഘടകങ്ങളിൽ ഏറ്റവും പ്രധാനമാണ് വിവർത്തന സാഹിത്യം. നമ്മുടെ സാഹിത്യത്തിൽ ഭാവുകത്വപരിണാമം സൃഷ്ടിച്ചതിൽ തർജ്ജമകൾക്ക് പ്രമുഖ സ്ഥാനമാണുള്ളത്. ഉദാ: യയാതി, പാവങ്ങൾ തുടങ്ങിയവ.

ചരിത്രത്തിന്റെ ഇന്നലെകളെ സാഹിത്യകാരൻ വിലയിരുത്തുകയും ചൂണ്ടിക്കാണിക്കുകയും ചെയ്യുമ്പോൾ എഴുത്തുകാരനെ അയാൾ ജീവി ച്ചിരുന്ന കാലഘട്ടത്തിന്റെ പ്രവണതകളും പ്രത്യേകതകളും എപ്രകാരം സ്വാധീനിച്ചു എന്നത് ചൂണ്ടിക്കാണിക്കേണ്ടി വരും. അതേ കാലഘട്ടത്തിൽ നോവൽ, ചെറുകഥ, കാവ്യം എന്നിവ രചിച്ച വ്യത്യസ്ത സാഹിത്യകാരന്മാർ ഉണ്ടാവും. ഇവയുടെ പ്രമേയങ്ങളും രചനകളും മറ്റ് എഴുത്തുകാരിൽ നിന്നും വ്യത്യസ്തമാക്കുന്ന ഘടകങ്ങളുടെ അപഗ്രഥനവും അയാൾ നിർവ്വഹിക്കണം. (എൻ. കൃഷ്ണപിള്ള, സാഹിത്യചരിത്രരചന–ഗവേഷണത്തിന്റെ പ്രശ്നങ്ങൾ) കവിയുടെ, കലാകാരന്മാരുടെ പ്രതിഭയ്ക്ക് സമമായ ഒരു മാസ്മരിക പ്രതിഭ ചരിത്രകാരനും കൂടിയേ കഴിയൂ എന്ന് ടി. കെ. രവീന്ദ്രൻ അഭിപ്രായപ്പെട്ടത് യുക്തി സഹമാണ്. (രവീന്ദ്രൻ ടി.കെ. ചരിത്രപരമായ സമീപനം–ഗവേഷ ണത്തിന്റെ പ്രശ്നങ്ങൾ പു. 5).

### ആധുനിക ഉത്തരാധുനിക ഭാവുകത്വപരിണാമവും വിവേചനവും

സാഹിത്യത്തിൽ വന്നിട്ടുള്ള വ്യത്യസ്തങ്ങളായ പ്രസ്ഥാനങ്ങൾ, രൂപങ്ങൾ, ഇസങ്ങൾ ഇവയെല്ലാം സാഹിത്യചരിത്രകാരൻ ബോധപൂർവ്വം പഠിക്കണം. കൃത്യമായ വിശകലനം നൽകേണ്ടി വരുമ്പോൾ ആണ് ഈ സൈദ്ധാന്തിക തലത്തിന്റെ ആവശ്യകത അനിവാര്യമാകുന്നത്.

ഉദാ: നമ്മുടെ മലയാളസാഹിത്യചരിത്രങ്ങളിൽ ആധുനിക ഉത്തരാധുനിക കൃതികൾ എത്രത്തോളം സൂക്ഷ്മതയോടും ശാസ്ത്രീയമായും സൈദ്ധാന്തികമായും വിശകലനം നടത്തിയിട്ടുണ്ട്.

പുത്തൻ എഴുത്തുകാരോടും അവരുടെ രചനകളോടും ആധുനികതയ്ക്കു മുമ്പുള്ള സാഹിത്യചരിത്രകാരന്മാർക്ക് ഒരു വിപ്രതിപത്തി പ്രകടമാണ്. അതിലെ ഭാഷാശൈലിയും പ്രവണതകളും ആവിഷ്കരണസ്വാതന്ത്ര്യവും പലപ്പോഴും സാഹിത്യചരിത്രകാരന്മാർക്ക് അംഗീകരിക്കാൻ സാധിക്കാതെ വരുന്നു. തങ്ങൾ ശീലിച്ചിട്ടുള്ളതും പരിചയിച്ചിട്ടുള്ളതും അനുവർത്തിച്ചിട്ടുള്ളതുമായ ജ്യാമിതീയ സാഹിത്യനിയമങ്ങളിൽ നിന്നും വ്യതിചലിച്ച് പുത്തൻതലമുറ സ്വാതന്ത്ര്യത്തിന്റെ ഉർവ്വരഭൂമിയിലേക്ക് അനുവാചകനെ കൂട്ടിക്കൊണ്ടു

പോകുമ്പോൾ തോന്നുന്ന അസഹിഷ്ണുത പലപ്പോഴും നിഷേധാത്മകചിന്താ ഗതികൾ സാഹിത്യചരിത്രകാരനിൽ സൃഷ്ടിച്ചേക്കാം. അതിനു പിന്നിൽ പല ഘടകങ്ങൾ പ്രവർത്തിക്കുന്നുണ്ടാകും. ജാതിമതവ്യവസ്ഥകൾ, ലിംഗവി വേചനം, പ്രായം, ദേശഘടകങ്ങൾ ഇവയെല്ലാം പ്രധാനമാണ്. ഇതിനെല്ലാം ഉപരി പുത്തൻ പ്രവണതകളെ സ്വീകരിക്കാനുള്ള പക്വതയില്ലായ്മ.

ഉദാത്തതയാണ് സാഹിത്യത്തിലൂടെ പ്രതിധ്വനിക്കേണ്ടത് (Sublimity is the eco of noble mind)എന്ന ഗ്രീക്ക് സാഹിത്യചിന്ത കനായ ലോംഗിനസ്സിനെപ്പോലെയുള്ള സാഹിത്യവിമർശകരുടെ പ്രസ്താ വനയ്ക്ക് വിരുദ്ധമായി മാറുകയാണിത്. (Longiness - on the sublime) തന്റേതായ വ്യവസ്ഥാപിത താല്പര്യങ്ങൾ, അഭിരുചികൾ, നിയമങ്ങൾ ഇവ മാറ്റിനിർത്തി തികഞ്ഞ സഹിഷ്ണുതയോടെ വേണം സാഹിത്യകൃതിയെ സമീപിക്കേണ്ടത്.

## സാഹിത്യചരിത്രവും അന്തർവിജ്ഞാനമണ്ഡലവും

പഠനങ്ങളുടെ വെളിച്ചത്തിൽ ഒരു കാര്യം വ്യക്തമാണ്. സാഹിത്യചരി ത്രകാരൻ വെറുമൊരു വ്യക്തിയായാൽ പോര. അനേകം വ്യക്തികളുടെ സമാഹാരമായിരിക്കണം. അതായത് സാഹിത്യചരിത്രത്തെ ഒരു അന്തർ വൈജ്ഞാനിക പഠനമേഖലയായി ഉയർത്താൻ സാഹിത്യചരിത്രകാരനു കഴിയണം. അയാളിൽ എപ്പോഴും ഒരു ചരിത്രഗവേഷകനും സാഹിത്യഗവേ ഷകനും താരതമ്യസാഹിത്യ ഗവേഷകനും ഉണർന്നിരിക്കണം. അവരുടെ ചുമതലകൾ, ഉത്തരവാദിത്തങ്ങൾ എല്ലാം തന്നിലും നിക്ഷിപ്തമാണെന്ന ധാരണ അയാളിൽ ദൃഢമായിരിക്കണം. എങ്കിൽ മാത്രമേ സാഹിത്യച രിത്രം അന്തർ വൈജ്ഞാനികമാകൂ.

അന്തർ വിജ്ഞാന പഠനത്തിലൂടെ പാഠ്യവ്യവസ്ഥിതിയുടെ പൈതൃകാ തിർത്തികൾ കടന്നു ചെല്ലുന്നു. പുത്തൻ ആവശ്യങ്ങളും തൊഴിലുകളും സർഗ്ഗാ ത്മകപ്രവർത്തനങ്ങളും ഉയരുന്നതിനനുസരിച്ച് അക്കാദമിക് വിഭാഗങ്ങളോ ചിന്താസ്കൂളുകളോ തമ്മിലുള്ള പരമ്പരാഗത അതിരുകൾ മറികടക്കുന്നു.

ഇതരവിജ്ഞാന മേഖലകളായ ചരിത്രം, ഭാഷാശാസ്ത്രം, ഭൂമിശാസ്ത്രം, മനഃശാസ്ത്രം, തത്ത്വശാസ്ത്രം, ഭൗതികശാസ്ത്രം, ആന്ത്രോപ്പോളജി എന്നി വയിൽ പ്രവർത്തിക്കുന്ന പണ്ഡിതരുടെ അറിവുകളും വിശകലനങ്ങളും സാഹിത്യചരിത്ര രചനയ്ക്ക് ആവശ്യമായി വരും.

ഉദാ: ഒ. വി. വിജയന്റെ മധുരം ഗായതി, എ. പി. ജെ. അബ്ദുൾ കലാമിന്റെ 'അഗ്നിച്ചിറകുകൾ'.

സാഹിത്യചരിത്രകാരൻ വിവിധ വിജ്ഞാനകുതുകിയായിരിക്കണം. സാഹിത്യകൃതികൾ വിവിധ മേഖലകളിൽപ്പെട്ടതായിരിക്കും. അവയെ വിനോദപരം, ഹാസ്യപരം, വിജ്ഞാനപരം, ചരിത്രപരം, ജൈവശാസ്ത്രപരം എന്നിവയായി പ്രത്യേകം തരംതിരിക്കണം. സാഹിത്യചരിത്രകാരൻ ചരിത്രനിരൂപകന്റെയും സാഹിത്യനിരൂപകന്റെയും മാർഗ്ഗങ്ങൾ അവലംബിക്കണം. തത്ത്വചിന്തകന്റെ സാമർത്ഥ്യം പ്രകടിപ്പിക്കണം. മനഃശാസ്ത്രത്തിന്റെയും ഭാഷാശാസ്ത്രത്തിന്റെയും വിജ്ഞാനം പ്രയോജനപ്പെടുത്തണം. ഇതരവിജ്ഞാനശാഖകളിലെ വ്യവസ്ഥാപിത സൈദ്ധാന്തികതലങ്ങൾ സ്വീകരിക്കുന്നത് ഉചിതവും ആധികാരികവുമാണ്. ഇങ്ങനെ പ്രയോജനപ്പെടുത്തുമ്പോഴും സ്വന്തം അറിവിന്റെയും അനുഭവത്തിന്റെയും വെളിച്ചത്തിൽ യുക്തി ഭദ്രമാണോ എന്ന് സാഹിത്യചരിത്രകാരൻ പരീക്ഷിക്കുക തന്നെ വേണം. കാരണം സാഹിത്യചരിത്രകാരൻ പുറപ്പെടുവിക്കുന്ന അഭിപ്രായങ്ങൾ ഓരോന്നിനും ഉത്തരവാദി അയാൾ മാത്രമായിരിക്കും.

സാഹിത്യകാരന്റെ പരിതോവസ്ഥകൾ അറിയാൻ ചരിത്രഗവേഷകന്റെ സഹായം വേണം. ഗ്രന്ഥത്തിനും ആധാരഗ്രന്ഥങ്ങൾക്കും അപ്പുറത്തേക്ക് പഠനപ്രക്രിയ നീളണം. അപ്പോൾ മാത്രമേ നിഗമനങ്ങളും അനുമാനങ്ങളും കണ്ടെത്തലുകളുടെ ആധികാരികതയിലേക്കു വരൂ. കിട്ടിയ വിവരങ്ങൾ ശാസ്ത്രീയതയുടെ വെള്ളിവെളിച്ചത്തിൽ യുക്തിസഹമായി വിശകലനം ചെയ്യാനും കഴിയണം. അതിനുശേഷം സാഹിത്യസൃഷ്ടികളുടെ രചനാപരമായ പ്രത്യേകതകൾ, സ്വാധീനങ്ങൾ, സൗന്ദര്യാംശം, ഭാഷാസവിശേഷതകൾ ഇവ സൂക്ഷ്മതയോടെ നിർദ്ധാരണം ചെയ്യണം.

ഉദാ: ഭാഷാശാസ്ത്രത്തിലെ സൂചകം, സൂചിതം.

സംയോജനാത്മക തലവും

സാദൃശ്യാത്മക തലവും തുടങ്ങിയവ.

ഇവിടെ സാഹിത്യചരിത്രഗ്രന്ഥങ്ങൾക്ക് ശാസ്ത്രീയതയും ആധികാരികതയും ആകർഷണീയതയും വിശാലതയും ലഭിക്കുന്നതോടൊപ്പം വ്യത്യസ്തവിജ്ഞാനമേഖലകളുമായുള്ള ബന്ധം പങ്കിടാനും കഴിയുന്നു. ഇവിടെ കൊടുക്കൽ വാങ്ങലുകളുടെ ഒരു സാംസ്കാരികതലവും ഒരു പുത്തൻ സൗന്ദര്യശാസ്ത്രതലവും രൂപപ്പെടുന്നു.

സാഹിത്യചരിത്രകാരന്റെ കണ്ടെത്തലുകൾ യുക്ത്യധിഷ്ഠിതവും വസ്തുതാപരവും സത്യസന്ധവുമായിരിക്കണം. അനവധി വിജ്ഞാനശാഖകളിലെ അറിവിന്റെ അക്ഷയഖനികളിൽ മുങ്ങിത്തപ്പി വേണ്ടത് സ്വാംശീകരിച്ചാൽ

മാത്രമേ സാഹിത്യചരിത്രകാരന് കാലത്തെ അതിജീവിക്കുന്ന സാഹിത്യചരിത്രഗ്രന്ഥങ്ങൾ ലോകത്തിനു സമ്മാനിക്കാൻ കഴിയൂ. അത്തരം രചനകൾ തലമുറകൾക്ക് എന്നും പ്രകാശഗോപുരങ്ങളായി ഭവിക്കും.

### ഗ്രന്ഥസൂചി

1. Rene Wellek and Austin Warren–Theory of Literature
2. P - Ker–What in History
3. R. S. Crane–Critical and Historical Principles of Literary History
4. R. S. Crane–The Languages of Criticism and the Structure of poetry.
5. Robert Spiller–Literary History
6. Wordsworth–Lyrical Ballads
7. Longines–On the Sublime
8. ടി. കെ. രവീന്ദ്രൻ–ചരിത്രപരമായ സമീപനം: ഗവേഷണത്തിന്റെ പ്രശ്നങ്ങൾ
9. എൻ. കൃഷ്ണപിള്ള–സാഹിത്യചരിത്രരചന: ഗവേഷണത്തിന്റെ പ്രശ്നങ്ങൾ
10. ഡോ. ആർ. രഘുനാഥൻ–സാഹിത്യചരിത്രരചനാ സാമഗ്രികൾ.

*anniethomas1973@gmail.com*

# സാഹിത്യചരിത്രങ്ങളും സാഹിത്യവിദ്യാഭ്യാസവും: പാഠാദേശത്തിന്റെ പ്രശ്നങ്ങൾ.

അനുശ്രീ ചന്ദ്രൻ സി
ഗവേഷക, സംസ്കൃത സർവ്വകലാശാല, കാലടി

ഭൂതകാലത്തിൽ നിന്ന് വർത്തമാനകാലം വരെയെത്തുന്ന രേഖീയക്രമത്തിൽ സുദൃഢമായ ഘടനകളിലൂടെ ആവിഷ്കൃതമാവുന്ന ജ്ഞാനവിഷയമാണ് ചരിത്രം. ദീർഘമായ കാലയളവിന്റെ ഘട്ടം ഘട്ടമായ ആഖ്യാനമാണ് ചരിത്ര രചനയിൽ സാധ്യമാകുന്നത്. പല തരം അധീശ - ബലതന്ത്രങ്ങളുടെ ആഖ്യാന ഭൂമികയാവുന്ന ചരിത്രം വസ്തുതകളുടെയും ചരിത്രകാരന്റെയും വ്യാഖ്യാനങ്ങളാണ്. "ചരിത്ര നിർമ്മിതി ഒരു ജനസമൂഹത്തിൻറെ വ്യവഹാര നിർമ്മിതി കൂടിയാണ്. അതിനാൽ സാഹിത്യചരിത്രമെന്നത് വസ്തുനിഷ്ഠമായ വാസ്തവ കഥനമല്ല, പ്രത്യയശാസ്ത്രപരമായ ഇടപെടലാണ്" (ഇ.വി. രാമകൃഷ്ണൻ, 2012:22). താരതമ്യേന ആധുനികമായ വിജ്ഞാന മേഖലയാണ് സാഹിത്യ ചരിത്രരചന. സാഹിത്യചരിത്രത്തിൽ രൂപത്തിലോ ഉള്ളടക്കത്തിലോ ഉള്ള ഘടകങ്ങളുടെ യാത്രയെ സാഹിത്യചരിത്രവിജ്ഞാനീയം കണ്ടെത്തുന്നു. സാഹിത്യ ചരിത്രത്തെ സാധ്യമാക്കിയ പ്രത്യയശാസ്ത്ര പഠനമെന്ന നിലയിലാണ് സാഹിത്യ ചരിത്ര വിജ്ഞാനീയമെന്ന ജ്ഞാനപദ്ധതി രൂപപ്പെടുന്നത്. സാഹിതീയതയുടെ വ്യാപനവും സാക്ഷാൽക്കാരവും ലക്ഷ്യമാക്കുന്ന പദ്ധതിയാണ് അത് രൂപപ്പെടുത്തുന്നത്.

***താക്കോൽ വാക്കുകൾ:*** സാഹിത്യ ചരിത്രം, സാഹിത്യ വിദ്യാഭ്യാസം

സാമൂഹ്യ ആധിപത്യത്തിനുള്ള ശക്തമായ ഉപാധിയാണ് സാഹിത്യം എന്ന വിചാരം ബലപ്പെടുന്നതോടു കൂടിയാണ് ഒരു പഠനവിഷയം എന്ന നിലയ്ക്ക് സാഹിത്യചരിത്ര നിർമ്മാണം അനിവാര്യവും പ്രസക്തവുമാകുന്നത്. സാമൂഹിക-സാംസ്കാരിക വ്യവഹാരങ്ങളെ നിയന്ത്രിക്കാനും നിർണയിക്കാനും

ഉപകാരപ്രദമായ മാധ്യമമായി സാഹിത്യം മാറിയതോടു കൂടി അതിന്റെ ചരിത്രവും ഉള്ളടക്കവും വിശകലനങ്ങൾക്കും പഠനങ്ങൾക്കും വിധേയമാകാൻ തുടങ്ങി. സാഹിതീയത എന്ന ആശയത്തെയും ദേശീയത എന്ന സങ്കൽപ്പത്തെയും ചരിത്രമെന്ന ജ്ഞാനരൂപത്തെയും പ്രയോഗവൽക്കരിച്ചു കൊണ്ടാണ് സാഹിത്യ ചരിത്രങ്ങൾ രൂപപ്പെടുന്നത്. സാഹിത്യ വായനയെ അർത്ഥപൂർണമാക്കാനുള്ള ശ്രമങ്ങളാണ് സാഹിത്യ ചരിത്രങ്ങളുടേത്. സാഹിത്യ വിവേകം രൂപീകരിക്കുക, മൗലിക സാഹിത്യരചനകളുടെ ശ്രദ്ധേയത വിശകലനം ചെയ്യുക എന്നിവയ്ക്ക് സാഹിത്യ ചരിത്രം പ്രാധാന്യം നൽകി. സാഹിത്യത്തെ പുനർനിർമ്മിക്കുകയാണ് സാഹിത്യ ചരിത്രവിജ്ഞാനീയത്തിന്റെ അടിസ്ഥാന ലക്ഷ്യം. പ്രതിരോധ പരമായ നീക്കങ്ങളായി സാഹിത്യ സംഭവങ്ങളെ കാണാനാണ് സാഹിത്യചരിത്രവിജ്ഞാനീയം ശ്രമിക്കുന്നത്.

സാഹിത്യ വിദ്യാഭ്യാസം സാംസ്കാരിക ജീവിതത്തിന്റെ അനിവാര്യതയായതോടു കൂടി അതിനാവശ്യമായ ദിശാബോധവും ഘടനാത്മകമായ അറിവു നിർമ്മാണ പദ്ധതിയും രൂപീകരിക്കേണ്ടതായി വന്നു. സ്വാഭാവികമായും സാഹിത്യ പഠനത്തിന്റെയും അറിവു രൂപീകരണത്തിന്റെയും മാതൃകയും കേന്ദ്രീകരണവുമായി സാഹിത്യ ചരിത്രവും മാറി. സാഹിത്യ പഠനത്തിന്റെ രീതിശാസ്ത്ര പദ്ധതി രൂപീകരിക്കുന്നതിൽ ഉൾപ്പെടെ സാഹിത്യ ചരിത്രങ്ങളുടെ ഇടപെടൽ കൃത്യമായ രീതിയിൽ ഉണ്ടാകുന്നുണ്ട്.

മലയാള ഭാഷാ പഠനത്തെ സംബന്ധിച്ചിടത്തോളം പാഠ്യപദ്ധതിയുടെ രൂപീകരണത്തിന് ഉൾപ്പെടെ സാഹിത്യചരിത്രങ്ങളുടെ സ്വാധീനം പ്രകടമാണ്. സാഹിത്യചരിത്രങ്ങളുടെ മാതൃകയിലാണ് സിലബസും പാഠപുസ്തകങ്ങളും നിർമ്മിക്കപ്പെടുന്നത്. ഔദ്യോഗിക പാഠ്യപദ്ധതിയിലെ സാഹിത്യചരിത്ര സ്വാധീനത്തെക്കുറിച്ചും അവയുടെ സാധ്യതകളെയും പ്രശ്നങ്ങളെയും കുറിച്ച് ഒരു ധാരണ പങ്കുവയ്ക്കാനാണ് ഈ പഠനം ലക്ഷ്യമിടുന്നത്. സാഹിത്യചരിത്രങ്ങൾ സാഹിത്യ വിദ്യാഭ്യാസത്തിന്റെ വിശാലമായ സംവിധാനവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന നിരീക്ഷണത്തിലാണ് പ്രബന്ധം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. സാഹിത്യവിദ്യാഭ്യാസവും സാഹിത്യചരിത്രവും സാഹിത്യ വിദ്യാഭ്യാസത്തിന്റെ കാഴ്ചപ്പാടും തമ്മിലുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് ഈ പഠനം.

സാഹിത്യവിദ്യാഭ്യാസം സാധ്യമായതു മുതൽ സാഹിത്യചരിത്രം ഒരു പ്രധാന പഠന വിഷയമായി കണക്കാക്കപ്പെടുന്നു. അതുമല്ലെങ്കിൽ

സാഹിത്യത്തെ ചരിത്രപരമായി നിരീക്ഷിക്കാനുള്ള പ്രവണതകൾ രൂപപ്പെടുന്നു. സാഹിത്യചരിത്രം സാഹിത്യത്തിന് സമാനമായ പദവിയുള്ള ഒരു വിഭാഗമായി കണക്കാക്കപ്പെടുന്നു. എങ്കിലും ഉദ്ദേശ്യത്തിന്റെയും രീതിശാസ്ത്രത്തിന്റെയും കാര്യത്തിൽ ഇവ രണ്ടും പരസ്പരം ബന്ധപ്പെടുന്നില്ല. സാഹിത്യ പഠനത്തിൽ സാഹിത്യസിദ്ധാന്തം, സാഹിത്യ നിരൂപണം, സാഹിത്യചരിത്രം എന്നിവ ഓരോന്നും വ്യക്തിഗതമായി സ്ഥിതിചെയ്യുന്നു. സാഹിത്യചരിത്രം അതിന്റെ ചരിത്രവുമായി ബന്ധപ്പെട്ട ഒരു മേഖലയെന്ന നിലയിൽ നിലനിൽക്കുന്നു. സാഹിത്യ സന്ദർഭത്തിൽ നിന്ന് വ്യത്യസ്തമായി, വിദ്യാഭ്യാസ സംബന്ധിയായ വ്യവസ്ഥകളും വിഭാഗങ്ങളും സാഹിത്യചരിത്രങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ് എന്നു കാണാം. സാഹിത്യ വിദ്യാഭ്യാസത്തിലെ കാഴ്ചപ്പാടുകളിലെ മാറ്റങ്ങൾ, രേഖീയമായ ക്രമപ്പെടുത്തലുകൾ, തെരഞ്ഞെടുപ്പുകൾ എന്നിവയെ നിർണയിക്കുന്ന പൊതുയുക്തിയാണ് മലയാള സാഹിത്യ പഠനത്തെ സംബന്ധിച്ചിടത്തോളം സാഹിത്യ ചരിത്രങ്ങൾ. സാഹിത്യചരിത്രം ചിട്ടയായ അറിവിന്റെ രൂപത്തിലാണ് നിലനിൽക്കുന്നത്, വിദ്യാഭ്യാസത്തിൽ വിജ്ഞാനവിതരണത്തിന്റെ സമീപനമാണ് സ്വീകരിക്കുന്നത് .അതിനു വേണ്ട ഉപാദാനമാണ് സാഹിത്യചരിത്രം

മലയാള സർവ്വകലാശാലയിലെ സാഹിത്യ പഠന വിഭാഗത്തിന്റെ ഒന്നാം സെമസ്റ്റർ സിലബസ് ഉദാഹരണമായി സമീപിക്കാം. മലയാളഭാഷയിലും സാഹിത്യത്തിലും സമഗ്രമായ അറിവ് ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് പാഠ്യപദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. മലയാള ഭാഷയുടെ വിജ്ഞാന പദവി, ആധുനിക സമകാല മലയാള കവിത, കഥാസാഹിത്യം, ഭാഷാശാസ്ത്രം, സംസ്കൃതം എന്നിവ ഉൾപ്പെട്ടതാണ് ഒന്നാം സെമസ്റ്ററിലെ പാഠ്യപദ്ധതി. നവോത്ഥാന കാലം മുതൽ വൈജ്ഞാനികം, വിദ്യാഭ്യാസം, സാങ്കേതികം, രാഷ്ട്രീയം എന്നീ രംഗങ്ങളിൽ മലയാളഭാഷ നേരിടുന്ന വളർച്ചയുടെ ഘട്ടങ്ങൾ ആണ് മലയാള ഭാഷയുടെ വിജ്ഞാനപദവി സിലബസ് കൈകാര്യം ചെയ്യുന്നത്. അവയുടെ വിശകലനത്തിനായി ജോർജ്ജ് മാത്തൻ മുതൽ അച്യുത് ശങ്കർ വരെ നീളുന്നവരുടെ വൈജ്ഞാനിക സംഭാവനകളെ അവലോകനം ചെയ്യുന്നു. സാഹിത്യചരിത്രങ്ങൾ ചിട്ടപ്പെടുത്തുന്ന കാലഗണന ക്രമത്തിൽ പാഠ്യപദ്ധതി രൂപപ്പെടുന്നു.

കാല്പനികതയിൽ നിന്ന് ഭാവഗീതം, അരുണയുഗം എന്നിവയിലൂടെ ആധുനികതയിലേക്കും തുടർന്ന് ഉത്തരാധുനികതയിലേക്കും നയിക്കപ്പെട്ട

മലയാള കവിതാ സാഹിത്യത്തെ സവിശേഷ പഠനത്തിന് വിധേയമാക്കുകയാണ് ആധുനിക സമകാല മലയാളകവിത. ആശാൻ മുതൽ കുഴൂർ വിൽസൺ വരെ നീളുന്ന എഴുത്തുകാരുടെ രചനകൾ വിമർശനാത്മകമായി വിശകലനം ചെയ്യപ്പെടുന്നു. കഥാസാഹിത്യം രൂപകൽപ്പന ചെയ്യപ്പെടുന്നതും മലയാള നോവലിന്റെയും ചെറുകഥയുടെയും വികാസ പരിണാമങ്ങളെ വിമർശനാത്മകമായി വിലയിരുത്തി ക്കൊണ്ടാണ്. വേങ്ങയിൽ കുഞ്ഞിരാമൻ മുതൽ കെ.ആർ. മീര വരെയും ഇന്ദുലേഖ മുതൽ സുഗന്ധി എന്ന ആണ്ടാൾ ദേവനായകി വരെയുമുള്ള ചരിത്രത്തെ കൃത്യമായി അടയാളപ്പെടുത്തുകയാണ് പാഠ്യപദ്ധതി. സാഹിത്യ പഠനത്തിന്റെ ഭാഗമോ, സഹായകമോ ആയ ഭാഷാശാസ്ത്ര പഠനത്തിന് പാഠ്യപദ്ധതി പ്രാധാന്യം നൽകുന്നു. മലയാളഭാഷയെയും സാഹിത്യത്തെയും അതിന്റെ രൂപീകരണത്തെയും സ്വാധീനിച്ച സംസ്കൃതത്തിന്റെ പദവിയെ പാഠ്യപദ്ധതി അംഗീകരിക്കുന്നു. സാമാന്യമായ അവലോകനത്തിൽ തന്നെ സിലബസിന്റെ രൂപീകരണത്തിലെ സാഹിത്യ ചരിത്ര സ്വാധീനം പ്രകടമാണ്.

"ഭാഷാധിഷ്ഠിത ദേശരാഷ്ട്രങ്ങളുടെ സാംസ്കാരിക ഭരണഘടനയുമായി നിലവിൽ വന്ന ആഖ്യാന രൂപങ്ങളിൽ ഒന്നാണ് സാഹിത്യചരിത്രം" (ഷാജി ജേക്കബ്, 2015;2870) . ഭാഷാചരിത്രം, ദേശചരിത്രം എന്നിവയ്ക്ക് സാഹിത്യചരിത്ര ഭാവനയിലും നിർമ്മിതിയിലും ഉള്ള പങ്കും പ്രാധാന്യവും പ്രാതിനിധ്യവും സാഹിത്യവിദ്യാഭ്യാസത്തിലും ലഭിക്കുന്നു എന്നു കാണാം . സാഹിത്യ ചരിത്രങ്ങളുടെ പ്രഥമപരിഗണനകളെ പാഠ്യപദ്ധതിയുടെ ഭാഗമാക്കാൻ ഉള്ള പ്രവണതയും ഏറെയാണ്. സാഹിത്യകൃതികൾ, രൂപങ്ങൾ, ഗണങ്ങൾ, പ്രവണതകൾ, പ്രസ്ഥാനങ്ങൾ, കാലഘട്ടങ്ങൾ, എന്നിങ്ങനെ കാനോനീകരണത്തിന്റെ ഭാഗമായി കണക്കാക്കപ്പെടുന്ന സമീപനങ്ങൾ സാഹിത്യവിദ്യാഭ്യാസത്തിന്റെയും ഭാഗമാകുന്നു. മലയാള സാഹിത്യചരിത്രങ്ങൾ കാനോനീകരണം, വിമർശനം എന്നീ മണ്ഡലങ്ങളിൽ പുലർത്തുന്ന സമീപനങ്ങളും ഇടപെടലുകളും സാഹിത്യവിദ്യാഭ്യാസത്തിലും വിവിധ രീതികളിൽ പ്രതിഫലിക്കുന്നു.

സാഹിത്യകൃതികളുടെ കർതൃത്വം ആധുനികമായ അവബോധമാണ്. കർതൃത്വത്തെയും ചരിത്ര, സാഹിത്യസങ്കൽപങ്ങളുടെ വ്യവസ്ഥാപനത്തെയും സംബന്ധിക്കുന്ന വിമർശനാത്മകമായ നോട്ടമാണ് സാഹിത്യചരിത്രങ്ങളെ സംബന്ധിച്ചിടത്തോളം ഉണ്ടാകേണ്ടത്. സാഹിത്യ ചരിത്രങ്ങളുടെ വ്യവസ്ഥാപിത സങ്കൽപ്പങ്ങൾക്ക് തുടർച്ച മാത്രമാണ്

സാഹിത്യവിദ്യാഭ്യാസത്തിലും സാധ്യമാകുന്നത്. അന്തർവൈജ്ഞാനികമായി സാഹിത്യത്തിനു സംഭവിച്ച രൂപാന്തരങ്ങളും ഭാവാന്തരങ്ങളും സാഹിത്യചരിത്രങ്ങളുടെയോ സാഹിത്യവിദ്യാഭ്യാസത്തിന്റെയോ പരിഗണനയ്ക്കായി വരുന്ന രീതി നിലവിൽ മലയാളത്തിൽ ഇല്ല. രംഗകലകൾ, സിനിമ, റേഡിയോ, ടെലിവിഷൻ, മാധ്യമങ്ങൾ എന്നീ മണ്ഡലങ്ങളിലേക്ക് സാഹിത്യത്തിനുണ്ടാകുന്ന അനുകല്പനം മുതൽ സാഹിത്യ ഭാവുകത്വത്തിൽ ഈ മാധ്യമങ്ങൾ നടത്തുന്ന നാനാതരം ഇടപെടലുകൾ ഇനിയും വേണ്ടത്ര പരിഗണിക്കപ്പെട്ടിട്ടില്ലാത്ത ചരിത്രഭാവുകത്വമാണ് നമുക്കുള്ളത്. സാഹിത്യചരിത്രങ്ങൾ നിർമ്മിച്ച ബോധ്യങ്ങൾക്കുള്ളിൽ നിന്നു പുറത്തു വന്ന്, കാലികമായ വ്യതിയാനങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സാഹിത്യവിദ്യാഭ്യാസത്തിനും സാധിക്കുന്നില്ല. പാഠ്യപദ്ധതിയുടെ രൂപീകരണത്തെ സ്വാധീനിക്കുന്ന, നിയന്ത്രിക്കുന്ന ഭരണകൂട, ബല തന്ത്രങ്ങളെ മറ്റൊരവസരത്തിൽ വിശകലന വിധേയമാക്കേണ്ടതുണ്ട്.

ഏകസ്വരത, വരേണ്യത, പുരുഷാധിപത്യം തുടങ്ങിയവയുടെ ആധിക്യവും നിശബ്ദതകൾ, തമസ്കരണം, ശൂന്യതകൾ, മറവികൾ, പക്ഷപാതങ്ങൾ തുടങ്ങിയവയുടെ സമ്പന്നതയും ന്യൂനീകരണങ്ങൾ, മഹത്വവല്ക്കരണങ്ങൾ, സ്ഥാപനവല്ക്കരണം തുടങ്ങിയവയുടെ തുടർച്ചയും ചേർന്ന് സൃഷ്ടിക്കുന്ന സംവാദാത്മകതയുടെ വിശാലമായ തുറസ്സാണ് സാഹിത്യചരിത്രവിജ്ഞാനീയം സാധ്യമാക്കുന്നത്. എന്നാൽ സാഹിത്യവിദ്യാഭ്യാസം ഈ സംവാദാത്മകതയെ പലപ്പോഴും പരിഗണിക്കുന്നില്ല. കൊളോണിയൽ ആധുനികത നിർമ്മിച്ച ചരിത്രത്തിന്റെ ഘടനയെ സാഹിത്യവിദ്യാഭ്യാസം പിൻപറ്റുന്നു.

സാഹിത്യവിദ്യാഭ്യാസത്തിന്റെ യുക്തിക്ക് കീഴിൽ, വിവിധ പ്രതിഭാസങ്ങളെക്കുറിച്ചുള്ള അടിസ്ഥാനപരവും പക്ഷപാതപരവുമായ പ്രതിഫലനം കാണാം. സാഹിത്യചരിത്രത്തെക്കുറിച്ചുള്ള ചർച്ചകൾ സിദ്ധാന്തവും പ്രയോഗവും തമ്മിലുള്ള വേർതിരിക്കലുമായി മുന്നോട്ട് പോകുന്നുമുണ്ട്. സാഹിത്യവിദ്യാഭ്യാസത്തിന്റെ നിലവാരവും പ്രവർത്തനങ്ങളുടെ സ്ഥാനവും രേഖീയമായ പുരോഗതിയിലേക്ക് നീങ്ങുന്നില്ല.

ലാളിത്യത്തിൽ നിന്ന് സങ്കീർണതകളിലേക്ക് പോകേണ്ട ഒരു അക്കാദമിക സംസ്കാരമാണ് താഴ്ന്ന ക്ലാസുകളിൽ സൃഷ്ടിക്കപ്പെടേണ്ടത്.

- ഭാഷയുടെ വിവിധ വ്യവഹാരരൂപങ്ങൾ കേട്ടും വായിച്ചും തന്റേതായ രീതിയിൽ ആശയം മനസ്സിലാക്കുന്നതിനുള്ള കഴിവു നേടുക.

- ◈ സ്വന്തം ആശയങ്ങൾ, ചിന്തകൾ, വികാരങ്ങൾ, ഭാവന എന്നിവ അനുയോജ്യമായ രൂപത്തിൽ മറ്റുള്ളവർക്ക് മനസ്സിലാവുന്ന തരത്തിൽ പറഞ്ഞും എഴുതിയും അവതരിപ്പിക്കുന്നതിനുള്ള കഴിവ് നേടുക.
- ◈ മലയാളഭാഷയിലുണ്ടായ സർഗാത്മകകൃതികൾ വായിച്ച് ആസ്വദിക്കുന്നതിനും അവയിൽനിന്നു സ്വാംശീകരിക്കുന്ന സംസ്കാരം ജീവിതത്തിൽ ഉപയോഗപ്പെടുത്തുന്നതിനുമുള്ള കഴിവു നേടുക.
- ◈ ഭാഷാ സാഹിത്യ പഠനത്തിലൂടെ സംസ്കാരത്തെ ഉൾക്കൊള്ളുന്നതിനും തന്റെ സ്വത്വബോധം വികസിപ്പിക്കുന്നതിനുമുള്ള കഴിവു നേടുക.

തുടങ്ങിയ ലക്ഷ്യങ്ങളാണ് സാഹിത്യ വിദ്യാഭ്യാസത്തിന്റെ പ്രവർത്തന പദ്ധതികളായി വിലയിരുത്തപ്പെടുന്നത്. എന്നാൽ, നിലവിലെ സാഹിത്യവിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ പലപ്പോഴും വൈരുദ്ധ്യം നിലനിൽക്കുന്നു. മലയാള സാഹിത്യത്തെ സംബന്ധിച്ചിടത്തോളം പ്രാചീന സാഹിത്യം സങ്കീർണ്ണമാണ് (ആപേക്ഷികം). താഴ്ന്ന ക്ലാസുകളിലെ പാഠ്യപദ്ധതികളിൽ ഉൾപ്പെടെ എഴുത്തച്ഛനെയും ചെറുശ്ശേരിയെയും പഠിച്ചശേഷം മാത്രമേ ലളിതപാഠങ്ങളിലേക്ക് എത്തുന്നുള്ളൂ. ബോധന സമ്പ്രദായത്തിന്റെ തന്നെ അപചയമാണവിടെ സംഭവിക്കുന്നത്. ചരിത്രപരമായ ധാരണകൾ സൃഷ്ടിക്കുവാൻ ഇത്തരം ബോധന സമ്പ്രദായങ്ങൾക്ക് സാധിക്കുമെങ്കിലും ഗ്രഹണ ഏകോപനത്തെയും അവബോധരൂപീകരണത്തെയും അത് ബാധിക്കാൻ സാധ്യതയുണ്ട്. ഗ്രഹണ വികസനത്തിന്റെ (Congnitive development) ഘട്ടങ്ങളുമായി ചേർത്തു വച്ചു കൊണ്ട് അത്തരം വിശകലനങ്ങൾ സാധ്യമാണ്.

ചുരുക്കത്തിൽ, ധാരണയിലും സൃഷ്ടിയിലും ശ്രദ്ധകേന്ദ്രീകരിച്ച സാഹിത്യവിദ്യാഭ്യാസം ഉൾക്കാഴ്ചാ രൂപീകരണത്തിന് സാഹിത്യചരിത്രങ്ങളുടെ സാധ്യതകൾ അവലംബിക്കുന്നു. ഭാഷാവിദ്യാഭ്യാസത്തെ സാഹിത്യവിദ്യാഭ്യാസത്തിന്റെ ഭാഗമാക്കിത്തീർക്കുന്നതിൽ സാഹിത്യചരിത്രങ്ങൾ കാര്യമായ പങ്കുവഹിക്കുന്നുണ്ട്. സാഹിത്യത്തെ ഒരു ഭാഷാപരമായ ഘടനയായി നിർവചിച്ചുകൊണ്ടുള്ള ചരിത്രവീക്ഷണത്തിന്റെ ഭാഗമായാണ് ഇത്തരം നിരീക്ഷണങ്ങൾ സംഭവിക്കുന്നത്. സാഹിത്യത്തിലൂടെയുള്ള അനുഭവം ഒരു പ്രധാന വിഷയമായി മാറിയപ്പോൾ, സാഹിത്യത്തെ അനുഭവിക്കുകയും വിലമതിക്കുകയും ചെയ്യുന്ന പ്രക്രിയകൾ സാംസ്കാരിക പൈതൃകത്തേക്കാളും അല്ലെങ്കിൽ പിന്തുടർന്നു പോന്നിരുന്ന മനഃശാസ്ത്രപരമായ

വശങ്ങളേക്കാളും വിലമതിക്കപ്പെട്ടു. സാഹിത്യവിദ്യാഭ്യാസം സാഹിത്യപരമായ കഴിവ് വികസിപ്പിക്കുന്നതിനുള്ള ഒരു മാർഗമായി പുതുതായി സങ്കൽപ്പിക്കപ്പെട്ടു. പഠിതാക്കൾക്ക് അനുഭവിക്കാനും അഭിനന്ദിക്കാനും മനസ്സിലാക്കാനും സൃഷ്ടിക്കാനും പ്രാപ്തമാക്കുന്നവയായി സാഹിത്യം പഠനത്തിൽ വിപുലീകരിക്കപ്പെട്ടു.

സാഹിത്യവിദ്യാഭ്യാസം, സാഹിത്യ വീക്ഷണകോണുകൾ, സാഹിത്യ വിദ്യാഭ്യാസത്തിന്റെ വിശാലമായ സംവിധാനം, പാഠ്യപ്രശ്നങ്ങൾ എന്നിവയെല്ലാം ആത്യന്തികമായി കേന്ദ്രീകരിക്കുന്നത് സാഹിത്യ ചരിത്രങ്ങളെയാണ്.

## ഗ്രന്ഥസൂചി

1. ഉള്ളൂർ എസ്. പരമേശ്വരയ്യർ, 1990, കേരളസാഹിത്യചരിത്രം ഒന്നാം വാല്യം, പ്രസിദ്ധീകരണ വകുപ്പ്, കേരള സർവകലാശാല
2. കൃഷ്ണപിള്ള എൻ., 2010, കൈരളിയുടെ കഥ, ഡി സി ബുക്സ്, കോട്ടയം
3. രാധാകൃഷ്ണൻ പി.എസ്., 2017, എതിർ ദിശകൾ, സാഹിത്യ ചരിത്രത്തിലെ പക്ഷപാതങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം
4. രാമകൃഷ്ണൻ ഇ.വി., 2012, അനുഭവങ്ങളെ ആർക്കാണ് പേടി?, ഡിസി ബുക്സ്, കോട്ടയം
5. സുനിൽ പി. ഇളയിടം, 2011, അജ്ഞാതവുമായുള്ള അഭിമുഖങ്ങൾ, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം
6. Colebrook, Claire, 1997, New Literary Histories, New Historical and Contemporary Criticism, Manchester University Press.
7. Devy G.N., 1998, 'Of Many Heroes', An essay in Literary Historiography, Orient Longman.

## ഗവേഷണ ജേണൽ

1. സാഹിത്യ ചരിത്ര വിജ്ഞാനീയം, 2015, മലയാളം റിസർച്ച് ജേണൽ, വാല്യം 8, ലക്കം 3 സിലബസ്, മലയാള സർവകലാശാല.

*anusreechandran181996@gmail.com*

# മലയാളപ്പച്ച

malayala pachcha

**മലയാളം - ഇംഗ്ലീഷ്**
**അർദ്ധവാർഷിക റിസേർച്ച് ജേണൽ**

മലയാളവിഭാഗം

കെ.കെ.ടി.എം. ഗവണ്മെന്റ് കോളേജ്

പുല്ലൂറ്റ്, കൊടുങ്ങല്ലൂർ

VOLUME 01 NUMBER 10
February, 2020

creative commons

ISSN 2454-292X

Printed, published and edited by Head of the Post Graduate Department of Malayalam,
KKTM Govt. College, Pullut, Kodungallur, Kerala. Ph. 9497760864